
രമണാരുണ സംഗമസ്മൃതി



# ശ്രീ രമണ മഹർഷി

1896 ★ ശതാബ്ദി ★ 1996

ഓം നമോ ഭഗവതേ ശ്രീ രമണായ

# ഭഗവാൻ
# ശ്രീ രമണ മഹർഷിയുടെ
# അരുണാചല സംഗമത്തിന്റെ
# ശതാബ്ദി സ്മരണിക

ശ്രീ രമണാശ്രമം

തിരുവണ്ണാമല. 606603

ഇന്ത്യ

©ശ്രീ രമണാശ്രമം
തിരുവണ്ണാമല

സെപ്തംബർ 1 - 1996
കോപ്പികൾ : 1000

പ്രകാശകൻ :
വി. എസ്. രമണൻ
പ്രസിഡൻറ്
ശ്രീ രമണാശ്രമം
തിരുവണ്ണാമല

പ്രിൻേറഴ്സ് :
കാർത്തിക് ഓഫ്സെറ്റ് പ്രിൻേറഴ്സ്
ചെന്നൈ 600 015

## വിഷയാനുക്രമണിക


1. **സമർപ്പണം** 1

2. **ഓം നമോ ഭഗവതേ ശ്രീ രമണായ** 2

3. **ആശംസകൾ** 6

4. **ശ്രീ രമണ സുപ്രഭാതം** 10
   – സ്വാമി ശാന്താനന്ദ

5. **ശ്രീ രമണ ലഹരി** 16
   – ശ്രീ നരേന്ദ്രകേസരി ശർമ്മ

6. **രമണാഞ്ജലി** 30
   – പ്രൊ. പി.കെ. മാധവൻ

7. **രമണസ്തുതി** 32
   – പ്രൊ. എ. സ്വാമിനാഥൻ

8. **ശ്രീ രമണദേശിക ദശകം** 37
   – എൻ. എസ്. വെങ്കിട്ടരാമൻ

9. **അരുണാചല മാഹാത്മ്യം** 39
   – പ്രൊ. കെ. പി. യമുനാദേവി

10. **അരുണാചലേശ്വര ക്ഷേത്രം** 45
   – മാധവനുണ്ണി

11. **പെരിയപുരാണം** 48
   – പ്രൊ. വൈദ്യലിംഗ ശർമ്മ

12. **ഭഗവാൻ ശ്രീ രമണ മഹർഷി** 55
   – പ്രൊ. രാധാകൃഷ്ണൻ

13. **സ്ഥിത പ്രജ്ഞനായ രമണ മഹർഷി** 71
   – പ്രൊ. ജി. ബാലകൃഷ്ണൻ നായർ

14. **വേദമൂർത്തിയായ ശ്രീ കൃഷ്ണൻ** 76
   – സ്വാമി മൃഡാനന്ദ

15. **ഗീതാസാരം** 82
   – സ്വാമി നിത്യാനന്ദ

16. ജ്ഞാതും ദ്രഷ്ടും ച തത്വേന പ്രവേഷ്ടും ച പരന്തപ 88
– സ്വാമി സ്വപ്രഭാനന്ദ

17 അരുണാചലവും ഭഗവാനും 93
– എൻ. എസ്. വെങ്കിട്ടരാമൻ

18. അരുണാചല പഞ്ചരത്നം 107
– സ്വാമി സുരേശാനന്ദ

19. രമണ ഗീത 115
– സ്വാമി സുരേശാനന്ദ

20. സദ്ദർശനം 123
– സ്വാമി സുരേശാനന്ദ

21. ഉപദേശസാരം 130
– കെ. എം. ഉണ്ണി

22. മഹായോഗം 135
– പ്രൊ. വി. മുരളീധര മേനോൻ

23. മഹർഷിയുടെ നർമ്മോക്തികൾ 139
– തുളസീതീർത്ഥൻ

24. അദ്വൈതം 143
–പ്രൊ. ജി. പുരുഷോത്തമൻ

25. ബ്രഹ്മ സത്യം ജഗന്മിഥ്യ 146
– ഉണ്ണികൃഷ്ണൻ

26. ആത്മാന്വേഷണം 150
– എം. കെ. സുബ്രഹ്മണ്യൻ

27. ആത്മ വിചാരം 152
– എൻ. എസ്. വെങ്കിട്ടരാമൻ

28. ശ്രീ രമണാശ്രമം 157
– മാധവനുണ്ണി

29. കേരളത്തിലൊരു രമണാശ്രമം 169
– പ്രൊ. എ. സ്വാമിനാഥൻ

30. ഋഭു ഗീതാസാരം 176
– എച്ച്. രാമമൂർത്തി



जाते वेदपराङ्मुखे भुवि जने घोरेऽत्र काले कलौ
संभूत: श्रुतिधर्मधारणपर: श्रीशङ्कर: शङ्कर: ।
अन्तर्ध्वान्त विनाशनाय च नृणां स्कन्दावतारोऽधुना
सोऽयं श्रीरमणो गुहो नरतनु: कुर्यात्सतां मङ्गलम् ॥

വൈദിക ധർമ്മത്തോട് വിമുഖയാർന്ന ജനങ്ങളോടു കൂടിയ ഈ കലികാലത്ത് ജനങ്ങൾക്ക് ശ്രുതികളുടെ ധർമ്മത്തെക്കുറിച്ച് ബോധം ജനിപ്പിക്കാനായി ശ്രീ ശങ്കരൻ അവതരിച്ചു. ഇപ്പോൾ ജനങ്ങളുടെ ഹൃദയത്തിലുള്ള അന്ധകാരത്തെ നശിപ്പിക്കാനായി സ്കന്ദൻ അവതരിച്ചിരിക്കുന്നു. നരജന്മംപൂണ്ട ആ ഗുഹൻ സർവ്വർക്കും മംഗളം പ്രദാനം ചെയ്യട്ടെ.

प्राप्त: सर्वात्मभावं जित जनन मृतिर्योऽक्षरत्वाधिरूढ
उच्चै: पूर्णो वरेण्य: सहजपदरतो धूतसंसारबन्ध: ।
सत्यं ज्ञानं ह्यनन्तं हृदि कलयसि यस्तत्त्वमस्यादि लक्ष्यं
तत्त्वां जानेऽवधूतं रमणगुरुवर ! त्वां नतोऽहं नतोऽहं ॥

സർവാത്മഭാവം കൈവരിച്ച് ജനനമരണത്തെ ജയിച്ച് അക്ഷരപുരുഷ - സ്ഥാനാരൂഢനായി പൂർണ്ണതയുടെ പാരമ്യത്തിൽ സഹജ സമാധിയിൽ ആ രമണൻ വർത്തിക്കുന്നു. തത്വമസ്യാദി ഉപനിഷദ് വാക്യങ്ങളുടെ ലക്ഷ്യമായ സത്യജ്ഞാനത്തെ ഹൃദയത്തിൽ സാക്ഷാൽക്കരിച്ചിട്ടുള്ള ഋഷീശ്വരൻ തന്നെ അങ്ങ്. ഗുരുശ്രേഷ്ഠനായ ശ്രീ രമണ ! അങ്ങയെ വീണ്ടു വീണ്ടും ഞാനിതാ നമിക്കുന്നു.

ഓം ശ്രീ രമണാപ്പർണമസ്തു

# ഓം നമോ ഭഗവതേ ശ്രീ രമണായ

**കാ**ലഗണനയിലെ സംഭവങ്ങളാണ് ദിനങ്ങൾ. സംഭവങ്ങളാകട്ടെ കാലക്രമേണ ചരിത്രത്തിന്റെ താളുകളിൽ നിദ്ര കൊള്ളുന്നു. എന്നാൽ ഈ നൂറ്റാണ്ടിനും മുൻപുണ്ടായ ആ മഹാ സംഭവത്തിന് സമാന്തരമായ മറ്റൊന്ന് ചരിത്രത്തിന്റെ താളുകളിൽ കാൺമാനില്ല. കേവലം 16 വയസ്സു മാത്രം പ്രായമായ വെങ്കിട്ടരാമനെന്ന ബാലൻ അചഞ്ചലമായ ആത്മാനുഭൂതിയിൽ സ്ഥിര പ്രതിഷ്ഠ നേടി, തന്റെ പിതാവിന്റെ ആജ്ഞ അനുസരിച്ച് അരുണാചലത്തെ മുഖാമുഖം നോക്കി നിർമിന്നേഷനായി നിന്നപ്പോൾ അദ്ദേഹം കാലത്തിന്റെ സീമകളെ ഉല്ലംഘിച്ച് കാലാതീതനാകുകയായിരുന്നു. നാമരൂപാത്കമായ പ്രപഞ്ചവുമായുള്ള കുടിയായ്മ ബന്ധം കാലഹരണപ്പെടുകയായിരുന്നു. ഭഗവാൻ ശ്രീ രമണ മഹർഷിയെന്ന ജീവന്മുക്തന്റെ ജനനം കറിയ്ക്കുന്ന പുണ്യ മുഹൂർത്തമായിരുന്നു അത്. ദിക്കാല സീമകളെ ഉല്ലംഘിച്ച ആ പുണ്യ പുരുഷൻ സശരീരനായി ശേഷംനിലകൊണ്ട 54 വർഷത്തെ പാവന ചരിതം ഒരു മഹാ ത്യാഗത്തിന്റെ മഹനീയ ഗാഥയാണ്. ശ്രീ ശങ്കരൻ തന്റെ പ്രൌഢാനുഭൂതിയിൽ പറയുന്നു.

*''പ്രൌഢഃ പ്രൌഢഃ നിജാനുഭൂതിഗളിതഃ ദ്വൈതേന്ദ്രജാലോ ഗുരുഃ*
*സശ്ചരിഷ്യഃ ബോധായ തത് സത്യം സംശ്രിതവാൻ .........''*

മുമുക്ഷക്കളെ ജ്ഞാനസ്നാനം ചെയ്യിക്കുന്നതിനായി ശരീരബോധമില്ലെങ്കിലും അദ്ദേഹം സശരീരിയായി നിലകൊണ്ടു. സാക്ഷാൽ ശ്രീദക്ഷിണാമൂർത്തി തന്നെ ഭഗവാൻ ശ്രീ രമണമഹർഷിയുടെ രൂപത്തിൽ അരുണാചലത്തിൽ ഭക്തപരിപാലനത്തിനായി അവതരിച്ചതാണെന്നു കരുതുന്നതിൽ തെല്ലും അതിശയോക്തിയില്ല.

മുണ്ഡകോപനിഷത്ത് ഉദ്ഘോഷിക്കുന്നത് ''ഗുരും ഏവാഭി ഗച്ഛേദ്'' – ആത്മ ജ്ഞാനത്തിന് കഠിന സാധനയിലൂടെ ഗുരുചരാണത്തിലഭയം പ്രാപിക്കണമെന്നാണ്. എന്നാൽ ഭഗവാൻ ശ്രീ രമണന്റെ കാര്യത്തിൽ ജഗന്നിയന്താവിന്റെ കാരുണ്യാതിരേകം ഞൊടിയിടക്കുള്ളിൽ ആ കൊച്ചു ബാലനെ പരമമായ മോക്ഷ പദത്തിൽ ഉറപ്പിച്ചു. ആ നിമിഷം മുതൽ അരുണാചലം പരമാത്മ രൂപത്തിൽ ശ്രീ രമണനിലൂടെ പ്രകാശം ചൊരിഞ്ഞു. ഭഗവാൻ മഹർഷി പറയുന്നു ഹൃദയ ഗുഹയിൽ ശുദ്ധബോധസ്വരൂപനായി പരമാത്മവായി വിളങ്ങികൊണ്ടിരിക്കുന്ന ബ്രഹ്മം തന്നെയാണ് സാക്ഷാൽ അരുണാചലം. ആ ഭഗവാനോടുള്ള ഭക്ത്യാതിരേകത്താൽ ഹൃദയത്തിൽ മനസ്സ് ലീനമാകുമ്പോൾ ശുദ്ധ പ്രജ്ഞയിൽ ബ്രഹ്മം ശുദ്ധ ബോധമായി അനാവൃതമാകുന്നു.

ഭഗവാൻ ശ്രീ രമണനും അരുണാചലവും തമ്മിലുള്ള ബന്ധം ദിവ്യരഹസ്യങ്ങൾ ഉൾക്കൊള്ളുന്ന ഒരു ആദ്ധ്യാത്മിക പ്രഹേളികയാണ്. ഭഗവാന്റെ തന്നെ വാക്കുകളിൽ ശ്രീ ഭൂമിനാഥ ശിവന്റെ വാസസ്ഥാനമായ തിരുച്ചുഴിയിൽ സുന്ദരഅഴകമ്മാൾ ദമ്പതികളുടെ പുത്രനായി ജനിച്ച എന്നെ സംസാരാർണ്ണവത്തിൽ നിന്നും രക്ഷിക്കുന്നതിനും തന്റെ ഹൃദയം ആമോദം കൊള്ളുന്നതിനും തന്റെ തന്നെ ബോധസത്ത ദീപ്തി ചൊരിയുന്നതിനും തന്റെ തന്നെ ശക്തി വൈഭവം വെളിപ്പെടുത്തുന്നതിനും അരുണാചലം ഈ ജഗത്തിലെ ഏറ്റവും വിശിഷ്ടമായ പുണ്യാദ്രി രൂപത്തിൽ തന്റെ അഭൗമ ശാന്തി എന്നിൽ ചൊരിഞ്ഞു. അങ്ങിനെ സ്വപിതാവായ അരുണാചലത്തിന്റെ അപ്രതിരോധ്യമായ ആകർഷണബലമായാണ് 29–8–1896 ഭഗവാൻ മധുരയിലെ ഭവനത്തിൽ നിന്നും ഇറങ്ങിതിരിച്ചത്. പിതാവിന്റെ ആജ്ഞാനുസൃതമായി 1896 സ്പെതംബർ 1–ാം തിയ്യതി അരുണാചല സവിധത്തിലെത്തി. തിരുവണ്ണാമലയിലേക്കുള്ള ദീർഘവും സംഭവ പ്രധാനവുമായ യാത്രാന്ത്യത്തിൽ പുലർകാലത്ത് പരിപാവനമായ അരുണാചലേശ്വര ക്ഷേത്രത്തിലെത്തിയ ഭഗവാൻ ശ്രീ രമണന്റെ മുന്നിൽ ഗോപുരവാതിൽ മുതൽ ഗർഭഗൃഹത്തിന്റെതടക്കമുള്ള എല്ലാ വാതിലുകളും അനിതരസാധാരണമായി തുറന്നു കിടന്നിരുന്നു. എന്നു മാത്രമല്ല ക്ഷേത്രത്തിൽ മറ്റാരും തന്നെ സന്നിഹിതരായിരുന്നുമില്ല. തന്റെ പ്രിയ പുത്രനെ മാറോടണച്ച് ആനയിക്കാൻ അരുണാചലേശ്വരൻ തന്നെ വേദിയൊരുക്കിയ അപൂർവ്വ അവസരമായിരുന്നു അത്. അരുണാചലേശ്വര സന്നിധിയിൽ എത്തിയ ഭഗവാൻ പറഞ്ഞത് – പൂജ്യ പിതാവേ അങ്ങയുടെ ആജ്ഞാനുസരണം മറ്റെല്ലാം ത്യജിച്ച് ഞാനിതാ വന്നിരിക്കുന്നു. അതിന് ശേഷമുള്ള ഭഗവാന്റെ 54 കൊല്ലത്തെ പ്രോജ്ജ്വല ജീവിതം അരുണാചല സവിദത്തിൽ തന്നെയായിരുന്നു. അരുണാചലത്തെ വിട്ട് വേറൊരിടത്തേക്ക് പോകുക എന്ന ചിന്ത ഭഗവാനിൽ അങ്കുരിച്ചിട്ടില്ല. മറ്റൊരു അത്ഭുതം എന്തെന്നാൽ ക്ഷേത്രമുപേക്ഷിച്ച് മറ്റു സ്ഥാനങ്ങളിലേക്ക് താമസം മാറ്റിയ ഭഗവാൻ പിന്നീടൊരിക്കലും ക്ഷേത്രത്തിൽ പ്രവേശിച്ചിട്ടില്ല. പ്രഥമ ദർശനത്തിൽ തന്നെ പിതാവും പുത്രനും ഒന്നായി തീർന്നിരിക്കുന്നു.

ശ്രീ വേദാന്തദേശികൻ ശ്രീ രാമനെ വർണ്ണിക്കുന്നത് ''ദണ്ഡകവന ജംഗമ പാരിജാതം'' – ദണ്ഡകവനത്തിലെ മുമുക്ഷുക്കളുടെ ഇഷ്ടദായകമായി സഞ്ചരിക്കുന്ന പാരിജാതമെന്നാണ്. അതുപോലെ സാക്ഷാൽ ശ്രീ ദക്ഷിണാമൂർത്തി തന്നെ ഭഗവാൻ ശ്രീ രമണന്റെ രൂപത്തിൽ സംഭാഷണത്തിലൂടെയും കൃതികളിലൂടെയും സംശയ നിവൃത്തി വരുത്തി എല്ലാവരേയും ആത്മ ജ്ഞാനത്തിന് യോഗ്യരാക്കാൻ വേണ്ടി അവതരിച്ചതാണ്. അരുണാചലവും ശ്രീ രമണനും തമ്മിലുള്ള ദിവ്യബന്ധം വെളിപ്പെടുത്തുന്ന ഒരു പ്രതിഭാസമായിരുന്നു

അദ്ദേഹത്തിന്റെ മഹാസമാധിയുടെ പുണ്യ മുഹൂർത്തത്തിൽ ആകാശത്തിന്റെ തെക്കു കിഴക്കേ കോണിൽ നിന്ന് ഉദിച്ചുയർന്ന ഒരു വാൽനക്ഷത്രം അരുണാചലത്തെ ലക്ഷ്യമാക്കി ആകാശത്തിലൂടെ സഞ്ചരിച്ച് അരുണാചലത്തിന്റെ ഉത്തുംഗശൃംഗത്തിൽ മാഞ്ഞു മറഞ്ഞത്.

ഭഗവാൻ ശ്രീ രമണൻ തിരുവണ്ണാമലയിലെത്തിയശേഷമുള്ള സംഭവ ബഹുലമായ നൂറു സംവത്സരത്തിന്റെ പരിസമാപ്തി ആഗതമായിരിക്കുന്നു. അനന്യസാധാരണമായ ലാളിത്യവും സുതാര്യതയും അദ്ദേഹത്തിന്റെ ജീവിതത്തിന്റെ പ്രത്യേകതയാണ്. ശ്രീരാമന്റേതുപോലെ ശ്രീ രമണന്റെ ജീവിതവും സർ ശ്രേഷ്ഠമായ അനന്ത പ്രേമത്തിന്റെയും സൗലഭ്യതയുടേയും ഉത്തമ ആവിഷ്ക്കരണമായിരുന്നു.

ഭഗവാൻ ശ്രീ രമണൻ തിരുവണ്ണമാലയിലെത്തിയതിന്റെ നൂറാമത്തെ വാർഷികം സമുചിതമായി 1996 സ്പെതംബർ ഒന്നിന് ആഘോഷിക്കുക എന്നത് അനുപേക്ഷണീയമാണ്. ഭഗവാനോട് നമുക്കുള്ള ആദരവും ഭക്തിയും പ്രകടിപ്പിക്കുന്നതിൽ ഒന്നുമാത്രമാണ് ഈ ഉപഹാരം, അദ്ദേഹത്തിന്റെ പാദാരവിന്ദങ്ങളിൽ അർപ്പിക്കുക എന്നത്. ഭഗവാന്റെ ജീവിതത്തെക്കുറിച്ചും ഉപദേശങ്ങളെക്കുറിച്ചും സമഗ്രമായ രൂപം നല്കി ഈ കൃതിക്ക് ഒരു ശാശ്വത മൂല്യം നല്കുന്നതിൽ അങ്ങേയറ്റം ശ്രദ്ധിച്ചിട്ടുണ്ട്.

ശ്രീ രമണാശ്രമത്തിന്റെ ഉൽഭവത്തിനും വളർച്ചക്കും ഭഗവാന്റെ നിർദ്ദേശാനുസാരം അനവരതം പ്രയത്നിക്കുകയും, ഭഗവാന്റെ തിരുവണ്ണാമലയിലെത്തിയതിന്റെ 50-ാം വാർഷികാഘോഷം അവിസ്മരണീയമാക്കുന്നതിൽ വിജയം വരിക്കുകയും ചെയ്ത ശ്രീമദ് നിരഞ്ജനാനന്ദ സ്വാമികളെ ഭക്ത്യാദരപൂർവ്വം സ്മരിക്കുന്നു. അപ്രകാരം കഴിഞ്ഞ 45 കൊല്ലക്കാലം ആശ്രമത്തേയും രമണ ഭക്തന്മാരേയും സ്നേഹിക്കുകയും സേവിക്കുകയും ചെയ്ത ശ്രീ രമണാനന്ദ സ്വാമിജി ( ശ്രീ ടി. എൻ. വെങ്കിട്ടരാമൻ, മുൻ പ്രസിഡന്റ്) യേയും ഭക്ത്യാദരപൂർവ്വം സ്മരിക്കുന്നു. അതുപോലെ ഭഗവാന്റെ വാത്സല്യത്തിന് പാത്രീ ഭവിച്ചിട്ടുള്ള ശ്രീ ശിവപ്രകാശം പിള്ള കാവ്യകണ്ഠ ഗണപതിമുനി, മുരുകനാർ, മുനഗല വെങ്കിട്ടരാമയ്യ, പോൾ ബ്രണ്ടൻ , ദേവരാജ മുതലിയാർ, ശ്രീ നടനാനന്ദ സ്വാമി, മേജർ ചാഡ്വിക്, ഓർതർ ഓസ്ബോൺ, കുഞ്ചുസ്വാമി, പ്രൊഫസർ സ്വാമിനാഥൻ തുടങ്ങിയ പുണ്യചരിതന്മാരേയും, ഭഗവാന്റെ മഹിമകളെ വാഴ്ത്തിയിട്ടുള്ള മറ്റ് പരശ്ശതം ഭക്തശിരോമണികളേയും ഭക്ത്യാദരപൂർവ്വം സ്മരിക്കുന്നു.

ഞാൻ നമ്മുടെ പ്രിയപ്പെട്ട ഭഗവാൻ രമണ മഹർഷിയോട് പ്രാർത്ഥിക്കുന്നത് ഭഗവാന്റെ സന്തത സാമിപ്യം നമ്മുടെ ജീവിത വ്യാപാരത്തിന്റെ സമസ്ത മണ്ഡലങ്ങളിലും അനുസ്യൂതം

അനുഭവപ്പെടുമാറാകട്ടെ എന്നും ഭഗവാൻ വിരാജിച്ച സഹജനിർവ്വികല്പാനുഭൂതിയുടെ ഒരു ചെറുകണികയെങ്കിലും നമ്മൾക്കേവർക്കും അനുഭവിക്കാൻ ഇടവരുത്തട്ടെ'' എന്നുമാണ്.

ഭഗവാൻ ശ്രീ സച്ചിദാനന്ദ രമണൻ, സർവ്വ ചരാചരങ്ങളുടേയും ഹൃദയേശ്വരനായ ഭഗവാൻ, അദ്ദേഹത്തിന്റെ തൃച്ചേവടികളിൽ ഭക്ത്യാദരപൂർവ്വം സമർപ്പിക്കുന്ന ഈ ഉപഹാരത്തിൽ സംപ്രീതനായി നമ്മെ എല്ലാം അനുഗ്രഹിക്കുമാറാകട്ടെ.

എന്ന്

വി. എസ്. രമണൻ
പ്രസിഡന്റ്, ശ്രീരമണാശ്രമം
തിരുവണ്ണാമല, തമിഴ്നാട്

20-4- 97

ശ്രീ രമണാർപ്പണമസ്തു ഓം തത് സത്.

*''ഹൃദയം എന്ന് വേദങ്ങളിൽ പറയുന്നത് സ്ഥൂല ശരീരത്തിലുള്ള ഹൃ യമല്ല. ഹൃദ് + അയം (മൈയം) ഇത് കേന്ദ്രമാകുന്നു. എവിടെ നിന്നും ചിന്ത ഉളവാകുന്നുവോ, ഏതിനെ ആധാരമാക്കി ചിന്ത വർത്തിക്കുന്നുവോ, ഒടുവിൽ ചിന്തകൾ എവിടെ ഒടുങ്ങുന്നുവോ അവിടെയാണ് ഹൃദയം. വിചാരങ്ങളാണ് മനസ്സ്. വിചാരങ്ങളുടെ സ്വരൂപമാണ് ഈ ലോകം.''*

*– ഭഗവാൻ*

श्री जगद्गुरु शङ्कराचार्य महासंस्थानम्
दक्षिणाम्नाय श्री शारदापीठम् शृङ्गेरी-५७७ १३९

***PRIVATE SECRETARY***

To his holiness
Sri jagadguru Shankaracharya
Dakshinamnaya
Sri Sharada Peetham
Sringeri 577 139 (Karnataka)

Ref : D7/7979
Camp : Sringeri
Date : 2/10/'96

His Holiness is pleased to know that a souvenir is being released in connection with the centenary of the advent of Bhagavan Sri Ramana Maharshi at Arunachala and has conveyed His gracious Blessings for the successful completion of the functions and publication of the souvenir with interesting & inspiring articles

Yours sincerely,

दूरभाषिणी-2115

॥ श्रीः ॥

श्री चन्द्रमौलीश्वराय नमः

श्रीमत्परमहंसपरिव्राजकाचार्यवर्य

## जगद्गुरु-श्रीशङ्करभगवत्पादाचार्यपरंपरागतम्

## श्रीकाञ्चीकामकोटिपीठमहासंस्थानम् ।

**काञ्चीपुरम्-631502.**

यात्रास्थानम्.................. [illegible]......१९९६

[illegible]

**ANANDASHRAM**
PHONE NO : (0499) 3036

Om Sri Ram jai Ram jai jai Ram
ॐ श्री राम जय राम जय जय राम

FOUNDED BY H.H. SRI SWAMI RAMDAS P.O. ANANDASHRAM - 671 531, KANAHANGAD. KERALA (S INDIA)

Lord of the universe Papa

Beloved Ram :

"God is the great provider and he who trusts Him is never lost. Only you have to tune your will with His will, mingle your consciousness with His divine light and wisdom, merge your life in His eternal existence; then you are perfectly safe in all situations of life " .... Swami Ramdas

Very happy to know that you intend to bring out a Souvenir in Malayalam to commemorate the centenary celebration of Bhagavān's advent at Arunachala. Maharshi, a precious gift of God, through his unique method could awaken millions of ardent devotees and seekers to the Reality. It is therefore befitting that Bhagavan's advent which took place a hundred years ago is remembered with respect and devotion and celebrated jubilantly. May Bhagavan's eternal Presence continue to bless the earnest aspirants for generations to come and guide them on the path of self-enquiry to the realization of their true Being and Existence. We wish your efforts all success

May Beloved Papa Mataji / Bhagavan's blessings be upon you and all at Vijnana Ramaneeya Ashram for His constant remembrance and eternal happiness.

Ever your self

Swami Satchidananda

II SRI SADGURAVE NAMAH

# CHINMAYA MISSION

6/25-A, PARABATI BAGLA ROAD,
KANPUR - 208 001
PHONES : 256189, 256190

SWAMI TEJOMAYANANDA

It is a matter of joy to learn that the ' Vijnana Ramaneeya Ashram' is bringing out a souvenir as a part of the celebrations of the centenary of the advent of Bhagawan Sri Ramana Maharshi.

I have great regards for Bhagawan and His method of teaching. During my visits to various countries I have met a number of devotees of Bhagawan, who pursue His path of self-enquiry in all seriousness.

Bhagawan's original works are highly inspiring. During my discourses on His texts I have observed that particularly ' Upadesh Sara' touches the hearts of the listeners instataneously. It is a highly comprehensive text on a vast and subtle subject of Vedanta. Spiritual seekers of varied inclinations and at different stages of their evolution can easily relate themselves to this text and come to benefit from it immensely.

I invoke the Lord's blessings for the success of the celebrations and the work that is being done for a great cause

Swami Tejomayananda

# ശ്രീ രമണ സുപ്രഭാതം

സ്വാമി ശാന്താനന്ദ

ശ്രീമത് സുന്ദര സുന്ദര്യോ : സുപുത്ര രമണ പ്രഭോ
ഉത്തിഷ്ഠ ഋഷിശാർദ്ദൂല കർത്തവ്യം ലോകമംഗളം. 1

സുന്ദരയ്യരുടെയും അളകമ്മാളുടെയും അനുഗൃഹീത പുത്രനായ അല്ലയോ രമണ പ്രഭോ,ഋഷീശ്വരാ! ജഗത്തിന്ന് മംഗളം നല്കാനായി എഴുന്നേററാലും.

ഉത്തിഷ്ഠോത്തിഷ്ഠ ഭഗവൻ ആവർത്തന ഗരോദ്ഭവ
ഉത്തിഷ്ഠാശേഷ രമണ ഭക്താനാം മംഗളം കുരു. 2

തിരുച്ചുഴിയിലെ ഭഗവാനെ ! ഉണരൂ; എഴുന്നേല്ക്കൂ!ചരാചരങ്ങളിൽ മുഴുവൻ കുടികൊള്ളുന്ന രമണമപ്പൊരുളേ! ഭക്തർക്ക് മംഗളം നല്കാനായി എഴുന്നേററാലും ..

രൗതീഹ പക്ഷി നിവഹ: പരിതോ മയൂരാ:
ത്വദ്രൂപ സന്നിധി വിയോഗ വശാദിതൈവവ
ത്വാമാഹ്വയന്തി പശവോ നിജഗോഷ്ട കോണാത്
ആനന്ദചിദ്രമണ ഭോ തവ സുപ്രഭാതം. 3


പക്ഷി സമൂഹങ്ങളും മയിലുകളും ഇവിടെ അങ്ങയുടെ വിയോഗം സഹിക്കാനാവാതെയെന്നോണം വിലപിക്കുന്നു. പശുത്തൊഴിത്തിൽ നിന്ന് പശുക്കൾ ഉറക്കെ അങ്ങയെ വിളിച്ചുകേഴുന്നു. അല്ലയോ സച്ചിദാനന്ദ രമണ അങ്ങയ്ക്കു സുപ്രഭാതം.

ശോശ്രൂയതേ നിഗമപാഠരവഃ സമന്താത്
വിദ്യാർത്ഥിനാം സകലവേദവിദാം ദ്വിജാനാം.
പ്രാത: പ്രദക്ഷിണപരാസ്തവ ഭക്തവര്യാ:
ആനന്ദ ചിദ്രമണ ഭോ തവ സുപ്രഭാതം. 4

ഇവിടെയെങ്ങും വേദവിത്തുക്കളുടെയും ബ്രാഹ്മണരുടെയും വിദ്യാർത്ഥികളുടെയും വേദമന്ത്രധ്വനികൾ മുഴങ്ങുന്നു.അങ്ങയുടെ ഭക്തന്മാർ അങ്ങയെ പ്രദക്ഷിണം വെയ്ക്കാനായി അതികാലത്തുതന്നെ ഇവിടെ വന്നു ചേരുന്നു.അല്ലയോ സച്ചിദാന്ദ രമണ അവിടെത്തേയ്ക്കു സുപ്രഭാതം.

ബാല്യാത് സുവർണ്ണകര നാമ തവ പ്രസിദ്ധം.
അദ്യാപി യച്ഛസി തഥാ ശരണാഗതേഭ്യ:
വാഞ്ഛാധികം ഫലമയാചിതമേവ യസ്ത്വം
ആനന്ദചിദ്രമണ ഭോ തവ സുപ്രഭാതം. 5

അല്ലയോ രമണഭഗവാനേ! 'സ്വർണ്ണകരം' എന്നാണ് ബാല്യത്തിൽത്തന്നെ അങ്ങ് അറിയപ്പെട്ടിരുന്നത്. ഇപ്പോഴും അങ്ങയെ ശരണം പ്രാപിക്കുന്നവർക്ക് അവർ കാംക്ഷിക്കുന്നതിലും ഉപരി നല്കി അവരെ അങ്ങു അനുഗ്രഹിക്കുന്നു. അല്ലയോ സച്ചിദാനന്ദരമണ! അങ്ങയ്ക്കു സുപ്രഭാതം.



ലീലാ ഗൃഹീതമരണാത്മക ഭാവമൂല:
പ്രാപ്ത സ്തഥൈവ സഹസാ പരമാത്മബോധം
മീനാക്ഷ്യൂപാംഗ കൃപയാ കടാക്ഷം മധുരാ നഗര്യാം
ആനന്ദചിദ്രമണ ഭോ തവ സുപ്രഭാതം. 6

മീനാക്ഷിദേവിയുടെ കൃപാകടാക്ഷം കൊണ്ട് മധുരയിൽ അങ്ങ് ലീലയിലെന്നോണം മരണാവസ്ഥയിലൂടെ കടന്ന് ഉടൻതന്നെ ആത്മബോധം സാക്ഷാൽക്കരിച്ചല്ലോ ? അല്ലയോ സച്ചിദാനന്ദാ തവ സുപ്രഭാതം.

ഭിത്വാ ഗൃഹാദിക സുദുസ്തര മോഹ ജാല.
ശോണാചലേശ ചരണം ശരണം പ്രപന്ന:
കൗമാര ഏവ ഭഗവത്കരലാളിതസ്ത്വം
ആനന്ദചിദ്രമണ ഭോ തവ സുപ്രഭാതം. 7

ഗൃഹാദി വിഷയങ്ങളുമായുള്ള ദുസ്തരബന്ധത്തെ വിട്ടെറിഞ്ഞ് അരുണാചലേശ്വരനെ ശരണം പ്രാപിച്ച അങ്ങ് കൗമാരത്തിൽത്തന്നെ ആ ഭഗവാന്റെ കരങ്ങളാൽ ലാളിക്കപ്പെട്ടിരിക്കുന്നു.അല്ലയോ സച്ചിദാനന്ദരമണ! തവ സുപ്രഭാതം.

പാതാളലിംഗ വിവരേ ഭഗവന്നഹോ ത്വം
ദഷ്ടശ്ച കീടമശകൈ സ്തപയച്ഛരീരം
സ്വാത്മകബോധ നിരതോ ഹതദേഹ ബുദ്ധി:
ആനന്ദചിദ്രമണ ഭോ തവ സുപ്രഭാതം; 8

ഹേ ഭഗവാൻ! അങ്ങ് പാതാളലിംഗ ഗുഹയിൽ ദേഹബോധം നശിച്ച് സ്വാത്മബോധത്തിൽ മുഴുകി കൃമി കീടങ്ങളുടെയും കൊതുക് തുടങ്ങിയവയുടെയും ദംശനമേററ് ശരീരം തപോനിഷ്ഠയിൽ വർത്തിച്ചിരുന്നുവല്ലോ. അല്ലയോ സച്ചിദാനന്ദരമണ! അങ്ങയ്ക്ക് സുപ്രഭാതം.

വാസ: കൃതോ ഹം ഭവതാ വിവിധസ്ഥലേഷു
സ്കന്ദാശ്രമാദിഷു തഥാ വികൃതാക്ഷ നാമ്നി
കിം ത്വം ധ്രുവസ്യ ഭഗവാന്നപരാവതാര:
ആനന്ദചിദ്രമണ ഭോ തവ സുപ്രഭാതം. 9

അങ്ങ് വിരൂപാക്ഷഗുഹ, സ്കന്ദാശ്രമം തുടങ്ങി അരുണാചലത്തിലെ പല പ്രദേശങ്ങളിലും താമസിച്ചു. അങ്ങ് ധ്രുവന്റെ മറ്റൊരവതാരമാണല്ലോ? അല്ലയോ സച്ചിദാനന്ദരമണ! തവ സുപ്രഭാതം.

കോഹം വിചാര നിരത: പ്രഥമം ഭവ ത്വം
നാഹം ശരീരമിതി നിശ്ചിതബുദ്ധിയുക്ത:
സോഽഹം പ്രാബോധയസി തേ ചരണാനുരക്താൻ
ആനന്ദചിദ്രമണ ഭോ തവ സുപ്രഭാതം. 10

'ഞാനാരെന്ന' അന്വേഷണമാർഗ്ഗത്തിലൂടെ ഞാൻ ശരീരമല്ലെന്ന് നിശ്ചയിച്ചുറപ്പിച്ചു ഞാനാത്മാവാണെന്ന ബോധത്തെ ഉണർത്താൻ അങ്ങ് ഭക്തൻമാരെ ബോധിപ്പിക്കുന്നു. അല്ലയോ സച്ചിദാനന്ദരമണ! തവ സുപ്രഭാതം.

ശ്രീ കാവ്യകണ്ഠ ബിരുദാ സമലംകൃത : സൻ
അഭ്യാഗത: സകലവൈദിക ശാസ്ത്രവേത്താ
ധന്യോഽഭവത്തവ മധുസ്രവദീക്ഷണേന
ആനന്ദചിദ്രമണ ഭോ തവ സുപ്രഭാതം. 11

അങ്ങയുടെ മധുനിഷ്യന്ദിയായ കടാക്ഷംകൊണ്ട് കാവ്യകണ്ഠൻ എന്ന ബിരുദത്താൻ അലങ്കരിക്കപ്പെട്ട അങ്ങയെ സമീപിച്ച സകല ശാസ്ത്ര പാരംഗതനായ ഗണപതിമുനി ധന്യനായിത്തീർന്നു. അല്ലയോ സച്ചിദാനന്ദ രമണ തവ സുപ്രഭാതം

സ്കാന്ദാന്യനാമവിദിത: കവിസാർവ്വഭൗമ :
നിർമ്മായ സദ്ഗുരു വിനിർഗ്ഗതവാണിമാലാം
സദ്യസ്ത്വദീയ കരുണോദയ സിക്ത ഗാത്ര :
ആനന്ദചിദ്രമണ ഭോ തവ സുപ്രഭാതം. 12

കവി സാർവ്വഭൗമനായ മുരുകനാർ "ഗുരുവാചക കോവൈ"എന്ന് രമണ തിരുവായ്മൊഴികളെക്കൊണ്ട് കൊരുത്ത ഒരുമാല അങ്ങയ്ക്ക് സമർപ്പിക്കുകയുണ്ടായി. അദ്ദേഹത്തിൽ അങ്ങയുടെ കാരുണ്യവർഷം ചൊരിയപ്പെട്ടു. അല്ലയോ സച്ചിദാനന്ദ രമണ തവ സുപ്രഭാതം

ഗോ കാക ജന്തുഭിരപി പ്രണതൈ സ്തവാം ഘ്രൗ
പ്രാപ്താ ഗതി : പ്രഥിത യോഗി ഭിരപ്യലഭ്യാ
കോ വിസ്മയ : സ്വജനനീ ഗതിമുക്തിഹേതൗ
ആനന്ദചിദ്രമണ ഭോ തവ സുപ്രഭാതം. 13

ഒരാശ്ചര്യവുമില്ല; അങ്ങ് തന്നെയാണ് അങ്ങയുടെ മാതാവിന് മുക്തി നല്കിയത്. പശുക്കൾ കാക്കൾ തുടങ്ങി അങ്ങയെ ശരണം പ്രാപിക്കുന്ന ജന്തുവർഗ്ഗങ്ങൾപോലും യോഗികൾക്ക് പോലും അലഭ്യമായ അവസ്ഥയെ പ്രാപിച്ചിരിക്കുന്നു.അല്ലയോ സച്ചിദാനന്ദ രമണ തവ സുപ്രഭാതം

വ്യാസോ ഭവാൻ കിമുത പാർത്ഥസഖാ ച കൃഷ്ണോ

സദ്ദർശനം ച കൃതവാനുപദേശസാരം

ഗീതാപി തേ വിരചിതാƒനുപമ പ്രഭാവാ

ആനന്ദ ചിദ്രമണ ഭോ തവ സുപ്രഭാതം. 14

അങ്ങ് ആരാണ് ? വ്യാസ ഭഗവാനാണോ, അതോ അർജ്ജുന സഖാവായ സാക്ഷാൽ കൃഷ്ണൻ തന്നെയോ? ഉപനിഷത് തുല്ല്യമായ 'സദ്ദർശനവും; ബ്രഹ്മസൂത്ര സദൃശമായ 'ഉപദേശ സാരവും' അനുപമപ്രഭാവത്തോടുകൂടിയ 'രമണഗീതയും ' അങ്ങ് രചിച്ചുണ്ടല്ലോ. അല്ലയോ സച്ചിദാനന്ദ രമണ തവ സുപ്രഭാതം.

നാഹം ഹരിഃ ശിവഗുരുർന യതിശ്വരോƒഹം

ഹൃത്കന്ധരസ്ത രമണോ ഹ്യരുണാചലേശോ

പിയൂഷനാഥ യതിമാഹ ഭവാൻ കൃപാലുഃ

ആനന്ദചിദ്രമണ ഭോ തവ സുപ്രഭാതം. 15

കരുണാമൂർത്തിയായ അങ്ങ് അമൃതനാഥ യതീന്ദ്രനോട് പറയുകയുണ്ടായി. ഞാൻ ഹരിയല്ല; സുബ്രഹ്മണ്യനല്ല; ശിവനുമല്ല; ഞാൻ അരുണാചലത്തിലെ രമണനാണ് പരമാത്വായ ഞാൻ തന്നെയാണ് സകല ചരാചരങ്ങളുടെയും ഹൃദയാന്തര്യാമിയായ പരത്മാവ്. ഞാൻ അരുണാചലേശ്വരനാകുന്നു.. അല്ലയോ സച്ചിദാനന്ദ രമണ അങ്ങയ്ക്ക് നമസ്കാരം.

സംയാന്ത്യിഹാശ്രമപഥം കമനീയ കീർത്തിം

തദ്ദർശനോൽസുകതയാ വിവിധാശ്ച സിദ്ധാ

ബിഭ്രന്തി തേ ഖഗമൃഗാദി ശരീര വേഷം

ആനന്ദ ചിദ്രമണ ഭോ തവ സുപ്രഭാതം. 16

പുകഴ്പെററ ഈ ആശ്രമത്തിലേക്ക് പല സിദ്ധപുരുഷൻമാരും അങ്ങയെ കാണാനുള്ള ആഗ്രഹത്താൽ വരുന്നു. അവർ വേഷം മാറി പക്ഷികളുടെയും മൃഗങ്ങളുടെയും രൂപത്തിലും വരുക പതിവാണ്.അല്ലയോ സച്ചിദാനന്ദ രമണ അങ്ങയ്ക്ക് സുപ്രഭാതം

ഭ്രാന്താ വിഭിന്ന ഗുരു ബോധിത യോഗമാർഗ്ഗാഃ

ശ്രാന്താഃ പ്രയത്നബഹുലം തപ ആചരന്തഃ

തേഷാം വിചാരണപഥാ ഋജുമാർഗ്ഗദർശി

ആനന്ദ ചിദ്രരമണ ഭോ തവ സുപ്രഭാതം 17

വിവിധ ആചാര്യൻമാരുടെ വൈവിധ്യമുർന്ന യോഗമാർഗ്ഗങ്ങളെ പിൻതുടർന്ന് മോഹത്തിലാണ്ടവർക്കും കഠിനമായ സാധനകൾ അനുഷ്ഠിച്ച് ക്ലേശമനുഭവിക്കുന്നവർക്കും അങ്ങ് ഋജുവായ 'ഞാൻ ആര്' എന്ന അന്വേഷണമാർഗ്ഗത്തെ കാണിച്ചുകൊടുത്തു. അല്ലയോ സച്ചിദാനന്ദ രമണ അങ്ങയ്ക്ക് സുപ്രഭാതം.

ആകർഷിതാ : സമുപയാന്തി വിദേശതോഽപി
മൗനേന ബോധയസി കിം രഹ ആത്മതത്വം
നേച്ഛന്തി ഗന്തുമിദ ഏവ ഗതതെശ്ച മാതസേഃ
ആനന്ദ ചിദ്രമണ ഭോ തവ സുപ്രഭാതം 18

വിദേശങ്ങളിൽ നിന്നുപോലും ആകർഷിക്കപ്പെട്ട് ഇവിടെ എത്തുന്നവർക്ക് അങ്ങ് മൗനത്തിലൂടെ ആത്മതത്വം ബോധിപ്പിക്കുകയാണല്ലോ ! മാസങ്ങൾ കഴിഞ്ഞാലും അങ്ങയുടെ സവിധത്തിൽ നിന്നുപോകാൻ അവർക്ക് മനസ്സു വരുന്നില്ല. അല്ലയോ സച്ചിദാനന്ദ രമണ തവ സുപ്രഭാതം.

ലീലാ ഗൃഹിതനരവേഷതനും ഭവന്തം
ശോണാദ്രിനാഥമഹസഃ പ്രിയ വത്സഭൂതം
വേത്തും ഹി വാസ്തവതയാ കതി വാ സമർത്ഥാഃ!
ശ്രീശോണശൈല ഭഗവംസ്തതവ സുപ്രഭാതം 19

അങ്ങ് കേവലം വിനോദത്തിനായി ഈ നരവേഷം പൂണ്ടതാണോ ? അങ്ങ് അരുണാചലേശ്വരന്റെ പ്രിയ പുത്രനാണ്. അങ്ങയുടെ യാഥാർത്ഥ്യത്തെ മനസ്സിലാക്കാൻ എത്ര പേർക്ക് കഴിയും ! അല്ലയോ അരുണചല ഭഗവാനേ ! തവ സുപ്രഭാതം

ശക്ത്യായുധം ഹി ന ച തേ ന മയൂര വാഹോ
ഗുപ്താവതാര ഭഗവാൻ രമണാപദേശഃ
ത്വം ഷൺമുഖ : ശിവസുതോ വദനൈകധാരീ
ശ്രീ ശോണശൈല ഭഗവംസ്തവ സുപ്രഭാതം 20

രമണനെന്ന നാമത്തെ സ്വീകരിച്ച സുബ്രഹ്മണ്യന്റെ ഗുപ്താവതാരംതന്നെയാണ് അങ്ങ്. അങ്ങയ്ക്ക് ഒരു മുഖമേ ഉള്ളുവെങ്കിലും ശിവപുത്രനായ സാക്ഷാൽ ഷൺമുഖൻ തന്നെയാണങ്ങ്. അല്ലയോ അരുണാചല ഭഗവാനേ ! തവ സുപ്രഭാതം

ശോണോ ഗിരി : സ്മരണമാത്ര വിമോക്ഷഹേതു :
സാർത്ഥീകൃതോ ഭഗവതാ രമണാഭിധേന
ശോണാചലേശ പദപത്മസമർപ്പിതേന
ശ്രീ ശോണശൈല ഭഗവംസ്തവ സുപ്രഭാതം 21

സ്മരണമാത്രേണ അരുണാചലം മോക്ഷം നല്കുന്നു അരുണാചലേശ്വരന്റെ പാദപത്മങ്ങളിൽ ശരണാഗതനായ അങ്ങയാൽ ഈ തത്വം സാർത്ഥമാക്കപ്പെട്ടിരിക്കുന്നു. അല്ലയോ അരുണാചല അങ്ങയ്ക്ക് സുപ്രഭാതം.

അത്യാശ്രമേ വിചരത : ശുകവാമദേവാൻ
കോ വേത്തി കിംതു ഭഗവാൻ രമണോ ഹി ദൃഷ്ട :
പ്രത്യക്ഷ ഏവ സമകാല ജനൈരനേകൈ :
ശ്രീ ശോണശൈല ഭഗവം സ്തവ സുപ്രഭാതം 22

വർണ്ണാശ്രമങ്ങൾക്ക് അതീതമായി വിചരിക്കുന്ന ശുകനെയും വാമദേവനെയും ആര് കണ്ടിരിക്കുന്നു ? ഭഗവാൻ രമണനെ സമകാലീനരായ അനേകം ജനങ്ങൾ പ്രത്യക്ഷത്തിൽ കണ്ടറിഞ്ഞിരിക്കുന്നു.അല്ലയോ അരുണാചല ഭഗവാനേ! തവ സുപ്രഭാതം

കിം വാഽരുണാചല വിഭൂതികൃതാ ച കാന്തിഃ
കിം വാദ്രിഽനാഥ രമണസ്യ തഡിത്പ്രഭൈവ ।
കോഽയം പ്രകാശ ഇതി വേത്തുമശക്തധീർമേ
ശ്രീശോണ ശൈല ഭഗവംസ്തവ സുപ്രഭാതം 23

ഈ തേജസ്സ് എന്താണെന്ന് മനസ്സിലാക്കാൻ എന്റെ ബുദ്ധിയ്ക്ക് കഴിയുന്നില്ല. അരുണാചലേശ്വരന്റെ വിഭൂതിയുടെ കാന്തിയാണോ ഇത് ? അതോ അദ്രിനാഥനായ രമണതേജസ്സിന്റെ മിന്നൽപ്രകാശമോ ? അല്ലയോ അരുണാചല ഭഗവാനേ, തവ സുപ്രഭാതം.

കൂജന്തി പക്ഷിനിവഹാ മധുരൈഃ സ്വനൈസ്ത്വാം
ഭ്രാജന്തി പത്മനിവഹാ സ്തരുണാർക്കഭാസാ:
മോദന്തി ഭക്ത നിവഹാ ശ്ചരണാമൃതാശാഃ
ശ്രീശോണശൈല ഭഗവംസ്തവ സുപ്രഭാതം. 24

പക്ഷി സമൂഹങ്ങൾ മന്ദ്രമധുരമായ സ്വനത്തിലൂടെ അങ്ങയെ കീർത്തിക്കുന്നു. താമരപ്പൂക്കൾ ഉദയസൂര്യന്റെ കിരണങ്ങളാൽ തിളങ്ങുന്നു. അങ്ങയുടെ ചരണാമൃത തീർത്ഥത്തിന്നായി ഭക്തസമൂഹം സന്തോഷത്തോടെ കാത്തുനില്ക്കുന്നു. അല്ലയോ അരുണാചല ഭഗവാനേ തവ സുപ്രഭാതം

തിഷ്ഠന്തി വൈദിക ശിഖാമണയ : പ്രഹൃഷ്ടാ :
ത്വത്പൂജനായ ധൃതമംഗള വസ്തുഹസ്താ ;
നാര്യശ്ച ഗായനപരാ : പുരതഃ സ്ഥിതാസ്തേ
ശ്രീശോണശൈല ഭഗവംസ്തവ സുപ്രഭാതം 25

സംതുഷ്ടരായ വൈദിക ശ്രേഷ്ഠന്മാർ അങ്ങയ്ക്കു പൂജ ചെയ്യാനായി മംഗളവസ്തുക്കൾ കയ്യിലേന്തി നില്ക്കുന്നു. സ്തുതി ഗീതങ്ങളാലപിച്ച് നാരീജനങ്ങൾ അങ്ങയുടെ മുൻപിൽ നിലകൊള്ളുന്നു. അല്ലയോ അരുണാചല ഭഗവാനേ ! തവ സുപ്രഭാതം.

ഗായന്തി യേ പ്രതിദിനം തവ സുപ്രഭാതം
വിന്ദന്തി സൗഖ്യമിഹ ബോധമയീം ച ദൃഷ്ടീം
ദേഹാത്മഭാവവിരതാശ്ച വിമുക്തമായാ :
ആനന്ദചിദ്രമണ ഭോ തവ സുപ്രഭാതം 26

ആരാണോ പ്രതിദിനം അങ്ങയുടെ ഈ സുപ്രഭാതത്തെ ആലപിക്കുന്നത് അവർ പരമാനന്ദത്തെയും ജ്ഞാനദൃഷ്ടിയെയുംകൈവരിക്കും. അവർ ദേഹാത്മബുദ്ധി വെടിഞ്ഞ് മായയുടെ ബന്ധത്തിൽ നിന്നും മുക്തരായിത്തീരും.അല്ലയോ സച്ചിദാനന്ദരമണ ! തവ സുപ്രഭാതം .

ഓം നമോ ഭഗവതേ ശ്രീമതേ രമണായ

# ശ്രീ രമണലഹരി

ശ്രീ നരേന്ദ്രകേസരിശർമ്മ, നേപ്പാൾ

യതോ ജന്മാദ്യസ്യ പ്രഭവതി ച യഃ കൂട നിലയോ
മുദാ യന്മാഹാത്മ്യം പ്രണിഗദതി നിത്യം ശ്രുതിഗണഃ
ശിവം ശാന്തം ശുദ്ധം നിരവധിസുഖം സത്യമമലം
പരം വന്ദേഽഹം തത്കിമപി രമണാഖ്യം ചിതിമഹഃ [1]

യാതൊന്നിൽ നിന്നാണോ ഈ ലോകത്തിന്റെ സൃഷ്ടി സ്ഥിതിലയങ്ങൾ പ്രഭവിക്കുന്നത്, ആത്മാവായി ആരാണോ ഹൃദയത്തിൽ സ്ഥിതി ചെയ്യുന്നത്, യാതൊന്നിന്റെ മാഹാത്മ്യത്തേയാണോ നിത്യവും ശ്രുതികൾ സന്തോഷത്തോടെ വാഴ്ത്തിക്കൊണ്ടിരിക്കുന്നത്, ആ ശിവവും ശുദ്ധവും ശാന്തവും അമലവും നിരവധിസുഖവും സത്യവും രമണനെന്നപേരോടുകൂടിയതുമായ ജ്ഞാനജ്യോതിസ്സിനെ ഞാൻ വന്ദിക്കുന്നു. ഇതിൽ പരം വേറെന്തുണ്ട്?

മതോ ഹൃദ്പത്മോഽസാവരുണഗിരിരാജോഽഖിലഭുവോ
യദന്തശ്ചൈതന്യം തദിഹ രമണോ ദക്ഷിണഗതഃ
സതാം സർവ്വേഷാം യോ ഹൃദി രമതേ സ്വാത്മകലയാ
നമസ്തസ്മൈ ഭൂമ്നേ ഹൃദയരമണായാനവരതം. [2]

അഖിലലോകത്തിന്റെയും ഹൃദയപത്മമാണ് അരുണഗിരി; അതിനുള്ളിലെ ചൈതന്യമാണ് ദക്ഷിണഭാഗത്തുള്ള ശ്രീരമണൻ എന്നാണെന്റെ മതം. സജ്ജനങ്ങളേവരുടെയും ഹൃദയത്തിൽ സ്വാത്മാവായി രമിക്കുന്ന ഹൃദയരമണനാകുന്ന ആ മഹാത്മാവിനെ ഞാൻ നിരന്തരം നമസ്കരിക്കുന്നു.

ജഡം ദേഹം നശ്യത് ഘടപടനിഭം ചിദ്വിരഹിതം
തതോ നാഹം തദ്യന്ന ഹി ഭവതി സുപ്തൗ പ്രതിദിനം
അതഃ കോഽഹം തത്വം ത്വിതി വരധിയാന്വേഷിതവതഃ
സതഃ സോഽഹം സ്ഫൂർത്തി ഹൃദരുണഗിരൗ ഭാതി രമണഃ [3]

ഉറങ്ങുന്ന സമയത്ത് ദേഹബോധമോ ഞാൻബോധമോ ഇല്ല. ചിത്രഹിതമായ ജഡമായ ദേഹം കുടത്തേയും പടത്തേയും പോലെ നശിക്കും. കൂർമ്മബുദ്ധിയോടെ അന്വേഷിച്ചറിയുന്ന സജ്ജനങ്ങൾക്ക് സോഽഹം അനുഭവവേദ്യമാകുകയും ഹൃദയമാകുന്ന അരുണഗിരിയിൽ രമണൻ പ്രകാശിക്കുകയും ചെയ്യുന്നു.

മനസ്സങ്കലോ/യം ത്രിഭവനമയോ ദൃശ്യനിചയോ
മമമെതേ സങ്കല്പാ ഇതി ശിതധിയാ/ലോകൃസതതം
അഹംകോ വേതൃന്തർഹൃദി നിജവിമർശേ പരിണതേ
ചിദാനന്ദഃ സോ/ഹം സ്പുരതി ഭഗവാംസ്തത്ര രമണഃ [4]

ദൃശ്യഗോചരമായിരിക്കുന്ന ത്രിഭുവനം മനഃസങ്കല്പമാകുന്നു.എന്റേതെന്ന സങ്കല്പത്തെ സൂക്ഷ്മായി നിരീക്ഷണം ചെയ്യുമ്പോൾ അന്തഃരംഗത്തിലായി സ്വാത്മ ജ്യോതിസ്സ് നിരന്തരം വിളങ്ങും. 'ഞാൻ ആരാണെന്ന' അന്വേഷണം പരിണമിച്ച് സ്വാത്മാവായ രമണൻ തന്നെയാണ് 'ഞാൻ' എന്ന് ബോദ്ധ്യമാകുന്നു., ചിദാനന്ദ രൂപിയായ ''അഹം'' സ്പുരിക്കുന്നു.

ജരാദ്യൂർമിവ്രാതാ/കുല വിഷമസംസാരജലധേ
ത്രിധാ തപ്താൻ ജീവാന്നരമൃഗഖഗാദ്യൻ കരുണയാ
സമുദ്ധർത്തും ശോണാചലതടനിവാസീ കലിയുഗേ
സദാനന്ദഃ സിദ്ധോ ജയതി രമണാഖ്യഃ സഃ ഭഗവാൻ [5]

ജരാദികളാകുന്ന തിരമാലസമൂഹം കൊണ്ട് വീർപ്പുമുട്ടുന്ന സംസാരസാഗരത്തിലെ മൂന്നുവിധതാപത്തിൽ വിഷമിച്ചിരിക്കുന്ന മനുഷ്യമൃഗപക്ഷ്യാദികളാകുന്ന ജീവന്മാരെ സമുദ്ധരിക്കുന്നതിന് കലിയുഗത്തിൽ അവതരിച്ച അരുണാചലതടനിവാസിയായ രമണനെന്ന പേരോടുകൂടിയ സിദ്ധനായ ഭഗവാൻ ജയിക്കുന്നു.

അഹിംസാസിദ്ധാന്തപ്രണിഹിതദയാധർമ്മസയുജാം
യതീനാം ബൗദ്ധാനാം ജിനദശ വലാഖണ്ഡവമതീ
യിശുപദ്ഭക്താനാം തദനു രമണേശാന ഭഗവാൻ
ജിനോ/സിത്വം ബുദ്ധഃ ക്രമശഃ ഇഹ ഹീശാമസിരസി [6]

ഹേ രമണേശാനഭഗവൻ, അഹിംസാ സിദ്ധാന്തത്തിൽ പ്രണിഹിതമായ ദയാ,ധർമ്മം എന്നീ രണ്ടു തത്വങ്ങളിൽ വിശ്വസിക്കുന്ന യതികളുടെയും ബൗദ്ധമാരുടെയും യേശുഭക്തരുടെയും ഇടയിൽ അങ്ങ് ജീനനാകുന്നു, ബുദ്ധനാകുന്നു, ക്രമത്തിൽ ഈശാമിശിഹയുമാകുന്നു.

ഖുരാനദ്ധ്യേത്രീണാമിഹ ജഗതി മോഹമ്മദഗുരോഃ
സമാഗച്ഛന്തീനാം ശമിതമനസേസ്ലാമവിധിതഃ
പ്രജാനാം സബ്രാഹ്യം യദുത പരമം ദൈവമുദിതം
ഖുദാചല്ലാഹസ്ത്വം രമണഭഗവൻ! വ്യോമതനുമൻ! [7]

ഹേ രമണഭഗവാനേ! ശമിച്ച മനസ്സോടെ ഇസ്ലാമതവിധിപ്രകാരമുള്ള മുഹമ്മദഗുരുവിനെ പിൻതുടരുവാൻ പഠിക്കുന്നവരായ ജനങ്ങൾക്ക് ഈ ലോകത്തിൽ പരമമായ ദൈവത്തെ പറഞ്ഞുകൊടുക്കാൻ സമ്പ്രാപ്യനായ അങ്ങ്, വാസ്തവത്തിൽ അല്ലാഹു തന്നെ!

പദാർത്ഥാനാമൂചേ ഗൗതമമുനിവരഃ ഷോഡശതയാ
കണാദഃ സപ്തൈതേവ്യേത്യവദദഥ വൈശേഷിക ഋഷിഃ
പദാർത്ഥാനാമേഷാം ത്രിഗുണവികൃതാനാമണുഭുവാം
പരം പാരം ബ്രഹ്മ ത്വമസി രമണാശേഷരമണ! [8]

ഹേ രമണ, അശേഷ രമണ, ഗൗതമുനിവരൻ പദാർത്ഥങ്ങളെ പതിനാറുതരത്തിലും കണാദൻ ഏഴുതരത്തിലും പറയുന്നു. അനന്തരം വൈശേഷിക ഋഷി ത്രിഗുണ വികൃതങ്ങളായ പദാർത്ഥങ്ങളുടെ ഘടന പരമാണുവിൽനിന്നാണെന്നും പറയുന്നു. ഹേ രമണ, അങ്ങുതന്നെയാകുന്നു ആ പരബ്രഹ്മരൂപം.

അനാദി പ്രോക്തൗ ഹി പ്രകൃതിപുരുഷൗ വിശ്വ ജനകൗ
തയോർഭേദജ്ഞാനാദ് ഭവതി മനുജോ മുക്തപുരുഷഃ
ഇദം സാംഖ്യം ജ്ഞാനം സമകഥയദാദൗ തു കപിലഃ
ത്വമേതദ്വൈതത്ത്വം പരമമസി കൈവല്യരമണ [9]

ഹേ കൈവല്യ രമണ, പ്രപഞ്ചത്തിന്റെ ഉൽപത്തിക്ക് ഹേതുഭൂതനായ പ്രകൃതിയും പുരുഷനും അനാദിയാണെന്നും അവയുടെ വേർതിരിച്ചുള്ള ജ്ഞാനത്തിലൂടെ മനുഷ്യൻ മുക്തനുമാകുന്നു. ഈ സാംഖ്യജ്ഞാനത്തെ ആദിയിൽ കപിലമഹർഷി വിസ്തരിച്ചു പറഞ്ഞിട്ടുണ്ട്; ആ പരമതത്വം അങ്ങുതന്നെ.

അഹിഭ്രാന്തി രജ്ജ്വാം രജതധിഷണാ ശുക്തിപുടകേ
യദദ്വൈതം ചിദ്രൂപേ നിരവധി സുഖേ വിശ്വകലനാ
ഇതീദം യത്തത്വം പരമസുഖദം ശാങ്കരമതേ
തദദ്വൈതം ധാമ ത്വമസി ഭഗവത്പാദരമണ! [10]

അല്ലയോ, ഭഗവത്പാദരമണ! ശങ്കരാചാര്യവചനമനുസരിച്ച് കയറിൽ സർപ്പത്തെയും മുത്തുച്ചിപ്പിയിൽ വെള്ളിയെയും ദർശിക്കുന്നതുപോലെ ആനന്ദസ്വരൂപമായ ചിത് രൂപത്തിൽ ലോകത്തെ ദർശിക്കുന്ന യാതൊരു തത്വമാണോ ഉള്ളത്, ആ തത്വം-അദ്വൈതസ്ഥാനം അങ്ങുതന്നെ.

ജഗദ്രംഗേ ചിത്രേ ലളിതപടമാല്യാദിലസിതേ
നടസ്ത്വേതേ സർവ്വേ സ്ഥലജലഖഗാഃ പ്രാണിനിവഹാഃ
മഹാമായാഽജാ യാ ചപലചപലാ സൈവ സുനടീഃ
മഹാസൂത്രാചാര്യോ രമണ! സകലം ത്വം ഭ്രമയസി [11]

ലളിതവസ്ത്രമാല്യാദികളാൽ അലങ്കൃതവും വിചിത്രവുമായ ഈ ലോകമാകുന്ന നടനരംഗത്തിൽ കരയിലും വെള്ളത്തിലും ആകാശത്തിലും ജീവിക്കുന്ന എല്ലാ പ്രാണിവർഗ്ഗങ്ങളും നടന്മാരും, അജയും അതിചപലയുമായ മഹാമായ നടിയുമാകുന്നു. മഹാസൂത്രാചാര്യനായ ഹേ രമണ ഭഗവൻ അങ്ങ് എല്ലാററിനെയും ചലിപ്പിക്കുന്നു.

**ത്വമഗ്നിസ്ത്വം സോമസ്ത്വമസി പവനസ്ത്വം ജലമസി**
**ത്വമർക്കസ്ത്വം പൃഥ്വീ വിയദപി മഹാത്താരകഗണഃ**
**തഥാ വിശ്വേ ദേവാ ത്വമസി വരുണസ്ത്വം സുരപതിഃ**
**യമോ രുദ്രോഽസി ത്വം രമണ ധനദോ ഗീഷ്പതിരസി. [12]**

അല്ലയോ രമണ, അങ്ങ് അഗ്നിയാകുന്നു; ചന്ദ്രനാകുന്നു; വായുവാകുന്നു; ജലമാകുന്നു; സൂര്യനാകുന്നു; ഭൂമിയാകുന്നു; ആകാശമാകുന്നു; ഗ്രഹങ്ങളും താരകഗണങ്ങളുമാകുന്നു; അപ്രകാരം ലോകത്തിലെ എല്ലാദേവന്മാരും അങ്ങാകുന്നു. വരുണനും, ഇന്ദ്രനും, യമനും രുദ്രനും, ധനദനും, ഗീഷ്പതിയും അങ്ങുതന്നെയാകുന്നു.

**ജഗത്സ്രഷ്ടാ ബ്രഹ്മാ ഭവസി ഭഗവൻ! സൃഷ്ടിസമയേ**
**ജഗത്ത്രാതാ വിഷ്ണുസ്ത്വമസി കില വിശ്വംഭരവപുഃ**
**മഹാദേവോഽത്വം നിഖിലഭവസംഹാരിവിഭവ-**
**സ്തയോഽപ്യേതേ ദേവാസ്തവ രമണ! ലീലാവിലസിതാഃ [13]**

അല്ലയോ രമണ! സൃഷ്ടിസമയത്ത് അങ്ങ് ജഗത്സ്രഷ്ടാവായ ബ്രഹ്മാവാകുന്നു; ജഗത് രക്ഷകനായ വിഷ്ണു അങ്ങാകുന്നു; സർവ്വലോകത്തിന്റെയും സംഹാരമൂർത്തിയും ലോകശരീരിയുമായ മഹാദേവൻ അങ്ങാകുന്നു; ഈ മൂന്നു ദേവന്മാരും അങ്ങയുടെ ലീലാവിലസിതമാകുന്നു.

**ശിവസ്ത്വം ശൈവാനാം ഹരിരസി മുകുന്ദാംഘ്രിസുഹൃദാം**
**ഭവാനീ ശാക്താനാം ഗണപഭജകാനാം ഗണപതിഃ**
**രവിസ്ത്വം സൗരാണാമസി ഹുതാവഹസ്ത്വം ഹി യജതാം**
**ദ്വിജാനാം സാവിത്രീ വദ രമണ ത്വം കിം കിം ന ഭവസി [14]**

ശൈവന്മാർക്ക് അങ്ങു ശിവനാകുന്നു' മുകുന്ദപദസുഹൃത്തുകൾക്ക് അങ്ങ് ഭവാനിയാകുന്നു; ഗണപഭക്തന്മാർക്ക് അങ്ങ് ഗണപതിയാകുന്നു; യാഗം ചെയ്യുന്നവർക്ക് അങ്ങ് അഗ്നിയാകുന്നു; ബ്രാഹ്മണർക്ക് അങ്ങ് സൂര്യനാകുന്നു; ഹേ രമണ! അങ്ങ് എന്തെല്ലാമാണല്ലാത്തതെന്ന് പറയൂ!

**മണിദ്വീപേ നീപോവനഗതചിന്താമണിഗൃഹേ**
**സമാസീനാ പാശാങ്കുശവരഭയാപോഹനഭുജാ**
**ത്രിനേത്രാ രക്താഭാ ശശധരകിരീടാഽതുലകൃപാ**
**സ്മിതാ കിം ന ത്വം രമണ ഭുവനാധീശ്വരവധൂ [15]**

ഹേ രമണ, മണിദ്വീപിൽ കദംബവനത്തിൽ സ്ഥിതി ചെയ്യുന്ന ചിന്താമണി ഗൃഹത്തിൽ ആസനസ്ഥയും കൈകളിൽ പാശാങ്കശങ്ങളും വരദാഭയമുദ്രകളും ധരിച്ചിട്ടുള്ളവളും ത്രിനേത്രയും രക്താഭയും ചന്ദ്രനെ ധരിച്ചവളും, കിരീടത്താൽ അതുല്യമായ കൃപപൊഴിയ്ക്കുന്നവളും പുഞ്ചിരിക്കുന്ന മുഖത്തോടുകൂടിയവളും ആയ ഭുവനാധീശ്വരവധു അങ്ങല്ലേ?

പിതാ പാതാ നേതാ ത്വമസി വിഷമേ സാധനപഥേ
പ്രഭോ! മാതാ$f$സി ത്വം ഹൃനുപമദയാമൂർത്തിരമലാ
ഗുരുസ്ത്വം ചോദ്ധർത്താ സുഖരഹിതസംസാരജലധേ –
സ്ത്രിരൂപോ ഭാസി ത്വം രമണഭഗവൻ! തേ പദജൂഷാം [16]

ഹേ രമണ ഭഗവൻ, വിഷമം പിടിച്ച സാധനപഥത്തിൽ പിതാവും രക്ഷകനും നേതാവും അങ്ങുതന്നെ. സുഖരഹിതമായ സംസാരസാഗരത്തിൽ നിന്ന് ഉദ്ധരിക്കുന്നതിന് യോഗ്യനായ ഗുരു അങ്ങാകുന്നു; അങ്ങ് മൂന്നു രൂപത്തിലും വിളങ്ങുന്നു.

മുമുക്ഷൂണാം മാന്യാ ത്വമസി ഭഗവന്മുക്തിലതികാ
സുഖേച്ഛൂനാം നൃണാം ത്വമസി സുഖസോപാനപദവീ
മഖാസക്താനാം ത്വം ഹൃസി വിവൃതമവൈതാനകവിധി –
സ്തപോനിഷ്ഠാനാം ത്വം രമണ മഹിതഃ സിദ്ധിമഹിമാ [17]

ഹേ രമണ , മോക്ഷേചച്ഛുകൾക്ക് മാന്യമായിട്ടുള്ള മുക്തിസാധനം അങ്ങാകുന്നു; സുഖകാംക്ഷികളായ നരന്മാർക്ക് സുഖം നേടാനുള്ള സ്ഥാനം അങ്ങാകുന്നു. യാഗാദികളിൽ പ്രീതിയുള്ളവർക്ക് വിധിച്ചിട്ടുള്ള വിവിധപൂജാവിധികൾ അങ്ങാകുന്നു. തപോനിഷ്ഠന്മാർക്ക് ലഭ്യമാകുന്ന മഹത്തായ സിദ്ധിമഹിമ അങ്ങാകുന്നു.

നിരാകാരോ$f$പിത്വം ഭവസി വിവിധാകാരവിഭവ –
സ്ത്വമദ്വൈതീ ദ്വൈതീ നനു ലസസീ വിശ്വാത്മകതനുഃ
ത്വമേകോ$f$നേകാത്മാ സ്പുരസി നിഖിലകാരരുചിരഃ
പ്രകാശോ$f$ദൃശ്യശ്ച ത്വമസി രമണാചാര്യ ഭഗവൻ! [18]

ഹേ രമണാചാര്യ! ഭഗവാന്നേ! ആകാരമില്ലാത്തവനാണെങ്കിലും അങ്ങ് വിവിധമായ ആകാരവൈഭവത്തോടുകൂടിയവനുമാകുന്നു; അങ്ങ് അദ്വൈതിയാണെങ്കിലും ലോകത്തിന്റെ തന്നെ ശരീരിയാകുന്നു; ഏകനാണെങ്കിലും അങ്ങ് അനേകാത്മാവായി സ്പുരിക്കുന്നു; പ്രകാശരൂപിയാണെങ്കിലും അങ്ങ് അദൃശ്യനാകുന്നു.

വിരാഡഗ്നിർവിശ്വസ്ത്വമസി മഹസാ ജാഗ്രതി തഥാ
ഹിരണ്യാന്തഃ സ്വപ്നേ ഭവസി പവനശ്ചസ്തജസ ഇതി
സുഷുപ്താവാവിശസ്ത്വം ദിനകരതനുഃ പ്രാജ്ഞ ഉദിതഃ ഇതി
സ്തുരീയേ ധാമ്നി ത്വം രമണ! ഹൃദയേ ഹ്യോമിതി പദം. [19]

ഹേ രമണ, ജാഗദവസ്ഥയിൽ വിരാട്രൂപത്തിലുള്ള അഗ്നിയായ വിശ്വൻ, തേജസ്സുകൊണ്ട് അങ്ങാകുന്നു; സ്വപ്നത്തിൽ, ഹിരണ്യാന്തർപ്രവിഷ്ടനായ തൈജസൻ അങ്ങാകുന്നു; സുഷുപ്ത്യവസ്തയിൽ പ്രവേശിച്ച സുഷ്മാശരീരനായ പ്രാജ്ഞൻ അങ്ങാകുന്നു; തുരീയാവസ്ഥയിൽ ഹൃദയ ഗുഹയിൽ ഓം എന്ന പദം അങ്ങാകുന്നു.

മനോ ന ത്വം ബുദ്ധിർന്ന ഭവസി തഥാ നേന്ദ്രിയഗണ –
സ്തഹങ്കാരോ ന ത്വം പ്രകൃതിരസി ന ത്വം വികൃതി :
അവിദ്യാഽനാദിസ്ത്വം ന ഭവസി ദൃഗ്ദൃശ്യനിചയ –
ശ്ചിദാനന്ദഃ സത്യം ത്വമസി പരമം ബ്രഹ്മരമണ । [20]

ഹേ പരബ്രഹ്മ സ്വരൂപനായ രമണഭഗവൻ, അങ്ങ് മനസ്സല്ല, ബുദ്ധിയല്ല, ഇന്ദ്രിയങ്ങളല്ല, അഹങ്കാരമല്ല,പ്രകൃതിയല്ല, വികൃതിയല്ല, അനാദ്യവിദ്യയല്ല, ദൃഗ്ദൃശ്യ സമൂഹമല്ല;അങ്ങ് ചിദാനന്ദസ്വരൂപിയായ പരമസത്യമാണ്.

വസിഷ്ഠോ മനൈവ ത്വം ഭവസി ന തഥാ ഗൗതമമുനിഃ
ഭരദ്വാജോഽത്രിസ്ത്വം ന ഹി ബഹുമതഃ കൗശിക ഉത
ന വാ മാരീചസ്ത്വം സുഭഗ ജമദഗ്നിസ്ത്വമസി നോ
മഹഃ സപ്തർഷിണാമയി രമണ । ലോകോത്തരമസി [21]

ഹേ രമണ, അങ്ങ് വസിഷ്ഠനല്ല, ഗൗതമമുനിയല്ല, ഭരദ്വാജനല്ല, അത്രിയല്ല,ബഹുമാന്യനായ വിശ്വമിത്രനല്ല, മാരീചനല്ല, സുഭഗനായ ജമദാഗ്നിയുമല്ല, അങ്ങ് സപ്തർഷികളുടെ ലോകോത്തരമായ തേജസ്സാകുന്നു.

കലേർദോഷാന്നാനാകലുഷമതി പാഷണ്ഡകലിതേ
വിധർമ്മേഽസ്മിൻ വിശ്വേ പിബതി തവ വാകൃാമൃതകണാൻ
ജനൗഘഃ സർവ്വേഽപി ശ്രവണബലതസ്തൃപ്തിമയതേ
പ്രഭാവ : സമ്പൂർണ്ണസ്തവ രമണ । ജാഗർത്തി ജഗതി [22]

ഹേ രമണ, കലിയുഗത്തിന്റെതായ ദോഷത്താൽ നാനാവിധത്തിൽകലുഷിതമായതും വേദമാർഗ്ഗത്തിന് വിരുദ്ധമായതും, ധർമ്മം നഷ്ടപ്പെട്ടിട്ടുള്ളതുമായ ഈ ലോകത്തിൽ ജനങ്ങളെല്ലാവരും അങ്ങയുടെ വാക്യാമൃതകണങ്ങൾ ശ്രവണം ചെയ്ത് തൃപ്തിയടയുന്നു. അങ്ങയുടെ സമ്പൂർണ്ണമായ പ്രഭാവം ലോകത്തിൽ ഉണർവ്വുള്ളതായി വർത്തിക്കുന്നു.

അഹോ ധന്യേയം തേ ജനനവശതോ ഭാരതമഹീഃ
ഹൃവാചീ ദിക് ധന്യാ തവ പദസരോജാങ്കനവശാത്
ശിവാകാരോ ധന്യസ്ത്വരുണ ഗിരിരുത്തുംഗശിഖരോ
മഹർഷേ ! യത്ര ത്വം വിഹരസി സതാമാപ്ത രമണ । [23]

ഹേ മഹർഷേ അങ്ങയുടെ ജനനം കൊണ്ട് ഈ ഭാരതഭൂമി ധന്യയായി. തെക്കേ ദിക്ക് അങ്ങയുടെ പാദസരോജങ്ങളുടെ മുദ്രണം കൊണ്ട് ധന്യയായി. ഉത്തുംഗ ശിഖരങ്ങളോടുകൂടിയ ശിവാകാരമായ അരുണഗിരിയും അങ്ങയുടെ വിഹാരംകൊണ്ട് ധന്യമായി.

**സുരാ : സിദ്ധാ സാദ്ധ്യാ: യമനിയമയുക്താ: സുതപസ:**
**സുരർഷി ബ്രഹ്മർഷി പ്രഭൃതയ: ഉതാന്യേ ച യമിന:**
**മുഹൂർത്തേ ബ്രാഹ്മേ തു ശ്രുതിമധുരനാനാസ്തുതിപരാ :**
**നമന്തി ത്വം ബ്രഹ്മൻ, രമണ കരുണാപൂർണ്ണ ജലധേ** **[24]**

ഹേ കരുണാപൂർണ്ണജലധേ രമണ, ബ്രഹ്മൻ, സുരന്മാരും സിദ്ധന്മാരും ഗണദേവതകളും യമനിയമയുക്തമാരും സുതപസ്വികളും ആയ സുരർഷികളും ബ്രഹ്മർഷികളും മററ് യോഗിമാരും ബ്രാഹ്മമുഹൂർത്തത്തിൽ ശ്രുതിമധുരങ്ങളായ വിവധസ്തവങ്ങളാൽ അങ്ങയെ നമിക്കുന്നു.

**സ്പുരച്ഛാന്തിർജ്യോത്സ്നാƒതുലിതശിവകൈലാസമഹിമാ**
**ലസത്കൈവല്യശ്രീഹസിതഹരിവൈകുണ്ഠഗരിമാ**
**വിരാഗൈശ്ചര്യാഭാസുർവിജിതസുധാസാഗരയശഃ**
**കൃപാബ്ധേ ശോണാദ്രൗ ജയതി രമണസ്യാശ്രമവരഃ** **[25]**

സ്ഫുരിക്കുന്നശാന്തിയാകുന്ന നിലാവിനാൽ അതുലിതമാക്കപ്പെട്ട ശിവകൈലാസമഹി- മയോടുകൂടിയതും മോക്ഷസുഖത്തിന്റെ വിലാസത്താൽ ഹരിയുടെ വൈകുണ്ഠഗരിമയെ ഹസിക്കുന്നതും, വൈരാഗ്യകൊണ്ടും തപശ്ചര്യയുടെ ശോഭകൊണ്ടും ജയിക്കപ്പെട്ട പാലാഴിയുടെ യശസ്സോടുകുടിയതുമായ രമണന്റെ ആശ്രമം അരുണാചലത്തിൽ സർവ്വോൽക്കഷേണ വർത്തിക്കുന്നു.

**കപോലേ വാമേ സ്വം കരകമലമാധായ വിമലേ**
**ശയാനശ്ചോത്താനം ക്ഷിതിജഗതനേത്രാബ്ജയുഗള :**
**ഋഷി: ശാന്ത: സോƒഹം സ്ഫുരണപരമാനന്ദമുദിത:**
**ശിവ: പൂർണ്ണ: സാക്ഷീ ജയതി രമണഃ ശോണകടകേ** **[26]**

വിമലമായ ഇടതു കവിളിൽ സ്വന്തം കരകമലത്തെ വെച്ചുകൊണ്ട് കിടക്കുന്നവനും, കിടക്കുന്നവനാണെങ്കിലും ആത്മാവിൽ ഉണർന്നിരിക്കുന്നവനും, ഭൂമിയും ലോകവുംആകുന്ന രണ്ടുകണ്ണുകളോടുകൂടിയവനും, ഋഷിയും ശാന്തനും സോƒഹം സ്ഫുരണത്താൽ പരമാനന്ദമനുഭവിക്കുന്നവനും, ശിവനും, പൂർണ്ണനും സാക്ഷിയുമായ ശ്രീരമണൻ അരുണാചലത്തിൽ ജയിക്കുന്നു.

**സ്മിതം വക്രേത ശുഭ്രം കരകമലമുദ്രാ സുഖകരീ**
**സ്വാഭാവസ്ഥൗ പാദൗ നിജ സഹജഭാവസ്ഥിതാമനാഃ**
**വസാനഃ കൗപീനം ധവളമവധൂതാഖിലതമാഃ**
**പരാത്മാ ശോണാദ്രൗ രമണ ഭഗവൻ ! ഭാതി ഭയ്ഹൃത്.** **[27]**

പുഞ്ചിരി തൂകുന്ന മുഖത്തിൽ കരമാകുന്ന പങ്കജംകൊണ്ടുള്ള മുദ്ര സുഖകരിയാകുന്നു. സ്വാഭാവസ്ഥങ്ങളായ പാദങ്ങൾ സ്വസ്ഥിതി ഭാവത്തിൽ സ്ഥിതിചെയ്യുന്ന മനസ്സോടു കൂടിയവയാകുന്നു. വെളുത്ത കൗപീനവസ്ത്രം അജ്ഞാനാന്ധകാരത്തെ നശിപ്പിക്കുന്നതാകുന്നു. ഭയഹാരിയും പരമാത്മാവുമായ രമണഭഗവാൻ അരുണാചലത്തിൽ പ്രകാശിക്കുന്നു.

കടാക്ഷ ക്ഷേപസ്തേ ഹരതി ഹൃദയധ്വാന്തമഖിലം
ദയാദൃഷ്ടി പൂർണ്ണാ പ്രകടയതി വിജ്ഞാനമിഹിരം
ദദാതീ ഷദ്ധാസ്യം പ്രണതമനുജയാത്മ പദവീ –
മമേയസ്തേ ധന്യോ രമണമഹിമാ വാഗവിഷയഃ [28]

അങ്ങയുടെ കടാക്ഷവീക്ഷണങ്ങൾ ഹൃദയത്തിലെ അജ്ഞാനാന്ധകാരം മുഴുവൻ നശിപ്പിക്കുന്നു. അങ്ങയുടെ കാരുണ്യം പൊഴിയ്ക്കുന്ന ദൃഷ്ടി വിജ്ഞാനസൂര്യനെ പൂർണ്ണമായും പ്രകടിപ്പിക്കുന്നു. അങ്ങയുടെ മന്ദഹാസം ഭക്തരെ ആത്മപദവിയിലെത്തിക്കുന്നു. അളക്കുവാൻ ആവാത്ത ധന്യമായ അങ്ങയുടെ മഹിമ വാക്കുകൾ കൊണ്ട് വർണ്ണിക്കാവുന്നതല്ല.

രകാരോഽഗ്നിർബ്രഹ്മൻ ദഹതി സഹസാ സഞ്ചിതമലം
മകാരശ്ചന്ദ്രോഽയം ഹരതി തപനം സിഞ്ചതി സുധാം
ണകാരശ്ചാർക്കോ ഹന്ത്യലഘു നിബിഡാജ്ഞാനതിമിരം
വിഭൂതിസ്ത്വന്നാമ്നോ ജയതി രമണേശാന ജഗതി [29]

ഹേ ബ്രഹ്മൻ '' രകാരം'' ആകുന്ന അഗ്നി ഭഗവാൻ സഞ്ചിത കർമ്മഫല മാലിന്യങ്ങളെ പെട്ടന്ന് ദഹിപ്പിക്കുന്നു. മകാരമാകുന്ന ചന്ദ്രൻ അമൃത് കൊണ്ട് താപത്തെ നനയ്ക്കുന്നു. 'ണകാര' മാകുന്ന സൂര്യൻ നിറഞ്ഞു നിൽക്കുന്ന അജ്ഞാനാന്ധകാരത്തെ നശിപ്പിക്കുന്നു. ഈ ലോകത്തിൽ അങ്ങയുടെ പേരിലുള്ള വിഭൂതികൾ ജയിക്കുന്നു.

സമുദ്ധർത്തും ലോകാൻ കലിമലാഹതാസ്പതഹൃദയാൻ
സുരാണാം സേനാനി സദയമവതീർണ്ണസ്ത്വമധുനാ
അവേക്ഷ്യ പ്രത്യക്ഷം രമണ ഭഗവൻ ത്വാമനുജഗൗ
കവി ഃ കണ്ഠേകാവ്യോ ഗണപതിമുനിഃ സൂരിതിലകഃ [30]

കലിയുഗമാലിന്യം ബാധിച്ച സന്തപ്ത ഹൃദയരായ ജനങ്ങളെ സമുദ്ധരിക്കുവാൻ സദയം അവതരിച്ച സുരന്മാരുടെ സേനാനിയായ അങ്ങയെ, പ്രത്യക്ഷത്തിൽ കണ്ടപണ്ഡിതശേഷ്ഠനായ കാവ്യകണ്ഠഗണപതിമുനി അങ്ങയെ പ്രകീർത്തിച്ചു.

പ്രസാദാത് സംപ്രാത്ഥ്യാദപി സുരവരേഭ്യസ്തവ കൃപാ
പരം മത്വാ ഛിത്വാ തൃണമിവ നിജാജ്ഞാനനിഗഡം
വിനിദ്രശ്ചിദ്രൂപേ നിരവധി സുഖേ മജ്ജതി സുധീ
സ പുണ്യാനാം മന്യേ രമണ പരിണാമ ഃ പരഗുരോ [31]

ഹേ പരമഗുരു രമണ ! സുരശ്രേഷ്ഠന്മാരാൻ പ്രാർത്ഥിക്കപ്പെട്ട അങ്ങയുടെ പ്രസാദത്തിൽ നിന്നുണ്ടായ കാരുണ്യത്തെ പരമമായി കരുതി തന്റെ അജ്ഞാനത്തെ പുല്ലുപോലെ ഛേദിച്ച് നിദ്രയൊഴിച്ച് ബുദ്ധിമാൻ ചിദ്രൂപമായിരിക്കുന്ന നിരവധി സുഖത്തിൽ മുങ്ങുന്നു. അവനെ പുണ്യപാപന്മാരുടെ പരിണാമമായി ഞാൻ കരുതുന്നു.

**അസാരേ സംസാരേ വിഷയമൃഗതൃഷ്ണാഭ്രമിതധീഃ**
**ചരന്നാനായോനൗ പ്രബലതരസൽക്കർമ്മവശതഃ**
**ഇദാനീം സമ്പ്രാപ്തശ്ചരണകമലം തേ ഭയഹരം**
**മഹർഷേ! ബ്രഹ്മർഷേ! രമണ ഭഗവാൻ! ത്വം ഹി ശരണം.** **[32]**

ഹേ മഹർഷേ, ബ്രഹ്മർഷേ, ഈ സാരമില്ലാത്ത, സംസാരത്തിൽ വിഷയമാകുന്ന മൃഗതൃഷ്ണയിൽ ഭ്രമിച്ച ബുദ്ധിയോടെ, നാനായോഗികളിൽ ചരിച്ച് പ്രബലതരമാകുന്ന സൽക്കർമ്മം കാരണം ഇന്ന് ഭയത്തെ ഇല്ലാതാക്കുന്ന അങ്ങയുടെ പാദങ്ങളിൽ എത്തി ; ഹേ രമണഭഗവാൻ അങ്ങുതന്നെ ശരണം.

**ഫലാസക്തഃ കുർവ്വൻ വിവിധമനിശം കർമ്മ ബഹുധാ**
**ഭ്രമന്നാനാ തീർത്ഥം ഭുവി ബത പഠൻ ശാസ്ത്രനികരം**
**അശാന്തഃ സർവ്വത്രാവിദിതനിജരൂപോഽഹമധുനാ**
**ശരണ്യം പ്രാപ്തസ്ത്വാം രമണ ഭഗവൻ! ത്വം ഹി ശരണം.** **[33]**

അല്ലയോ ഭഗവാനെ, ഫലത്തിലുള്ള ആസക്തി നിമിത്തം വിവിധ കർമ്മങ്ങൾ നിത്യവും ചെയ്ത്, വിവിധ തീർത്ഥങ്ങളിൽ ചുററിക്കറങ്ങി, ലോകത്തിലുള്ള ശാസ്ത്രനികരങ്ങളെ അദ്ധ്യായനം ചെയ്ത്, അശാന്തനായി, സ്വസ്വരൂപത്തെ അറിയാതെ, ഇന്ന് ശരണ്യനായ അങ്ങയുടെ പാദങ്ങളിലെത്തിരിക്കുന്നു; ശരണാഗതനായ എന്നെ രക്ഷിച്ചാലും!

**ജപന്നാനാമന്ത്രാൻ സ്തവമപി സുരാണാം വിരചയൻ**
**ലിഖന്യന്ത്രാൻ താന്ത്രം മതമപി വിശൻ വൈദികമൃത**
**സ്വരൂപാജ്ഞാനേന പ്രബലതമസാച്ഛാദിത മതി-**
**സ്ത്വയാഭാസാ ധൂമ്നാ സദയമവലോക്യോഽഹമധുനാ.** **[34]**

നാനാമന്ത്രങ്ങൾ ജപിക്കുന്നവനായും ദേവൻമാരുടെ കീർത്തനങ്ങൾ രചിക്കുന്നവനായും യന്ത്രങ്ങൾ എഴുതുന്നവനായും താന്ത്രിക മതത്തിൽ പ്രവേശിച്ചവനായും വൈദിക കർമ്മങ്ങൾ അനുഷ്ഠിക്കുന്നവനായും കഴിഞ്ഞ് സ്വരൂപത്തെ അറിയാതെ പ്രബലമായ തമസിനാൽ മൂടപ്പെട്ട ബുദ്ധിയോടുകൂടിയവനായ എന്നെ പ്രകാശനിധിയായ അങ്ങ് ഇപ്പോൾ സദയം നോക്കപ്പെടേണമേ!

മഹാമോഹേനാഹോ വിഷമവിഷയാനേവ ഭജത
സ്വതത്വാവസ്ഥാനം ത്യജത ഉദയേ ദുർലഭതമം
വിഹയാന്തർദൃഷ്ടിം ബഹിരവിരതം ധാവത ഇഹ
പ്രഭോ! ക്ഷന്തവ്യം മേ രമണ ചചലസ്യാപചരിതം [35]

ഹേ പ്രഭോ! രമണ! കഷ്ടം; അതിമോഹത്തിനാൽ, വിഷയങ്ങളെ ഭജിക്കുന്നവനായി , ദുർലഭമായി മാത്രം കിട്ടുന്ന സ്വരൂപജ്ഞാനത്തെ ത്യജിച്ച്, അന്തർമുഖത വെടിഞ്ഞ് ബഹിർമുഖനായി ഓടി കൊണ്ടിരിക്കുന്ന ചപലനായ എന്റെ ദുഷ്ചരിതത്തെ ക്ഷമിച്ചാലും,

ത്രയീ ജ്ഞാനം യോഗസ്ത്വിതി വിദിതമാർഗ്ഗത്രയപരാ
യഥേച്ഛം ഗച്ഛന്തു, സ്വരുചിമനുസൃത്യാത്ര മനുജാഃ
അഹം തു ത്വത്പാദാംബുജശരണദീക്ഷാവിമലധീഃ
ജഗത് സർവ്വം ലോകേ രമണഭഗവൻ! സ്വപ്നസദൃശം [36]

ഹേ രമണഭഗവാനേ! മനുഷ്യർ ഇവിടെ സ്വരുചിക്കനുസരിച്ച് മൂന്നു രീതിയിലുള്ള ജ്ഞാനത്തിലൂടെയും, (പ്രത്യക്ഷം, പരോക്ഷം, അപരോക്ഷം) അറിയപ്പെടുന്ന മൂന്നു യോഗമാർഗ്ഗത്തിലൂടെയും ( കർമ്മ, ഭക്തി, ജ്ഞാനം) ഇഷ്ടംപോലെ ഗമിക്കട്ടെ! ഞാനാകട്ടെ, അങ്ങയുടെ പാദാംബുജങ്ങളെ ശരണം പ്രാപിച്ചതിനാൽ മാലിന്യങ്ങൾ നീങ്ങിയ ബുദ്ധിയോടുകൂടിയവനായി ലോകത്തിലുള്ള സർവ്വതിനേയും സ്വപ്നസദൃശമായി കാണുന്നതിന് യോഗ്യനായിരിക്കുന്നു.

പഥഃ സർവ്വാൻ ഹിത്വാ ഭ്രമണപരിതപ്തഃ ശ്രമയുതഃ
പ്രപന്നോ ƒഹം ഭക്തഃ പദസരസിജം തേ ഹൃഭയദം
ശരണ്യഃ ശക്തോ മാം രമണ ഭഗവാന്നോദ്ധരസി ചേത്
ത്വദന്യം കം ലോകേ ശരണമധുനാ യാമി കഥയ. [37]

അല്ലയോ, രമണ ! മറെറല്ലാവഴികളുമുപേക്ഷിച്ച് ചുററിക്കറങ്ങിയ്യതിനാൽ പരിക്ഷീണനാണെങ്കിലും ശ്രമത്തോടുകൂടിയവനായി അഭയത്തെ തരുന്ന അങ്ങയുടെ പാദകമലങ്ങളെ പ്രാപിച്ചിരിക്കുന്ന ശരണ്യനായ എന്നെ അങ്ങ് ഉദ്ധരിക്കുകയില്ലെങ്കിൽ വേറെ ആരെയാണ് ഞാൻ ഇപ്പോൾ ശരണം പ്രാപിക്കുക എന്ന് പറയൂ.

നിബന്ധം ഹൃദ്ഗ്രന്ഥിം മമ സപദി സംഭേദയ വിഭോ!
സമസ്തം സഞ്ചരിഡി ത്വമഥ ഭഗവൻ സംശയമപി
ക്ഷയം ദ്രാക് സർവ്വാണി പ്രണയ മമ കർമ്മാണി ദയയാ
പരം ത്വം സാത്മാനം പ്രഥയ രമണേശാന ഹൃദയേ [38]

അല്ലയോ, സർവ്വ വ്യാപിയായ ഭഗവാനേ! കെട്ടിവരിഞ്ഞിരിക്കുന്ന എന്റെ ഹൃദയഗ്രന്ഥിയെ പെട്ടെന്ന് ഭേദിച്ചാലും! അനന്തരം അങ്ങ് എന്റെ സംശയങ്ങളെയെല്ലാം നശിപ്പിച്ചാലും! എന്റെ സർവ്വ കർമ്മങ്ങളേയും ദയാപൂർവ്വം ക്ഷയിപ്പിച്ചാലും! ഹേ രമണ ഭഗവാനേ, അങ്ങ് പരമമായ സ്വാത്മാവിനെ ഹൃദയത്തിൽ ജ്വലിപ്പിച്ചാലും! വേറെ ആരെയാണ് ഞാൻ ശരണം പ്രാപിക്കുകയെന്ന് പറഞ്ഞാലും, പ്രഭോ! എന്നെ രക്ഷിച്ചാലും.

ത്വമാത്മാ വിശ്വേഷാം ഹൃദയകുഹരേ ഭാസി വിമല;
പരാത്മൻ, തേ ദിവ്യം പദസരസിജദ്വന്ദമധുനാ
പ്രപന്നോ$f$സ്മി ബ്രഹ്മൻ ഗുരുരമണ, മാം ശാധി കൃപയാ
യഥാഹം ഗച്ഛേയം ഭവജലധിപാരം തവ പദം. [39]

ഹേ ബ്രഹ്മൻ, വിമലാത്മാവായ അങ്ങ്, വിശ്വത്തിലെ ഏവരുടെയും ഹൃദയഗ്രന്ഥിയെ പെട്ടെന്ന് ഭേദിച്ചാലും; അനന്തരം അങ്ങ് എന്റെ സംശയങ്ങളെയെല്ലാം നശിപ്പിച്ചാലും; എന്റെ സർവ കർമ്മങ്ങളേയും ദയാപൂർവ്വം ക്ഷയിപ്പിച്ചാലും; ഹേ രമണ ഭഗവാനേ, അങ്ങ് പരമമായ സ്വാത്മാവിനെ ഹൃദയത്തിൽ ജ്വലിപ്പിച്ചാലും!

അഹം ദൈന്യാഗാരസ്ത്വമസി വിഭവാനാം ജനനഭൂ
മഹാമൂഢോ$f$ഹം ത്വം ഹ്യസി നിഖില വിജ്ഞാന നിലയ;
പിപാസാ ശ്രാന്തോ$f$ഹം ത്വമസി ശിവ പീയൂഷ ലഹരി
ഗുരുസ്ത്വം ശിഷ്യോ$f$ഹം രമണ ഭഗവാൻ ! പാഹി ദയയാ. [40]

ഹേ രമണ, ഞാൻ ദീനതയുടെ കലവറയാണ്; അങ്ങ് വിഭവങ്ങളുടെ ജന്മഭൂമിയാകുന്നു; ഞാൻ മഹാമൂഢനാണ്, അങ്ങ് നിഖിലവിജ്ഞാനനിലയമാകുന്നു. ഞാൻ ദാഹിച്ചു വലയുന്നവനാണ്. അങ്ങ് ശിവാമൃതലഹരിയാകുന്നു; ഞാൻ ശിഷ്യനാണ്; അങ്ങ് ഗുരുവും; ദയാപൂർവ്വം എന്നെ രക്ഷിച്ചാലും!

കരാളേ സിംഹാസ്യേ യദി പതതി ഹാ പ്രാണിനികരഃ
പ്രണഷ്ടോ നിർജ്ജീവോ ഭവതി വികലശ്ച പ്രകൃതിതഃ
തവാചാര്യസ്യൈവം ഹ്യമലകരുണാദൃഷ്ടികലയാ
ഭവേന്നഷ്ടോ ജീവോ ഭുവി രമണ മന്യേ$f$ദ്ഭുതമിദം. [41]

സിംഹത്തിന്റെ കരാള വക്ത്രത്തിൽ പതിക്കുമ്പോൾ പ്രാണിക്കൂട്ടം പ്രണഷ്ടവും നിർജ്ജീവവും പ്രകൃത്യ വികലവും ആയി ഭവിക്കുന്നു. അതുപോലെ ആചാര്യനായ അങ്ങയുടെ നിർമ്മലമായ കാരുണ്യമാർന്ന ദൃഷ്ടിയുടെ ലേശം കൊണ്ടുതന്നെ ഭൂമിയിൽ ജീവന്മാർ മുക്തരായി ഭവിക്കുന്നു. ഞാൻ ഇതിനെ അത്ഭുതമായിത്തന്നെ കരുതുന്നു.

മുമുക്ഷുർജിജ്ഞാസുർയ ഇഹ:മനുജ: പൂർവ്വസുകൃതൈ :
ശ്വപാകോ ഗോരുണ്ഡോ യവനകുലജോ വാ ഭവ തുകിം
സ യാതി ത്വത്വക്ത്രപ്രസരദുപദേശാത്മസുധയാ
പരം മൃത്യോ: പാരം രമണ തവ സാമ്യം ച ഭജതി [42]

മോക്ഷത്തെ കാംക്ഷിക്കുന്ന ജ്ഞാനത്തെ ആഗ്രഹിക്കുന്നവനും ആയ മനുഷ്യൻ, അവൻ ചണ്ഡാളനായാലും, ഗോരുണ്ഡനായാലും, യവനകുലജനായാലും, പൂർവ്വന്മന്മസുകൃതം കൊണ്ട്, അങ്ങയുടെ മുഖത്തിൽ നിന്നും വിനിർഗമിക്കുന്ന ഉപദേശമാകുന്ന അമൃത്പാനം ചെയ്ത്, മൃത്യുവിന്റെ അങ്ങേക്കരയിലെത്തുകയും അങ്ങയുടെ സാമ്യം പ്രാപിക്കുകയും ചെയ്യുന്നു.

സഭാഷ്യം സിദ്ധാന്തം തവ മഹിത സദ്ദർശനഗതം
ഹൃദാ പായം പായം രമണ ഭഗവാൻ ! പണ്ഡിതഗണാ:
പ്രഹൃഷ്ടസ്തൃപ്താത്മാ ഭവതി ഗതസന്ദേഹതിമിരോ
ന കസ്മൈ ത്വദ്വാണീ ദിശതി ശിവകൈവല്യപദവീം. [43]

ഹേ രമണ ഭഗവാനേ! ഭാഷ്യസഹിതമായ മഹത്തായിരിക്കുന്ന സദ്ദർശനത്തിലൂടെ, സിദ്ധാന്തം ഹൃദയത്താൽ പാനം ചെയ്ത്, പണ്ഡിതഗണം സന്തോഷം കൊണ്ട് തൃപ്തിയുള്ളവരായും, സന്ദേഹമാകുന്ന ഇരുട്ട് നീങ്ങിയവരായും ഭവിക്കുന്നു. ആർക്കാണ് അങ്ങയുടെ വാണി ശിവകൈവല്യ പദവിയെ കൊടുക്കാത്തത് ?

കുതോƒയം സംസാര: പ്രഭവതി കുതോƒജ്ഞാന തിമിരം
കുതോ ജീവേശാനൗ ഭവതി കഥമദ്വൈതധിഷണാ
സ്വാതത്വസ്യ ജ്ഞാനേ കിമിഹ ഗുരുശിഷ്യത്വകഥനം
ചിദാനന്ദാകാരേ ജയതി രമണേ ശ്രീ ഭഗവതി [44]

ഈ സംസാരം എവിടെ നിന്ന് ഉത്ഭവിക്കുന്നു? ഈഅജ്ഞാനാന്ധകാരം എവിടെ നിന്ന് വന്നു? ജീവനും ഈശ്വരനും എവിടെ നിന്നുണ്ടായി? അദ്വൈതബുദ്ധി എങ്ങിനെ സംജാതമായി ? സ്വാത്മതത്വത്തിന്റെ ജ്ഞാനത്തിൽ ഇവിടെ എന്ത് ഗുരുശിഷ്യത്വകഥനം? ചിദാനന്ദരൂപമായിരിക്കുന്ന രമണഭഗവൻ വിജയിച്ചരുമ്പോൾ ഈ ചോദ്യങ്ങൾ എവിടെ?

അനിത്യേ ലോകേസ്മിന്നസുഖഭരിതേƒവാപ്യ ജനനം
പരം നിത്യം സത്യം ഹൃദയരമണം ശാശ്വനസുഖം.
ഭവന്തം പ്രാപ്താ യേ രമണഭഗവൻ ! പുണ്യ പുരുഷാഃ
കൃതാർത്ഥസ്ത്വം തേഷാം കഥമിവ കവീന്ദ്ര: കഥയതു. [45]

ഹേ രമണ ഭഗവാനേ! അനിത്യവും അസുഖഭരിതവും ആയ ഈ ലോകത്തിൽ ജനനം നേടിയിട്ട് ഏതൊരു പുണ്യപുരുഷന്മാരാണോ പരവും നിത്യവും സത്യവും ഹൃദയ രമണീയവും ശാശ്വത സുഖവുമായ അങ്ങയെ പ്രാപിച്ചിരിക്കുന്നത്, അവരുടെ കൃതാർത്ഥതയെ കവീന്ദ്രൻ എങ്ങിനെ വർണ്ണിക്കും ?

വിദിത്വാ യം ദേവം തരതി ഭുവി മൃത്യും തനുധരോ
യതോ നാന്യഃ പന്ഥാ ഇതി ഭണതി മുക്തമത്യ ശ്രുതിരപി
ത്വമേവായം ദേവോ ഹൃദയരമണോ സർവ്വജഗതാം
മഹാത്മൻ! സംപൂജ്യോ ജഗതി മഹിമാ തേ വിജയതേ [46]

യാതൊരു ദേവനെ അറിഞ്ഞിട്ടാണോ ദേഹികൾ മൃത്യുവിനെ തരണം ചെയ്യുന്നത്, ഏതൊന്നിൽ നിന്ന് അന്യമായി മുക്തർക്ക് വേറൊരു വഴിയില്ലെന്ന് ശ്രുതികൾപോലും പറയുന്നത്, ആ ദേവൻ അങ്ങു തന്നെയാണ്. മഹാത്മാവേ! സർവ്വ ജഗത്തിനും സംപൂജ്യനായ അങ്ങയുടെ മഹിമ ലോകത്തിൽ വിജയിക്കുന്നു.

വിനാ സ്വാത്മജ്ഞാനം ക്വചന മനുജ : കോപി വിമലാം
കദാചിദ്ത്യുർവ്വ്യാം കഥമപി ന നിർവ്വാണപദവീം
ഇതി ജ്ഞാനജ്യോതി: പ്രകടിതവത : ഭാരതഭുവി
പ്രഭാ തേ ബ്രഹ്മാണ്ഡേ രമണ! ലസതീശാനയശസാ [47]

ഹേ രമണ! സ്വാത്മജ്ഞാനത്തെ കൂടാതെ ഭൂമിയിൽ ഒരു മനുഷ്യനും ഒരിക്കലും വിമലമായിരിക്കുന്ന നിർവ്വാണപദവിയെ പ്രാപിക്കുന്നില്ല. ഭാരതഭൂമിയിൽ ജ്ഞാനജ്യോതി പ്രകാശിപ്പിച്ച അങ്ങയുടെ പ്രഭ ബ്രഹ്മാണ്ഡത്തിൽ ഈശ്വരീയമായ കീർത്തിയാൽ പരിലസിക്കുന്നു.

അഹം ബ്രഹ്മാസ്മീതി ശ്രുതി ഹൃദിവചസ്തത്വമസി ചേ-
ത്യയമാത്മാ ബ്രഹ്മേത്യപി ഗദിതമിത്ഥം യദമലം
ചിദാനന്ദ : സത്യം തദസി രമണ! ബ്രഹ്മ പരമം
ഹ്യഹം ത്വം, ത്വം ചാഹം നനു രമണ! നാനാസ്തി കിമിഹ [48]

ഹേ രമണ, 'അഹം ബ്രഹ്മാസ്മി' (ഞാൻ ബ്രഹ്മമാകുന്നു) എന്ന ശ്രുതി ഹൃദയത്തിലെ വാക്കും 'തത്വമസി' (നീ അതാകുന്നു) എന്നും 'അയമാത്മാ ബ്രഹ്മ' (ഈ ആത്മാവ് ബ്രഹ്മമാകുന്നു) എന്നിങ്ങനെയും പറയപ്പെട്ടിട്ടുള്ള യാതൊരു സത്യവും അമലവും ചിദാനന്ദവും ആയ പരബ്രഹ്മം ഉണ്ടോ, അത് അങ്ങാകുന്നു; എന്തുകൊണ്ടെന്നാൽ ഞാൻ അങ്ങും, അങ്ങ് ഞാനും ആകുന്നുവല്ലോ ? ഇവിടെ നാനാത്വം എന്തുണ്ട് ?

പരം ബ്രഹ്മാനന്ദം വിമലമനഘം ശാശ്വതമജം
ശിവം പൂർണ്ണം ശാന്തം പരമശുഭരൂപം ഹ്യഭിനവം
പ്രപഞ്ചാതീതം ശം ത്രിഗുണരഹിതം നിത്യമുദിതം
മഹർഷിം വന്ദേ! ശ്രീരമണഭഗവന്തം ഹൃദി മുദാ. [49]

പരനും ബ്രഹ്മാനന്ദസ്വരൂപനും വിമലനും, അനഘനും, ശാശ്വതനും, അജനും, ശിവനും, പൂർണ്ണനും, ശാന്തനും, പരമശുഭരൂപനും, അഭിനവനും, പ്രപഞ്ചാതീതനും, മംഗള സ്വരൂപനും, ത്രിഗുണരഹിതനും, നിത്യമുദിതനും, സന്തുഷ്ടനും ആയ മഹർഷി ശ്രീ രമണഭഗവാനെ ഹൃദയത്തിൽ സന്തോഷപൂർവ്വം വന്ദിക്കുന്നു.

നമസ്തേ പൂർണ്ണായ ത്രിഭുവനമയായാഖില വിദേ!
നമസ്തേ നിത്യായ പ്രകൃതിരഹിതായാത്മമഹസേ!
നമസ്തേ ശുദ്ധായ പ്രണതജനനാഥായ വിഭവേ!
നമസ്തേ ഭൂമ്നേ! ശ്രീരമണ ഗുരവേ ശ്രീ ഭഗവതേ! [50]

പൂർണ്ണനും ത്രിഭുവനമയനും, അഖിലജ്ഞാനിയും ആയ അങ്ങയ്ക്ക് നമസ്ക്കാരം! നിത്യനും പ്രകൃതി രഹിതനും ആത്മമഹസ്സുമായ അങ്ങയ്ക്ക് നമസ്ക്കാരം! ശുദ്ധനും പ്രണമിക്കുന്ന ജനങ്ങൾക്ക് നാഥനും സർവ്വശക്തനുമായ അങ്ങയ്ക്ക് നമസ്കാരം! മഹാനും ശ്രീഭഗവാനുമായ രമണഗുരുവിന് നമസ്കാരം!

നമോ മഹ്യം കർത്രേ നിഖിലഭുവനാധാരവപുഷേ
നമോ മഹ്യം ജ്ഞാത്രേ വയുനമയ രൂപമായ കവയേ
നമോ മഹ്യം ധാത്രേ നഗവരനിവാസായ മുനയേ
നമോ മഹ്യം ഭർത്രേ ഹൃദയ രമണായേഹ സതതം [51]

നിഖില ഭുവനത്തിനും ആധാരശരീരിയും കർത്താവുമായ എനിക്കായിക്കൊണ്ട് നമസ്കാരം! ജ്ഞാനമയരൂപിയും കവിയും ജ്ഞാതാവുമായ എനിയ്ക്കായി കൊണ്ട് നമസ്കാരം! പർവ്വതശ്രേഷ്ഠനിൽ താമസിക്കുന്നവനും മുനിയും ധാതാവുമായ എനിക്കായി നമസ്കാരം! ഹൃദയരമണനും, രക്ഷകനും ആയ എനിയ്ക്കായി എപ്പോഴും എപ്പോഴും നമസ്കാരം!

'വിശേഷാർത്ഥീ' ലഘ്വീ നരപതി മൃഗേന്ദ്രേണ ഭണിതാ
പുനാനാ സ്വാത്മാനം രമണലഹരീയം വിജയതേ
അനേന സ്തോത്രേണ സ്മരതി രമണം യ: ശുഭമതി:
പ്രസാദസ്തസ്യാസ്യ പ്രവഹതി പരസ്യാഖിലഗുരോ: [52]

വിശേഷാർത്ഥത്തോടുകൂടിയതും, ലഘുവും നരപതിമൃഗേന്ദ്രനാൽ എഴുതപ്പെട്ടതും സ്വാത്മാവിനെ സംശുദ്ധമാക്കുന്നതുമായ ഈ രമണലഹരി വിജയിക്കുന്നു. ഈ സ്തോത്രം കൊണ്ട് ഏതൊരു ശുഭമതിയാണോ രമണനെ സ്മരിക്കുന്നത്, അവനിലേക്ക് അഖിലഗുരുവായ ശ്രീരമണഭഗവാന്റെ പ്രസാദം പ്രവഹിക്കുന്നു.

ഇതി ശ്രീനരേന്ദ്ര കേസരി ശർമ്മ പ്രണീതാ ശ്രീരമണലഹരീ.

ഓം തത്സത് ശ്രീരമണാർപ്പണ മസ്തു

വിവർത്തനം
മീനാമാധവനുണ്ണി

3

# രമണാഞ്ജലി :

പ്രൊഫ പി.കെ. മാധവൻ

അരുണാചലമൂർധനി സ്ഥിതോർക്കഃ
സ ദദർശാദ്ഭുതബാലകം പ്രസന്നം
ഗിരിപാർശ്വഗതം നിതാന്തശാന്ത-
പ്രകൃതിം നൈഷ്ഠികമേകമേകദാഽഽയഃ (1)

ഗിരിരേഷമയാഹി ദൃഷ്ടപൂർവോ
ഗിരിശേനാദൃത ഇത്യവൈമി ചാഹം
ഗിരിജാപതിരാഗതോഽത്ര കിംസ്യാ
ന്നരവേഷേണ ശിവങ്കരോ നരാണാം (2)

ഇതിതം പ്രസമീക്ഷ്യ ചിന്തയാഽസൗ
സ്തിമിതഃ സന്നപി സാദരം നനാമ
തരുണാരുണതുല്യകാന്തിപൂരോ
രമണഃ സോഽപി ജഹർഷ തത്ത്വവിത് (3)

ജ്യോതിർമയഃ പർവ്വതഏഷ പശ്യ
ജ്യോതിർമയോഽയം തരുണസ്തപസ്വീ
സന്തസ്തദാഽതൗ പ്രശശംസുരിത്ഥം
ഗിരിം ഗിരീശപ്രതിമം മുനിം ച (4)

നിഹതാന്തരശത്രുസംഹിതിം തം
കഠിനം ചാദ്രിതടേ തപശ്ചരന്തം
മമതാരഹിതം, സതാം ഹിതാർത്ഥം
സ്വയമേവാദ്ഭുതചാരുമർത്യരൂപം (5)

ധൃതതത്ത്വധിയം ഗുരും ഗുരൂണാം
മുനിവര്യം സ്വയമാത്തമൗനഭാവം
രമണം പ്രസമീക്ഷ്യ ജാതമോദാ
നനുവുസ്തത്രഗതാ ജനാ നികാമം (6)

ധവളം വസനം വസാനമേകം
യമിനാമാദ്യമുപേത്യ ജാതഹർഷാഃ
സകലാഃകില സജ്ജനാഃ പ്രണേമു-
ർന്നനു തേഷാം സഫലാനി ജീവിതാനി (7)

മൗനേന തത്വാർത്ഥവിചാരണേന
സിദ്ധിർദ്ധ്രുവം സ്യാദിതി വാദിനാ ച
നവം പദം ദർശിതമാത്മതത്വ-
ഗവേഷണാർത്ഥം രമണേന നൂനം (8)

വിനാശയാഽഹം ധിയമാത്മതത്വം
തതഃ സ്വയം പ്രോജ്വലമത്ര ഭാതി
ത്വം കോഽഹമിത്യേവ വിചിന്തയേതി
കൃതോപദേശം പ്രണമാമി നിത്യം (9)

ഗവേഷണനാത്മഹൃദിസ്ഥിതം തം
പരം പ്രകൃഷ്ടം സമവാപ്യ പൂർണം
ഭവന്തു മർത്യാ ഭുവി നിത്യമുക്താ -
സ്തഥാപി ലോകസ്യ ഹിതം ചരന്തഃ (10)

രമണം കരുണാസമുദ്രമീഡ്യം
നമതാമാർത്തിഹരം പരം ഗുരും തം
അരുണാചലവാസിനം പ്രപദ്യേ
ഭവസന്താപഹരം വിധൂതഭേദം (11)

ഓം തത് സത് : ശ്രീ രമണാർപ്പണമസ്തു

# രമണസ്തുതി

**എ.സ്വാമിനാഥൻ**

ഘോരാന്ധകാരം നീക്കി –
യീശനെ കാട്ടിത്തന്ന
ഋഷി തൻ പാദാംബുജം
നിത്യവും വന്ദിപ്പുഞാൻ.

വാസ്തവമോതീടുകിൽ
പൂതയായ് തിരുച്ചുഴി (1)
തിരുജൻമത്താലേററം
രമണൻ മുനീന്ദ്രന്റെ

പുണ്യശാലികളല്ലോ
സുന്ദരരഴകമ്മാൾ
ഭാവിതൻ ഋഷിന്ദ്രന്നു
ജൻമമേകിയോരവർ

(2) നായൻമാർ കഥാമൃതം
ഭക്തിതൻ രസായനം
ബാലനാം രമണനിൽ
കൗതുകമുളവാക്കി

---

1 രമണമഹർഷിയുടെ ജന്മദേശം

2 അറുപത്തിമൂന്നു നായന്മാർ

പൂർവ്വപുണ്യമോ ജഗ–

ദീശന്റെ നിർദേശമോ

അരുണാചലമെന്ന

നാമത്തിന്നലയൊലി ;

ബാന്ധവമുഖാദേവം

നിർഗ്ഗമിച്ചപ്പോൾ ത്തന്നെ

ബാലനാം രമണനിൽ

ഭാവവിസ്മയം ചേർത്തു.

മൃതുവിൻ ഭയം വെറും

നാടകം തന്നെയോർത്താൽ

അരുണാചലാ നിന്റെ

മായതൻ വിലാസങ്ങൾ

ദേഹത്തിന്നല്ലോ മൃതി

ദേഹമല്ലല്ലോ ഞാനും

ദേഹിയാമാത്മാവു ഞാൻ

യുവമാനസം ചൊല്ലി.

ജ്ഞാനത്തിൻ പരകാഷ്ഠ

നേടുവനെടുത്തോരീ

(1) യുവാവായ രമണന്നുണ്ടായ മരണഭയം.

സാധനാക്രമം പാർത്താൽ
നിമിഷങ്ങളിൽ തീർന്നു.
അരുണാദ്രിയിലേറെ
വർഷങ്ങൾ മൗനത്തിന്റെ
ഗഹ്വരങ്ങളിൽ വാണ
യതിതൻ തിരുനാമം
രമണൻ മുനിയെന്നു
വ്യാപ്തമായ് ലോകങ്ങളിൽ
സാധകസമൂഹങ്ങൾ
ശാന്തിയന്വേഷിച്ചെത്തി
തപ്പസ്സിൻ തത്വം ചൊല്ലി
മുക്തിതൻ മന്ത്രം നല്കി.
ആശ്വസിപ്പിച്ചു കാവ്യ-
കണ്ഠനാം മുനീന്ദ്രനെ
അൻപതിലേറെക്കൊല്ലം
അരുണാചലത്തിങ്കൽ
അദ്ഭുതാകാരം പൂണ്ടു
വാണൊരാമുനീശ്വരൻ

മാതാവിന്നാദ്യം പിന്നെ

കാകനും ശുനകനും

ലക്ഷ്മിയെന്നൊരു ദിവ്യ

ഗോവിനും നല്കി മോക്ഷം.

(1) ബ്രണ്ടനാം സായിപ്പിന്നു

ബന്ധഹാനിക്കയേകി

ബന്ധുര നിദേശങ്ങൾ

മൗനഭാഷയിൽ ചെമ്മെ

സാർകോമയെന്ന വ്യാധി

ദേഹത്തെ കാർന്നപ്പോഴും

ആത്മസ്ഥനായിത്തന്നെ

ദർശനം ഭക്തർക്കേകി

ഒരു വാൽ നക്ഷത്രമായ്

ഭാസിക്കും ജ്യോതിസ്സായി

അരുണാചലം തന്നിൽ

ലയിച്ചൂ ഋഷീശ്വരൻ

നൂറു വർഷങ്ങൾ കഴി -

ഞ്ഞാലുമതച്ചൈതന്യത്തിൻ

---

1 പോൾബ്രണ്ടൻ

ധാരയിപ്പാരിൽ സദാ

കാരുണ്യം ചൊരിയുന്നു.

മാമുനിശ്രേഷ്ഠാ ഞങ്ങൾ

നിത്യവുമർപ്പിക്കട്ടെ

ഭക്തിതൻ പ്രസൂനങ്ങൾ

താവക പദങ്ങളിൽ .

ഓം. തത് സത് ശ്രീ രമണാർപ്പണമസ്തു

*''സാക്ഷാൽ സുഖം ബ്രഹ്മമാണ്. സാക്ഷാൽ ശാന്തി ആത്മാവിന്റേതാണ്. നാം ആത്മാവാണെന്ന് ഉണരുമ്പോൾ ആത്മാവിന്റെ സ്വരൂപ സുഖം നമ്മുടേതുമാകുന്നു. ഭക്തിയുടേയും ജ്ഞാനത്തിന്റേയും അന്തിമവും ഇതുതന്നെ.''*

*– ഭഗവാൻ*

## ശ്രീ രമണദേശിക ദശകം

### " ഓം നമോ ഭഗവതേ ശ്രീ രമണായ "

1. ഏകമേവ ഹൃദിസന്തതം സകല
   നാമരൂപ ഗുണവർജിതം
   ഭാവഹീനമിമദ്ഭുതം മനസി
   ഭാവയേ രമണദേശികം

2. സത്വബുദ്ധി ഫലദായകം സകല
   ചിത്തമോഹ ഭവനാശകം
   ജ്ഞാനബോധകരമീശ്വരം മനസി
   ഭാവയേ രമണദേശികം.

3. കോഹമിത്ഥമിഹ സന്തതം നിശിത
   ചിത്തമൂല പരിമാർഗിതം
   സംവിദേകരസരൂപിണം മനസി
   ഭാവയേ രമണദേശികം.

4. വേദസാര പരിമാർഗിതം സകല
   യോഗിചിത്തസുപൂജിതം
   തത്വരൂപമയി ഭാസതേ മനസി
   ഭാവയേ രമണദേശികം.

5. ചിത്തശാന്തി ദമദായകം ത്ധടിതി
   ചാത്മ തത്വരസ ബോധകം
   ഈശരൂപമയി ഭാസതേ മനസി
   ഭാവയേ രമണദേശികം.

6. പഞ്ചകോശ പരിവേഷ്ടിതം വിഷയ
   പഞ്ചസർവവിഷഭേഷജം
   പഞ്ചബാണബലനാശകം മനസി
   ഭാവയേ രമണദേശികം.

7. തത്സദേവ ഭുവിസാംപ്രതം രുചിര
   മർത്ത്യരൂപമയി ധാരയൻ
   ദൃശ്യതേ സകല യോഗിനാം മനസി
   ഭാവയേ രമണദേശികം.

8 മൗനതത്വ രസബോധകം രഹസി
മോദമാനവപുഷം പരം
മാനരോഷരിപുദാഹകം മനസി
ഭാവയേ രമണദേശികം.

9. കാവ്യകൺഠകവിസൂരിണാ സ്തുതിഭി
രീശസൂനുരിതി ഘോഷിതം
ശോണശൈലതടവാസിനം മനസി
ഭാവയേ രമണദേശികം.

10. ഭാസതേ ഹൃദയമൺഡലേ മഹിത
ബോധഭാനുരിഹ സാംപ്രതം
മോഹരൂപ ഘനമാർജകം മനസി
ഭാവയേ രമണദേശികം.

ഓം ശ്രീ രമണദേശിക ദശകം
സമാപ്തം

# അരുണാചലമാഹാത്മ്യം

പ്രൊഫ. കെ.പി.യമുനാദേവി

ഭാരതം പുണ്യഭൂമിയാണ്. പൂർവ്വ ജന്മാർജ്ജിതപുണ്യം കൊണ്ടേ ഇവിടെ ജനിച്ചു ജീവിച്ചു മരിയ്ക്കാനുള്ള ഭാഗ്യം കൈവരുകയുള്ളു എന്ന് വിശ്വസിയ്ക്കപ്പെടുന്നു. ഈ ഭൂവിഭാഗത്തിന്റെ പവിത്രതയ്ക്ക് മാററു കൂട്ടുന്ന നിരവധി പുണ്യസ്ഥലങ്ങളും നദികളും മലകളും ഇവിടെയുണ്ട്. കാശി, രാമേശ്വരം, ഗയ, മഥുര, ദ്വാരക, അയോദ്ധ്യ, ഗംഗ, കാവേരി, പഴനി ശബരിമല തുടങ്ങിയ പേരുകൾ ഭക്തർക്ക് രോമാഞ്ചത്തോടെയല്ലാതെ സ്മരിക്കാൻ പോലും സാധിക്കുകയില്ല. തീർത്ഥാടനകേന്ദ്രങ്ങളായി അറിയപ്പെടുന്ന ഇത്തരം സ്ഥലങ്ങളും പുഴകളും മലകളും കാലാകാലങ്ങളിലായി ഇവിടെ ജീവിച്ച യുഗപുരുഷൻമാരുടെ പാദസ്പർശം കൊണ്ട് കൂടുതൽ തീർത്ഥീകരിക്കപ്പെടുകയും ചെയ്തിരിക്കുന്നു. ഇപ്രകാരമുള്ള ഒരു സ്ഥലമാണ് തിരുവണ്ണാമല. ശ്രീരമണമഹർഷി അമ്പതിൽപ്പുറം വർഷങ്ങൾ നീണ്ടുനിന്ന തന്റെ സാന്നിദ്ധ്യം കൊണ്ട് തമിഴ്നാട്ടിലെ ഈ ചെറുപട്ടണത്തെ അതീവ പാവനമാക്കി. തിരുവണ്ണാമല സ്ഥിതി ചെയ്യുന്നത് അരുണാചലമെന്ന പുണ്യാദ്രിയുടെ അടിവാരത്താണ്. തിരുവണ്ണാമല ക്ഷേത്രത്തിലും പരിസരങ്ങളിലുമായി കഴിച്ചുകൂട്ടിയ മഹർഷി രണ്ട്വർഷങ്ങൾക്ക് ശേഷം അരുണാചലത്തിലുള്ള വിരൂപാക്ഷഗുഹയിൽ താമസമാക്കി. അതായത് മലയുടെ ചെരിവുകളിലുള്ള രണ്ടുമൂന്നു ഗുഹകളിലാണ് 1922 വരെയുള്ള കാലം ധ്യാനത്തിലും തപസ്സിലുമായി അദ്ദേഹം ചെലവഴിച്ചത്. ഭഗവാന്റെ അമ്മയുടെ സമാധിയടക്കം ചെയ്ത മലയുടെ തെക്കേ താഴ്വാരത്തിലാണ് പിൽക്കാലത്ത് രമണാശ്രമം ഉയർന്നുവന്നത്.

അരുണാചലോദ്ഭവത്തെക്കുറിച്ചൊരു പുരാണകഥയുണ്ട്. പണ്ട് ബ്രഹ്മാവും വിഷ്ണുവും തമ്മിൽ തങ്ങളിൽ ആർക്കാണ് കൂടുതൽ മഹത്വം എന്നതിന്റെ പേരിൽ ഒരു തർക്കമുണ്ടായത്രെ. ഈ തർക്കം തീർത്തു കിട്ടാനായി അവർ ശ്രീപരമേശ്വരനെ സമീപിച്ചു. ശ്രീപരമേശ്വരനാവട്ടെ ഒരു ജ്യോതിസ്തംഭമായി അവരുടെ മുമ്പിൽ പ്രത്യക്ഷപ്പെട്ട് സ്തംഭത്തിന്റെ അററം കണ്ടുപിടിക്കുന്നവനാണ് ശ്രേഷ്ഠനെന്ന് പ്രഖ്യാപിച്ചു. ഉടൻ ബ്രഹ്മാവ് ഹംസരൂപത്തിൽ മുകളിലേക്ക് പറന്നു. വിഷ്ണു ഒരു വരാഹത്തിന്റെ രൂപമെടുത്ത് ഭൂമിതുരന്നു താഴേയ്ക്കും പോയി. നിരവധിവർഷങ്ങൾ കഴിഞ്ഞു. മുകളിൽ നിന്നും താഴേക്ക് വീഴുകയായിരുന്ന ഒരു കാട്ടുപൂ തെളിവായി കാണിച്ച് താൻ ജ്യോതിസ്തംഭത്തിന്റെ മുകളററം കണ്ടെന്ന് ബ്രഹ്മാവ് അവകാശപ്പെട്ടു. എന്നാൽ വിഷ്ണുവാകട്ടെ തോൽവി സമ്മതിച്ചാണ് മടങ്ങി വന്നത്. മഹാദേവൻ വിഷ്ണുവിനെ വാഴ്ത്തി ; നുണപറഞ്ഞതിൽ ബ്രഹ്മാവ് ലജ്ജിക്കുകയും ചെയ്തു. ബ്രഹ്മാവും വിഷ്ണുവും കണ്ട ജ്യോതിർല്ലിംഗം സാധാരണ ദൃഷ്ടികൾ കൊണ്ട് ദർശിക്കാൻ പററാത്തത്ര ഉജ്ജ്വലമായിരുന്നു. അതിനാൽ ശ്രീപരമേശ്വരൻ ആ രൂപം വെടിഞ്ഞ് ഇന്നു നാം കാണുന്ന

അരുണാചലമായി തീർന്നു. ഭഗവാൻ ഈ അവതാരമെടുത്തത് ഒരു ആർദ്രാദിനത്തിലായിരുന്നു. എന്നാൽ ഈ ഗിരി ആദ്യമായി ആരാധിയ്ക്കപ്പെട്ടത് ഒരു ശിവരാത്രിദിനത്തിലത്രെ. ഈ കാരണത്താൽ അരുണാചലത്തെ സംബന്ധിച്ചിടത്തോളം ശിവരാത്രിദിനത്തിന് പ്രത്യേക പ്രാധാന്യം കൈവരുന്നു .എല്ലാ വർഷവും വൃശ്ചികമാസത്തിലെ കാർത്തികനാളിൽ മലമുകളിൽ ഒരു ജ്യോതിസ്സായി ഭഗവാൻ പ്രത്യക്ഷപ്പെടുമെന്ന് ഭക്തർ വിശ്വസിക്കുന്നു. ഭഗവാൻ ജ്യോതിർലിംഗമായി രൂപമെടുത്തതിന്റെ സ്മരണയ്ക്കായി കൊല്ലംതോറും നെയ്യും കർപ്പൂരവും കൊണ്ട് ഗിരിശിഖരത്തിൽ ഒരു മഹാദീപം തെളിയ്ക്കപ്പെടുന്നു. ധനുമാസത്തിലെ കറുത്ത രാത്രിയിൽ പർവ്വതനെറുകയിലെ വലിയവാർപ്പിൽ നിന്ന് പൊങ്ങി വരുന്ന ജ്വാല ആദ്യം കാണുന്നതാരോ ആ ഭക്തൻ പരമഭാഗ്യവാൻ എന്ന് കരുതപ്പെടുന്നു.

മുകളിൽ പറഞ്ഞ പുരാവൃത്തം അരുണാചലമെന്ന ചെറുപർവ്വതത്തിന്റെ മാഹാത്മ്യം ചൂണ്ടിക്കാണിയ്ക്കുന്നതോടൊപ്പം അദ്വൈത സിദ്ധാന്തത്തിന്റെയും ആത്മാന്വേഷണ മാർഗ്ഗത്തിന്റെയും ശ്രേഷ്ഠതയെ പരാമർശിക്കുകയും ചെയ്യുന്നുണ്ട്.

ജിജ്ഞാസുക്കളായ ഭക്തർക്കുവേണ്ടി ശ്രീരമണമഹർഷി അരുണാചലമെന്ന പദം നിർവചിച്ചുകൊടുത്തിട്ടുണ്ട്. അരുണനിറം ചുവപ്പുനിറമാണല്ലോ. 'അരുണം' അഗ്നിയ്ക്കു തുല്യം ശോഭിയ്ക്കുന്നതുമാണ്. അഗ്നിയുടെ രണ്ടു പ്രധാന ഗുണങ്ങൾ അതിന്റെ ദാഹകശക്തിയും ചൂടുമാണല്ലോ ജ്ഞാനാഗ്നി അജ്ഞാനനാശകമാണ്. അത് തപിപ്പിയ്ക്കുന്നില്ലതാനും. അരുണാചലം ജ്ഞാനാചലം തന്നെയാണെന്നാണ് ശ്രീരമണൻ പറയാറുണ്ടായിരുന്നത്. ജ്ഞാനാഗ്നി അചലരൂപത്തിൽ നിൽക്കുകയായതുകൊണ്ട് അരുണാചലത്തിലെ ഗുഹകളും മററും പ്രകാശപൂരിതങ്ങളായി അദ്ദേഹത്തിന് ദർശനമുണ്ടായിരുന്നു.

അരുണാചലത്തിന്റെ മാഹാത്മ്യം ശിവപുരാണത്തിലും ബ്രഹ്മാണ്ഡപുരാണത്തിലും സ്കാന്ദപുരാണത്തിലും പ്രതിപാദിയ്ക്കപ്പെട്ടിരിയ്ക്കുന്നു.

''ദർശനാദഭ്രസദസി

ജനനാൽ കമലാലയേ

കാശ്യാംതു മരണാന്മുക്തി

സ്മരണാദരുണാചലേ''

(ചിദംബരത്തെ ദർശിക്കുന്നതു കൊണ്ടും തിരുവാരൂരിൽ ജനിക്കുന്നതുകൊണ്ടും കാശിയിൽ മരിക്കുന്നതു കൊണ്ടും അരുണാചലത്തെ സ്മരിക്കുന്നതു കൊണ്ടും മുക്തിലഭിക്കുന്നു.) എന്ന്

സ്ഥലപുരാണം ഘോഷിക്കുന്നു. ഈ പുണ്യാദ്രിയുടെ മൂന്നുനാഴിക ചുററുവട്ടത്തു താമസിക്കുന്നവരുടെ സകല പാപങ്ങളും നശിച്ച് അവർ മോക്ഷം പ്രാപിക്കുമെന്നും വിശ്വസിക്കപ്പെടുന്നു. തിരുജ്ഞാനസംബന്ധർ, തിരുനാവുക്കരശർ, സുന്ദരർ, മാണിക്യ വാചകർ, അരുണഗിരിനാഥർ തുടങ്ങിയ ഭ്ക്തകവികൾ ഈ പുണ്യാചലത്തെക്കുറിച്ച് ഗാനങ്ങൾ രചിച്ചിട്ടുണ്ട്. ഗിരിപ്രദക്ഷിണം ലോകത്തിനു ചുററുമുള്ള പ്രദക്ഷിണത്തിന് തുല്യമായി പറയപ്പെടുന്നു.

അരുണാചലത്തെ പ്രകീർത്തിച്ചുകൊണ്ട് ശ്രീരമണമഹർഷി അഞ്ചു സ്തോത്രങ്ങൾ രചിച്ചിട്ടുണ്ട്. അരുണാചലാക്ഷരമണമാല, അരുണാചലനവമണിമാല, അരുണാചലപതികം അരുണാചലാഷ്ടകം, അരുണാചലപഞ്ചരത്നം എന്നിവയാണവ. അരുണാചലാക്ഷരമണമാലയിൽ ജീവാത്മവായഭക്തൻ പരമാത്മവായ അചലത്തെ മധുരഭാവത്തിൽ വരിയ്ക്കുന്നതിന്റെ വർണ്ണനയാണുള്ളത്. 'അരുണാചലനവമണിമാലയിൽ ഭക്തന് വാത്സല്യ ഭാവമാണ് ഗിരിയോട് 'അരുണാചലപതികത്തിലാകട്ടെ സ്വാത്മാവായ ഗിരി തന്നിൽ ശരണാഗതിയടഞ്ഞ ഭക്തനെ കാരുണ്യത്തോടെ തന്നിലേയ്ക്കാകർഷികുന്നതായാണ് സങ്കല്പിച്ചിരിക്കുന്നത്. 'അരുണാചലാഷ്ടകത്തിൽ ഭക്തൻ അന്തർമ്മുഖനാണ്. ഈ ഭക്തൻ "ഞാൻ ആര്"? എന്ന അന്വേഷണബുദ്ധിയോടെ സ്വഹൃദയാന്തർഭാഗത്ത് നിമജ്ജനം ചെയ്യുന്നു. ' അരുണാചലപഞ്ചരത്നത്തിൽ പരിപക്വനായ ഭക്തൻ ജഗത്തിനെ ജ്യോതിസ്സ്വരൂപമായി കണ്ട് ഈ അധിഷ്ഠാനത്തിൽ സങ്കല്പിക്കപ്പെട്ട ചിത്രങ്ങളാണ് സൃഷ്ടിസ്ഥിതിലയങ്ങൾ എന്ന് ഉറപ്പിക്കുന്നു. പ്രാണനേയും മനസ്സിനേയും നിയന്ത്രിച്ച് അന്തർമ്മുഖനായിരിക്കുന്ന യോഗിക്ക് അരുണാചലജ്യോതിസ്സിനെ ദർശിക്കുവാൻ സാധിക്കുമെന്ന് ശ്രീരമണമഹർഷി ഈ കൃതിയുടെ നാലാം ശ്ലോകത്തിൽ ഉറപ്പിച്ചുപറയുന്നു. ഈ യോഗി സ്വാത്മാവും വിശ്വജ്യോതിസ്സും അരുണാചലവും എല്ലാം ഒന്നുതന്നെയെന്ന സത്യം ദർശിക്കുന്നുവെന്ന് ഭഗവാൻ പറയുമ്പോൾ അരുണാചലമഹിമയിൽ ആർക്കു വിശ്വാസം ജനിയ്ക്കാതിരിക്കും?

മുമുക്ഷുക്കൾക്ക് മോക്ഷം കരതലാമലകം പോലെ സുപ്രാപ്യമാക്കി തീർക്കുവാൻ അരുണാചലത്തിന് സാദ്ധ്യമാണ് എന്ന് പുരാണങ്ങൾ പറയുന്നു. ഈ വിശ്വാസം ഭക്തജനഹൃദയങ്ങളിൽ അരക്കിട്ടുറപ്പിക്കുവാൻ പോന്ന അനവധി വാക്കുകൾ ശ്രീരമണ തിരുവായ്മൊഴികളുടെ കൂട്ടത്തിലുണ്ട് .ഒരു ആശ്രമംസന്ദർശകന് സംശയനിവൃത്തി വരുത്തിക്കൊണ്ട് ഒരിക്കൽ മഹർഷി ഇപ്രകാരം പറഞ്ഞതായി രേഖപ്പെടുത്തപ്പെട്ടിരിക്കുന്നു. ഇവിടെ ജീവിക്കുന്നവർക്ക് തപസ്സും 'ദീഷയും കൂടാതെ തന്നെ മുക്തി ലഭിക്കും . ശിവൻ പറയുകയാണ്, " എന്റെ ആജ്ഞ കൊണ്ട്" അരുണാചലശിവന്റെ ഇച്ഛ കൊണ്ടാണ് അവർക്ക് മോക്ഷം കിട്ടുന്നത്.

ശൈവമുനിയും മഹാജ്ഞാനിയുമായിരുന്ന തിരുജ്ഞാനസംബന്ധർ തിരുവണ്ണാമലയ്ക്കടുത്തുള്ള അരിയനൈനെല്ലൂർ എന്ന സ്ഥലത്ത് കുറച്ചു ദിവസം താമസിക്കുകയുണ്ടായി. ആയിടയ്ക്ക് ഒരു വൃദ്ധൻ സംബന്ധരുടെ അടുത്തെത്തി. കൈയിലൊരു പൂവട്ടിയുണ്ടായിരുന്നു. താൻ അരുണാചലരൂപിയായ ഭഗവാന്റെ ഭൃതനാണെന്നാണ് ചോദ്യത്തിന് വൃദ്ധൻ മറുപടി പറഞ്ഞത്. ഈ പുണ്യഗിരിയൊന്ന് കാണണമെന്നു തോന്നിയ മുനിയോട് ഗിരി വളരെ അടുത്താണ് സ്ഥിതി ചെയ്യുന്നതെന്നും പൂശേഖരിച്ചുകൊണ്ട് ദിവസേന അവിടെ നിന്ന് താൻ അരിയനൈനെല്ലൂർ വരെ നടക്കാറുണ്ടെന്നും അയാൾ പറഞ്ഞു. അവരൊന്നിച്ച് ഗിരിനികടത്തിലേക്ക് നടക്കാൻ തുടങ്ങി. ഭക്തരുടെ ഒരു വലിയ സംഘവും അവരോടൊപ്പം ചേർന്നു. കുറച്ചു ദൂരം ചെന്നപ്പോൾ വൃദ്ധൻ അപ്രത്യക്ഷനായിക്കഴിഞ്ഞിരിക്കുന്നതായി സംബന്ധർ കണ്ടു. അപ്പോഴേക്കും ഈ തീർത്ഥാടകരുടെ സകലആഗ്രഹങ്ങളും നിറവേറുമെന്നും ഭഗവാൻ പറഞ്ഞു. അരുണാചലവും ശ്രീ പരമേശ്വരനും ഒന്നു തന്നെയെന്ന സംബന്ധർക്ക് ബോദ്ധ്യമാവുകയും ചെയ്തു. അരുണാചലത്തെസ്തുതിച്ച് അദ്ദേഹം നിരവധികൃതികൾ രചിച്ചിട്ടുണ്ട്. അവയിലൊന്നിൽ അദ്ദേഹം : "ഹേ അരുണാചലമേ! അമൂർത്തമായ ജ്ഞാനത്തിന്റെ മൂർത്തരൂപമാണ് അവിടുന്ന് അവിടുത്തെ കൃപ കൊണ്ട് ഭക്തരുടെ 'ദേഹാത്മബുദ്ധി ദൂരീകരിയ്ക്കപ്പെടുന്നു.'

സത്യാനേഷിയായിരുന്ന പോൾ ബ്രൺടൻ എന്ന പാശ്ചാത്യ ചിന്തകൻ ഭാരതം യോഗികളുടെ നാടാണെന്നു കേട്ട് ഇവിടെയെത്തി .നിരവധി നാളത്തെ അന്വേഷണ ഫലമായി ബ്രൺടണ് ഒരു യാഥാർത്ഥ യോഗിയെ കാണാൻ ഭാഗ്യം ലഭിയ്ക്കുകയും ചെയ്തു. ഇത് അരുണാചല മഹായോഗിയായിരുന്ന ശ്രീരമണനല്ലാതെ മററാരുമായിരുന്നില്ല. ആത്മ ചൈതന്യം രൂപമെടുത്തതുപോലെ തിരുവണ്ണാമലയിൽ വിളങ്ങിയ മഹർഷി ആദ്യ സന്ദർശനത്തിൽ തന്നെ ബ്രൺടന്ന് തന്റെ തത്വം മൌനത്തിലൂടെ മനസ്സിലാക്കിക്കൊടുത്തുവെങ്കിലും "ചിത്തമാം വലിയവൈരി കീഴമന്നത്തൽ തീർന്ന " യതി വര്യരെ ത്തേടിയുള്ള ബ്രൺടന്റെ അന്വേഷണം തുടർന്നുപോയി. നേരത്തെ താൻ സമീപിച്ചിരുന്ന ശ്രീ കാഞ്ചിശങ്കരാചാര്യ സ്വാമികൾ പ്രവചിച്ചതുപോലെ തനിക്ക് യോജിച്ച ഗുരു ശ്രീ രമണൻ മാത്രമാണെന്ന് ബ്രൺടൻ മനസ്സിലാക്കിയത് വർഷങ്ങൾക്കു ശേഷം മാത്രമാണ് ഈ തിരിച്ചറിവ് ഒരു തിരിച്ചുവരവിന് കാരണവുമായി. തുടർന്ന് അരുണാചലത്തെക്കുറിച്ചും അദ്ദേഹം ഒരു പഠനം നടത്തി. ഈ പഠനം തീർച്ചയായും അരുണഗിരിയുടെ അകവും പുറവും മനസ്സിലാക്കിക്കൊണ്ടുള്ളതായിരുന്നു. തന്റെ ആദ്യത്തെ ആശ്രമസന്ദർശനത്തിന് മുമ്പ് അരുണാചലം ഭൂമിയുടെ നേർമദ്ധ്യമാണെന്ന് അവകാശപ്പെട്ട ഒരു ഭക്തന്റെ അഭിപ്രായത്തോട് മനസ്സു കൊണ്ടാണെങ്കിലും " how naive!" എന്ന് പ്രതികരിച്ച ബ്രൺടൻ പിന്നിട് സർവ്വാത്മനാ ഈ ഗിരിയുടെ അന്യാദൃശത്വം അംഗീകരിച്ചുവെന്ന് വിശ്വസിക്കുന്നതിൽ തെററില്ല. അരുണാചലത്തെക്കുറിച്ച് ശ്രീ രമണമഹർഷി എഴുതിയതും പറഞ്ഞതുമെല്ലാം അദ്ദേഹം സസൂക്ഷ്മം പഠിച്ചു, അവയുടെ പൊരുൾ മനസ്സിലാക്കി ഭഗവാനും ഗിരിയും രണ്ടല്ലെന്നും ഭഗവാൻ നിത്യശുദ്ധമുക്തനായ ആത്മാവുതന്നെയാണെന്നു

ബ്രൺടൻ അനുഭവിച്ചറിഞ്ഞു.

ശ്രീരമണ വിരചിതമായ ഒരു കൃതിയിൽ അരുണഗിരി തന്റെ ഗൃഹത്തിൽ വന്ന് അവിടെനിന്നുതന്നെ ആകർഷിച്ച് സ്വഗൃഹത്തിലാക്കിയതായി മഹർഷി പറയുന്നു. ഗിരിയുടെ അനുഗ്രഹത്തിന്നായി പ്രാർത്ഥിക്കുകയും ചെയ്യുന്നുണ്ട് അദ്ദേഹം. വേറൊരിടത്ത് തന്റെ മഹാമൗനത്തിലൂടെ മൗനം ഭജിക്കാനുള്ള ആജ്ഞ അരുണാചലം തനിക്ക് നൽകിയതായി അദ്ദേഹം പറയുന്നു. ഉൾകണ്ണ് കൊണ്ട് ആത്മാവിനെ ദർശിച്ച് ആത്മാവിൽ യാഥാർത്ഥ സ്വരൂപം അറിയുക എന്ന പരമതത്വം തനിക്ക് ഉപദേശച്ചുതന്നത് അരുണാചലത്താൽ ക്ഷണിയ്ക്കപ്പെട്ട് അവിടെയെത്തിയ നിലയ്ക്ക് തന്റെ സംരക്ഷണം അരുണാചലത്തിന്റെ ബാദ്ധ്യതയാണെന്ന് അദ്ദേഹം അവകാശപ്പെടുന്നുണ്ട് "ജീവാത്മക്കളെ നിരന്തരം തന്നിലേയ്ക്കാകർഷിച്ചു കൊണ്ടിരിയ്ക്കുന്ന ഈ പർവ്വതരൂപിയായ പരത്മാവ് തന്നെ സ്മരിക്കുന്നവരെപ്പോലും തന്നിലേയ്ക്ക് കൊണ്ടു വന്ന് തന്നിൽ ലയിപ്പിയ്ക്കുന്നു. പ്രത്യക്ഷത്തിൽ അചേതനവും അചലവുമെങ്കിലും അരുണാചലം ലൗകികതയുടെ അന്തകനാണ് അരുണാചലേശ്വരന്റെ ശക്തി മനുഷ്യബുദ്ധിയ്ക്ക് ഗ്രഹിക്കുവാൻ വിഷമം. ബാല്യത്തിൽത്തന്നെ 'അരുണാചലമെന്ന നാമം അതിശ്രേഷ്ഠവും അനുപമവുമാണെന്നൊരു ധാരണ എന്റെ മനസ്സിലുണ്ടായിരുന്നു. അതിന്റെ അർത്ഥവ്യാപ്തി എനിയ്ക്ക് പിടികിട്ടിയിരുന്നില്ല. മുന്നറിവുകൂടാതെ ഇവിടേയ്ക്ക് വലിച്ചടുപ്പിയ്ക്കപ്പെടുമ്പോൾ അരുണാചലം ഈ ഗിരിയാണെന്ന് ഞാനറിഞ്ഞു. നിശ്ചലനായിപ്പോയ്. ഞാൻ പിന്നീട് അരുണചലം പരമമായ ശാന്തിയാണെന്നും അറിഞ്ഞു...." ഒരു കൃതിയിൽ മഹർഷി പറയുന്നു.

അരുണചല ഭക്തർക്കിഷ്ടം കൊടുക്കുന്ന ഭുവനജനകനാണെന്ന് അനുഭവസ്ഥർ പറയുന്നു. അരുണാചലഭഗവാന്റെ കാരുണ്യംകൊണ്ട് ഒരു പശുവിന്റെ കാലുകൾ പൂർണ്ണരൂപത്തിലാക്കിയത് ഒരു കെട്ടുകഥയല്ല. സമീപകാലത്തും ഇതുപോലൊരു സംഭവമുണ്ടായി. ആശ്രമവാസികൾക്കും തിരുവണ്ണാമലക്കാർക്കും സുപരിചിതനായിരുന്ന കുപ്പു അയ്യർ കാലുകൾക്ക് സ്വാധീനമില്ലാത്ത ഒരാളായിരുന്നു. മണ്ണിൽകൂടി ഇഴഞ്ഞുനിങ്ങിക്കൊണ്ടിരുന്ന കുപ്പു അയ്യരുടെ മുമ്പിൽ ഒരിയ്ക്കലൊരു വൃദ്ധൻ അയ്യരോട് ആജ്ഞാപിച്ചു. അദ്ഭുതസ്തംബ്ധനായിപ്പോയ കുപ്പു അയ്യർ തികച്ചും അനൈശ്ചികമായി ഉടൻ എഴുന്നേററു നിന്നു തുടർന്ന് നടക്കാൻ തുടങ്ങി. കുറച്ചദൂരം നടന്നശേഷം അയ്യർ തിരിഞ്ഞു നോക്കി. വൃദ്ധൻ അവിടെയെങ്ങുമുണ്ടായിരുന്നില്ല. അത്തരമൊരാളെ പിന്നീടു ആരു കണ്ടിട്ടില്ലത്രെ. ഈ സംഭവത്തെ കുറിച്ച് കുപ്പു അയ്യർ പറഞ്ഞതുകേട്ട തിരുവണ്ണാമലക്കാർക്ക് അദ്ദേഹത്തെ അവിശ്വസിയ്ക്കേണ്ട കാര്യമുണ്ടായിരുന്നില്ല.

അരുണാചലോത്സവത്തെ കുറിച്ചുള്ള ഐതിഹ്യത്തിന്ന് ഒരനുബന്ധമുണ്ട്. ജ്യോതിസ്തംഭത്തിന്റെ ചുവടററം അന്വേഷിച്ചുപോയ വിഷ്ണുവിന് മാർഗ്ഗമദ്ധ്യേ ഒരു വിചിത്രാനുഭവമുണ്ടായി. വിഷ്ണു തന്റെ ഹൃദയ മദ്ധ്യത്തിലായി ഒരു ജ്യോതിസ്സിനെ ദർശിക്കാൻ തുടങ്ങി. അതോടെ തന്റെ ശരീരബോധവും സ്ഥലകാലബോധവും അസ്തമിയ്ക്കുകയും ചെയ്തു. ദേഹാത്മബുദ്ധികളാണ് നമ്മൾ എങ്കിലും സത്യാന്വേഷണത്വരയോടെ ജീവിക്കുകയും പ്രവർത്തിയ്ക്കുകയും ചെയ്താൽ നമ്മൾക്ക്, ഭഗവദനുഗ്രഹം കൊണ്ട് ,ഉള്ളിലെ വെളിച്ചമെന്ന നിതാന്തസത്യത്തെ കാണാനാകും. ഈശ്വരൻ ആത്മസ്വരൂപിയാണെന്ന് മനസ്സിലാകുന്നതോടെ നമ്മുടെ 'ദേഹാത്മബുദ്ധി' നശിക്കുകയും ഭഗവാനിൽ പരിപൂർണ്ണ ശരണാഗതിയടയാൻ നമ്മൾക്ക് തടസ്സമൊന്നുമില്ലാതായിത്തീരുകയും ചെയ്യും അകത്തും പുറത്തുമുള്ളത്. ഒരേ വെളിച്ചംതന്നെയെന്ന് ബോദ്ധ്യം വരുന്നു. ഇതു തന്നെയല്ലേ ആത്മസാക്ഷാൽക്കാരം ? അന്ത്യകാലത്ത് സകലരും അരുണാചലസന്നിധിയിലെത്തും എന്ന ശ്രീ രമണവചനത്തിന്റെ അർത്ഥവും വേറൊന്നല്ലല്ലോ.

ഓം തത് . ശ്രീ രമണാർപ്പണമസ്തു.

# അരുണാചലേശ്വര ക്ഷേത്രം

**മാധവനുണ്ണി**

'അരുണാചലം' എന്ന പുണ്യഗിരിയുടെ ആവിർഭാവകഥ പുരാണ പ്രസിദ്ധമാണ്. അനേകായിരം വർഷങ്ങളായി ഒരു പക്ഷേ ഇന്നറിയപ്പെടുന്ന ഹിന്ദുധർമ്മം ഉരുതിരിഞ്ഞു വരുന്നതിനും എത്രയോ മുമ്പുതന്നെ ഏതോ ഒരു അജ്ഞാത ശക്തി മനുഷ്യ കോടികളെ ഈ കേന്ദ്ര ബിന്ദുവിലേക്കാകർഷിച്ച്, നൂറ്റാണ്ടുകളിലൂടെ തലമുറകളുടെ, അദ്ധ്യാത്മിക ചോദനയെ വളർത്തി വികസിപ്പിക്കുന്നതിനും ജീവിതത്തിന്റെ സമസ്ത മണ്ഡലങ്ങളേയും സ്വാധീനിച്ച് തദനുസൃതമായ സംസ്കാരം രൂപപ്പെടുത്തുന്നതിൽ ഗണ്യമായ സംഭാവനകൾ നൽകിയിരുന്നു എന്നു വേണം കരുതുവാൻ. അതിന്റെ തെളിവാണ് ഗിരിയുടെ കിഴക്കേ താഴ്‌വാരത്ത് സ്ഥിതിചെയ്യുന്ന ഭീമാകാരമായ അരുണാചലേശ്വര ക്ഷേത്രവും അതിനുചുറ്റും ഉയർന്നു വന്നിട്ടുള്ള നാഗരികസ്ഥാനവും.

### *സ്വയംഭൂ*

ഈ ക്ഷേത്രത്തിലെ പ്രതിഷ്ഠയും ക്ഷേത്രത്തിനു പിന്നിൽ അംബരചുംബിയായി അനന്തതയിലേക്ക് തലയുയർത്തി നിൽക്കുന്ന ഗിരിശൃംഗവും ജ്യോതിർ ലിംഗമെന്നു പറയുന്ന ഒരേ ശിവചൈതന്യം തന്നെയാണെന്നും ജ്യോതിസ്വരൂപനായി അരുണാചലം ഭക്തന്മാർക്കാരാധിക്കാനായി സ്വയംഭൂവായി പ്രത്യക്ഷപ്പെട്ടതാണെന്നും വിവിധ പുരാണങ്ങളും, ഐതിഹ്യങ്ങളും ഏകസ്വരത്തിൽ പറയുന്നു.

### *ക്ഷേത്രം*

ഈ ക്ഷേത്രത്തിന്റെ മൂലസ്ഥാനം എപ്പോൾ, എങ്ങിനെ ഉടലെടുത്തു എന്നതിന് കൃത്യമായ ചരിത്രരേഖകൾ കാണുന്നില്ല. എന്നാൽ ഭാരതവർഷത്തിലെ മഹത്തും ബൃഹത്തും ആയ പഞ്ചപ്രാകാരത്തോടുകൂടി ഇന്നു നാം കാണുന്ന പടുകൂറ്റൻ ക്ഷേത്രത്തിന്റെ നിർമ്മാണപ്രക്രിയ 10-ാം നൂറ്റാണ്ടിൽ തുടങ്ങി നൂറ്റാണ്ടുകളിലൂടെ കടന്നുവന്ന, വിപുലീകരണത്തിന്റെ അനുസ്യൂത കഥയാണ്. ഈ ബൃഹത് ക്ഷേത്രസങ്കല്പം ഏഴു പ്രാകാരങ്ങളോടുകൂടിയതാണ്. ഇവയിൽ അഞ്ചെണ്ണം പ്രത്യക്ഷത്തിൽ കാണാവുന്നതും നിർമ്മിതമായവയും ആറാമത്തെ പ്രാകാരം ക്ഷേത്രത്തിന്നു ചുറ്റുമായി രഥം എഴുന്നെള്ളിക്കുന്ന പ്രദക്ഷിണ വഴിയും, ഏഴാമത്തെ പ്രാകാരം ക്ഷേത്രത്തെയും മലയേയും ഒരുമിച്ചു പ്രദിക്ഷിണം വെക്കാവുന്ന ഗിരിപ്രദിക്ഷിണത്തിന്റെ വഴിയുമാണ്. ഉള്ളിൽ നിന്നും പുറത്തേക്ക് ക്രമത്തിൽ എണ്ണി വരുന്ന പ്രാകാരങ്ങളിൽ ഒന്നാമത്തെ പ്രാകാരം നൂറ്റാണ്ടുകളിലൂടെ പുരോഗമിച്ചു വന്ന നിർമ്മാണവിപുലീകരണപ്രക്രിയയിൽ നഷ്ടപ്പെട്ടതായി വേണം കരുതാൻ. മൂലസ്ഥാനത്തിന്നു ചുറ്റും കാണുന്ന രണ്ടാമത്തെ പ്രാകാരം

പന്ത്രണ്ടാം നൂറ്റാണ്ടിലും, മൂന്നാമത്തെ പ്രാകാരം പതിമൂന്നാം നൂറ്റാണ്ടിലും, നാലാമത്തെ പ്രാകാരം പതിനാലാം നൂറ്റാണ്ടിലും, അഞ്ചാമത്തെ പ്രാകാരം പതിനാറാം നൂറ്റാണ്ടിലും പണി കഴിപ്പിച്ചതായി ക്ഷേത്രലിഖിതങ്ങളിൽ കാണുന്നു. രണ്ടും മൂന്നും പ്രാകാരങ്ങളിൽ കിഴക്കു നിന്നുള്ള പ്രവേശന ഗോപുരങ്ങളും, നാലും അഞ്ചും പ്രാകാരങ്ങളിൽ നാലു ഭാഗത്തുനിന്നും പ്രവേശിക്കാവുന്ന നാലുഗോപുരങ്ങൾ വീതവും ഉണ്ട്.

ക്ഷേത്ര നിർമ്മാണത്തിന് ശാസ്ത്രം വിധിക്കുന്ന നിഷ്കൃഷ്ടമായ കൈകണക്കുകൾ സൂക്ഷ്മമായി പാലിച്ചുകൊണ്ട് നിർമ്മിച്ച ഈ ക്ഷേത്രം നിർമ്മാണം തുടങ്ങുന്ന സമയത്തു തന്നെ ഈ അവസാനംവരെയുള്ള കാര്യങ്ങൾ കണക്കിലെടുത്തിരുന്നതായും, നൂറ്റാണ്ടുകളിലൂടെ നീണ്ടുനിന്ന നിർമ്മാണം ഭൂതകാലത്തേയും ഭാവിയിലേയും നിർ-മ്മാണങ്ങൾക്ക് കോട്ടം തട്ടാത്ത വണ്ണം ക്രമമായി പുരോഗമിപ്പിച്ചിരിക്കുന്നു. ഗർഭഗൃഹം, തിടപ്പള്ളി, മുഖമണ്ഡപം, വിമാനം, ഗോപുരം, ഉപദേവസ്ഥാനങ്ങൾ എന്നിവയുടെ രൂപ കല്പനയും, കൈകണക്കും, നിർമ്മാണചാതുരിയും സമരസപെടുത്തുന്നതിൽ കാണിച്ചിട്ടുള്ള വൈദഗ്ദ്ധ്യവും അവർണ്ണനീയമാണ്.

ഗർഭഗൃഹത്തിൽ അരുണാചലേശ്വരലിംഗപ്രതിഷ്ഠയും, രണ്ടും മൂന്നും പ്രാകാരങ്ങൾക്കുള്ളിൽ ഭഗവാന്റെ വാമഭാഗമായ വടക്കു പടിഞ്ഞാറായി പ്രധാന ഉപദേവ പ്രതിഷ്ഠയായ പാർവ്വതിയും നിലകൊള്ളുന്നു. ഇതിനു പുറമേ, ഗണപതി, സുബ്രഹ്മണ്യൻ ചണ്ഡികേശ്വരൻ , കാളഭൈരവൻ, നവഗ്രഹങ്ങൾ തുടങ്ങി മറ്റുപദേവപ്രതിഷ്ഠകളും ഒരു ആയിരംകാൽ മണ്ഡപവും, ശിവഗംഗ, ബ്രഹ്മതീർത്ഥം എന്നീ കൽപടവുകൾ കെട്ടി-യിറക്കിയ വിശാലമായ രണ്ടു തീർത്ഥക്കുളങ്ങളും ഈ ക്ഷേത്രസമുച്ചയത്തിലുണ്ട്. അഞ്ചാമത്തെ പ്രാകാരമായ പുറം ഭിത്തിയുടെ നീളം 465 മീറ്ററും വീതി 225 മീറ്ററുമാണ്. പുറം ഭിത്തിയിലെ കിഴക്കേ ഗോപുരത്തിന്റെ ഉയരം 54 മീറ്ററാണ്.

### *ഉത്സവങ്ങൾ*

വർഷത്തിലെ എല്ലാ മാസങ്ങളിലും വ്യാപിച്ചുനിൽക്കുന്ന ഒരു നീണ്ട ഉത്സവ പട്ടികയുണ്ടെങ്കിലും കാർത്തിക, തിരുവാതിര, ശിവരാത്രി എന്നിവ പ്രധാന ഉത്സവങ്ങളാണ്. എങ്കിലും തമിഴ്മാസമായ കാർത്തികയിലെ (മലയാളമാസം - വൃശ്ചികം) വെളുത്തവാവിൻ ദിവസം ആഘോഷിക്കുന്ന കാർത്തികദീപമാണ് പ്രധാന ഉത്സവം.

### *കാർത്തിക ദീപം*

കാർത്തിക മാസത്തിലെ ഷഷ്ഠിദിവസം ഉത്സവത്തിന്നു കൊടിയേറുന്നതു മുതൽ

നീണ്ടു നിൽക്കുന്ന ഉത്സവത്തിന്റെ 10-ാം ദിനമായ വെളുത്ത വാവിൻ ദിവസമാണ് കാർത്തിക ദീപം ആഘോഷിക്കുന്നത്. അന്നുകാലത്ത് മഹാഗണപതി ഹോമത്തോടെ തുടങ്ങുന്ന ചടങ്ങുകൾ ഹോമകുണ്ഡത്തിലെ അഗ്നിയെ അണയാതെ നിർത്തുന്നു. ഏഴാമത്തെ ദിവസം ഗണപതി, സുബ്രഹ്മണ്യൻ, ശിവൻ, പാർവ്വതി, ചണ്ഡികേശ്വരൻ എന്നീ മൂർത്തികളെ അവർക്കായി നിയുക്തമായ പ്രത്യേകം രഥങ്ങളിലേറ്റി ക്രമപ്രകാരം ക്ഷേത്രത്തിനു ചുറ്റുമുള്ള പ്രദക്ഷിണ വഴിയിലൂടെ എഴുന്നള്ളിക്കുന്നു.

ഉത്സവത്തിന്റെ പത്താം ദിവസം ഹോമകുണ്ഡത്തിൽ നിന്നും എടുത്ത കനലുകൾ പാരമ്പര്യമായി നിയുക്തരായ ഒരു പ്രത്യേക വിഭാഗത്തിലെ ആളുകൾ വന്ന് വ്രതശുദ്ധിയോടെ മലയുടെ മുകളിലേക്ക് മൺ ചട്ടികളിലാക്കി കൊണ്ടു പോകുന്നു. ഈ അഗ്നി ഉപയോഗിച്ചാണ് മലക്കുമുകളിൽ ഉള്ള ജ്യോതി തെളിയിക്കുന്നത്. മലയുടെ ശിഖരത്തിലുള്ള വലിയ വിളക്കിൽ നൂറുകണക്കിന് ലിറ്റർ നെയ്യും, കർപ്പൂരവും നിറച്ച് അനേകം മീറ്റർ തുണികൾകൊണ്ട് തിരിച്ചുണ്ടാക്കിയ തിരിയിൽ ദീപം കത്തിക്കുന്നു. ആഴ്ചകളോളം അണയാതെ നിന്നുകത്തുന്ന ഈ ദീപം മലയിൽ നിന്നും ഏകദേശം 15 കിലോ മീറ്റർ ദൂരത്തിൽ കാണാൻ കഴിയും.

വെളുത്ത വാവായ പത്താം ദിവസം സന്ധ്യക്ക് ചന്ദ്രൻ ഉദിക്കുമ്പോൾ ഹോമ-കുണ്ഡത്തിൽ നിന്നും ജ്വലിപ്പിച്ചെടുത്ത അഗ്നി വാദ്യമേളങ്ങളുടെ അകമ്പടിയോടെ എഴുന്നെള്ളിച്ച് കൊണ്ടുവന്ന് ക്ഷേത്രത്തിനുള്ളിലെ കൊടിമരത്തിനു മുന്നിൽ പ്രത്യേകം തയ്യാറാക്കിയ വലിയ നെയ്‌വിളക്ക് തെളിയിക്കുന്നു. ഇതേ സമയത്തു തന്നെയാണ് ഗിരിയുടെ മുകളിലുള്ള ജ്യോതി ജ്വലിപ്പിക്കുന്നതും. ഈ ജ്യോതി ദർശിക്കുന്നതും വ്രതാനുഷ്ഠാനങ്ങളോടെ ഗിരിപ്രദക്ഷിണം നടത്തുന്നതും ഏറ്റവും വലിയ പുണ്യകർമ്മമായി കരുതി വരുന്നു. ഈ കാർത്തിക ദീപത്തിന് നാടിന്റെ നാനാ ഭാഗങ്ങളിൽ നിന്നുമായി അനേകലക്ഷം ഭക്തന്മാർ എത്താറുണ്ട്.

അടുത്ത രണ്ടു ദിനങ്ങളിലെ ഇടവേളക്കുശേഷം 13-ാം ദിവസം കാലത്ത് ഗംഭീരമായ വാദ്യമേളങ്ങളുടെ അകമ്പടിയോടെ 7-ാം ദിവസം രഥത്തിലേറ്റി എഴുന്നെള്ളിച്ച വിഗ്രഹങ്ങളെ ഭക്തന്മാർ ചുമക്കുന്ന പല്ലക്കുകളിലേറ്റി ഗിരിപ്രദിക്ഷണത്തിനിറങ്ങുന്നു. 13 കിലോമീറ്റർ ദൈർഘ്യമുള്ള ഈ ഗിരിപ്രദിക്ഷിണവഴിയിൽ അനേകം ക്ഷേത്രങ്ങളും തീർത്ഥങ്ങളും ഉണ്ട്. പ്രധാന ക്ഷേത്രങ്ങളിലും ആചാരപ്രകാരമുള്ള പൂജകളും സ്വീകരണങ്ങളും ഏറ്റുവാങ്ങി ഭക്തന്മാരുടെ വഴിപാടുകൾ സ്വീകരിച്ചുകൊണ്ട് നീങ്ങുന്ന ഘോഷയാത്ര സന്ധ്യയോടെ അരുണാചലേശ്വരക്ഷേത്രത്തിൽ തിരിച്ചെത്തുന്നു.

വ്യക്തികളും തലമുറകളും മാറുന്നുണ്ടെങ്കിലും അടുക്കും ചിട്ടയോടും കൂടി വിശ്വാസപൂർവ്വം നടത്തുന്ന ഇത്തരം ചടങ്ങുകളല്ലേ നമ്മുടെ സംസ്ക്കാരവും പാരമ്പര്യവും അനേകായിരം വർഷങ്ങളായി അഭംഗുരം നിലനിർത്തുവാൻ സഹായിച്ചത്?

*ഓം തത് സത്: ശ്രീ രമണാർപ്പണമസ്തു*

# പെരിയപുരാണം

*- പ്രൊഫ. വൈദ്യലിംഗശർമ്മ*

ശ്രീ വൈഷ്ണവർക്ക് നാലായിരം ദിവ്യപ്രബന്ധം പോലെ ശൈവന്മാർക്ക് വേദ തുല്യമാണ് 12 തിരുമുറ. അതിൽ 12-ാം തിരുമുറയാണ് പെരിയപുരാണം അഥവാ തിരുത്തൊണ്ടർ പുരാണം. അനപായചോഴരാജാവിന്റെ മന്ത്രിയായിരുന്ന ചേക്കിഴാർ ഭക്തിപൂർവ്വം രചിച്ച പുണ്യചരിത്രമത്രേ പെരിയപുരാണം. 4253 പാട്ടുകൾ ഉൾക്കൊള്ളുന്ന ഈ മഹാഗ്രന്ഥത്തിൽ അറുപത്തിമൂവർ എന്നു പ്രസിദ്ധരായ ശിവഭക്തന്മാരുടെ ചരിത്രം വിസ്തരിച്ചിരിക്കുന്നു. എ.ഡി. 8-ാം നൂറ്റാണ്ടിൽ ജീവിച്ചിരുന്ന സുന്ദരമൂർത്തിനായനാരുടെ തിരുത്തൊണ്ടർതൊകൈ, 11-ാം നൂറ്റാണ്ടിൽ ജീവിച്ചിരുന്ന നമ്പിയാണ്ടാർ നമ്പിയുടെ "തിരുത്തൊണ്ടർ തിരുവന്താദി'' എന്നിവ പെരിയ പുരാണത്തിന് മാതൃകാ ഗ്രന്ഥങ്ങളാണ്.

അനപായ ചോഴരാജാവ് പരമ്പരാഗതമായ പുനിത ശിവമാർഗ്ഗത്തിൽനിന്ന് വ്യതിചലിച്ച് ബുദ്ധജൈനമതങ്ങളിലേക്കു തിരിഞ്ഞു പോകുന്നുവെന്നുകണ്ട മന്ത്രി ചേക്കിഴാർക്ക് വലിയ മനോവിഷമം തോന്നി. എത്രയെത്രയോ പരമഭക്തന്മാർ പാടിപ്പുകഴ്ത്തിയ ശിവനേയും സംസ്ക്കാരകേന്ദ്രങ്ങളായ ശിവാലയങ്ങളേയും വിസ്മരിക്കുകയും അവഗണിക്കുകയും ചെയ്യുന്ന രാജാവിനെ ശൈവ മാർഗ്ഗത്തിലേക്ക് തിരിച്ചുകൊണ്ടുവരാനാണ് ചേക്കിഴാർ പെരിയ പുരാണമെഴുതിയത്. ശിവഭക്തചരിത്രം ദിവസേന രാജാവിനെ കേൾപ്പിച്ചുപോന്ന ചേക്കിഴാർക്ക് അതെല്ലാം വിസ്തരിച്ചെഴുതാൻ ചിദംബരംനടരാജ സന്നിധിയിൽ ഉചിതമായ സംവിധാനം രാജാവ് തന്നെ ഏർപ്പെടുത്തികൊടുത്തു. ചേക്കിഴാർ തപോനിഷ്ഠയോടെ ശിവസന്നിധിയിലിരുന്നു വിരചിച്ച പെരിയ പുരാണത്തിന്റെ അരങ്ങേറ്റം അനപായൻ വളരെ ഗംഭീരമായിത്തന്നെ നടത്തി. ഗ്രന്ഥം ആനപ്പുറത്ത് എഴുന്നള്ളിച്ച് ചേക്കിഴാരെ ആനപ്പുറത്തിരുത്തി താൻ കുടയും ചാമരവുമായി പിന്നിലിരുന്നു, പട്ടണപ്രവേശമായിട്ടാണ് ക്ഷേത്രസന്നിധിയിലെത്തിയത്. മേടമാസത്തെ തിരുവാതിരനാളിൽ കഥാപ്രസംഗം തുടങ്ങി അടുത്ത മേടത്തിലെ തിരുവാതിരനാളിൽ അവസാനിച്ച ഗ്രന്ഥാവതരണം വന്നവർക്കെല്ലാം സുഭിക്ഷമായ അന്നദാനവും മറ്റുമായി ആഘോഷിക്കപ്പെട്ടു. സുന്ദരമൂർത്തിനായനാർ, തിരുജ്ഞാന സംബന്ധർ, തിരുനാവുക്കരശർ അഥവാ അപ്പർ സ്വാമികൾ തുടങ്ങിയ 63 നായനാന്മാരുടെ ചരിത്രം മുഴുവൻ എടുക്കാൻ ഈ ലേഖനത്തിൽ സൗകര്യമില്ലല്ലോ. ഏതാനും പുണ്യ ചരിത്രങ്ങൾമാത്രം ചുരുക്കി അവതരിപ്പിക്കാൻ ശ്രമിക്കാം. പെരിയപുരാണം ഒരു വിജ്ഞാനകോശം തന്നെയാണ്. ശൃംഗാരം, വീരം, കരുണം തുടങ്ങിയ രസങ്ങൾ, അതാതു കാലത്തെ സാമൂഹ്യജീവിതം, തൊഴിൽ. വൈവിദ്ധ്യം തുടങ്ങി ലൗകികവും അദ്ധ്യാത്മികവുമായ എല്ലാം അതിൽ കാണാം.

**സുന്ദരമൂർത്തി നായനാർ**

കൈലാസപർവ്വതത്തിൽ പരമേശ്വരഭൃത്യനായ ആലാലസുന്ദരൻ പാർവ്വതീദേവിയുടെ ചേടിമാരായ അനിന്ദിത, കമലിനി എന്നിവരെ ഉദ്യാനത്തിൽ പൂവറുക്കാൻ ചെന്നപ്പോൾ കാമിച്ചു. ശിവൻ അവരെ മൂന്നുപേരെയും ഭൂമിയിൽ ജനിക്കാനും താൻ അവരെ രക്ഷിക്കുമെന്നും അഭയം നല്കി ഭൂലോകത്തേക്ക് പറഞ്ഞയച്ചു. തമിഴ്നാട്ടിൽ തിരുനാവല്ലൂർ എന്ന പുണ്യസ്ഥലത്ത് ചടയനാർ എന്ന ശിവാചാര്യരുടേയും ഇശൈജ്ഞാനിയാരുടെയും പുത്രനായിട്ടാണ് ആലാലസുന്ദരൻ ജനിച്ചത്. നമ്പിയാരൂരർ എന്ന നാമധേയത്തോടെ വളർന്നു വന്ന ആ ബാലന് വിവാഹപ്രായമായപ്പോൾ, കല്ല്യാണമണ്ഡപത്തിൽ വെച്ച് വൃദ്ധബ്രാഹ്മണവേഷത്തിൽ വന്ന ശിവന്റെ ഇടപെടലുകൊണ്ട് വിവാഹം മുടങ്ങി. വൃദ്ധബ്രാഹ്മണൻ വന്നിട്ട് പറഞ്ഞു " നാം തമ്മിൽ ഒരു ഇടപാടുണ്ട്. അതു തീർത്തല്ലാതെ നീ വിവാഹം ചെയ്തുകൂടാ". എന്തിടപാട് ? എല്ലാവരും ആശ്ചര്യപ്പെട്ട് ചോദിച്ചു. " ഇവന്റെ മുത്തച്ഛൻ തന്റെ വംശത്തിലുള്ളവരെല്ലാം എന്റെ അടിമകളായിരിക്കുമെന്ന് എനിക്ക് എഴുതി തന്നിട്ടുണ്ട്'' എന്നു പറഞ്ഞ് വൃദ്ധബ്രാഹ്മണൻ എഴുതിക്കൊടുത്ത രേഖ എടുത്തുകാണിച്ചു. പെട്ടെന്ന് നമ്പിയാരൂരർ അതു വാങ്ങി കീറിക്കളഞ്ഞു. വൃദ്ധൻ വിട്ടില്ല. അദ്ദേഹം ഉറക്കെ ചിരിച്ചുകൊണ്ട് പറഞ്ഞു. ''നീ ഇത് കീറിക്കളഞ്ഞതുകൊണ്ട് ഒരു കുഴപ്പവുമില്ല. അത് പകർപ്പ് മാത്രമാണ്. അസൽ ഞാൻ സൂക്ഷിച്ചിട്ടുണ്ട്. അതു ബോദ്ധ്യപ്പെടുത്തേണ്ടവരുടെ മുമ്പിൽ കാണിച്ചുകൊള്ളാം''. അങ്ങിനെ നമ്പിയാരൂരരും വൃദ്ധനും തിരുവെണ്ണെനല്ലൂർ എന്ന സ്ഥലത്തെത്തി. അവിടെയാണ് തന്റെ ഗൃഹം എന്നാണ് വൃദ്ധൻ പറഞ്ഞത്. അവിടെ പഞ്ചായത്തിന്റ മുമ്പിൽ വൃദ്ധൻ അസൽ രേഖ കാണിച്ച് നമ്പിയാരൂരാരെ കൂടെ കൊണ്ടുപോയി. അവർ രണ്ടുപേരും ചെന്നു കയറിയത് ഒരു ശിവക്ഷേത്രത്തിലായിരുന്നു. ആദ്യം അകത്ത്കയറിയ വൃദ്ധൻ അപ്രത്യക്ഷനായി, വൃഷഭാജിസ്ഥനായി പ്രത്യക്ഷപ്പെട്ടു. പുളുകിതഗാത്രനായിതീർന്ന നമ്പീയാരൂർ താൻ തടുത്തു സംരക്ഷിക്കപ്പെട്ടതായി വിചാരിച്ചു. ഈ നമ്പീയാരൂരാണ് മഹാശിവഭക്തനും 'തിരിത്തൊണ്ടർ തൊഗൈ' *എന്ന* ഭക്തചരിതസംഗ്രഹത്തിന്റെ കർത്താവുമായ സുന്ദരമൂർത്തി നായനാർ.

ശിവദർശനം ചെയ്തുകൊണ്ടും ശിവസ്തുതികൾ പാടിക്കൊണ്ടും സഞ്ചരിച്ച് ശിവ ഭക്തി ജനമദ്ധ്യത്തിൽ വളർത്തുവാനുള്ള ഈശ്വരാജ്ഞ മാനിച്ചുകൊണ്ട് സുന്ദരമൂർത്തി തില്ലെ (ചിദംബരം), തിരുവാരൂർ, തിരുവൊറ്റിയൂർ (മദ്രാസ്) തുടങ്ങി ഒട്ടനവധി ശിവസ്ഥലങ്ങൾ സന്ദർശിച്ച് പാടൽപാടി അന്ത്യകാലത്ത് കൊടുങ്ങല്ലൂരുള്ള തിരുവഞ്ചിക്കുളത്തെത്തി. അവിടെ അന്ന് ചേരരാജ്യം വാണിരുന്ന ചേരമാൻ പെരുമാൾ നായനാർ സുന്ദരമൂർത്തിയെ ആദരപൂർവ്വം സ്വാഗതം ചെയ്ത് കൂടെ താമസിപ്പിച്ചു.

ശിവലോകത്തിൽ നിന്ന് വന്ന ധവളവർണ്ണം പൂണ്ട ആനപ്പുറത്തു കയറി സുന്ദരമൂർത്തിയേയും പുറകെ കുതിരപ്പുറത്ത് കയറ്റി ചേരമാൻപെരുമാളും കൈലാസത്തിലെത്തി ശിവാനന്ദാബ്ധിയിൽ ആറാടി സസുഖം വാണു എന്നാണ് സുന്ദരമൂർത്തിയുടെ ചരിത്രചുരുക്കം.

കൈലാസനാഥന്റെ അരുളപ്പാടനുസരിച്ച് "കമലിനി' തിരുവാരൂരിൽ പരവയർ എന്ന പേരിലും തിരുവൊറ്റിയൂരിൽ അനിന്ദിത ചങ്കിലിയാർ എന്ന പേരിലും ജനിച്ച് സുന്ദര മൂർത്തിയുടെ പത്നിമാരായിതീർന്നു വാസന അനുഭവിച്ചു തന്നെ തീരണമല്ലോ. വാസന അനുഭവിക്കുമ്പോഴും ശിവസ്മരണ ഒരു നിമിഷംപോലും സുന്ദരമൂർത്തി കൈവിട്ടിരുന്നില്ല. പ്രഥമപത്നി പരവയർ പിണങ്ങിനിന്നപ്പോൾ ശിവനെത്തന്നെ അവരുടെയടുക്കൽ സുന്ദരമൂർത്തി ദൂതനായി അയ്ച്ചു. നീ എന്റെ സുഹൃത്താണ് എന്ന തന്റെ പ്രസ്താവന ശിവൻ അന്വർത്ഥമാക്കി. തന്റെ ഭക്തനെ അനുഗ്രഹിച്ചു. ശിവനെ ദൂതനായി അയ്ച്ചത് ഭക്തൻ ചെയ്തുകൂടാത്ത കാര്യമാണെന്ന് വിചാരിച്ചു കലിക്കാമ നായനാർ എന്ന ശിവഭക്തൻ തനിക്കു കലശലായ വയറുവേദന വന്നപ്പോഴും അതിന്റെ പരിഹാരത്തിനായി സുന്ദരമൂർത്തിയെ ആശ്രയിക്കുന്നതിനേക്കാൾ ഭേദം സ്വയം മരിക്കുകയാണെന്ന് നിശ്ചയിച്ച് സ്വയം വയറു കീറി മരിച്ചു. അതിൽ സങ്കടപ്പെട്ടു സ്വയം മരിക്കാൻ ഭാവിച്ചപ്പോൾ ശിവൻ ഇടപെട്ട് രണ്ടുപേരേയും സുഹൃത്തുക്കളാക്കി. അതാണ് ശിവന്റെ ഭക്തവാത്സല്യം. ലോകമോക്ഷാർത്ഥം കാളകൂടവിഷം ത്രിമധുരം സേവിക്കുന്ന ലാഘവത്തോടെ ഉൾക്കൊണ്ട ശിവന് ഭക്തരക്ഷാർത്ഥം എന്താണ് ചെയ്ത് കൂടാത്തത്?.

ശിവ ഭക്തന്മാരെ മൂന്നായി തരം തിരിച്ചിരിക്കുന്നു ശിവന്റെ തോഴൻ (സുന്ദരമൂർത്തി) ശിവന്റെ പുത്രൻ (തിരുജ്ഞാന സംബന്ധർ), ശിവന്റെ സേവകൻ (അപ്പർ അഥവാ തിരുന്നാവുക്കരശർ) കൂടാതെ ജ്ഞാനിയായ തിരുമൂലർ ശിവനു തുല്യൻ തന്നെ. ഭഗവാനും ഭക്തനും അഭേദം കല്പിച്ചിരിക്കുന്നു.

സുന്ദരമൂർത്തിനായനാർ 18 വയസ്സും തിരുജ്ഞാനസംബന്ധർ 16 വയസ്സും തിരുനാവക്കരശർ അഥവാ അപ്പർ സ്വാമികൾ 80 വയസ്സും ജീവിച്ചിരുന്നു എന്ന് കാണുന്നു. ജീവിതകാലവും പ്രവർത്തനവും തമ്മിൽ താരതമ്യം ചെയ്തുകൂടാ. നാലുകൊല്ലം മാത്രമാണ് ശിവഭക്തനെന്ന നിലയ്ക്ക് സുന്ദരമൂർത്തി ജീവിച്ചത്. 14- വയസ്സായപ്പോൾ വിവാഹം ചെയ്യാൻ പുറപ്പെട്ടപ്പോഴാണല്ലോ വൃദ്ധവേഷത്തിൽ വന്ന് ശിവൻ തടുത്താൾക്കൊണ്ടത്. ആ നാലുകൊല്ലത്തിനിടയിലാണ് രണ്ടു വിവാഹം എഴുപത്തി ഒമ്പത് ശിവക്ഷേത്ര ദർശനം ( വേദാരണ്യം മുതൽ കാളഹസ്തി വരെ ) 100 പതികങ്ങളിലായി 1016 പാട്ടുകൾ 17 രാഗങ്ങൾ എന്നീ നേട്ടങ്ങൾ. തിരുജ്ഞാന

സംബന്ധരാകട്ടെ, 13 കൊല്ലവും അപ്പർ 40 കൊല്ലവും ഭക്തജീവിതം നയിച്ചപ്പോൾ സംബന്ധർ 219 പുണ്യസ്ഥല ദർശനം, 383 പതികങ്ങളിലായി നാലായിരം പാട്ടുകൾ. അപ്പർ 126 പുണ്യസ്ഥല ദർശനം, 313 പതികങ്ങളിലായി 3064 പാട്ടുകളാണ് നേട്ടങ്ങളായി കൈവരിച്ചത്.

ചോഴനാട്ടിൽ 191, തൊണ്ടനാട്ടിൽ 32, നടുനാട്ടിൽ 22, പാണ്ടിനാട്ടിൽ 14 മലനാട്ടിൽ ഒന്ന് എന്നിങ്ങനെയാണ് നായനാർമാർ സന്ദർശിച്ച ശിവസ്ഥലങ്ങളുടെ കണക്ക്. മല നാട്, ചേരനാട് അതായത് കേരളം തന്നെ. ഇവിടുത്തെ തിരുവഞ്ചിക്കുളത്താണ് സുന്ദരമൂർത്തി അവസാനമായി എത്തിച്ചേർന്നതെന്ന് ചെങ്ങന്നൂർക്കാരനായ വിരൻമിണ്ടാരാൽ അനുസ്മരിക്കപ്പെടുന്നുണ്ട്.

**കണ്ണപ്പനായനാർ**

അവർണ്ണസവർണ്ണ ഭേദമില്ലാതെ, സ്ത്രീപുരുഷ ഭേദമന്യേ, വിവിധ തൊഴിലുകളിലേർപ്പെട്ടുകൊണ്ട് സാധാരണ ഗൃഹസ്ഥജീവിതം നയിച്ചുകൊണ്ടുതന്നെ ശിവഭക്തിയുടെ ഉച്ചകോടിയിലെത്തിച്ചേർന്നവരാണ് നായന്മാർ. കണ്ണപ്പനായനാർ കാട്ടിൽ വേട്ടയാടിയിരുന്ന തിണ്ണനാണ്. വൃദ്ധഗാത്രക്കാരനായ ഒരു ശിവഭക്തൻ, കാളഹസ്തി മലയിലെ ശിവക്ഷേത്രത്തിൽ ചെന്നപ്പോൾ ജന്മാന്തരസംസ്ക്കാരം കൊണ്ടെന്നപോലെ തിണ്ണന്റെ മനം ഉരുകി. താഴെ അരുവിയിൽനിന്നും വെള്ളം വായിൽ നിറച്ച് ഒരു കൈയിൽ പൂവും മറ്റേ കൈയിൽ വേവിച്ച മാംസവുമായിട്ടാണ് തിണ്ണൻ ശിവ സന്നിധിയിലെത്തുക. ശിവലിംഗത്തിൽ തുപ്പും. അതാണ് അഭിഷേകം. പൂവ് അർച്ചിക്കും. മാംസം നിവേദിക്കും. രാത്രിതോറും നടക്കുന്ന ഈ പൂജയുടെ അവശിഷ്ടം രാവിലെ പൂജാരി കാണും. ഞെട്ടും. കഷ്ടം! ശിവസന്നിധി ഇങ്ങനെ അലങ്കോലപ്പെടുത്തുന്നല്ലോ, ഏതു നീചനാണ് ഇങ്ങനെയൊക്കെ ചെയ്യുന്നത്?. എന്നൊക്കെയാണ് പൂജാരിയുടെ സങ്കടം. തിണ്ണന്റെ ഭക്തി പൂജാരിക്ക് നേരിട്ട് കാണിച്ചുകൊടുക്കുവാൻ ശിവൻ നിശ്ചയിച്ചു. ഒളിവിലിരുന്നുകൊണ്ട് തിണ്ണന്റെ പൂജ കാണാൻ ശിവൻ കല്പിച്ചു. ഒളിവിലിരുന്ന് പൂജാരി നോക്കിയിരിക്കെ തിണ്ണൻ വന്നു. ശിവലംഗത്തിന്റെ നയനങ്ങളിൽ നിന്നും രക്തം ഒഴുകുന്നു. കേടുള്ള കണ്ണിനു പകരം തന്റെ കണ്ണ് അമ്പു കൊണ്ട് പിഴുതെടുത്ത് പതിച്ചു. അടുത്ത കണ്ണിലും പതിക്കാനായി ചെരിപ്പിട്ട കാലുകൊണ്ട് അടയാളം വെച്ച് രണ്ടാമത്തെ കണ്ണ് പിഴുതെടുക്കാൻ ശ്രമിക്കവേ ഭക്തവത്സലനായ ശിവൻ " കണ്ണപ്പാ അരുത് നിന്റെ ഭക്തിക്ക് അതിരില്ല.'' എന്നു കല്പിച്ച് തിണ്ണന് കണ്ണപ്പൻ എന്ന നാമവും നഷ്ടപ്പെട്ട കണ്ണുകളും ലോകദൃഷ്ടിയിൽ പരമഭക്തനെന്ന നിലയും നല്കി അനുഗ്രഹിച്ചു.

**നന്ദനാർ**

പ്രസിദ്ധമായ നന്ദനാരുടെ ചരിത്രവും പെരിയപുരാണത്തിൽ വിസ്തരിക്കുന്നുണ്ട്. 'തിരുനാളൈ ചോവാർ നായനാർ' എന്നാണ് അദ്ദേഹത്തിന് ഭക്തലോകത്തിൽ പ്രസിദ്ധമായ പേര്. ഹരിജനായ നന്ദൻ ശിവക്ഷേത്രങ്ങളിലെ വാദ്യങ്ങൾക്ക് വേണ്ട തോലും തോൽ വാറും സമർപ്പിച്ചുകൊണ്ടും സദാ ശിവനെ സ്മരിച്ചുകൊണ്ടും കാലം കഴിച്ചു. ചിദംബര നടരാജനെ ദർശിക്കാൻ നാളെ പോകും നാളെ പോകും എന്ന് സദാ ആഗ്രഹിച്ചിരുന്നതുകൊണ്ട് അദ്ദേഹത്തെ തിരുനാളൈചോവാർനായനാർ എന്ന് പെരിയ പുരാണത്തിൽ നിർദ്ദേശിച്ചിരിക്കുന്നു. ആഗ്രഹിച്ച പോലെ തന്നെ ചിദംബരം ദർശനം സിദ്ധിച്ച് അദ്ദേഹം കൃതാർത്ഥനായി. "ചിദംബരം പോകാമൽ ഇരുപേനോ നാൻ?'' ഇത് അദ്ദേഹം സദാ ഉരുവിട്ടുകൊണ്ടിരുന്ന പ്രാർത്ഥനയായിരുന്നു.

**തിരുന്നാവക്കരശർ അഥവാ അപ്പർ സ്വാമികൾ**

തിരുന്നാവക്കരശർ എന്നത് സാക്ഷാൽ ശിവൻതന്നെ തന്റെ ഭക്തനു നല്കിയ ബിരുദമാണ്. തിരുവാമൂർ എന്ന സ്ഥലത്ത് സമ്പന്നരായ കർഷക ദമ്പതികൾക്ക് രണ്ടു മക്കളുണ്ടായിരുന്നു. ജ്യേഷ്ടത്തി തിലകവതിയാർ, അനുജൻ മരുണിക്കിയാർ. ഇദ്ദേഹമാണ് തിരുന്നാവക്കരശർ അഥവാ അപ്പർ സ്വാമികൾ. സേനാപതിയെ തിലകവതിക്കു ഭർത്താവായി നിശ്ചയിച്ചു എങ്കിലും വിവാഹത്തിന് മുമ്പ് പ്രതിശ്രുത വരൻ യുദ്ധത്തിൽ കൊല്ലപ്പെട്ടു. മറ്റൊരു വിവാഹത്തിലേർപ്പടാൻ തിലകവതി തയ്യാറായില്ല. ശിഷ്ടജീവിതം ശിവസേവയിൽതന്നെ കഴിക്കാൻ നിശ്ചയിച്ചു. മരുണീക്കായിരാകരട്ട ബുദ്ധസന്യാസികളുടെ മഠത്തിൽ ചെന്ന് ദീർഘകാലം ബുദ്ധമത തത്ത്വങ്ങൾ അഭ്യസിച്ച് ധർമ്മസേനൻ എന്ന പേരിൽ പ്രസിദ്ധനായി. ജ്യേഷ്ടത്തിക്ക് സങ്കടം. പരമ്പരാഗതമായ ശിവഭക്തി വെടിഞ്ഞ് അനുജൻ ബുദ്ധമതത്തിൽ ചേർന്നല്ലോ എന്നായിരുന്ന അവരുടെ സങ്കടം. ഒരിക്കൽ ധർമ്മസേനന് കലശലായ വയറുവേദന. മന്ത്രതന്ത്രങ്ങളെല്ലാം നിഷ്ഫലമായപ്പോൾ ജ്യേഷ്ടത്തിയുടെ അരികിലെത്തി. ശിവ ഭസ്മം കൊണ്ടുതന്നെ തന്റെ രോഗം അത്ഭുതകരമായി ശമിച്ചപ്പോൾ മനോഹരമായ സ്തുതികൾ കൊണ്ട് ധർമ്മസേനൻ ശിവനെ സ്തുതിച്ചു. അപ്പോൾ ശിവൻ അരുളിയ ബിരുദമാണ് 'നാവുക്കരശർ'. വാക്കിൽ വല്ലഭനെന്നർത്ഥം ബുദ്ധമതാനുയായിയായ പല്ലവരാജാവിനെ കൊണ്ട് ബുദ്ധ ഭിഷുക്കൾ അപ്പരെ പലവാറു പീഡിപ്പിച്ചു. ചുണ്ണാമ്പു ചൂളയിലിട്ടു, വിഷം കൊടുത്തു, ആനയെക്കൊണ്ട് ആക്രമിപ്പിച്ചു, കല്ലിൽ കയറുകെട്ടി കടലിലിട്ടു. എല്ലാ അപായങ്ങളിൽ നിന്നും അപ്പർ രക്ഷപ്പെട്ടതു കണ്ടപ്പോൾ മന്നൻ മനം മാറി ശിവഭക്തനായി തീർന്നു. അൻപതുവയസ്സുവരെ ജീവിച്ചിരുന്ന അപ്പർ 40 ലേറെ കൊല്ലം ശിവഭക്തി പ്രചരിപ്പിച്ചുകൊണ്ട് അനകം കീർത്തനങ്ങൾ പാടിക്കൊണ്ട് ധന്യജീവിതം നയിച്ചു.

**കാരക്കാലമ്മയാർ**

കാരക്കാലമ്മയാരുടെ ചരിത്രം അത്ഭുതകരമാണ്. ചോഴനാട്ടിൽ കാരക്കാൽ നഗരത്തിൽ ധനദത്തനെന്ന വ്യാപാരിയുടെ മകളായിരുന്ന പുനിതവതി. പരമദത്തനെന്ന വ്യാപാരി പുനിതവതിയെ വിവാഹം ചെയ്ത് കാരക്കാലിൽ തന്നെ വ്യാപാരം നടത്തിപോന്നു. ഒരു ദിവസം ഭർത്താവ് വീട്ടിലേക്ക് രണ്ടു മാമ്പഴം കൊടുത്തയ്ച്ചു. ഭാര്യ അതിലൊന്ന് വിരുന്നുവന്ന ശിവഭക്തന് കാണിക്കയർപ്പിച്ചു. ഭർത്താവായ പരമദത്തൻ ഉച്ചഭക്ഷണത്തിനിരുന്നു. ഒരു മാമ്പഴം വിളമ്പി. മറ്റേതും കൊണ്ടുവരു എന്നു പറഞ്ഞു. മറ്റേതവിടെ? വന്ന ശിവഭക്തന് കൊടുത്തു എന്ന് സത്യം പറയാൻ മടിച്ച്, അകത്തുപോയി ഭഗവാനോട് പ്രാർത്ഥിച്ചപ്പോൾ ശിവന്റെ അനുഗ്രഹം കൊണ്ട് ഒരു മാമ്പഴം കൈയിൽ വന്നു വീണു. അത് വളരെ സ്വാദിഷ്ടമായി തോന്നിയപ്പോൾ പരമദത്തൻ യഥാർത്ഥമെന്താണെന്നാരാഞ്ഞു. സത്യം തുറന്ന് പറഞ്ഞപ്പോൾ അങ്ങിനെയാണെങ്കിൽ മറ്റൊരു മാമ്പഴം ശിവനോട് ചോദിച്ചു വാങ്ങുക എന്ന് ഭർത്താവ് പുനിതവതിയോടാവശ്യപ്പെട്ടു. ശിവൻ കനിഞ്ഞു വീണ്ടും നല്കിയ മാമ്പഴം ഭർത്താവിന്റെ കൈയിൽ വെച്ച ഉടൻ തന്നെ അതു മറഞ്ഞു. ഇത്രയും ദിവ്യത്വമുള്ള ഒരു സ്ത്രീയെ പത്നിയായി കരുതുക പാപമാണെന്ന് വിചാരിച്ച ഭർത്താവ് അവിടം വിട്ട് മറ്റൊരു നഗരത്തിൽ ചെന്നു വ്യാപാരം തുടങ്ങുകയും അവിടെത്തന്നെ ഒരു സ്ത്രീയെ വിവാഹം കഴിക്കുകയും ചെയ്തു. ആ ദമ്പതികൾക്കുണ്ടായ മകൾക്ക് പുനിതവതിയെന്ന് നാമകരണവും ചെയ്തു. തന്നെ വിട്ടുപോയ ഭർത്താവ് മറ്റൊരു നഗരത്തിൽ വിവാഹം കഴിച്ചു താമസിക്കുന്നുണ്ടെന്ന് അറിഞ്ഞ പുനിതവതി ബന്ധുക്കളോടൊത്ത് അങ്ങോട്ട് പുറപ്പെട്ടു അവരെ കണ്ട ഉടൻതന്നെ പരമദത്തൻ ഭാര്യയോടും മക്കളോടുമൊത്ത് പുനിതവതിയെ സാഷ്ടാംഗം പ്രണമിച്ച് ആശീർവദിക്കണേ എന്നപേക്ഷിച്ചു. അതോടെ വിരക്തിയുണ്ടായ പുനിതവതി തന്റെ യൗവ്വനയുക്തമായ ശരീരം മാറ്റിത്തരണേയെന്ന് ശിവനോടപേക്ഷിച്ചു. കേവലം അസ്ഥികൂടം മാത്രമായ, കാണുന്നവരെല്ലാം ഭയപ്പെടുന്ന പിശാചിന്റേതുപോലെയുള്ള ഒരു രൂപമാണ് പുനിതവതിക്ക് സിദ്ധിച്ചത്. ആ ഉടലോടെ കൈലാസത്തിലെത്തി. ശിവൻ അവരെ ആദരവോടെ സ്വീകരിച്ച് ! "അമ്മേ, വരൂ" എന്നു വിളിച്ചു. അങ്ങിനെ പുനിതവതി കാരക്കാൽ അമ്മയാരെന്ന പേരിൽ സുപ്രസിദ്ധയായി തീർന്നു.

**തിരുജ്ഞാന സംബന്ധർ**

തമിഴ്നാട്ടിലെ പ്രസിദ്ധമായൊരു ശിവസംഘമാണ് ചീകാഴി. ചീർകാഴിയെന്നും പറയും. അവിടെ ശിവപാദഹൃദയൻ ഭഗവതിയെന്ന ദമ്പതികൾക്ക് ഒരു പുത്രനുണ്ടായി. പിതാവിന്റെ ഉള്ളുചുട്ട പ്രാർത്ഥനയുടെ ഫലമായിട്ടാണ് പുത്രൻ പിറന്നത്. ശിവഭക്തി കുറഞ്ഞു പോകുന്നതു കണ്ട് അതിനെ ഉദ്ധരിക്കാൻ പോന്ന ഒരു പുത്രനുവേണ്ടി

പ്രാർത്ഥിച്ചതിന്റെ ഫലമായാണ് തിരുജ്ഞാന സംബന്ധർ അവതരിച്ചത്. മൂന്നാമത്തെ വയസ്സിൽ പാർവ്വതീദേവിതന്നെ പാലുകൊടുത്ത അസാധാരണ ഭാഗ്യം സിദ്ധിച്ച സംബന്ധർ പിന്നീട് അനേകം ശിവക്ഷേത്രങ്ങളിൽ ചെന്ന് ശിവസ്തുതി പാടി. പാണ്ഡ്യദേശത്തെ രാജ്ഞിയായ മങ്കയർക്കരശിയുടെ അഭ്യർത്ഥന അനുസരിച്ച് ബുദ്ധമതത്തെ വാദത്തിൽ തോല്പിച്ച് ശിവഭക്തി പ്രചരിപ്പിച്ചു.

**തിരുമൂലർ**

3000 പാട്ടുകളുള്ള തിരുമന്ത്രം എന്ന ഗ്രന്ഥം രചിച്ച പരമഭക്തനാണ് തിരുമൂലർ. കൈലാസത്തിൽ നിന്ന് തമിഴ്നാട്ടിലേക്ക് വന്ന ഒരു സിദ്ധനാണ് അദ്ദേഹം. തിരുവാടുതുറൈ എന്ന സ്ഥലത്തെത്തിയപ്പോൾ അവിടെ മരിച്ചുകിടന്ന മൂലനെന്ന ഇടയന്റെ ശരീരത്തിൽ പരകായപ്രവേശവിദ്യ കൊണ്ട് പ്രവേശിച്ചു. തുടർന്ന് അദ്ദേഹം തിരുമൂലരായി തന്നെ ജീവിച്ചു.

പെരിയപുരാണത്തിൽ വർണ്ണിക്കപ്പെട്ട ഭക്തചരിത്രത്തിലെ ചെറിയൊരു ഭാഗത്തിന്റെ സംക്ഷിപ്തരൂപമാണിവിടെ രേഖപ്പെടുത്തിയത്. തിരുനീലകണ്ഠനായനാർ, തിരുനീലകണ്ഠയാഴ്പാണർ, ചിറുത്തൊണ്ടർ, അപ്പൂതിഅടിയർ, മങ്കയർകരശിയാർ, വിറൻമിണ്ടാർ, തിരുനല്ലവാഴ്അന്തണർ, അതിപത്തർ, കലിക്കാമർ, തുടങ്ങി നിരവധി ശിവഭക്തൻമാരുടെ ചരിത്രം രോമാഞ്ചജനകമാം വണ്ണം വർണ്ണിച്ചിരിക്കുന്നുവെന്ന് ഇവിടെ സ്മരിക്കമാത്രം ചെയ്യുന്നു.

അവലംബം : പെരിയപുരാണം. ജി. വാല്മികിനാഥൻ,
(ഇംഗ്ലീഷ്) - ശ്രീ രാമകൃഷ്ണമഠം, മദ്രാസ്.

പെരിയപുരാണം : ദുർഗ്ഗാദാസ് എസ്. കെ. സ്വാമി.
(തമിഴ്ഗദ്യം) - പ്രേമാ പ്രസിദ്ധീകരണം

ഓം തത് സത് : ശ്രീരമണാർപ്പണമസ്തു.

# ഭഗവാൻ ശ്രീ രമണമഹർഷി

**രാധാകൃഷ്ണൻ**

''ജീവന്മുക്തനായ ഭഗവാൻ രമണമഹർഷിയുടെ ചരിത്രം വ്യക്തിപരമായ ഒരു ജീവിത ചരിത്രമല്ല, സമഷ്ടിയായ ഒരാത്മാവിന്റെ പ്രകാശനമാണ്. ദേഹത്തിന്റെ ചേഷ്ടകളല്ല ദേഹിയുടെ ചേഷ്ടിതങ്ങളാണ്'' ശ്രീ രാമവർമ്മ അപ്പൻ തമ്പുരാന്റെ വാക്കുകളാണിവ. വളരെ ചെറുപ്പത്തിൽ തന്നെ ആത്മജ്ഞാനം നേടിയ ആ ഋഷിവര്യനെ സ്മരിക്കുന്നതുപോലും സത്യത്തിന്റെ-വെളിച്ചത്തിന്റെ-മാർഗ്ഗത്തിലേയ്ക്കു നമ്മെ നയിക്കാതിരിക്കുകയില്ല. സനാതന സത്യത്തിന്റെ മൂർത്തിമത് ഭാവമായ ആ നിത്യ മുക്തന്റെ ജീവിതം സ്വാഭാവികമായും പരിശുദ്ധവും അതിലളിതവുമായിരുന്നു.

ഭഗവാൻ പലപ്പോഴും പറയാറുണ്ടായിരുന്നു തന്റെ ഉപദേശങ്ങളുടെ രഹസ്യം അതിന്റെ രഹസ്യമില്ലായ്മ തന്നെയാണെന്നത്. അതുപോലെ തന്റെ ജീവിതത്തിലെ ഏററവും നിസ്സാരമായി തോന്നുന്ന കാര്യം പോലും പറയാൻ ഭഗവാൻ മടി കാണിച്ചിരുന്നില്ല. ആ ജ്ഞാനസ്വരൂപന്റെ ജീവിതം ഒരു തുറന്ന പുസ്തകം തന്നെയായിരുന്നു.

മധുരയിൽ നിന്ന് 30 മൈൽ തെക്കുമാറി തിരുച്ചുഴി എന്ന പുരാതനമായ പുണ്യഗ്രാമത്തിൽ 1879 ഡിസംബർ 30-ാം തിയ്യതി വെളുപ്പിന് 1 മണിയ്ക്കാണ് പില്ക്കാലത്ത് ഭഗവാൻ രമണമഹർഷിയെന്ന പേരിൽ ലോകശ്രദ്ധ പിടിച്ചു പററിയ വെങ്കിടരാമന്റെ ജനനം. ഇതേ തിരുച്ചുഴിയിലാണ് തമിഴ് ശൈവ സന്യാസി ശ്രേഷ്ഠരായ സുന്ദരമൂർത്തിയും മാണിക്യ വാചകരും പാടി പുകഴ്ത്തിയ പ്രസിദ്ധമായ ഭൂമിനാഥ ശിവക്ഷേത്രം സ്ഥിതി ചെയ്യുന്നതും. ആ കുട്ടി ഭൂജാതനായ ദിവസമാകട്ടെ 'ആർദ്രാദർശനം' എന്ന പുണ്യ ദിനത്തിലും. നടരാജനായി പ്രത്യക്ഷപ്പെട്ട്, തന്റെ ഭക്തരെ അനുഗ്രഹിച്ചതിനെ അനുസ്മരിച്ചുകൊണ്ടുള്ള ആഘോഷം കഴിഞ്ഞ് നടരാജവിഗ്രഹം ക്ഷേത്രത്തിൽ തിരികെ പ്രവേശിക്കുന്ന അതേ സമയത്തു തന്നെയായിരുന്നു വെങ്കിടരാമന്റെ ജനനവും. ഇതൊരു യാദൃശ്ചിക സംഭവമല്ല എന്ന് പില്ക്കാല വസ്തുതകൾ തെളിയിയ്ക്കുന്നു. മററൊരു പ്രത്യേകത ഇതേ ദിവസം തന്നെയാണ് യോഗമൂർത്തിയായ ശിവന്റെ അലൗകികമായ പ്രകാശധാര അരുണാചലത്തിൽ പ്രത്യക്ഷപ്പെട്ടതും. പിൽക്കാലത്തെ രമണമഹർഷിയിൽ കൈലാസനാഥന്റെ ഈ രണ്ടു ഭാവങ്ങളും-അചലമായ, കേവലബോധമായ അരുണാചലവും പ്രചണ്ഡമായ, ഊർജ്ജതാണ്ഡവമായ നടരാജനും - സമഞ്ജസമായി സമ്മേളിച്ചതിന്റെ നാന്ദിയായി ഇതിനെ കണക്കാക്കാം.

തന്റെ മാതാപിതാക്കളെപ്പററി ഭഗവാൻ ഇങ്ങനെയാണ് അഭിപ്രായപ്പെട്ടത്." ഒരു യഥാർത്ഥ ജ്ഞാനിയുടെ മനസ്സും ഹൃദയവും എല്ലായ്പ്പോഴും ആത്മനിഷ്ഠമായി തന്നെ സ്ഥിതി ചെയ്യുന്നു. അത് അസ്തമന സൂര്യന്റെ നിറമാർന്ന അരുണാചലത്തിൽ നിന്ന് മാത്രമേ

ഉൽഭവിക്കാൻ സാധ്യമാകു. എന്നിരുന്നാലും എന്റെ അച്ഛൻ വൃക്ഷങ്ങളാൽ നിബിഡമായ തിരുച്ചുഴിയിലെ സുന്ദരവും എന്റെ അമ്മ അഴകമ്മാളും ആയിരുന്നു''. സുന്ദരഅയ്യർ–അഴകമ്മാൾ ദമ്പതികളുടെ മൂന്ന് ആൺമക്കളിൽ രണ്ടാമനായിരുന്നു വെങ്കിടരാമൻ. ദയയും ഭക്തിയും ദാനവും ഈ ദമ്പതികളുടെ പ്രത്യേകതയായിരുന്നു. സുന്ദരം അയ്യർ വളരെ സ്വാധീനമുള്ള, പൊതുജന സമ്മതനായ ഒരു വക്കിൽ ആയിരുന്നു.

ജനനസമയത്തു തന്നെ ആ കുട്ടി ഒരു ആത്മീയ ഗുരുവായി തീരുമെന്ന പ്രവചനവും ആ കുടുംബത്തിലെ ഓരോ തലമുറയിലെ ഒരാളെങ്കിലും സന്യാസം സ്വീകരിച്ചിരുന്നു എന്ന പാരമ്പര്യവും ആ ദമ്പതികൾക്ക് വെങ്കിടരാമന്റെ ഭാവിയെപ്പററി ഉൽകണ്ഠ നല്കി. എന്നാൽ ബാല്യകാലത്ത് അസാധാരണമായി യാതൊന്നും ആ കുട്ടിയിൽ കാണാത്തതിൽ അവർ ആശ്വസിച്ചു. പ്രാഥമിക വിദ്യാഭ്യാസം വെങ്കിടരാമൻ തിരുച്ചുഴിയിലും ഡിണ്ടിക്കലിലുമായി കഴിച്ചു കൂട്ടി. പഠിത്തത്തേക്കാളേറെ കളികളിലും മററുമായിരുന്നു ആ കുട്ടിയുടെ താൽപര്യം. സ്വാഭാവികമായ ബുദ്ധിയും സാമർത്ഥ്യവുമുണ്ടായിരുന്ന വെങ്കിടരാമന്റെ പ്രധാന വിനോദങ്ങൾ. ഗുസ്തി, നീന്തൽ, ഫുട്ബോൾ കളി, മററു കായിക പരിശീലനങ്ങൾ ഇവയായിരുന്നു. നല്ല ഉറച്ച ശരീരവും ആരോഗ്യവുമുള്ള ഒരു ബാലനായിതീർന്നു വെങ്കിടരാമൻ.

ആകസ്മികമായിരുന്നു സുന്ദരയ്യരുടെ മരണം. അതു ആ കുടുംബത്തെ വല്ലാതെ തളർത്തി വെങ്കിടരാമന് അന്ന് വയസ്സു 12 മാത്രം. മധുരയിലുള്ള അമ്മാവനായ സുബയ്യ രോടൊപ്പമായി വെങ്കിടരാമന്റെയും ജ്യേഷ്ഠനായ നാഗസ്വാമിയുടെയും താമസം. അവിടത്തെ സേ്കാട്ടിന്റെ മിഡിൽ സ്ക്കൂളിലും പിന്നിട് അമേരിക്കൻ മിഷൻ സ്ക്കൂളിലുമായി വിദ്യാഭ്യാസം തുടർന്നു. പ്രകടമായ താൽപര്യം പഠനവിഷയങ്ങളിൽ ഒന്നും കാണിച്ചിരുന്നില്ല ആ വിദ്യാർത്ഥി. എന്നാൽ ആരോഗ്യവും ശക്തിയും മററു വിദ്യാർത്ഥികളെക്കാൾ വളരെ കൂടുതലായിരുന്നു. പൊരുതി ജയിക്കാൻ അസാധ്യമായതുകൊണ്ട് മററു വിദ്യാർത്ഥികൾ പ്രതികാരം ചെയ്തിരുന്നത് വെങ്കിടരാമൻ ഉറങ്ങുമ്പോഴായിരുന്നു. ഉറക്കത്തിൽ എന്തു സംഭവിച്ചാലും ആ കുട്ടി അറിയുമായിരുന്നില്ല. ഇതും പിന്നീട് സമാധിസ്ഥനായി കഴിച്ചു കൂട്ടിയ നാളുകളുടെ മുന്നോടിയായി തന്നെ കണക്കാക്കാം. എല്ലാ കളികളിലും വിജയിച്ചിരുന്ന ആ കുട്ടിയെ "തങ്കകൈ" എന്ന് വിളിച്ച് സതീർത്ഥ്യർ ആദരിച്ചിരുന്നു. അടുത്തുള്ള ക്ഷേത്രങ്ങളിൽ പതിവായി പോയിരുന്ന വെങ്കിടരാമന് ദൈവത്തെപ്പററിയും സൃഷ്ടിയെപ്പററിയും ചില ഉറച്ച വിശ്വാസങ്ങൾ ഉണ്ടായിരുന്നതായി വേണം ഊഹിക്കാൻ. സബ്ജാൻ എന്ന ഒരു മുസ്ലീം സഹപാഠിയെ നിർബന്ധിച്ച് അമ്പലത്തിൽ കൂട്ടികൊണ്ടുവരുമായിരുന്നു. വരാൻ മടി കാണിക്കുന്ന

തന്റെ കൂട്ടുകാരനോട് വെങ്കിടരാമൻ പറയുമായിരുന്നത്രേ. " ദൈവത്തിന്റെ ദൃഷ്ടിയിൽ ഒരു വിവേചനവും ഇല്ല. ദൈവം എല്ലാവർക്കും ഒന്നു തന്നെ. വ്യതാസം മനുഷ്യന്റെ സൃഷ്ടിയാണ്." അന്നത്തെ സാമൂഹ്യ പശ്ചാത്തലം കണക്കിലെടുക്കുമ്പോൾ ഇത് ഒരു ധീരമായ പ്രഖ്യാപനം തന്നെ .

1895 അവസാനത്തോടെയാണ് വെങ്കിടരാമനിൽ വരാൻ പോകുന്ന സമൂലമായ മാററത്തിന്റെ പ്രകടമായ ലക്ഷണം ആദ്യമായി കാണുന്നത്. യാദൃശ്ചികമായി തന്റെ ഒരകന്നബന്ധുവിൽ നിന്ന് ആ ബാലൻ അരുണാചലത്തേക്കുറിച്ച് കേൾക്കാനിടയായി. അരുണാചലം എന്ന വാക്കുകേട്ട മാത്രയിൽ ആ കുട്ടിയുടെ അന്തഃ കരണത്തിലൂടെ ഒരു ദിവ്യദർശനം മിന്നിമറഞ്ഞു. തന്റെ ഉള്ളിലോട്ടുള്ള വാതായനങ്ങൾ മലർക്കെ തുറന്നതുപോലുള്ള ഒരനുഭവം. അവാച്യമായ ഒരനുഭൂതിയിൽ ആണ്ടു പോയ ആ ബാലൻ തികഞ്ഞ ആശ്ചര്യത്തോടെ 'എവിടെയാണ് അരുണാചലം' എന്ന് ആരാഞ്ഞു. തിരുവണ്ണാമല തന്നെയാണ് അരുണാചലം എന്നായിരുന്നു കിട്ടിയ ഉത്തരം . ഈ സംഭവത്തെപ്പററി മഹർഷി പിന്നീട് ഇപ്രകാരമാണ് പറഞ്ഞിരിക്കുന്നത്: " ഓ എന്തൊരത്ഭുതം! അത് ചൈതന്യരഹിതമായ ഒരു കുന്ന് എന്ന പോലെ സ്ഥിതി ചെയ്യുന്നു. അതിന്റെ പ്രവൃത്തികൾ ആർക്കും മനസ്സിലാക്കുവാൻ സാധ്യമല്ല. ബാല്യകാലം മുതൽക്കുതന്നെ അരുണാചലം വളരെ മഹത്തരമായ ഏതൊ ആണെന്ന് എന്റെ ബുദ്ധിയിൽ തോന്നിയിരുന്നു . എന്നാൽ മറെറാരാളിൽ നിന്ന് തിരുവണ്ണാമല തന്നെയാണ് അരുണാചലം എന്ന് മനസ്സിലാക്കിയപ്പോഴും അതിന്റെ പൊരുൾ എനിക്കു വ്യക്തമായില്ല. അത് എന്റെ മനസ്സിനെ തികച്ചും നിശ്ചല:മാക്കിക്കൊണ്ട്, എന്നെ തന്റെ സമീപത്തേക്കടുപ്പിച്ചപ്പോൾ, ഞാൻ അതിന്റെ സമീപത്ത് വന്നെത്തിയപ്പോൾ, അത് അചലമാണെന്ന് എനിക്കു മനസ്സിലായി" ആയിടെ നടന്ന മറെറാരു സംഭവവും ആദ്ധ്യാത്മികതയുടെ അഗാധ തലങ്ങളിലേക്ക് ആ ബാലനെ കൊണ്ടു പോയി. തമിഴകത്തെ 63 ശിവഭക്തൻമാരുടെ ജീവിതങ്ങളെ വിശദീകരിക്കുന്ന ' പെരിയ പുരാണം' എന്ന ഗ്രന്ഥം ആ കുട്ടി വായിക്കാനിടയായി. 'ആദ്ധ്യാത്മിക വിജ്ഞാനത്തെക്കുറിച്ച് വെങ്കിടരാമൻ വായിച്ച ആദ്യത്തെ ഗ്രന്ഥവും ഇതു തന്നെ. ഉൽക്കടമായ ഭക്തിയും വൈരാഗ്യവും ഈ ഒരൊററ ഗ്രന്ഥവായനയിൽ കൂടി ആ ജിജ്ഞാസുവിൽ രൂഢമൂലമായി തീർന്നു. ഗാഢമായ ധ്യാനത്തിലേക്ക് അത് നയിക്കുകയും ചെയ്തു. ഭഗവാൻ പിന്നീട് ആ പുസ്തകം തന്നിൽ ചെലുത്തിയ വലിയ സ്വാധീനത്തെ പലപ്രാവശ്യം എടുത്തു പറയുകയുണ്ടായിട്ടുണ്ട്.

ഈ രണ്ടു സംഭവങ്ങളും - അരുണാചലേശ്വരന്റെ യാദൃശ്ചികമായ തിരുനാമ ശ്രവണവും പെരിയപുരാണം വായനയും- മരണസാക്ഷത്കാരത്തിലേക്കും തുടർന്നുണ്ടായ ആത്മജ്ഞാനത്തിലേക്കും നയിച്ചു. നിമിഷമാത്രം കൊണ്ട് തന്നെ നിത്യമുക്തനായി തീർന്നു. ആ ആത്മാനുഭൂതി മഹർഷിയുടെ തന്നെ വാക്കുകളിൽ ഇപ്രകാരം വിവരിക്കുന്നു.

" മധുരയിൽ നിന്ന് എന്നത്തേയ്ക്കുമായി പോകുന്നതിന് ഏതാണ്ട് ആറാഴ്ച മുൻപാണ് എന്റെ ജിവിതത്തിലെ ഏററവും വലിയ മാറ്റം സംഭവിച്ചത് . അതു വളരെ പെട്ടെന്നായിരുന്നു. അന്ന് ഞാൻ എന്റെ അമ്മാവന്റെ വീട്ടിലെ ഒന്നാം നിലയിലെ മുറിയിൽ ഒററയ്ക്ക് ഇരിക്കുകയായിരുന്നു. സ്വതവേ അരോഗദൃഢഗാത്രനായ എനിക്ക് അന്ന് യാതൊരു അസുഖവുമില്ലായിരുന്നു. എന്നാൽ പെട്ടെന്ന് മരണത്തെക്കുറിച്ചിട്ടുള്ള ഒരു ഭയം എന്നെ പിടി കൂടി.. ഞാൻ മരിക്കാൻ പോകുന്നതായി എനിക്ക് തോന്നി . മരണഭയം എന്നെ അന്തർമുഖനാക്കി. ഞാൻ ആത്മാന്വേഷണത്തിലേക്കു തിരിഞ്ഞു. ഞാൻ സ്വയം പറഞ്ഞു ഇപ്പോൾ മരണം സമീപിച്ചിരിക്കുന്നു. അതിന്റെ അർത്ഥമെന്താണ്? മരണം എന്നാൽ എന്താണ് ? എന്താണ് മരിക്കുന്നത് ? ഈ ശരീരം മരിക്കുന്നു' ഉടൻ തന്നെ തന്റെ ശരീരം മരവിച്ചപോലെ, മരണം അഭിനയിച്ചു കൊണ്ട് കിടന്നു..... ഇനി എന്താണ് സംഭവിക്കാൻ പോകുന്നത് ? ''ശരി , ഈ ശരീരം ഇപ്പോൾ മരിച്ചിരിക്കുന്നു. പക്ഷേ ഈ ശരീരത്തിന്റെ മരണത്തോടുകൂടി ഞാൻ മരിക്കുന്നുവോ ? ഈ ശരീരമാണോ ഞാൻ ? ഈ ശരീരം ചലന ശേഷിയില്ലാത്ത വെറും ജഡം മാത്രം പക്ഷേ ഞാൻ എന്നെ ശരിയായി വ്യക്തമായി മനസ്സിലാക്കുന്നു. ശരീരത്തിൽ നിന്ന് വ്യതിരിക്തമായ ആത്മാവാണ് ഞാൻ. ശരീരത്തെ അതിജീവിക്കുന്ന ആത്മാവിനെ മരണത്തിന് തൊടാൻ പോലും സാദ്ധ്യമല്ല. അതിന്റെ അർത്ഥം ഞാൻ മരണരഹിതമായ, അനശ്വരമായ ആത്മാവുതന്നെയാണ്.'' ഇത് വെറും യുക്തിയുടെയോ ബുദ്ധിയുടെയോ ഫലമായുണ്ടായതല്ല. പിന്നെയോ, ആത്മാനുഭൂതി വളരെ വ്യക്തമായി അദ്ദേഹം അനുഭവിച്ചതാണ് എന്ന് മഹർഷി തന്നെ പറഞ്ഞിരിക്കുന്നു. സത്യത്തെ നേരിൽ അനുഭവിച്ച അദ്ദേഹത്തിൽ നിന്ന് ആ നിമിഷം മുതൽ മരണഭയം വിട്ടുമാറി, ആത്മനിഷ്ഠനായി തീർന്നു. ഈ അനുഭവം ഏതാണ്ടു അരമണിക്കുറോളം നീണ്ടുനിന്നു നിരന്തരവും കഠിനവുമായ യാതൊരു സാധനയും കൂടാതെതന്നെ യുവാവായ വെങ്കട്ടരാമൻ അങ്ങനെ ആദ്ധ്യാത്മികതയുടെ ഉത്തുംഗശൃംഗങ്ങളിലേക്ക് - ആത്മജ്ഞാനത്തിന്റെ അഗാധതലങ്ങളിലേക്ക് - എത്തിച്ചേർന്നു. പൊടുന്നനെ പ്രകാശിച്ച ആ ആത്മജ്ഞാനം നിമിഷമാത്രം കൊണ്ട് ആ പുണ്യാത്മാവിനെ നിത്യമുക്തനാക്കി തീർത്തു. 16-ാം വയസ്സിൽ തെളിഞ്ഞനുഭവിച്ച ഈ സ്ഥിതപ്രജ്ഞത മഹർഷിയുടെ ജീവിതത്തിൽ പിന്നെ ഒരു നിമിഷംപോലും വിട്ടുപിരിഞ്ഞിട്ടില്ല. ഭഗവാന്റെ പിൽക്കാല ഭക്തൻമാരിലൊരാളായ ശ്രീ ശിവപ്രകാശം പിള്ളയുടെ വാക്കുകളിൽ "ശ്രീ ഭഗവാൻ ബ്രഹ്മജ്ഞാനം എന്ന പരമപദം പ്രാപിച്ചപ്പോൾ അദ്ദേഹത്തിന് ബ്രഹ്മം എന്ന പദം പോലും അറിയുകയില്ലായിരുന്നു".

ഈ സംഭവം ആ യുവാവിൽ പ്രകടമായ പല മാററങ്ങളും വരുത്തിത്തീർത്തു. കൂട്ടുകാരിലോ അദ്ധ്യയനത്തിലോ, എന്തിന് ഭക്ഷണത്തിൽ പോലും ശ്രദ്ധചെലുത്താതായി. ചുററുപാടുകളോട് തീർത്തും നിസ്സംഗനായി തീർന്ന വെങ്കിടരാമന് ഏകാന്തതയും

ധ്യാനവും അന്തർമുഖത്വവും അഭികാമ്യമായിതീർന്നു. സമീപത്തുള്ള മീനാക്ഷി സുന്ദരേശ്വര ക്ഷേത്രത്തിൽ ഭക്ത്യാദര പൂർവ്വം ദർശനം നടത്തുക പതിവാക്കി. പിന്നീടാണ് താൻ അനുഭവിയ്ക്കുന്ന അവാച്യമായ ആനന്ദം വളരെ അപൂർവ്വം പേർക്ക്, അതും നിതാന്തസാധനങ്ങളിൽ കൂടി മാത്രം, കൈവരുന്ന, മഹത് ഗ്രന്ഥങ്ങളിൽ പ്രകീർത്തിക്കുന്ന, ആത്മാസാക്ഷാത്കാരമാണെന്നു തന്നെ മനസ്സിലാകുന്നത്.

അനിവാര്യമായ അടുത്ത രംഗം അരങ്ങേറുന്നതു 1896 ആഗസ്റ്റ് 29-ാം തിയ്യതിയാണ്. വെങ്കടരാമന്റെ ഇംഗ്ലീഷ് അദ്ധ്യാപകൻ ബെയിന്റെ വ്യാകരണത്തിൽ നിന്നും ഒരു പാഠം 3 തവണ പകർത്തി എഴുതുന്നതിനുള്ള ശിക്ഷ ആ കുട്ടിയ്ക്ക് നൽകി. രണ്ടു തവണ പകർത്തി എഴുതിയശേഷം തന്റെ പ്രവർത്തിയുടെ അർത്ഥ ശൂന്യത കണ്ടറിഞ്ഞ ആ ബാലൻ പുസ്തകം മടക്കി വച്ച് ധ്യാനത്തിൽ മുഴുകി. ഇതൊക്കെ ശ്രദ്ധിച്ചു കൊണ്ടിരുന്ന വെങ്കിടരാമന്റെ ജ്യേഷ്ഠൻ അല്പം നീരസത്തോടെ പറഞ്ഞു "ഇങ്ങനെയുള്ളവന് ഇതെല്ലാം എന്തിനാണ് ?" പഠിത്തത്തിനോടുള്ള അനുജന്റെ അവഗണനയും അലൗലികമായ പെരുമാററവുമാണ് ഈ കുററപ്പെടുത്തലിനു കാരണം. തന്റെ നാടകാഭിനയം അവസാനിപ്പിക്കാറായെന്നും തനിക്കിവിടെ ഒരു കാര്യവുമില്ലയെന്നും ജ്യേഷ്ഠന്റെ വാക്കുകൾ ബോദ്ധ്യപ്പെടുത്തി. മാത്രവുമല്ല, തന്റെ പിതാവായ സർവ്വശക്തനും സർവ്വസാക്ഷിയുമായ അരുണാചലശ്വരന്റെ വിളി എത്ര നാൾ തടുക്കുവാൻ സാധിക്കും? പൂർവ്വാധികം ശക്തിയോടെ ആ ആഹ്വാനം വെങ്കടരാമന്റെ ഹൃദയത്തിൽ മുഴങ്ങിക്കേട്ടു. അമ്മയെ കാണാനുഴലുന്ന പൈതലിനെപ്പോലെ മറെറല്ലാം മറന്ന് അരുണാചലേശ്വരനെ ദർശിക്കാനും അതിൽ ലയിക്കാനുമുള്ള ഉൽക്കടമായ ത്വര ആ ബാലനെ കീഴ്പ്പെടുത്തി. യാതൊരു കാരണവശാലും പിതൃസന്നിധിയിലേയ്ക്കുള്ള തന്റെ യാത്ര തടസപ്പെടാതിരിക്കാൻ തനിക്ക് അന്നു ഉച്ചക്ക് വിദ്യാലയത്തിൽ പോകാനുണ്ടെന്ന് കളവുപറയുകയും ജ്യേഷ്ഠൻ തന്റെ ഫീസടയ്ക്കാനായി കൊടുത്ത അഞ്ചു രൂപയിൽ നിന്ന് യാത്രാകൂലിക്കായി മൂന്നു രൂപ മാത്രം എടുത്ത് ബാക്കി രണ്ടു രൂപയും ഒരെഴുത്തും പെട്ടെന്നു കാണാവുന്ന ഒരു സ്ഥലത്ത് വയ്ക്കുകയും ചെയ്ത ശേഷം വെങ്കടരാമൻ തിരുവണ്ണാമലയ്ക്കു യാത്രയായി. പോകുന്നതിനു മുൻപ് വീട്ടിലുണ്ടായിരുന്ന ഒരു പഴയ ഭൂപടത്തിൽ നിന്ന് 'തിണ്ടി വനം' എന്ന സ്റ്റേഷനാണ് തിരുവണ്ണാമലയ്ക്കു സമീപമുള്ളതായി മനസ്സിലാക്കിയിരുന്നു. (വാസ്തവത്തിൽ തിരുവണ്ണാമലയ്ക്കു തന്നെ ഒരു റെയിവേ ലൈൻ അക്കാലത്തുണ്ടായിരുന്നു. ഇതു പക്ഷേ ആ യുവാവ് അറിഞ്ഞിരുന്നില്ല.) വെങ്കടരാമൻ തന്റെ എഴുത്തിൽ ഇപ്രകാരം എഴുതിയിരുന്നു "ഞാൻ എന്റെ പിതാവിനെ അന്വേഷിച്ച് അദ്ദേഹത്തിന്റെ നിർദ്ദേശപ്രകാരം പുറപ്പെടുന്നു ഇത് മഹത്തായ ഒരു കാര്യത്തിനുവേണ്ടി പുറപ്പെട്ടിരിക്കുന്നു. അതു കൊണ്ട് ഈ പ്രവൃത്തിയിൽ ആരും ദു:ഖിക്കരുത്, ഇതിനെ അന്വേഷിക്കാനായി യാതൊരു ധന വ്യയവും ചെയ്യരുത്".

ഈ എഴുത്തിൽ നിന്ന് ആ യുവാവിന്റെ ഉയർന്ന ആദ്ധ്യാത്മികാവസ്ഥ മനസ്സിലാക്കാവുന്നതാണ്. എഴുത്ത് ആരംഭിക്കുന്നത് 'ഞാൻ' എന്നാണെങ്കിലും അടുത്ത വരിയിൽ 'ഞാൻ' 'ഇത്' ആയി തീരുന്നു. കയ്യൊപ്പിന്റെ സ്ഥാനത്ത് വെറും ഒരു വരയും. ഞാനെന്ന ഭാവം നീങ്ങി, ആത്മസംസ്ഥിതി പ്രാപിച്ചിരിക്കുന്നതിന്റെ തെളിവുതന്നെയല്ലേ ഇത്. ആത്മാവ് അരുണാചലേശ്വരനിൽ ലയിച്ചു കഴിഞ്ഞിരിക്കുന്നു. അപ്പോൾ പിന്നെ പോകുന്നതോ വെറും ശരീരം മാത്രം. ശരീരബോധം നഷ്ടപ്പെട്ട ഒരു സ്ഥിത പ്രജ്ഞനുമാത്രമേ ഈ വിധം എഴുതുവാൻ കഴിയുകയുള്ളു.

മധുരയിൽ നിന്ന് തിരുവണ്ണാമലയ്ക്കുള്ള വെങ്കടരാമന്റെ യാത്ര ഒരു ഇതിഹാസം തന്നെയാണ്. 'തിണ്ടിവന'ത്തേക്ക് ടിക്കറ്റ് എടുത്ത് വണ്ടിയിൽ കയറിയ ആ യുവാവിന് സഹയാത്രികനായ ഒരു മൗലവിയിൽ നിന്ന് തിരുവണ്ണാമലയ്ക്കുള്ള നേരിട്ട് ട്രെയിൻ അടുത്ത കാലത്ത് ഏർപ്പെടുത്തിയിട്ടുണ്ട്. എന്ന വിവരം കിട്ടി. അദ്ദേഹത്തിന്റെ നിർദ്ദേശപ്രകാരം 'വില്ലു പുരം' എന്ന സ്റ്റേഷനിലിറങ്ങി. കയ്യിൽ അവശേഷിച്ച 3 അണയിൽ നിന്ന് 1/2 അണയ്ക്കു വാങ്ങിയ രണ്ടു പഴത്തിൽ ഒരു കഷണം മാത്രമേ ഇതിനകം കഴിച്ചിരുന്നുള്ളു. വെളുപ്പിനെ വണ്ടിയിറങ്ങിയ ആ യുവാവ് തിരുവണ്ണാമലയ്ക്കുള്ള വഴി അന്വേഷിച്ചു നടന്നു. വിശപ്പും ദാഹവും കൊണ്ട് വിവശനായിത്തീർന്ന ആ ബ്രാഹ്മണയുവാവിന്റെ വേഷത്തിലും ഭാവത്തിലും ആകൃഷ്ടനായി ഒരു ഹോട്ടൽ മാനേജർ സൗജന്യമായി ആഹാരം നൽകിയതും അരുണാചലേശ്വരന്റെ കൃപ തന്നെയെന്നു പറയാം. കൈവശമുള്ള പണം 'മാമ്പളപ്പട്ട്' എന്ന സ്ഥലം വരെ മാത്രമേ യാത്ര ചെയ്യാൻ തികയുകയുള്ളു. എന്ന മനസ്സിലാക്കിയ ആ യുവാവ് അങ്ങോട്ടേയ്ക്കു ടിക്കററ് എടുത്തു. അവിടെ വണ്ടിയിറങ്ങി മുപ്പതുമൈൽ അകലെയുള്ള തിരുവണ്ണാമലയ്ക്കു കാൽനടയായി തിരിച്ചു. ഏതാണ്ട് 10 മൈൽ നടന്ന് അരയണിനല്ലൂർ എന്ന സ്ഥലംത്തെത്തി. നേരം ഇരുട്ടിക്കഴിഞ്ഞിരുന്നു. വിശപ്പും ദാഹവും കൊണ്ട് പരിക്ഷീണനായ ആ യുവാവ് അവിടുത്തെ ക്ഷേത്രത്തിനകത്ത് പ്രവേശിക്കുകയും സമാധിയിൽ ലയിക്കുകയും ചെയ്തു. അവിടെ വച്ച് ഒരു ദിവ്യമായ, അലൗകികമായ പ്രകാശം അവിടെയെങ്ങും വ്യാപിച്ചതായ ഒരനുഭൂതി കുറച്ചു സമയത്തേയ്ക്കെങ്കിലും ലഭിച്ചതായി മഹർഷി പിന്നീട് രേഖപ്പെടുത്തിയിട്ടുണ്ട്. ഇതേ സ്ഥലത്തു വച്ചു തന്നെയാണ് ശിവഭക്തനും ജ്ഞാനിയുമായ ജ്ഞാനസമ്പന്ധർക്ക് ഇതേ പോലെ ഒരു തോജോദർശനം സാദ്ധ്യമാകുന്നത്. അദ്ദേഹവും അരുണാചലത്തേയ്ക്കുള്ള തീർത്ഥയാത്രയ്ക്കിടയിലാണ് അരയണിനല്ലൂരിൽ സമാധിസ്ഥനാകുന്നത്. കാവ്യകണ്ഠമുനി ഇതു കൊണ്ടു തന്നെയാണ് ശ്രീ ജ്ഞാനസംബന്ധരും ശ്രീ രമണനും ഭഗവാൻ സ്കന്ദന്റെ അവതാരങ്ങൾ തന്നെ എന്ന് പാടി പുകഴ്ത്തിയത്.

അടുത്തുള്ള കീഴൂർ എന്ന സ്ഥലത്തെ ക്ഷേത്രത്തിൽ ആഹാരം കിട്ടുമെന്നറിഞ്ഞ് അങ്ങോട്ടേയ്ക്കു തിരിച്ച ആ യുവാവ് അവിടെയും സമാധിയിൽ മുഴുകുകയാണുണ്ടായത്.

ആ ക്ഷേത്രത്തിലെ ഒരു ജോലിക്കാരൻ കനിവു തോന്നി കൊടുത്ത അല്പം ചോറ് ഭക്ഷിക്കുന്നതിനു മുൻപ് വെള്ളമെടുക്കുവാൻ അടുത്ത ഒരു ശാസ്ത്രിയുടെ വീട്ടിലേക്കു പോകും വഴി വെങ്കടരാമൻ ബോധം കെട്ടു നിലത്തു വീണു. ബോധം വീണ്ടു കിട്ടിയ ശേഷവും അവിടെ തന്നെ കിടന്നുറങ്ങി.

പിറേറ ദിവസം –ആഗസ്റ്റ് 31.ശ്രീ കൃഷ്ണ ജയന്തിയായിരുന്നു. ഇനിയും 20 മൈൽ പിന്നിടേണ്ടതുണ്ട് തിരുവണ്ണാമലയിലെത്താൻ. തീരെ അവശനായി കഴിഞ്ഞ ആ യുവാവ് അടുത്തുള്ള മുത്തുകൃഷ്ണ ഭാഗവതരുടെ ഭവനത്തിൽ സഹായം തേടി. ദയാലുവായ ഗൃഹനായിക ധാരാളം ഭക്ഷണം നല്കി. സൽക്കരിച്ചു. ഇനിയങ്ങോട്ടുള്ള യാത്ര ട്രെയിനിൽ തന്നെയാകാമെന്നു കരുതി ഭാഗവതരിൽ നിന്ന് തന്റെ കടുക്കൻ പണയം വച്ച് 4 രൂപയും വാങ്ങി ഉച്ച ഭക്ഷണം ഭാഗവതരുടെ വീട്ടിൽ തന്നെ കഴിച്ച് വെങ്കടരാമൻ തന്റെ യാത്ര തുടർന്നു. ഗോകുലാഷ്ടമിക്കുണ്ടാക്കിയതിൽ നിന്ന് ഒരു പൊതി പലഹാരം ആ ബ്രാഹ്മണയുവാവിന് കൊടുത്തയയ്ക്കാൻ ആ സാധ്വി മറന്നില്ല.

സ്റ്റേഷനിലേയ്ക്കുള്ളയാത്രാമദ്ധ്യേ അദ്ദേഹം ഭാഗവതർ നല്കിയ മേൽവിലാസം എഴുതിയ കടലാസ് കീറി കളഞ്ഞു. തനിക്ക് ഇനി എന്തു തിരിച്ചു വരവ് ? ഇനി എന്ത് ലൗകികമായി വ്യവഹാരങ്ങൾ ? അന്നു സ്റ്റേഷനിൽ കിടന്നുറങ്ങിയ വെങ്കടരാമൻ പിറേറദിവസം രാവിലെ തിരുവണ്ണാമലയിലേയ്ക്കു ട്രെയിനിൽ യാത്ര തിരിച്ചു. ഒരു മണിക്കൂർ കൊണ്ട് അവിടെയെത്തി. എന്തത്ഭുത'ം ! ക്ഷേത്രത്തിലേക്ക് ധൃതിയിൽ നടന്നടുത്ത ആ യുവസന്യാസിയുടെ മുന്നിൽ ക്ഷേത്രത്തിലെ പുറത്തും അകത്തുമുള്ള എല്ലാ വാതിലുകളും ആ സമയത്ത് മലർക്കെ തുറന്നു നിലയിൽ കാണപ്പെട്ടു. ആരും തന്നെ അകത്തുണ്ടായിരുന്നില്ല. തന്നെ രണ്ടു കൈയും നീട്ടി സ്വീകരിക്കാൻ അരുണാചലേശ്വരൻ ഇതാ കാത്തിരിക്കുന്നതായി അനുഭവപ്പെട്ടു. ഞാനിതാ അങ്ങയുടെ ആജ്ഞ അനുസരിച്ച് എല്ലാം ഉപേക്ഷിച്ച് ഇവിടെ എത്തിയിരിക്കുന്നു. ഇനി ''എല്ലാം അവിടുത്തെ ഇഷ്ടം'' ഇതായിരുന്നിരിക്കണം അപ്പോൾ ആ യുവാവിന്റെ ചിന്ത. തന്റെ ചിരകാലഭിലാഷമായ അരുണാചലേശ്വരന്റെ മുൻപിൽ നിന്നപ്പോൾ അനുഭവിച്ച പരമാനന്ദവും ദിവ്യാനുഭൂതിയും അനിർവചനീയമത്രേ! തന്നെ സ്വയം സമർപ്പിച്ച് ആ ദിവ്യചൈതന്യവുമായി ലയിച്ചു ചേർന്നു. ആത്മാസാക്ഷാത്ക്കാര ം നേടിയ ആ ധന്യാത്മാവും ബ്രഹ്മവും തമ്മിൽ ഇനി എന്ത് വ്യതാസം?

തന്റെ ഐതിഹാസികമായ യാത്ര ഇതോടെ അവസാനിച്ചിരിക്കുന്നു. സഹജ സമാധിയിൽ തന്നെ പിന്നീടുള്ള 54 വർഷങ്ങൾ അരുണാചലേശ്വരന്റെ സമീപത്തു തന്നെ കഴിച്ചു കൂട്ടിയത് ആ ബ്രഹ്മമായി മാത്രം.

അമ്പലത്തിന് പുറത്തു കടന്ന ആ യുവ സന്യാസിയെ ആരോ മുണ്ഡനം ചെയ്തു

കൊടുത്തു. കുളക്കടവിൽ ഇറങ്ങി നിന്ന് തന്റെ കൈവശമുണ്ടായിരുന്ന പണവും പലഹാര പൊതിയും വലിച്ചെറിഞ്ഞു. ധരിച്ചിരുന്ന യജ്ഞോപവീതവും ഉപേക്ഷിച്ച് കൗപീനമാത്രധാരിയായി. സ്നാനം ചെയ്യാതെ തന്നെ ക്ഷേത്രത്തിലേക്കു തിരികെ നടന്നു. മൃതപിണ്ഡമായ ഈ ശരീരത്തെ കുളിപ്പിച്ച് ശുദ്ധിവരുത്തേണ്ട ആവശ്യമുണ്ടോ, എന്നായിരുന്നിരിക്കാം ആത്മഗതമായി പറഞ്ഞിരുന്നത്. എന്നിരുന്നാലും അത്ഭുതതരമെന്നു പറയട്ടെ, ആകസ്മികമായി പെയ്ത മഴ അദ്ദേഹത്തെ കുളിപ്പിക്കുക തന്നെ ചെയ്തു.

ആഴ്ചകളോളം ക്ഷേത്രത്തിലെ ആയിരംകാൽ മണ്ഡപത്തിൽ സമാധിയിലിരുന്ന ആ യുവ സന്യാസി കുട്ടികളുടെ ശല്യം കുടിവന്നപ്പോൾ ആ മണ്ഡപത്തിൽ തന്നെയുള്ള പാതാളലിംഗം എന്ന കുഴിയിലേക്ക് ഇരിപ്പുറപ്പിച്ചു. ചലനരഹിതനായി ദേഹബോധം തീരെ വിട്ട്, കൃമികളുടെയും പ്രാണികളുടേയും കടി പോലുമറിയാതെ അനവധി നാളുകൾ സമാധിയിൽ ലയിച്ചു. അവിടെയും കുസൃതികളായ കുട്ടികൾ കഴിയുന്നത്ര ഉപദ്രവിച്ചിരുന്നു. ബ്രാഹ്മണസ്വാമി എന്ന പേരിൽ അറിയപ്പെട്ടിരുന്ന ആ സന്യാസിയുടെ സംരക്ഷണം താമസംവിനാ ശേഷാദ്രി എന്ന ബ്രാഹ്മണൻ സ്വയം ഏററെടുത്തു. ദേഹത്തിൽ പ്രാണികളും മറ്റും കടിച്ചുണ്ടാക്കിയ വ്രണങ്ങളൊന്നുമറിയാതെ ആഹാര നീഹാരാദികളുപേക്ഷിച്ച് മൗനിയായി സമാധിസ്ഥനായി ബ്രാഹ്മണസ്വാമിയെ കണ്ട് ഭക്തജനങ്ങൾ ആശ്ചര്യപ്പെട്ടു. അവർ അദ്ദേഹത്തെ എടുത്ത് സുബ്രഹ്മണ്യക്ഷേത്രത്തിനു സമീപം ഇരുത്തി. പൂന്തോട്ടങ്ങൾ, തോട്ടങ്ങൾ, ക്ഷേത്രങ്ങൾ ഇവയിലൊക്കെയായി അദ്ദേഹം മാറി മാറി താമസിച്ച് തന്റെ ധ്യാനവും മൗനവും തുടർന്നു. മങ്കൈ പിള്ളയാർ കോവിലിൽ സമാധിസ്ഥനായി ഇരിയ്ക്കുമ്പോഴാണ് ഉദണ്ഡനയിനാർ എന്ന ഭക്തൻ അദ്ദേഹത്തിന്റെ ശിഷ്യനും പരിചാരകനുമായി തീർന്നത്. തിരുവണ്ണാമലയിൽ എത്തി ആറുമാസത്തിനകം ബ്രാഹ്മണസ്വാമി 'ഗുരുമൂർത്ത'ത്തിലേയ്ക്കു താമസം മാററി 'സ്ഥിതപ്രജ്ഞനായി ബ്രഹ്മനിഷ്ഠനായി കഴിഞ്ഞു കൂടിയ ആ ജീവന്മുക്തനെ നേരിൽ കാണുന്നതിനായി ധാരാളം ഭക്തൻമാർ ഇക്കാലത്ത് എത്തിത്തുടങ്ങി. അണ്ണാമല തമ്പിരാൻ, പഴനിസ്വാമി എന്നിവർ അദ്ദേഹത്തിന്റെ ശുശ്രൂഷയിലേർപ്പെട്ടു. കഠിനമായ തപസ്സുകൊണ്ടും ലഘുവായ ഭക്ഷണം കൊണ്ടും സ്വാമിയുടെ ശരീരം മെലിഞ്ഞ് ഒരു അസ്തിപഞ്ജരമായിതീർന്നു. ഏതാണ്ട് ഒന്നരവർഷത്തോളം ഗുരുമൂർത്തത്തിൽ കഴിഞ്ഞു കൂടിയ സ്വാമി തൊട്ടടുത്തുള്ള വെങ്കിടരാമനായ്ക്കരുടെ മാവിൻ തോട്ടത്തിലായി പിന്നെ താമസം. ഇക്കാലത്ത് പഴനിസ്വാമി നഗരത്തിലെ ഒരു ഗ്രന്ഥശാലയിൽ നിന്ന് 'കൈവല്യനവനീതം' , 'വിവേകചൂഡാമണി' മുതലായ തമിഴിൽ എഴുതിയ പുസ്തകങ്ങൾ സ്വാമിയുടെ മുൻപിൽ ഇരുന്നു വായിക്കുക പതിവായിരുന്നു. ബ്രാഹ്മണസ്വാമി തന്റെ സ്വന്തം അനുഭവത്തിൽ നിന്ന് അവയെ പഴനി സ്വാമിയ്ക്കു വ്യാഖാനിച്ചുകൊടുക്കുകയും

ചെയ്തിരുന്നു. സംസ്കൃതം, തെലുങ്ക്, മലയാളം, എന്നീ ഭാഷകളിലുള്ള ഗ്രന്ഥങ്ങളെ അതതു ഭാഷ നല്ലവണ്ണം അറിയുന്ന ഭക്തന്മാരുടെ സ്ഥിരപരിചയത്താൽ സ്വാമി നല്ലവണ്ണം മനസ്സിലാക്കി. വേദാന്ത വിഷയമായി സന്ദർശകരുടെ ചോദ്യങ്ങൾക്ക് വളരെ സരളമായ ഉത്തരങ്ങൾ നല്കി അവരെ ബോദ്ധ്യപ്പെടുത്തുകയും ചെയ്തിരുന്നു. തന്റെ മാതൃഭാഷയായ തമിഴിലും മേൽപ്പറഞ്ഞ ഭാഷകളിലും തന്റെ ആശയങ്ങളും ഉപദേശങ്ങളും ഗദ്യത്തിലും പദ്യത്തിലുമായി എഴുതുവാനും തുടങ്ങി.

വെങ്കടരാമന്റെ തിരോധാനം ബന്ധുക്കളെ, പ്രത്യേകിച്ച് അമ്മയെ, ദു:ഖത്തിലാഴ്ത്തി എന്നു പ്രത്യേകിച്ച് പറയേണ്ടതില്ലല്ലോ? പല സ്ഥലങ്ങളിലും അന്വേഷിച്ച് നിരാശരായ അവർ തിരുവണ്ണാമലയിലെ തിരുച്ചുഴിക്കാരനായ യുവസന്യാസിപ്പററി അറിയാനിടയായി. അമ്മാവനായ നെല്ലപ്പയ്യർ തിരുവണ്ണാമലയിൽ വന്ന് വളരെ പണിപ്പെട്ട് സ്വാമിയെ കണ്ടു. മെലിഞ്ഞ് മലിനവേഷത്തോടുകൂടി ജടകളോടും നീണ്ടു വളഞ്ഞ നഖങ്ങളോടു കൂടിയും ധ്യാനനിരതനായി ഇരിയ്ക്കുന്ന ആ യുവസന്യാസിയെ കണ്ട് അദ്ദേഹത്തിന് വ്യസനവും സന്തോഷവും ഒരു പോലെ ഉണ്ടായി. സ്വാമിയെ തിരികെ കൊണ്ടു പോകാൻ നടത്തിയ ശ്രമങ്ങളൊന്നും സ്വാമിയിൽ യാതൊരു ഭാവഭേദവും ഉളവാക്കിയില്ല. നെല്ലപ്പയ്യർക്ക് പരാജയം സമ്മതിച്ച് പിന്മാറേണ്ടി വന്നു. ഏറെ താമസിയാതെ സ്വാമി അരുണഗിരിനാഥ ക്ഷേത്രത്തിലെയ്ക്കു താമസം മാറ്റി. പഴനി സ്വാമിയെ പോലും ഒഴിവാക്കാൻ കഴിയുന്നത്ര ശ്രമിച്ചുവെങ്കിലും പഴനി സ്വാമിയ്ക്ക് യുവസ്വാമിയെ വിട്ടുപോകുക അസാദ്ധ്യമായി കണ്ടതിനാൽ അവസാനം മൗനാനുവാദം നൽകുകയാണുണ്ടായത്.

ഒരു മാസക്കാലം ആ ക്ഷേത്രത്തിന്റെ ഗോപുരങ്ങളിലും പിന്നിട് ഒരാഴ്ചക്കാലം അലറിവൃക്ഷതോട്ടത്തിലും മററും താമസിച്ചതിന്റെ ശേഷം സ്വാമിയും ശിഷ്യനും പവഴക്കുന്നിലേയ്ക്കു താമസം മാററി. ഇവിടെ വെച്ചാണ് സ്വാമിയുടെ വൈരാഗ്യം ഒരു കഠിന പരീക്ഷണത്തെ നേരിട്ടത്. സ്വാമിയുടെ അമ്മ അഴകമ്മാൾ ഓമന പുത്രനെ കൂട്ടികൊണ്ടുപോകാൻ നേരിട്ട് എത്തി. എന്നാൽ അമ്മയുടെ കരച്ചിലും അലമുറയും ഒന്നും അദ്ദേഹത്തെ ഇളക്കിയില്ല. ദിവസങ്ങളോളം നിറകണ്ണോടെ താണുവീണപേക്ഷിച്ചിട്ടും സ്വാമിയിൽ നിന്നു കിട്ടിയത് ഒരു തുണ്ടു കടലാസിൽ എഴുതിയ ഈ വരികളാണ്. '' ഓരോരുത്തന്റെയും പ്രാരബ്ധകർമ്മത്തിനനുസരിച്ച് ഫലം അവരവർ അനുഭവിക്കുന്നു. അവയെ ഭരിക്കുന്നത് ഈശ്വരനാകുന്നു. സംഭവിക്കേണ്ടാത്തത് ഒരിക്കലും സംഭവിക്കുകയോ സംഭവിക്കേണ്ടത് ഒരിക്കലും സംഭവിക്കാതിരിക്കയോ ചെയ്കയില്ല. അതു എങ്ങിനെ തടുത്താലും നില്ക്കുന്നതുമല്ല. ഇതു തീർച്ചയാകുന്നു'' നിരാശയോടും ഭാരിച്ച ഹൃദയത്തോടും കൂടി അമ്മയ്ക്ക് മടങ്ങേണ്ടി വന്നു.

അമ്മ പോയതിനു ശേഷം സ്വാമി പവഴക്കുന്നു വിട്ട് അരുണാചലത്തിന്റെ മുകളിൽ

ചെന്ന് താമസം തുടങ്ങി. അവിടെ തന്നെ പല ഗുഹകളിലും മാറി മാറി താമസിച്ചു. ആദ്യം താമസിച്ചത് ശുദ്ധ പ്രവണമന്ത്രമായ ''ഓം'' എന്നാകൃതിയിലുള്ള വിരുപാക്ഷഗുഹയിലും മലയുടെ കിഴക്കേചരിവിലുള്ള സൽഗുരുഗുഹയിലും അതിനുശേഷം വീണ്ടും വിരുപാക്ഷഗുഹയിലുമായി കഴിഞ്ഞു കൂടി. സന്ദർശകരും ഭക്തരുമായി അനവധി ആളുകൾ നിത്യേന സ്വാമിയെ കാണുന്നതിനും അദ്ദേഹത്തിന്റെ വാക്കുകൾ കേൾക്കുന്നതിനുമായി എത്തിതുടങ്ങി. പഴനി സ്വാമിയെ കൂടാതെ മററു പല ഭക്തന്മാരും സ്വാമിയുടെ ഒന്നിച്ചു സ്ഥിരതാമസക്കാരായി തീർന്നു. സന്ദർശകർ കൊടുക്കുന്ന ഭക്ഷണപാനീയങ്ങൾ ''കിട്ടിയത് എല്ലാവർക്കും തുല്യം'' എന്ന ആദർശവാക്യമനുസരിച്ച് എല്ലാവരും സമമായെടുത്ത് ഭക്ഷിക്കുകയായിരുന്നു പതിവ്. ഭിക്ഷയ്ക്കു വേണ്ടി തെരുവുകളിൽ കൂടി പോകുന്ന ഭക്തൻമാർക്ക് പാടുവാനായി അക്ഷരമണമാലെ എന്ന ഒരു ഗാനകൃതി ഇക്കാലത്ത് സ്വാമി എഴുതി. കൂടുതലും സമയം ധ്യാനത്തിലും സമാധിയിലും കഴിഞ്ഞു കൂടിയ സ്വാമി തന്റെ അനുഭവങ്ങളുടെ വെളിച്ചത്തിൽ വേദാന്തപുസ്തകങ്ങളെ വ്യാഖാനിക്കുകയും വിശദീകരിക്കുകയും ചെയ്ത് ജിജ്ഞാസക്കളുടെ സംശയനിവൃത്തി വരുത്തിക്കൊടുത്തിരുന്നു.

മന്ത്രശാസ്ത്രം, അഷ്ടാംഗയോഗം തുടങ്ങിയ ചില ആയുർവ്വേദഗ്രന്ഥങ്ങൾ, ബ്രഹത് സ്തോത്രമാല, വിവേകാനന്ദ സ്വാമിയുടെ രാജയോഗം, ജ്ഞാനയോഗം, ഭക്തിയോഗം തുടങ്ങിയ ഒട്ടനവധി ഗ്രന്ഥങ്ങൾ വായിച്ച് അവയെ ഭക്തരുടെ അപേക്ഷപ്രകാരം ചുരുക്കി ഗദ്യരൂപേണ തമിഴിൽ എഴുതുകയും ചോദ്യങ്ങൾക്ക് ഉചിതമായി മറുപടി പറയുകയും പതിവായിരുന്നു. 1900 മുതൽ 1902 വരെയുള്ള കാലഘട്ടത്തിൽ ഇങ്ങനെ ശേഷയ്യരെന്ന ഭക്തന് എഴുതി കൊടുത്ത കുറിപ്പുകളാണ് പിന്നീട് 'വിചാര സംഗ്രഹം' എന്ന കൃതിയ്ക്കു നിദാനം. സ്വാമിയുമായി അക്കാലത്ത് അടുത്ത ബന്ധം പുലർത്തിയ വരിൽ ശിവപ്രകാശം പിള്ളയും രാഘവാചാരിയും രാമസ്വാമി അയ്യരും എച്ചമ്മാളും ഉൾപ്പെടുന്നു. ഭർത്താവും മകളും മകനും മരണപ്പെട്ട എച്ചമ്മാൾ സ്വാമിയെ ദർശിക്കുന്നതും അദ്ദേഹത്തിനും അദ്ദേഹത്തിന്റെ കൂടെ താമസിച്ചിരുന്നവർക്കും ആഹാരം നൽകുന്നതും തന്റെ ചുമതലയായി കരുതിയിരുന്നു.

1903 ലാണ് ഭാരതത്തിലെ അക്കാലത്തെ പണ്ഡിതാഗ്രേസരിമാരിൽ ഒരാളായ ഗണപതി ശാസ്ത്രി തിരുവണ്ണാമലയിൽ വന്നത്. കഠിനമായ തപശ്ചര്യകൾ അനുഷ്ഠിച്ചിരുന്ന അദ്ദേഹത്തെ കാവ്യകണ്ഠൻ എന്നാണറിയപ്പെട്ടിരുന്നത്. പല പുണ്യസ്ഥലങ്ങളിലും തപസു ചെയ്ത് തൃപ്തനാകാതെ വിരൂപാക്ഷ ഗുഹയിൽ വന്ന അദ്ദേഹം പല പ്രാവശ്യം തിരുവണ്ണാമലയിൽ ചെന്ന് സ്വാമിയെ ദർശിച്ചിരുന്നു. വേദാന്തശാസ്ത്രം നല്ല പോലെ മനസ്സിലാക്കിയിരുന്ന ശാസ്ത്രിയ്ക്ക് തന്റെ സാധനകളിൽ ചില സംശയങ്ങൾ ഉണ്ടായി. 1907 ൽ അദ്ദേഹം വീണ്ടും സ്വാമിയെ ദർശിച്ച് തപസ്സിനെപ്പററി വേണ്ടുന്ന ഉപദേശം

തരണമെന്ന് കാൽക്കൽ വീണ് അപേക്ഷിച്ചു. സ്വാമി ശാന്തതയോടെ ഇപ്രകാരം പറഞ്ഞു 'അഹം' എന്നത് എവിടെ നിന്നുൽഭവിക്കുന്നുവോ അവിടെ ശ്രദ്ധയോടെ ആലോചിച്ചാൽ മനസ്സ് അവിടെത്തന്നെ ലയിക്കും അതാണ് തപസ്സ്'' ഇത് ആ മഹാ പണ്ഡിതന് ഒരു പുതിയ വെളിപാടായിരുന്നു. തപോബലവും സ്വാനുഭവവും സിദ്ധിച്ച സ്വാമിയെ രമണമഹർഷിയെന്നും ഭഗവാനെന്നും ആണ് വിളിക്കേണ്ടത് എന്ന് കാവ്യക്ണാൻ പ്രഖ്യാപിച്ചു. മഹർഷിയെ പ്രകീർത്തിച്ചു കൊണ്ട് സംസ്കൃതത്തിൽ അദ്ദേഹം ശ്ലോകങ്ങൾ രചിച്ചു 'രമണഗീത' എന്ന പേരിൽ മഹർഷിയുടെ ഉപദേശങ്ങൾ വിവരിക്കുന്നതാണ് ആ ഗ്രന്ഥം. കൂടാതെ ഭഗവാൻ മഹർഷി നല്കിയ ഉപദേശങ്ങളിൽ പ്രചോദിതനായി 'ഉമാസഹസ്രം' എന്ന ആയിരം ശ്ലോകമുള്ള ഒരു ഗ്രന്ഥം ശാസ്ത്രി രചിച്ചു. മഹർഷിയോടൊന്നിച്ച് കുറച്ചുകാലം താമസിച്ച ശാസ്ത്രിയ്ക്ക് പല അത്ഭുത ദർശനങ്ങളും അനുഭവപ്പെട്ടിട്ടുള്ളതായി രേഖപ്പെടുത്തിയിട്ടുണ്ട്. ശാസ്ത്രിയുടെ സാമിപ്യം മഹർഷിയുടെ സംസ്കൃത ഭാഷാ ജ്ഞാനത്തെ വളരെയധികം ബലവത്താക്കുകയും ചെയ്തു. 1915 മുതൽ 1927 വരെയുള്ള കാലഘട്ടത്തിലാണ് 'അരുണാചലപഞ്ചരത്നം', 'ഉപദേശസാരം' തുടങ്ങിയ മഹത് ഗ്രന്ഥങ്ങളുടെ രചന.

ഇതിനിടെ മഹർഷിയുടെ അമ്മ കാശിയാത്രകഴിഞ്ഞു തിരികെ വരുമ്പോൾ തിരുവണ്ണാമലയിൽ എത്തി. അവിടെ വച്ച് അവർ അസുഖം ബാധിച്ച് കിടപ്പിലായി, മഹർഷി അതീവ ശ്രദ്ധയോടെ അവരെ ശുശ്രൂഷിച്ച് ആരോഗ്യം വീണ്ടെടുക്കുവാൻ സഹായിച്ചു. അമ്മയുടെ രോഗം ഭേദമാകുന്നതിന് അനുഗ്രഹിക്കുന്നിനുവേണ്ടി അരുണാചലേശ്വരനോട് പ്രാർത്ഥിക്കുന്ന രീതിയിൽ തമിഴിൽ ഒരു പദ്യവും മഹർഷി രചിക്കുകയുണ്ടായി. 1916 ന്റെ ആരംഭത്തിൽ അവർ വീണ്ടും തിരുവണ്ണാമലയ്ക്കു വരുകയും മഹർഷിയുമൊന്നിച്ച് വിരൂപാക്ഷ ഗുഹയിൽ താമസം തുടങ്ങുകയും ചെയ്തു ഇളയ മകൻ നാഗസുന്ദരവും അമ്മയെ പിന്തുടർന്ന് അവിടെ എത്തി. ഏതാണ്ട് 17 വർഷത്തിലേറെക്കാലം വിരൂപാക്ഷ ഗുഹയിൽ കഴിഞ്ഞു കൂടിയ മഹർഷി അമ്മയുടെ വരവോടുകൂടി മലയുടെ കുറച്ചുകൂടി മുകളിലുള്ള, വെള്ളം കിട്ടാൻ സൗകര്യമുള്ള സ്കന്ദാശ്രമത്തിലേക്ക് താമസം മാറ്റി. അഴകമ്മാൾ മഹർഷിയുടേയും സന്ദർശകരുടേയും ഭക്ഷണ കാര്യങ്ങൾ ശ്രദ്ധിച്ചിരുന്നു. ഭക്തന്മാർക്ക് വേണ്ടി ആഹാരം പാചകം ചെയ്യുന്ന പതിവ് അങ്ങിനെയാണ് ആരംഭിച്ചത്. അത് ഇന്നും അഭംഗുരം തുടരുന്നു. മഹർഷിയുടെ ഉപദേശപ്രകാരം അഴകമ്മാൾ ആദ്ധ്യാത്മിക സാധനകൾ അനുഷ്ഠിക്കുകയും അചിരേണ അവർക്ക് മനഃശുദ്ധി കൈവരുകയും ചെയ്തു. നാഗസുന്ദരമാണ് പിന്നീട് രമണാശ്രമത്തിലെ സർവ്വാധികാരിയായി തീർന്ന നിരഞ്ജനാനന്ദ സ്വാമികൾ. ആറുവർഷക്കാലം അഴകമ്മാൾ മകനോട് ഒന്നിച്ച് ആശ്രമ വാസം ചെയ്തു. വാർദ്ധക്യം മൂലം അവശയായ അവരെ മഹർഷി വളരെ സ്നേഹത്തോടും ശ്രദ്ധയോടും കൂടി അവസാന നിമിഷം വരെ ശ്രുശ്രൂഷിച്ചു. മാതൃശുശ്രൂഷ ഏത് സന്യാസിയ്ക്കും കടപ്പെട്ട ധർമ്മമെന്ന് തന്റെ പ്രവൃത്തി വഴി അദ്ദേഹം തെളിയിച്ചു. മരണ സമയത്ത് മഹർഷി മണിക്കൂറോളം

അമ്മയുടെ സമീപമിരുന്ന് തന്റെ വലതുകൈയ് അവരുടെ ഹൃദയത്തിലും ഇടതുകൈയ്യ് തലയിലും വെച്ച് മോക്ഷത്തിന്റെ വഴി സുഗമമാക്കി. യോഗിവര്യനായ മഹർഷിയുടെ അത്ഭുതശക്തി. അഴകമ്മാളെ അങ്ങനെ നിത്യമുക്തയാക്കി തീർത്തു. എല്ലാ വാസനകളും അസ്തമിച്ച് ആ ആത്മാവ് പരബ്രഹ്മത്തിൽ വിലയം പ്രാപിച്ചതായി മഹർഷി തന്നെ പിന്നീട് വ്യക്തമാക്കിയിട്ടുണ്ട്. അമ്മയുടെ മൃതശരീരം പരിശുദ്ധമായ പാലീതീർത്ഥക്കരയിൽ സമാധി ചെയ്യുകയും അവിടെ ഒരു ലിംഗം സ്ഥാപിക്കുകയും ചെയ്തു. ആ സമാധി സ്ഥലത്ത് പിൽക്കാലത്ത് നിർമ്മിച്ചതാണ് ഇപ്പോൾ കാണുന്ന ശ്രീ മാതൃഭൂതേശ്വര ക്ഷേത്രം. ദിവസംതോറുമുള്ള പൂജകൾക്ക് പുറമെ കൊല്ലം തോറും സമാധി ദിവസം 'മഹാ പൂജ' എന്ന ആരാധനയും നടത്തി വരുന്നു.

അമ്മയുടെ സമാധി നിത്യവും സന്ദർശിക്കുമായിരുന്ന മഹർഷി ഏതാണ്ടു ആറുമാസത്തിന് ശേഷം അവിടെ തന്നെ സ്ഥിരത്താമസമാക്കുകയാണുണ്ടായത്. ഇതിനെ പറ്റി മഹർഷി പറഞ്ഞത് ഈശ്വരേച്ഛ എന്നാണ്. " എന്റെ സ്വന്തം അഭിപ്രായം അനുസരിച്ചല്ല, ആരോ എന്നെ ഇവിടെ പിടിച്ചിരുത്തി; ഞാൻ അനുസരിച്ചു. അത്രമാത്രം", ഇതാണ് ഇന്നു കാണുന്ന രമാണാശ്രമത്തിന്റെ തുടക്കം അമ്മയുടെ സമാധി സ്ഥലത്തിനു ചുറ്റുമായിട്ടായിരുന്നു ആശ്രമത്തിന്റെ വളർച്ചയും വികസനവും

ഭഗവാന്റെ പ്രസിദ്ധിയും അദൃശ്യമായ സ്വാധീനവും നാൾക്കുനാൾ വർദ്ധിച്ചുകൊണ്ടിരുന്നു. ഭാരതത്തിൽ നിന്നു മാത്രമല്ല വിദേശങ്ങളിൽ നിന്നുപോലും അനവധിപേർ ദർശനത്തിനും ഉപദേശങ്ങൾക്കുമായി തിരുവണ്ണാമലയിൽ എത്തിതുടങ്ങി. വിദേശീയ ഭക്തൻമാരിൽ പാൾ ബ്രന്റൺ, എഫ് എച്ച് ഹംഫ്രീസ്, മേജർ ചാഡ്വിക്ക്, ഓസ്ബോൺ, ഗ്രാന്റ് ഡഫ്, ദാവിദ്മാർക്ക് ഇവർ, കോഹൻ, മിസ് സുജത്, മിസ്സാൽമസ്സ് എന്നിവർ പ്രത്യേകം പരിഗണനയർഹിക്കുന്നു. ഇവരെല്ലാവരും മഹർഷി തങ്ങളിൽ ഉണ്ടാക്കി തീർത്ത അത്ഭുതാവഹമായ മാറ്റത്തെ വർണ്ണനാതീതം എന്നാണ് വിശേഷിപ്പിച്ചിട്ടുള്ളത്. "അദ്ദേഹത്തിന്റെ പുഞ്ചിരിയെക്കാൾ മനോഹരമായി നിങ്ങൾക്ക് ഒന്നും തന്നെ ഭാവന ചെയ്യുവാൻ സാധ്യമല്ല''. എന്ന് ഹംഫ്രീയും മഹർഷിയുടെ സാമീപ്യത്തിൽ താൻ പരമ ശാന്തിയും അഗാധവും ദിവ്യവുമായ ആത്മ പ്രകാശവും നിർമ്മലാനന്ദവും അനുഭവിച്ചു എന്ന്. പാൾ ബ്രാന്റനും രേഖപ്പെടുത്തിയിരിക്കുന്നു. ഇവരെല്ലാവരും വളരെക്കാലം തിരുവണ്ണാമലയിൽ താമസിച്ച് ഭഗവൽ സാന്നിദ്ധ്യം അനുഭവിച്ചറിയാൻ ഭാഗ്യം സിദ്ധിച്ചവരാണ്. മഹർഷിയുടെ സന്ദേശത്തെപ്പറ്റിയും അതവരിൽ ഉണ്ടാക്കിതീർത്ത ഉദാത്തമായ മാറ്റത്തേയുംപറ്റി ഇവരിൽ മിക്കപേരും പുസ്തകങ്ങളും ലേഖനങ്ങളും എഴുതിയിട്ടുണ്ട്. മഹർഷിയുടെ ഇന്ത്യാക്കാരായ ഭക്തന്മാരിൽ പ്രമുഖർ ശ്രീനരസിംഹ സ്വാമി, യോഗീരാമയ്യ, ശുദ്ധാനന്ദ ഭാരതി, വരദരാജ മുതലിയാർ, നടേശ മുതലിയാർ,

വെങ്കിട്ട രാമയ്യ, മുരുകനാർ, ദൊരസ്വാമി അയ്യർ, മാധവസ്വാമി, രാമകൃഷ്ണസ്വാമി, കുഞ്ചുസ്വാമി, സൂരിനാഗമ്മ, മാധവി അമ്മ എന്നിവരാണ്. പോൾ ബ്രണ്ടന്റെ "A serach in Secret India" ,ശ്രീ. ബി.വി നരസിംഹ സ്വാമിയുടെ "Self Realisation" ആർതർ ഓസ്ബോണിന്റെ "രമണ മഹർഷി", സൂരിനാഗമ്മയുടെ "Letters and Recollections " എസ്. എസ്. കൊഹന്റെ " Guru Ramana', മുഗള വെങ്കിട്ടരാമയ്യരുടെ "Talks with Ramana" Maharshi " എന്നിവ പ്രത്യേകം പ്രാധാന്യം അർഹിക്കുന്നു. മഹർഷിയുടെ സാന്നിദ്ധ്യത്തിൽ വിവരാണാതീതമായ ആനന്ദവും ശാന്തിയും അവർ അനുഭവിച്ചിരുന്നതായി അവരുടെ കുറിപ്പുകളിൽ കാണുന്നു. അദ്ദേഹത്തിന്റെ പ്രകാശ മാനമായ കണ്ണുകൾ സദാനുഗ്രഹ വർഷം ചൊരിയുന്നതായി ഇവർക്കൊക്കെ അനുഭവപ്പെട്ടിരുന്നു.

മഹർഷിയുടെ സ്നേഹവും അനുകമ്പയും മനുഷ്യരോട് മാത്രമായിരുന്നില്ല. അദ്ദേഹത്തിന്റെ മൃഗങ്ങളോടും പക്ഷികളോടും മറ്റുമുള്ള സമീപനം ആരേയും അദ്ഭുതപ്പെടുത്തുന്നതാണ്. അദ്ദേഹത്തിന്റെ സാന്നിദ്ധ്യത്തിൽ എല്ലാം ഈശ്വരാംശങ്ങളാണെന്നു കരുതിയ ആ യോഗിവര്യൻ പശുക്കളേയും നായ്ക്കളേയും കുരങ്ങൻമാരേയും, എന്തിന് കാക്കകളേയും പാമ്പുകളേയും പോലും മനുഷ്യരെ പോലെതന്നെ കരുതി തന്റെ കൃപാകടാക്ഷം അവരിൽ ചൊരിഞ്ഞു. ലക്ഷ്മിയെന്ന പശു മഹർഷിയുടെ പ്രത്യേക ശ്രദ്ധ പിടിച്ചു പറ്റിയിരുന്നു. ലക്ഷ്മിയുടെ മരണ സമയത്ത് മഹർഷി സമീപം ഇരിക്കുകയും മരണശേഷം ആചാരപൂർവ്വം സമാധി ഇരുത്തുകയും ചെയ്തു. മഹർഷിയുടെ സാന്നിദ്ധ്യത്തിൽ വളരെ സ്വതന്ത്രരായി, യാതൊരു ഭയവും ഇല്ലാതെ പക്ഷികളും മൃഗങ്ങളും പെരുമാറുന്നത് പലരേയും ആശ്ചര്യപ്പെടുത്തിയിട്ടുണ്ട്.

1946-ൽ മഹർഷി തിരുവണ്ണാമലയിൽ വന്നതിന്റെ സുവർണ്ണ ജൂബിലയാഘോഷിച്ചു. 1947 അവസാനത്തോടുകൂടി അദ്ദേഹത്തിന്റെ ആരോഗ്യം ക്ഷയിച്ചു തുടങ്ങി. 1948 ലാണ് അദ്ദേഹത്തിന്റെ ഇടത്തേ കൈയിലെ ഒരു മുഴ കാണാൻ ഇടയായത്. രണ്ടു പ്രാവശ്യം അത് മുറിച്ചു കളഞ്ഞെങ്കിലും പൂർവ്വാധികം വലുതായി. അത് പ്രത്യക്ഷപ്പെട്ടു. വിദഗ്ദ്ധ പരിശോധനയിൽ 'സാർകോമ' ആണെന്ന തെളിഞ്ഞു. രോഗം ബാധിച്ച കൈയ്യ് മുറിച്ചു മാറ്റണമെന്ന് വിദഗ്ധഡോക്ടർമാർ അഭിപ്രായപ്പെട്ടു. അതിനു മഹർഷി ചിരിച്ചു കൊണ്ടു നല്കിയ മറുപടി. "ശരീരം തന്നെ ഒരു രോഗമാണ്. അതിന് അതിന്റെ സ്വാഭാവികമായ അവസാനം സംഭവിയ്ക്കട്ടെ. അതിനെ എന്തിന് തകരാറിലാക്കണം."എന്നാണ്. സ്വന്തം ശരീരത്തോട് തികച്ചും ഉദാസീനനായ മഹർഷി കഠിനമായ വേദന തീരെ അവഗണിച്ചുകൊണ്ട് ഭക്തജനങ്ങൾക്ക് ദർശനം തുടർന്നും നല്കിക്കൊണ്ടിരുന്നു. രോഗം ശരീരത്തെ കാർന്നുതിന്നുകൊണ്ടിരുന്നുവെങ്കിലും അതിനെ വെറും ഒരു കാഴ്ചക്കാരനെപോലെ നോക്കി ഭക്തർക്ക് അനുഗ്രഹാശിസ്സുക്കൾ വർഷിച്ചുകൊണ്ട് ദിവസങ്ങൾ കഴിച്ചുകൂട്ടി. മഹർഷിയുടെ രോഗവിവരം കേട്ട്

ദുഃഖാർത്തരായ ജനങ്ങൾ ധാരാളമായി വന്നു കൊണ്ടിരുന്നിട്ടും അവർക്കൊക്കെ ദർശനത്തിന് സൌകര്യം ഉണ്ടാക്കി കൊടുക്കുക എന്നതിൽ അദ്ദേഹം ശ്രദ്ധ വെച്ചു. കണ്ണുനീർവാർത്ത് തന്റെ മുന്നിലെത്തിയ ഭക്തജനങ്ങളെപ്പറ്റി അനുകമ്പാർദ്രമായ മുഖത്തോടെ അദ്ദേഹം പറഞ്ഞിരുന്നു. "അവർ ഈ ശരീരത്തെ ഭഗവാൻ എന്നു കരുതി വേദന അദ്ദേഹത്തിൽ ആരോപിക്കുന്നു. എന്തൊരു കഷ്ടം ! ഭഗവാൻ അവരെ വിട്ടു പോകുമെന്ന് കരുതി അവർ ദുഃഖിയ്ക്കുന്നു. അദ്ദേഹം എവിടെ എങ്ങിനെ പോകാനാണ്?"

1950 ഏപ്രിൽ 14 രാത്രി 8.47 ന് ഭക്ത ജനങ്ങളെ ദുഃഖ സാഗരത്തിൽ ആഴ്ത്തികൊണ്ട് ആ ദീപ്തിമത്തായ കണ്ണുകൾ എന്നന്നേയ്ക്കുമായി അടഞ്ഞു. അതേ സമയത്തു തന്നെ ഒരു വാൽ നക്ഷത്രം ഉദിച്ചുയർന്ന് അരുണാചലത്തിന്റെ കൊടുമുടിയിൽ എത്തി അതിന്റെ പുറകിൽ അപ്രത്യക്ഷമായ കാഴ്ചയ്ക്ക് പലരും ദൃക്സാക്ഷികളായി. മഹർഷി സമാധിക്കു അല്പം മുമ്പ് തന്റെ ഭക്തനും പരിചാരകനുമായ ശിവാനന്ദസ്വാമികളോട് പറഞ്ഞത് " സന്തോഷം" എന്നാണ്.മാതൃഭൂതേശ്വര ക്ഷേത്രത്തിനു തൊട്ടരികിൽ തന്നെയാണ് സമാധിസ്ഥലം. രമണേശ്വരമഹാലിംഗമെന്നാണത് അറിയപ്പെടുന്നത്.

മഹർഷി വളരെ കുറച്ചു മാത്രമേ എഴുതിയിട്ടുള്ളു. അദ്ദേഹത്തിന്റെ തന്നെ വാക്കുകളിൽ 'ഒരിക്കലും കവിതയോ പുസ്തകമോ എഴുതണമെന്ന് എനിയ്ക്കു തോന്നിയിട്ടില്ല. ഞാൻ എഴുതിയിട്ടുള്ള കവിതകളെല്ലാം തന്നെ പ്രത്യേകമായ ഏതെങ്കിലും സംഭവം കാരണമോ അല്ലെങ്കിൽ വല്ലവരും ആവശ്യപ്പെട്ടിട്ടോ, മാത്രമായിരുന്നു. 'അരുണാചലസ്തുതികൾ' 'സദ്ദർശനം' 'ഉപദേശസാരം', 'രമണഗീത', ശങ്കരാചാര്യരുടെ 'വിവേക ചൂഡാമണി'യുടെയും 'ആത്മബോധ'ത്തിന്റെയും തമിഴ് വിവർത്തനം എന്നിവ അതിൽ മുഖ്യമാണ്.

അരുണാചലേശ്വരനെ സ്തുതിച്ചു കൊണ്ടുള്ള അഞ്ചു കവിതകൾ ഭക്തിഗാനങ്ങളിൽ അഗ്രഗണ്യമായ സ്ഥാനം വഹിക്കുന്നു. 'അക്ഷരമണമാല' 'നവമണിമാല' അരുണാചല പഠികം', 'അരുണാ ചല അഷ്ടകം' 'അരുണാചല പഞ്ചരത്നം' ഇവയാണ് ആ അഞ്ചു ഗീതങ്ങൾ. ഇവയെല്ലാം മഹർഷിയും അരുണാചലേശ്വരനും തമ്മിലുള്ള ആത്മ ബന്ധത്തെയും തന്റെ ആത്മസാക്ഷാത്ക്കാരത്തിന് അരുണാചലേശ്വരൻ വഹിച്ച പങ്കിനെയും ഉൽക്കടമായ സ്നേഹത്തോടെ പ്രതിപാദിക്കുന്നു. ഇവയിൽ ആദ്യത്തെ നാലെണ്ണം തമിഴിലും അവസാനത്തേത് കാവ്യകണ്ഠമുനി അപേക്ഷിച്ചതനുസരിച്ച് സംസ്കൃതത്തിലും രചിച്ചതാണ്. (ഭഗവാൻ തന്നെ പിന്നീട് അത് തമിഴിലുമാക്കിയിട്ടുണ്ട്)

ഈ അഞ്ചു സ്തുതികൾ ''വേദാന്തത്തിന്റെ കാച്ചിക്കുറുക്കിയ സത്ത്'' ആണെന്ന് കാവ്യകണ്ഠ മുനി അഭിപ്രായപ്പെട്ടിട്ടുണ്ട് മാത്രവുമല്ല വളരെ സംക്ഷിപ്തവും എന്നാൽ എല്ലാം ഉൾക്കൊള്ളുന്നവയുമായ അവയെല്ലാം തന്നെ സൂത്രശ്ലോകങ്ങൾ പോലെയാണ്.

'സദ്ദർശനം', 'ഉപദേശ സാരം' തുടങ്ങിയവ ഉപനിഷത് പ്രതിപാദ്യമായ ബ്രഹ്മജ്ഞാനം തന്റെ അനുഭവത്തിൽ കൂടി നമുക്ക് മനസ്സിലാക്കി തരുന്നു. '' പ്രപഞ്ചം ഇല്ലാത്തതാണ് ഉണ്ടെന്നുള്ളത് തോന്നൽ മാത്രമാണ് മനസ്സ് പ്രപഞ്ചത്തെ സങ്കല്പിക്കുന്നു. മനസ്സുള്ളതുകൊണ്ട് പ്രപഞ്ചം ഉള്ളതായി അനുഭവപ്പെടുന്ന മനസ്സ് ലീനമാകുമ്പോൾ പ്രപഞ്ചവും അപ്രത്യക്ഷമാകുന്നു. ഇല്ലാത്തതിനെ ഉള്ളതെന്നു കരുതുന്നതിനാൽ ദു:ഖം അനുഭവപ്പെടുന്നു. ഇതു തന്നെയാണ് അജ്ഞാനം അജ്ഞാനം മാറുമ്പോൾ യഥാർത്ഥ അവസ്ഥയിൽ എത്തിച്ചേരുന്നു. അവിടെ ദു:ഖം അവസാനിക്കുന്നു''. മഹർഷിയുടെ ഉപദേശങ്ങളെ സംഗ്രഹിക്കുന്ന സ്വാമി ജ്ഞാനനിഷ്ഠാനന്ദസരസ്വതി ഇങ്ങനെയാണ് മഹർഷിയുടെ ഉപദേശങ്ങളെ സംഗ്രഹിക്കുന്നത്.

ആത്മീയ സാധനയുടെ പരമലക്ഷ്യം ശാന്തിയും ആനന്ദവുമാണെന്നും അത് സ്വാത്മാവിൽ നിന്നു ഭിന്നമല്ലെന്നും മനോനാശം അഥവാ അഹന്താനാശം കൊണ്ടു മാത്രമേ അത് സാക്ഷാത്കരിക്കാൻ സാദ്ധ്യമാകൂ എന്നുമാണ് മഹർഷിയുടെ സന്ദേശം

ഈ മനസ്സ് എവിടെ നിന്നു വന്നുവെന്ന് അന്വേഷണം ചെയ്യുമ്പോൾ മനസ്സ് വൃത്തിരഹിതമായി നാശത്തെ പ്രാപിക്കുന്നു. ഇതാണ് ആത്മസാക്ഷാത്കാരത്തിലേയ്ക്കുള്ള നേരായ മാർഗ്ഗം ''ഞാൻ ആർ '' എന്ന് അന്തർമുഖമായി അന്വേഷണം ചെയ്ത് ഹൃദയത്തിൽ സ്ഥിരനിഷ്ഠയോടുകൂടി ഇരിക്കുന്നതിനെയാണ് '' തത്വ ദർശനം'' എന്നു പറയുന്നത്. മനസ്സിന്റെ ഉൽപ്പത്തി സ്ഥാനത്തെ അന്വേഷിക്കുമ്പോൾ മനസ്സ് ഇല്ലാതെയാകുന്നു.

''മാനസം തുകിം മാർഗ്ഗണേ കൃതേ''
നൈവ മാനസം മാർഗ്ഗ ആർജ്ജവാത്''
(ഉപദേശസാരം)

മനസ്സിന്റെ വിക്ഷേപങ്ങൾ കെട്ടടങ്ങിയാൽ ആത്മാവ് സ്വയം പ്രകാശിക്കുന്നു. അതു തന്നെയാണ് 'സത് ദർശനം', അതു തന്നെയാണ് 'സത് ചിത് ആനന്ദം' ജാതിമത ദേശ ലിംഗ ഭേദ്യമെന്യേ ആർക്കും പരിശീലിക്കാവുന്ന മാർഗ്ഗമാണിത്. യാതൊരു വിധ ചടങ്ങുകളോ, ബാഹ്യമായ ആചാരങ്ങളോ ഇതിനാവശ്യമില്ല. മഹർഷി തനിക്ക് അത്ഭുത സിദ്ധികൾ ഉണ്ടെന്ന് ഒരിക്കലും അവകാശപ്പെട്ടിരുന്നില്ല. അത്ഭുത സംഭവങ്ങൾ നടക്കുമ്പോഴും തികഞ്ഞ നിഃസംഗതയോടുകൂടി അത് ശാസ്ത്രിയമായി വിശദീകരിക്കാനോ നിസ്സാരമായി തള്ളിക്കളയാനോ ആണ് അദ്ദേഹം ശ്രമിച്ചത്.

മനുഷ്യൻ ഈ ശരീരത്തിലിരിക്കുമ്പോൾ തന്നെ ഈശ്വരസാക്ഷാത്കാരമെന്ന പരിപൂർണ്ണാവസ്ഥയെ പ്രാപിക്കാൻ സാധിക്കും എന്ന് നൂററാണ്ടുകൾക്കു മുൻപ് നമ്മുടെ ഋഷീശ്വരന്മാർ ലോകത്തിനു നൽകിയ സന്ദേശം ഈ ആധുനിക ലോകത്ത് തെളിയിച്ചു കൊടുത്ത ആത്മജ്ഞാനിയാണ് ഭഗവാൻ രമണമഹർഷി. അദ്ദേഹത്തിന്റെ സ്മരണപോലും നമ്മെ മുക്തിയുടെ മാർഗ്ഗത്തിലേയ്ക്കു നയിക്കാതിരിക്കുകയില്ല.

ഓം തത് സത് ശ്രീരമണാർപ്പണമസ്തു.

*"ദൃക്കും ദൃശ്യവും, രജ്ജുവും സർപ്പവും പോലെയാകുന്നു.*
*കല്പിതമായ സർപ്പ ജ്ഞാനം പോകാതെ തദധിഷ്ഠാനമായ*
*രജ്ജുജ്ഞാനം ഉണ്ടാകാത്തതുപോലെ കല്പിതമായ ജഗൽ ഭ്രാന്തി നശിച്ചല്ലാതെ*
*അധിഷ്ഠാനമായ സ്വരൂപത്തിന്റെ ദർശനം ഉണ്ടാവില്ല"*

*– ഭഗവാൻ*

# സ്ഥിതപ്രജ്ഞനായ രമണമഹർഷി

*-ജി. ബാലകൃഷ്ണൻ നായർ.*

യുവാവായിരിക്കുമ്പോൾ തന്നെ പൂർണ്ണ സ്ഥിതപ്രജ്ഞനായി മാറിയ മഹാത്മാവായിരുന്നു രമണമഹർഷി. യുവത്വം തുളുമ്പിനിന്നിരുന്ന പതിനാറാം വയസ്സിൽ അദ്ദേഹത്തിനതു സാധിച്ചു. ഒരു ദിവസം താൻ മരിക്കാൻ പോവുകയാണെന്നദ്ദേഹത്തിനു തോന്നി. പെട്ടെന്നദ്ദേഹത്തിന്റെ മനസ്സ് അന്തർമുഖമായി ചിന്തയിൽ മുഴുകി. ആരാണു മരിക്കുന്നത്? ഈ ശരീരമാണോ?. ശുദ്ധജഡമായ ദേഹത്തിനു ഇനി മരിക്കേണ്ട കാര്യമില്ല. 'ഞാനുണ്ട്' എന്നിങ്ങനെ വ്യക്തമായി ഉൺമ അനുഭവിക്കാൻ കഴിയുന്ന ബോധരൂപനായ ഞാൻ ഈ ജഡദേഹത്തിൽ നിന്ന് തികച്ചും ഭിന്നനാണ്. സദാ ഉണ്ടെന്ന് അനുഭവിക്കുന്ന ആ ബോധം ഇല്ലാതാകുന്നതെങ്ങനെ? അന്തർമുഖമായ ഈ ചിന്ത ഏതോ ഒരഗാധതലത്തിലേക്ക് ഇറങ്ങിച്ചെല്ലുന്നതായി അദ്ദേഹത്തിനു തോന്നി. എന്തിനേറെ, താനീജഡദേഹമല്ലെന്നും സർവത്ര നിറഞ്ഞുതുളുമ്പി നിൽക്കുന്ന അഖണ്ഡ ബോധസ്വരൂപമായ ബ്രഹ്മമാണു താനെന്നും അനുഭവിച്ചുകൊണ്ടാണദ്ദേഹം ആ മരണ വിഭ്രാന്തിയിൽ നിന്നും ഉണർന്നു വന്നത്. ഞാൻ ദേഹമാണെന്ന ചിന്ത മരിച്ചു. ഞാൻ ശുദ്ധാനന്ദരൂപമായ ബ്രഹ്മമാണെന്ന അനുഭവം ഉണർന്നു. ഭ്രമം പോയി; വസ്തു തെളിഞ്ഞു. ഇതുതന്നെയാണ് ജീവന്മുക്തി അഥവാ സ്ഥിതപ്രജ്ഞത. പതിനാറാം വയസ്സിൽ തെളിഞ്ഞനുഭവിച്ച ഈ സ്ഥിതപ്രജ്ഞത മഹർഷിയുടെ ജീവിതത്തിൽ പിന്നെ ഒരു നിമിഷം പോലും വിട്ടു പിരിഞ്ഞിട്ടില്ല. തുടർന്ന് ഏതാണ്ടു 50 കൊല്ലത്തോളം ഇടതടവില്ലാതെ ബ്രഹ്മസ്വരൂപിയായിത്തന്നെ അദ്ദേഹം ലോകരുടെ മുന്നിൽ തെളിഞ്ഞു വിളങ്ങി. ആധ്യാത്മികതലത്തിൽ ഇങ്ങനെ നിരന്തരമായി സ്ഥിതപ്രജ്ഞത ലോകത്തെ ബോധ്യപ്പെടുത്തി ബ്രഹ്മനിഷ്ഠയിൽ കഴിഞ്ഞുകൂടിയതിന് ആധുനികകാലത്തു മറ്റൊരു ദൃഷ്ടാന്തമുണ്ടെന്ന് തോന്നുന്നില്ല. ജീവമുക്തന്മാരെ കർമ്മരംഗത്തിൽ വേർതിരിക്കുന്നത് അവരുടെ ശരീരപ്രാരബ്ധമാണ്. രമണമഹർഷി ഒരു പക്ഷേ കർമപ്രാരാബ്ധം മിക്കവാറും ക്ഷയിപ്പിച്ചിട്ടായിരിക്കാം തല്ക്കാലജന്മത്തിലേക്ക് കടന്നുവന്നത്. ലോകത്തിന്റെ മുന്നിൽ ചിരകാലം സ്ഥിതപ്രജ്ഞതയുടെ മൂർത്തരൂപം പ്രദർശിപ്പിക്കുക എന്നതു മാത്രമായിരുന്നിരിക്കാം രമണദേഹത്തിന് അവശേഷിച്ചിരുന്ന പ്രാരാബ്ധകർമ്മം. ജീവന്റെ ബ്രഹ്മസ്വരൂപം തെളിഞ്ഞ് അനുഭവപ്പെടുന്നതാണ് പ്രജ്ഞ. ഭേദചിന്തയുടെ ലേശം പോലും ഇല്ലാത്ത ശുദ്ധബോധാനുഭവം. ഈ അനുഭവം ആരിൽ നിരന്തരമായി നിലനിൽക്കുന്നുവോ അദ്ദേഹമാണ് സ്ഥിതപ്രജ്ഞൻ. ശ്രീശങ്കരഭഗവത്പാദർ സ്ഥിതപ്രജ്ഞനെ ഇങ്ങനെ നിർവചിക്കുന്നു.-

യസ്യ സ്ഥിതാഭവേത് പ്രജ്ഞാ യസ്യാനന്ദോ നിരന്തര;
പ്രപഞ്ചോ വിസ്മൃതപ്രായഃ സ ജീവന്മുക്ത ഇഷ്യതേ.
(വിവേകചൂഡാമണി : 432)

സ്ഥിതപ്രജ്ഞനിൽ ജീവബ്രഹ്മൈക്യാനുഭവം നിരന്തരമായി തുടരുന്നു. ഇടതടവില്ലാത്ത ആനന്ദാനുഭവം. പ്രപഞ്ചം മിക്കവാറും വിസ്മൃതിയിൽ ആണ്ടുപോകുന്നു. ഇതാണ് സ്ഥിതപ്രജ്ഞസ്ഥിതി. ശാസ്ത്രത്തിൽ ജീവന്മുക്തൻ, ഗുണാതീതൻ, അതിവർണ്ണാശ്രമി, യോഗാരൂഢൻ, പരമഹംസൻ എന്നൊക്കെ അറിയപ്പെടുന്നത് ഈ സ്ഥിതപ്രജ്ഞൻ തന്നെയാണ്. ഈ എല്ലാ പേരുകളും ഉൾക്കൊള്ളുന്ന അർത്ഥങ്ങളുടെ മൂർത്തിമത്ഭാവം തന്നെയായിരുന്നു ഭഗവാൻ രമണമഹർഷി.

തന്നെ സ്ഥിതപ്രജ്ഞതയിലേയ്ക്ക് നയിച്ച സംഭവത്തേയും ജീവബ്രഹ്മൈക്യാനുഭവ രൂപമായ പ്രജ്ഞ തനിക്ക് സ്ഥിതയായി ഭവിച്ച വസ്തുതയേയും ഭഗവാൻ സദ്ദർശനത്തിലെ രണ്ടാം പദ്യത്തിൽ വെളിപ്പെടുത്തിയിരിക്കുന്നതു നോക്കുക.-

മൃത്യുഞ്ജയം മൃതുഭിയാശ്രിതാനാ-
മഹം മതിർ മൃത്യുമുപൈതിപൂർവ്വം
അഥ സ്വഭാവാദമൃതേഷു തേഷു
കഥംപുനർമൃത്യുധിയോ/വകാശ:

മരണത്തെ ഭയന്നാണ് പരമസത്യത്തെ അഭയം പ്രാപിക്കുന്നത്. അതോടെ ഞാനെന്ന ജീവഭാവം മരണമടയുന്നു. തുടർന്ന് ജീവന്റെ സഹജമായ അമൃതത്വം അഥവാ ബ്രഹ്മ ഭാവം തെളിയാൻ ഇടവരുന്നു. അതോടെ മരണചിന്ത എന്നന്നേക്കുമായി വിട്ടകലുകയും ചെയ്യുന്നു. ഇതുതന്നെയാണ് സ്ഥിതപ്രഞ്ജത്വം അഥവാ പ്രഞ്ജയുടെ സ്ഥിതത്വം. ഈ പദ്യത്തിൽ മഹർഷി സ്വാനുഭവം പ്രസ്പുഷ്ടമാക്കുന്നതോടൊപ്പം സ്ഥിതപ്രജ്ഞത നേടാൻ ആഗ്രഹമുള്ളവർക്ക് അതിനായി നേരിട്ടുള്ള മാർഗ്ഗവും വെളിപ്പെടുത്തിയിരിക്കുന്നു. എന്നു കാണേണ്ടതാണ്.

സ്ഥിതപ്രജ്ഞത നേടിയാൽ എന്താണ് പ്രയോജനം.? ഇനി ജീവിതത്തിൽ മറ്റൊന്നും നേടാൻ ഇല്ലെന്നുള്ള പൂർണ്ണ തൃപ്തിയാണ് പ്രയോജനം. അതു തന്നെയാണ് സ്ഥിത പ്രജ്ഞന്റെ ഇടതടവില്ലാത്ത ആനന്ദാനുഭവം. മഹർഷി സഹജമായ ഈ ആനന്ദാനുഭവം സദാ വെളിപ്പെടുത്തിക്കൊണ്ടാണ് ലോകരുടെ മുമ്പിൽ ദിവ്യഭാവം കൈക്കൊണ്ട് വിളങ്ങിയിരുന്നത്. പലപ്പോഴും അദ്ദേഹത്തിന്റെ അടുത്ത് ചെല്ലുന്നവർക്കുതന്നെ സ്വയം ഈ സുഖം അനുഭവപ്പെട്ടിരുന്നു എന്നാണ് പ്രസിദ്ധി. അനിർവാച്യമായ ഈ അനുഭവസ്ഥിതി സദ്ദർശനത്തിലെ 33-ാം പദ്യത്തിൽ അദ്ദേഹം ഇങ്ങനെ രേഖപ്പെടുത്തിയിരിക്കുന്നു.

अहंकृतिं यो लसति ग्रसित्वा
कि തസ്യ കാര്യം പരിശിഷ്ടമസ്തി

അഹംകൃതിം യോ ലസതി ഗ്രസിത്വാ
കിം തസ്യ കാര്യം പരിശിഷ്ടമസ്തി
കിഞ്ചിദ് വിജാനാതി സ നാത്മനോഽന്യത്
തസ്യസ്ഥിതിം ഭാവയിതും ക്ഷമഃ കഃ

ജീവരൂപമായി കാണപ്പെടുന്ന അഹങ്കാരത്തെ ആരാണോ പൂർണ്ണമായി ശമിപ്പിച്ച് ബ്രഹ്മാനുഭവം നേടുന്നത് അദ്ദേഹത്തിനു പിന്നെ ഈ ലോകത്തു ചെയ്യേണ്ടതായി ഒരു കർമ്മവും അവശേഷിക്കുന്നില്ല. അദ്ദേഹം താനല്ലാതെ മറ്റൊന്നും ഇവിടെ ഉണ്ടെന്ന് അനുഭവിക്കുന്നില്ല. അദ്ദേഹത്തിന്റെ തൃപ്തിയും ആനന്ദവും എത്രമാത്രമാണെന്ന് ഭാവന ചെയ്യാൻ പോലും മറ്റൊരാൾക്കു സാധ്യമല്ല. പൂർണ്ണതയുടെ അനുഭവമാണ് ആനന്ദാനുഭവം. ഈ പൂർണ്ണതയെ ഭൂമാവെന്നാണ് ഛാന്ദോഗ്യോപനിഷത്തു വിവരിക്കുന്നത്. ശോകനിവൃത്തി അന്വേഷിച്ചു തന്റെ സമീപത്തെത്തിയ നാരദനോട് സനത്കുമാരനാണ് ഭൂമാവിനെക്കുറിച്ചു വിവരിക്കുന്നത്. എന്താണ് ഭൂമാവ്? എവിടെയാണോ മറ്റൊന്നു കേൾക്കാൻ ഇല്ലാത്തത്, മറ്റൊന്നു കാണാൻ ഇല്ലാത്തത്, മറ്റൊന്നറിയാൻ ഇല്ലാത്തത് അതാണ് ഭൂമാവ്? ഭൂമാവല്ലാത്തതൊക്കെ അല്പമാണ്. ഭൂമാവിൽ മാത്രമേ സുഖം ഉള്ളൂ. അല്പത്തിൽ സുഖമില്ല എന്നാണ് സനത്കുമാരൻ ഉപദേശിക്കുന്നത്. അതുകൊണ്ട് ഭൂമാവിനെ അനുഭവപ്പെടുത്താനാണ് നിർദ്ദേശം. അദ്വൈതബ്രഹ്മമാണ് ഭൂമാവെന്ന് തീർച്ചയാണല്ലോ. ജീവരൂപമായ അഹംഭാവത്തെ അന്തർമുഖമാക്കി ശമിപ്പിക്കുന്നയാളിനു കുമിള സമുദ്രത്തിൽ ഒന്നാകുന്നതുപോലെ അഹംഭാവം അഖണ്ഡബോധത്തിൽ ലയിച്ച് ഭൂമാവായ ബ്രഹ്മം തെളിയാൻ ഇടവരുന്നു. ഭൂമാവിന്റെ ഈ അനുഭവാവസ്ഥയാണ് പദ്യത്തിൽ "കിഞ്ചിദ് വിജാനാതി നാത്മനോഽന്യത്, എന്ന വരിയിൽ വെളിപ്പെടുത്തിയിരിക്കുന്നത്. ഈ ബ്രഹ്മാനന്ദാനുഭവം വാക്കുകൾ കൊണ്ട് വിവരിക്കാവുന്നതല്ല. മനസ്സുകൊണ്ട് ഭാവന ചെയ്യാനും സാധ്യമല്ല. ഈ ആനന്ദത്തിൽ നിമഗ്നനായ വ്യക്തിയെ ബ്രഹ്മജ്ഞാനി എന്നല്ല പറയേണ്ടത്. അദ്ദേഹം സാക്ഷാദ്ബ്രഹ്മം തന്നെയാണെന്നാണ് ശാസ്ത്രപ്രഖ്യാപനം. ഇന്ദ്രൻ തുടങ്ങിയ ലോക പാലന്മാർ പോലും ആ ബ്രഹ്മസ്വരൂപിയുടെ മുമ്പിൽ കൈകൂപ്പി തലകുമ്പിട്ട് വണങ്ങി നിൽക്കുമെന്നാണ് ശ്രീ ശങ്കരഭഗവത്പാദർ പറയുന്നത്. ആ നിലയിലെല്ലാമുള്ള ഒരു സ്ഥിതപ്രജ്ഞനായിരുന്നു രമണമഹർഷിയെന്ന കാര്യം ലോകപ്രസിദ്ധമാണല്ലോ. സ്ഥിതപ്രജ്ഞത ശാസ്ത്രീയമായി ചിന്തിച്ചറിഞ്ഞാലേ മഹർഷിയുടെ മഹത്വം അങ്ങനെ വ്യക്തമായും വെളിപ്പെട്ടുകിട്ടൂ.

ഈ നിലയിൽ സ്ഥിതപ്രജ്ഞത അനുഭവപ്പെടുന്നതോടെ പ്രപഞ്ചം വിസ്മൃതപ്രായമാകുമെന്നു പറയേണ്ടതില്ലല്ലോ. മഹർഷി തന്നെ ഇക്കാര്യം സദ്ദർശനത്തിൽ അതിമനോഹരമായി 11-ാം പദ്യത്തിൽ വെളിപ്പെടുത്തിയിരിക്കുന്നതു നോക്കുക.

ദ്വന്ദ്വാനി സർവാണ്യഖിലാസ്ത്രിപുട്യഃ
കിഞ്ചിത് സമാശ്രിത്യ വിഭാന്തി വസ്തു
തന്മാർഗണേ സ്യാദ് ഗളിതം സമസ്തം
ന പശ്യതാം സഞ്ചലനം കദാപി.

ദ്വൈതാനുഭവം മുഴുവൻ ത്രിപുടിയിലൊതുങ്ങുന്നു. ആ ത്രിപുടിയോ ബോധമെന്ന ഒരു വസ്തുവിനെ ആശ്രയിച്ചു മാത്രം പ്രകാശിക്കുന്നതാണ്. അപ്പോൾ ബോധത്തിന്റെ ശുദ്ധരൂപം തിരഞ്ഞ് കണ്ടെത്തുന്നതോടെ ത്രിപുടീമയമായ പ്രപഞ്ചം അപ്പാടെ ബോധമയമാണെന്നു തെളിയുന്നു. ഇങ്ങനെ ബോധത്തെ സർവത്ര കണ്ടനുഭവിക്കുന്നയാൾ ബോധാനുഭവത്തിൽ നിന്നു ചലിക്കുന്നതേയില്ല. അറിയുന്നവൻ, അറിവ്, അറിയപ്പെടുന്ന പദാർത്ഥം എന്നിവയാണ് ദ്വൈതാനുഭവത്തിലെ ത്രിപുടി. പ്രപഞ്ചത്തിൽ ആരെവിടെ എന്തനുഭവിച്ചാലും അത് ത്രിപുടിയിൽ ഒതുങ്ങി നിൽക്കും. ആലോചിച്ചാൽ ബോധത്തിന്റെ മൂന്നു പടങ്ങൾ മാത്രമാണ് ത്രിപുടി. ബോധമില്ലയോ അറിയുന്നവനുമില്ല അറിവുമില്ല. അറിയപ്പെടുന്ന വസ്തുവുമില്ല. അതുകൊണ്ട് ബോധമയമാണു ത്രിപുടി. ഇത് ഉറപ്പ്വന്നയാൾ ഏതു കാഴ്ചയിലും ബോധരൂപമായ ബ്രഹ്മത്തെതന്നെ കണ്ടനുഭവിക്കുന്നു. ദ്വൈതപ്രപഞ്ചം അദ്ദേഹത്തിന് അനുഭവത്തിൽ നിന്നും അന്തർദ്ധാനം ചെയ്യുന്നു. ഏകത്വാനുഭവത്തിലൂടെ നാനാത്വാനുഭവം അദ്ദേഹം കൈവെടിയുന്നു. ഇതു തന്നെയാണ് നിർവികല്പമായ സത്യാനുഭവം. സ്വർണ്ണാഭരണങ്ങൾ എത്ര എണ്ണം നിരന്നിരുന്നാലും സ്വർണ്ണത്തെ അറിയുന്ന ആളിന്റെ കനകൈകമഹാബുദ്ധിക്കു ഒരു കോട്ടവും സംഭവിക്കുന്നില്ല. ആദിത്യരശ്മികൾ എത്രയൊക്കെ വേറെ വേറെ പ്രകാശിച്ചാലും ആദിത്യനെ അറിയുന്നയാളിന്റെ ആദിത്യൈകമഹാബുദ്ധിക്ക് ഒരു കേടും സംഭവിക്കുന്നില്ല. ഇതാണ് ഉപനിഷത്ത് പ്രഖ്യാപിക്കുന്ന ഏകവിജ്ഞാനം കൊണ്ടുള്ള സർവ്വവിജ്ഞാനം. ഈ ഏകവിജ്ഞാനമാണ് ഭഗവാൻ ഗീതയിൽ "വ്യവസായാത്മികാബുദ്ധിരേക" എന്നു പ്രഖ്യാപിച്ചിരിക്കുന്നത്. ഇതു തന്നെയാണു പ്രപഞ്ചവിസ്മരണം. ഭഗവാൻ രമണമഹർഷി സദാസഹജമായ പ്രപഞ്ച വിസ്മരണത്തിൽതന്നെ കഴിഞ്ഞുകൂടിയിരുന്ന ജീവൻമുക്തനായിരുന്നു. ഈ പ്രപഞ്ച വിസ്മരണം ഉറപ്പു വന്നയാൾക്ക് അതു നിലനിർത്തിക്കൊണ്ട് ലോകവ്യവഹാരങ്ങളിലേർപ്പെടാൻ പോലും ഒരു തടസ്സവും ഇല്ലെന്നാണ് ശാസ്ത്രവ്യവഹാരം. അദ്ദേഹത്തിന് പദാർത്ഥങ്ങളും കർമ്മവും എല്ലാം ഒരേ ബോധമയമായ ബ്രഹ്മം തന്നെയാണ്.

ഏഴു പ്രാന്തഭൂമികളിൽ തെളിഞ്ഞു വിളങ്ങുന്നതാണ് ഒരു സ്ഥിതപ്രജ്ഞന്റെ ബോധാനുഭവം. ജിജ്ഞാസാനിവൃത്തി, ചികീർഷാനിവൃത്തി, പ്രേപ്സാനിവൃത്തി, ജീഹാസാനിവൃത്തി, ഭയനിവൃത്തി ശോകനിവൃത്തി, സർവ്വസങ്കൽപനിവൃത്തി എന്നിവയാണ് ഏഴു പ്രാന്തഭൂമികൾ. അറിയേണ്ടതൊക്കെ അറിഞ്ഞു, ഇനിയൊന്നും തന്നെ അറിയാനില്ല. എന്ന അനുഭവമാണ് ജിജ്ഞാസാനിവൃത്തി. ഇവിടെ ബോധാനന്ദ ഘനമായ ബ്രഹ്മം മാത്രമേ നിലവിലുള്ളു. പലതായി കാണുന്നതൊക്കെ അതിലെ നാമരൂപങ്ങൾ മാത്രം. നാമരൂപങ്ങൾ ഒരിടത്തും പുതിയ വസ്തുവിനെ ഉണ്ടാക്കുന്നില്ല. എന്താണ് സൂര്യൻ? ബോധം ഒരു രൂപം കൈക്കൊണ്ട് പേരും പേറി നിൽക്കുന്നതാണു സൂര്യൻ. ഈ നിഗമനത്തെ ചോദ്യം ചെയ്യാൻ ഏതെങ്കിലും ചിന്തകനു കഴിയുമോ ? ഈ നിലയിൽ ഇതുവരെ ഉണ്ടായിട്ടുള്ളതും ഇനി ഉണ്ടാകാൻ പോകുന്നവയുമായ എല്ലാ പ്രപഞ്ചഘടകങ്ങളും അറിയപ്പെട്ടുകഴിഞ്ഞിരിക്കുന്നു. അതുകൊണ്ട് ഇനിയൊന്നും അറിയേണ്ടതായി അവശേഷിക്കുന്നില്ല. ഈ അനുഭവമാണ് ജിജ്ഞാസാനിവൃത്തി. എല്ലാം അറിഞ്ഞുകഴിഞ്ഞതോടെ പരമശാന്തിയും ആനന്ദവും സ്വരൂപമായി തെളിഞ്ഞ് കിട്ടി. അതുകൊണ്ടിനിയൊന്നും ചെയ്യേണ്ടതായും അവശേഷിക്കുന്നില്ല. ഇതാണ് ചികീർഷാനിവൃത്തി. എല്ലാവരും ശാന്തിയും ആനന്ദവും ലക്ഷ്യമാക്കിയാണല്ലോ കർമ്മം ചെയ്യുന്നത്. അവ ഒരിക്കലും വിട്ടുപോകാതെ സ്വസ്വരൂപമായി തെളിഞ്ഞു കിട്ടിയാൽ പിന്നെ എന്തിന് കർമ്മം ചെയ്യണം?. അക്കാരണത്താൽതന്നെ ഇനിയൊന്നും കിട്ടാനില്ല എന്ന അനുഭവമാണ് പ്രേപ്സാനിവൃത്തി. അതുകൊണ്ടുതന്നെ ഇനിയൊന്നും ത്യജിക്കാനുമില്ല. എന്ന അനുഭവമാണ് ജിഹാസാനിവൃത്തി. വസ്തു അദ്വൈത ബ്രഹ്മമാണ്. അതുതന്നെയാണ് താൻ. അതുകൊണ്ടു താനല്ലാതെ മറ്റൊന്നും നിലവിലില്ല. ഇനി ആരെ ഭയക്കാനാണ്, രണ്ടുണ്ടെങ്കിലല്ലേ ഭയത്തിന് പ്രസക്തിയുള്ളൂ. ''ദ്വിതീയാദ് വൈ ഭയം ഭവതി''. എന്നാണല്ലോ ഉപനിഷത്തും പ്രഖ്യാപിക്കുന്നത്. ഈ അനുഭവമാണ് ഭയനിവൃത്തി. ഭയമില്ലാതായതോടെ ശോകം എന്നന്നേക്കുമായി വിട്ടകന്നു. ദുഃഖമോചനമാണു മോക്ഷം. ഒരു സ്ഥിതപ്രജ്ഞൻ സദാ നിത്യമുക്തനായി വർത്തിക്കുന്നു. ഇതാണ് ശോകനിവൃത്തി. ഇത്രയുമായാൽ പിന്നെ വിവിധതരം സങ്കൽപ്പങ്ങൾക്ക് പ്രസക്തിയെവിടെ? അങ്ങിനെ സർവ്വസങ്കൽപനിവൃത്തിയും വന്നുചേരുന്നു.

പ്രജ്ഞയുടെ ഈ ഏഴു പ്രാന്തഭൂമികളും താൻ ദൃഢമായി അനുഭവിക്കുന്നു എന്ന് ആരുടെ മുമ്പിലും വിളിച്ചറിയിക്കുന്ന ശാന്തഗംഭീരമായ മുഖഭാവത്തോടെയാണ് രമണ മഹർഷി ഏതാണ്ട് 50 കൊല്ലത്തോളം അരുണാചലസാനുവിൽ ബ്രഹ്മാനന്ദത്തിന്റെ അലകൾ ചുറ്റും പ്രസരിപ്പിച്ചുകൊണ്ട് വിരാജിച്ചിരുന്നത്. മനുഷ്യരൂപംപൂണ്ടിരുന്ന ആ ബ്രഹ്മത്തെ സ്മരണയിലൂടെ നമുക്ക് നിരന്തരം പ്രണമിക്കാം.

ഓം തത് സത് ഃ ശ്രീ രമണാർപ്പണമസ്തു

# വേദമൂർത്തിയായ ശ്രീകൃഷ്ണൻ

മൃഡാനന്ദസ്വാമി

അനാദികാലം മുതൽ ആവിർഭവിച്ച് ക്രമേണ വളർന്നു വന്നിട്ടുള്ള ഭാരതീയ സംസ്ക്കാരത്തിന്റെ ജീവനാഡി സനാതന ധർമ്മമാണ്. ആ ആർഷധർമ്മത്തിന്റെ ചരിത്രത്തിൽ കാലഗതിയിൽ വന്ന പല പരിവർത്തനങ്ങളും നാം കാണുന്നുണ്ട്. ഓരോ പരിഷ്ക്കരണ പ്രസ്ഥാനങ്ങളായി അവയെ കണക്കാക്കാവുന്നതാണ്. ആദ്യത്തെ പരിഷ്ക്കർത്താക്കൾ ഋഷീശ്വരന്മാർ തന്നെയായിരുന്നു. വേദത്തിന്റെ ആദ്യഭാഗമായ കർമ്മ കാണ്ഡത്തിൽ ആസക്തമായി ഐഹികവും ആമുഷ്മികവുമായ സുഖസമ്പാദനം ലക്ഷ്യമാക്കി ജീവിച്ചിരുന്ന ജനസമുദായത്തിൽ പുതിയ ഒരാശയഗതി പ്രചരിപ്പിച്ച് ജനങ്ങളെ ഉന്നതമായ ഒരു ലക്ഷ്യത്തിലേക്ക് നയിക്കുന്നതാണ് ഉപനിഷത്തുകളിൽ നാം കാണുന്നത്. അതിനു മുമ്പു തന്നെ അനിത്യവും നിരതിശയവുമായ ആനന്ദാനുഭവം അസാദ്ധ്യമായിതിനാലാണ് സ്വർഗ്ഗകല്പനയുണ്ടായത്. ദുഃഖത്തിനുള്ള കാരണങ്ങളൊന്നു മില്ലാത്തതും സുഖാനുഭവത്തിന്നായി ഭോഗപൂർണ്ണവുമായ സ്വർഗ്ഗ പ്രാപ്തി ലക്ഷ്യമായി വന്നപ്പോഴാണ് ഉപാസനാകാണ്ഡത്തിന്റെ ഉദ്ഭവം. ഈശ്വോരോപാസനകൊണ്ട് നേടുവാൻ സാധിക്കുന്നത് മുക്തി തന്നെയാണെന്നുള്ള ആശയഗതിയാണ് ഉപാസകന്മാർക്കുള്ളത്. എന്നാൽ ഉപാസനയും ഒരുവിധം കർമ്മം തന്നെയാണല്ലോ. കർമ്മത്തിന്റെ ഫലമെല്ലാം അനുഭവിച്ചാൽ അവസാനിക്കുന്നതാണുതാനും. അപ്പോൾ ഉപാസനകൊണ്ടു കിട്ടുന്ന സ്വർഗ്ഗവും നിത്യമാകുവാൻ നിവൃത്തിയില്ല. മാത്രമല്ല, ഈശ്വരോപാസനകൊണ്ടു കിട്ടുന്ന മുക്തിയിലും ദ്വൈതം നിലനില്ക്കുന്നുണ്ട്. ദ്വൈതം ദുഃഖത്തിന്നു കാരണമാണ്. "ദ്വിതീയാദ് വൈ ഭയം ഭവതി". ഭയം ദുഃഖത്തിന്നു കാരണമാകുന്നു. അതുകൊണ്ട് കർമ്മം പോലെ ഉപാസനയും പരമലക്ഷ്യത്തിലേക്ക് നയിക്കുന്നില്ലെന്നു കണ്ടപ്പോഴാണ് അടുത്ത ആശയഗതിയോടുകൂടിയ ഋഷീശ്വരന്മാർ രംഗപ്രവേശം ചെയ്യുന്നത്. അവർ പ്രഖ്യാപിച്ച നിത്യമായ സുഖം നേടുവാൻ അനിത്യമായ ഈ ലോകത്തെ നാം ഉപേക്ഷിക്കേണ്ടിയിരിക്കുന്നു.ഈ ലോകം ഭൗതികമാണ്.ഭൗതികമായതെല്ലാം നശ്വരമാണ്. നശ്വരമായ ഭൗതിക ചിന്തയിൽ നിന്ന് അനശ്വരമായ സുഖം നേടാമെന്ന ചിന്തതന്നെ അപ്രായോഗികവും നിഷ്ഫലവുമാണ്. അതുകൊണ്ട് ജീവിതലക്ഷ്യപ്രാപ്തിക്ക് നാം ഭൗതികത്തിൽ നിന്ന് ആദ്ധ്യാത്മികതയിലേക്ക് തിരിയേണ്ടിയിരിക്കുന്നു. അതായത് ബാഹ്യമായ കാര്യങ്ങൾ വിട്ട് ആന്തരമായ നിലയിൽ അന്വേഷിച്ചാൽ മാത്രമെ ശാശ്വതമായ ശാന്തിയുണ്ടാവുകയുള്ളു. അങ്ങനെ ബഹിർമുഖമായ മനസ്സിനെ അന്തഃർമുഖമാക്കിചെയ്ത് അവർ നടത്തിയ നിരീക്ഷണ പരീക്ഷണങ്ങളുടെ ഫലങ്ങളാണ് നാം ഉപനിഷത്തുക്കളിൽ കാണുന്നത്. അവർ പറഞ്ഞു "ജ്ഞാനദേവ തു കൈവല്യം". ആത്മജ്ഞാനം കൊണ്ടു മാത്രമെ മോക്ഷം നേടുവാൻ സാധിക്കുകയുള്ളൂ. അതിനു നാം നിവൃത്തിമാർഗ്ഗം

അനുസരിക്കണം. ധർമ്മാർത്ഥ കാമങ്ങളിൽ വ്യാപൃതമായ പ്രവൃത്തിമാർഗ്ഗം ബന്ധകാരണമാണ്. ഇതാണ് ഉപനിഷത്തുക്കളുടെ നിഗമനം.

കർമ്മത്തിൽ നിന്ന് ജ്ഞാനത്തിലേക്കുള്ള ഈ പ്രവേശം വലിയൊരു പരിവർത്തനമാണ് ഭാരതീയ സംസ്കാരത്തിന്റെ ചിന്താഗതിയിലുണ്ടാക്കിത്തീർത്തത്. ജ്ഞാനമാർഗ്ഗത്തിലുള്ള അദ്വൈത ചിന്താഗതിയാണ് ഭാരതീയ സംസ്ക്കാരത്തെ സർവ്വലോക സമാരാധ്യമാക്കിത്തീർത്തത്. "ബുദ്ധിതൻ ചിറകിൽ ചേർന്നുയർന്നാൽ എത്രത്തോളമെത്താമെന്നു തെളിയിച്ചതും ഈ അദ്വൈതദർശനമാണ്". അതിന്നപ്പുറം പോകുവാൻ മേധാവികളായ ചിന്തകന്മാർക്കാർക്കും ഇതേവരെ സാധിച്ചിട്ടില്ല. മഹനീയമായ ഈ ആദ്ധ്യാത്മിക ചിന്താഗതി പിന്നീട് ചില തെറ്റിദ്ധാരണകൾക്കുമിടനല്കി. നിവൃത്തി മാർഗ്ഗമനുസരിക്കുന്ന സന്യാസിമാർക്കു മാത്രമേ മോക്ഷത്തിന്നധികാരമുള്ളു. പ്രവൃത്തി മാർഗ്ഗമനുസരിക്കുന്ന ഗൃഹസ്ഥന്മാർക്ക് ധർമ്മാർത്ഥ കാമങ്ങൾ ഉൾക്കൊള്ളുന്ന സംസാരഗതിയാണ് ഫലം. അങ്ങനെ ഗൃഹസ്ഥന്മാരുടെ ഇടയിൽ വലിയൊരു നിരാശ വന്നുപെട്ടപ്പോഴാണ് ഭഗവാൻ ശ്രീകൃഷ്ണൻ അവതരിച്ച് വേദഭാഷ്യം രചിച്ച് എല്ലാവരെയും ആശ്വസിപ്പിക്കുന്നത്.

ശ്രീകൃഷ്ണന്റെ ജീവിതം വേദങ്ങളിൽ നാം കാണുന്ന കർമ്മ-ഉപാസനാ-ജ്ഞാനകാണ്ഡങ്ങളുടെ തത്ത്വങ്ങളെ വ്യക്തമാക്കുന്ന വ്യാഖ്യാനമായിരുന്നു. നിഷ്ക്കാമവും നിഃസ്വാർത്ഥവുമായ കർമ്മങ്ങളാണ് തന്റെ ജീവിതത്തിൽ അദ്ദേഹം ചെയ്തിട്ടുള്ളതെല്ലാം. കർമ്മങ്ങൾ ചെയ്ത് സ്വർഗ്ഗം നേടുവാനാഗ്രഹിച്ചവർക്ക് സ്വർഗ്ഗമല്ല ജീവിത ലക്ഷ്യമെന്നദ്ദേഹം കാണിച്ചുകൊടുത്തു. കർമ്മം കർമയോഗമായി അനുഷ്ഠിച്ച് ചിത്ത ശുദ്ധി സമ്പാദിച്ചു സിദ്ധി നേടിയിട്ടുള്ളതിന്നു ജനകാദികളെ അദ്ദേഹം ദൃഷ്ടാന്തമാക്കിക്കാണിക്കുന്നു. സന്ന്യാസിമാർ നിവൃത്തി മാർഗ്ഗം കൊണ്ടു നേടുന്ന മോക്ഷപ്രാപ്തി ഗൃഹസ്ഥന്മാർക്ക് പ്രവൃത്തി മാർഗ്ഗം കൊണ്ടു തന്നെ നേടുവാനുള്ള മാർഗ്ഗമാണ് ഭഗവദ്ഗീതയിൽ പ്രധാനമായി അദ്ദേഹം ഉപദേശിക്കുന്നത്. യോഗ ബുദ്ധിയോടുകൂടാതെ ചെയ്യുന്ന യജ്ഞാദി കർമ്മങ്ങൾ നിഷ്ഫലങ്ങളാണെന്ന് കാണിക്കുകയാണ് അദ്ദേഹത്തിന്റെ ഗോവർദ്ധനോദ്ധാരണലീല ചെയ്യുന്നത്. കർമ്മകാണ്ഡം ബന്ധകാരണമാണെന്ന് കരുതി തള്ളിക്കളയുകയല്ല അദ്ദേഹം ചെയ്യുന്നത്. അതിന് അതിന്റേതായ പ്രഥമസ്ഥാനം നല്കി ആദരിക്കുന്നു. ജീവിത ലക്ഷ്യപ്രാപ്തിക്ക് നമ്മെ സഹായിക്കുന്നത് കർമ്മങ്ങളിലുള്ള യോഗബുദ്ധിയാകുന്നു. അതുകൊണ്ടാണ് "തസ്മാദ് യോഗീ ഭവാർജ്ജുന" എന്ന് പറഞ്ഞ് നമ്മോടെല്ലാം അദ്ദേഹം യോഗികളാകുവാനുപദേശിക്കുന്നത്. കർമ്മ വിരക്തനായി തീർന്ന അർജ്ജുനനെ കർമ്മോന്മുഖനാക്കുകയാണല്ലോ ഗീതയിൽ അദ്ദേഹം ചെയ്യുന്നത്. ബാഹ്യ കർമ്മങ്ങളുപേക്ഷിച്ച് അലസന്മാരായിരിക്കുന്നവരെ മിഥ്യാചാരന്മാരാണെന്നാണ് അദ്ദേഹം വിളിക്കുന്നത്. ദേഹാഭിമാനമുള്ളേടത്തോളം കാലം കർമ്മത്യാഗം സാധ്യമല്ല, കർമ്മഫല ത്യാഗമെ

സാധ്യമാകുകയുള്ളു എന്നാണ് ഗീതാചാര്യന്റെ പക്ഷം. സംഘവും ഫലവും ഉപേക്ഷിച്ച് അർപ്പണബോധത്തോടുകൂടി കർമ്മം ചെയ്യുകയാണെങ്കിൽ കർമ്മജന്യങ്ങളായ ദോഷങ്ങളൊന്നും അവനെ ബാധിക്കയില്ല. പത്മപത്രം പോലെ നിർലിപ്തനായി ലക്ഷ്യ പ്രാപ്തിക്കുള്ള പ്രയാണം തുടരുവാൻ അവനു സാധിക്കുന്നു. വേദവിഹിതങ്ങളായ കർമ്മങ്ങളെല്ലാം ഈ നിലയിൽ അനുഷ്ഠിച്ച് ചിത്തശുദ്ധി നേടി ഭക്തി ഭാവത്തിനധികാരിയായിത്തീരണം.

വേദത്തിൽ കാണുന്ന ഉപാസനാകാണ്ഡത്തിന്റെ വ്യാഖ്യാനമാണ് വൃന്ദാവനത്തിലുള്ള അദ്ദേഹത്തിന്റെ ജീവിതം. ഭക്തിഭാവം എങ്ങനെയുള്ളതായിരിക്കണമെന്നും ഭക്തിയുടെ ലക്ഷ്യം എന്തായിരിക്കണമെന്നും ഗോപീജനവല്ലഭനായ അദ്ദേഹം കാണിച്ചു തരുന്നു. ഇന്നും ഉത്തമമായ ഭക്തിക്ക് ദൃഷ്ടാന്തമായിക്കാണിക്കുന്നത് ഗോപികമാരെയാണ്. വൃന്ദാവനത്തിൽ ഗോപികാ ഗൃഹങ്ങളിൽ വെണ്ണ കവർന്നുണ്ണുന്ന ഉണ്ണിക്കണ്ണൻ വെണ്ണയെയല്ല കവർന്നത്, നവനീതസദൃശമായ ഗോപികമാരുടെ ഹൃദയത്തെയാണ്. അവർക്ക് ശുദ്ധ ഭക്തി നല്കി അനുഗ്രഹിക്കുകയാണ് അദ്ദേഹം ചെയ്തത്. ഗോപിമാർക്ക് കൃഷ്ണന് സന്തോഷമുണ്ടാക്കണം എന്നല്ലാതെ സ്വാർത്ഥ ചിന്ത തീരെ ഉണ്ടായിരുന്നില്ല. കൃഷ്ണനിൽ നിന്ന് എന്തെങ്കിലും നേടണമെന്ന ആഗ്രഹവും തീരെ ഉണ്ടായിരുന്നില്ല. കൃഷ്ണനെ കണ്ടു കൊണ്ടിരിക്കുന്നതിലുള്ള സന്തോഷവും സംതൃപ്തിയും മാത്രമായിരുന്നു അവരുടെ ലക്ഷ്യം. ഇതാണ് ഒരു ഭക്തനുണ്ടായിരി ക്കേണ്ട മനോഭാവം. കൃഷ്ണഗൃഹീതമാനസകളായ ഗോപികമാർക്ക് കൃഷ്ണ വിരഹം തീരെ സഹിക്കുവാൻ സാധിച്ചില്ല. കൃഷ്ണൻ സർവ്വഭൂതാശയസ്ഥിതനായ പരമാത്മാ വാണെന്നറിയാമായിരുന്നിട്ടും സഗുണസാകാരരൂപനായ കൃഷ്ണനിൽത്തന്നെ അവർ മനസ്സുറപ്പിച്ചു. രാസലീലാരംഭത്തിൽ ഗോപിമാരുടെ പ്രേമപരീക്ഷണത്തിനായി കൃഷ്ണൻ അവരുടെ മദ്ധ്യത്തിൽ നിന്ന് അന്തർദ്ധാനം ചെയ്യുന്നു. അതുകൊണ്ട് ദുഃഖിതകളായ അവർ വിലപിക്കുമ്പോൾ പറയുകയാണ്:-

ന ഖലു ഗോപികാനന്ദനോ ഭവാ-
നഖിലദേഹിനാമന്തരാത്മദൃക്
വിഖനസാർത്ഥിതോ വിശ്വഗുപ്തയേ
സഖ ഉദേയിവാൻ സാത്വതാം കുലേ.

അങ്ങയുടെ യഥാർത്ഥരൂപം ഗോപികാനന്ദനനായ കൃഷ്ണരൂപമല്ലെന്ന് ഞങ്ങൾക്കറിയാം. ലോകരക്ഷണത്തിനായി ബ്രഹ്മാവിന്റെ അപേക്ഷയനുസരിച്ച് യാദവകുലത്തിൽ വന്ന് അവതരിച്ചതാണെന്നും ഞങ്ങൾക്കറിയാം.എങ്കിലും ഈ കൃഷ്ണ വിഗ്രഹത്തിൽ ഞങ്ങളുടെ മനസ്സ് ആസക്തമായിരിക്കുന്നു. ഭക്തന്മാർക്ക് നിർഗുണനിരാകാരമായ ജ്ഞാനികളുടെ ബ്രഹ്മത്തിൽ ശ്രദ്ധയില്ല. അവർക്ക് സഗുണസാകാരമായ ഈശ്വര രൂപത്തിലാണ് ശ്രദ്ധ

ബ്രഹ്മത്തിൽ ശ്രദ്ധയില്ല. അവർക്ക് സഗുണസാകാരമായ ഈശ്വര രൂപത്തിലാണ് ശ്രദ്ധ മുഴുവൻ. ആ ഭക്തന്മാർക്ക് കിട്ടുന്ന പരമാനന്ദാനുഭൂതിയാണ് രാസലീലയിൽ അദ്ദേഹം വ്യക്തമാക്കുന്നത്. അവിടെ ഭക്തൻ എല്ലാം മറന്ന് ഭഗവാനുമായി ഏകീഭവിക്കുന്ന ഒരു ദൃശ്യമാണ് കാണുന്നത്. മനോജ്ഞമായ വൃന്ദാവന ലീലയിൽ അന്യോപദേശ രൂപേണ കാണിച്ചതു പ്രേമത്തിന്റെ പരമകാഷ്ഠയാണ്, ഭക്തിയുടെ ഉന്മത്തതയാണ്. ഗോപികമാരുടെ ആ ഉത്കടപ്രേമതാപം മനസ്സിലാക്കുവാൻ വെറും ലൗകികന്മാർക്ക് സാദ്ധ്യമല്ല.മനുഷ്യ ജീവിതത്തിന്റെ ഉന്നതമായ ലക്ഷ്യം ഇവിടെ സാക്ഷാത്കരിക്കപ്പെടുന്നു. പ്രേമത്തിന്നുവേണ്ടി പ്രേമം എന്ന ഉന്നതമായ ആദർശം ഇവിടെ ദൃഷ്ടാന്തരീ കരിക്കപ്പെടുന്നു. അത്രയും വിശുദ്ധമായ ആ വൃന്ദാവന ലീലയെ വെറും ലൗകിക ദൃഷ്ടിയോടെ വീക്ഷിച്ച് കുറ്റം കാണുന്ന ചിലരും ഇല്ലാതില്ല. അവരോട് വിവേകാനന്ദ സ്വാമികൾ പറഞ്ഞതിങ്ങനെയാണ്. "നിങ്ങൾ സ്വയം വിശുദ്ധി സമ്പാദിക്കുക. ഗോപികളുടെ പ്രേമചരിതം വർണ്ണിക്കുന്നത് ശുകദേവനാണെന്നും ഓർക്കണം. നിത്യശുദ്ധനും ആജന്മപാവനനുമായ ശുകനാണ് ഗോപികളുടെ അദ്ഭുതപ്രേമത്തിന്റെ ചരിത്രകാരൻ. സ്വാർത്ഥം ഉള്ളിലുള്ളേടത്തോളം കാലം ഈശ്വരനിൽ ഭക്തിയുണ്ടാവുക വയ്യ. ഉണ്ടായാൽത്തന്നെ അതു കച്ചവട ഭക്തിയല്ലാതെ മറ്റൊന്നല്ല. ..... പണത്തിനും പേരിനും പെരുമയ്ക്കും ഈ കാൽക്കാശിന്റെ ലോകത്തിനും വേണ്ടിയുള്ള കൊതി വിടു. അപ്പോൾ, അപ്പോൾ മാത്രമേ ഗോപികളുടെ പ്രേമം മനസ്സിലാക്കാൻ കഴിയൂ. സമസ്തവും വെടിയാതെ മനസ്സിലാക്കാൻ യത്നിക്കയേ വയ്യാത്തത്ര പാവനമാണത്. ആത്മാവ് തികച്ചും പരിശുദ്ധമാകുന്നതിനു മുമ്പ് ഗ്രഹിക്കരുതാത്തത്ര ദിവ്യമാണത്. കൃഷ്ണാവതാരത്തിന്റെ പരമസാരമാണത് " (വി. സാ. സ. III.50.) . ആ പ്രേമോന്മാദം കൊണ്ടുണ്ടായ വിശ്വവിസ്മൃതിയിൽ ഉപാസനയുടെ, ഭക്തിയുടെ, ശരിയായ തത്ത്വവും ലക്ഷ്യവും അദ്ദേഹം വ്യക്തമാക്കി കാണിക്കുന്നു.

മൂന്നാമതായുള്ളത് ജ്ഞാനകാണ്ഡമാണ്. ജ്ഞാനമൂർത്തിയായ കൃഷ്ണന്റെ ജീവിതം അതിന്റെ മകുടോദാഹരണമാണ്. ഈശ്വരാവതാരങ്ങളിൽ തന്റെ ഐശ്വരഭാവം തീരെ മറക്കാതെയും മറയ്ക്കാതെയും പെരുമാറിയിട്ടുള്ളത് ശ്രീകൃഷ്ണൻ മാത്രമാകുന്നു. അതുകൊണ്ടാണ് "കൃഷ്ണസ്തു ഭഗവാൻ സ്വയം" എന്നു വ്യാസനുതന്നെ പറയേണ്ടി വന്നത്. ജ്ഞാനത്തിന്റെ പാരമ്യം ജീവാത്മപരമാത്മൈക്യ ബോധത്തിലാണല്ലോ. ആ ഭാവത്തിലാണ് ശ്രീകൃഷ്ണന്റെ ജീവിതം. എല്ലാം ഒരു ലീലയായേ അദ്ദേഹം കാണുന്നുള്ളു. ഗീതോപദേശത്തിലാണ് അതു പ്രകടമായിക്കാണുന്നത്. പരബ്രഹ്മ ഭാവത്തിൽ നിന്നു കൊണ്ടാണ് ഭഗവാൻ ഗീത ഉപദേശിക്കുന്നത്. ഗീതോപദേഷ്ടാവിനെ മനുഷ്യരൂപത്തിൽ കാണുന്ന മൂഢന്മാർ തന്നെ അപമാനിക്കുകയാണ് ചെയ്യുന്നതെന്നാണ് ഭഗവാൻ പറയുന്നത്. "അവജാനന്തി മാം മൂഢാഃ മാനുഷീം തനുമാശ്രിതം". താൻതന്നെ രചിച്ചിട്ടുള്ള വേദത്തിന് താൻ തന്നെ എഴുതിയിട്ടുള്ള ഒരു മഹാഭാഷ്യമാണ് ഗീത.

ശ്രുതികളുടെ, ഉപനിഷത്തുകളുടെ സാരം ദുർഗ്രഹമാണ്. അത് സുഗ്രഹമാക്കിത്തീർക്കുവാനാണ് വേദപ്രചോദകനായ ഭഗവാൻ തന്നെ ഗീതോപദേഷ്ടാവായി വരുന്നത്. അവിടെയെന്താണ് നാം കാണുന്നത്? എല്ലാ മതഭേദങ്ങളേയും ആരാധനാ സമ്പ്രദായങ്ങളേയും സമന്വയിപ്പിച്ച് ഒരേ ലക്ഷ്യത്തിലേക്ക് അവയെല്ലാം എത്തുന്നതെങ്ങനെയെന്ന് കാണിക്കുകയാണ്. സമസ്ത വേദാർത്ഥ സാരസംഗ്രഹ ഗ്രന്ഥം എന്ന് ശങ്കരാചാര്യ സ്വാമികൾ ഗീതയെ വിശേഷിപ്പിക്കുന്നു. കർമ്മത്തെയും ഭക്തിയേയും ഒന്നും നിഷേധിക്കാതെ എല്ലാറ്റിനും മനുഷ്യ ജീവിതത്തിൽ പ്രയോജനവും പ്രാധാന്യവുമുണ്ടെന്ന് കാണിച്ചു തരുന്ന ഒരു സമന്വയ ഗ്രന്ഥമാണ് ഗീത. മനുഷ്യൻ ആദ്ധ്യാത്മികമായി പുരോഗമിക്കുന്നത് സ്ഥൂലത്തിൽ നിന്ന് സൂക്ഷ്മത്തിലേക്ക്, സൂക്ഷ്മത്തിൽ നിന്നും സൂക്ഷ്മതരത്തിലേക്ക്, പിന്നീട് സൂക്ഷ്മതമത്തിലേക്ക്, ഇങ്ങനെയാണ്. അതിന്ന് അവനെ സഹായിക്കുന്നവയാണ് യോഗങ്ങളും ആരാധനകളുമെല്ലാം. ഹൃദയശുദ്ധിയെന്ന ഉപാധിയിലൂടെ അത് ലക്ഷ്യത്തിലെത്തുന്നു. അതുകൊണ്ട് ഒന്നും ത്യാജ്യമല്ല. ഓരോന്നിനും അതിന്റേതായ സ്ഥാനം അനുവദിച്ചുകൊടുക്കണമെന്നാണ് ഗീതാചാര്യൻ പറയുന്നത്.

പുരോഹിത വർഗ്ഗം തങ്ങൾക്കുള്ള പ്രത്യേകാവകാശമായി സൂക്ഷിച്ചു വച്ചിരുന്ന വേദങ്ങളുടെ അർത്ഥത്തെ - ആദ്ധ്യാത്മിക ജ്ഞാനത്തേയും സിദ്ധികളെയും - സാമാന്യ ജനങ്ങൾക്കാദ്യമായി തുറന്ന് കൊടുത്തത് കൃഷ്ണനായിരുന്നു. അങ്ങിനെ വലിയൊരു സാംസ്ക്കാരിക നവോത്ഥാനത്തിന് നേതൃത്വം നല്കുകയാണ് പാർത്ഥസാരഥി ചെയ്തത്. വേദാർത്ഥത്തെ കാലാനുകൂലം വ്യാഖ്യാനിക്കുവാനുള്ള ഒരു പ്രവണതയാണ് നാം ഗീതയിൽ കാണുന്നത്. മോക്ഷപ്രാപ്തിക്കു യജ്ഞങ്ങളുടെ നിഷ്ഫലതയെ കാണിക്കുന്ന ( അദ്ധ്യായം 9 ശ്ളോകം 20, 21) അദ്ദേഹം യജ്ഞത്തിനു പുതിയൊരു അർത്ഥം കല്പിച്ച് യജ്ഞത്തെ സാധൂകരിക്കുന്നു. പുതിയൊരു മനോഭാവത്തോടുകൂടി യജ്ഞവും ദാനവും തപസ്സും ചെയ്യേണ്ടതാണെന്ന് അദ്ദേഹം പറയുന്നു.

യജ്ഞദാന തപഃ കർമ്മ ന ത്യാജ്യം കാര്യമേവ തത്
യജ്ഞോ ദാനം തപശ്ചൈവ പാവനാനി മനീഷിണാം (18-5)

ബന്ധകാരണങ്ങളായ കർമ്മങ്ങളെ മോക്ഷകാരണങ്ങളാക്കിത്തീർത്ത് അനുഷ്ഠിക്കേണ്ടത് എങ്ങിനെയെന്ന് കർമ്മയോഗ വിവരണത്തിലൂടെ അദ്ദേഹം വ്യക്തമാക്കുന്നു. സാകാരോപാസന നിരാകാരോപാസനയിലേയ്ക്കു നയിക്കുന്നതായിരിക്കണമെന്ന് ഭക്തിരഹസ്യം വെളിപ്പെടുത്തുന്നു.

വേദത്തിന്റെ സാരാംശം മുഴുവൻ വേദാന്തത്തിലാണല്ലോ. വേദാന്തം ജ്ഞാന പ്രതിപാദകവുമാണ്. അതുകൊണ്ട് ഗീതയും ജ്ഞാനത്തിന്റെ മഹത്ത്വത്തെ പ്രധാനമായും എടുത്തു കാട്ടുന്നു. " ന ഹി ജ്ഞാനേന സാദൃശം പവിത്രമിഹവിദ്യതേ. " (4.38)

വേദങ്ങളിലെല്ലാം വേദാന്താർത്ഥമായ ജ്ഞാനത്തിൽ ചെന്നവസാനിക്കുന്നതുപോലെ ഗീതയിലും എല്ലാം ജ്ഞാനത്തിലാണ് ചെന്നവസാനിക്കുന്നത്. ജ്ഞാനത്തെ, സംസാര സമുദ്രത്തെ കടക്കുവാനുള്ള കപ്പലായും (സർവ്വം ജ്ഞാനപ്ലവേനൈവവൃജിനം സന്തരിഷ്യസി 4.36) കർമ്മ ഫലങ്ങളെയെല്ലാം എരിച്ചു കളയുവാനുള്ള അഗ്നിയായും (ജ്ഞാനാഗ്നിഃ സർവ്വ കർമ്മാണി ഭസ്മ സാത് കരുതേ തഥാ 4.37) ഭഗവത് ആരാധനയ്ക്കുള്ള യജ്ഞമായും (ജ്ഞാനയജ്ഞേന ചാപ്യന്യേ യജന്തോ മാമുപാസതേ 9.15) മറ്റും ഭഗവാൻ രൂപണം ചെയ്യുന്നു. പരമ ലക്ഷ്യം പ്രാപിക്കുവാനുള്ള മുഖ്യ ഉപായം ജ്ഞാനമാണ്. ജ്ഞാനത്തിനുള്ള പ്രധാന ഉപാധി ഹൃദയ ശുദ്ധിയാണ്. ചിത്ത ശുദ്ധിയ്ക്കുള്ള ഉപായങ്ങളാണ് മറ്റുള്ള കർമ്മ ഭക്തി സാധനകളെല്ലാം.

ഭാരതീയസംസ്ക്കാര പ്രതിപാദകമായ ഗ്രന്ഥങ്ങളിൽ പ്രാധാന്യമർഹിക്കുന്ന ഭഗവദ്ഗീതയിലെ പ്രാരംഭത്തിലുള്ള ഉപദേശത്തെയാണ് വിവേകാനന്ദ സ്വാമികൾ വീണ്ടും എടുത്ത് ഭാരതീയർക്ക് നല്കിയത്. അമ്പും വില്ലും താഴെ വച്ച് തേർതട്ടിലിരുന്ന അർജ്ജുനനോട് കൃഷ്ണൻ ആദ്യമായി പറയുന്നത് ഇതാണ്:

ക്ലൈബ്യം മാ സ്മ ഗമഃ പാർത്ഥ നൈതത്ത്വയ്യുപപദ്യതേ
ക്ഷുദ്രം ഹൃദയദൗർബല്യം ത്യക്ത്വോത്തിഷ്ഠ പരന്തപ.

ഇതിനെ ഭാരതീയരോടുള്ള ഉപദേശമാക്കി സ്വാമിജി പറയുന്നു : മഹത്തായ അനർഘ പൈതൃകത്തിനവകാശികളായ ഭാരതത്തിന്റെ സന്താനങ്ങളേ, പാശ്ചാത്യാനുകരണ ഭ്രമം കൊണ്ടുണ്ടായ ഈ വൈക്ലബ്യം നിങ്ങൾക്കു യോജിച്ചതല്ല. എല്ലാവിധ അധഃപതനത്തിനും കാരണമായ ഈ ഹൃദയ ദൗർബല്യം വിട്ട് എഴുന്നേൽക്കുക. ഭാരതാംബയുടെ സന്താനങ്ങളാണെന്ന അഭിമാനത്തോടുകൂടി മുന്നേറുക. സ്വന്തം സംസ്കാരത്തിലും സ്വന്തം പൈതൃകത്തിലും നിഷ്ഠയോടും അഭിമാനത്തോടും കൂടി ഗീതോപദേശം സ്വജീവിതത്തിൽ പ്രായോഗികമാക്കുവാൻ ശ്രമിക്കുക. അങ്ങനെ വൃന്ദാവനത്തിലെ ലീലാലോലനായ ബാലഗോപാലന്റെ അടുത്തുനിന്ന് സ്വന്തം വ്യക്തിത്വത്തെ തുറന്നു കാട്ടുന്ന ഗൗരവം നിറഞ്ഞ പാർത്ഥസാരഥിയുടെ അടുത്തുചെന്ന് പ്രാർത്ഥിക്കുവിൻ: എനിക്കു പൗരുഷവും ശക്തിയും നൽകേണമേ, എന്നെ ഒരു യഥാർത്ഥ ഭാരതീയനാക്കിത്തീർക്കേണമേ, തേജസ്സും ഓജസ്സും നിറഞ്ഞ ഒരു വ്യക്തിയായി ത്തീരുവാൻ എന്നെ അനുഗ്രഹിക്കേണമേ എന്ന്.

ഓം തത്സത്: ശ്രീ രമണാർപ്പണ മസ്തു.

# ഗീതാസാരം

**– സ്വാമി നിത്യാനന്ദ**

ഭഗവാൻ രമണമഹർഷി 42 ഭഗവത്ഗീതാശ്ലോകങ്ങളിലൂടെയാണ് ജിജ്ഞാസക്കൾക്കു വേണ്ടി ഗീതാസാരത്തെ പ്രകാശിപ്പിച്ചിരിക്കുന്നത്. ഗീതോപദേശത്തിൽ യോഗസമന്വയമാണ് പ്രതിപാദിച്ചിട്ടുള്ളത്. ജ്ഞാനയോഗിയായിരുന്ന രമണമഹർഷി ഒരു സാധകൻ ഗീതാനുസന്ധാനത്തിലൂടെ ജ്ഞാനാവസ്ഥയിൽ എങ്ങനെ എത്താമെന്ന് നിർദ്ദേശിക്കുന്നു. പ്രസ്തുത 42 ശ്ലോകങ്ങളിൽ ശ്രീകൃഷ്ണഭഗവാന്റെ ഉപദേശങ്ങളായ കേവലം 41 ഗീതാശ്ലോകങ്ങളിലൂടെ ഗീതാഹൃദയത്തെ അദ്ദേഹം തുറന്നു കാണിക്കുന്നു. ത്യാഗമാണ് ഗീതാസന്ദേശവും അതിന്റെ സാരവും. താനല്ലാത്തതിനെയൊക്കെ ത്യജിക്കുന്നതാണ് യഥാർത്ഥ ത്യാഗം. സ്വജനപക്ഷപാതത്തിൽപെട്ട് സ്വധർമ്മത്തെ മറന്ന് വിഷാദിക്കുന്ന ജീവനെക്കൊണ്ട് ഗുരു തന്റെ ഉപദേശത്തിലൂടെ ആത്മാന്വേഷണം ചെയ്യിപ്പിക്കുന്ന രീതിയെയാണ് ഗീതാശാസ്ത്രം അവലംബിച്ചിരിക്കുന്നത് അർജ്ജുനനെപ്പോലെ ഇതിലെ ഉപദേശങ്ങളിലെ സംശയനിവൃത്തി വരുത്തി ജീവിക്കുന്നവർക്കേ ഈ ശാസ്ത്രം വേണ്ടപോലെ പ്രയോജനപ്പെടു. ഗീതയുടെ ഹൃദയത്തിൽ എത്താൻ അതു പഠിക്കുന്ന ആൾ ഗീതാമാർഗ്ഗത്തിലൂടെ സ്വന്തം ഹൃദയത്തിലെത്തിയാൽ മതിയാകും. തനിക്ക് തന്നിലേക്കു പോകാനുള്ള വഴിയാണ് ഗീത കാണിച്ചുതരുന്നത്. രമണമഹർഷിയുടെ ഉപദേശവും ജീവിതവും ഇതിന്റെ വ്യാഖ്യാനമായിരുന്നു.

താനാരെന്നു ബോധിക്കലുതന്നെ യഥാർത്ഥജ്ഞാനം . ശരീരത്തെ താനെന്ന് തെററിദ്ധരിക്കുന്നതുതന്നെ അജ്ഞാനത്തിന്റെ സ്വരൂപം. ശരീരം ക്ഷേത്രവും ശരീരത്തെ അറിയുന്നവൻ ക്ഷേത്രജ്ഞനുമാണ്. സർവ്വഭൂതങ്ങളിലും ക്ഷേത്രജ്ഞനായിരിക്കുന്നത് ഭഗവാൻ തന്നെ. ക്ഷേത്രത്തേയും ക്ഷേത്രജ്ഞനേയും വേറെ വേറെ അറിയാനുള്ള കഴിവുതന്നെ ശരിയായ ജ്ഞാനം. ശരീരം സംസാരത്തെ അനുഭവിക്കാനും അനുഭവങ്ങളിൽ ദോഷദൃഷ്ടി മിഴിച്ച് അതിൽനിന്ന് മുക്തി നേടാനുമുള്ള ഉപകരണമാണ്. ശരീരബോധം ഈശ്വരസ്മരണയെ നശിപ്പിക്കുന്നു. ഭഗവാൻ സർവ്വാന്തര്യാമിയും സർവ്വഭൂതങ്ങളുടെ കാരണവും ആദിമദ്ധ്യാന്തങ്ങളിൽ ഒരു പോലെ വർത്തിക്കുന്നവനുമാണ്. ഭഗവാന്റെ സർവ്വാത്മഭാവത്തെ അറിയണമെങ്കിൽ ഉറക്കത്തെ ജയിക്കലാണതിന് ആവശ്യമായിട്ടിരിക്കുന്നത്. വിഷയനിമഗ്നമായ ജീവിതമാണ് ഉറക്കം. ഉറങ്ങുന്നവന് ജാഗ്രദാവസ്ഥ മറയപ്പെട്ടിരിക്കുന്നതുപോലെ വൈഷയികന് ഈശ്വരൻ മറയപ്പെട്ടിരിക്കുന്നു. ദേഹോഽഹം ബുദ്ധിയാണ് ഈ മറവിക്കും മരണഭയത്തിനും ഹേതു. ജനിച്ചതെല്ലാം മരിക്കും. മരിക്കുന്നതെല്ലാം ജനിക്കുകയും ചെയ്യും. മരണഭയം നീങ്ങാൻ താൻ ജനിക്കുന്നവനും മരിക്കുന്നവനുമല്ലെന്ന് ബോധിക്കണം. ശരീരത്തോടുകൂടി

ഉണ്ടായി നിലനിന്ന് ശരീരത്തോടെ മരിക്കുന്നവനല്ല താനെന്ന് ഉറപ്പുവരുത്തണം. ശരീര ഇന്ദ്രിയ മനോബുദ്ധികളുമെല്ലാം തന്റെ ദൃശ്യങ്ങളും താൻ അവയുടെ ദ്രഷ്ടാവു മാത്രവുമാണെന്നും അറിയലാണ് അതിനുള്ള വഴി. അതായത് താനാരെന്നുള്ള ചോദ്യത്തെ നിരൂപണം ചെയ്ത് ചെയ്ത് താനല്ലാത്തതിനെയൊക്കെവിട്ട് തന്നിൽതന്നെ എത്തിച്ചേരണം. അപ്പോൾ താൻ അജനും നിത്യനും, ശാശ്വതനും, പുരാണനും, ശരീരം, നശിക്കുമ്പോൾ അതോടുകൂടി നശിക്കുന്നവനുമല്ലെന്ന് അനുഭവപ്പെടും.

ശരീരാന്തര്യാമിയായ ആത്മാവ് ശരീരത്തോടു ബന്ധപ്പെടുമ്പോൾ ബദ്ധനും ജനന മരണദുഃഖങ്ങളിൽപ്പെട്ട് ക്ലേശിക്കുന്ന ജീവനുമായിത്തീരുന്നു. അതേ ജീവൻ ശരീര ബന്ധനത്തിൽ നിന്നും വിമുക്തനാകുമ്പോൾ സച്ചിദാനന്ദം അനുഭവിക്കുകയും താൻ സച്ചിദാനന്ദ സ്വരൂപനാണെന്ന് സാക്ഷാത്കരിക്കുകയും ചെയ്യുന്നു. ജ്ഞാനി മുക്തനാണ്. ജനനവും, ജനിച്ചിട്ട് നിലനില്ക്കലും, മരണവുമെല്ലാം ശരീരത്തിനാണെന്നു ജ്ഞാനി മനസ്സിലാക്കുന്നു. ജ്ഞാനം ആത്മാവിന്റെ സ്വരൂപമാണ്. ആത്മാവിന് ജനന മരണങ്ങളില്ല. അതിനെ മുറിക്കാനോ ദഹിപ്പിക്കാനോ അലിയിക്കാനോ വരട്ടാനോ, വധിക്കുവാനോ ആർക്കും ഒന്നു കൊണ്ടും സാദ്ധ്യമല്ല. അത് നിത്യമാണ്. എല്ലായിടത്തും ഒരു പോലെയുള്ളതാണ്. അത് എന്നെന്നും നിലനില്ക്കുന്നതും സർവ്വാവലംബവും നിശ്ചലവുമായ വസ്തുവാണ്. സർവ്വത്തിലും ഒന്നു പോലെ വ്യാപിച്ചുനില്ക്കുന്ന അതിനെ നശിപ്പിക്കാൻ ആർക്കും കഴിയുകയില്ല. ഉള്ളതിന് നാശമില്ലെന്നും ഇല്ലാത്തതിന് ഉണ്മയില്ലെന്നും തത്ത്വജ്ഞാനികൾ നേരത്തെ കണ്ടറിഞ്ഞിരിക്കുന്നു. സർവ്വവ്യാപിയായ ആകാശം അതിന്റെ അത്യന്തസൂക്ഷ്മതയാൽ ഒന്നിനോടും ചേർന്ന് ദുഷിക്കാതെ എന്നും ശുദ്ധമായിത്തന്നെ നില്ക്കുന്നുവല്ലോ. ആകാശത്തേക്കാളും സൂക്ഷ്മമായ ആത്മാവ് എല്ലാ ദേഹങ്ങളിലും വ്യാപിച്ച് എല്ലായിടത്തും വർത്തിക്കുന്നുവെങ്കിലും അതും ഒന്നിനോടും ചേരാതെ നിത്യശുദ്ധമുക്തമായി നിലകൊള്ളുന്നു.

ആത്മാവിൽ സൂര്യനോ, ചന്ദ്രനോ, അഗ്നിയോ ഒന്നും പ്രകാശിക്കുന്നില്ല. അവയെല്ലാം ആത്മപ്രകാശത്താലാണ്. അതിൽ എത്തിയവർ പിന്നീട് പുനർജന്മം എടുക്കാറില്ല. അതുതന്നെ പരമപദം. അതിന്റെ പര്യായങ്ങളാണ് അവ്യക്തവും, അക്ഷരവുമെല്ലാം. അഹങ്കാരമോഹങ്ങൾ ഇല്ലാത്തവരും സംഗദോഷങ്ങളാകുന്ന കാമക്രോധാദികളെ ജയിച്ചവരും, ആത്മാവുമാത്രമാണ് നിത്യസത്യമെന്ന് ഉറപ്പുവന്നിട്ടുള്ളവരും വിഷയസുഖങ്ങളിൽ താല്പര്യമില്ലാത്തവരും സുഖദുഃഖാദി ദ്വന്ദ്വങ്ങളുടെ ബാധയില്ലാത്തവരുമായ ബുദ്ധിമാന്മാർ നാശമില്ലാത്ത ആത്മാനുഭൂതിയിൽ എത്തിച്ചേരുന്നു. എന്നാൽ ശാസ്ത്രവിധികളെ അവഗണിച്ച് തോന്നിയപോലെ ജീവിക്കുന്നവർക്ക് ഈ ലക്ഷ്യപ്രാപ്തിയോ സുഖാനുഭൂതിയോ പരമഗതിയോ ഒന്നും ഉണ്ടാവുന്നില്ല. നശിക്കുന്ന ഭൗതികവസ്തുക്കളിലെല്ലാം നശിക്കാതെ ഒരുപോലെനിൽക്കുന്ന

പരമേശ്വരനെ കണ്ടെത്തുന്നവനാണ് സത്യദൃഷ്ടിയുള്ളവൻ. ജീവന്റെ ആത്മാന്വേഷണം ഈ സത്യദൃഷ്ടി മിഴിക്കുന്നതുവരെ തുടർന്നുകൊണ്ടേയിരിക്കും. ഈ ദൃഷ്ടിയുള്ളവർ വിശ്വരൂപിയായി ഭഗവാനെ സർവ്വത്ര ദർശിക്കുന്നു. ഈ വിശ്വരൂപദർശനത്തിനാകട്ടെ ഏകാന്തഭക്തി അത്യാന്താപേക്ഷിതമാണ്. ആ ഭക്തി കൊണ്ട് , ഭഗവാനെ അറിയുന്നതിനും, കാണുന്നതിനും, ഭഗവാനുമായി ഐക്യം പ്രാപിക്കുന്നതിനും എല്ലാം ഇടയാകുന്നു. മററല്ലാം മറന്ന് മനസ്സ് ഭഗവദാകാരമായിത്തീരലുതന്നെ ഏകാന്തഭക്തിയുടെ സ്വരൂപം. ശ്രദ്ധാമയനാണ് ജീവൻ. മനസ്സിന് അനുരൂപമായിട്ടാണ് ജീവനിൽ ശ്രദ്ധവരുന്നത്. അതായത് മനസ്സിന്റെ ഗുണഘടനയനുസരിച്ച് ശ്രദ്ധയും മാറിക്കൊണ്ടിരിക്കും. ഈശ്വരനിലും, ഗുരുവിലും ശാസ്ത്രങ്ങളിലും ഉള്ള വിശ്വാസമാണ് ശ്രദ്ധയെന്നു പറയുന്നത്. ശുദ്ധമനസ്സിന്റെ ശ്രദ്ധയും ശുദ്ധവും ദൃഢവുമായിരിക്കും. ശ്രദ്ധയാണ് എല്ലാവരുടെയും സ്വഭാവത്തെ നിർണ്ണയിക്കുന്ന അതിപ്രധാനഘടകം. ശ്രദ്ധയും, ഭക്തിയും, ഇന്ദ്രിയ മനോബുദ്ധികളുടെ സംയമനവും അന്തർമുഖതയും വേണ്ടവണ്ണമുള്ള സാധകരിൽ മാത്രമേ ജ്ഞാനം പ്രകാശിക്കുകയുള്ളൂ. ജ്ഞാനി താമസം വിനാ പരമമായ ശാന്തി അനുഭവിക്കുന്നു. കൂടാതെ ഏകാന്തഭക്തിയോടെ നിത്യവും മുടങ്ങാതെ ഭഗവാനെ ഭജിച്ചു കൊണ്ടിരിക്കുന്ന ഭക്തനെ ഭഗവാൻ ബുദ്ധിയോഗം നൽകി അനുഗ്രഹിക്കുകയും ചെയ്യുന്നു. ഭഗവാനിൽ ലയിച്ച് ഒന്നാവുന്നതിനെയാണ് ബുദ്ധിയോഗം എന്നു പറയുന്നത്. ബുദ്ധിയോഗംകൊണ്ടും ഭഗവാനെ പ്രാപിക്കാം. ഇവിടെ ജ്ഞാനത്തെത്തന്നെയാണ് ബുദ്ധിയോഗമെന്നു പറഞ്ഞിരിക്കുന്നത്. ഭഗവാൻ സന്തോഷിക്കുന്നതു ഭക്തികൊണ്ടാണ്. ഭഗവാൻ സന്തോഷിച്ചാലത്തെ ഫലമാകട്ടെ ജ്ഞാനാനുഭൂതിയുമാണ്; അജ്ഞാനനാശമാണ്. ജ്ഞാനംകൊണ്ട് ഒരാളിലെ അജ്ഞാനം നശിക്കുമ്പോൾ ജ്ഞാനം സൂര്യതുല്യം പ്രകാശിക്കും. സ്വയം പ്രകാശസ്വരൂപനാണ് ആദിത്യൻ. അതുപോലെ ജ്ഞാനവും തന്നെത്താനെപ്രകാശിക്കുന്നതാണ്. ഈ ജ്ഞാനം പ്രകാശിക്കണമെങ്കിൽ സാധകൻ തന്റെ ബുദ്ധിക്കപ്പുറത്ത് കടക്കാനാവുന്ന സംയമം ശരീര ഇന്ദ്രിയ മനോബുദ്ധികളിൽ ആർജ്ജിക്കണം. ശരീരത്തെക്കാൾ ഇന്ദ്രിയങ്ങൾക്ക് സൂക്ഷ്മതയുണ്ട്. ഇന്ദ്രിയങ്ങളാണ് ശരീരത്തെ നിയന്ത്രിക്കുന്നത്. ഇന്ദ്രിയങ്ങളെ നിയന്ത്രിക്കുന്നത് മനസ്സാണ്. മനസ്സുകൊണ്ടിന്ദ്രിയങ്ങളെ അടക്കാൻ കഴിഞ്ഞാൽ അവയുടെ ബാധയില്ലാത്ത മനസ്സിൽ എത്താം. മനസ്സിനെ നിയന്ത്രിക്കുന്നതു ബുദ്ധിയാണ്. മനസ്സടങ്ങിയവൻ ബുദ്ധിതത്ത്വത്തിൽ എത്തുന്നു. ബുദ്ധിതത്ത്വം പ്രകൃതിതത്ത്വം തന്നെയാണ്. ബുദ്ധിയെ നിയന്ത്രിക്കുന്നത് ആത്മാവാണ്. അതുകൊണ്ട് ബുദ്ധിവൃത്തിയടങ്ങിയവൻ ആത്മാവിലെത്തുന്നു. അതായത് അന്തഃകരണമടങ്ങിയാൽ സർവ്വാധിഷ്ഠാനവും സർവ്വത്തിന്റെയും ദ്രഷ്ടാവുമായ ആത്മാവ് തനിയെ പ്രകാശിക്കും. പ്രകൃതിക്കപ്പുറത്ത് എങ്ങും നിറഞ്ഞിരിക്കുന്ന ആത്മാവിനെ അറിഞ്ഞ് താനും ആത്മാവും ഒന്നായിത്തീരുമ്പോൾ പിടിച്ചടക്കാൻ പ്രയാസമുള്ള കാമമാകുന്ന ശത്രുവിനെ ജയിക്കാനും സാധിക്കും. കർമ്മവാസനകളുള്ളതുകൊണ്ടാണ്

കാമാഗ്നി ജ്വലിച്ച് അജയ്യമായ നിലയിലായിത്തീരുന്നത്. എന്നാൽ ജ്ഞാനാഗ്നി ജ്വലിച്ചാൽ അത് നല്ലവണ്ണം ജ്വലിപ്പിച്ചിട്ടുള്ള അഗ്നി വിറകിനെയെന്നപ്പോലെ, കർമ്മവാസനകളെ എല്ലാം ദഹിപ്പിച്ച് ഭസ്മമാക്കുന്നു. ഇപ്രകാരം ദഹിക്കപ്പെട്ട കർമ്മവാസനയോടുകൂടിയവനിൽ ഏതു രൂപത്തിലുള്ള കർമ്മങ്ങളും ഫലേഛയോടും സങ്കല്പങ്ങളോടും കൂടാതെയിരിക്കുന്നതിനാൽ അവനെ അറിവുള്ളവർ പണ്ഡിതനെന്നു പറയുന്നു. കാമക്രോധാദി സകല വികാരങ്ങളും നശിച്ച് ശുദ്ധമായ അന്തഃകരണത്തോടുകൂടിയവരും ബ്രഹ്മനിഷ്ഠരുമായ ഇവരുടെ ചുററുപാടുമുള്ള അന്തരീക്ഷംതന്നെ ബ്രഹ്മനിർവ്വാണസുഖം നിറഞ്ഞതായി ഭവിക്കുന്നു.

എപ്പോഴും പ്രക്ഷുബ്ധവും വികാരകലുഷവുമായ മനസ്സുകൊണ്ട് എത്രകാലം പ്രയത്നിച്ചാലും തത്ത്വാനുഭൂതി സാദ്ധ്യമല്ലെന്നുതന്നെ പറയണം. അതിനാൽ മനോ നിയന്ത്രണം നേടുകയാണ് ആദ്യം വേണ്ടത്. നല്ലവണ്ണം അന്തർമുഖമാക്കി ഹൃദയത്തിൽ ഉറപ്പിച്ചിട്ടുള്ള ബുദ്ധികൊണ്ടു വേണം പതുക്കെ പതുക്കെ മനസ്സിനെ ആത്മാവിൽ ഏകാഗ്രമാക്കിനിർത്താൻ. അങ്ങനെ മനസ്സിനെ ആത്മാവിൽ ലയിപ്പിച്ച് ഒന്നും ചിന്തിക്കാതെ ഇരിക്കണം. ചിന്തകൾ ഉള്ളിടത്തോളം കാലം മനസ്സ് ചലിച്ചുകൊണ്ടേയിരിക്കും. മനസ്സ് ലക്ഷ്യം തെററിപ്പോകുമ്പോൾ അതിനെ ബലാൽക്കാരേണ നിയന്ത്രിച്ച് ലക്ഷ്യത്തിൽതന്നെ തിരികെ കൊണ്ടുവന്ന് ലയിപ്പിക്കാൻ ശ്രമിച്ചുകൊണ്ടിരിക്കണം. ഇങ്ങനെ വളരെക്കാലം മുടങ്ങാതെ അഭ്യസിക്കുമ്പോൾ മനസ്സ് ആത്മാവിൽ ലയിച്ച് സാധകൻ യോഗാവസ്ഥയിൽ എത്തും. ഇങ്ങനെ ഇന്ദ്രിയമനോബുദ്ധികളെ ജയിച്ച് ആത്മവശത്താക്കിയിട്ടുള്ള യോഗി കാമക്രോധാദികൾ കൂടാതെ ആത്മാരാമനായിക്കഴിയുന്നു. ആ അവസ്ഥയിൽ എത്തിയ ജീവൻ മുക്തൻ തന്നെയാണ്. അദ്ദേഹം ഒരേ ബ്രഹ്മത്തെ എല്ലായിടത്തും കാണുന്നു. സർവ്വഭൂതങ്ങളേയും തന്നിലും എല്ലാ ഭൂതങ്ങളിലും തന്നേയും കണ്ട് അദ്വൈതഭാവത്തിൽ ബ്രഹ്മാനന്ദമത്തനായിത്തീരുന്നു. സ്വധർമ്മാനുഷ്ഠാനത്തിലൂടെ മനഃശുദ്ധിവന്ന് അനന്യഭക്തിയോ ജ്ഞാനമോ പ്രകാശിക്കുന്നവരിലാണ് ഈ പരാനുഭൂതിയുണ്ടാവുന്നത്.

അനന്യഭക്തന്റെ ഇഹപരങ്ങളായ എല്ലാ കാര്യങ്ങളും ഭഗവാൻതന്നെ നിർവ്വ ഹിച്ചുകൊടുക്കുന്നു. ആ ഭക്തൻ സർവ്വാത്മാവും സർവ്വാന്തര്യാമിയുമായ ഈശ്വരനെ-യൊഴിച്ച് മറെറാന്നിനെയും ഒരു നിമിഷംപോലും ഒന്നിനുവേണ്ടിയും ആശ്രയിക്കില്ല. അദ്ധ്യാത്മാനുഷ്ഠാനങ്ങൾകൊണ്ട് നേടേണ്ട അവസ്ഥയും ഇതുതന്നെയാണ്. ഇവിടെ ജ്ഞാനവും ഭക്തിയും ഐക്യരൂപം പ്രാപിക്കുന്നു. ജ്ഞാനീഭക്തനാണ് സർവ്വശ്രേഷ്ഠൻ. നിത്യഭക്തനായിരിക്കുന്നതും ജ്ഞാനി മാത്രമാണ്. ജ്ഞാനിക്കേററം പ്രിയപ്പെട്ടവൻ ഈശ്വരനും ഈശ്വരനേററവും പ്രിയപ്പെട്ടവൻ ജ്ഞാനിയുമാണ്. അനേകം ജൻമങ്ങളിലെ സത്സംഗം കൊണ്ടും ശാസ്ത്രാഭ്യാസം കൊണ്ടും സദാചാരനിഷ്ഠകൊണ്ടും, ഭക്തി വൈരാഗ്യങ്ങൾ വളർന്നു വളർന്ന് മനോനാശവും വാസനാക്ഷയവും സംഭവിക്കുമ്പോൾ

ആണ് ഒരാളിൽ ജ്ഞാനം പ്രകാശിക്കുന്നത്. ജ്ഞാനപ്രകാശത്തിലൂടെ സർവ്വത്ര വാസുദേവ ദൃഷ്ടി മിഴിച്ചിട്ടുള്ള മഹാത്മാക്കൾ എത്രയോ ദൂർല്ലഭമാണ്. ജ്ഞാനിയുടെ ലക്ഷണമാണ് സ്ഥിതപ്രജ്ഞത. മനസ്സിൽ പൊന്തിവരാറുള്ള ആഗ്രഹങ്ങളെ എല്ലാം അകററി ആത്മാവു കൊണ്ട് ആത്മാവിൽതന്നെ ആനന്ദിക്കുന്നയാളാണ് സ്ഥിതപ്രജ്ഞൻ. ആഗ്രഹങ്ങൾ മനസ്സിൽനിന്നു പോകണമെങ്കിൽ അനന്യഭക്തിയോ ജ്ഞാനമോ അവിടെ പ്രകാശിച്ചിരിക്കണം. പ്രജ്ഞ സ്ഥിരമാകണമെങ്കിൽ അത് എത്തേണ്ടിടത്ത് എത്തിയിരിക്കണം. അതിനുള്ള തടസ്സങ്ങളാണ് ആഗ്രഹങ്ങൾ, മമത, അഹങ്കാരം ആദിയായവ. ആത്മാന്വേഷണംകൊണ്ട് ഈ തടസ്സങ്ങൾ നീങ്ങിക്കിട്ടും.അജ്ഞാനമാണ് അഹങ്കാരത്തിനു കാരണം അഹങ്കാരത്തിൽ നിന്നാണ് മമത അല്ലെങ്കിൽ എൻേറതെന്നുള്ള ഭാവം വരുന്നത് ഞാനും എന്റേതും ഉള്ളിടത്തെ ആഗ്രഹങ്ങൾ ഉണ്ടാവുകയുള്ളൂ. ശരീര ഇന്ദ്രിയ മനോബുദ്ധികളിലുള്ള ഞാനെന്നും എന്റേതുമെന്നുള്ള ഭാവം പോയാൽ ആഗ്രഹങ്ങൾ ഒന്നടങ്കം നശിക്കുകയും ആത്മസ്വരൂപം പ്രകാശിക്കുകയും ചെയ്യും. ആത്മസ്വരൂപത്തിൽ വർത്തിക്കുന്നവൻ പരമശാന്തി അനുഭവിക്കുന്നു. അല്ലാത്താവർ വെറുപ്പ്, ഭയം, വ്യാകുലത ഇവയിൽപ്പെട്ട് എപ്പോഴും അശാന്തരായി കഴിയുന്നു. ഇവയൊന്നും ഇല്ലാത്ത അനന്യ ഭക്തനാണ് ഭഗവാന് പ്രിയനായിട്ടിരിക്കുന്നത്. അങ്ങനെയുള്ള ഭക്തനെക്കൊണ്ട് ലോകത്തിനോ ലോകത്തെക്കൊണ്ട് ആ ഭക്തനോ അല്പവും വ്യാകുലതയുണ്ടാവുന്നില്ല. തന്നിലുള്ള വെറുപ്പും, ഭയവും വ്യാകുലതയുമാണ് തനിക്കും അന്യർക്കും അശാന്തിക്കു കാരണമായി ഭവിക്കുന്നത് . താൻ നന്നായാൽ സർവ്വത്ര നൻമ അനുഭവിക്കാറാവും ജ്ഞാനീഭക്തൻ ഗുണാതീതനുമായിരിക്കും. ഗുണാധീനനായിരിക്കുന്നവനിൽ ജ്ഞാനവും ഭക്തിയും വേണ്ടപോലെ വളർന്നു പ്രകാശിക്കുകയില്ല.; അവനിൽ സംസാരക്ലേശങ്ങൾ വർദ്ധിച്ചുകൊണ്ടുമിരിക്കും. ഗുണാതീതന് തന്നെ മാനിക്കുന്നവരോടും അവമാനിക്കുന്നവരോടും മിത്രങ്ങളോടും ശത്രുക്കളോടും എല്ലാം സമഭാവനയാണുള്ളത്. എവിടെയും ഭേദബുദ്ധിയില്ല. താനായിട്ട് ഒരു സംരംഭവും തുടങ്ങാനും അയാൾ കൂട്ടാക്കുകയില്ല. ആത്മാവിൽ രമിക്കുകയും, തൃപ്തികണ്ടെത്തുകയും സന്തോഷിക്കുകയും ചെയ്യുന്നവർക്ക് ഇനിയും ചെയ്യേണ്ടതായിട്ട് ഒന്നുമില്ല. ഈ ലോകത്തെ ഒന്നിനും വേണ്ടി ആശ്രയിക്കാത്ത അദ്ദേഹത്തിന് ഇവിടെ കർമ്മം ചെയ്ത് എന്തെങ്കിലും നേടാനോ കർമ്മം ചെയ്യാതെയിരുന്ന് എന്തെങ്കിലും നഷ്ടപ്പെടാനോ ഇല്ല. ഇങ്ങനെയുള്ളവർ ശരീരംകൊണ്ടു കർമ്മം ചെയ്താലും ബദ്ധരാകുന്നില്ല. പ്രാരബ്ധത്തിന് അനുരൂപമായി എന്തു വന്നു ചേരുന്നുവോ അതിൽ അതീവ തൃപ്തനായി കഴിഞ്ഞുകൂടുന്നു. ഒന്നിലും മമതയോ വിദ്വേഷമോ ഇല്ല. എന്തു കിട്ടിയാലും ഇല്ലെങ്കിലും തൃപ്തിക്ക് ഒരു കുറവുമില്ല. ആത്മാവിനെ മാത്രം ആശ്രയിച്ചു ജീവിക്കുന്നവർക്കു ഒന്നു വന്നുചേർന്നതുകൊണ്ടോ വിട്ടുപോയതുകൊണ്ടോ തൃപ്തിക്കു ഭംഗം വരുന്നില്ല.

ഈശ്വരൻ സർവ്വഭൂതങ്ങളുടെയും ഹൃദയത്തിൽ സ്ഥിതിചെയ്യുന്നു. അവിടെ സ്ഥിതി ചെയ്തുകൊണ്ട് തന്റെ മായാശക്തിയാൽ യന്ത്രത്തിൽ ഘടിപ്പിച്ച പദാർത്ഥങ്ങളെന്നപോലെ അതാതിന്റെ കർമ്മത്തിൽ പ്രവർത്തിപ്പിച്ചുകൊണ്ടിരിക്കുന്നു. ഹൃദായന്തർഭാഗത്ത് ആത്മസ്വരൂപേണ പ്രകാശിച്ചുകൊണ്ടിരിക്കുന്ന പരമപുരുഷനായ ആ ഭഗവാനെ എല്ലാ ഭാവങ്ങളെക്കൊണ്ടും എല്ലാ പ്രകാരത്തിലും ശരണം പ്രാപിക്കുകയാണ് വേണ്ടത്. അങ്ങനെ ചെയ്താൽ അവിടത്തെ പ്രസാദം കൊണ്ട് പരമമായ ശാന്തിയേയും ശാശ്വതമായ കൈവല്യത്തേയും പ്രാപിക്കാം.

ഞാൻ ആരാണ്? ഈ ലോകം എങ്ങനെയുണ്ടായി? ഈ ലോകത്തിന്റെ സൃഷ്ടികർത്താവ് ആരാണ്? എന്തു കൊണ്ടാണ് ഈ ലോകത്തെ നിർമ്മിച്ചിരിക്കുന്നത് ? ഇപ്രകാരമുള്ള ചോദ്യങ്ങൾക്ക് ഉത്തരം കണ്ടെത്തിയ ഒരു മഹാത്മാവായിരുന്നല്ലോ രമണമഹർഷി. താനാരെന്നുള്ള അന്വേഷണം ശരിയാകുമ്പോൾ താനീ ശരീരഇന്ദ്രിയ മനോബുദ്ധികളൊന്നും അല്ലെന്നും താൻ നിത്യശുദ്ധമുക്തമായ ആത്മാവാണെന്നും ബോധിക്കാൻ ഇടയാകുന്നു. ഈ ലോകത്തോടുള്ള ബന്ധമാണ് ഈ അനുഭവത്തിന് തടസ്സമായിനിന്നിരുന്നത്. വൈരാഗ്യം വളർന്ന് മനസ്സ് ശുദ്ധമായിട്ടുള്ള സാധകനിൽ ഭക്തിയോ ജ്ഞാനമോ പ്രകാശിക്കുമ്പോൾ പ്രസ്തുത തടസ്സം നീങ്ങിക്കിട്ടും. ജ്ഞാനിക്കും മൂഢനും ശാസ്ത്രത്തിന്റെ ആവശ്യമില്ല. ജിജ്ഞാസുക്കളായ സാധകന്മാർക്കു വേണ്ടിയാണ് ശാസ്ത്രം നിർമ്മിച്ചിട്ടുള്ളത്. ശാസ്ത്രാനുസാരിയായി ജീവിക്കുന്നവർ ജീവിതലക്ഷ്യം സാധിച്ച് നിത്യസുഖികളും സംതൃപ്തരുമായിത്തീരുന്നു. അതിനെ അവഗണിക്കുന്നവർ സംസാരത്തിൽ നിമഗ്നമായി നിത്യനരകം അനുഭവിക്കുന്നു. മഹാത്മക്കളുടെ ജീവിതാനുഭവങ്ങളാണ് ശാസ്ത്രങ്ങളായിത്തീരുന്നത്. മനസ്സ് ശുദ്ധമായി എല്ലായിടത്തും ആത്മാവിനെ ദർശിക്കുന്നവരാണ് മഹാത്മാക്കൾ. രമണമഹർഷിയും തന്റെതന്നെ ജീവിതാനുഭവങ്ങളുടെ രഹസ്യമാണ് 42 ഗീതാശ്ലോകങ്ങളിലൂടെ വെളിപ്പെടുത്തിയിരിക്കുന്നത്. ഇതനുസരിച്ചു ജീവിക്കുന്നവർ ജന്മസാഫല്യസുഖമനുഭവിക്കുകതന്നെ ചെയ്യും.

ഓം തത് സത്. ഓം രമണാർപ്പണമസ്തു

# ജ്ഞാതും ദ്രഷ്ടും ച തത്ത്വേന പ്രവേഷ്ടും ച പരന്തപ !

*- ശ്രീ സ്വപ്രഭാനന്ദ സ്വാമികൾ.*

വിശ്വരൂപദർശനം നല്കി അർജ്ജുനനെ അനുഗ്രഹിച്ച ശ്രീകൃഷ്ണഭഗവാൻ അർജ്ജുനനോട് പറഞ്ഞു:

ഭക്ത്യാ ത്വനന്യയാ ശക്യ
അഹമേവം വിധോഽർജ്ജുന
ജ്ഞാതും ദ്രഷ്ടും ച തത്ത്വേന
പ്രവേഷ്ടും ച പരന്തപ (ഗീത 11.54)

''അനന്യമായ ഭക്തി ഒന്നുകൊണ്ടു മാത്രമേ അർജ്ജുനാ ! നീ ഇപ്പോൾ കണ്ടതു പോലെ എന്നെ കാണുവാനും അറിയുവാനും താത്ത്വികമായി എന്നോട് ഐക്യം പ്രാപിക്കുവാനും ഒരുവന് സാധിക്കുകയുള്ളൂ.'' അതെ, ഈശ്വരൻ അറിയപ്പെടുവാനും ദർശിക്കപ്പെടുവാനും ശക്യനാണ്, അനന്യഭക്തിയുള്ളവന്.

അരാണീശ്വരൻ? "യതോ വാ ഇമാനി ഭൂതാനി ജായന്തേ, യേന ജാതാനി ജീവന്തി യത്പ്രയന്ത്യഭിസംവിശന്തി. തദ്വിജിജ്ഞാസസ്വ തദ്ബ്രഹ്മ"; എന്നാണ് ഉപനിഷദ് വാക്യം. അതായത് നാനാ നാമരൂപാദികളോടുകൂടി നമുക്ക് അനുഭവപ്പെട്ടു കൊണ്ടിരിക്കുന്ന ഈ പ്രപഞ്ചവും ഇതിലെ ജീവരാശികളും സകലതും ഏതിൽ നിന്നുദ്ഭവിച്ചുവോ, ഉദ്ഭവിച്ചശേഷം അത് ഏതിൽതന്നെ നിലകൊള്ളുന്നുവോ, പിന്നീട് ഇവയെല്ലാം ഏതിൽതന്നെ ചെന്നു ലയിക്കുന്നുവോ ആ പരമകാരണചൈതന്യ സ്വരൂപനാണീശ്വരൻ. "ജന്മാദ്യസ്യ യതഃ" എന്നു ബ്രഹ്മസൂത്രവും ഇതുതന്നെ വ്യക്തമാക്കുന്നു.

പ്രപഞ്ച സൃഷ്ടിക്കു മുമ്പ് ഈശ്വരൻ മാത്രമേ ഉണ്ടായിരുന്നുള്ളു. ആ ഈശ്വരനിൽ നിന്നാണ് ചേതനാചേതനങ്ങളായ സമസ്തചരാചരവസ്തുക്കളും ഉണ്ടായിട്ടുള്ളത്. ഒരേ എട്ടുകാലിതന്നെയാണ് വലയ്ക്കും എട്ടുകാലി സന്താനങ്ങൾക്കും കാരണമായിരിക്കുന്നത്. അതുപോലെ ജഡാജഡങ്ങളായ സകലതിനും പരമകാരണം ഈശ്വരൻ തന്നെ. പ്രപഞ്ചോല്പത്തിക്കുമുമ്പ് ഈശ്വരൻ മാത്രമേ ഉണ്ടായിരുന്നുള്ളു. എങ്കിൽ ഈ പ്രപഞ്ചം മുഴുവൻ ഈശ്വരസ്വരൂപം തന്നെ എന്നതിൽ സംശയിക്കാനൊന്നുമില്ല.

രാവിലെ കുശവന്റെ ആലയിൽ കാണപ്പെട്ട മൃത്പിണ്ഡമാണ് വൈകുന്നേരമാകുമ്പോൾ കുടം, കലം, ചട്ടി, ചെരാത് എന്നിങ്ങനെ നാനാ രൂപങ്ങളോടുകൂടിയ പദാർത്ഥങ്ങളായി കാണപ്പെടുന്നത്. ഇവയിലെല്ലാം താത്ത്വികമായുള്ളത് മണ്ണുമാത്രം. സ്വർണ്ണകാര്യമായ സ്വർണ്ണാഭരണങ്ങളിലും താത്ത്വികമായുള്ളതു സ്വർണ്ണം മാത്രമാണ്. നാമരൂപങ്ങളെല്ലാം താത്ക്കാലിക പ്രതിഭാസങ്ങൾ മാത്രം. അതുപോലെതന്നെയാണ് സമസ്തപ്രപഞ്ചത്തിന്റെ കാര്യത്തിലും പരമാർത്ഥത്തിൽ സമസ്തപ്രപഞ്ചവും നാനാരൂപങ്ങളോടുകൂടി ദർശിക്കപ്പെടുന്ന ഈശ്വരൻ തന്നെ. അതുകൊണ്ടുതന്നെയാണ് ഉപനിഷത്തും, " ഈശാവാസ്യമിദം സർവ്വം" എന്ന് പ്രസ്താവിക്കുന്നതും.

ഇങ്ങനെ അറിയലാണ് താത്ത്വികമായി അറിയൽ. തത്ത്വം അങ്ങിനെയാണെങ്കിലും നാമങ്ങനെ താത്ത്വികമായി ഗ്രഹിക്കാറില്ലല്ലോ ! അതെന്തുകൊണ്ടാണ് ? തത്ത്വം ഗ്രഹിക്കാൻ ശ്രമിക്കാത്തതുകൊണ്ടാണ് താത്ത്വികമായി അങ്ങിനെ ഗ്രഹിക്കപ്പെടാത്തത് എന്നാണ് അതിനുത്തരം. പഞ്ചേന്ദ്രിയവിഷയങ്ങൾ അപ്പടി സത്യമാണെന്നാണ് സാധാരണക്കാർ കരുതിപ്പോരുന്നത്. എന്നാൽ നേരെ മറിച്ചാണ് ആചാര്യന്മാർ പറയുന്നത്: "ബ്രഹ്മ സത്യം ജഗത്മിഥ്യാ" എന്നാണ് അവരുടെ ഉപദേശം. ഇന്ദ്രിയ വേദ്യമായതൊന്നും സത്യമല്ല. സത്യം അതീന്ദ്രിയമായതാണ്. അപ്പോൾ പ്രപഞ്ചമോ? അത് ഇന്ദ്രിയവേദ്യമായതുകൊണ്ട് സത്യമല്ല. ഇത് നല്ല കൂത്തുതന്നെ, ഇന്ദ്രിയങ്ങളിലൂടെ അനുഭവപ്പെടുന്നത് സത്യമല്ലെങ്കിൽ പിന്നെ അത് അസത്യമാണെന്നോ? അല്ല; അസത്യമല്ലത്. ഇന്ദ്രിയവേദ്യം അസത്യവുമല്ലെങ്കിൽ മറ്റെന്താണത്?. അതിനുപേർ മിഥ്യ. മിഥ്യ എന്നു പറഞ്ഞാൽ ഇന്ദ്രിയങ്ങളിലൂടെ അനുഭവപ്പെട്ടിട്ട് പിന്നീട് അറിയപ്പെടാതാകുന്നത് എന്നർത്ഥം. എന്നാൽ അസത്യവും സത്യവും എന്തെന്ന്കൂടി പറഞ്ഞുതന്നാൽ കൊള്ളാമായിരുന്നു. പറയാമല്ലോ. ഭൂതവർത്തമാനഭാവി കാലങ്ങളിലൊന്നിലും യാതൊരു പരിണാമത്തിനും വിധേയമാകാതെ ഒരേ നിലയിൽ നില കൊള്ളുന്നത് സത്യം. മൂന്നു കാലത്തിലും ഉണ്ടാകാത്തത് അസത്യം. ഉദാഹരണം:- മുയൽക്കൊമ്പ്, വന്ധ്യാപുത്രൻ, ആകാശകുസുമം മുതലായവ. സത്യത്തിന് ഉദാഹരണമേതാണ്? ഈശ്വരൻ മാത്രം; ബ്രഹ്മം മാത്രം.

അപ്പോൾ "ഞാനോ?" നിങ്ങൾ 'ഞാൻ' എന്നു പറഞ്ഞത് എന്തിനെ ഉദ്ദേശിച്ചാണ്? നോക്കട്ടെ, ചിന്തിച്ചു നോക്കേണ്ടിയിരിക്കുന്നല്ലോ ! അതെ, ചിന്തിക്കപ്പെടേണ്ടത് തന്നെയാണത്. ഞാൻ " ശരീരമല്ല, അവയവങ്ങളല്ല, ഇന്ദ്രിയങ്ങളല്ല, മനസ്സല്ല, ബുദ്ധിയല്ല, അഹങ്കാരമല്ല, അവയെല്ലം കൂടിയതുമല്ല. ഇവയെല്ലാം എനിക്ക് വിഷയങ്ങളാണ്. ഇവയെ ഞാനറിയുന്നു. ഞാൻ അവയെ പ്രവർത്തിപ്പിക്കുകയും ചെയ്യുന്നു. ഞാൻ അവയിൽ നിന്ന് അത്യന്തം ഭിന്നനായ ആത്മവസ്തുവാണ്, ദൃക്സ്വരൂപനാണ്, നിരന്തരം പരിണമിക്കുന്ന ശരീരാദികളിൽ ഭൂത വർത്തമാന ഭാവി കാലങ്ങളിലൊന്നിലും പരിണാമ വിധേയമാകാതെ നിലനിൽക്കുന്നവനാണ് ഞാൻ എന്ന് തോന്നുന്നു. അപ്പോൾ ഞാൻ സത്യസ്വരൂപനാണല്ലോ? അതെ, എന്തിന് സംശയിക്കണം; സത്യസ്വരൂപൻ തന്നെ. ഈശ്വരസ്വരൂപി തന്നെ.

ഈശ്വരൻ സച്ചിദാനന്ദ സ്വരൂപൻ എന്നാണ് അറിയപ്പെടുന്നത്. അതായത് സത്യസ്വരൂപനും ജ്ഞാനസ്വരൂപനും ആനന്ദസ്വരൂപനും ആയവൻ. ത്രികാലാബാധ്യസ്വരൂപത്വം സത്യസ്വരൂപത്വം - എന്നു സൂചിപ്പിക്കപ്പെട്ടു. ജ്ഞാനസ്വരൂപത്വവും ഈശ്വരനുണ്ട്. അതിനാൽ ഈശ്വരസന്താനമായ "ഞാനിനും" ജ്ഞാനസ്വരൂപത്വം ഉണ്ട്. സകല ജ്ഞാനങ്ങളുടെയും ഉറവിടം ആത്മവസ്തു തന്നെ. അതിനെയാണല്ലോ എല്ലാവരും "ഞാൻ" എന്നു വ്യവഹരിയ്ക്കുന്നത്. ഒരറിവും പുറമേ നിന്നും വരുന്നതല്ല. എല്ലാ അറിവും അവനവനിൽ തന്നെയുണ്ട്. എല്ലാ ശാസ്ത്രകാരന്മാരും പ്രകടമാക്കിയ അറിവ് അവരിൽ അന്തർലീനമായിരുന്നതുതന്നെ. വിദ്യാലയങ്ങളും ഗുരുജനങ്ങളുമൊന്നും പുത്തൻ ജ്ഞാനത്തെ ഉണ്ടാക്കുന്നില്ല. നേരെ മറിച്ച് നേരത്തെതന്നെ ഉണ്ടായിരുന്ന ജ്ഞാനത്തിന്റെ മറകളെ മാറ്റി ജ്ഞാനപ്രകാശത്തിന് സൗകര്യം ഉണ്ടാക്കുക മാത്രമാണവർ ചെയ്യുന്നത്.

റാന്തൽ വിളക്കിലെ ദീപപ്രഭയെ പരത്തുന്ന ഉപാധിയാണ് അതിന്റെ ചില്ല്. പക്ഷേ ചില്ലിൽ കരി പുരണ്ടാൽ പിന്നെ പ്രകാശം പരക്കുകയില്ല. അതുപോലെ ആത്മപ്രകാശത്തെ പരത്താനുള്ള ഒരു ഉപാധിയാണ് മനസ്സ് ഈ മനസ്സാകുന്ന ഉപാധിയിൽ രാഗദ്വേഷാദികളാകുന്ന കറ പുരണ്ടതുമൂലം അത് ആത്മപ്രകാശത്തെ പരത്താൻ കഴിവില്ലാത്തതായി തീർന്നിരിയ്ക്കുന്നു. അതിലെ കറകൾ അല്പാല്പം കളഞ്ഞു കളഞ്ഞു വരുമ്പോൾ ആത്മപ്രകാശം തനിയെ വ്യാപിച്ചുകൊള്ളും. യഥാർത്ഥ വിദ്യാഭ്യാസത്തിൽ ചെയ്യപ്പെടേണ്ടത് മനസ്സിനെ ദോഷരഹിതമാക്കുക മാത്രമാണ്. മനോ മാലിന്യമകന്നാൽ സ്വയം ജ്യോതിസ്വരൂപമായ ആത്മവസ്തു തനിയെ പ്രകാശിച്ചുകൊള്ളും. അപ്പോൾ "ഞാൻ" ജ്ഞാനസ്വരൂപനെന്ന് അനുഭവപ്പെടുകയും ചെയ്യും.

'ഞാൻ' സത്യസ്വരൂപനും ജ്ഞാനസ്വരൂപനും മാത്രമല്ല ആനന്ദസ്വരൂപനുമാണ്. അതായത് ആത്മവസ്തു സച്ചിദാനന്ദസ്വരൂപമാണ്; സത്യസ്വരൂപനും ജ്ഞാന (ചിത്) സ്വരൂപവും ആയതാണ് ആത്മവസ്തു.

ആനന്ദം, സുഖം എന്നീ രണ്ടു പദങ്ങൾ പര്യായങ്ങളായി നാം ഉപയോഗിക്കാറുണ്ട്. പരമാർത്ഥദൃഷ്ട്യാ അതു ശരിയല്ല. ഇന്ദ്രിയങ്ങളും ഇന്ദ്രിയവിഷയങ്ങളും തമ്മിൽ ബന്ധപ്പെടുമ്പോൾ ഒരാൾക്കുണ്ടാകുന്ന അനുകൂല അനുഭവത്തെയാണ് നാം സുഖം എന്ന് വിളിയ്ക്കുന്നത്; പ്രതികൂലാനുഭവത്തെ ദുഃഖമെന്നും അതായത് വിഷയേന്ദ്രിയ ജന്യമായ അനുകൂലാനുഭവം സുഖം, താദൃശമായ പ്രതികൂലാനുഭവം ദുഃഖം . എന്നാൽ വിഷയേന്ദ്രിയജന്യമായതും സ്വയം പ്രകാശവും ആയ അനുകൂലാനുഭവമാണ് ആനന്ദം. ആനന്ദം വിഷയേന്ദ്രിയജന്യമല്ല. അത് അതീന്ദ്രിയമായ അനുഭവമാണ്. സുഷുപ്തിയിൽ (ഗാഢനിദ്രയിൽ) ഇത്തരം ഒരു അനുഭവം ഓരോ ആൾക്കും യാദൃശ്ചികമായി

ഉണ്ടാകാറുണ്ട്. പക്ഷെ, അതു ബോധപൂർവ്വം അനുഭവിയ്ക്കപ്പെടുന്നില്ലെന്നുമാത്രം. സുഷുപ്തിയിൽ നിന്ന് ജാഗ്രദാവസ്ഥയിലേക്കു വരുമ്പോഴാണ് നാം സുക്ഷുപ്തിയിൽ ഉണ്ടായ അതിന്ദ്രിയനുഭവത്തെ സ്മരിക്കുന്നത്. സ്മരണം അനുഭവത്തെ സൂചിപ്പിക്കുന്നു. അനുഭവപ്പെടാത്തതു സ്മരിക്കപ്പെടുകയില്ലല്ലോ.

ആത്മവസ്തുവിന്റെ ആനന്ദസ്വരൂപത്വം ബോധപൂർവ്വം അനുഭവിക്കുന്നതിനെ അപരോക്ഷാനുഭവം എന്നാണ് പറയാറ്. ഈ അനുഭവം, യമനിയമാദ്യനുഷ്ഠാനങ്ങൾ കൊണ്ട് മനസ്സിന് ഏകാഗ്രതയും ശുദ്ധിയും വരുമ്പോഴാണ് ഉണ്ടാകുന്നത്. ആ അനുഭവം നേടിയ ആത്മദർശികൾ പറയുന്നത് ആത്മാനന്ദത്തിനോടു കിടപിടിക്കുന്ന സുഖാനുഭവം ഒന്നുമില്ല എന്നാണ്. ബ്രഹ്മാവു മുതൽ കീടംവരെയുള്ള സകല പ്രാണികളുടെയും സുഖാനുഭവങ്ങളെ കൂട്ടിച്ചേർത്താൽ ഉണ്ടാകുന്ന മൊത്തമായ സുഖവും " ആത്മാനന്ദ സാഗരത്തിലെ ഒരു തുള്ളിയേ.." ആകുകയുള്ളൂ എന്നാണഭിമതം. അതായത്, ആത്മാനന്ദം നിരുപമാണ്. നിരതിശയവും. ഇങ്ങനെ ആത്മവസ്തു നിരുപമാനന്ദസ്വരൂപവും അപരിമേയജ്ഞാനസ്വരൂപവും സത്യസ്വരൂപവും ആയതുകൊണ്ട് അതു സച്ചിദാനന്ദസ്വരൂപമാണ്, ഈശ്വരസ്വരൂപമാണ്.

എങ്കിലും അപരോക്ഷാനുഭവം കൂടാതെ ഈ പരമാർത്ഥം ബോധ്യപ്പെടുകയില്ല. ഈ അപരോക്ഷാനുഭവം ഭക്തിമാർഗ്ഗത്തിലൂടെയാണ് എളുപ്പത്തിൽ നേടാനാകുക. അനന്യഭക്തി സുദൃഢമാകുമ്പോൾ ഈശ്വരാനുഗ്രഹമുണ്ടാകുന്നു. ഈശ്വരാനുഗ്രഹത്താൽ മനസ്സിന് ഏകാഗ്രതയും ശുദ്ധിയും വരുന്നു. അപ്പോൾ ആ മനസ്സുകൊണ്ട് ഈശ്വരൻ ദർശിക്കപ്പെടുന്നു. ആ മനസ്സിൽ ഈശ്വരൻ സ്വയം വെളിപ്പെടുന്നു അവിടുന്ന് തന്റെ നാനാ രൂപങ്ങൾ വെളിപ്പെടുത്തിത്തരുന്നു. ഈശ്വരകൃപ ഒന്നു കൊണ്ടുമാത്രമാണീ അനുഭൂതിയുണ്ടാകുന്നത്. ഈ അനുഭൂതി കൈവന്നാൽ ഈശ്വരതത്ത്വം സംശയലേശമെന്യേ വിളങ്ങും. അപ്പോൾ താനും ഈശ്വരനും ഒരേ തത്ത്വം തന്നെ എന്ന് അനുഭവപ്പെടും. 'സോ*f*ഹം' എന്നനുഭവപ്പെടും. ഇതാണ് ഈശ്വരനിലേക്ക് "താത്ത്വികമായി പ്രവേശിയ്ക്കൽ".

ഈശ്വരാനുഗ്രഹത്താൽ ഈശ്വരനാണ് പരമകാരണമെന്ന് അറിയാറാകുന്നു. ഈശ്വരാനുഗ്രഹത്താൽ വിശേഷശക്തി ലഭിച്ച ഇന്ദ്രിയങ്ങളെക്കൊണ്ട് അവിടുത്തെ ദർശിയ്ക്കാനും കഴിയുന്നു. ഈശ്വരകൃപയുണ്ടായാൽ സകലേന്ദ്രീയങ്ങൾക്കും അലൗകികമായ കഴിവു ലഭിക്കുമെന്ന് അനുഭൂതിസമ്പന്നരായ ആചാര്യന്മാർ പറയുന്നു. ഇങ്ങനെ അറിയാനും (ജ്ഞാതും) ദർശിക്കാനും (ദ്രഷ്ടും) അവസാനം അതീന്ദ്രീയമായ അപരോക്ഷാനുഭവത്തിലൂടെ ഈശ്വരനിൽ പ്രവേശിക്കാനും (തത്ത്വേന പ്രവേഷ്ടും) ഒരു സാധകനു കഴിയുന്നു. ഭക്തിഭാവം പാരമ്യത്തിലെത്തുമ്പോൾ ഈശ്വരദർശനത്തിനുതകുന്ന തരത്തിലുള്ള ഇന്ദ്രിയങ്ങൾ ഈശ്വരൻതന്നെ തരുമെന്നാണ് ശ്രീരാമകൃഷ്ണനെപ്പോലെയുള്ള ആചാര്യന്മാർ പറയുന്നത്.

അർജ്ജുനനു കൊടുത്തതുപോലെ ദിവ്യദൃഷ്ടി – ദിവ്യമായ ഇന്ദ്രിയം – ഈശ്വരൻ ഭക്തനു നൽകി അനുഗ്രഹിയ്ക്കും. അതിന് ഏകാന്തഭക്തി ഒരുവനുണ്ടാകേണ്ടിയിരിക്കുന്നു. ഗാഢഭക്തി (ദൃഢഭക്തി – അചഞ്ചലഭക്തി ) ഉണ്ടായാൽ ഈശ്വരജ്ഞാനവും ഈശ്വരദർശനവും ഈശ്വരനുമായി താത്ത്വികമായ ഐക്യവും ഭക്തനു സിദ്ധിക്കുന്നു എന്നു സാരം. ഭക്തൻ ദ്വൈതത്തിലാരംഭിച്ച് വിശിഷ്ടാദ്വൈതത്തിലൂടെ കടന്ന് അദ്വൈതത്തിലെത്തിച്ചേരുന്നു.

ഭഗവാന്റെ സന്താനം, ദാസൻ, ഭക്തൻ മുതലായ ഭാവങ്ങളിലൂടെയാണ് ഭക്തിഭാവം വളരുന്നത്. അതു വളർന്നാൽ ഭഗവാൻ അന്തര്യാമിയായതുകൊണ്ട് 'എന്റെ ഭഗവാൻ' എന്ന ഭാവത്തിലേക്കും അവിടെ നിന്ന് ''സോഽഹം'' ഭാവത്തിലേയ്ക്കും (അഹം ബ്രഹ്മാസ്മി) – ഞാൻ പരബ്രഹ്മം ആകുന്നു എന്ന ഭാവത്തിലേക്കും ഭക്തൻ കടക്കുന്നു. അതുതന്നെയാണ് താത്ത്വികമായി പ്രവേശിക്കൽ. പരമകാരണം ഈശ്വരനാണെന്നറിയലാണ് താത്ത്വികമായ അറിയൽ. ദിവ്യേന്ദ്രിയങ്ങൾ നേടിയിട്ട് സകല ഇന്ദ്രിയങ്ങളിലൂടെയും ഭഗവാനെ ദർശിയ്ക്കലാണു താത്ത്വികമായി ദർശിയ്ക്കൽ. ഇതിനെല്ലാം മുഖ്യോപായം അനന്യഭക്തി, ഏകാന്ത ഭക്തിയാണ്.

ഓം തത് സത് : ശ്രീ രമണാർപ്പണമസ്തു.

> *''ഈശ്വരൻ, ഗുരു, ആത്മാവ് എന്നിവ ഒരേ സദ്വസ്തുവിനെകുറിക്കുന്ന പര്യായപദങ്ങൾ മാത്രമാണ്. ''*
>
> *– ഭഗവാൻ*

**ഭഗവാൻ തന്റെ അമ്മയ്ക്ക് നല്കിയ ആദ്യത്തെ ലിഖിത ഉപദേശം**


'' പൂർവ്വ ജന്മങ്ങളിലെ കർമ്മഗതിക്കനുസരിച്ച് വിധിക്കപ്പെട്ട പ്രാരബ്ധകർമ്മം ഓരോ ജീവാത്മാക്കൾ അനുഭവിക്കേണ്ടതായി വരുന്നു. എത്ര തന്നെ ശ്രമിച്ചാലും വിധി അല്ലാത്തത് അനുഭവിക്കാൻ സാധിക്കുകയില്ല. അനുഭവിക്കേണ്ടത് എന്തോ, എത്ര തന്നെ തടഞ്ഞാലും അത് അനുഭവിക്കാതെയും നിർവ്വാഹമില്ല. നിശ്ചയം തന്നെ. അതുകൊണ്ട്, വരുന്നതു വരട്ടെ; എല്ലാം സഹിച്ച് മൌനം അവലംബിക്കുന്നതാണ് ശ്രേഷ്ഠം.''

– ഭഗവാൻ

**1907–ൽ ഭഗവാനെ ദർശിച്ച കാവ്യകണ്ഠ ഗണപതിമുനിയുമായി ഉണ്ടായ സംഭാഷണം**

കാവ്യകണ്ഠൻ ശോകാകുലമായ കണ്ണുകളോടും ഗദ്ഗദ സ്വരത്തോടുംകൂടി ദണ്ഡ നമസ്ക്കാരം ചെയ്ത് പറഞ്ഞു, '' **വായിച്ചറിയേണ്ടതായി എന്തൊക്കെയുണ്ടോ അതെല്ലാം ഹൃദിസ്ഥമാക്കി ; വേദാന്ത ശാസ്ത്രങ്ങൾ പൂർണ്ണമായി ഗ്രഹിച്ചു; മന്ത്രങ്ങൾ ജപിച്ചു; പുണ്യ തീർത്ഥങ്ങൾ സന്ദർശിച്ചു; ഇനിയും തപസ്സിനെ പറ്റി എനിക്ക് അണുപോലും അനുഭൂതി ഉണ്ടായിട്ടില്ല. അതിനായി അങ്ങയെ ശരണപ്പെടുന്നു.''**

പ്രശാന്ത സുന്ദരമായ വീക്ഷണത്താൽ ഭഗവാൻ കാവ്യകണ്ഠനെ അല്പം നേരം നോക്കി ഇപ്രകാരം പറഞ്ഞു, '' **ഞാൻ എന്ന ശബ്ദം എവിടെ നിന്ന് ഉദ്ഭവിക്കുന്നുവോ ആ ഉദ്ഭവസ്ഥാനത്തെ സൂക്ഷ്മമായി അഭിവീക്ഷിക്കുമ്പോൾ മനസ്സ് അവിടെ ലീനമാകും, അതാണ് തപസ്സ്. ഒരു മന്ത്രം ജപിക്കുമ്പോൾ, ആ മന്ത്രസ്വരം ഉദ്ഭവിക്കുന്ന സ്ഥാനത്തിൽ മനസ്സിനെ ലീനമാക്കുന്നതാണ് തപസ്സ് .** ''



*" വൈരാഗ്യവും ജ്ഞാനവും വിഭിന്നമല്ല. യഥാർത്ഥത്തിൽ രണ്ടും ഒന്നാകുന്നു. വൈരാഗ്യമെന്നത് ഒരു വിഷയത്തിലും മനസ്സിന് സക്തിയില്ലായ്മയാകുന്നു. അന്യ വസ്തുക്കളിൽ ആഗ്രഹം ഇല്ലാതിരിക്കുന്നത് വൈരാഗ്യം. മനസ്സിനെ അവിടേക്ക് വിടാതിരിക്കുന്നത് ജ്ഞാനം".*

***-ഭഗവാൻ***

*"ആത്മ വിചാരം 'തന്നിൽ തന്നെ' മനസ്സു വയ്ക്കുന്നത് ; ധ്യാനം എന്നത് താൻ ഈശ്വരനെന്നും, സച്ചിദാനന്ദമെന്നും ഭാവിക്കുന്നതാകുന്നു".*

***-ഭഗവാൻ***

*"മുകതിയെന്നാൽ ബദ്ധനായിരിക്കുന്ന ഞാൻ ആരാണെന്ന് അന്വേഷിച്ച് യഥാർത്ഥ സ്വരൂപത്തെ അറിയുന്നതാകുന്നു".*

***-ഭഗവാൻ***

*" വിചാര മാർഗ്ഗത്തിന്റെ ലക്ഷ്യം മനസ്സിനെ പരിപൂർണ്ണമായും അതിന്റെ ഉത്പത്തി സ്ഥാനത്തു തന്നെ കേന്ദ്രീകരിച്ച് നിർത്തുക എന്നതാണ്."*

***-ഭഗവാൻ***

*" വിചാരം ധ്യാനമല്ല; മറിച്ച് മനസ്സിനെ അന്തർമുഖമാക്കി ചിന്തകൾക്കാശ്രയ സ്ഥാനമായ ബോധത്തിൽ മാത്രം ഉറപ്പിച്ചു നിർത്തുക എന്നതാണ്."*

***-ഭഗവാൻ***

# അരുണാചലവും ഭഗവാനും

## N.S.വെങ്കിട്ടരാമൻ

ഭാരതത്തിലെ പുണ്യദേശങ്ങളിൽ പരമപവിത്രമാണ് അരുണാചലം. ശ്രീ ഭഗവാൻ രമണമഹർഷി ഭൂമിയുടെ ആദ്ധ്യാത്മിക ശക്തികേന്ദ്രമായാണ് അരുണാചലത്തെ കണക്കാക്കിയിരുന്നത്. തങ്ങളുടെ ശ്രേഷ്ഠതക്ക് മാനദണ്ഡമായി ,ജ്യോതിർലിംഗരൂപത്തിൽ പ്രത്യക്ഷനായ ശ്രീ പരമേശ്വരന്റെ ആദ്യന്തങ്ങൾ തേടിയലഞ്ഞ് പരാജിതരായ ബ്രഹ്മാവിന്റെയും വിഷ്ണുവിന്റെയും കഥ പുരാണപ്രസിദ്ധമാണല്ലോ അതുല്യതേജസ് അചലരൂപിയായി, അരുണാചലനായി വർത്തിയ്ക്കുന്നതായാണ് സങ്കൽപ്പം. ചിദംബരത്തിൽ പരമേശ്വരൻ ശക്തിയുടെ സാമീപ്യത്തിൽ നർത്തനം ചെയ്യുന്നുവെങ്കിൽ അരുണാചലത്തിൽ ശക്തിപൂർണ്ണമായും ശിവനിൽ ലീനയായിരിയ്ക്കുന്നു. അതിനാൽ അരുണാചലം ശിവസ്ഥലമാണ്, ജ്ഞാനഭൂമിയാണ്.

'' കരുണാർണവമായ് കരുത ഗതി നൽക്  
അരുണാചല ശിവമീതാം''

ഈ ഭൂമിയുടെ ഹൃദയമായി, എല്ലാ ജീവജാലങ്ങൾക്കും മൂലമായി, കരുണാസമുദ്രമായി പ്രകാശിയ്ക്കുന്ന അരുണാചലം സ്മരണമാത്രയിൽ ജീവനെ മുക്തനാക്കുന്നു.

ശ്രീ രമണ ഭഗവാൻ ' അക്ഷരമണമാലെ ' എന്ന തന്റെ മനോഹരമായ കൃതി ആരംഭിക്കുന്നതു തന്നെ അരുണചലാന്റെ ഈ മാഹാത്മ്യത്തെ പ്രകീർത്തിച്ചുകൊണ്ടാണ്.

''അരുണാചലമെന വകമേ നിനൈപ്പവർ  
അഹത്തൈവേരറുപ്പായരുണാചല !''

'' അരുണചലം ' എന്ന നാമസ്മരണ മാത്രയിൽ ജ്ഞാനപ്രകാശം ഉദ്ദീപ്തമായി സ്മർത്താവിന്റെ 'അഹന്ത ' ( ജീവഭാവം) വേരോടെ നശിച്ചുപോകുന്നു. ഇത് അത്ഭുതമാണ് , അവാച്യമാണ്, അനുഭൂതൈ്യകവേദ്യമാണ്. അരുണാചല അഷ്ടകത്തിൽ ഭഗവാൻ പറയുന്നു: '' ഹാ ! ഹ! ഞാൻ അത്ഭുതമായി ഒരു പർവ്വതത്തെ കണ്ടിരിയ്ക്കുന്നു. കാന്തം ഇരുമ്പിനെന്നപോലെ (ഉയിർ വലികാന്ത പർവ്വതം '' എന്നാണ് ഭഗവാൻ പറയുന്നത് ) അരുണാചലമെന്ന് സ്മരിക്കുന്ന മാത്രയിൽ '' ജീവനെ സകല ചിത്ത ചേഷ്ടകളുമൊടുക്കി തന്റെ സമീപത്തേയ്ക്ക് ആകർഷിച്ച് തന്നെപ്പോലെ അചലമാക്കിത്തീർക്കുന്ന അത്ഭുതഗിരി '' ഇതാണ് അരുണാചലേശ്വരന്റെ മാഹാത്മ്യം. അരുണാചല രഹസ്യം ആത്മാവിന്റെ രഹസ്യമാണ്. അത് ജീവന്റെ ഹൃദയകുഹരത്തിൽ നിഗൂഢമായി ഒളിഞ്ഞു കിടക്കുന്നു. '' ഹൃദ്യഹമിത്യാത്മതയാ നൃത്യസിഭോസ്തേ വദന്തി ഹൃദയം നാമ '' എന്ന് ഭഗവാൻ ശ്രീ രമണമഹർഷി തന്റെ

'അരുണാചല പഞ്ചരത്ന'ത്തിൽ ഈ രഹസ്യത്തെ പറഞ്ഞിരിയ്ക്കുന്നു. പ്രപഞ്ചത്തിൽ എവിടെയായാലും ശരി, പക്വമതികളായ ജീവൻമാരെ അരുണാചലേശ്വരൻ തന്റെ സമീപത്തേക്ക് ആകർഷിച്ച് അവരുടെ അഹന്തയെ ഭുജിച്ച് ഇല്ലാതാക്കുന്നു. അതുകൊണ്ടു തന്നെ ഭഗവാൻ അരുണചലനെ " ഉയിരുണ്ണി '' എന്ന് സംബോധന ചെയ്യുന്നു. ജ്ഞാനതപോധനരെ സ്വീകരിയ്ക്കുവാൻ അരുണാചലൻ എന്നും സന്നദ്ധനാണ്. പക്ഷേ വാസനാ ബാഹുല്യം മൂലം അജ്ഞാനികൾക്ക് ഈ മഹത്വം ഗോചരമല്ല. അരുണാചല പ്രദേശത്തിൽ ജ്ഞാനം അതീവ സുലഭമാണ്, എന്നതിന് പ്രമാണമായി ധാരാളം സിദ്ധൻമാരെ ഇപ്പോഴും കാണാം. തിരുജ്ഞാനസംബന്ധർ, മാണിയ്ക്കവാചകസ്വാമികൾ തുടങ്ങിയ എത്രയോ ശൈവസിദ്ധ പുരുഷൻമാർ അരുണാചലേശ്വരനെ പ്രകീർത്തിച്ചിരിക്കുന്നു. ജ്ഞാനസംബന്ധർ അരുണാചലനെ '' ജ്ഞാനത്തിരൽ '' (ജ്ഞാനാഗ്നി) എന്നാണ് വിശേഷിപ്പിച്ചിരിക്കുന്നത്.

'' നാളും തൊഴുവോർ എഴുംപ്പിറപ്പെ മാററും മലൈ അണ്ണാമലൈ '' എന്ന് നമശിവായസ്വാമികൾ പറയുന്നു.

## രമണമഹർഷിയും അരുണാചലേശ്വരനും

കരുണാമൂർത്തിയായി, സംസാരതാപതപ്തരായ ജനങ്ങൾക്ക് ജ്ഞാനശീതളിമ അരുളിക്കൊണ്ട് സാക്ഷാൽ ശ്രീ പരമേശ്വരൻ ഗിരി ഗാത്രനായി ഇവിടെ സ്ഥിതിചെയ്യുന്നു വെങ്കിലും, ശ്രീ രമണ ഭഗവാന്റെ അവതാരത്തിനുശേഷം മാത്രമാണ് ഈ നൂററാണ്ടിൽ അരുണാചലനെ അസ്മാദൃശന്മാർ അറിയുവാൻ ഇടയായത് . യഥാർത്ഥത്തിൽ അരുണാചലൻ തന്നെയാണ്, ശ്രീ മുരുഗനാർ സ്വാമികൾ പറയുന്നതുപോലെ, (രമണ ഭക്തരിൽ വളരെ ശ്രേഷ്ഠനായ ഒരു മഹാത്മാവ്) തന്റെ പർവ്വതരൂപം സാമാന്യ ജനങ്ങൾക്ക് അഗ്രാഹ്യമാണെന്നറിഞ്ഞ് അമൃതനിഷ്യന്ദിയായി രമണമൂർത്തിയായി ഈ ഭൂമിയിൽ അവതരിച്ചത്. രമണൻ ജംഗമ അരുണാചലനാണ്, അരുണചലൻ സ്ഥാവരരമണനും.

ശ്രീ രമണഭഗവാന് അരുണാചലത്തിനോടുള്ള ബന്ധം എന്താണ് ? ലോകം തന്നെ പ്രളയത്തിൽ നശിച്ചാലും സൃഷ്ടിക്കപ്പെട്ടാലും തന്നെ ലേശവും ബാധിക്കയില്ല എന്ന മട്ടിൽ ഉദാസീനചക്രവർത്തിയായിരിക്കുന്ന രമണ ഭഗവാൻ അരുണചലമെന്ന നാമ ശ്രവണമാത്രയിൽ കിരണ സ്പർശമേററ സൂര്യകാന്തം പോലെ ഉരുകിപ്പോകും, കണ്ണിൽ അശ്രു നിറയും, കണ്ഠം ഇടറും – എന്താണ് ഈ ബന്ധം ? ഇത് ഒരു ഭക്തനും ഭഗവാനും തമ്മിലുള്ള സാമാന്യമായ ബന്ധം മാത്രാമാണോ?. ശ്രീ രമണഭഗവാൻ തന്നെ പറയുന്നു. " ഇത് വിട്ട കുറൈതൊട്ടകുറൈ'' എന്ന് അരുണാചലേശ്വരനും തനിയ്ക്കും പണ്ടു പണ്ടേ തന്നെ അഗാധമായ ആത്മബന്ധം ഉണ്ടെന്നും അതിനാലാണ് അരുണാചലൻ തന്നെ വന്ന് കൃപാവലയിൽ കുടുക്കിയതെന്ന് ഭഗവാൻ പറഞ്ഞിട്ടുണ്ട്.

" അരുണയെൻറ് എണ്ണയാൻ അരുൾക്കണി പട്ടേൻ

ഉൻ അരുൾവരലെ തപ്പുമോവരുണചലാ! "എന്ന്.

എനിയ്ക്ക് ബുദ്ധിപക്വമാകുന്നതിനു മുൻപേ ബാല്യത്തിൽതന്നെ അരുണാചലം അപ്രാപ്യമാം വണ്ണം അതി ദിവ്യമായ എന്തോ ആണ് എന്ന ബോധം ഉണ്ടായിരുന്നു. എന്ന് ഭഗവാൻ അരുണാചല അഷ്ടകത്തിൽ പറയുന്നു. അതിനാലാണ് അരുണചലമെന്ന് കേട്ടപ്പോൾത്തന്നെ ആ ദിവ്യബാലൻ ഭാവസമാധിയിൽ ലയിച്ചത് ; അരുണാചലം ഈ ഭൂമിയിലുള്ള ഒരു പ്രദേശമാണെന്ന് തന്നെ താനറഞ്ഞിരുന്നില്ല എന്ന് ' ഭഗവാൻ പിന്നീട് പറഞ്ഞിരിക്കുന്നു.

തിരുവണ്ണാമലയിൽ എത്തിച്ചേർന്ന ശേഷം ശ്രീരമണഭഗവാൻ അൻപതിലധികം വർഷം അരുണാചലേശ്വരൻ തന്റെ പ്രിയങ്കരനായ പിതാവിന്റെ – മടിത്തട്ടിൽ തന്നെ കഴിഞ്ഞു കൂടി. ഒരിക്കലെങ്കിലും അരുണാചലം വിട്ട് പുറത്തേയ്ക്കു പോകുവാൻ സന്നദ്ധനായില്ല.

ഭഗവാൻ " അരുണാചല സ്തുതി പഞ്ചകം " എന്ന പേരിൽ അഞ്ചു സ്തുതികൾ രചിച്ചിട്ടുണ്ട്. അതിൽ പ്രഥമവും രമണ ഭക്തൻമാരുടെ ഹൃദയാവലംബവുമായ കൃതിയാണ് അരുണാചല " അക്ഷരമണമാലൈ'' ഭക്തൻമാരുടെ അപേക്ഷയ്ക്ക് കനിഞ്ഞുമാത്രമാണ് ഭഗവാൻ തന്റെ എല്ലാ കൃതികളും രചിച്ചിട്ടുള്ളത്. സങ്കൽപ്പകവിഹീനനായ ജ്ഞാനിക്ക് അല്ലെങ്കിൽ എവിടെ കർതൃത്വഭാവം?

ഭക്തരാൽ പ്രേരിതനായി ആദ്യമായി രചിച്ച തമിഴ് കൃതിയാണ് "അക്ഷരമണമാലൈ" ശ്രീ രമണ ഭഗവാൻ വീരൂപാക്ഷഗുഹയിൽ വസിക്കുന്ന കാലം ചില ഭക്തർ തങ്ങൾക്ക് ഭിക്ഷ യാചിക്കുവാൻ പോകുമ്പോൾ പാടുന്നതിനായി ഒരു സ്തുതി രചിച്ചു തരണമെന്ന് ഭഗവാനോട് കേണു പ്രാർത്ഥിച്ചു. സർവ്വാരംഭ പരിത്യാഗിയായി മഹാമൗനത്തിൽ സഹജന്നിഷ്ഠനായിരിക്കുന്ന ശ്രീ ഭഗവാനാകട്ടെ "തേവാരം' 'തിരു വാചകം' മുതലായ എത്രയോ ശ്രേഷ്ഠമായ കൃതികളുള്ളപ്പോൾ പുതിയൊരുകൃതിയെന്തിന്? " എന്ന് പറഞ്ഞ് നിഷ്ക്രിയനായിത്തന്നെ ഇരുന്നു. എങ്കിലും ഭക്തർ ദിവസംതോറും ഭഗവാനോട് തങ്ങളുടെ പ്രാർത്ഥന അറിയിച്ചുകൊണ്ടേയിരുന്നു.

അങ്ങനെയിരിയ്ക്കേ, ഒരിക്കൽ ഭഗവാൻ ഗിരി പ്രദക്ഷിണത്തിന് പുറപ്പെട്ടു. അപ്പോൾ ഭക്തരിൽ ഒരാൾ ഭഗവാൻ ഒരു പക്ഷേ തങ്ങളുടെ ആഗ്രഹത്തിന് വഴങ്ങിയാലോ എന്നു പ്രതീക്ഷിച്ച് ഒരു കടലാസും പെൻസിലും കരുതി വെച്ചു. രമണഭക്തരുടെ പ്രാർത്ഥന നിറവേററാൻ ഭഗവദ് കൃപ വഴിതെളിയ്ക്കുകതന്നെ ചെയ്തു. ബാല്യം മുതൽ തന്റെ ഹൃദയത്തിൽ സ്ഫുരിച്ച ''അരുണാചല"മെന്ന പഞ്ചാക്ഷരത്തോടെ തന്നെ ഭഗവാൻ എഴുതുവാനാരംഭിച്ചു. വൈദിക മന്ത്ര ദൃഷ്ടാക്കളായ ഋഷിമാരുടെ ഹൃദയത്തിൽ മന്ത്രാക്ഷരങ്ങൾ ഉയർന്നുവരുന്നതുപോലെ തന്റെ ഹൃദയ മുകുരത്തിൽ തെളിഞ്ഞുതെളിഞ്ഞു വന്ന അമൃത്മയമായ വാക്കുകളെ ഭഗവാൻ

കടലാസ്സിൽ എഴുതി കൊണ്ടേയിരുന്നു.

അണ്ണാമലയുടെ ഗുഹാന്തരത്തിൽ വസിക്കവേ, തനിയ്ക്കും അരുണാചലേശ്വരനും ഹൃദയത്തിന്റെ ഏകാന്തതയിൽ നടന്ന പ്രേമഭക്തിയുടെ ആധിക്യത്തെ ശൃംഗാരരസം കവിഞ്ഞൊഴുകുന്നതും പരാഭക്തിയുടെ പരമകാഷ്ഠ വെളിവാക്കുന്നതുമായ വാക്കുകളിൽ ഇദം പ്രഥമമായി എഴുതി ഭഗവാൻ. ഇപ്രകാരം പ്രദക്ഷിണവേളയിൽ ഭഗവാനിതു രചിക്കുമ്പോൾ ഭക്തിയുടെ വികാരതരംഗങ്ങൾ അടക്കാനാവാതെ ഹൃദയത്തിൽ വീണ്ടും വീണ്ടും പൊന്തി വന്ന് കണ്ണീർ നിറഞ്ഞു തുളുമ്പി, എഴുതുന്ന കടലാസ് പോലും നനഞ്ഞു കുതിർന്നു. അശ്രു നിറഞ്ഞ് പിഹിതമായ കണ്ണുകളാൽ വ്യക്തമായി കടലാസുപോലും കാണുവാൻ കഴിയാതെ ഭഗവാൻ വിഷമിച്ചു. ഈ കണ്ണുനീർ തന്റെ ഉള്ളിൽ എവിടെയാണ് ഗൂഢമായി ഇരുന്നതെന്ന് ഭഗവാൻ തന്നെ ആശ്ചര്യത്തോടെ ചിന്തിച്ചുപോയത്രേ !

ഗിരിപ്രദക്ഷിണം കഴിഞ്ഞ് തിരിച്ചെത്തിയപ്പോഴേയ്ക്കും നൂററിയെട്ടു 'മന്ത്രങ്ങൾ' അടങ്ങിയ അരുണാചല അക്ഷരമണമാലൈ '' എന്ന അത്ഭുതമായ കൃതി ഭൂമിയിൽ അവതരിച്ചിരുന്നു. ഈ കൃതിയിൽ അടങ്ങിയിരിക്കുന്ന അതിനിഗൂഢമായ തത്വരഹസ്യം അതു പാരായണം ചെയ്യുന്ന എല്ലാ ഭക്തൻമാർക്കും അനുഭവവേദ്യമാണ്. ഈ വരികളുടെ അർത്ഥം വ്യാഖ്യാനിച്ച് തരണമെന്നപേക്ഷിച്ച ഒരു ഭക്തനോട് ഭഗവാൻ പറഞ്ഞു. ''നിങ്ങൾ തന്നെ അതിനെ വ്യാഖ്യാനിയ്ക്കൂ. നിങ്ങളെപ്പോലെ എനിക്കും അതിന്റെ അർത്ഥം ചിന്തിച്ചുവേണം പറയുവാൻ. ഇത് ചിന്തിച്ച് എഴുതിയതാണെങ്കിൽ അർത്ഥം പറയാമായിരുന്നു. ഇതെല്ലാം ഒരു ശ്രമവും കൂടാതെ ഹൃദയത്തിൽ ഉയർന്നു വന്ന വരികളാണ്.'' എന്നിട്ട് ഒരു വശ്യമായ ചിരിയോടെ ശാന്തനായിയിരുന്നു ശ്രീ ഭഗവാൻ . അരുണാചല ശിവൻ തന്നെ സ്വയം സ്തുതിച്ചതാണ് '' അക്ഷരമണമാലൈ '' എന്ന് ഇതിൽ നിന്ന് തെളിയുന്നു. ഇത് അപൗരുഷേയമാണെന്ന് ഇതിൽ നിന്നു മനസ്സിലാക്കാം " ഇത് പാരായണം ചെയ്യുന്നത് തന്നെയാണ് ഇതിന്റെ അർത്ഥം ''എന്ന് ഭഗവാൻ ഒരിക്കൽ പറഞ്ഞു. അതായത്, ഭക്തിയോടെ പാരായണം ചെയ്യുന്ന ഭക്തൻമാർക്ക് ഈ കൃതിയുടെ കർത്താവായ എല്ലാവരുടെയും ഹൃദയത്തിൽ സ്ഫുരിക്കുന്ന അരുണാചലേശ്വരൻ തന്നെ തത്വാർത്ഥം വെളിവാക്കിക്കൊടുക്കും. തമിഴ്ഭാഷ ഒട്ടും പരിചയമില്ലാത്തവർ പോലും ഇതു പാടുന്നതുകേട്ട് അപഹൃതചിത്തരായി നിൽക്കുന്നത്. ഈ ലേഖകൻ തന്നെ പലവട്ടം കണ്ടിട്ടുണ്ട്.

'അരുണാചലാ' എന്ന നാമം ശ്രവിച്ച മാത്രയിൽ ഉദ്ബുദ്ധ ആത്മബോധനായ ശ്രീ ഭഗവാൻ അതേ നാമത്തിന്റെ മാഹാത്മ്യത്തെ കീർത്തിച്ചുകൊണ്ട് തന്റെ കൃതി ആരംഭിയ്ക്കുന്നു. തമിഴ് ഭാഷയിലെ വർണ്ണാനുക്രമമനുസരിച്ച് രചിച്ചതിനാലാണ് ഇതിന് 'അക്ഷരമണമാലൈ' എന്ന് നാമകരണം ചെയ്തത്.

അരുണാചലമെനവകമേ നിനൈപ്പവർ

അഹാമൈത്തവേരറുപ്പായ് അരുണാചലാ !

''അരുണാചലമെന്ന് ഹൃദയത്തിൽ സ്മരിയ്ക്കുന്ന മാത്രയിൽ സ്മർത്താവിന്റെ അഹങ്കാരത്തെ അങ്ങു വേരറുക്കുന്നു. ഹേ ! അരുണാചലാ!" ഇതിന് വേറൊരു അർത്ഥം 'അഹമേ അരുണാചലം', 'ഞാനേ അരുണാചലൻ എന്ന് അനന്യഭാവത്തോടെ ധ്യാനിയ്ക്കുന്നവൻ' എന്നും എടുക്കാം. ഈ പ്രഥമപദ്യത്തിൽ തന്നെ ഭഗവാൻ തന്റെ മരണാനുഭവത്തിൽ അഹങ്കാരം ഇല്ലാതായി. അതിനു ശേഷം നടന്നതെന്താണ് ? പ്രപഞ്ചത്തിന് മുഴുവൻ ആധാരമായ ആ മഹാശക്തി ഹൃദയത്തിൽ പ്രവേശിച്ച് ആ ശരീരത്തിന്റെ ചുമതല ഏറ്റെടുത്തു. 'ഞാൻ ആര്' എന്ന് അന്വേഷണം ചെയ്ത് മനസിനെ പ്രാപിച്ചപ്പോൾ ഹൃദയത്തിന്റെ അഗാധതയിൽ നിന്ന് അവാച്യമായ മറ്റൊരു ശക്തി ഉയർന്നുവന്ന് ആ മനസ്സിനെ ആകർഷിച്ചുകൊണ്ടുപോയി ഹൃദയത്തിൽ തന്നെ അടക്കിക്കളഞ്ഞു. ഇത് ഭഗവാൻ മൂന്നാമത്തെ പദ്യത്തിൽ പറയുന്നു. ''അരുണാചലാ ! അങ്ങ് എന്റെ വീട്ടിൽ വന്ന് (മനസ്സ് ) എന്നെ ബലാൽക്കാരമായി വലിച്ചെടുത്തുകൊണ്ടു പോയി അങ്ങയുടെ ഗൃഹമായ ഹൃദയത്തിൽ രക്ഷപ്പെടാൻ പററാത്തവിധം തുറുങ്കിലടച്ചുവല്ലോ. അഹോ ! അങ്ങയുടെ കൃപ്യ വിചിത്രം തന്നെ !'' ഇതേ ആശയം തന്നെ 107-ാമത്തെ പദ്യത്തിലും കാണാം.

വീടുവിട്ടീർത്തുളവീടു പുക്കുപൈയവുൻ

വീടുകാട്ടിനൈയരുളരുണാചല !

''ദേഹാദികളെ ആസ്ഥാനമായിക്കരുതി മോഹിതനായിരുന്ന എന്നെ അങ്ങു ബലമായി വലിച്ചെടുത്തു കൊണ്ടു വന്ന് അങ്ങയുടെ വാസസ്ഥാനമായ ഹൃദയം എനിയ്ക്കു കാണിച്ചുതന്നു. '' ഇത് വാച്യാർത്ഥത്തിലെടുത്താൽ വീട് വിട്ട് ഇറങ്ങി തിരിച്ച തനിയ്ക്ക് ഭഗവാൻ തന്റെ വാസസ്ഥലമായ തിരുവണ്ണാമലയെ കാണിച്ചുകൊടുത്തു.

ഇങ്ങിനെ പുരുഷപ്രയത്നമേ കൂടാതെ ഭഗവാനാൽ 'ആൽക്കൊള്ള' പ്പെട്ട മഹർഷി വളരെ നർമ്മബോധത്തോടെയും അധികാരത്തോടെയും അരുണാചലനോട് ചോദിയ്ക്കുന്നു.

''ആരുക്കാവെനൈയാണ്ടനൈയകററിടി

ലഖിലം പഴിഞ്ഞിടു മരുണാചലാ''

''ഹേ അരുണാചല ! എന്റെ ഒരു ശ്രമവും കൂടാതെ അങ്ങു തന്നെ വലിഞ്ഞുകേറി വന്ന് ആർക്കായി, എന്തിന് എന്നെ പിടിച്ചടക്കി ? ഇപ്പോൾ എന്നെ തള്ളിക്കളഞ്ഞാൽ ലോകം

മുഴുവൻ അങ്ങയെത്തന്നെ പഴിയ്ക്കും, കുററം പറയും''.

അറുപതാമത്തെ പദ്യത്തിൽ രമണഭഗവാൻ വളരെ ഹൃദ്യമായി ഇങ്ങിനെ പറഞ്ഞിരിയ്ക്കുന്നു.

''നേശമില്ലനക്കുൻ ആശയെക്കാട്ടിനീ

മോശം ശെയ്യാതരുളരുണാചലാ !''

''ഹേ അരുണാചലാ! എന്റെ ഹൃദയത്തിൽ അല്പം പോലും പ്രേമമില്ല. അങ്ങ് തന്നെ വന്ന് അതിൽ പ്രേമഭക്തിയുടെ സ്വാദറിയിച്ച് പിന്നീടുപേക്ഷിച്ചാൽ അത് ന്യായമാണോ? എനിയ്ക്ക് അങ്ങയെ പ്രാപിക്കണമെന്ന ആശയേ ഇല്ല. ഇങ്ങിനെയിരിക്കേ, അങ്ങു തന്നെ എന്റെ ഹൃദയത്തിൽ ആ ആശയുടെ തിരികൊളുത്തിയശേഷം എന്നെ ഉപേക്ഷിച്ചാൽ അതു ന്യായമാണോ ? ഇങ്ങിനെ ചെയ്താൽ ഈ ലോകത്തിൽ ആരെങ്കിലും അങ്ങയെ ഭജിയ്ക്കുമോ 'ഇപ്പടി തപ്പ്'. ഈ ലോകാപവാദത്തിൽ നിന്ന് രക്ഷപ്പെടണമെങ്കിൽ എന്നെ വേഗം സ്വീകരിയ്ക്കു. . അല്ലെങ്കിൽ 'ഏൻ നിനൈപ്പിത്തായ് ' എന്തിനാണ് എന്റെ മനസ്സിൽ ഈ സ്മരണയെ ഉണ്ടാക്കിയത്. കുററം മുഴുവനും അങ്ങയുടെ തന്നെ''.

ഒൻപതാമത്തെ പദ്യത്തിൽ ഭഗവാൻ തന്റെ അവസ്ഥയെ അബലയായ ഒരു സ്ത്രിയുടേതുമായി ഉപമിച്ചിരിയ്ക്കുന്നു. ഹേ അരുണാചല ! ഞാൻ ഒരു അബലയാണ്. എനിക്ക് സ്വന്തമായി ഒന്നുമില്ല. അങ്ങയെ മാത്രം ആശ്രയമായി കരുതി എന്റെ സർവസ്വവും അങ്ങയിലർപ്പിച്ച പതിവ്രതയായ ഒരു സ്ത്രിയേപ്പോലാണ് ഞാൻ. അങ്ങാവട്ടെ, ഒരു ക്രൂരനായ ജാരനെപ്പോലെ എന്റെ സർവ്വസ്വവും നശിപ്പിച്ച് ഇപ്പോൾ എന്നെ സ്വീകരിയ്ക്കാതിരുന്നാൽ ഇതാണോ അങ്ങയുടെ പൗരുഷം ?" പൂർണ്ണമായും ഭഗവാനെ മാത്രമാശ്രയിച്ച് ലൗകികമായ സകലപിടിവള്ളികളും വിട്ട് ഭഗവദ് മാത്രപരായണനായി ഇരിക്കുന്നവനാണ് ഉത്തമഭക്തൻ. ഇങ്ങിനെ ലൗകികമുപേക്ഷിച്ച് ആത്മാനുഭൂതിയുടെ പടിവാതിൽക്കൽ നിൽക്കുന്ന മുമുക്ഷുവിനുണ്ടാകുന്ന നിസ്സഹായാവസ്ഥയാണ് ഈ പദ്യത്തിൽ നാം കാണുന്നത്. തനിയ്ക്ക് ഈ ലോകത്തിൽ ആരുമില്ല. ധനമോ ബാഹ്യമായ സഹായമോ ഒന്നുമില്ല. ഭഗവദ് ദർശനകാംക്ഷിയായ താൻ വീടുവിട്ട് തുറന്ന ലോകത്തിലേയ്ക്ക് ഭിക്ഷാംദേഹിയായി തിരിച്ചു കഴിഞ്ഞു. നാളെ എന്തു സംഭവിയ്ക്കുമെന്ന് ഒട്ടും ചിന്തയില്ലാതെ മരണത്തിനെപ്പോലും തൃണവത്ഗണിച്ചുകൊണ്ടുള്ള ഒരു ധീരതീർത്ഥാടനത്തിലാണ് സാധകനിപ്പോൾ. ഈ അവസ്ഥയിൽ ഇടയ്ക്കാക്കെ തന്റെ നിസ്സഹായാവസ്ഥയെക്കുറിച്ച് ഭക്തൻ സ്മരിക്കുവാൻ സാധ്യതയുണ്ട് . 'ആത്തിന്ന് വിട്ടു, അമ്മാത്തൊട്ട് എത്തിയതുമില്ല', എന്ന അവസ്ഥ. ഇതിനെയാണ് ചില ആംഗലേയ മഹാത്മാക്കൾ 'ആത്മാവിന്റെ കാളരാത്രി '(Dark night of the soul) എന്നു വിശേഷിപ്പിച്ചിട്ടുള്ളത്. ഇവിടെ അതിമനോഹരമായ ഒരു ഉപമയാണ് ഭഗവാൻ

പ്രയോഗിച്ചിരിയ്ക്കുന്നത്. തികച്ചും തന്റെ കാമുകനെ വിശ്വസിച്ച് വീട് വിട്ട് പോയി തന്റെ സർവ്വസ്വവും നഷ്ടപ്പെട്ട് നിസ്സഹായയായി നിൽക്കുന്ന ഒരു ദീനയുവതിയുടെ അവസ്ഥയാണ് അത്.

''എന്നെയഴിത്തിപ്പോതെന്നെക്കലവാവാടിൽ

ഇതുവോവാൺമൈയരുണാചലാ !''

**മനോനിഗ്രഹ പ്രാർത്ഥന**

ഹേ ! അരുണാചലാ ! വാസനാബലത്താൽ എന്റെ മനസ്സ് ലോകം മുഴുവൻ ചുററിത്തിരിയുന്നു. ഇത് ഇങ്ങിനെ എന്തിന് ഭ്രമിക്കണം ? അതിന് സുഖം വേണം, ആനന്ദം വേണം, സൗന്ദര്യമാസ്വദിയ്ക്കണം. അതിനാലാണ് അതു ഭ്രമണം ചെയ്യുന്നത്. ഇത് അടങ്ങി നിശ്ചലമാകണമെങ്കിൽ സച്ചിദാനന്ദസ്വരൂപിയായ അങ്ങയുടെ സ്വരൂപദർശനം അതിനു ലഭിയ്ക്കണം. അതിനാൽ സൗന്ദര്യാദപി സുന്ദരതരമായ തിരുമേനി ദയവായി വെളിവാക്കു. എന്നു പ്രാർത്ഥിയ്ക്കുന്നു എട്ടാമത്തെ പദ്യത്തിൽ

'' ഊർശുററ് ഉള്ളം വിടാതുന്നെക്കണ്ടടങ്കിട

മുന്നഴകൈ കാട്ടന്നരുണാചലാ!''

അരുണാചലന്റെ സ്വരൂപത്തെ രമണഭഗവാൻ പഞ്ചരത്നത്തിൽ ഇങ്ങനെ വിവരിച്ചിരിക്കുന്നു.

"ത്വയ്യരുണാചല സർവ്വം ഭൂത്വാ സ്ഥിത്വാ പ്രലീനമേതച്ചിത്രം !

ഹൃദ്യഹമിത്യാത്മതയാ നൃത്യസി ഭോ സ്തേ

വദന്തി ഹൃദയം നാമ"

'' ഹേ ! അരുണാചല ! അങ്ങയിൽ തന്നെ ഈ സമസ്തപ്രപഞ്ചവും ഉദ്ഭവിച്ച് സ്ഥിതി ചെയ്ത് ലീനമാവുന്നു.(ഒരു സ്വപ്നം എങ്ങിനെ ദ്രഷ്ടാവിൽ തന്നെ ഉൽഭവിച്ച് സ്ഥിതിചെയ്ത് ഉണരുന്നനേരത്ത് ലീനമാവുന്നോ അതുപോലെ) അഹോ വിചിത്രം ! അവിടുന്നു (സർവ്വപ്രാണികളുടേയും) ഹൃദയഗുഹയിൽ ' ഞാൻ ഞാൻ' എന്ന് സന്തതം ആത്മസ്വരൂപമായി നർത്തനം ചെയ്യുന്നു. അങ്ങയെത്തന്നെ സൂരികൾ ഹൃദയം എന്നു പറയുന്നു.'' ഹേ അരുണാചലാ ! ഓംകാരശബ്ദത്തിന്റെ ഉൾപ്പൊരുളായ അങ്ങയുടെ യഥാർത്ഥ സ്വരൂപം അറിയുന്നവർ ആരാണുള്ളത് ? ജീവന് ശക്തികൊണ്ടു മാത്രം ഭഗവദ് ഭക്തിയോ ഭഗവാനോട്

ആകർഷണമോ വരില്ല. ഭഗവാൻ തന്നെ കൃപയാൽ പക്വമായ ജീവന തന്റെ സമീപത്തേയ്ക്ക് ആകർഷിയ്ക്കുന്നു.

'ശരണാഗതി' ഇതാണ് ഭക്തിയുടെ ആരംഭവും അന്ത്യവും. പൂർണ്ണമായും ഭഗവാന് തന്നെ അർപ്പിച്ച ഭക്തന്റെ ആദ്ധ്യാത്മികവും ലൗകികവുമായ എല്ലാ വളർച്ചകളും ഭഗവാന്റെ ചുമതലയാണ്. പിന്നെ സാധകർക്കു സാധാരണമായുള്ള മനോനിഗ്രഹത്തിനുള്ള കഷ്ടവും ഭക്തൻ അനുഭവിയ്ക്കുന്നില്ല. കാരണം തന്റെ മനസ്സ് ഭഗവാന്റെ മനസ്സായി മാറിക്കഴിഞ്ഞു. മഹർഷിക്ക് തന്റെ ജ്ഞാനാനുഭവത്തിന് തികച്ചും ജീവപ്രയത്നമേ ഉണ്ടായിട്ടില്ല. എല്ലാം ഭഗവദ് കൃപ മാത്രമാണെന്ന് തീർത്തും പറഞ്ഞിരിയ്ക്കുന്നു.

16-ാം മത്തെ പദ്യത്തിൽ ഭക്തൻ പ്രാർത്ഥിക്കുന്നു.

''കാന്തം ഇരുമ്പുപോൽ കവർന്തെന്നെവിടാമർ

കലന്തെന്നോടിരുപ്പായ് അരുണാചലാ!''

ഹേ അരുണാചലാ ! കാന്തം ഇരുമ്പിനെ ആകർഷിയ്ക്കുന്നതുപോലെ അടിയനെ ആകർഷിച്ച് അങ്ങയോടു ചേർത്തുവയ്ക്കൂ. (ഒരു കാലത്തും വിരഹം വരാത്ത വിധത്തിൽ)

ഗുരു പത്തൊൻപതാമത്തെ പദ്യത്തിൽ ഭഗവാൻ അരുണഗിരിയെ തന്റെ ഗുരുവായ് വെളിവാക്കുന്നു.

''കുററമുററ് അറുത്തെന്നെ ഗുണമായ്

പണിത്താൾ ഗുരുവായൊളിരരുണാചലാ!''

ഹേ അരുണാചലാ ! ജ്ഞാനം പക്വമാവണമെങ്കിൽ ഒരു ജീവന് ശമദമാദി സാധനചതുഷ്ടയവും മററു പല ഗുണങ്ങളും വേണം എന്ന് ശാസ്ത്രം പറയുന്നു. എനിക്കാണെങ്കിൽ ഒരു ഗുണവുമില്ല. സ്വയം പ്രയത്നത്താൽ ആ ഗുണങ്ങൾ വരുത്താൻ ഒരു വ്യക്തിബോധവുമില്ല. അതിനാൽ തത്വജ്ഞാനഗുരുമൂർത്തിയായ് വിളങ്ങുന്ന ശോണഗിരേ ! എന്റെ സർവ്വദോഷങ്ങളെയും മൂലമായ അഹങ്കാരത്തോടെ നശിപ്പിച്ച് എന്നെ ഗുണവാനായി പരിണമിപ്പിക്കൂ എന്നു പ്രാർത്ഥിയ്ക്കുന്നു.

ശുതുശെയ്തെന്നെ ശോധിയാതിനിയുൻ

ജ്യോതിയുരു കാട്ടരുണാചല !''

ഹേ അരുണാചലപരമാത്മൻ ! ഇനിയും എന്തിന് എന്നെ പരീക്ഷിയ്ക്കുന്നു. അങ്ങ്

സർവ്വജ്ഞനല്ലയോ ! അങ്ങേയ്ക്ക് എന്റെ ദൗർബല്യങ്ങൾ നന്നായറിയാം. എന്നിട്ടും അങ്ങ് പരീക്ഷിയ്ക്കാൻ തന്നെ തീരുമാനിയ്ക്കുകയാണെങ്കിൽ ഞാൻ തോൽക്കാൻ തന്നെ തീർച്ചപ്പെടുത്തിയിരിയ്ക്കുകയാണ്. ചൈതന്യത്തിന്റെ ശക്തിയോട് പ്രതിബിംബത്തിന് എന്തു ചെയ്യാൻ പററും ? അതിനാൽ ഇനിയും ഈ ചെപ്പടിവിദ്യ കാണിച്ച് എന്നെ പരീക്ഷിക്കാതെ. '' ഉരുപ്പടും വിദ്യെത്തകാട്ട് '' ജ്ഞാനത്തിനുള്ള ഋജുമാർഗ്ഗം ഉപദേശിയ്ക്കു, അങ്ങയുടെ പരംജ്യോതിസ്വരൂപത്തെ വെളിവാക്കു.

ചില ദ്വൈത സമ്പ്രദായികളായ ഭക്തർ പറയുന്നു. ഞങ്ങൾക്ക് ഭഗവാനുമായി ഒത്തു ചേരണ്ട, ദ്വൈതമുണ്ടെങ്കിലേ ഭക്തിയുള്ളു. ഞങ്ങൾക്ക് ശർക്കരയാവണ്ട, ശർക്കരതിന്നുന്ന ഉറുമ്പായാൽ മതിയെന്ന്. ഈ വാദത്തിൽ അഹങ്കാരം പ്രബലമായിരിയ്ക്കുന്നു. ഇവിടെ ഭക്തൻ ഭോക്താവും ഭഗവാൻ ഭോജ്യവുമാകുന്നു. എന്നാൻ പരാശക്തിയിൽ ഭക്തൻ തന്നെ സ്വയം പരമാനന്ദസാഗരത്തിൽ മുഴുകി തന്റെ വ്യക്തിത്വമില്ലാതാകാൻ ഉൽക്കടമായി ആഗ്രഹിയ്ക്കുന്നു. ഇത് രമണഭഗവാൻ 28–ാം മത്തെ പദ്യത്തിൽ മനോഹരമായി പറയുന്നു.

ശാപ്പാടുന്നെ ശാർന്തുണവായാൻ

ശാന്തമായ് പോവന്നരുണാചലാ !

ഹേ അരുണാചലാ ! എന്റെ പ്രേമഭാജനമേ ! ഈ അറിവില്ലാത്ത ഞാൻ എന്റെ ശമിക്കാത്ത ജ്ഞാനക്ഷുത്തിന് അങ്ങ് ഒരു നല്ല ഭോജ്യമാണെന്നു കരുതി അങ്ങയെ സമീപിച്ചു. (ഞാൻ അങ്ങയെ അനുഭവിയ്ക്കാനാഗ്രഹിച്ച് അങ്ങയെ പ്രാപിച്ചു ) പക്ഷേ, അതിന് വിപരീതമായി ഞാൻ അങ്ങയുടെ പരമാനന്ദസ്വരൂപത്തിൽ ലയിച്ചു ചേർന്നു.) അങ്ങനെ അങ്ങയാൽ ഭുജിക്കപ്പെട്ട് ഞാൻ ഹേ അരുണാചലാ പരമശാന്തിയെ പ്രാപിച്ചു. ജീവബോധമാണ് അജ്ഞാനത്തിന് മൂല കാരണം. ജീവൻ അഹങ്കാരത്താൽ തന്റെ ബലം കൊണ്ട് ജഗത്തിൽ പല വസ്തുക്കളെയും അനുഭവിയ്ക്കുന്നുവെന്ന വ്യാജേന ബന്ധത്തിൽ കൂടുതൽ കുടുങ്ങുന്നു. അതേ ഭാവത്തോടെ ആ ജീവൻ ഭഗവാനേയും അനുഭവിയ്ക്കാൻ ശ്രമിയ്ക്കുമ്പോൾ ആ പരമ പ്രകാശത്തിൽ സൂര്യനുമുൻപിൽ ഇരുട്ടെന്നപോലെ നശിച്ചുപോകുന്നു. ഇങ്ങിനെ ഭോക്തൃഭാവം കൈ ക്കൊണ്ട് പോവുന്ന ജീവൻ താൻ ഈശ്വരനെ അനുഭവിയ്ക്കുന്നതിനു പകരം ഈശ്വരനാൽ അനുഭവിയ്ക്കപ്പെടുന്നു. അതോടെ "ഞാൻ" എന്നതുതന്നെ മിഥ്യയായി പോയി ഈശ്വരൻ മാത്രം അവശേഷിയ്ക്കുന്നു. ഇതാണ് ശരിയായ ഈശ്വരദർശനം.ദർശിയ്ക്കാനൊരു ദ്രഷ്ടാവില്ലാതാകുമ്പോൾ പ്രപഞ്ചത്തിന്തന്നെ ദൃക്കായ പരമാത്മാവ് ഏകമായ-ദ്വയമായുജ്വലമായി ഉദ്ദീപ്രമാകുന്നു. ഇതേ ആശയം തന്നെ ഭഗവാൻ 'സദ്ദർശന'ത്തിലും 'സ്വയം തദന്നീഭവനം തദീക്ഷാ ' എന്നു പറഞ്ഞിരിയ്ക്കുന്നു. (ഈശ്വരന് അന്നമായി ഭോജ്യമായി തീരലാണ് ഈശ്വരദർശനം) ഇത് ചുരുക്കി പറഞ്ഞാൽ 'ബ്രഹ്മസത്യം' ജീവോ

മിഥ്യാ ' എന്നാണ് ജീവൻ മിഥ്യയായാൽ പിന്നെ ജഗത്തിനെ ദർശിക്കാൻ ആരുണ്ട് ? ഇതേ ആശയം തന്നെ നാൽപ്പത്തിയെട്ടാമത്തെ പദ്യത്തിലും പറയുന്നു. " ഹേ അരുണാചലാ ! അവിടുന്ന് എന്നെ കാത്തരുളുന്ന പ്രേമസ്വരൂപിയായ ദൈവമെന്നു കരുതി ഞാൻ രക്ഷയ്ക്കായി അങ്ങയെ പ്രാപിച്ചപ്പോൾ അങ്ങ് എന്നെ രക്ഷിയ്ക്കുന്നതിനു പകരം എന്നെ വേരോടെ, കുറച്ചുപോലും ബാക്കിയില്ലാതെ, നശിപ്പിച്ചുകളഞ്ഞു. അഹോ !"

ഇവിടെ മനോഹരമായ നിന്ദാസ്തുതിയാണ് പ്രയോഗിച്ചിരിയ്ക്കുന്നത്, ഭഗവാനോടടുക്കുന്തോറും ഭഗവാൻ ജീവനു സുഖം കൊടുക്കുന്നതിനു പകരം ദുഃഖത്തിനുമേൽ ദുഃഖം കൊടുത്ത് ആ ജീവന്റെ അഹങ്കാരത്തെ സർവ്വവാസനകളോടും കൂടി നിശേഷമായി നശിപ്പിക്കുന്നു.

അങ്ങനെ ജീവബോധം കളഞ്ഞ് ഈശ്വരസ്വരൂപം മാത്രം അവശേഷിയ്ക്കുന്നു. ഇതേ ആശയം ഭഗവാൻ വേറൊരു വിധത്തിൽ 50-ാം മത്തെ പദ്യത്തിൽ പറയുന്നു, " ഹേ അരുണാചലാ ! ജീവബോധത്തിന്റെ ഉദ്‌വേഗമായ ധൈര്യം കൊണ്ട് അങ്ങയെ അറിയുവാനായി ഹൃദന്തരത്തെ പ്രാപിച്ചപ്പോൾ എന്റെ സർവ്വശക്തിയും പ്രഭാവവും അസ്തമിച്ചുകുഴഞ്ഞുവീണു ഞാൻ ". അതായത് ഈ ഞാൻ എന്നത് എവിടെനിന്നു വരുന്നു എന്ന് ശുദ്ധമായ ബുദ്ധിയാൽ അഹന്തയുടെ മൂലത്തെ അന്വേഷണം ചെയ്ത് അകത്തേക്കുപോയപ്പോൾ ഈ വിചാരം ചെയ്യുന്ന അഹന്ത നശിച്ച് ഇല്ലാതായി. ഈ പദ്യങ്ങൾക്കെല്ലാം വളരെയധികം അർത്ഥങ്ങൾ പ്രത്യക്ഷമായിത്തന്നെ കാണാം . 'ഋഷിണാം പുനരാദ്യാനാം വാചമർത്ഥോനുധാവതി''. ഒരു മാഹാത്മാവ് ഒരു വാക്ക് പ്രയോഗിച്ചാൽ അർത്ഥങ്ങൾ സ്വയം അനുഗ്രഹീതരാകാൻ ആ വാക്കിനു പുറകിൽ അണിനിരക്കുമത്രേ. അത് നമുക്ക് ഈ സ്തുതിയിൽ തികച്ചും വ്യക്തമായി കാണാം.

ഹേ അരുണാചലാ! 'താൻ' എന്ന് എല്ലാവരുടേയും ഉള്ളിൽ ഉണ്മയായി അസ്തിത്വമായി തിളങ്ങുന്ന ആത്മതത്വ പൊരുളേ, ഈ സത്യത്തെ ആത്മസ്വരൂപമായ അവിടുന്നു തന്നെ സ്വയം എനിയ്ക്ക് വെളിവാക്കി തരു.

'യമേവേഷവൃണുതേ തേനലഭ്യ :

തസ്യൈഷ ആത്മാവിവുണുതേ തനും സ്വാം''

ഇതിനുള്ള മാർഗ്ഗത്തെ അരുണാചലേശ്വരൻ ഗുരു രൂപിയായി ഉപദേശിച്ചതിന് 44-ാം മത്തെ പദ്യത്തിൽ പറയുന്നു

'' തിരുമ്പിയഹന്തനെ ദിനമകക്കൺകാൺ

തെരിയുമെൻട്രനൈ യെന്നരുണാചലാ !''

സ്വരൂപദർശനത്തിനായി പ്രാർത്ഥിയ്ക്കുന്ന ഭക്തനോട് ഭഗവാൻ പറഞ്ഞു, ബാഹ്യവിഷയങ്ങളെ പരിത്യജിച്ച് അന്തർമുഖനായി ' ഞാൻ ആര്' ? 'എന്ന ആത്മവിചാരത്താൽ തന്നെത്താൻ അന്വേഷണം ചെയ്താൽ സ്വരൂപം സ്വയം പ്രകാശിക്കും'' ' 36-ാം മത്തെ പദ്യത്തിൽ അരുണാചലേശ്വരൻ തനിയ്ക്ക് മൗനോപദേശം ചെയ്തതിനെ ഭഗവാൻ പറയുന്നു.

" ശൊല്ലാതു ശൊല്ലി നീ ശൊല്ലറനില്ലെൻറു

ശുമ്മാവിരുന്തായ് അരുണാചലാ ! "

" പ്രശ്നങ്ങൾക്ക് വഴി കൊടുക്കാതെ വിചാരമററ് ശാന്തമായി നിശ്ചലമായി ഇരിക്കു. 'എന്ന് വാക്കുകളാൽ പറയാതെ മൗനമായി ത്തന്നെ ' ദക്ഷിണാമൂർത്തി സ്വരൂപമായി ഹേ അരുണാചലാ ! അങ്ങ് എന്നെ ഉണർത്തി (ഈ ഉപദേശത്തെ ശ്രീ രമണ ഭഗവാൻ എത്ര കൃത്യമായി സ്വന്തം ആചരണത്തിലൂടെ വെളിവാക്കി!)

66. " പിത്തുവിട്ടുനെനേർ പിത്തനാക്കിനെയരുൾ

പിത്തം തെളിമരുന്തരുണാചലാ ! "

ഹേ അരുണാചലാ മായാപ്രപഞ്ചവിഷയ ഭോഗങ്ങളിലുള്ള ഭ്രമം വിടാൻ ഉപായമായി അങ്ങയെ പ്രാപിക്കണമെന്ന അടക്കാനാവാത്ത ഭ്രമം എന്നിലുണ്ടാക്കി അങ്ങ് എന്നെ ഭ്രാന്തനാക്കി. ഈ ഭ്രമവും തീരണമെങ്കിൽ ആത്മാനന്ദാനുഭവമായ മരുന്ന് അങ്ങ് തന്നെ കൃപയാ എനിക്ക് അരുളണം.

71. പേയ്ത്തനം വിടവിടപേയാപ്പിടിത്തെന്നെ

പേയാനാക്കിനെയെന്നരുണാചലാ !

" ഹേ അരുണാചലാ ! ലൗകികബന്ധങ്ങൾക്കും വിചാരങ്ങൾക്കും മൂലകാരണമായ അഹങ്കാരപിശാച് എന്നെ വിട്ടകലാൻ അങ്ങ് അതിലും ബലമേറിയ ഒരു ഭൂതത്തിനെപ്പോലെ എന്നെ പിടിച്ച് എന്നെ സ്വയം ഒരു ഭൂതത്തിനെപ്പോലെയാക്കി ചെയ്തുവല്ലോ ! "

73. പൊടിയാൽ മയക്കിയെൻ ബോധത്തെ പരിത്തുൻ

ബോധത്തെ കാട്ടിനെയാരുണാചലാ !

മയക്കംവരുത്തുന്ന പൊടികൊണ്ട് മായാവികൾ ജനങ്ങളെ മയക്കുന്ന പോലെ അങ്ങ് കൃപാരജസ്സുകൊണ്ട് എന്നെ മയക്കി, എന്റെ ജീവബോധത്തെ അപഹരിച്ച് അങ്ങയുടെ സ്വരൂപമായ ആത്മബോധത്തെ തത്സ്ഥാനത്ത് കാണിച്ചുതന്നു, ഹേ അരുണാചലാ ! അങ്ങയുടെ

കൃപ ആശ്ചര്യകരം തന്നെ.

70-ാം മത്തെ പദ്യത്തിൽ ഭഗവാൻ തന്നെ എങ്ങനെ നാമസ്മരണമാത്രത്തിൽ അരുണാചല തന്റെ സമീപത്തേയ്ക്കാകർഷിച്ച് തന്നോട് അഭേദമായി വച്ചു എന്നത് മനോഹരമായി പറയുന്നു.

പെയർ നിനൈത്തിടവേ പിടിത്തിഴവുത്തനൈയുന്നെ

പെരുമയാരറിവാ അരുണാചലാ !

85. മൊട്ടയടിത്തെനൈ വെട്ടവെളിയിൽ നീ

നട്ടമാടിനൈയെന്നരുണാചലാ !

ഹേ അരുണാചലാ ! എന്റെ തല മുണ്ഡനം ചെയ്ത് ('ഞാൻ' 'എന്റെ' എന്ന ഭാവം തീരെ ഇല്ലാതാക്കി) അങ്ങ് എന്നെ തുറന്ന പ്രദേശത്തിൽ നിർത്തിച്ച് നർത്തനം ചെയ്തുവല്ലോ. (വെട്ടവെളി എന്നു പറഞ്ഞാൽ അനന്തമായ ചിദാകാശം. ആ ചിദാകാശത്തിൽ ഏകനായി ബ്രഹ്മസ്വരൂപമായി 'അഹമഹമെന്ന് ' അരുണാചലേശ്വൻ തിരുനടനമാടുന്നു).

103 . ചിന്തിഅരുൾ പടചിലന്തിപോൽകട്ടി

ശിറയിട്ടുണ്ടനൈ അരുണാചലാ !

ഹേ അരുണാചലാ, കൃപാനിധേ, ഈ ജീവനെ മുക്തനാക്കാൻ വളരെയധികം ചിന്തിച്ച് അവിദ്യാകാമങ്ങളാൽ മോഹിതനായി അജ്ഞാനത്തിന്റെ പാതയിലേയ്ക്ക് വീണ്ടും കണ്ണുവെട്ടിച്ച് പോകാതിരിക്കാൻ ഒരു ചിലന്തി വല കെട്ടി പ്രാണികളെ തടവിലാക്കി ഭക്ഷിയ്ക്കുന്നതുപോലെ അവിടുന്നു കൃപാവല കൊണ്ട് പിടിച്ച് ഇവന്റെ ജീവഭാവത്തിനെ ഭക്ഷിച്ചുതീർക്കുമല്ലോ . അജ്ഞാനത്താൽ ഞാൻ സംസാരത്തിലേയ്ക്ക് വഴിത്തെറ്റിപോകാൻ ശ്രമിച്ചാൽ എന്റെ ശ്രമം വിഫലമാണ്. എന്തെന്നാൽ 'അരുണാചലം ' എന്നു സ്മരിച്ച മാത്രയിൽ ഞാൻ അങ്ങയുടെ വലയിൽ കുടുങ്ങിക്കഴിഞ്ഞു.

അതിനാൽ ഇനി എനിയ്ക്ക് ഒരു പ്രാർത്ഥനയേ ഉള്ളൂ.

104. അൻപോടു നാമം കേളൻപർതമൻപരു

ക്കൻപനായിടവരുളണരുണാചലാ

ഹൃദയത്തിൽ നിറഞ്ഞു കവിയുന്ന പ്രേമത്തോടെ അങ്ങയുടെ നാമത്തെ ശ്രവിയ്ക്കുന്ന

ഭക്തൻമാരുടെ പാദസേവകൻമാരായ ഭക്തൻമാർക്ക് എന്നെ സേവകനാക്കാൻ അനുഗ്രഹിക്കൂ.

തന്റെ സ്വാതന്ത്ര്യം പൂർണ്ണമായും ഉപയോഗിച്ച് ഭക്തൻ അവസാനം ഭഗവാനുതന്നെ ഒരു ആശീർവ്വാദം കൊടുക്കുന്നു.

"ഹേ അരുണാചലാ ! എന്നേപ്പോലുള്ള ദീനർക്ക് ആനന്ദവും ജ്ഞാനവും കൊടുക്കാനായി ജ്ഞാനമൂർത്തിയായ അങ്ങ് എക്കാലവും വാഴ്ന്നരുളുക!! "

''മണമാലൈ '' എന്നുപറഞ്ഞാൽ വിവാഹഹാരം ഇവിടെ മധുരഭാവത്തിൽ അരുണാചലേശ്വരനെ തന്റെ വരനായും തന്നെ വധുവായും ഭാവിയ്ക്കുന്ന ഭക്തൻ അരുണാചലേശ്വരനോട് തന്റെ മാല സ്വീകരിച്ച് വരണമാല്യം ഇങ്ങോട്ട് അണിയിച്ച് തന്നെ സ്വീകരിക്കാൻ പ്രാർത്ഥിക്കുന്നു.

മാലൈയളിത്താ അരുണാചലാ രമണനെൻ

മാലൈയണിന്താരുളരുണാചലാ

ഇവിടെ മഹർഷി ശിവനെ അരുണാചലരമണാ 'എന്ന് സംബോധന ചെയ്യുന്നു. അമൃതനാഥായതീന്ദ്രൻ ഒരിക്കൽ ശ്രീ രമണഭഗവാനോട് അങ്ങ് ആരാണ് ഹരിയാണോ, ഹരനാണോ, സ്കന്ദനാണോ, '' അറിവാനൊരു കുതുകം മമ ഹൃദയേ ഗുരു മഹിമാ '' എന്ന് പദ്യ രൂപത്തിൽ ചോദിച്ചതിന് ഭഗവാൻ പദ്യ രൂപത്തിൽ തന്നെ ഹരിഹരൻ മുതലായവരുടെ ഹൃദയത്തിൽ സാക്ഷിയായി അറിവായ് വിളങ്ങുന്ന പരമാത്മാവാണ് അരുണാചല രമണൻ. എന്ന് തനിക്കും അരുണാചലനും ഉള്ള അഭേദഭാവത്തെ വെളിവാക്കുന്നു.

ഇങ്ങനെ '108' പദ്യ രത്നങ്ങൾ അടങ്ങിയ ഒരു ഹാരമാണ് അക്ഷരമണമാലൈ ഇതിൽ ഒരോ പദ്യത്തിനുശേഷവും

അരുണാചല ശിവ അരുണാചല ശിവ

അരുണാചല ശിവ അരുണാചലാ

അരുണാചല ശിവ അരുണാചല ശിവ

അരുണാചല ശിവ അരുണാചലാ

എന്ന മീട്ട് മനോഹരമായി ഇണക്കിച്ചേർത്ത് പാടുമ്പോൾ ഈ കൃതിയുടെ മന്ത്ര ശക്തി ശ്രോതക്കൾക്കും , ഗായകർക്കും ഒരുപോലെ അനുഭവവേദ്യമാകും. വളരെയധികം നിയന്ത്രണമുള്ള സാധകർക്ക് പോലും ഈ കൃതിയിലൂടെ മനസ്സോടിച്ച് പോയാൽ കണ്ണീർ പൊഴിക്കാതെയിരിക്കാൻ കഴിയുമെന്ന് ഈയുള്ളവന്ന് തോന്നുന്നില്ല. അരുണാചലം ; വാഴട്ടെ;!

ഭക്തരും വാഴട്ടെ;! അക്ഷരമണമാലൈ ജയിക്കട്ടെ!!!

ഓം തത് സത് : ശ്രീ രമണാർപ്പണമസ്തു.

*'' ഈ പ്രപഞ്ചം ഒരു ദൃഷ്ടിയിൽ അസത്യവും മറ്റൊരു ദൃഷ്ടിയിൽ പരമ സത്യവുമാണ്. സാധകൻ പ്രാരംഭത്തിൽ പ്രപഞ്ചം അനിത്യവും ബ്രഹ്മം സത്യവുമാണെന്ന് ധരിക്കുന്നു. എല്ലാം 'നേതി, നേതി' എന്നുൽഘോഷിച്ച് തള്ളിയാൽ പ്രപഞ്ചമെല്ലാം ആത്മാവിൽ നിന്നുൽഭവിച്ചതാണെന്ന് അനുഭവത്തിലൂടെ കണ്ട് ആനന്ദാനുഭൂതി ഉളവാകുന്നു. ഇത്തരം ജ്ഞാനി മാത്രമേ ശരിയായ ജ്ഞാനിയും കർമ്മയോഗിയും ആകുകയുള്ളൂ. നൈഷ്കർമ്മ്യത്തെ പ്രബോധനം ചെയ്ത ശ്രീ ശങ്കരാചാര്യർ കൂടി ദേശസഞ്ചാരം ചെയ്തും വ്യാഖ്യാനം രചിച്ചും പീഠസ്ഥാപനം ചെയ്തിട്ടില്ലയോ ? ആകയാൽ കർമ്മം ചെയ്യുകയോ ചെയ്യാതിരിക്കുകയോ എന്നല്ല നിദാനം. കർമ്മം ചെയ്യുന്നതാര്? എന്ന് സദാ തന്നോട് തന്നെ ചോദ്യം ചെയ്തുകൊണ്ടിരിക്കണം.''*

*– ഭഗവാൻ*

# അരുണാചലപഞ്ചരത്നം

*– സുരേശാനന്ദസ്വാമികൾ –*

(ഭഗവാൻ രമണമഹർഷിയുടെ ഉത്തമഭക്തനും വിജ്ഞാനരമണീയാശ്രമത്തിന്റെ സ്ഥാപകനുമായ ശ്രീമദ് സുരേശാനന്ദ സ്വാമിജിയുടെ 'അരുണാചല പഞ്ചരത്ന'ത്തിന്റെ വ്യാഖ്യാനത്തെ അടിസ്ഥാനപ്പെടുത്തി ശ്രീ.കെ.മാധവനുണ്ണി തയ്യാറാക്കിയതാണ് ഈ ലേഖനം)

അരനൂററാണ്ടിലേറെക്കാലം അരുണാചലസാനുക്കളിൽ ജീവൻമുക്തപദവിയിലിരുന്ന് അനേകം ഭക്തൻമാർക്ക് ആത്മാനന്ദത്തിന്റെ അഭൌമരസം പകർന്നു കൊടുത്ത ഭഗവാൻ ശ്രീ രമണമഹർഷി വളരെ കുറച്ചു വാക്കുകൾ മാത്രമെ സംസാരിച്ചിട്ടുള്ളു. അതിലും എത്രയോ കുറവാണ് അദ്ദേഹം എഴുതിയിട്ടുള്ള വാക്കുകൾ. ദക്ഷിണാമൂർത്തിയുടേതുപോലുള്ള സഹജമൗനമായിരുന്നു ഭഗവാൻ മഹർഷിയുടെ ഭാഷ.

'അരുണാചലം' എന്ന് സംസ്കൃതത്തിലും 'അണ്ണാമലൈ' എന്ന് തമിഴിലും വിളിക്കുന്ന ഈ ഗിരിയുടെ മാഹാത്മ്യത്തെകുറിച്ച് ശിവപുരാണത്തിലും സ്കന്ദപുരാണത്തിലും മററും വർണ്ണനകളുണ്ട്. പുണ്യസ്ഥലങ്ങളിലെല്ലാം വെച്ച് കൂടുതൽ പ്രധാന്യമർഹിക്കുന്ന ഈ ഗിരിയെ ഭുമിയുടെ കേന്ദ്രമായും, ജഗത്തിന്റെ ഹൃദയമായും, സാക്ഷാൽ ശിവസ്വരൂപം തന്നെയായും ഗണിച്ചുവരുന്നു. അരുണാചലത്തിന്റെ ആവിർഭാവത്തെക്കുറിച്ചുള്ള കഥ ഇപ്രകാരമാണ്.

മഹാവിഷ്ണുവും, ബ്രഹ്മാവും തമ്മിൽ ആരാണ് ശ്രേഷ്ഠൻ എന്നതിനെചൊല്ലി തർക്കമുണ്ടായപ്പോൾ അവരുടെ മുന്നിൽ ആദ്യന്തങ്ങളില്ലാത്ത ഒരു തേജോലിംഗം പ്രത്യക്ഷപ്പെട്ടു. ഈ ജ്യോതിസ്സിന്റെ അഗ്രഭാഗത്തെ ആരാഞ്ഞറിയുന്ന വ്യക്തിയെ ശ്രേഷ്ഠനായി ഗണിക്കാമെന്ന ഒരു ദിവ്യവാണിയും കേൾക്കായ്‌വന്നു. തൽക്ഷണം മഹാവിഷ്ണുവും ബ്രഹ്മാവും ജ്യോതിസ്സിന്റെ ആദ്യന്തങ്ങളെ അന്വേഷിച്ച് പുറപ്പെട്ടു. പരിക്ഷീണരും പരാജിതരുമായ അവരുടെ മുന്നിൽ ജ്യോതിസ്സ് സാക്ഷാൽ പരമശിവന്റെ രൂപത്തിൽ പ്രത്യക്ഷപ്പെട്ട് ദർശനമരുളിയ ശേഷം അന്തർദ്ധാനം ചെയ്യുകയും തൽസ്ഥാനത്ത് ഈ ഗിരി ദൃശ്യമാകുകയും ചെയ്തു. അഹങ്കാരത്തിനും ബുദ്ധിക്കും അപ്രാപ്യമാണ് ജ്യോതിസ്വരൂപമായ ആത്മതത്വം എന്ന രഹസ്യമാണ് ഈ കഥയിലൂടെ വെളിപ്പെടുത്തുന്നത്. അഹങ്കാരം നശിക്കുമ്പോൾ തൽസ്ഥാനത്തു തെളിയുന്ന ജ്യോതിസ്സിനെ പ്രതിനിധാനം ചെയ്യുന്നതാണ് മലയുടെ മുകളിൽ തെളിയിക്കുന്ന 'കാർത്തികദീപം'.

ഈ ഗിരിയുടെ കിഴക്കേ താഴ്‌വാരത്തു സ്ഥിതിചെയ്യുന്ന 'അരുണാചലേശ്വര' മെന്ന സുപ്രസിദ്ധ ക്ഷേത്രത്തിലെ പ്രതിഷ്ഠ അഷ്ടലിംഗങ്ങളിൽ ഒന്നായ ജ്യോതിർ ലിംഗമാണ്.

തമിഴകത്തെ 63 നായന്മാർ എന്ന് പുകൾപ്പെററ ഭക്തകവികളിൽ തിരുജ്ഞാനസംബന്ധർ, തിരുനാവുക്കരശർ, സുന്ദരമൂർത്തി, മാണിക്കവാചകർ, അരുണഗിരിനാഥർ തുടങ്ങിയ പുണ്യപുരുഷന്മാർ ഈ പുണ്യാദ്രിയെ ദർശിക്കുകയും അതിന്റെ മാഹാത്മ്യത്തെപ്പററി ഗാനങ്ങൾ രചിക്കുകയും ചെയ്തിട്ടുണ്ട്.

'അരുണാചലം' എന്ന പവിത്രനാമത്തിന്റെ ശ്രവണമാത്രത്തിൽ ബ്രഹ്മജ്ഞാനത്തിന്റെ കൊള്ളിമീൻ അന്തരാത്മാവിലേക്ക് ആഴ്ന്നിറങ്ങുന്ന ദിവ്യാനുഭവം ഉണ്ടായ അന്നു മുതൽ ആത്മജ്ഞാനം നേടി അരുണാചല സവിധത്തിൽ എത്തിച്ചേരുന്നതുവരെ ഏതോ ഒരദൃശ്യശക്തി തന്നെ അങ്ങോട്ടാകർഷിക്കുന്നതായി ഭഗവാന് തോന്നിയിരുന്നു. ആ ശക്തിക്കും ഉൾപ്രേരണക്കും തന്നെ പരിപൂർണ്ണമായും സമർപ്പണം ചെയ്താണ് വീടു വിട്ടിറങ്ങിയ താൻ നേരെ അരുണാചലത്തിലെത്താൻ കാരണമെന്നും അല്ലാതെ മന:പൂർവ്വം ആസൂത്രണം ചെയ്ത ഒരു പരിപാടിയനുസരിച്ചായിരുന്നില്ലെന്നും ഭഗവാൻ പറഞ്ഞിട്ടുണ്ട്. 1896 സെപ്തംബർ മാസം 1-ാം തിയ്യതി അരുണാചല സന്നിധിയിലെത്തിയ ഭഗവാൻ 1950 ഏപ്രിൽ 14-ാം തിയ്യതി തന്റെ ഭൌതിക ശരീരം ഉപേക്ഷിക്കുന്നതുവരെ ഈ പുണ്യസ്ഥലത്തെ വിട്ടു വെളിയിലെങ്ങും പോയിട്ടില്ല. അരുണാചലത്തെ ഗുരുവായും ഈശ്വരനായും, ബ്രഹ്മമായും, ശുദ്ധചൈതന്യസ്വരൂപമായും അറിയുകയും, അനുഭവിക്കുകയും ചെയ്ത ഭഗവാൻ ഈ ഗിരിയെ പുകഴ്ത്തി 'അരുണാചലസ്തുതിപഞ്ചകം' എന്നറിയപ്പെടുന്ന അഞ്ചുകീർത്തനങ്ങൾ രചിച്ചിട്ടുണ്ട്. ഭഗവാന്റെ ആദ്യകാലകൃതികളായ ഈ കീർത്തനങ്ങളിൽ അങ്ങേയററത്തെ വൈകാരിക ഭാവവും, ഭക്തിരസവും തുളുമ്പിനിൽക്കുമ്പോൾ പിൽക്കാലകൃതികളായ 'ഉപദേശസാരം', 'സദ്ദർശനം' തുടങ്ങിയവ തത്വപ്രബോധനപരമാണ്.

'അരുണാചല സ്തുതിപഞ്ചക'ത്തിലെ കീർത്തനങ്ങളുടെ ഉത്ഭവത്തെക്കുറിച്ചറിയുന്നത് രസാവഹമായിരിക്കും. ഈ ഗീതങ്ങൾ ഭഗവാൻ രചിച്ചത് 1914 നോടടുത്താണ്. ഇക്കാലം ഭഗവാൻ വിരൂപാക്ഷി ഗുഹയിലായിരുന്നു താമസം. അദ്ദേഹത്തിന്റെ കൂടെ താമസിച്ചിരുന്ന ഭിക്ഷുക്കൾ അവർക്ക് പട്ടണത്തിൽ ഭിക്ഷക്കുപോകുമ്പോൾ പാടുവാനായി ഒരു കീർത്തനമുണ്ടാക്കുവാൻ മഹർഷിയോട് അപേക്ഷിച്ചു. അരുണാചലത്തെകുറിച്ച് വേണ്ടത്ര കീർത്തനങ്ങളുണ്ടെന്നു പറഞ്ഞൊഴിഞ്ഞ അദ്ദേഹത്തെ അവർ വീണ്ടും നിർബന്ധിച്ചു കൊണ്ടിരുന്നു. അങ്ങിനെയിരിക്കെ ഒരു ദിവസം ഗിരിപ്രദക്ഷിണത്തിന്നു പോയ ഭഗവാൻ മഹർഷി തിരിച്ചുവരുന്നതിനിടയിൽ 'അരുണാചല അക്ഷരമണമാല' എന്ന 108 ശ്ലോകങ്ങളുള്ള ആദ്യത്തെ കീർത്തനം എഴുതി. അതിൽ ജീവാത്മാവായ ഭക്തൻ പരമാത്മാവായ അചലത്തെ മധുരഭാവത്തിൽ വരിക്കുന്നതായി വർണ്ണിച്ചിരിക്കുന്നു. 'അരുണാചല നവമണിമാല' 'അരുണാചല പതികം' 'അരുണാചല അഷ്ടകം' തുടങ്ങിയ പിന്നീടുണ്ടായ മൂന്നു കൃതികളും ഇതേ സമയത്തുതന്നെ എഴുതപ്പെട്ടവയാണ്.

'അരുണാചല നവമണിമാല' യിൽ ഭക്തനായ ജീവൻ അരുണാചലപരമാത്മാവെ വാത്സല്യഭാവത്തിൽ ഭജിക്കുന്നു. മൂന്നാമത്തെതായ 'അരുണാചലപതിക'വും, നാലാമത്തെതായ 'അരുണാചല അഷ്ട'കവും പരാപേക്ഷകൂടാതെ സ്വാത്മപ്രചോദിതമായി എഴുതപ്പെട്ടവയാണ്. ഒരു ദിവസം 'അരുണാചലപതികം' എഴുതാൻ വാക്കുകൾ തള്ളിത്തിരക്കി വന്നുവെങ്കിലും ഈ അക്ഷരങ്ങളെക്കൊണ്ട് എന്തു നേടാൻ എന്നു കരുതി എഴുതാൻ കൂട്ടാക്കിയില്ല. എന്നാൽ എഴുതുവാനുള്ള ഉൾപ്രേരണ സീമാതീതമായപ്പോൾ ഭഗവാൻ ആദ്യത്തെ ശ്ലോകമെഴുതി. ഒരു ദിവസം ഒരു ശ്ലോകമെന്ന നിലയിൽ ഒൻപതുശ്ലോകങ്ങളും പത്താം ദിവസം പത്തും പതിനൊന്നും ശ്ലോകങ്ങൾ ഒരുമിച്ചും എഴുതി. അടുത്ത ദിവസം ഭഗവാൻ ഗിരിപ്രദക്ഷിണത്തിനായി സാധാരണ പോലെ പുറപ്പെട്ടു. അന്ന് തിരിച്ച് വിരുപാക്ഷിഗുഹയിൽ എത്തുമ്പോഴേക്കും അരുണാചല അഷ്ടകത്തിലെ ആറു ശ്ലോകങ്ങൾ എഴുതിയിരുന്നു. പിറേറന്ന് നാരായണ റെഡ്ഡി എന്നൊരു ഭക്തൻ ഭഗവാനെ ദർശിക്കാനായി വന്നു. ഭഗവാന്റെ കൃതികളെകുറിച്ച് പളനിസ്വാമിയിൽ നിന്നും അറിയാനിടയായ അദ്ദേഹം അത് അച്ചടിപ്പിക്കുവാനായി പുറപ്പെട്ടു. ഇതറിഞ്ഞ ഭഗവാൻ തൽക്ഷണം അഷ്ടകത്തിലെ ഏഴും, ഏട്ടും ശ്ലോകങ്ങൾ എഴുതിക്കൊടുത്തു. 'അരുണാചലപതിക'ത്തിൽ സ്വാത്മാവായ ഗിരി ശരണാഗതനായ ഭക്തനെ കാരുണ്യത്തോടെ തന്നിലേക്കാകർഷിക്കുന്നു. 'അരുണാചല അഷ്ടക'ത്തിൽ അന്തർമുഖനായ ഭക്തൻ ഉൽപത്തിസ്ഥാനത്തെ ലക്ഷ്യമാക്കി ' ഞാൻ ആര്?' എന്ന് അന്വേഷണബുദ്ധ്യാ ഹൃദയാന്തർഭാഗത്ത് നിമജ്ജനം ചെയ്യുന്നു.

അരുണാചല സ്തുതികളിലെ അഞ്ചാമത്തേതും അവസാനത്തേതുമായ ' അരുണാചല പഞ്ചരത്ന'ത്തിന്റെ സൃഷ്ടി കൂടുതൽ രസാവഹമാണ്. ഭഗവാൻറ ഭക്തനും ശിഷ്യോത്ത മനുമായ കാവ്യകൺഠ ഗണപതിമുനി ഭഗവാനോട് സംസ്കൃതത്തിൽ അരുണാചലത്തെ കീർത്തിച്ച് ഒരു ഗീതം രചിക്കാൻ അപേക്ഷിച്ചു. സംസ്കൃത ഭാഷയോ, സംസ്കൃത വൃത്തങ്ങളോ പരിചയമില്ലാത്ത തന്നോട് സംസ്കൃതപണ്ഡിതനായ ഗണപതിമുനി ഉന്നയിച്ച ആവശ്യം ഒരു വലിയ ഫലിതമായി എന്നുപറഞ്ഞ് ഭഗവാൻ ഒഴിഞ്ഞുമാറി. എന്നാൽ ഗണപതിമുനി ഒരു സംസ്കൃതവൃത്തത്തെക്കുറിച്ച് വേണ്ടത്ര വിവരണങ്ങൾ നല്കി തന്റെ ആവശ്യം ഭഗവാനോട് ഒന്നു കൂടി ഉണർത്തിച്ചു. അന്നു വൈകുന്നേരം ഗണപതിമുനി തിരിച്ചെത്തുമ്പോഴത്തേക്കും അദ്ദേഹം പറഞ്ഞു കൊടുത്ത അതേ വൃത്തത്തിൽ യാതൊരു തെററുകളും കൂടാതെ 'അരുണാചലപഞ്ചരത്ന' മെന്ന കൃതി ഭഗവാൻ രചിച്ചിരുന്നു.

ഈ അഞ്ചുശ്ലോകങ്ങൾ അഞ്ചു രത്നങ്ങൾ തന്നെയാണ്. ആത്മസാക്ഷാൽകാരജന്യമായ സ്വാത്മജ്ഞാനമാണ് അവയിൽ പ്രകാശിപ്പിച്ചിട്ടുള്ളത്. സുരേശാനന്ദസ്വാമിജി ഈ ശ്ലോകത്തിന് വിപുലമായ ഒരു വ്യാഖാനവും മഞ്ജരിവൃത്തത്തിൽ ഒരു ഗാനവും രചിച്ചിട്ടുണ്ട് . കാവ്യഭംഗിയും ആശയാവിഷ്കാരവും പ്രൌഢമായ രീതിയിൽ സമുല്ല സിക്കുന്ന ഈ കീർത്തനം ഈ ലേഖനത്തോടൊപ്പം ചേർത്തിട്ടുണ്ട്.

ഒന്നാമത്തെ ശ്ലോകത്തിൽ - കരുണാപൂർണ്ണമായ അമൃതസമുദ്രമേ ! കിരണാവലികളാൽ വിശ്വത്തെ പ്രകാശിപ്പിക്കുന്നവനേ ! പരമാത്വായ അരുണാചല ! എന്റെ ഹൃദയകമലത്തെ വിടർത്തുന്നതിന് അങ്ങ് സൂര്യനായി ഭവിച്ചാലും!

സൂത്രരൂപമായി രചിക്കപ്പെട്ട ഈ ശ്ലോകങ്ങളിൽ പ്രത്യക്ഷത്തിൽ കാണാത്ത നിഗൂഢാർത്ഥങ്ങൾ അന്തർഭവിച്ചിരിക്കുന്നു. അരുണമായ അതായത് ജ്യോതിസ്വരൂപമായ അചലമേ എന്ന സംബോധന കൊണ്ട് അരുണാചലം ജ്യോതിർലിംഗമാണെന്നും ശിവ-സ്വരൂപമാണെന്നും സൂചിപ്പിക്കുന്നു. വ്യക്തിപരമായി പറയുമ്പോൾ അന്തർമുഖവൃത്തി-യാൽ ദേഹബോധം നശിക്കുന്നസമയം അന്തരംഗത്തിലുള്ള സ്വാത്മാവ് സ്വയം ജ്യോതിസ്സായി എപ്പോഴും പ്രകാശിച്ചുകൊണ്ടിരിക്കും എന്ന് വ്യങ്ഗ്യാർത്ഥം. ജഡസ്വരൂപമായ മനസ്സിനാൽ ആവരണം ചെയ്യപ്പെട്ട ഹൃദയം ഈശ്വരകാരുണ്യത്താൽ പ്രകാശിപ്പിക്കപ്പെടുന്നു. അരുണഗിരി അതിന്റെ ബാഹ്യസ്വരൂപമാകുന്നു. ഈ സൂര്യൻ ഒരിക്കൽ ഉദിച്ചാൽ പിന്നീട് ഒരിക്കലും അസ്തമിക്കുകയില്ല.

രണ്ടാമത്തെ ശ്ലോകത്തിൽ - അല്ലയോ അരുണാചല ! ജഗത്തായ ഈ ചിത്രം നിന്നിൽ തന്നെ ഉത്ഭവിക്കുകയും സ്ഥിതി ചെയ്യുകയും, ലയിക്കുകയും ചെയ്യുന്നു. " ഞാൻ എന്ന സ്വാത്മഭാവത്തിൽ ഹൃദയാന്തർഭാഗത്ത് താണ്ഡവം ചെയ്യുന്ന അങ്ങയുടെ പേർ ഹൃദയം എന്നാണ്.

ഒരു ചലചിത്രത്തിൽ എന്ന പോലെ സ്വാത്മരൂപമാകുന്ന അധിഷ്ഠാനത്തിൽ വിശ്വമാകുന്ന ചിത്രരൂപങ്ങൾ ഉണ്ടായി നിന്നു മറയുന്നു. ശക്തി വിലാസത്താൽ സ്വാത്മാവ് ബാഹ്യമായ അഹങ്കാരത്തെ അവലംബിച്ച് ത്രിഗുണങ്ങളെ സ്വീകരിച്ച്, സൃഷ്ടി, സ്ഥിതി, വിനാശത്തെ നിർവ്വഹിക്കുന്നു. ജഗത്തിന് ഈശ്വരൻ അധിഷ്ഠാനമായി ഇരിക്കുന്നതുപോലെ വ്യഷ്ഠിക്ക് ഹൃദയം അധിഷ്ഠാനമായിരിക്കുന്നു. ഈശ്വരൻ ബോധസ്വരൂപമാണ്. അതുപോലെ ഹൃദയവും ബോധസ്വരൂപമാണ്. സ്വാത്മാവ് ആയി

വിലസുന്ന അതു ഒരേ സമയത്തുതന്നെ അഹങ്കാരസ്വരൂപമായി "ഞാൻ എന്ന വ്യക്തി ഭാവത്തിൽ പ്രതിഭാസിക്കുന്നു. ഈ അഹങ്കാരത്തിന്റെ മൂലസ്ഥാനം അന്വേഷണം ചെയ്യപ്പെടുമ്പോൾ അന്തർഭാഗത്തു നിന്ന് " ഞാൻ" "ഞാൻ" എന്ന ഒരു സ്ഫുരണം സ്വാത്മാവായി പ്രത്യക്ഷപ്പെടുന്നു. ഇതു തന്നെയാണ് പരമാത്മാവ്. 'രമണഗീത'യിൽ പറയുന്നു-

ഹൃദയകുഹരമദ്ധ്യേകേവലം ബ്രഹ്മമാത്രം
ഹൃഹമഹമിതി സാക്ഷാദാത്മ രൂപേണഭാതി
ഹൃദിവിശമനസാസ്വം ചിന്വതാ മജ്ജതാവാ
പവനചലനരോധാദാത്മ നിഷ്ഠോഭവത്വം

മൂന്നാമത്തെ ശ്ലോകത്തിൽ - ഈ 'ഞാൻ ആർ?' 'എവിടെ നിന്നും വന്നു?' എന്ന് അന്വേഷണം ചെയ്ത് അന്തർമുഖനായി മന:ശുദ്ധിയെ പ്രാപിച്ചവൻ സ്വാത്മബോധത്തിൽ ഉണർന്നവനായി , ഹേ അരുണാചല ! നദി സമുദ്രത്തിൽ എന്നപോലെ അങ്ങയിൽ ലയിച്ച് താദാത്മ്യം പ്രാപിച്ച് ശാന്തനായി തീരുന്നു.

ഈ ശ്ലോകം വിചാരമാർഗ്ഗത്തെ കാണിക്കുന്നു. നാലു യോഗമാർഗ്ഗങ്ങളിൽ ഇത് പ്രഥമസ്ഥാനത്തെ അർഹിക്കുന്നു. ചൂടേററ ജലം മേഘമായി തീരുകയും വർഷപാതത്തിൽ വീണ്ടും ജലസ്വരൂപത്തെ കൈക്കൊണ്ട് അസ്വസ്ഥനദീപ്രവാഹങ്ങളായി സമുദ്രത്തിൽ ചേരുന്നു. ഇതു പോലെ വ്യക്തികൾ ഹൃദയത്തിൽ നിന്നുത്ഭവിച്ച് മൂലസ്ഥാനത്തെ പ്രാപിക്കാനായി അന്വേഷണമാർഗ്ഗത്തെ അവലംബിച്ച് ഒടുവിൽ മൂലഗൃഹമായ ഹൃദയത്തിൽ തന്നെ ചെന്നുചേർന്ന് താദാത്മ്യത്തെ പ്രാപിക്കുന്നു.

നാലാമത്തെ ശ്ലോകത്തിൽ -പ്രാണനെയും മനസ്സിനെയും നിയന്ത്രിച്ച്, ബാഹ്യവിഷയങ്ങളെ വിട്ട്, അന്തർമുഖനായി അങ്ങയെ ധ്യാനിക്കുന്ന യോഗിക്ക് ഹേ അരുണാചല ! അങ്ങയിൽ ജ്യോതിസ്സിനെ ദർശിക്കുവാൻ സാദ്ധ്യമാകുന്നു. അതാണ് അങ്ങയുടെ മാഹാത്മ്യം.

ഈ ശ്ലോകം യോഗമാർഗ്ഗത്തെ ക്രോഡീകരിക്കുന്നു. ഒരു ജ്ഞാനി അഹങ്കാരത്തിന്റെ മൂലസ്ഥാനത്തെ അന്വേഷിച്ച് ഹൃദയത്തിൽ എത്തിച്ചേർന്ന് താദാത്മ്യം പ്രാപിക്കുന്നതുപോലെ ഹേ അരുണാചല ! ഒരു യോഗി ഈശ്വരദർശനത്തെ കൊതിച്ച് ബാഹ്യവിഷയങ്ങളിൽ വിരക്തനായി അങ്ങയിൽ മനസ്സിനെ ഏകാഗ്രമാക്കുന്നു. അങ്ങയുടെ ബാഹ്യമായ ഈ ആദിരൂപം ഒരു യോഗിയുടെ ദിവ്യദർശനത്തിൽ ജീവസ്സേററ് സ്വാത്മാവായ വിശ്വജ്യോതിസ്സായി കാണപ്പെടുന്നു.

അഞ്ചാംശ്ലോകത്തിൽ – ഏതൊരുത്തൻ മനസ്സിനെ അങ്ങയിൽ സമർപ്പിച്ച് ഈ വിശ്വത്തെ അങ്ങയുടെ സ്വരുപത്തിൽ ദർശിക്കുകയും സ്വാത്മാവായ അങ്ങയെ അത്യന്തം പ്രേമിക്കുകയും, കീർത്തിക്കുകയും ചെയ്യുന്നുവോ അവൻ സംസാരത്തിൽ നിന്നും മുക്തനായി ആനന്ദസ്വരുപനായ അങ്ങയിൽതന്നെ ലയിക്കുന്നു.

ഈ ശ്ലോകത്തിന്റെ ആദ്യഭാഗം ഭക്തിമാർഗ്ഗത്തെ വെളിപ്പെടുത്തുന്നു. കരുണാപൂർണ്ണനായ ഭഗവാനിൽ അത്യന്തം പ്രീതിയോടെ നവവിധ ഭക്തിസാധനകളാൽ സംസാരസാഗരത്തെ തരണം ചെയ്ത് ഭഗവാനോട് താദാത്മ്യം പ്രാപിക്കുന്നതാണ് ഭക്തി. ഈശ്വരകാരുണ്യം കൊണ്ട് അരുണാചലത്തെ ഗുരുവായി ദർശിച്ച് തന്നിമിത്തമുണ്ടാകുന്ന നിരന്തരാനുഭവങ്ങളാൽ ശാശ്വതാനുഭവസിദ്ധി ലഭിക്കുകയും, പരിപൂർണ്ണ ശരണാഗതിയിൽ നാമരൂപങ്ങൾ മാഞ്ഞുമറഞ്ഞ് സ്വാത്മസ്ഥിതിയിൽ നിശ്ചലമായി ഉറയ്ക്കുകയും ചെയ്യുന്നു.

ശ്ലോകത്തിന്റെ രണ്ടാം ഭാഗം കർമ്മമാർഗ്ഗമാണ്. സർവ്വവ്യാപിയായ ഭഗവാന്റെ കയ്യിൽ ഒരു ഉപകരണമായി തീർന്ന് ബാഹ്യപ്രപഞ്ചത്തെ സ്വാത്മസങ്കല്പേന സേവിക്കേണ്ടതാണെന്ന് സൂചിപ്പിച്ചിരിക്കുന്നു.

' ജഗത ഈശധീയുക്തസേവനം അഷ്ടമൂർത്തിഭൃദ്ദേവപൂജനം 'എന്ന ഉപദേശസാര' ശ്ലോകം ഇവിടെ സ്മരിക്കാം.

സാക്ഷാൽക്കാരത്തിന് മൂന്നു പദ്ധതികളാണ് സത്ത്–ചിത്ത്–ആനന്ദം ഇതിൽ 'സത്ത്' ജ്ഞാനികൾക്കും, ചിത്ത് യോഗികൾക്കും, ആനന്ദം ഭക്തന്മാർക്കും വിധിക്കപ്പെട്ടിരിക്കുന്നു. ഭക്തൻമാർ സ്വാത്മാനന്ദത്തെ മുറുകെപിടിച്ച് അതിൽതന്നെ നിത്യമഗ്നരായിരിക്കുമെന്ന് ഇവിടെ വിവക്ഷിച്ചിരിക്കുന്നു.

പുണ്യസ്ഥലങ്ങളെല്ലാം അവയുടെ മാഹാത്മ്യം കൊണ്ട് വിവിധഭാവങ്ങളെയും, മാർഗ്ഗങ്ങളെയും പ്രതിനിധാനം ചെയ്യുന്നു. അത്തരത്തിൽ അരുണാചലം അദ്വയ ബ്രഹ്മതത്വത്തെയും, വിചാരമാർഗ്ഗത്തെയും പ്രതിനിധാനം ചെയ്യുന്നു. ഈ സത്യം ഭഗവാൻ മഹർഷിയിലൂടെ വീണ്ടും സാക്ഷാത്ക്കരിക്കപ്പെടുന്നു.

# അരുണാചലപഞ്ചരത്നം

(ഭാഷാനുവാദം)

**1**

കാരുണ്യപീയൂഷം കൊണ്ടു നിറഞ്ഞതാം-
സാരസർവ്വസ്വമാം സാഗരമേ!
തിങ്ങും മയൂഖവിലാസങ്ങൾ കൊണ്ടുതാ-
നെങ്ങും ജഗത്തെ വിഴുങ്ങുന്നോനായ്
സർവദിക്കിങ്കലും വ്യാപിച്ചനന്തമാം
നിർവ്വാണമേല്ക്കുന്നവിശ്വരൂപ!
ശാശ്വതബ്രഹ്മമാത്മന്നരുണാചല!
ശാശ്വതജ്യോതിസ്സിൻ കന്ദളമേ!
ചിത്തമാമാംബുജം നന്നായ്വികസിപ്പാ -
നൊത്തോരരുണനായ്ത്തീർന്നിടേണം!

**2**

ജ്യോതിസ്വരൂപനാം നിന്നിലല്ലോ സർവ-
ഭൂതങ്ങൾ ചിത്രമായുത്ഭവിച്ചു.
ജാതമോദം സ്ഥിതിചെയ്തുകൊണ്ടന്ത്യത്തി-
ലാതങ്കമെന്നിയെ ലീനമാകും.
എന്നരുണാചലാ! ചിന്തിച്ചുനോക്കുമ്പോ-
ളിന്നു നീയ്യല്ലാതെയൊന്നുമില്ല
നീതാനഹമെന്നുള്ളാത്മഭാവം പൂണ്ടു
ശ്രീതാവും ചിത്തമാമാകാശത്തിൽ
ആനന്ദതാണ്ഡവം ചെയ്യുന്നു, നിന്നെത്താൻ
നൂനം ഹൃദയമെന്നോതീടുന്നു.

## 3

ഈയഹം ബുദ്ധിതാനെങ്ങുന്നുവന്നുവെ-
ന്നായത്തമാകിയ ചിത്തശുദ്ധ്യാ
അന്തരംഗത്തിങ്കൽ മാർഗ്ഗണം ചെയ്യുമ്പോ-
ളന്തികെ കാണാമാസ്വസ്വരൂപം.
സ്വാത്മാവു നീതാനെന്നോർത്തരുണാചല !
സ്വാത്മസ്ഥിതർ നിന്നെ ധ്യാനിക്കുമ്പോൾ
അബ്ധിയിൽ ചെന്നങ്ങുചേരും നദിയെപ്പോൽ
വൃത്തികളെല്ലാമടങ്ങിയോരായ്
സ്വാന്തം തെളിഞ്ഞങ്ങു ചാഞ്ചല്യമെന്നിയെ
ശാന്തരായ്ത്തീരുന്നു താദാത്മ്യത്താൽ.

## 4

പുത്രകളത്രാദി ബാഹ്യങ്ങൾ കൈവിട്ടു
നിത്യവും പ്രാണനിരോധത്തിനാൽ
മാനസമൊട്ടാകെ നിഗ്രഹം ചെയ്തുകൊ-
ണ്ടൂനം കൂടാത്തോരാ യോഗിവര്യർ
അന്തർമ്മുഖന്മാരായന്യൂനചിന്തയാൽ
സന്തതം ധ്യാനൈകതാനന്മാരായ്
വാഴുന്നോർ നിന്നെത്താനെന്നരുണാചല !
കാണുന്നു ജ്യോതിസ്സ്വരൂപമായി.

## 5

നിന്നിലർപ്പിച്ചോരു മാനസം കൊണ്ടുഹാ
നിന്നെത്താൻ വിശ്വസ്വരൂപനായി
സ്വാത്മൈക്യഭാവത്തിൽ സന്തതം കണ്ടുക-
ണ്ടാത്മാനന്ദം മുദാ തേടിടുന്നോർ
നിശ്ചല പ്രേമത്തോടെന്നരുണാചല !
സച്ചിദാനന്ദമേ നിന്നെത്തന്നെ
ശുദ്ധമനന്യമാം പ്രീത്യാഭജിക്കുമ്പോൾ
മുക്തരായാനന്ദ മഗ്നരാകും.

*ഓം തത് സത്. ശ്രീ രമണാർപ്പണമസ്തു*

# രമണഗീത

**വിവ: സ്വാമി സുരേശാനന്ദ**

(കാവ്യകണ്ഠ ഗണപതിമുനിയുടെയും മററു ചില ഭക്തൻമാരുടേയും പ്രശ്നങ്ങൾക്ക്, ഭഗവാൻ നല്കിയ മറുപടികളെ കാവ്യകണ്ഠഗണപതിമുനി തന്നെ സംസ്കൃതത്തിലാക്കിയതാണ് രമണഗീത. സുരേശാനന്ദവിരചിതമായ അതിന്റെ മലയാള വിവർത്തനത്തിൽ നിന്ന് ഏതാനും ഭാഗങ്ങളാണ് ഇവിടെ കൊടുത്തിട്ടുള്ളത്.

സമ്പാദകൻ : സ്വാമിനാഥൻ)

ചോദ്യം :

| | |
|---|---|
| സത്യാസത്യാവിവേകേന | സത്യാസത്യവിവേകത്താൽ |
| മുച്യതേ കേവലേനകിം | മാത്രം മുക്തി ലഭിക്കുമോ |
| ഉതാഹോ ബന്ധഹാനായ | അല്ലെങ്കിൽ ബന്ധഹാനിക്കാ |
| വിദ്യതേ സാധനാന്തരം | യുണ്ടോ സാധനമന്യമായ് |

സത്യാസത്യ വിവേകം കൊണ്ടു മാത്രം മുക്തി ലഭിക്കുന്നതാണോ ?

ബന്ധമോചനത്തിന് അന്യസാധനകൾ ആവശ്യമാണോ ?

ഈ ചോദ്യങ്ങൾക്ക് ഭഗവാന്റെ മറുപടി –

| | |
|---|---|
| മോചയേത്സകലാൻ ബന്ധാ – | ആത്മസംസ്ഥിതി കൊണ്ടല്ലോ |
| നാത്മനിഷ്ഠൈവ കേവലം | ബന്ധഹാനി ഭവിപ്പതു |
| സത്യാസത്യവിവേകം തു | സത്യാസത്യവിവേകം താൻ |
| പ്രാഹുർ വൈരാഗ്യസാധനം | വൈരാഗ്യത്തിനു സാധനം |

ആത്മ നിഷ്ഠ കൊണ്ടു മാത്രമേ സംസാരബന്ധം നശിക്കുകയുള്ളൂ.

സത്യാസത്യവിവേചനം വൈരാഗ്യത്തെ ജനിപ്പിക്കുന്നു. അത് ഉപാസനയ്ക്കുള്ള മാർഗ്ഗമാണ് എന്നുമാത്രം.

*സഹജസ്ഥിതി*

| | |
|---|---|
| വിഷയാൻ സംപരിത്യജ്യ | വിഷയങ്ങൾ വെടിഞ്ഞേററം |
| സ്വസ്വഭാവേന സംസ്ഥിതിഃ | ജ്ഞാനോജ്ജ്വലം കലർന്നഹോ |
| ജ്ഞാനജ്വാലാകൃതിഃ പ്രോക്താ | സ്വസ്വരൂപാനുസന്ധാനം |
| സഹജസ്ഥിതിരാത്മനഃ | ചെയ്‌വതേ സഹജസ്ഥിതി. |

സ്ഥൂല– ബാഹ്യാഭ്യന്തരങ്ങളായ വിഷയാഭിലാഷങ്ങളെ ത്യജിച്ചു സ്വയംപ്രകാശത്തോടുകൂടി സ്വസ്വരൂപത്തിൽതന്നെ സ്ഥിരമായ് നിഷ്ഠചെയ്യുന്നതാണ് സഹജസ്ഥിതി.

*വേദാന്തസാരം*

| | |
|---|---|
| ഹൃദയകുഹരമദ്ധ്യേകേവലം ബ്രഹ്മമാത്രം | ഹൃദയഗുഹയിൻ മദ്ധ്യേ കേവലം ബ്രഹ്മമായി |
| ഹ്യഹമഹമിതിസാക്ഷാദാത്മ രൂപേണഭാതി | ട്ടഹമഹമിതി സാക്ഷാദാത്മ രൂപേ ലസിപ്പൂ |
| ഹൃദിവിശ മനസാസ്വം ചിന്വതാ മജ്ജതാവാ | മനമതു ഹൃദി ചേർത്തിത്തേടിയോ മുങ്ങിയോ നീ |
| പവനചലനരോധാദാത്മനിഷ്ഠോ ഭവത്വം. | പവനഗതി തടഞ്ഞോ സ്വാത്മ നിഷ്ഠത്വമേല്പൂ |

ഹൃദയാകാശമദ്ധ്യത്തിൽ കേവലബ്രഹ്മം 'ഞാൻ' 'ഞാൻ' എന്ന സ്വാത്മസ്വരൂപത്തോടുകൂടി പ്രശോഭിക്കുന്നു. മനസ്സിനെ ഹൃദയത്തിൽ മുങ്ങിയും പ്രാണായാമത്താലും നീ സ്വത്മനിഷ്ഠനായ് ഭവിച്ചാലും.

വേദാന്തസാരസർവ്വത്തെ സംക്ഷിപ്തമായി പ്രസ്താവിക്കുന്ന ഈ ശ്ലോകം രമണഗീതയിലെ സുപ്രധാനവും ഭഗവാൻ മഹർഷിയാൽത്തന്നെ രചിതവുമായിട്ടുള്ളതാണ്.

' പഞ്ചഭൂത നിർമ്മിതമായ ഈ ദേഹത്തിൽ ആത്മാവിന്റെ സ്ഥാനമാണ് ഹൃദയമെന്ന് ശ്ലോകത്തിൽ പൂർവ്വാർദ്ധത്തിൽ പരാമർശിക്കപ്പെട്ടു. ഇവിടെത്തന്നെ ആത്മാവിന്റെ ദ്വൈത ലക്ഷണഖണ്ഡനവും പ്രത്യക്ഷാനുഭവവും ആത്മപ്രതിപാദകങ്ങളായ മററു ലക്ഷണങ്ങളുടെ ഖണ്ഡനവും പറയപ്പെട്ടിരിക്കുന്നു. ശ്ലോകത്തിന്റെ ഉത്തരാർദ്ധത്തിൽ ശിഷ്യന്മാരുടെ അഭ്യാസസൗകര്യത്തിനായി മൂന്നു മാർഗ്ഗങ്ങളെ ഇവിടെ വിവരിച്ചിരിക്കുന്നു. ഈ മാർഗ്ഗങ്ങൾ മൂന്നും പര്യവസാനത്തിൽ ഒന്നു തന്നെയാണ്. ഒന്നാമത്തെ മാർഗ്ഗത്തിന് 'മാർഗ്ഗണം' അഥവാ അന്വേഷണം രണ്ടാമത്തേതിനു മജ്ജനമെന്നും മൂന്നാമത്തേതിന്നും 'പ്രാണരോധന'മെന്നും പേരുകൾ.

ഒന്നാമത്തേത് ഞാൻ ആർ ? എന്ന അന്വേഷണമാർഗ്ഗം; രണ്ടാമത്തേത് ആത്മാവിന്റെ സ്ഥാനമായ ഹൃദയത്തിലേക്ക് മനസ്സിനെ കേന്ദ്രീകരിക്കൽ; മൂന്നാമത്തേത് പ്രാണായാമം.

**മനുഷ്യരുടെ കർത്തവ്യം**

ജനനമരണരൂപമായ ഈ സംസാരത്തിൽ മനുഷ്യന്റെ പ്രധാന കർത്തവ്യമെന്തെന്നുള്ള ചോദ്യത്തിന്ന് എല്ലാ കർമ്മങ്ങൾക്കും കർമ്മഫലങ്ങൾക്കും അധിഷ്ഠാനമായ സ്വാത്മ സ്വരൂപത്തെ ഗ്രഹിക്കുന്നതുതന്നെ, ശ്രേയസ്സിനെ കാംക്ഷിക്കുന്ന മനുഷ്യരുടെ പ്രധാന കർത്തവ്യമെന്നു ഭഗവാൻ പ്രസ്താവിക്കുന്നു.

| | |
|---|---|
| സ്വസ്വസ്വരൂപം വിജ്ഞേയം | കർമ്മങ്ങൾക്കും ഫലങ്ങൾക്കു |
| പ്രധാനം മഹദിച്ഛതാ | മാശ്രയസ്ഥാനമായിടും |
| പ്രതിഷ്ഠായത്ര സർവ്വേഷാം | സ്വസ്വരൂപം ഗ്രഹിക്കേണം |
| ഫലാനാമുത കർമ്മണാം | ശ്രേയസ്സിച്ഛിപ്പവൻ ദൃഢം |

'അഹം ബ്രഹ്മാസ്മി' – ഞാൻ ബ്രഹ്മമാണ്; 'ബ്രഹ്മാഹം' – ബ്രഹ്മം ഞാനാണ്; ഞാൻ ബ്രഹ്മമയം; ഇക്കാണുന്നതെല്ലാം ബ്രഹ്മമാണ്; ഞാൻ സർവ്വമാണ്; ഇക്കാണുന്നതെല്ലാം ബ്രഹ്മമാണ്; എന്നിങ്ങനെയുള്ള വൃത്തികളെല്ലാം മനസ്സിന്റെ മണ്ഡലത്തിൽ മാത്രമൊതുങ്ങി നില്ക്കുന്ന ഭാവനകളാണെന്നും മനസ്സ് ശുദ്ധജ്ഞാനമെന്നും ഭഗവാൻ തുടർന്ന് വിശദീകരിക്കുന്നു.

**ഹൃദയം**

ഹൃദയത്തെക്കുറിച്ച് വ്യക്തമായ നിർവ്വചനമാണ് ഭഗവാൻ കൊടുക്കുന്നത്. മനസ്സിന്റെ സകലവൃത്തികൾക്കും മൂലകാരണമായ ഞാൻവൃത്തി ജനിക്കുന്ന സ്ഥാനത്തിന്നാണ് ഹൃദയമെന്നു പറയുന്നത്.

" അഹം വൃത്തി ജനിക്കുന്ന

സ്ഥാനമാം ഹൃദയം ദൃഢം "

ഈ ഹൃദയം രക്തപിണ്ഡമായ ഭൗതിക ഹൃദയത്തിൽ നിന്നും വ്യതിരിക്തമാണ്. 'അയം ഹൃദ്" എന്ന പദവ്യുൽപത്തിയിൽനിന്നുകൊണ്ടുതന്നെ ഹൃദയം ആത്മസ്വരൂപമാണെന്നു പറയപ്പെട്ടിരിക്കുന്നു.

ബ്രഹ്മാണ്ഡം മുഴുവൻ ശരീരത്തിലും ശരീരം ഹൃദയത്തിലും അടങ്ങിയിരിക്കുന്നു. അതുകൊണ്ട് ഹൃദയം സർവ്വലോകത്തിന്റേയും രൂപസംഗ്രഹമാണെന്ന് ഭഗവാൻ വ്യക്തമാക്കുന്നു.

വിശ്വമെല്ലാം ശരീരത്തിൽ
ശരീരം ഹൃദയത്തിലും
അതിനാൽ ഹൃദയം തന്നെ
വിശ്വത്തിൻ രൂപസംഗ്രഹം

അന്യ സാധനാമാർഗ്ഗങ്ങൾ കൊണ്ട് അദ്ഭുതമായ സിദ്ധികൾ ലഭിച്ചെന്നു വരാം. എന്നാൽ ഒടുവിൽ ആത്മവിചാരം കൊണ്ടു മാത്രമേ മുക്തി ലഭിക്കൂ എന്നുറപ്പിച്ചു പറയുന്നു.

**ആത്മവിചാരത്തിന്നധികാരി**

ഈ ആത്മ വിചാരത്തിന് ശരിയായ അധികാരി ആരെന്ന് തുടർന്ന് ഭഗവാൻ വിശദികരിക്കുന്നു.

ഉപാസനകൾകൊണ്ടും മുജ്ജന്മസുകൃതം കൊണ്ടും മന:ശുദ്ധി ലഭിച്ച് ശരീരത്തിലും വിഷയങ്ങളിലും അനാത്മഭാവത്തോടുകൂടിയവനും മനസ്സുവ്യാപരിച്ചാലും വിഷയങ്ങളിൽ യാതൊരഭിലാഷവുമില്ലാതെ ശരീരം കേവലം നശ്വരമാണെന്നുള്ള ഭാവനയോടുകൂടിയവനുമാണ് അധികാരി.

**ആശ്രമവിചാരം**

ബ്രഹ്മചാരിയോ, ഗൃഹസ്ഥനോ സന്യാസിയോ സ്ത്രീയോ, ശൂദ്രനോ, ആരായാലും പരിപക്വാവസ്ഥയിൽ എത്തിയിട്ടുള്ളവർക്ക് ആത്മവിചാരം ചെയ്യാവുന്നതാണ്. ലോകകാര്യങ്ങൾ ശരിയായി നടക്കുവാൻവേണ്ടിയാണ് ആശ്രമങ്ങൾ കല്പിക്കപ്പെട്ടത്. ആദ്യത്തെ മൂന്നാശ്രമങ്ങളും ജ്ഞാനത്തിന് പ്രതികൂലമല്ല.

സന്യാസലക്ഷണം ജ്ഞാനമാണ്. കാഷായമുണ്ഡനങ്ങളല്ലെന്നു ഭഗവാൻ വ്യക്തമാകുന്നു.

'സന്യാസോ നിർമ്മലംജ്ഞാനം

ന കാഷായോ ന മുണ്ഡനം '

(ര.ഗീ.VIII-5)

മററുള്ള ആശ്രമങ്ങളുടെ ഉപകാരത്തിനുവേണ്ടിയാണ് ഗൃഹസ്ഥാശ്രമം വ്യവസ്ഥാപിതമായിരിക്കുന്നത്.

'സർവ്വേഷാമുപകാരായ

ഗൃഹസ്ഥാശ്രമമുച്യതേ'

(ര.ഗീ.X-7)

ഗൃഹസ്ഥനായാലും സർവ്വപ്രകാരേണ നിസ്സംഗനായവന് സ്വരൂപപ്രകാശം സിദ്ധിക്കുമെന്നതിന് യാതൊരു സംശയവുമില്ലെന്ന് തുടർന്ന് ഭഗവാൻ വ്യക്തമാകുന്നു.

**സമുദായം**

സംഘവിദ്യ എന്ന പത്താമദ്ധ്യായത്തിൽ സമുദായത്തെക്കുറിച്ചും സമുദായാംഗങ്ങളെക്കുറിച്ചുമുള്ള പ്രതിപാദനമാണ്. കാലത്തിന്നനുസരിച്ച് ആചാരങ്ങളെ അനുഷ്ഠിച്ചുവരുന്നവർക്ക് സമുദായം ഒരു ശരീരം പോലെയാണ്. വ്യക്തികൾ ആ ശരീരത്തിന്റെ അവയവങ്ങളും. ശരീരാവയവങ്ങൾ ഏതു പ്രകാരം ദേഹത്തിന്നുപകാരം ചെയ്യുന്നുവോ അതുപോലെ സമുദായത്തിന് അംഗങ്ങൾ ഉപകാരംചെയ്ത് ഉൽകർഷത്തെ പ്രാപിക്കുന്നു. സമുദായത്തെ വാക്കുകൊണ്ടും ശരീരം കൊണ്ടും സേവിക്കുകയും അങ്ങനെ ആചരിക്കുവാൻ മറ്റുള്ളവരെ ഉദ്ബോധിപ്പിക്കുകയും ചെയ്യേണ്ടതാണ്. സ്വമനശുദ്ധിയ്ക്ക് ശാന്തിയും സമുദായോൽക്കർഷത്തിന് ശക്തിയും ആവശ്യമാണ്. ശക്തിക്കൊണ്ട് സമുദായത്തെ ഉദ്ധരിച്ച് അതിൽ ശാന്തിയെ നിലനിർത്തേണ്ടതാണ്.

**സ്വമനഃശുദ്ധയേ ശാന്തി :**

**ശക്തി സംഘസ്യ വൃദ്ധയേ**

**ശക്ത്യാ സംഘം വിധായോച്ചൈ :**

**ശാന്തിം സംസ്ഥാപയേന്നരഃ**

**(ര.ഗി. X-8)**

ദേഹധാരികളായ മനുഷ്യസമുദായം എത്തിച്ചേരേണ്ട പരമലക്ഷ്യം സമത്വവും സാഹോദര്യവുമാണെന്നും, വ്യക്തികൾ തമ്മിലുള്ള സഹോദരഭാവംകൊണ്ട് പരമമായ ശാന്തിയുണ്ടാകുമെന്നും, അപ്പോൾ ഭൂമണ്ഡലം മുഴുവൻ ഒരു ഗൃഹംപോലെ ശോഭിക്കുമെന്നും തുടർന്ന് ഭഗവാൻ പ്രസ്താവിക്കുന്നു.

**സിദ്ധിയെക്കുറിച്ച് ഭഗവാൻ പറഞ്ഞതിങ്ങനെയാണ് –**

ജ്ഞാനിയായവന്ന് സ്വസ്വരൂപത്തെ വിട്ട് പ്രപഞ്ചഗ്രഹണമില്ല; അതായത് ജ്ഞാനിക്ക് ബാഹ്യവിഷയങ്ങൾ തന്നിൽ നിന്ന് അന്യമല്ല; അതുപോലെ ചെയ്യപ്പെടുന്ന സിദ്ധികളും തന്നിൽനിന്ന് അന്യമല്ല; പ്രാരബ്ധദോഷമില്ലാത്ത യോഗി ശക്തിപൂർണ്ണ (സിദ്ധി) നായിരുന്നാലും അലയററസമുദ്രംപോലെ യാതൊരുചലനവുമില്ലാതെ ശാന്തനായിരിക്കുന്നു. സഹജസ്ഥിതിയുടെ പരിപാകത്താൽ ശക്തികൾ ഉദ്ഭവിക്കുന്നതാണ്; ജ്ഞാനവും ശക്തിയും വിഭിന്നമാണെന്നു വിചാരിക്കുന്നവൻ അജ്ഞാനിയാണ്; ശക്തിയും ശിവനും തമ്മിൽ ഭേദമില്ലെന്ന് പിന്നീട് പറയുന്നു.................

ഈശ്വരന്നഥ ശക്തിക്കും
ഭേദം ദൃഷ്ടിനിമിത്തമാം
ഭിന്നദൃഷ്ടി വെടിഞ്ഞീടിൽ
രണ്ടുമൊന്നായിടും ദൃഢം

ഈശ്വരൻ, ശക്തി എന്ന ദ്വന്ദഭാവം, കർത്തൃത്വബോധം കൊണ്ടുണ്ടാകുന്നതാണ്. ഭിന്നദൃഷ്ടി വെടിയുന്നതായാൽ ഈശ്വരനും ശക്തിയും ഒന്നായി ഭവിയ്ക്കുന്നു. ഈശ്വരൻ പരാശക്തിയാൽ ചലിക്കുന്നവനായി തോന്നുന്നുവെങ്കിലും യഥാർത്ഥത്തിൽ അചലനാണ്. കേവലമായ ഈ രഹസ്യം മുനിക്കുമാത്രമേ അനുഭവവേദ്യമാകയുള്ളു.

**ആത്മവിചാരം സ്ത്രീകൾക്ക്**

കാവ്യകണ്ഠ ഗണപതിമുനിയുടെ പത്നിയായ വിശാലാക്ഷി ഭഗവാനോട് സ്ത്രീകൾക്ക് സന്യസിക്കാനധികാരമുണ്ടോ, ജീവൻമുക്തയായ സ്ത്രീയുടെ ദേഹത്തെ ദഹിപ്പിക്കണമോ, സമാധിയിരുത്തണമോ എന്നു രണ്ടു ചോദ്യങ്ങൾ ചോദിച്ചു.

പുരുഷന്മാർക്കെന്നപോലെ ആത്മാവിൽ സ്ഥിതി ചെയ്തു പരിപക്വാവസ്ഥയെ പ്രാപിച്ച സ്ത്രീജനങ്ങൾക്കും സന്യാസം സ്വീകരിക്കാവുന്നതാണെന്ന് ഭഗവാൻ പറഞ്ഞു; മുക്തിയും ജ്ഞാനവും പുരുഷന്മാർക്കും സ്ത്രീകൾക്കും തുല്യമാണ്; അതുകൊണ്ട് ജീവൻമുക്തരായ സ്ത്രീകളുടെ ദേഹം ദേവാലയമാകുന്നു.

**ജീവൻമുക്താവസ്ഥ**

ജീവൻമുക്തന്റെ അവസ്ഥയെക്കുറിച്ച്, കാവ്യകണ്ഠഗണപതിമുനിയുടെ ചോദ്യത്തിന്ന് ഭഗവാൻ നല്കിയ വിശദീകരണം ഇപ്രകാരമാണ്–

'സ്വരൂപേ സുദൃഢാ നിഷ്ഠാ ജീവൻമുക്തിരുദാഹൃദാ'
'സ്വാത്മാവിൽ നിഷ്ഠ ചെയ്തീടിൽ ജീവൻമുക്തിയതായിടും'

പ്രജ്ഞാനം ഒന്നേയുള്ളു; മുക്തിയും ഒന്നേയുള്ളു; ദേഹത്തിൽ സ്ഥിതി ചെയ്യുമ്പോഴും, ദേഹവുമായുള്ള ബന്ധം വിട്ടാൽ ജീവൻമുക്തനാകും.

ബ്രഹ്മലോകപ്രാപ്തനും ജീവൻമുക്തനും തമ്മിൽ അനുഭൂതിയിൽ വ്യത്യാസമില്ലെന്നു ഭഗവാൻ ചൂണ്ടിക്കാണിക്കുന്നു. സ്വരൂപനിഷ്ഠയും ബന്ധഹാനിയും ഒന്നുതന്നെ. അതുകൊണ്ടു മുക്തിയും ഒന്നേയുള്ളു. ഭേദമുണ്ടെന്നു തോന്നുന്നത് അന്യന്റെ ബുദ്ധിക്കുമാത്രമാണ്.

''മുക്തിരേകവിധൈവ സ്യാത് ഭേദസ്തു പരബുദ്ധിഗഃ''
''മുക്തിയേകവിധം തന്നെ ഭേദമന്യന്റെ ബുദ്ധിയിൽ''

**ശ്രവണമനനനിദിധ്യാസനങ്ങൾ**

ശ്രവണ മനന നിദിധ്യാസനങ്ങൾക്ക് ഭഗവാൻ നല്കുന്ന നിർവ്വചനങ്ങൾ ശ്രദ്ധേയങ്ങളാണ്. ഗുരുവിൽനിന്നോ, വേദാന്തവാക്യങ്ങളിലൂടെയോ പൂർവ്വപുണ്യംകൊണ്ടോ തന്റെ ചിത്തത്തിൽ നിന്നും ദേഹാദിവിലക്ഷണമായ 'അഹം' പദാർത്ഥത്തെ ആശ്രയിച്ചാണ്. 'നീ' എന്ന് ശ്രവിക്കുന്നതാണ് യഥാർത്ഥ ശ്രവണം.

അതുപോലെ '**ആത്മാനുസന്ധാനമാണ് യഥാർത്ഥ മനനം**' എന്ന് ഭഗവാൻ പറയുന്നു.

സന്ദേഹവിപരീതങ്ങളില്ലാത്ത നിശ്ചയാത്മിക ബുദ്ധിയെ നിദിദ്ധ്യസനമെന്നു ചിലരുദ്ഘോഷിക്കുമ്പോൾ സന്ദേഹവിപര്യയങ്ങൾ പൂർണ്ണമായും നീങ്ങുന്നത് ആത്മജ്ഞാനം അനുഭവപ്പെടുമ്പോഴാണെന്നും അഥവാ സ്വരൂപസംസ്ഥിതിയാണ് നിദിധ്യാസനമെന്നും ഭഗവാൻ വ്യക്തമാക്കുന്നു.

''തസ്മാത് സ്വരൂപവിജ്ഞാനം നിദിധ്യാസനമുച്യതേ''

**ഭക്തി**

ഭക്തിയെപ്പററി ചോദിച്ചപ്പോൾ ഭഗവാൻ പറഞ്ഞതിപ്രകാരമാണ് – ആത്മാവ് എല്ലാവർക്കും പ്രിയപ്പെട്ടതാണ്; ആത്മാവെക്കാൾ പ്രിയമായി മററൊന്നുമില്ല; ആത്മാവിൽ തൈലധാരപോലെ ഇടവിടാതെയുള്ള പ്രേമത്തെയാണ് ഭക്തിയെന്നു പറയുന്നത്.

''ആത്മാ പ്രിയ : (ഈ സ്വാത്മജ്ഞാനം) സമസ്തസ്യ പ്രിയം നേതരദാത്മന:

അച്ഛിന്നതൈലധാരാവത് പ്രീതിർ ഭക്തിരുദാഹൃതാ ''

മററൊരു ചോദ്യത്തിന്നുത്തരമായി ഭഗവാൻ പറഞ്ഞു–

ജ്ഞാനോദയമുണ്ടാകുന്നത്, ദിനംപ്രതി അല്പാല്പമായിട്ടല്ല. അഭ്യാസം പൂർണ്ണമാകുമ്പോൾ ജ്ഞാനം പൊടുന്നനേ പൂർണ്ണസ്വരൂപത്തിൽ പ്രകാശിക്കുന്നു.

''ക്രമേണയാതി നജ്ഞാനം കിഞ്ചിത് കിഞ്ചിത് ദിനേ ദിനേ

അഭ്യാസപരിപാകേന ഭാസതേ പൂർണ്ണമേകദാ ''

സുരേശാനന്ദജിയുടെ മലയാള വിവർത്തനം നോക്കുക–

''അൽപാൽപ്പമായി ദിനം തോറും ഭാസിക്കുന്നതുമില്ലതു

അഭ്യാസപരിപാകത്താൽ ഉദിക്കും പൂർണ്ണമേകദാ ''

**ഈ ജ്ഞാനം ഒരിക്കൽ സിദ്ധിച്ചാൽ പിന്നീടൊരിക്കലും അതു നഷ്ടമാകുകയില്ലെന്നും, ആ ജ്ഞാനം ഒന്നേ ഉള്ളുവെന്നും അതിന് വിവിധ ഭൂമികകൾ കല്പിക്കുന്നത് അന്യരുടെ ബുദ്ധിക്കനുസരിച്ചാണെന്നും ഭഗവാൻ വിശദമാക്കുന്നു.**

**സിദ്ധൻമാരുടെ മഹിമ എപ്രകാരമുള്ളതാണെന്നു അമൃതനാഥയതീന്ദ്രന്റെ അവസാനത്തെ ചോദ്യത്തിന് സിദ്ധമാരുടെ മഹിമ ദുരൂഹമാണെന്നും അവർ ശിവനുതുല്യരും ശിവസ്വരൂപരും വരം നല്കാൻ പ്രാപ്തരായവരുമാണെന്നാണ് ഭഗവാൻ അഭിപ്രായപ്പെട്ടത്.**

**''സിദ്ധലോക മഹിമാ തു ദുരൂഹാ''**

**''തേ ശിവേന സദൃശാഃ ശിവരൂപാഃ''**

**സിദ്ധമാരുടെ മഹിമ ദുരൂഹമത്രെ! അവർ ശിവനു തുല്യരെന്നു മാത്രമല്ല, ശിവസ്വരൂപികൾ തന്നെയാണ്.**

**ഓം തത് സത് ശ്രീരമണാർപ്പണമസ്തു.**

*'' ഞാൻ എന്ന വിചാരം അല്പം പോലും ഇല്ലാത്ത അവസ്ഥ തന്നെയാകുന്നു സ്വരൂപം.*

*അതുതന്നെയാണ് മൗനം എന്നു പറയുന്നത്*

*സ്വരൂപം തന്നെ ജഗത്, സ്വരൂപം തന്നെ ഞാൻ, സ്വരൂപം തന്നെ ഈശ്വരൻ,*

*എല്ലാം ശിവ രൂപം തന്നെ.*

*– ഭഗവാൻ*

# സദ്ദർശനം

## '' ഉള്ളതു നാല്പത് ''

–സ്വാമി സുരേശാനന്ദ

(സ്വാമി സുരേശാനന്ദജിയുടെ സദ്ദർശന വ്യാഖാനത്തെ അടിസ്ഥാനമാക്കി തയ്യാറാക്കിയതാണ് ഈ ലേഖനം)

തയ്യാറാക്കിയത് കെ.എം.ഉണ്ണി

അനന്തങ്ങളും അനിർവചനീയങ്ങളുമായ പ്രതിഭാസങ്ങൾ ഉൾപ്പെട്ടതാണ് പ്രപഞ്ചം. മനുഷ്യൻ ഈ പ്രപഞ്ചത്തിൽ മോഹിതനായി ഇതിനെ അന്വേഷിക്കുമ്പോഴും ആസ്വദിക്കുമ്പോഴും കൂടുതൽ കൂടുതൽ കർമ്മബന്ധത്തിലും മോഹവലയത്തിലും വിഴുകയാണ് ചെയ്യുന്നത്. കർമ്മജന്യമായ സുഖദു:ഖങ്ങളിൽപ്പെട്ട് രക്ഷപ്പെടാനുള്ള മാർഗ്ഗം ആരായുമ്പോഴും അന്വേഷണം ബാഹ്യവിഷയത്തിലും ബാഹ്യ വസ്തുക്കളിലുമാണ് കേന്ദ്രീകരിക്കപ്പെടുന്നത്. ഈ അനന്തമായ വിശ്വത്തെ ക്ഷണികമായ ജീവിതത്തിനുള്ളിൽ നിയന്ത്രിതമേഖലയിൽ മാത്രം പ്രവർത്തനക്ഷമമായ ഇന്ദ്രിയങ്ങളെക്കൊണ്ടോ അത്യന്തം ചപലമായ മനസ്സുകൊണ്ടോ അന്വേഷിച്ചറിയുക സാധ്യമല്ല. പ്രപഞ്ചത്തെക്കുറിച്ച് അന്വേഷിക്കുമ്പോഴും അറിയുമ്പോഴും പ്രപഞ്ചത്തിന്റെ ഘടകമായ അന്വേഷകൻ തന്നെ സ്വയം മാററിനിർത്തിക്കൊണ്ട് താൻ അല്ലാത്ത വസ്തുക്കളെയും വിഷയങ്ങളെയുമാണ് അറിയുന്നത്. ജ്ഞാതാ, ജ്ഞേയം, ജ്ഞാനം എന്ന ത്രിപുടിയിൽ ജ്ഞാതാവുമാത്രമാണ് യാഥാർത്ഥത്തിൽ ഉള്ള സദ് വസ്തു. ഈ ജ്ഞാതാവ് ഇന്ദ്രിയങ്ങൾക്കും മനസ്സിനും വശകനായി ബഹിർമുഖമായി ചലിക്കുമ്പോൾ അറിയുന്ന തന്നെക്കുറിച്ച് അറിയാൻ കൂട്ടാക്കാതെ അറിയപ്പെടുന്നതിൽപ്പെട്ടുഴലുന്നു. അറിവ് അറിയപ്പെടുന്നവനിൽ ആണ് കൂടികൊള്ളുന്നത്. അറിയപ്പെടുന്ന വസ്തുക്കൾ ജഡങ്ങളാണ് അവയ്ക്ക് അവയുടെ അസ്ഥിത്വത്തെക്കുറിച്ച് ബോധമില്ലെന്ന് മാത്രമല്ല അന്യോന്യം അറിയുന്നതിനും ശക്തിയില്ല. അതുപോലെ അവയുടെ അസ്ഥിത്വത്തെ സ്വയം പ്രകാശിപ്പിക്കുന്നതിനും കഴിവില്ല. അറിയുന്നവന്റെ ജ്ഞാനപ്രകാശത്തിൽ മാത്രം വിളങ്ങുന്ന അവയുടെ അസ്ഥിത്വം അറിയുന്നവന്റെ അറിവിനെ അടിസ്ഥാനപ്പെടുത്തി മാത്രമാണ് നിലകൊള്ളുന്നത്. ആ അറിയുന്നവൻ തന്നെക്കുറിച്ചുള്ള യാഥാർത്ഥ്യമറിയാതെ അന്യവസ്തുക്കളെക്കുറിച്ചറിയുന്ന അറിവ് അറിവല്ല. അജ്ഞാനമാണ്. അതുകൊണ്ട് ആദ്യമായി തന്നെത്തന്നെ അറിയുക എന്ന അനുഭവത്തിൽ നിന്നുമാണ് ഈ ഉപദേശം നൽകുന്നത്.

ഭഗവാന്റെ ജീവിതം ഉജ്ജ്വലമായ മൌനത്തിന്റെ യഥാർത്ഥ ശിക്ഷണമായിരുന്നു. തന്നെ ആശ്രയിച്ച ഭക്തന്മാരുടെ സംശയനിവർത്തിക്കായി വളരെ കുറച്ചു മാത്രം സംസാരിച്ച ഭഗവാൻ അതിലും എത്രയോ ചുരുക്കം വാക്കുക്കൾ മാത്രമാണ് കടലാസ്സിൽ

രേഖപ്പെടുത്തിയിട്ടുള്ളത്. അത്തരത്തിൽ ചില ഭക്തന്മാരുടെ സംശയനിവൃത്തിക്ക് ഭഗവാൻ പല സമയങ്ങളിലായി കുറിച്ചു കൊടുത്ത തമിഴിലുള്ള ഉപദേശങ്ങളെ ഭഗവാന്റെ ശിഷ്യനും പണ്ഡിതനുമായ കാവ്യകണ്ഠ ഗണപതിയും, ഭഗവാന്റെ ഭക്തനും കവിയുമായ മുരുകനാരും കൂടിച്ചേർന്ന് ' ഉള്ളതു നാല്പത്' എന്ന രൂപത്തിൽ തമിഴിൽ തയ്യാർ ചെയ്യുകയുണ്ടായി. അതേ പദ്യങ്ങളെ തമിഴിൽ നിന്നും സംസ്കൃതത്തിലേക്ക് കാവ്യകണ്ഠഗണപതിമുനി വിവർത്തനം ചെയ്തതാണ് ' സദ്ദർശനം' എന്ന പ്രസിദ്ധമായ ഗ്രന്ഥം.

സ്വന്തം അനുഭവത്തിന്റെ അടിസ്ഥാനത്തിലുള്ള സ്വതന്ത്രമായ ആശയാവിഷ്കരണമാണ് ഭഗവാന്റെ മൊഴികളും വിരളമായ കൃതികളും. മററു ദർശനങ്ങളെയോ ചിന്താസരണികളെയോ ഖണ്ഡനമണ്ഡനം ചെയ്യുകയോ, തന്റേതായ പുതിയൊരു ചിന്താപദ്ധതി സ്ഥാപിക്കുകയോ ഭഗവാന്റെ ഉദ്ദേശമായിരുന്നില്ല. സാധനക്കും സാക്ഷാത്കാരത്തിനും മാത്രം പ്രധാന്യം കൊടുത്ത ഭഗവാൻ ശാസ്ത്ര പാണ്ഡിത്യത്തേയും വാദകോലാഹലങ്ങളേയും ഒരിക്കലും പ്രോത്സാഹിപ്പിച്ചിരുന്നില്ല. ഭഗവാന്റെ കൃതികളെക്കാൾ കൂടുതൽ നേരിട്ടുള്ള ദർശനം കൊണ്ടും അതിനെക്കാളേറെ ഭഗവാന്റെ ശാന്തി പകരുന്ന സാന്നിദ്ധ്യം കൊണ്ടും അനേകായിരം ഭക്തൻമാർക്കുണ്ടായിട്ടുള്ള ആത്മാനുഭൂതികളെക്കുറിച്ചറിയുമ്പോൾ മാത്രമാണ് ആത്മജ്ഞാനത്തിന്റെ മഹനീയ വൈഭവം മനസ്സിലാക്കാൻ കഴിയുന്നത്. ഭഗവാന്റെ ജീവിതം തന്നെയായിരുന്നു ഏററവും വലിയ ഉപദേശം. ഉപനിഷത്സത്യങ്ങൾ മനുഷ്യജീവിതത്തിൽ സാക്ഷാത്കരിക്കാൻ കഴിയുമെന്നതിന്റെ പ്രത്യക്ഷോദാഹരണമാണ് 'ഭഗവാൻ ശ്രീ-രമണമഹർഷി'!

യാതൊരു വളച്ചുകെട്ടുമില്ലാതെ വളരെ ലളിതമായി അനായാസമായി സുസ്പഷ്ടമായവാക്കുകളിലൂടെയുള്ള പ്രതിപാദനശൈലിതന്നെ കേൾക്കാൻ ഇമ്പമുള്ളതും വിശ്വാസദായകവും പ്രോത്സാഹജനകവുമാണ്. അതു കൊണ്ടുതന്നെയാവണം ജാതിമതഭേദമന്യേ ഉച്ചനീചഭേദമന്യേ അനേകായിരങ്ങൾ ആ ആത്മസന്നിധിയിലേയ്ക്ക് ആകർഷിക്കപ്പെട്ടതും ആത്മജ്ഞാനത്തിന്റെ അഭൗമശാന്തി അനുഭവിച്ചറിയാനിടവന്നതും.

42 ശ്ലോകങ്ങളുള്ള സദ്ദർശനം എന്ന കൃതിയിലെ ആദ്യത്തെ രണ്ടു ശ്ലോകങ്ങളെ മംഗളാചരണങ്ങളായി കൊടുത്ത് ശേഷമുള്ള 40 ശ്ലോകങ്ങളെയാണ് യഥാർത്ഥ കൃതിയായി അവതരിപ്പിക്കുന്നത്. മംഗളമൂർത്തിയായ ഭഗവാന്റെ കൃതിക്ക് മംഗളാചരണം എന്തിന് എന്ന സന്ദേഹം സ്വാഭാവികം മാത്രം! ഭഗവാന്റെ അനുമതിയോടുകൂടിത്തന്നെ നമ്മെപ്പോലുള്ള ജിജ്ഞാസുക്കൾക്കായി തയ്യാറാക്കിയതാകകൊണ്ട് അപ്രസക്തമെന്ന് തീർത്തും പറയുകവയ്യ

'സദ്ദർശനം' എന്ന പേരിനെ അന്വർത്ഥമാക്കുന്നതരത്തിൽ സത്തിന്റെ ദർശനം എന്ത് എന്നാണ് ആദ്യത്തെ ശ്ലോകം കൊണ്ട് പറയുന്നത്. 'സത്' എന്നൊന്നില്ലങ്കിൽ പിന്നെയെങ്ങിനെയാണ് 'സത്തിനെ'ക്കുറിച്ചുള്ള പ്രതീതിയുണ്ടാകുന്നത്. ഈ 'സത്' പ്രതീതി സത്തിനെ സൂചിപ്പിക്കുന്നു. 'സത്' തന്നെയാണ് സത്പ്രതീതിയായി, ചിന്താശൂന്യമായി,'ഹൃദയം' എന്ന രൂപത്തിൽ എല്ലാവരുടെയും അന്ത:രംഗത്തിൽ വിളങ്ങുന്നത്. ഏകവും അമേയവുമായ സത്തിനെ സ്മരിക്കുക എന്നാൽ മനസ്സിനെ ദൃഢമായി പരമാത്മസ്വരൂപമായ ഹൃദയത്തിൽ ഉറപ്പിച്ചുനിർത്തുക എന്നതാണ്. രണ്ടാമത്തെ ശ്ലോകത്തിന് സാധാരണയായി അർത്ഥം കല്പിക്കുന്നത് മൃത്യുഭയം കൊണ്ട് മൃത്യുംജയനെ(ശിവനെ) ആശ്രയിച്ചു ഭജിക്കുന്നവരുടെ അഹങ്കാരം നശിച്ചു പോകുന്നു; പിന്നെ ആത്മാവിന്റെ സഹജമായ അമൃതത്വം പ്രാപിച്ച അവരിൽ മൃത്യുഭയത്തിന് എങ്ങിനെ അവകാശം?

(ഭഗവാന്റെ അനുഭവവുമായി അങ്ങേയറ്റം ബന്ധം തോന്നിപ്പിക്കുന്ന ഈ ശ്ലോകത്തിന് വെറൊരുതരത്തിൽകൂടി അർത്ഥം പറയാം. മൃത്യുഭയം കൊണ്ട് മൃത്യുവിനെ അന്വേഷിക്കുന്നവന്റെ അഹങ്കാരം മൃത്യുവെ ജയിച്ച നിലയെ പ്രാപിക്കുന്നു.(മൃത്യുഭിയാ മൃത്യും ആശ്രിതാനാം അഹംമതി മൃത്യുഞ്ജയം ഉപൈതി) അങ്ങിനെ അഹങ്കാരം ഹൃദയത്തിൽ ലയിച്ചില്ലാതായാൽ പിന്നെങ്ങിനെയാണ് മൃത്യുഭയം ഉണ്ടാകുന്നത്? അന്യസഹായം ആശ്രയിക്കാതെ സ്വയം മൃത്യുവെന്താണ്? ആർക്കാണ്? എന്ന അന്വേഷണത്തിലൂടെ ആത്മസ്ഥിതി പ്രാപിച്ച ഭഗവാന്റെ അനുഭവവുമായി ബന്ധപ്പെടുത്തി നോക്കുമ്പോൾ ഈ തരത്തിൽ ചിന്തിക്കുന്നത് ഭഗവാന്റെ വിചാരമാർഗ്ഗവുമായി കൂടുതൽ പൊരുത്തമുള്ളതായി തോന്നുന്നു.)

മൃത്യുഭീതി ദേഹബോധം കൊണ്ടും ദേഹബോധം അഹങ്കാരം കൊണ്ടും ഉണ്ടാകുന്നു. ഈ അഹങ്കാരം ആത്മാവിന്റെ മായാസ്വരൂപമാണ്.അത് ആത്മാവിനെ മറച്ച് ദേഹബോധത്തേയും ലോകബോധത്തേയും ജനിപ്പിക്കുന്നു.

ഇനി സദ്ദർശനത്തിലേക്ക് പ്രവേശിക്കാം. നാം കാണുന്ന ജഗത്തിനും നമ്മളിൽ ജനിക്കുന്ന അഹങ്കാരത്തിനും മൂലകാരണമായി അപാരശക്തിയുള്ള ഒരു പ്രഭുവുണ്ട് – അതാണ് ബ്രഹ്മം. ഈശ്വരൻ, ജഗത്ത്, ജീവൻ എന്ന് ത്രിവിധമായി പ്രതിഭാസിക്കുന്നത് വെറും മിഥ്യയാണെന്ന് കാണിപ്പാനായി അതിനെ ഒരു ചലച്ചിത്രത്തോട് ഉപമിച്ചിരിക്കുന്നു. ഏതു രീതിയിലാണോ തിരശ്ശീലയിൽ ഉണ്ടാകുന്ന പ്രകാശവും ഇരുട്ടും ഇടകലർന്ന ദൃശ്യവസ്തുപ്രപഞ്ചം അയഥാർത്ഥമായും തിരശ്ശീലയെ ഒരു തരത്തിലും

ബാധിക്കാതെയും ഇരിക്കുന്നത്, അതു പോലെ സദ്‌വസ്തുവായ ബ്രഹ്മത്തിൽ ഉളവാകുന്ന കല്പനകൾ മാത്രമാണ് ജീവൻ,ജഗത്ത്,ഈശ്വരൻ എന്ന പ്രതിഭാസം. എന്നാൽ സ്ക്രീനിന്റെ അഭാവത്തിൽ ചിത്രദൃശ്യങ്ങൾ ഉണ്ടാവാനും തരമില്ല. എല്ലാമതങ്ങളുംജീവൻ, ജഗത്ത്,ഈശ്വരൻ എന്നീ മൂന്നുതത്വങ്ങളെ വിശകലനം ചെയ്യാനും അറിയാനുംവേണ്ടിയാണ് അവരവരുടെതായ തത്വചിന്തയിലൂടെ ശ്രമിക്കുന്നത്. ഭഗവാൻ പറയുന്നത് ഏകമായ സദ്‌വസ്തു ത്രിപുടിയായി പ്രകാശിക്കുന്നത് അഹങ്കാരം മൂലമാണ്.

അഹങ്കാരം നശിച്ച് ത്രിപുടീഭാവം ഇല്ലാതെ സദ്‌വസ്തു അനുഭവത്തിൽ ഉറച്ചിരിക്കുന്നതാണ് ഏററവും ഉത്തമമായ നിഷ്ഠ. സദ്‌വസ്തുപ്രാപ്തിക്കുള്ള പ്രധാനമായ പ്രതിബന്ധം അഹങ്കാരമാണ്.

ഈ ലോകം സത്യമോ, മിഥ്യയോ, സുഖമോ, ദു:ഖമോ, ചൈതന്യമോ ജഡമോ എന്നുള്ളത് തർക്കങ്ങൾകൊണ്ട് പരിഹരിക്കാൻ കഴിയുന്നതല്ല. ജഗത്പ്രതീതിക്കും അഹങ്കാരത്തിനും അതീതമായ നിലയിൽ നിന്നുമാത്രമേ സത്യസ്ഥിതി അറിയാൻ കഴിയൂ. കാണുന്നവന് രൂപമുണ്ടെങ്കിൽ കാണപ്പെടുന്ന ലോകവും ഈശ്വരനും സരൂപിയായി ഭവിക്കുന്നു. എന്നാൽ ത്രിപുടീ ഭാവം നശിച്ച് അധിഷ്ഠാന സത്യത്തിൽ എത്തുമ്പോൾ ആര്, ആരെ, എങ്ങിനെ കാണാനാണ് ? ത്രിപുടിയിൽ മനക്കണ്ണായിരുന്നത് അപ്പോൾ ജ്ഞാനകണ്ണായി മാറുന്നു. സർവ്വജ്ഞനായ ആദ്യന്തരഹിതമായ അഖണ്ഡദൃഷ്ടി ഒന്നു മാത്രം പഞ്ചഭൂത നിർമ്മിതമായ പഞ്ചകോശശരീരത്തിൽ കൂടി ഉളവാക്കുന്ന പ്രപഞ്ചാനുഭവമെന്നാൽ ഇന്ദ്രിയങ്ങൾ അതാതിന്റെ വിഷയങ്ങളിൽ വ്യാപരിക്കുമ്പോഴുണ്ടാകുന്ന ശബ്ദസ്പർശരൂപരസഗന്ധാദി അനുഭവമാണ്., അനുഭവിക്കുന്നത് ഇന്ദ്രിയ നാഥനായ മനസ്സും. ഈ ഇന്ദ്രിയങ്ങൾ മനസ്സിന്റെ അധീനത്തിൽ പ്രവർത്തിക്കുന്നവ ആകയാൽ അനുഭവമെന്ന് പറയുന്നത് മനോവ്യാപാരം മാത്രമാണ്. മനസ്സും ലോകാനുഭവവും വേറിട്ട് നിലനിൽക്കുന്നില്ല. ലോകബോധം ജനിക്കുന്നതും അസ്തമിക്കുന്നതും മനോവൃത്തിയുടെ ഫലമായിട്ടാണ്. വൃത്തിയുടെയും ലോകത്തിന്റെയും ഉൽപത്തിക്ക് കാരണമായ സദ്‌വസ്തുവാകട്ടെ പരിപൂർണ്ണവും ജന്മനാശാദികളില്ലാത്തതുമാകുന്നു. ദ്വന്ദ്വങ്ങൾക്കും ത്രിപുടിക്കും ആശ്രയമായി നിൽക്കുന്ന സദ്‌വസ്തുവിനെ അറിയുമ്പോൾ മററെല്ലാം ഇല്ലാതാകുന്നു. ഈ സദ്‌വസ്തുപ്രാപ്തിക്ക് ഈശ്വരന്റെ നാമരൂപങ്ങളെ ഭജിക്കുന്നത് അനുകൂലമായ സാധനയാണ്. എന്നാൽ താദാത്മ്യഭാവത്തോടെ സദ്‌വസ്തുനിഷ്ഠയിൽ ഉറച്ചിരിക്കുന്നതാണ് യാഥാർത്ഥത്തിലുള്ള സദ്ദർശനം.( 3 -11)

അറിയുന്നവൻ എല്ലാററിനെക്കുറിച്ചും അറിയാൻ ശ്രമിക്കുന്നു., അറിവു നേടുന്നു. ഈ അറിവു നേടുന്ന സമയം തന്റെ ശരീരവുമായി താദാത്മ്യപ്പെട്ട് താൻ ശരീരമാണ് എന്ന ബോധത്തിൽ ഉറച്ച് ശരീരേന്ദ്രിയാദികളെ അറിവ് നേടുന്നതിനുള്ള

ഉപകരണമാക്കുന്നു. ഈ ദേഹാത്മബോധത്തെ അടിസ്ഥാനമാക്കി അവൻ, ഇവൻ, വർത്തമാനം, ഭൂതം, ഭാവി തുടങ്ങി വിവിധ കൽപനകളിലൂടെ നിർമ്മിച്ചെടുത്ത അറിവുകളെയെല്ലാം വിശകലനം ചെയ്യുമ്പോൾ അതിൽ അറിയുന്നവനെക്കുറിച്ചുള്ള അറിവുമാത്രം കാണാൻ കഴിയുന്നില്ല.ഭഗവാൻ പറയുന്നത് അവനവനെക്കുറിച്ച് സ്വയം അറിയാതെ നേടിയ എല്ലാ അറിവും അജ്ഞാനം മാത്രമാണ്. കാരണം അറിയുന്ന ചിത്ത് മാത്രമാണ് സത്യം. ഈ ഏകമായ ചിത്താകട്ടെ ജ്ഞാതാ, ജ്ഞേയം, ജ്ഞാനം, എന്ന് മൂന്നായി പ്രതിഭാസിക്കുന്നു. അതുകൊണ്ടാണ് അറിയുന്നവന്റേയും അറിയപ്പെടുന്നതിന്റേയും അധിഷ്ഠാനത്തെക്കുറിച്ചറിഞ്ഞാൽ ദ്വന്ദബോധം പൂർണ്ണമായും നശിക്കുന്നു. ഈ തത്വം മനസ്സിലാക്കാതെ അറിവു നേടാനുള്ള എതു യജ്ഞവും ആദ്യത്തെ സംഖ്യയായ ഒന്നിനെ വിട്ടിട്ട് എണ്ണം തുടങ്ങുന്നതു പോലെ പരിഹാസ്യമായി ഭവിക്കുന്നു. ( 12 – 18)

അജ്ഞാനിക്കും വിജ്ഞാനിക്കും ദേഹബോധവും ലോകബോധവും ഉണ്ട്. എന്നാൽ അജ്ഞാനി ലോകം യാഥാർത്ഥമായും തന്നെ ശരീരമായും കണക്കാക്കുമ്പോൾ വിജ്ഞാനി ദേഹത്തെയും ലോകത്തെയും അതിക്രമിച്ച് അവയ്ക്ക് ആശ്രയമായി ഹൃദയത്തിൽ വിളങ്ങുന്ന ആത്മാവിനെ സദാ കണ്ടുകൊണ്ടേയിരിക്കുന്നു. ഈ തത്വമറിയുമ്പോൾ മാത്രമാണ് വിധിയുടെയും പ്രയത്നത്തിന്റെയുമൊക്കെ യാഥാർത്ഥ്യം മനസ്സിലാവുക. ( 19 –21)

ശാസ്ത്രങ്ങളിൽ തന്നെത്താനറിയുക; ഈശ്വരനെ കാണുക; എന്നെല്ലാം പറയുന്നത് ഈശ്വരന്നിരയായിത്തീരുക അല്ലെങ്കിൽ ഈശ്വരനിൽ ലയിക്കുക എന്നർത്ഥത്തിലാണ്. കാണുന്നവനായ തന്നെ കാണാതെ ഈശ്വരനെ കാണുക എന്ന് പറയുന്നത് മനോദൃശ്യം മാത്രമാണ്. ദൃഷ്ടാവിനെ കൂടാതെ അന്യമായി ഒരു പരമാത്മാവില്ല. ഈ പരമാത്മാവ് ആകട്ടെ, ബുദ്ധിയ്ക്കുൾപ്രകാശത്തെ നൽകി ഹൃദയത്തിൽ സ്വാത്മാവായി പ്രകാശിക്കുന്നു. ബുദ്ധിയെ വിഷയങ്ങളിൽ നിന്ന് പിൻതിരിച്ച് അന്തർമുഖമായി സ്വാത്മാവിന്റെ മൂലസ്ഥാനമായ ഹൃദയത്തിൽ നിഷ്ഠചെയ്യുന്നതല്ലാതെ വേറെ ഒരു ദർശനവുമില്ല. (22 – 24)

ജഡമായ ശരീരത്തെയും ചൈതന്യമായ സദ്വസ്തുവേയും ബന്ധിപ്പിക്കുന്ന ഒരു കണ്ണിയുണ്ട്. ശുദ്ധചൈതന്യമോ, ശുദ്ധജഡമോ അല്ലാത്ത ഇതിനെയാണ് ചിജ്ജഡഗ്രന്ഥി, സൂക്ഷ്മശരീരം, മനസ്സ്, അഹങ്കാരം, ജീവൻ, ബന്ധം എന്നീ വിവിധ പേരുകളിൽ വിവക്ഷിക്കുന്നത്. സ്വന്തമായി രൂപമില്ലാത്തതും ദേഹത്തെ ആശ്രയിച്ച് നില നിൽക്കുകയും വൃദ്ധി പ്രാപിക്കുകയും ചെയ്യുന്ന ഇത് മരണത്തിൽ മറ്റൊരു ദേഹത്തെ പ്രാപിക്കുന്നു. പ്രപഞ്ചം ഈ അഹങ്കാരം ഉദിക്കുമ്പോൾ ഉദിക്കുകയും അഹങ്കാരത്തോടൊപ്പം അസ്തമിക്കുകയും ചെയ്യുന്നു. ഈ അഹങ്കാരത്തിന്റെ സ്വരൂപമെന്തെന്നറിയാനായി അതിന്റെ ഉൽപത്തിസ്ഥാനത്തെ അന്വേഷിക്കുമ്പോൾ അഹങ്കാരം നശിച്ചുപോകുന്നു.

ഈ അഹങ്കാരത്തിന്റെ യഥാർത്ഥസ്വരൂപത്തെ അന്വേഷിച്ചറിയുന്നതാണ് സദ്ദർശനത്തിനുള്ള ഏക മാർഗ്ഗം. അഹങ്കാരം നശിക്കാതിരുന്നാൽ സത്തുമായി പൂർണ്ണതാദാത്മ്യം പ്രാപിച്ചുള്ള സ്വാത്മനിഷ്ഠ എങ്ങനെ സാധ്യമാകും ? ( 25 - 29)

മനസാവാചാകർമണാ മൗനം സ്വീകരിച്ച് അഹങ്കാരം എവിടെനിന്ന് വരുന്നു എന്ന് ഹൃദയത്തിൽ മുങ്ങി അന്വേഷണം ചെയ്യണം. ഈ മുങ്ങൽ വെള്ളം നിറഞ്ഞു നില്ക്കുന്ന കിണററിൽവീണ വസ്തുവെ തിരയാനായി മനസ്സും വാക്കും പ്രാണനും അടക്കി ജലത്തിൽ മുങ്ങി, ഏകാഗ്രമായ ശ്രദ്ധയോടെ അഹങ്കാരത്തിന്റെ ഉല്പത്തിസ്ഥാനത്തെയന്വേഷിക്കണം. ഈ അന്വേഷണത്തിൽ മനസ്സ് അന്തർമുഖമായി ഹൃദയത്തിൽ ലയിക്കുമ്പോൾ അഹങ്കാരം പൂർണ്ണമായും നശിക്കുന്നു. അപ്പോൾ അഹങ്കാരത്തിന്റെ സ്ഥാനത്ത് 'ഞാൻ','ഞാൻ' എന്നൊരു ജ്യോതിസ്സ് പ്രകാശിക്കുന്നു. ഇതാണ് പരിപൂർണ്ണമായ സ്വാത്മാവ്. (30-32)

അഹന്താനാശം കൊണ്ട് സ്വാത്മനിഷ്ഠ നേടിയ ജീവൻമുക്തന്ന് ലഭിക്കേണ്ടതായോ ചെയ്യേണ്ടതായോ യാതൊന്നുമില്ല. വിഷയബോധം പൂർണ്ണമായും നശിച്ച് സ്വാത്മാവല്ലാതെ മററൊന്നിന്റെയും സ്മരണപോലും ഇല്ലാത്ത ജീവൻമുക്തന്റെ നിലയെക്കുറിച്ച് അജ്ഞാനാവസ്ഥയിലിരിക്കുന്നവന് മാനസികമായി പോലും കല്പന ചെയ്യാൻ സാദ്ധ്യമല്ല. കാരണം ആ നില മനസ്സിനും ബുദ്ധിക്കും അഹങ്കാരത്തിനുമെല്ലാം അതീതമാണ്.(33)

ദേഹാത്മ ബുദ്ധിയിലിരിക്കുന്ന ഒരാൾക്ക് ഞാൻ ആത്മാവാണെന്ന് ധ്യാനിക്കുന്നത് സഹായകമാണ്. ഉപനിഷത്തുക്കൾ അത് നീയാകുന്നു. ( തത്വമസി) എന്നുറപ്പിച്ചു പറഞ്ഞിട്ടും സ്വാത്മാവിൽ നിഷ്ഠ ചെയ്യാതെ ആത്മാവ് സത്താണ്, അസത്താണ്, ഏകമാണ്, അനേകമാണ്, എന്നെല്ലാം വാദിക്കുന്നത് ഹാസ്യകരമാണ്. സത്തിന്റെ വാസസ്ഥാനമായ ഹൃദയത്തെ പ്രാപിച്ച് സ്വാത്മനിഷ്ഠനേടാതെ തർക്കകോലാഹലങ്ങളിലും ബുദ്ധിവ്യാപാരങ്ങളിലും ഏർപ്പെടുന്നത് വെറും മായാ മോഹം മാത്രമാണ്. (34,35,36,38)

സ്വാത്മാവെ പ്രാപിച്ച് ,അതിൽ സ്ഥിരനിഷ്ഠ ചെയ്യുന്നതാണ് യഥാർത്ഥ സിദ്ധി. മററു സിദ്ധികളെല്ലാം സ്വപ്നതുല്ല്യമാണ്. സ്വപ്നത്തിൽ നിന്നുണർന്ന ഒരാൾക്ക് സ്വപ്നം എപ്രകാരം അയഥാർത്ഥമാണോ അതുപോലെ ജീവൻമുക്തന് മായാസ്വരൂപമായ സിദ്ധികൾ സ്വപ്നതുല്ല്യങ്ങളാണ്. (37)

പത്താമനെ കാണാതെ തിരയുമ്പോഴും താൻ പത്താമനാണെന്നറിയുമ്പോഴും താൻ പത്താമൻ തന്നെയായി നില കൊള്ളുന്നു. അതുപോലെ സാധനയുടെ സമയത്തും സാക്ഷാത്കാരദശയിലും ആത്മാവ് അദ്വയമായിത്തന്നെ നില കൊള്ളുന്നു. (39)

കർതൃബോധമുള്ളേടത്തോളം കർമ്മഫലത്തിൽ നിന്നും രക്ഷപ്പെടാൻ സാധ്യമല്ല. കർമ്മത്തിന്റെ കർത്താവായ ' ഞാൻ ആര്? ' എന്ന് അന്വേഷിച്ച് ഹൃദയത്തിൽ

സുസ്ഥിതനാകുമ്പോൾ മൂന്നു കർമ്മങ്ങളും ക്ഷയിച്ച് മുക്തനായി തീരുന്നു.

ബന്ധത്തെക്കുറിച്ചും മോക്ഷത്തെക്കുറിച്ചും ചിന്തിക്കുകയും മോക്ഷത്തിന്റെ വിവിധ നിലയെക്കുറിച്ച് വേർതിരിച്ചറിയുകയും ചെയ്യുന്ന അഹങ്കാരത്തിന്റെ ഉൻമൂലനാശം വരുത്തുകയാണ് യഥാർത്ഥ മുക്തി. (40-42)

മേൽപ്രകാരം ഭഗവാൻ ഭക്തൻമാർക്കായി പല സമയങ്ങളിൽ എഴുതിക്കൊടുത്ത വേറെ 42 ശ്ലോകങ്ങളെ 'സദ്ദർശനാനുബന്ധം' എന്ന പേരിൽ ശ്രീരമണാശ്രമം പിന്നീട് പ്രസിദ്ധീകരിച്ചിട്ടുണ്ട്. സദ്ദർശനാനുബന്ധത്തിലെ ശ്ലോകങ്ങളെ 92 ഭാഷാശ്ലോകങ്ങളായി വിവർത്തനം ചെയ്ത് സ്വാമിജി തന്റെ സദ്ദർശന ഭാഷ്യത്തിൽ കൊടുത്തിട്ടുണ്ട്. സമ്പൂർണ്ണമായ ഈ കൃതി ഭഗവാന്റെ ഉപദേശങ്ങളുടെ സാരസർവ്വസ്വമാണ്.

ഓം തത് സത് രമണാർപ്പണമസ്തു.

*"യഥാർത്ഥമായിട്ട് ആത്മ സ്വരൂപം ഒന്നേയുള്ളൂ, ജഗത്*
*ജീവൻ, ഈശ്വരൻ എന്നതൊക്കെ ശുക്തിയിൽ രജതമെന്നപോലെ*
*അതിൽ കല്പിതങ്ങളാകുന്നു. ഇവ മൂന്നും ഒരു കാലത്ത് തോന്നും,*
*ഒരു കാലത്ത് മറയും*

*- ഭഗവാൻ*

## ഉപദേശസാരം

(വിജ്ഞാന രമണീയാശ്രമത്തിന്റെ സ്ഥാപകനും ഭഗവാൻ ശ്രീരമണ മഹർഷിയുടെ ഒരു ഉത്തമ ഭക്തനുമായ ശ്രീമദ് സുരേശാനന്ദ സ്വാമിജിയുടെ വ്യാഖ്യാനത്തെ അടിസ്ഥാനപ്പെടുത്തി ഉണ്ണി തയ്യാറാക്കിയതാണ് ഈ ലേഖനം.)

ഉപദേശസാരം ഭഗവാൻ ശ്രീ രമണ മഹർഷിയാൽ നിർമ്മിക്കപ്പെട്ട മുപ്പതു ശ്ലോകങ്ങൾ അടങ്ങിയ ഒരു ചെറു കൃതിയാണ്. എന്നാൽ അതിലടങ്ങിയ വിഷയത്തിന്റെ മാഹാത്മ്യംകൊണ്ടും സ്ഥിതപ്രജ്ഞൻ അഥവാ ജീവൻമുക്തൻ എന്ന നിലയിൽ വിരാജിച്ചരുളിയ ഭഗവാൻ ശ്രീരമണ മഹർഷിയിൽ നിന്നും നിർഗ്ഗളതമായതാണെന്നുള്ളതുകൊണ്ടും ഈ കൃതിയെ 'രമണോപനിഷത്' എന്നു പറഞ്ഞു വരുന്നു.

ഉപനിഷത്തുല്ല്യമായ ഈ കൃതിയുടെ ഉദ്ഭവം അതിന്റെ പ്രാധാന്യത്തെ കൂടുതൽ സാംഗത്യമുള്ളതാക്കുന്നു. പണ്ഡിതനും, കവിയും, ദാർശനികനും, ഭക്തനും ഭഗവാന്റെ വത്സലശിഷ്യനുമായ ശ്രീ മുരുകനാർ ശിവന്റെ മഹിമയെ വർണ്ണിക്കുന്ന ഒരു സ്തോത്ര രചനയിലായിരുന്നു. ദാരുകവനത്തിൽ തപസ്സു ചെയ്യുന്ന മഹർഷിമാർ കർമ്മലബ്ധമായ സിദ്ധികളാൽ അത്യന്തം ഗർവ്വിഷ്ഠരായിരുന്നു. യജ്ഞകർമ്മാദികളും സിദ്ധികളും കർമ്മകലുഷിതമാണെന്നും. ജീവിതത്തിന്റെ യഥാർത്ഥ ലക്ഷ്യം ആത്മ സാക്ഷാത്കാരമാണെന്നും അവരെ പഠിപ്പിക്കാൻ സാക്ഷാൽ ശ്രീ പരമേശ്വരൻ ഒരു യുവാവിന്റെ വേഷത്തിൽ അവിടെ പ്രത്യക്ഷപ്പെട്ടു. മായികനായ ആ യുവാവിൽ ആകൃഷ്ടരായ മുനിപത്നിമാർ അവരുടെ നിത്യകർമ്മങ്ങളെ മറക്കുകയും തദ്വാരാ യജ്ഞത്തിന് വിഘ്നമേൽപ്പിക്കുകയും ചെയ്തു. കോപിഷ്ഠരായ മഹർഷിമാർ കാരണക്കാരനായ യുവാവിനെതിരെ പല സിദ്ധികളും പ്രയോഗിച്ചെങ്കിലും അവയെല്ലാം നിഷ്പ്രയോജനങ്ങളായി. പരാജിതരായ മഹർഷിമാർ യുവാവിന്റെ യഥാർത്ഥ തത്ത്വത്തെ മനസ്സിലാക്കി തങ്ങൾക്ക് ജ്ഞാനോപദേശം നല്കേണമെന്ന് അദ്ദേഹത്തോടപേക്ഷിച്ചു.

ഈ ഘട്ടംവരെ തന്റെ കവിതയെഴുതിയ ശ്രീ മുരുകനാർ ഉപദേശ ഭാഗം എഴുതാൻ താനശക്തനാണെന്നും ഭഗവാൻ മഹർഷിയാണ് അതിനുത്തമാധികാരിയെന്നും തീർച്ചപ്പെടുത്തി ഭഗവാനോട് ശേഷം ഭാഗം പൂർത്തിയാക്കുവാൻ അപേക്ഷിച്ചു. ഭക്തവത്സലനായ ഭഗവാൻ ശ്രീ മുരുകനാരുടെ തമിഴ് ഗാനത്തിന് തുടർച്ചയായി (ഉന്തിയാർ വൃത്തത്തിൽ) "ഉപദേശമുന്തിയാർ" എന്ന് 30 ശ്ലോകങ്ങൾ രചിച്ചു. ഉപദേശസാരമെന്ന ഈ കൃതിയെ പിന്നീട് ഭഗവാൻ തന്നെ സംസ്കൃതത്തിലേക്കും മലയാളത്തിലേക്കും വിവർത്തനം ചെയ്തിട്ടുണ്ട്. ആത്മീയസാധനയുടെ പരമലക്ഷ്യം ശാന്തിയും ആനന്ദവുമാണെന്നും, അത് സ്വാത്മാവിൽ നിന്നും ഭിന്നമല്ലെന്നും, മനോനാശം അഥവാ അഹന്താനാശം കൊണ്ട് മാത്രമേ അതിനെ

സാക്ഷാത്ക്കരിക്കാൻ സാധ്യമാകുകയുള്ളുവെന്നും ഭഗവാൻ ഇതിലൂടെ പഠിപ്പിക്കുന്നു. ആദ്യത്തെ മൂന്ന് ശ്ലോകങ്ങളിൽ കർമ്മമാണ് പ്രതിപാദ്യം.

ഈ ദൃശ്യപ്രപഞ്ചം യഥാർത്ഥമാണെന്നും ഇന്ദ്രിയവിഷയങ്ങളിൽ നിന്നും ശാന്തിയും സമാധാനവും നേടാൻ കഴിയുമെന്നമുള്ള അജ്ഞാനത്തിൽ നിന്നാണ് കർമ്മം ഉല്പന്നമാകുന്നത്. അശാശ്വത ഫലങ്ങളെ നൽകുന്നതും ആദ്യാവസാനത്തോടു കൂടിയതുമായ കർമ്മം ജഡമാണ്. വ്യക്തിനിഷ്ഠമായ കർമ്മത്തിന്റെ രംഗം ബാഹ്യപ്രപഞ്ചമാകകൊണ്ട് ആ കർമ്മം ഫലമണിയുന്നത് പ്രപഞ്ചഹേതുവായ ശക്തിയെ ആശ്രയിച്ചുകൊണ്ടാണ്. 'സർവൈ നിദാനം ജഗതോഽഹ്യേമശ്ച വാച്യ പ്രഭു : കാശ്ചിദപാരശക്തി : എന്ന് സദ്ദർശനത്തിൽ പറയുന്നു. കർമ്മാനുഷ്ഠാനം ഫലേച്ഛാപ്രേരിതമാകയാൽ അനന്തമായ കർമ്മപരമ്പരകളെ ഉണ്ടാക്കി മോക്ഷഗതിയെ തടയുന്നു. ദേഹവ്യാപാരങ്ങളും മാനസികമായ ചിന്തകളും കർമ്മങ്ങളാണ്. അതു കൊണ്ട് കർമ്മങ്ങൾ ചെയ്യാതെ മനുഷ്യന് ജീവിതം നയിക്കുവാൻ സാദ്ധ്യമല്ല. ഈ ജഡശരീരം കൊണ്ട് ജഡമായ ലോകത്തിൽ ചെയ്യുന്ന കർമ്മത്തിന് ഗുണമേകുന്നത് കർമ്മത്തിന്റെ പിന്നിലുള്ള ഭാവനയാണ്. കർമ്മങ്ങൾ ഫലേച്ഛേ കൂടാതെ ഈശ്വരാർപ്പണമായി ചെയ്യുന്നതായാൽ അത് ചിത്തശുദ്ധിക്കു കാരണമാകും. ചിത്തശുദ്ധി മോക്ഷദായകമാണ്. ചിത്തശുദ്ധി എന്നാൽ വാസനാക്ഷയം വന്ന മനസ്സ് എന്നാണ്. കർമ്മയോഗം ചിത്തശുദ്ധിയെ ഉണ്ടാക്കുന്നു. ആദ്ധ്യാത്മിക സാധനാനുഷ്ഠാനത്തിന് അത്യന്തം അനുപേക്ഷണീയമാണ് ചിത്തശുദ്ധി

നാലു മുതൽ ഒൻപതു വരെയുള്ള ശ്ലോകങ്ങളിൽ ഭക്തിയാണ് പ്രതിപാദ്യം ദേഹം കൊണ്ടും വാക്കുകൊണ്ടും മനസ്സു കൊണ്ടും അനുഷ്ഠിക്കാവുന്നതാണ്. കായികവും, വാചികവും, മാനസികവുമായ പൂജ, ജപം, ധ്യാനം, എന്നീ സാധനകൾ ക്രമപ്രകാരം ഉപര്യുപരി ശ്രേഷ്ഠങ്ങളാകുന്നു. ഈ ജഗത്തിനെ ഈശ്വരബുദ്ധിയോടു കൂടി സേവിക്കുന്നത് യഥാർത്ഥമായ പരമേശ്വരപൂജയായി ഭവിക്കുന്നതാണ്. ''യജ്ഞാനം ജപയജ്ഞോഽസ്മി എന്ന ഗീതാവചനത്തെ അന്വർത്ഥമാക്കുന്ന തരത്തിൽ ജപത്തെപററി പറയുന്നു. ഭഗവാനെ സ്തോത്രം ചെയ്യുന്നത് ഉത്തമം തന്നെ. എന്നാൽ അതിനെക്കാൾ ശ്രേഷ്ഠമായത് ഉച്ചതരത്തിലുള്ള ജപവും. അതിലും ശ്രേഷ്ഠം മന്ദതരമായുള്ള ജപവുമാണ്. ഇവയിലെല്ലാം വെച്ച് ശ്രേഷ്ഠമായതാണ് മാനസിക ജപം അഥവാ ധ്യാനം. ഈ ധ്യാനം നെയ്യിൻ ധാരപോലെയും നദീപ്രവാഹം പോലെയും അനർഗ്ഗളമായിരിക്കേണ്ടതാണ്. അഭ്യാസം കൊണ്ട് മനസ്സ് ദേഹബുദ്ധിയെ വെടിഞ്ഞ് 'സോഽഹം' ഭാവത്തിൽ ഉറച്ചു നില്ക്കുന്നു.

അഭിന്ന ഭാവനയുടെ ബലം കൊണ്ട് ഭാവശൂന്യമായ സദ്ഭാവത്തിൽ ഉറച്ചിരിക്കുന്നതാണ് പരാഭക്തി. ഭക്തിയോടുകൂടി തുടങ്ങുന്ന സഗുണോപാസനാ പരാഭക്തിയാകുന്ന നിർഗുണാവസ്ഥയിൽ എത്തുന്നതിനെയാണ് ഭഗവാൻ ഈ ശ്ലോകങ്ങളിലൂടെ വർണ്ണിച്ചിട്ടുള്ളത്.

പത്താം ശ്ലോകത്തിൽ ചതുർവിധ യോഗങ്ങളുടെ സൂക്ഷ്മരഹസ്യത്തെ പററി പറയുന്നു. എല്ലാ ആദ്ധ്യാത്മിക സാധനകൾക്കും പ്രഥമോപകരണമായിരിക്കുന്ന മനസ്സു കൊണ്ട് 'ഞാൻ ആര്' എന്ന് അന്വേഷണം ചെയ്ത് മനസ്സിനെ ഹൃദയത്തിൽ ലയിപ്പിക്കുന്നതാണ് കർമ്മം, ഭക്തി, യോഗം, ജ്ഞാനം എന്നീ നാലുയോഗങ്ങളുടെയും ലക്ഷ്യം. ഈ ഹൃദയം മനുഷ്യന്റെ മാർവ്വിടത്തിൽ വലത്തു ഭാഗത്തായി സ്ഥിതി ചെയ്യുന്നു എന്ന് സദ്ദർശനാനുബന്ധത്തിൽ ഭഗവാൻ സമർത്ഥിക്കുന്നു. ഈ ഹൃദയമാണ് അഹങ്കാരത്തിന്റെ ഉൽപ്പത്തിസ്ഥാനം.

അടുത്ത രണ്ടു ശ്ലോകങ്ങളിൽ പ്രാണനും മനസ്സും തമ്മിലുള്ള ബന്ധത്തെ പററി പറയുന്നു. വൃത്തികളോടുകൂടിയ മനസ്സും ചലനത്തോടുകൂടിയ പ്രാണനും മൂലശക്തിയുടെ രണ്ടു ശാഖകളാണ്. മനസ്സും പ്രാണനും ഒരേ ദിക്കിൽ നിന്നുതന്നെ ഉദിക്കുന്നു. ഇവയിൽ ഒന്നിനെ നിയന്ത്രിച്ചാൽ സ്വാഭാവികമായി മറേറതും നിയന്ത്രിക്കപ്പെടും. എന്നാൽ പ്രാണരോധനം കൊണ്ട് വലയിൽ കുടുങ്ങിയ പക്ഷിയുടെ പോലുള്ളതുപോലെ താൽക്കാലികമായ ലയാവസ്ഥമാത്രമാണ് മനസ്സിനുണ്ടാകുന്നത്. ഇവിടെ പ്രാണരോധനം കൊണ്ട് പ്രത്യവേക്ഷ പ്രാണായാമത്തെയാണ് ഭഗവാൻ അർത്ഥമാക്കുന്നത്.

പതിമൂന്നും പതിനാലും ശ്ലോകങ്ങളിൽ പ്രാണനും മനസ്സും തമ്മിലുള്ള ബന്ധത്തെ-പററി പറയുന്നു. വൃത്തികളോടുകൂടിയ മനസ്സും ചലനത്തോടു കൂടിയ പ്രാണനും മൂലശക്തിയുടെ രണ്ടു ശാഖകളാണ്. മനസ്സും പ്രാണനും ഒരേ ദിക്കിൽ നിന്നും ഉദിയ്ക്കുന്നു. ഇവയിൽ ഒന്നിനെ നിയന്ത്രിച്ചാൽ സ്വാഭാവികമായി മറേറതും നിയന്ത്രിക്കപ്പെടും. എന്നാൽ പ്രാണരോധനം കൊണ്ട് വലയിൽ കുടുങ്ങിയ പക്ഷിയുടെതുപോലെയുള്ള താൽക്കാലികമായ ലയാവസ്ഥമാത്രമാണ് മനസ്സിനുണ്ടാകുന്നത്. ഇവിടെ പ്രാണരോധനം കൊണ്ട് പ്രത്യവേക്ഷ പ്രാണായാമത്തെയാണ് ഭഗവാൻ അർത്ഥമാക്കുന്നത്.

പതിമൂന്നും പതിനാലും ശ്ലോകങ്ങളിൽ മാർഗ്ഗത്തെ പരിശോധിക്കുന്നു. മനസ്സിന് രണ്ടവസ്ഥകളുണ്ട്. ലയവും നാശവും. മനോലയം താൽക്കാലികമാണ്. ലയിച്ചു പോയ മനസ്സ് വീണ്ടും പൊങ്ങി വരുന്നു. എന്നാൽ നശിച്ചുപോയ മനസ്സിന് യാതൊരു വിധത്തിലും പുനരാവർത്തനമില്ല. പ്രാണരോധനത്താൽ ലയം പ്രാപിച്ച മനസ്സു കൊണ്ട് മനസ്സിന്റെ ഉത്ഭവസ്ഥാനത്തെ അന്വേഷിക്കുന്നതായാൽ മനസ്സ് നാശമടയും.

അടുത്ത ഒന്നു ശ്ലോകങ്ങൾ കൊണ്ട് ബ്രഹ്മനിഷ്ഠന്മാരുടെ നിലയും ആനിലയെ

പ്രാപിക്കാനുള്ള ഋജുമാർഗ്ഗമെന്തെന്നും പ്രതിപാദിയ്ക്കുന്നു.

ഈ മനസ്സ് എവിടെനിന്നു വന്നു എന്ന് അന്വേഷണം ചെയ്യുമ്പോൾ മനസ്സ് വൃത്തിരഹിതമായി ഉപരതിയെ പ്രാപിക്കുന്നു. ഇതാണ് ആത്മ സാക്ഷാത്ക്കാരത്തിനുള്ള നേരായ മാർഗ്ഗം. ഞാൻ ആർ എന്ന് അന്തർമുഖമായി അന്വേഷണം ചെയ്ത് ഹൃദയത്തിൽ സ്ഥിരനിഷ്ഠയോടുകൂടി ഇരിക്കുന്നതിനെയാണ് തത്വദർശനം എന്നു പറയുന്നത്. ഇങ്ങിനെ മനോനാശം വന്ന് ബ്രഹ്മനിഷ്ഠനായ യോഗിക്ക് ഈ ലോകത്തിൽ ചേയ്യേണ്ടതായി യാതൊരു കൃത്യവുമില്ല. സഞ്ചിതം, പ്രാരബ്ധം, ആഗാമി തുടങ്ങിയ മൂന്നു കർമ്മങ്ങളും ജ്ഞാനിക്കില്ലെന്ന് ഭഗവാൻ സദ്ദർശാനാനുബന്ധത്തിൽ വ്യക്തമാക്കിയിട്ടുണ്ട്.

പതിനെട്ടു മുതൽ അഞ്ചു ശ്ലോകങ്ങളിൽ കൂടി മനസ്സിന്റെ സ്വരൂപത്തെയും മനോനാശത്തിനുശേഷമുള്ള അനുഭവത്തെയും വിവരിക്കുന്നു.

എല്ലാം വൃത്തികൾക്കും ആശ്രയമായിരിക്കുന്നത് ''ഞാൻ'' വൃത്തിയാണ്. വൃത്തികളെയാണ് മനസ്സെന്നു പറയുന്നത്. ഞാൻ എന്നുള്ള വ്യക്തിയും മനസ്സു തന്നെ. മനസ്സിന്റെ ചലനത്തെയാണ് വൃത്തി എന്നു പറയുന്നത്. ഞാൻ എന്ന ഭാവം കൊണ്ടാണ് ചലനം ഉണ്ടാകുന്നത്. ഈ ഞാൻ എവിടെനിന്നുണ്ടായി എന്ന് അന്തർമുഖമായി അന്വേഷണം ചെയ്യുമ്പോൾ ഞാനെന്നുള്ള ഭാവം തീരെ നശിച്ചുപോകുന്നു. അഹം വൃത്തിയോ ദേഹബോധമോ ഇല്ലാത്ത ഈ അവസ്ഥയെ ജ്ഞാനം എന്നു പറയുന്നു. അഹങ്കാരം നശിക്കുമ്പോൾ അതിന്റെ ഉൽപ്പത്തിസ്ഥാനമായ ഹൃദയത്തിൽ 'അഹം' 'അഹം' എന്ന് പരീപൂർണ്ണസ്വരൂപമായ ഒരു സ്ഫുരണം തനിയേ ഉദിച്ചുയരുന്നു.

അടുത്ത രണ്ടു ശ്ലോകങ്ങളിൽ ഞാൻ, 'ദേഹം' 'ഇന്ദ്രിയം' 'പ്രാണൻ' തുടങ്ങിയ ജഡവസ്തുക്കൾ അല്ലെന്നും സുഷുപ്തിയിൽ പോലും പരിപൂർണ്ണ ബോധസ്വരൂപമായി തിളങ്ങുന്ന സദ് വസ്തുവാണെന്നും പറയുന്നു.

ഇരുപത്തിമൂന്നാം ശ്ലോകത്തിൽ ഈ സത്തിനെ പ്രകാശിപ്പിക്കാൻ അന്യമായിട്ടൊരു ചിത്തില്ലെന്നും സത്തിനെത്തന്നെയാണ് ചിത്തെന്നു പറയുന്നതെന്നും കാണിക്കുന്നു.

24-ാം ശ്ലോകത്തിൽ ജീവാത്മാവ് പരമാത്മാവ് എന്നുള്ള ഭേദം ഉപാധി നിമിത്തമുണ്ടായതാണെന്നും അവയുടെ യഥാർത്ഥസ്വരൂപത്തിൽ രണ്ടും ഒന്നു തന്നെ എന്നുപറയുന്നു.

25 ഉം 26 ഉം ശ്ലോകങ്ങളിൽ പ്രകൃതിയെന്നുള്ള ദ്വന്ദ്വഭാവത്തെ നീക്കി സ്വാത്മാവിൽ ത്തന്നെ ഉറച്ചു നിൽക്കുന്ന നിർദ്വന്ദ്വ ഭാവത്തെയാണ് തത്വ ദർശനം അഥവാ സ്വാത്മനിഷ്ഠ

എന്നു പറയുന്നത്

അടുത്ത 3 ശ്ലോകങ്ങളിൽ സ്വാത്മനിഷ്ഠന്റെ സ്ഥിതിയെ കുറിച്ച് പറയുന്നു. ജ്ഞാനവും അജ്ഞാനവും നീക്കികളയേണ്ട ഉപാധികളാണ്. അതു കൊണ്ടാണ് സ്വാത്മാവ് ജ്ഞാനത്തിനും അജ്ഞാനത്തിനും ഉപരിയാണെന്നു പറയുന്നത് . വിചാരമാർഗ്ഗത്താൽ സ്വാത്മസ്വരൂപത്തെ അന്വേഷണം ചെയ്യുമ്പോൾ മനസ്സ് അന്തർമുഖമായി അനന്തമായ സച്ചിദാനന്ദത്തിൽ എത്തിച്ചേരുന്നു. ഈ സ്ഥിതിയിൽ ദേശകാലഭേദമോ, ബന്ധമോക്ഷചിന്തകളോ ഒന്നും തന്നെയില്ല. ഇങ്ങനെയുള്ള നിലയിൽ സ്ഥിരനിഷ്ഠയോടുകൂടി ഇരിക്കുന്നവരെയാണ് ജീവൻമുക്തരെന്നു പറയുന്നത്. ഇപ്രകാരം അഹങ്കാരം പൂർണ്ണമായും നശിച്ച് സ്വാത്മ സ്വരൂപത്തിൽ സുസ്ഥിരമായി നിഷ്ഠ ചെയ്യുന്നതാണ് ഏററവും മഹത്തായ തപസ്സ് എന്ന് ഭഗവാൻ അവസാനത്തെ ശ്ലോകത്തിൽ വ്യക്തമാക്കുന്നു. " അഹമപേതകം നിജ വിഭാനകം മഹദിദം തപോ രമണ വാഗിയം"

ഓം തത് സത് ശ്രീ രമണാർപ്പണമസ്തു.

*'' 'ഞാൻ ആര്' എന്ന വിചാരത്താൽ മാത്രമെ മനസ്സടങ്ങു. 'ഞാൻ ആര്' എന്ന ചിന്ത മറ്റു ചിന്തകളെയെല്ലാം നശിപ്പിച്ച് ചുടലക്കൊള്ളിപോലെ ഒടുവിൽ താനും നശിക്കും. പിന്നീട് സ്വരൂപ ദർശനവുമുണ്ടാകും.''*

*– ഭഗവാൻ*

# മഹായോഗം

*– വി. മുരളീധരമേനോൻ*

ആധ്യാത്മികലോകത്തിലെ ഒരു അപൂർവ്വ വിസ്മയമാണ് ഭഗവാൻ രമണൻ. ഗുരുവില്ല; തപസ്സില്ല; എങ്കിലും അനാരൂഢയൗവനത്തിൽ തന്നെ പൂർണ്ണജ്ഞാനി. ഒരു മിന്നലൊളിപോലെ ചിമ്മന്നാണ് ജ്ഞാനോദയം. ആത്മാവിന്റെ അനന്തമഹസ്സിൽ സശരീരനായി 70 വർഷം തിരുവണ്ണാമലയിൽ വാണു, ഒടുവിൽ ഭൗതികദേഹം ഉപേക്ഷിച്ചു. ബ്രഹ്മലീനനായി. ഇത് കേൾക്കുമ്പോൾ നമുക്ക് വിചിത്രമായി തോന്നും. പക്ഷേ, 20–ാം നൂറ്റാണ്ടിന്റെ ആദ്യ പകുതിയിൽ നമ്മുടെ കൺമുമ്പിൽ ആടിയതാണ് ഈ മഹോദാരചരിതം.

ജനനാൽപ്രഭൃതി ജ്ഞാനികളായവരും കഠിനദീർഘമായ തപസ്സിൽ കൂടി ജ്ഞാനസിദ്ധി വന്നവരുമായ രണ്ടുതരം ജ്ഞാനികളെപറ്റി ശ്രീരാമകൃഷ്ണൻ പറയുന്നുണ്ട്. ആദ്യം പറഞ്ഞവർക്ക് ഒരു പൂമൊട്ട് പൂവായി വിടരാനുള്ള ആയാസമേ വേണ്ടൂ ജ്ഞാനസിദ്ധിക്ക്. അവർ ലോകഗുരുക്കന്മാർ. നിത്യമുക്തരായ അവർ ശരീരം എടുക്കുന്നതുതന്നെ ലോകാനുഗ്രഹത്തിന്, ലോകാനുകമ്പകൊണ്ട്. അരുണാചലശിവൻ. അചലശിവൻ, രമണൻ ചലിക്കുന്ന ശിവനും.

ബാല്യത്തിൽതന്നെ അരുണാചലം അദ്ദേഹത്തെ മുഗ്ധചേതസ്സാക്കിയിരുന്നു. അതു മലയല്ല, ദിവ്യമായ ഉൺമയാണെന്ന സഹജാവബോധം വെങ്കിട്ടരാമന് (അതായിരുന്ന ആദ്യപേര്) കുട്ടിക്കാലത്തുതന്നെയുണ്ടായിരുന്നു. ചിലപ്പോൾ ആർക്കും ഉണർത്താനാവാത്ത ഗാഢനിദ്രയിൽ അദ്ദേഹം ലയിക്കും. സമാധി എന്നാണ് ഇതിനുള്ള സാങ്കേതികപദം. ലോകബാഹ്യനായി, ഉദാസീനനായി, അന്തർമുഖനായി ഏതാണ്ട് 16 വയസ്സുവരെ അദ്ദേഹം കഴിഞ്ഞു.

മരണം നമുക്ക് ഭയങ്കരമായൊരു പ്രഹേളികയാണ്. അതു നമ്മെ തളർത്തുന്നു. പക്ഷേ, വെങ്കട്ടരാമന് അത് ഉൺമയുടെ രഹസ്യഭേദനമായിരുന്നു. 16 വയസ്സുള്ളപ്പോൾ ഒരുനാൾ പെട്ടെന്ന് മരണചിന്ത, ഭയം അദ്ദേഹത്തെ ആവേശിച്ചു. പക്ഷേ, ഇത് ഇത്തിരി നേരം മാത്രം. പെട്ടെന്ന് കുട്ടി സ്വയം ചോദിച്ചു : "ആരു മരിക്കുന്നു, എന്താണ് മരിച്ചില്ലാതാകുന്നത്? ബന്ധുക്കൾ വന്ന് മരിച്ചുപോയ ശരീരം ചുടലക്കളത്തിൽ കൊണ്ടുപോയി ദഹിപ്പിക്കും. അതോടെ ശരീരം വെണ്ണീറായി. പക്ഷേ, ഈ ശരീരത്തോടൊപ്പം "ഞാനും" മരിക്കുമോ ? ഈ " ഞാൻ" ശരീരമോ ശരീരഭിന്നമോ? ശരീരഭിന്നമെങ്കിൽ അതു മരിക്കുന്നില്ലേ". ഇതൊന്നഭിനയിച്ചു നോക്കാനായി പിന്നെയുള്ള ശ്രമം. ശരീരം നിശ്ചലമാക്കി, പ്രാണനെ നിരോധിച്ച് ജഡം പോലെ കിടന്നു. ശരീരത്തിന്റെ സമസ്ത

ശക്തികളും പ്രത്യാഹരിച്ച് മനസ്സിലടക്കി, അതിനെ അന്തർമുഖമാക്കി ഉള്ളിന്റെ ആഴങ്ങളിലേക്ക് തിരിച്ച് വിട്ടപ്പോൾ, എല്ലാത്തിനും പരമാസ്പദമായ ആത്മ ചൈതന്യത്തിൽ അത് വിലയിച്ചു. മനസ്സില്ലെങ്കിൽ, അഹമില്ല; അഹമില്ലെങ്കിൽ ദൃശ്യപ്രപഞ്ചവുമില്ല. അവയെല്ലാം നിഴലുകൾ. ഇതെല്ലാം അദ്ദേഹമുണർന്നുകിടന്നു കണ്ടറിഞ്ഞതാണ്. അവ്യയ ദിവ്യമായ ഈ സത്തയാണ് സത്യം. അത് ഏകം, നിത്യം, ബോധാനന്ദസ്വരൂപം. അല്പ നേരത്തെ മരണാഭിനയത്തിൽ കൂടി വെങ്കിട്ടരാമൻ രമണമഹർഷിയായി. ഈ പൂർണ്ണ സത്യത്തിന്റെ നിറവെളിച്ചത്തിൽ അദ്ദേഹം അനുനിമിഷം ജീവിച്ചു. പിന്നീട് തിരുവണ്ണാമലയിൽ ഞാനെന്ന ഭാവമറ്റ അവസ്ഥയിൽ, സഹജസമാധിയിൽ, ഏതു പൊഴുതും അദ്ദേഹം കഴിഞ്ഞു. ഈ ലോകവും ജീവസമൂഹവും തന്റെ ആത്മാവിഷ്ക്കാരമായി അദ്ദേഹം കണ്ടു. എല്ലാ വ്യാപാരങ്ങളിലും സമ്പർക്കങ്ങളിലും, സംഗീതത്തിലെ ശ്രുതി പോലെ, ഈ സർവ്വാത്മൈക്യബോധം സ്ഫുടമായി പ്രകാശിച്ചുകൊണ്ടിരുന്നു. 70 വയസ്സ് കഴിഞ്ഞപ്പോൾ ഈ ഭൗമജീവിതം അവസാനിച്ചു.

രമണമഹർഷി പുതുതായി ഒന്നും പറഞ്ഞിട്ടില്ല. സത്യത്തിനുണ്ടോ പുതുമയും പഴമയും, അത് സനാതനം. പക്ഷെ, അദ്ദേഹം അത് പുനരാവിഷ്ക്കരിച്ചു, മതത്തിന്റെ ശൈലിയിലല്ല, ശുദ്ധശാസ്ത്രത്തിന്റെ സൂക്ഷ്മതയോടെ.

"ഞാൻ ആര്?" എന്നതുതന്നെ മഹർഷയുടെ ഉപദേശങ്ങളുടെയെല്ലാം സാരരൂപം. നമ്മിലുള്ള യഥാർത്ഥ "ഞാൻ'' ജാഗ്രത്സ്വപ്നസുഷുപ്തികളിൽ മാറി മറയുന്ന "ഞാൻ" അല്ല. അത് ശുദ്ധനിത്യമായ ബോധസ്വരൂപം. അകത്തും പുറത്തുമുള്ള എല്ലാ ദൃശ്യങ്ങൾക്കും വ്യാപാരങ്ങൾക്കും അത് നിത്യസാക്ഷി. തന്റെ അഹവും ലയിച്ചടങ്ങുന്ന ഗാഢനിദ്ര കഴിഞ്ഞുണരുമ്പോൾ, താൻ സുഖമായി ഉറങ്ങി എന്നു പറയുന്നതും നാം വ്യവഹരിക്കുന്ന "ഞാൻ" ഇല്ലാത്ത നിദ്രയ്ക്കും സാക്ഷിയായി യഥാർത്ഥമായ "ഞാൻ" ഉള്ളതുകൊണ്ടാണ്. ഈ "ഞാൻ" സർവ്വസാക്ഷിയാണ്, സർവ്വത്തിനുമാധാരവുമാണ്. അതാണെന്റെ സത്യം, ഉണ്മ; ബാക്കിയെല്ലാം വന്നും പോയുമിരിക്കുന്ന പ്രതിഭാസങ്ങൾ. മഹർഷി പറയുന്നു: ''നിങ്ങൾ സ്വയം ചോദിക്കുക": ആരാണ് ഈ "ഞാൻ" ? "ഞാൻ" എന്നു പറയുമ്പോൾ അത് എവിടെ നിന്ന് വരുന്നു എന്നന്വേഷിക്കുക. ഈ ഉല്പത്തി വിചാരത്തിൽ മനസ്സിനെ നിർത്തുക, കടന്നു വരുന്ന മറ്റു ചിന്തകളെല്ലാം തള്ളിനീക്കുക. ഈ പ്രക്രിയ പെട്ടെന്നോ പിന്നീടോ നിങ്ങളെ ആത്മസാക്ഷാത്ക്കാരത്തിൽ കൊണ്ടെത്തിക്കും".

"ഞാൻ" ആര് ? എന്ന ആത്മവിചാരം ഏകാഗ്രതയോടെ പിൻതുടരുമ്പോൾ, കടന്നൽകൂട് ഇളകിയതുപോലെ എണ്ണമറ്റ ചിന്തകൾ പറന്നുയർന്ന് നമ്മെ ഇളക്കും, വലയ്ക്കും. പക്ഷെ, അവയ്ക്കും ആസ്പദം ഈ "ഞാൻ" ആണ്. ഓരോ ചിന്ത പൊന്തി

വരുമ്പോഴും സ്വയം ചോദിക്കുക,''ആരുടേതാണ് ഈ ചിന്ത?'' ഉത്തരം വ്യക്തം. ഞാൻ ഇല്ലെങ്കിൽ ഇവയൊന്നുമില്ല. ഈ ഞാൻ ആര്, എവിടെ നിന്നുണ്ടായി? മഹർഷി ഉപദേശിക്കുന്നു: "നിങ്ങളെ വ്യതിചലിപ്പിക്കുന്ന ചിന്തകളുടെ വൈവിധ്യം, ബാഹുല്യം– കണ്ട് നിരാശരപ്പെടരുത്. മുമ്പ് പറഞ്ഞ മാർഗ്ഗം വിശ്വാസത്തോടും പ്രതീക്ഷയോടും പിൻതുടരുക, നിശ്ചയമായും നിങ്ങൾ വിജയിക്കും''. ഇതിന് വേണ്ടത് മനസ്സിന്റെ അന്തർമുഖീകരണവും ഏകാഗ്രശ്രമവുംതന്നെ. ചിന്തകൾ ഒന്നൊന്നായി ഒഴിയുമ്പോൾ, കോളിളക്കം അടങ്ങി മനസ്സ് ശാന്തമാകുമ്പോൾ, നാം വ്യവഹരിച്ചുനടക്കുന്ന നമ്മുടെ "അഹം", "മനസ്സ്" വിലയിക്കുന്നു. നമ്മുടെ ആത്മസ്വരൂപം ഞാനെന്ന ശുദ്ധബോധമായി ഹൃദയത്തിൽ സ്ഫുടപ്രകാശം ചെയ്യുന്നു. മനസ്സിന് , ബുദ്ധിയ്ക്ക് ആത്മാവിനെ ആവിഷ്ക്കരിക്കാനാവില്ല. മനസ്സ് നിർവ്യാപാരവും ശാന്തവുമാകുമ്പോൾ ആത്മാവ് സ്വയം പ്രകടമാകുന്നു. ബഹിർമുഖമായ മനസ്സിനെ അന്തർമുഖീകരിക്കുമ്പോൾ, സത്യജിജ്ഞാസ ഉണരുമ്പോൾ, ഏകതാനമായ സാധന തുടരുമ്പോൾ ആത്മാവിന്റെ സാക്ഷാത്ക്കാരമുണ്ടാകും. ആത്മാവാണ് നമ്മുടെ ഉണ്മ, അതാണ് അവ്യയമായ ശാന്തിയും ആനന്ദവും. ആത്മാവ് നമ്മിൽ നിത്യവർത്തി ; അതിനെ മറയ്ക്കുന്ന മറകൾ നീങ്ങുമ്പോൾ അത് സ്വയം അഭിവ്യക്തമാകുന്നു. ബുദ്ധികൊണ്ടറിയുന്നത് വെറുതെ. ആത്മാനുഭവമാണ് വേണ്ടത്. ഇത് എല്ലാവരുടേയും ജന്മാവകാശമാണ്. സ്വാനുഭൂതിയിൽകൂടി സ്വന്തം സത്യം അറിയുന്നതുതന്നെ ജീവിതത്തിന്റെ പരമസാഫല്യം. അന്തരംഗത്തിൽ പെരുകിവരുന്ന വൃത്തികളെ അടക്കുകതന്നെ ഒരേ ഒരു മാർഗ്ഗം. സങ്കല്പവികല്പങ്ങളുടെ ഒരു കടും കെട്ടാണ് മനസ്സ്. അവയുണ്ടെങ്കിൽ നാമും നമുക്ക് ബാഹ്യമായ ജീവസമൂഹവും ഈ ലോകവും ജനിമൃതികളുമൊക്കെയുണ്ട്. ആത്മനിഷ്ഠമല്ലാത്ത ഓരോ കർമ്മവും കെട്ടുകളെ ബലപ്പെടുത്തും. അഹത്തെ വളർത്തും ബഹിർമുഖമായ മനസ്സ്തന്നെ ലോകം. അന്തർമുഖമായ മനസ്സിന്റെ പ്രാപ്യസ്ഥാനം ചിദാനന്ദമാത്രമായ ആത്മാവും. ആത്മാവിൽ നാം ഉണരുമ്പോൾ ലോകവും ലോകജീവിതവും സ്വപ്നമെന്ന് നാമറിയും. ആത്മാവ് പൂർണ്ണം, ശുദ്ധം, ശാന്തം. സർവ്വാധിഷ്ഠാനമായ ആത്മാവിന്റെ ആഴങ്ങളിലേക്കുള്ള നിമജ്ജനമാണ് മഹർഷി ഉപദ്ദേശിക്കുന്നത്. ലോകവും അതിലെ ചഞ്ചലസുഖങ്ങളും കാമനകളും അവയുടെ പൂരണങ്ങളുമായി ഈ കാലമത്രയും ഭ്രമിച്ചുകഴിഞ്ഞ ബഹിർമുഖമനസ്സിനെ അന്തർമുഖമാക്കുക, ആത്മാഭിമുഖമാക്കുക, അതിൽ പ്രതിഷ്ഠിക്കുക. ഇതാണ് മഹർഷി ഉപദേശിക്കുന്ന മഹായോഗം. നമ്മിൽ പുലരുന്ന നിത്യനിരതിശയമായ സത്യത്തിന്റെ അനുസന്ധാനവും സാക്ഷാത്ക്കാരവുംതന്നെ അത്.

അനാദിയാണ് ഈ വിദ്യ. എത്രയോ മുമുക്ഷുക്കൾ ഈ മാർഗ്ഗത്തിൽ കൂടി ചരിച്ച് സത്യപദത്തിലെത്തിയിരിക്കുന്നു. പ്രാക്തനമായ ഈ ജ്ഞാനത്തെ- ആത്മവിദ്യയെ ശ്രീശങ്കരൻ 'വിവേകചൂഡാമണി'യിൽ ഇങ്ങനെ നിർവചിക്കുന്നു:-

ജാഗ്രത് സ്വപ്ന സുഷ്പുതിഷു സ്ഫുടതരം

യോ/സൗ സമുജ്ജൃംഭതേ

പ്രത്യഗ്രൂപതയാ സദാഹമഹമിത്യന്തഃ

സ്ഫുരന്നേകധാ

നാനാകാര വികാരഭാഗിന ഇമാൻ

പശ്യന്നഹം ധീമുഖാൻ

നിത്യാനന്ദ ചിദാത്മനാ സ്ഫുരതി തം

വിദ്ധി സ്വമേതം ഹൃദി -

"സർവാന്തര്യാമിയായി സർവ്വനേരവും "ഞാൻ ഞാൻ" എന്നിങ്ങനെ ഏകരൂപമായി പ്രകാശിച്ചുകൊണ്ടിരിക്കുന്നതും, നാനാവിധരൂപങ്ങളെയും വികാരങ്ങളെയും സ്വീകരിക്കുന്ന അഹങ്കാരാദി ദേഹാന്തമായ ഈ കോശങ്ങളെ കണ്ടുകൊണ്ടിരിക്കുന്നതും, ജാഗ്രത് സ്വപ്ന സുഷുപ്ത്യവസ്ഥകളിൽ അതിസ്ഫുടം പ്രകാശിച്ചുകൊണ്ടിരിക്കുന്നതും, ആനന്ദസ്വരൂപമായി ഹൃദയത്തിൽ പ്രകാശിക്കുന്നതുമായ ഇതിനെ സ്വന്തം ആത്മാവെന്ന് നീ അറിയൂ.

ആധുനികകാലത്ത് അവതീർണ്ണനായ ഭഗവാൻ രമണൻ ശുദ്ധവും ഋജുവുമായ ഈ മാർഗ്ഗത്തെ കാലത്തിൽകൂടി കടന്നുവന്ന എല്ലാ ജഡിലതകളിൽ നിന്നും സാങ്കേതികതകളിൽനിന്നും മോചിപ്പിച്ച് സർവ്വാഭിഗമ്യമാക്കിത്തീർത്തു. മതവും ജാതിയും ദേശവും ഭാഷയുമൊന്നും ഇല്ലാത്ത ഈ ശുദ്ധമാർഗ്ഗം സാർവ്വജനീനമാണ്. ഒന്നു തീർച്ച. ശിവ സ്വരൂപനായ ശ്രീരമണന്റെ കൃപ മുമുക്ഷുവായ സാധകനുണ്ടായിരിക്കും. മഹായോഗ മാർഗ്ഗത്തിന്റെ സാരസ്വരൂപനിർവ്വചനം ഉദ്ധരിച്ചുകൊണ്ട് ഇത് അവസാനിപ്പിക്കട്ടെ:-

ഹൃദയ കുഹരമദ്ധ്യേ കേവലം ബ്രഹ്മമാത്രം

ഹ്യഹമഹമിതി സാക്ഷാദാത്മരൂപേണഭാതി;

ഹൃദിവിശമനസാസ്വം ചിന്വതാ മജ്ജതാവാ

പവനചലനരോധാദാത്മനിഷ്ഠോ ഭവത്വം

(രമണഗീതാ 2.2)

ഓം തത് സത് : ശ്രീരമണാർപ്പണമസ്തു

# മഹർഷിയുടെ നർമോക്തികൾ

***– തുളസീതീർത്ഥൻ.***

വാലുപോയ *'വാ-നര'*നാണ് *'നര'*നെന്ന് പരിണാമവാദം സിദ്ധാന്തിക്കുന്നു ! ശരിയായിരിക്കാം; കാരണം വിവേകം നഷ്ടപ്പെടുന്ന മനുഷ്യൻ കാട്ടിക്കൂട്ടുന്ന വിക്രിയകൾ കുരങ്ങന്റെ ചാപലൃത്തെക്കൂടെ നാണിപ്പിക്കുന്നവയാണെന്നത് സർവ്വസമ്മതമാണല്ലോ? മറിച്ച്, 'ബ്രഹ്മാവലോകധിഷണ'യോടു കൂടിയ മനുഷ്യന്, വിവേകിയും വിചാരശീലനുമായ *'നര'*ന്, *'നാരായണ'*നായിത്തീരാനും കഴിവുണ്ടെന്നാണ് അഭിജ്ഞമതം. അത്യപൂർവ്വമായ ആ സിദ്ധിവിശേഷത്തിന്റെ ഉത്തമ ദൃഷ്ടാന്തമാണ് വെങ്കിട്ടരമണനെന്ന സാധാരണക്കാരൻ ശ്രീരമണമഹർഷിയായിത്തീർന്ന ചരിത്ര സംഭവം. 'മരിക്കുന്നതാരാണ്', എന്നറിയാനുള്ള ആഗ്രഹമാണല്ലോ,താൻ ജനനമരണങ്ങളില്ലാത്ത ആത്മാവാണെന്ന ബോധമുദിക്കാൻ ഇടയാക്കിയത്. മഹർഷിയുടെ ആ ആദ്യാനുഭവം, 'ജിജ്ഞാസുരപി യോഗസ്യ,ശബ്ദബ്രഹ്മാതിവർത്തതേ' എന്ന ഗീതാവാകൃം സാർത്ഥകമാക്കുന്നതായിരുന്നു. പിന്നീട്, അരുണാചല!' എന്ന വാക്ക് കേട്ടതോടെ, മുമ്പ് തനിക്കുണ്ടായ അന്തഃപ്രബോധം വളരാനും ഉറയ്ക്കാനും ഇടയായി.

ഏറെത്താമസിയാതെ 'ത്യക്ത്വാഗൃഹേ രതിമധോഗതിഹേതുഭൂതാം, ആത്മേച്ഛയാ, 'അദ്ദേഹം തപസ്സനുഷ്ഠിക്കാൻ പോവുകയാണല്ലോ ഉണ്ടായത്. ഭൂമിയിലേക്ക് അതിവേഗം പതിച്ചുകൊണ്ടിരിക്കുന്ന തന്റെ സർവ്വ നാശത്തെ ഭയന്ന്, സുരക്ഷിതമായ തന്റെ ഉത്ഭവസ്ഥാനത്തേക്ക്, ആകാശത്തിന്റെ അത്യുന്നത പദവിയിലേക്ക് പറന്നുയരുന്ന വേദപ്രസിദ്ധമായ ഹോമപ്പക്ഷിക്കുഞ്ഞിന്റെ കഥയെയാണ് ഇതോർമ്മിപ്പിക്കുന്നത്. സ്കന്ദ ഗുഹയിലും പാതാള ഗുഹയിലും മറ്റും അനുഷ്ഠിച്ച തീവ്രവും ദീർഘവുമായ തപസ്സ് വെങ്കിട്ടരമണനെ ഭഗവാൻ രമണ മഹർഷിയാക്കി. സ്വാതിനക്ഷത്രത്തിൽ പെയ്യുന്ന മഴയിലെ ഒരു തുള്ളി വെള്ളം സ്വീകരിച്ചുകൊണ്ട് സമുദ്രത്തിന്റെ അടിത്തട്ടിൽ ഏറെക്കാലം കഴിയുന്ന മുത്തു-ച്ചിപ്പി അമൂല്യമായ പവിഴമായി സ്വയം രൂപാന്തരപ്പെടുന്നതുപോലെയായിരുന്നു അദ്ദേഹത്തിൽ കാണപ്പെട്ട മാറ്റം. അല്പജ്ഞനായ മർത്ത്യൻ സർവ്വജ്ഞനും അമൃതസ്വരൂപനുമായ ഈശ്വരനായിത്തീരുന്ന അത്ഭുതകരമായ കാഴ്ചയായിരുന്നു അത്.

ഭഗവാൻ രമണമഹർഷിയെ 'ആത്മന്യേവാത്മനാതുഷ്ടഃ സ്ഥിത പ്രജ്ഞ'നായും, സർവ്വസംകല്പസന്യാസി യോഗാരൂഢനായും,' ഉദാസീനവദാസീന:...... സർവ്വാരംഭപരിത്യാഗീ ഗുണാതീതനായും കാണാവുന്നതാണ്. കൂടാതെ, അദ്ദേഹത്തെ 'മൌനവ്യാഖ്യാ പ്രകടിത പരബ്രഹ്മതത്ത്വ ' സ്വരൂപനായ ശ്രീ ദക്ഷിണാ മൂർത്തിയായും, ലീനധീരപി ജാഗർത്തി, ജാഗ്രദ്ധർമ്മവിവർജ്ജിത'നായ ജീവന്മുക്തനായും മറ്റും, വിശേഷിപ്പിക്കാവുന്നതാണ്. അദ്ദേഹം പലവിധ കർമ്മങ്ങളിൽ – ഉണ്ണുക, ഉറങ്ങുക,

ഇരിക്കുക, നടക്കുക, സംസാരിക്കുക തുടങ്ങിയവ – ഏർപ്പെടുന്നതായി കാണപ്പെടുമ്പോഴും, മഹർഷിയുടെ സ്ഥായിയായ ഭാവം സഹജാവസ്ഥയാണ്. അതായത്, ബ്രഹ്മദേവൻ, സനകാദികൾ, ശ്രീ ശുകൻ തുടങ്ങിയ ബ്രഹ്മ സ്വരൂപികളെ പ്പോലെ, ബ്രഹ്മഭാവം വിട്ട് അരനിമിഷം പോലും സ്ഥിതിചെയ്യാത്ത നിലയാണ് സഹജാവസ്ഥ –"നിമേഷാർധം ന തിഷ്ഠന്തി വൃത്തിം ബ്രഹ്മമയീം വിനാ/യഥാ തിഷ്ഠന്തി ബ്രഹ്മാദ്യാഃ സനകാദ്യാഃ ശുകാദയഃ'' . ഇതായിരുന്നു മഹർഷിയുടെ അനവദ്യ സുന്ദരമായ ' സ്വഭാവ സ്ഥിതിയെന്ന് അദ്ദേഹവുമൊത്ത് ജീവിച്ച ഭാഗ്യവാന്മാരുടെ ഏകാഭിപ്രായം.

ഈ ഉന്നതപദവി ആരിലും അത്ഭുതാദരങ്ങൾ ഉണർത്തുമെന്നത് നിസ്തർക്കമാണ്. എന്നാൽ, കൌതകമുണർത്തുന്ന സംഗതി മറ്റൊന്നാണ് – മഹർഷിയുടെ നർമ്മഭാവവും നർമ്മോക്തികളും ! ബ്രഹ്മാദികൾ ഫലിതം പറഞ്ഞതായിട്ടറിവില്ല: ശ്രീരാമനേയും വസിഷ്ഠ – വാത്മീകി – വ്യാസ – ശങ്കരാദി ലോകാചാര്യന്മാരേയും ഗൗരവക്കാരായി സങ്കൽപ്പിക്കാനേ നമുക്കാവൂ. നേരെ മറിച്ച്, ശ്രീകൃഷ്ണനേയും ശ്രീ നാരദനേയും കളി – ചിരി – തമാശയില്ലാത്തവരായി സങ്കൽപ്പിക്കാനാണ് വിഷമം. ഇക്കാലത്താവട്ടെ, ശ്രീരാമകൃഷ്ണദേവൻ, ചട്ടമ്പി സ്വാമികൾ, നാരായണഗുരു, വിവേകാനന്ദസ്വാമികൾ, ശ്രീ സത്യ സായിബാബ എന്നിവരുടെ വാക്കും പ്രവർത്തിയും എല്ലാം നർമ്മ രസത്തിൽ ചാലിച്ചെടുത്തവയാണ്. പക്ഷെ തപോവന സ്വാമികളും, അരവിന്ദഘോഷും, രാമദാസ സ്വാമികളും മറ്റും ഫലിതം പറഞ്ഞതായി പ്രസിദ്ധിയില്ല. ഈശ്വരതുല്യമായ ദിവ്യ പ്രാഭാവത്തോടൊപ്പം മനുഷ്യസഹജമായ നർമ്മ ഭാവവും , ദുർലഭമായി എങ്കിലും ഫലിതം പറയുന്ന സ്വഭാവവും മഹർഷിയിലുണ്ടായിരുന്നതായി കാണാം. എന്നാൽ, അവ ' ആപാതമധുര'ത്തേക്കാൾ 'ആലോചനാമൃത'മായിരുന്നു. എന്നതാണ് അവയുടെ സവിശേഷത. ചില ഉദാഹരണങ്ങളിതാ :–

ഒരു ദിവസം ഉച്ചതിരിഞ്ഞ്, ആശ്രമത്തിലെ അന്തേവാസികൾക്കെല്ലാം പിറ്റേദിവസത്തെ ഉത്സവത്തിനു വേണ്ട സാമഗ്രികൾ സംഭരിക്കാനായി പുറത്തേക്ക് പോകേണ്ടി വന്നു. രാത്രിയായിട്ടും ആർക്കും മടങ്ങിയെത്താനുമായില്ല. ഇതറിഞ്ഞായിരിക്കാം, ഈ തക്കം നോക്കി, ചില കള്ളന്മാർ ആശ്രമത്തിൽ കയറി മോഷണമാരംഭിച്ചു. അപ്പോഴാണ് ഇതെല്ലാം നോക്കിയിരിക്കുന്ന മഹർഷിയെ കള്ളന്മാർ കാണാനിടയായത്. മൗനിയെങ്കിലും ആപൽക്കാരിയാകാമെന്നു ഭയന്ന അവർ മഹർഷിയെ പ്രഹരിക്കുകയും കെട്ടിയിടുകയും ചെയ്തശേഷം, മോഷ്ടിച്ച സാധനങ്ങളുമായി ആശ്രമം വിടുകയും ചെയ്തു. അധികം താമസിയാതെ മടങ്ങിയെത്തിയ അന്തേവാസികൾ, 'ബന്ധന വിമുക്ത'നാക്കിയ മഹർഷിയോട് 'എന്തുണ്ടായി' യെന്ന് അന്വേഷിച്ചപ്പോൾ, മഹർഷി അവരോട് സൗമ്യമായി മറുപടി പറയുകയാണ് : ഉങ്കൾ സ്വാമിക്കും കിടച്ചാച്ച് പൂശൈ! "പൂശൈ' എന്ന പദം 'പൂജ' എന്നും "പ്രഹരം" (അടി) എന്നും ദ്വയാർത്ഥത്തിലാണ് പ്രയോഗിച്ചിട്ടുള്ളത്.

"തുല്യനിന്ദാസ്തുർതിമൌനീ', 'മാനാവമാനയോസ്തുല്യത' തുടങ്ങിയ ഗീതാ വാക്യങ്ങളെ വ്യാഖ്യാനിക്കുമ്പോൾ ആചാര്യസ്വാമികൾ 'ചീത്ത പറഞ്ഞാലും, ശരീരത്തിൽ മലിന വസ്തുക്കളിട്ടാലും, ശാരീരികമായി പീഢിപ്പിച്ചാലും' സമഭാവനയും തിതിക്ഷയും പരിശീലിക്കാൻ കഴിവുള്ള അവസ്ഥയെ ഗുണാതീതന്റെയും ഉത്തമ ഭക്തന്റേയും ജ്ഞാനിയുടേയും മറ്റും ലക്ഷണമായി ചൂണ്ടിക്കാണിക്കുന്നുണ്ട്. മഹർഷി സ്വജീവിതത്തിലൂടെ പഠിപ്പിച്ചതും ഇതു തന്നെയാണ്.

ഒരു സത്സംഗവേളയിൽ തുടരെത്തുടരെ ചോദ്യങ്ങൾ ചോദിച്ചുകൊണ്ടിരുന്ന ഒരു 'ജിജ്ഞാസു' വിനോട് മഹർഷി പുഞ്ചിരിച്ചുകൊണ്ടു പറയുകയാണ്: ***ഇവിടേയും*** ചോദ്യങ്ങളെക്കൊണ്ട് ബുദ്ധിമുട്ടിക്കുകയാണ്, അല്ലേ? ആ പഴയശീലംകൊണ്ട് ***ഇവിടെ*** ഒരു പ്രയോജനവും ഉണ്ടാവുകയില്ല. ചോദ്യ കർത്താവ് മഹർഷിയുടെ പഴയ കണക്കുമാസ്റ്ററായിരുന്നു ! "ലാഭവും നഷ്ടവും " എന്ന ഭാഗത്തിൽ ഇടതടവില്ലാതെ ചോദ്യങ്ങൾ ചോദിച്ച് അന്ന് മഹർഷിയെ കണക്കറ്റ് ബുദ്ധിമുട്ടിച്ചിരുന്ന ആ മാസ്റ്ററെ തിരിച്ചറിയാൻ മഹർഷിക്ക് ഒട്ടും വിഷമമില്ലായിരുന്നു. മഹർഷി കണക്കിൽ മോശമായിരുന്നു; എന്തു ഉത്തരം കിട്ടിയാലും തൃപ്തിയില്ലാതെ വീണ്ടും ചോദിക്കുക മാസ്റ്ററുടെ ശീലവുമായിരുന്നു. ലാഭനഷ്ടങ്ങളോ, ചോദ്യോത്തരങ്ങളോ, തർക്കവിതർക്കങ്ങളോ ***ഇവിടെ***, ആദ്ധ്യാത്മിക രംഗത്തിൽ, നിഷ്പ്രയോജനങ്ങളാണെന്നു സൂചന – " ന തർക്കേണ മതിരാപനീയ....' വിചാരസാധന ചെയ്താലേ ഫലപ്രാപ്തിയുണ്ടാവൂ എന്നു താല്പര്യം.

വേറൊരു സന്ദർഭത്തിൽ, അടുക്കളയിൽ നിന്ന് വെപ്പുകാർ തമ്മിൽ ലഹള കൂട്ടുകയായിരുന്നു. ഒരുത്തൻ അട്ടഹസിക്കുന്നു, ''നാൻ യാർ തെരിയുമാ '' ? മറ്റവനും വിട്ടു കൊടുത്തില്ല, നാൻ യാരെന്റ്റു ഉനക്കുത്തെരിയുമാ '' ? കോലാഹലം അല്പം ശമിച്ചപ്പോൾ അവരെ വിളിച്ചു വരുത്തി മഹർഷി അവരോട് ശാന്തമായി പറഞ്ഞു: നിങ്ങൾക്കു രണ്ടു പേർക്കും അറിയേണ്ടത് ' ***ഞാനാര്?*** ' എന്നാണല്ലോ. എല്ലാവരും അറിഞ്ഞിരിക്കേണ്ടതും ***'ഞാൻ ആര്?*** ' എന്നതുതന്നെയാണ്. അത് അറിയാനാണ് ഇവിടെ എല്ലാവരും വന്നുചേരുന്നത്. എന്നാൽ അവനവനു മാത്രമേ ഞാനാരെന്ന് അറിയാനാവൂ, മറ്റാർക്കുമാവില്ല. മാത്രമല്ല, ഒച്ചയിട്ടാൽ അതറിയാനുമാവില്ല; നിശബ്ദമായി, അവനവന്റെ ഉള്ളിലേക്കിറങ്ങി അന്വേഷിച്ചാലേ ഞാനാരെന്ന് അറിയാനാവൂ. ഈ ഉപദേശം വെപ്പുകാർക്ക് പ്രയോജനപ്പെട്ടുവോ എന്നറിയില്ല. എന്നാൽ, അതുകേട്ടിരുന്ന മിക്കവർക്കും, മരിക്കുന്നതുവരെ മറക്കാനാവാത്ത ആ ഉപദേശത്തിന്റെ ലളിതവും ഗംഭീരവുമായ അർത്ഥം പ്രയോജനപ്പെട്ടുവെന്ന് രേഖപ്പെടുത്തപ്പെട്ടിട്ടുണ്ട്.

മഹർഷിയുടെ പിറന്നാളാഘോഷിക്കാൻ തിരക്കിട്ട ഏർപ്പാടുകൾ നടന്നുകൊണ്ടിരിക്കെ അതൊക്കെ എന്തിനാണെന്ന് ആരാഞ്ഞ അദ്ദേഹത്തോടു ഭക്തന്മാർ പറഞ്ഞു, ' "ഭഗവാന്റെ പിറന്നാൾ നാളെ ആഘോഷിക്കുകയാണ് ; അതിന്റെ തിരക്കാണിതെല്ലാം" മഹർഷി ചോദിച്ചു: ഭഗവാന് പിറന്നാളോ? അത് ആഘോഷിക്കേണ്ട കാര്യമാണോ ? ആഘോഷിക്കേണ്ടത് മരണ നാളാണ്. നാളെ അത് ആഘോഷിച്ചാലെന്താണ് ? രണ്ടും ഒരു പോലെതന്നെയല്ലേ? ജീവന്മുക്തന് ജനനമരണങ്ങളില്ലല്ലോ. സൂര്യനെ സംബാന്ധിച്ചിടത്തോളം ഉദയാസ്തമനങ്ങൾ ഉണ്ടോ? (ഏതിനെയാണ് ആഘോഷിക്കാനുള്ള ഉത്സവമായി സൂര്യൻ കണക്കാക്കുക) എന്ന് മറ്റൊരവസരത്തിലും മഹർഷി അഭിപ്രായപ്പെട്ടിട്ടുണ്ട്. മഹാത്മജീയുടെ ദൂതനായിവന്ന ഡോ.രാജേന്ദ്ര പ്രസാദ്,യുദ്ധക്കെടുതികളിൽ നിന്ന് ലോകത്തെ രക്ഷിക്കാനുള്ള വഴിയെന്തെന്ന് ഉപദേശിക്കാൻ മഹർഷിയോട് അഭ്യർത്ഥിച്ചപ്പോൾ അദ്ദേഹം ഇത്രമാത്രം പറഞ്ഞ് മൗനം പൂണ്ടു: ലോകമോ? അതെവിടെയാണ്? ആത്മാവല്ലാതെ ലോകം എന്നൊന്നുണ്ടോ? ഇല്ലാത്തതിനെപ്പററിയല്ല, ഉള്ളതിനെപ്പററിയാണ് വിചാരം ചെയ്യേണ്ടത്, വ്യാകുലപ്പെടേണ്ടതെന്ന് താല്പര്യം.

ഓം തത്സത്: ശ്രീ രമണാർപണമസ്തു.

''വിചാര മാർഗ്ഗത്തിൽ 'ഞാൻ' എന്നഭിമാനിക്കുന്ന സ്ഥാനമത്തെ
അന്വേഷണം ചെയ്തറിഞ്ഞാൽ മിഥ്യയായ ഞാൻ
അദൃശ്യമായി ഭവിക്കും''

– ഭഗവാൻ

# അദ്വൈതം

പ്രൊഫ. ജി. പുരുഷോത്തമൻ

മാനവരാശി ഈ ഭൂമുഖത്ത് ഉദ്ഭവിച്ച കാലം മുതൽ കാലാകാലങ്ങളിലായി ഓരോ അദ്ധ്യാത്മിക പ്രതിഭാസങ്ങൾ ഉണ്ടായിക്കൊണ്ടിരിക്കുന്നുണ്ട്. മനുഷ്യരാശിയുടെ ഉന്നമനത്തിനായി ഈശ്വരന്റെ പ്രതിപുരുഷന്മാരായി പ്രബുദ്ധാത്മക്കളായ ഋഷികളും യോഗികളും ആത്മീയ പുരുഷന്മാരും അവതരിക്കുന്നു. അത്തരത്തിലുള്ള ഒരു ആത്മീയാചാര്യനാണ് ശ്രീ രമണ മഹർഷി. മാനവ സംസ്ക്കാരമാകുന്ന കപ്പൽ നിയന്ത്രണമില്ലാതെ സ്വാർത്ഥത്തിന്റെയും വിദ്വേഷത്തിന്റെയും ലക്ഷ്യബോധമില്ലായ്മ യുടെയും പാറക്കെട്ടിലിടിച്ച് നാശത്തിന്റെ അഗാധ ഗർത്തത്തിലേക്ക് പതിച്ചു കൊണ്ടിരിക്കുന്ന ഈ കാലഘട്ടത്തിൽ ശ്രീ മഹർഷിയുടെ അവതാരത്തിന് പ്രത്യേക പ്രസക്തിയുണ്ട്. ശ്രീ മഹർഷി മാനവ സമുദായത്തിനൊട്ടാകെ മതത്തിന്റെ ലക്ഷ്യം സാക്ഷാൽക്കരിക്കാനുള്ള ശരിയായ മാർഗ്ഗം കാണിച്ചുകൊടുക്കുകയും മനുഷ്യന്റെ പ്രധാന ശത്രുവായ മനസ്സിനെ കീഴടക്കാനും അങ്ങനെ സ്വരൂപ ജ്ഞാനം ലഭിക്കാനുള്ള വഴി തുറന്നു കൊടുക്കുകയും ചെയ്തു.

ശ്രീരാമകൃഷ്ണ പരമഹംസർ രണ്ടുതരം യോഗികളെക്കുറിച്ചു പരാമർശിക്കുന്നുണ്ട്. ഒന്ന് മനുഷ്യനെ ഉയർത്തിക്കൊണ്ടുവരാൻ ചില പദ്ധതികളുമായി വരുന്നവർ; മറ്റൊന്ന് അത്തരത്തിലുള്ള ഒരു കർമ്മപരിപാടിയുമില്ലാതെ വരുന്നവർ. ആദ്യത്തെ വിഭാഗത്തിൽപ്പെടുന്നവർ സംസാരത്തിന്റെ ബന്ധങ്ങളിൽ കുടുങ്ങാതെ ബാല്യത്തിൽത്തന്നെ ജീവന്മുക്ത ലക്ഷണങ്ങളോടുകൂടിയ മുക്താവസ്ഥയെ പ്രാപിക്കുന്നു. ശ്രീരമണ മഹർഷി ഈ വിഭാഗത്തിൽപ്പെടുന്നു. അദ്ദേഹത്തിന്റെ തത്വജ്ഞാനം അദ്വൈതം തന്നെ. ആത്മ സാക്ഷാത്ക്കാരലാഭത്തിന് അഹങ്കാരത്തെ പൂർണ്ണമായും നീക്കണം എന്നതാണതിന്റെ കാതലായ ഭാഗം. തിരുവണ്ണാമലതന്നെ മഹർഷിയുടെ ആസ്ഥാനമായതും വളരെ അർത്ഥവത്താണ്. അഹന്താരഹിതമായ സ്ഥാനമാണ് തിരുവണ്ണാമല എന്താണ് പുരാണപ്രസിദ്ധി. പിൽക്കാലത്ത് ഒട്ടനവധി ആദ്ധ്യാത്മികാചാര്യന്മാരുടെ തപസ്സുകൊണ്ട് പവിത്രീകൃതമാണ് ഈ പുണ്യഗിരി.

വേദാന്തത്തിന്റെ അടിസ്ഥാനശില ഉപനിഷത്തുക്കളാണ്, സർവ്വ വ്യാപിയായ പരബ്രഹ്മതത്വം തന്നെ ജീവാത്മാവുമെന്നുറക്കെ പ്രഖ്യാപിക്കുന്നു ഉപനിഷത്തുകൾ. ഈ അദ്വൈത തത്വം

തന്നെയാണ് ശങ്കര ഭഗവദ് പാദരും ഊട്ടിയുറപ്പിച്ചത്. പരംബ്രഹ്മം ഒന്നു മാത്രമെ വാസ്തവമായുള്ളു. മറ്റെല്ലാം മായപ്രതിഭാസങ്ങളാണെന്ന് അദ്ദേഹം ഉറക്കെ പ്രഖ്യാപിച്ചു. യാഥാസ്ഥിതികവാദികളും, നിരീശ്വരവാദികളും സാധരാണജനമനസ്സുകളിൽ അന്ധകാരത്തിന്റെ കരിനിഴലുകൾ പടർത്തിയ ഒരു കാലഘട്ടത്തിലാണ് ശ്രീ ശങ്കരഭഗവദ് പാദരുടെ ആഗമനം.

ബ്രഹ്മം ഏകമാണെന്ന് ഉപനിഷത്തുകൾ പ്രഖ്യാപിക്കുന്നു. യഥാർത്ഥത്തിൽ പരമമായ ആ തത്വം സംഖ്യാഗണനയ്ക്കുമതീതമായതുകൊണ്ട് ആ പ്രഖ്യാപനവും അസ്ഥാനത്താണ്. അതുകൊണ്ട് തന്നെയാണ് ആദിശങ്കരൻ തന്റെ സിദ്ധാന്തത്തിന് അദ്വൈതം എന്ന് അടിവരയിട്ടത്. സാധാരണയായി ജീവാത്മാവ് വേറെ, പരമാത്മാവ് വേറെ എന്ന രീതിയിലുള്ള വ്യവഹാരം കാണുന്നുണ്ട്. ജീവന്റെ കേളീരംഗമായ ഈ പ്രപഞ്ചം മായാകല്പിതമായ വെറുമൊരു പ്രതിഭാസം മാത്രമാണെന്നും അദ്വൈതസത്ത മാത്രമെ യഥാർത്ഥത്തിലുള്ളു എന്നുമാണ് ശങ്കരന്റെ മതം. ഗണിതത്തിന്റെ ഭാഷയിൽ പറയുകയാണെങ്കിൽ ഒന്ന് എന്ന സംഖ്യയുടെ ബഹുമുഖ ഭാവങ്ങളാണ് അതിനു ശേഷമുള്ള എല്ലാ സംഖ്യകളും ശാസ്ത്രവും പറയുന്നത് ഏകമായ ബ്രഹ്മം പലതായി പ്രതിഭാസിക്കപ്പെട്ടു എന്നാണ്. നമ്മുടെ അജ്ഞാനമാണ് പരിപൂർണ്ണമായ സത്യത്തെ കണ്ടെത്താതെ നാനാത്വത്തിൽ മോഹിതമാക്കുന്നത്. ഈ അജ്ഞാനം തന്നെ അവിദ്യ അല്ലെങ്കിൽ മായ. മായയാകുന്ന മറകൊണ്ടാണ് സത്യം അയഥാർത്ഥമായ ഈ പ്രപഞ്ചമായി പ്രതിഭാസിക്കുന്നത്. യാതൊന്നില്ലയോ അതു തന്നെ മായ. ഇല്ലാത്തതായ ഒരു വസ്തുവിന് ഇത്രയധിക പ്രപഞ്ച പ്രതിഭാസങ്ങൾ എങ്ങനെ സൃഷ്ടിക്കാൻ കഴിയുമെന്നൊരു ചോദ്യം ഇവിടെ ഉദിക്കാം. ഗണിതത്തിൽ പൂജ്യത്തിന്റെ വിലപോലെയാണിത്. ഒറ്റക്ക് നില്ക്കുമ്പോൾ പൂജ്യത്തിനൊരു വിലയും നമ്മൾ കല്പിക്കാറില്ലല്ലോ. മറിച്ച് അതിന്റെ മുൻപിൽ ഒരു സംഖ്യ വരുമ്പോഴോ.

സമുദ്രവും അതിലെ വീചികളും പോലെയാണ് ബ്രഹ്മമവും പ്രപഞ്ചവും. തിരയ്ക്ക് സമുദ്രത്തിൽ നിന്ന് വേറിട്ടൊരു നിലനില്പില്ല. അതുപോലെയാണ് ഈ പ്രപഞ്ചവും. സൃഷ്ടി ഈശ്വരന്റെ ലീലയാണെന്ന് ശ്രീ കൃഷ്ണ ഭഗവാനും ഗീതയിലുണർത്തിക്കുന്നു. അതുകൊണ്ടുതന്നെ മനോ വാക്കുകൾക്കതീതമാണ്. 'മമ മായാ'ദുരത്യയാ. ' ഇല്ലാത്ത മായാപ്രപഞ്ചത്തിന്റെ അസ്തിത്വത്തെ അന്വേഷിക്കുന്നത് ശുദ്ധ മൗഢ്യമാണെന്ന് ശ്രീ രമണ മഹർഷിയും വ്യക്തമാക്കുന്നു.

യഥാർത്ഥത്തിലുള്ള ആത്മ തത്വത്തെ ഉറപ്പിക്കാൻ വേണ്ടിയാണ് ഇല്ലാത്തതായ ഈ മായയെ കല്പിക്കുന്നത്. ബീജഗണിതത്തിൽ 'x'പോലെയാണ് ഈ മായ. ആത്മ ബോധത്തെ ഉണർത്താനുള്ള ഒരു ഉപാധി എന്ന നിലയ്ക്ക് ആത്മാവും പ്രപഞ്ചവും തമ്മിലുള്ള ബന്ധത്തെ പ്രതിപാദിക്കാൻ കഴിയാത്തതുകൊണ്ടാണ് 'മായ' എന്ന ഒരു പദം കൊണ്ടു വന്നിട്ടുള്ളത്. സത്യം സാക്ഷാത്ക്കരിക്കപ്പെടുമ്പോൾ ഈ മായയ്ക്ക് ഒരു സ്ഥാനവും പിന്നെയില്ല.

'ആത്മ വിചാര' മാണ് ശ്രീ രമണ മഹർഷിയുടെ തത്വ സംഹിതയുടെ മുഖമുദ്ര. തന്നെത്തന്നറിയു എന്ന വേദാന്ത തത്വം തന്നെയാണ് അദ്ദേഹം ആത്മാന്വേഷണത്തിലൂടെ വെളിവാക്കിയത്. യഥാർത്ഥത്തിലുള്ള ജീവിത പുസ്തകം അവനവന്റെ ഉള്ളിൽത്തന്നെയെന്നും അങ്ങോട്ടു തിരിഞ്ഞാൽ ആത്മ സാക്ഷാൽക്കാരമായി എന്നും അദ്ദേഹം കാണിച്ചു തന്നിരിക്കുന്നു. ഈ മാർഗ്ഗത്തിലൂടെ അദ്വൈതാനുഭൂതി ദ്വൈതിക്കും അദ്വൈതിക്കുമെല്ലാം ഒരു പോലെ ലഭ്യമാകുമെന്ന് അദ്ദേഹം കാണിച്ചു തന്നിരിക്കുന്നു.


ഓം തത്സത് ശ്രീരമണാർപ്പണമസ്തു

> *''ഇത്തനു ഞാനെന്ന ഭാവചരടിങ്കൽ*
> *വൃത്തി രുദ്രാക്ഷങ്ങൾ കോർത്തിരിപ്പൂ''*
>
> *– സ്വാമി സുരേശാനന്ദ*

# ബ്രഹ്മ സത്യം ജഗന്മിഥ്യ ജീവോ ബ്രഹ്മൈവനാ *f*പരഃ

*- ഉണ്ണികൃഷ്ണൻ*

മനസ്സ് ശാന്തമായാൽ എന്തായിരിക്കും മനുഷ്യന്റെ സ്ഥിതി ? ആർക്ക് മനസ്സ് സമ്പൂർണ്ണം ശാന്തമായിരിക്കുന്നുവോ അയാൾ സ്വാനുഭവത്തിൽ ശിവൻതന്നെയാണ്. നിദ്രയിൽ സർവ്വം ശിവം എന്നാണല്ലോ എല്ലാവരുടേയും അനുഭവം. ജാഗ്രദവസ്ഥയിലും മനസ്സ് ശാന്തമായാൽ ശിവസ്വരൂപം തന്നെ അനുഭവം. മനസ്സൊഴിഞ്ഞുള്ള ജാഗ്രദവസ്ഥയിലെ ജീവേശ്വരജഗത്ത്രിത്ത്വത്തിനെല്ലാമതീതവും ശാശ്വതശാന്തിരൂപവുമായ സമ്പൂർണ്ണ സുഖാനുഭൂതിയത്രേ ഉപനിഷൽപ്രതിപാദിത നിത്യ ശുദ്ധ ബുദ്ധമുക്ത സ്വരൂപമായ ആത്മാവ്. അതുതന്നെ ഈശ്വരദർശനം . അതുതന്നെ ബ്രഹ്മാനന്ദം. പ്രസ്തുത അനുഭവത്തിനപ്പുറം ഒരനുഭവമണ്ഡലമില്ല തന്നെ. മനുഷ്യജന്മം കൊണ്ട് കൈവരിയ്ക്കേണ്ട പരമ പുരുഷാർത്ഥം, അഥവാ മോക്ഷം ബ്രഹ്മാത്മൈക്യാനുഭൂതി തന്നെ. ജീവേശ്വര ജഗത്രൂപമായ ദൃശ്യാദൃശ്യലോകങ്ങളെല്ലാം ഉൾപ്പെട്ട വിശ്വപ്രപഞ്ചത്തിന്റെ ഉത്പത്തി സ്ഥിതിലയങ്ങൾക്കെല്ലാം കാരണങ്ങളും കാര്യങ്ങളും പ്രസ്തുത ബ്രഹ്മസത്യം ഒന്നുമാത്രം. കാര്യമായും കാരണമായും അദ്വൈത ബ്രഹ്മവസ്തുവല്ലാതെ അണുമാത്രം ഇതര വസ്തുവില്ല തന്നെ. സുഖം അന്വേഷിക്കുന്ന മനുഷ്യൻ അന്തിമമായി എത്തുന്നതും പൂർണ്ണ സുഖംതേടി പൂർണ്ണ വിശ്രാന്തിയനുഭവിക്കുന്നതും ഏതൊരു ആത്മവസ്തുവിന്റെ പ്രാപ്തിയിലാണോ, ആ സത്യവസ്തുവിൽ നിന്ന് അവനൊരു പ്രകാരത്തിലും അന്യനായിരുന്നില്ല; അന്യത്വം സാധ്യവുമല്ലെന്ന വാസ്തവസ്ഥിതി, "തന്നുണ്മ" അറിഞ്ഞനുഭവിക്കുമ്പോൾ, പ്രാപ്ത വസ്തുവിന്റെ പ്രാപ്തിക്കുവേണ്ടി ചെയ്ത അന്വേഷണകഥകൾ അവനിൽ വിസ്മയം ജനിപ്പിക്കുകതന്നെ ചെയ്യും. സമുദ്രത്തിലെ തിരകൾ, ശുക്തിയിലെ രജതം, മരക്കുറ്റിയിലെ കള്ളൻ, മരുഭൂമിയിലെ ജലം, കയറിലെ പാമ്പ് എന്നതുപോലെ ഏകവും അദ്വയവും നിർദ്വന്ദ്വവുമായ ബ്രഹ്മാത്മൈക്യ സത്യവസ്തുവിൽ, സ്വതന്ത്രസത്ത ഇല്ലാതെ പ്രകടമാകുന്ന അസൽപ്രതിഭാസങ്ങളാണ് ദേഹലോകാദിസർവ്വദൃശ്യങ്ങളുമെന്ന് വേദോപനിഷത്തുകളും ശ്രീമദ്ഭഗവൽഗീതയും പ്രഖ്യാപിക്കുന്നു. അനിത്യവും അസുഖവുമാണ് ലോകജീവിതം. ശാശ്വതസുഖം ലോകാനുഭവങ്ങളിൽ ലഭ്യമല്ല. ആത്മസത്യസാക്ഷാത്ക്കാരം കൊണ്ടുമാത്രമേ അതു പ്രാപ്തമാകയുള്ളൂ. ആത്മസത്യം സാക്ഷാത്ക്കരിക്കപ്പെടുമ്പോൾ, തന്നിൽ എല്ലാറ്റിനേയും എല്ലാറ്റിലും തന്നെയും ഏകസത്യവസ്തുവായി അറിയുന്ന അദ്വൈതബോധമാണ് അനുഭൂതമാകുക. പ്രസ്തുത അനുഭവത്തിന്നപ്പുറം ഒരനുഭവമില്ല. അഖണ്ഡാനന്ദൈകരസ സമ്പൂർണ്ണമായ ഈ അനുഭൂതി പ്രാപിയ്ക്കാൻ സനാതനധർമ്മപ്രണേതാക്കളായ മഹർഷീശ്വരന്മാർ അനേകപ്രകാരങ്ങളിലുള്ള സാധനാമാർഗ്ഗങ്ങൾ നിർദ്ദേശിക്കുന്നുണ്ട്.


May
24
Thursday



ഉപനിഷൽപ്രതിപാദിത അദ്വൈതസത്യം ആത്മ-ബ്രഹ്മ-ഐക്യാനുഭൂതി സ്വരൂപമായ അഖണ്ഡബോധവസ്തുവാണ്. വസ്തുസത്യം ബോധിച്ച് അതുമായി തന്മയീഭവിച്ച ജീവൻ ആ സത്യം തന്നെയായി ഭവിക്കുന്നവെന്നു ശാസ്ത്രം പറയുന്നു. "ബ്രഹ്മ വിദ് ബ്രഹ്മൈവ ഭവതി". ബ്രഹ്മം ശാശ്വതസത്യം. മനുഷ്യന്റെ സുഖേച്ഛയുടെ പരിസമാപ്തി സത്യസാക്ഷാൽക്കാരവും മാർഗ്ഗം ധർമ്മവും. ലക്ഷ്യവും മാർഗ്ഗവും സനാതനതത്ത്വം.

**ധർമ്മോദ്ധാരണം ആനുകാലികചരിത്രത്തിൽ**

പ്രസ്തുത അദ്വൈതസത്യം സാക്ഷാത്ക്കരിച്ചു പൂർണ്ണസുഖവും ശാശ്വതശാന്തിയും പ്രാപിക്കാനുതകുന്ന ജീവിതക്രമമാണ് ധാർമ്മികജീവിതം. ഇത് ഭാരതത്തിന്റെ അനാദി പാരമ്പര്യമാണ്. നിത്യജീവന്മാരെന്നു വിശ്വസിക്കപ്പെടുന്ന മഹർഷീശ്വരന്മാരാണ് ഈ ഭാരതപാരമ്പര്യസംസ്കാരപരിരക്ഷ ചെയ്തുവരുന്നത്. ബ്രഹ്മവിദ്യയും യോഗ ശാസ്ത്രവുമാണ്. ധാർമ്മികജീവിതത്തിന്റെ അനുശാസനങ്ങൾ ഉൾക്കൊള്ളുന്ന വേദാന്തം അഥവാ ഉപനിഷത്തുകൾ എന്ന വേദഭാഗം. ഈ അനുശാസനങ്ങൾ അനാദിയും അപൌരുഷേയവുമെന്നുവിശ്വസിച്ചു വരുന്നു. ഇവയുടെ കാലാനുസൃതമായ പുനഃ പ്രകാശനവും പ്രചാരണവും ആവശ്യാനുസരണം അനുസ്യൂതം നടന്നുവരുന്നതിന്റെ ഒരു അത്ഭുത പ്രക്രിയയാണ് ഭാരതത്തെ അതിപുരാതനവും അത്യുന്നതവുമായ മാനവികതയുടെ മാതൃഭൂമിയായി എന്നെന്നും നിലനിർത്തി വരുന്നത്.

**അദ്വൈതം തന്നെ മോക്ഷം**

സനാതന ധർമ്മത്തിന് അരക്ഷിതാവസ്ഥയുളവായ ഒരു വലിയ ദുർഘടകാലഘട്ടത്തിൽ സാക്ഷാൽ ശ്രീപരമേശ്വരന്റെ അവതാരമെന്നു പ്രകീർത്തിയ്ക്കപ്പെട്ടു വരുന്ന ശ്രീമച്ഛങ്കര ഭഗവാൽപാദർ അവതരിച്ച് ധർമ്മരക്ഷ ചെയ്തത് മുഖ്യമായും അദ്വൈതമത സ്ഥാപനത്തിലൂടെയാണ്. അദ്വൈത സാക്ഷാൽക്കാരത്തിന് ശ്രീശങ്കരൻ നല്കിയ അതേ പുനഃസ്ഥാപനം തന്നെയാണ് ഈ നൂറ്റാണ്ടിൽ ഭഗവാൻ രമണമഹർഷിയും നിർവഹിച്ചിട്ടുള്ളത്. ഭഗവാൻ ശ്രീ രമണമഹർഷി അദ്വൈതസാക്ഷാത്ക്കാരസാധന സരളവും സുസുഖവും സാർവ്വലൗകികവും സാർവ്വജനനീവുമാക്കിചെയ്ത് ധർമ്മ സ്ഥാപനവും ലോകരക്ഷയും ചെയ്യുകയാണ് ചെയ്തത്.

ആർതർ ഓസ്ബോൺ, ഗ്രാൻഡഫ്, മേജർ ചാഡ്വിക്, പാൾബ്രണ്ടൻ തുടങ്ങി എത്ര എത്ര വിദേശികളാണ് ഭഗവാന്റെ സാന്നിദ്ധ്യത്തിൽ മൌനശിക്ഷണം കൊണ്ട് അദ്വൈതാ-നുഭൂതി കൈവരിച്ചതെന്ന് അവരുടെ അനുഭവരഹസ്യം അവർതന്നെ രേഖപ്പെടുത്തി യിട്ടുള്ളതു വായിച്ച് മനസ്സിലാക്കുമ്പോൾ അറിവാകുന്നത് അദ്വൈത വേദാന്ത സാധനയ്ക്ക്

പഴയ സാമ്പ്രാദായിക മാർഗ്ഗം ഭഗവാൻ കാലാനുകൂലമായി പുനരാവിഷ്ക്കരിച്ചുവെന്നല്ലേ?. ഈ പുനരാവിഷ്ക്കരണത്തിലെ മുഖ്യസാധനാപദ്ധതിയത്രേ വിചാരം അഥവാ ആത്മാന്വേഷണമെന്ന ഋജുമാർഗ്ഗം. ഈ ഋജുമാർഗ്ഗം നിർദ്ദേശിച്ച ഭഗവാൻ സാമ്പ്രദായിക സാധനാപദ്ധതികളെയെല്ലാം കാലാനുകൂലവ്യാഖ്യാനങ്ങൾ 'നല്കി നവീകരിക്കുകയും ചെയ്തു. കർമ്മം – ഭക്തി – യോഗം, ഇവയ്ക്കെല്ലാം സരളവ്യാഖ്യാനം നല്കി. ജപയോഗം, ധ്യാനയോഗം മന്ത്രശാസ്ത്രം, തുടങ്ങിയ ആനുഷ്ഠാന പദ്ധതികളും സാധാരണ ജനത്തിനു ഗ്രാഹകമായി വ്യാഖ്യാനിച്ചു. ഒരു അദ്വൈതിയുടെ ദൃഷ്ടിയിൽ നിഷേധിക്കത്തക്കതായി യാതൊന്നുമില്ലെന്ന് ഭഗവാൻ തന്നെ ജീവിതത്തിൽ തെളിയിച്ചുകാട്ടി.

"ബ്രഹ്മ സത്യം ജഗന്മിഥ്യാ ജീവോബ്രഹ്മൈവനാപര" എന്ന ശാംകരസിദ്ധാന്തമാണ് ഭഗവാൻ തന്റെ ശിഷ്യന്മാരിലൂടെയും സ്വന്തം കൃതികളിലൂടെയും തപഃ സിദ്ധിയിലൂടെയും പ്രചരിപ്പിച്ചത്. ശങ്കരന്റെ കാലത്തെന്നതുപോലെ ഭഗവാന്റെ കാലമായ ഈ നവീന കാലഘട്ടത്തിലും അദ്വൈതസിദ്ധാന്തം മേധാവികൾക്കുപോലും ദുർഗ്രാഹ്യമായി അനുഭവപ്പെട്ടേക്കാം എന്നാൽ ഭഗവാൻ കാട്ടിത്തന്ന ലളിതജീവിതസമ്പ്രദായവും അനുഷ്ഠാന പദ്ധതികളും ശ്രദ്ധാ ഭക്തിപുരസ്സരം അനുവർത്തിക്കുന്ന ഏതൊരു സരള ബുദ്ധിക്കും ആത്മനിഷ്ഠാരൂപമായ സ്വരൂപസുസ്ഥിതി സുതരാം പ്രാപ്യമത്രേ.

ദ്വന്ദ്വപ്രതീതി ബുദ്ധിഭ്രമമാണ്. അഹങ്കാരമാണ് ബുദ്ധിവൃത്തി ഭേദിച്ചു ഭേദബുദ്ധിയും നാനാത്വ പ്രതീതിയും സംസാരദുഃഖവും ഉളവാക്കുന്നത്. ഈ അഹങ്കാരവും വൃത്തിയാണ്. "അഹം'' വൃത്തി. ബുദ്ധിയിൽ ആദ്യമായി ഉദിക്കുന്ന വൃത്തി അഹംവൃത്തിയാണ്. വൃത്തിരൂപമായ "അഹം'' കേവലം കാല്പനികമാണ്. ദേഹാത്മ ബുദ്ധിയും ലോകവ്യാപാരവുമെല്ലാം ഈ അഹംബുദ്ധിയെതുടർന്നു മാത്രം ഉളവാകുന്ന വൃത്തികളാണ്, ഈ "അഹം" യഥാർത്ഥ അഹം – സത്യാത്മാവ് – അല്ല. ഈ അഹം വൃത്തിക്കു സത്തയില്ല. എല്ലാ അസദ്ഭാവനകൾക്കും നേതൃത്വം നല്കുന്നതും യഥാർത്ഥത്തിൽ ഇല്ലാത്തതുമായ "അഹംഭാവം" നിരസിക്കുക വഴി ആത്മ സത്യം സ്വസംവേദ്യമാകുമ്പോൾ ഉളവാകുന്ന അവാച്യാനന്ദം തന്നെ മോക്ഷം അഥവാ സച്ചിദാനന്ദം. ആത്മാവല്ലാതുള്ളതെല്ലാം മിഥ്യാനുഭവമാണ്. ആത്മാവ് സ്വയം അനുഭവസമ്പൂർണ്ണമായ സമഗ്രസത്യമാണ്. ഈ സ്ഥിതിക്ക് ഭഗവാൻ സഹജ സ്ഥിതിയെന്നു പറയുന്നു. സഹജസ്ഥിതിക്ക് ഒരിക്കലും ആരെ സംബന്ധിച്ചും യാതൊരു മാറ്റവും സംഭവിക്കുന്നില്ല. ഭ്രമമാണ് ഞാൻ ദേഹമാണ്, ഞാൻ മനസ്സാണ്, ഞാൻ കർത്താവാണ്, ഭോക്താവാണ് എന്നിത്യാദി തോന്നലുകൾ. മനസ്സിനെ ഹൃദയത്തിൽ സ്വസ്ഥമാക്കി അഹംവൃത്തിക്ക് നാശം ഏൽപ്പിക്കുകയും അഹന്താനാശത്തിൽ, ആത്മശക്തിസ്ഫുരണം മാത്രമായ മനസ്സ് ആത്മസത്യത്തിൽ വിലയം പ്രാപിച്ച് ജീവൻ മഹിമ്നിസേ മഹീയതേ – സ്വമഹിമയിൽ സ്വയം പ്രകാശിച്ചു തെളിഞ്ഞു

വിളങ്ങുമെന്നുമാണത്രേ ഭഗവാൻ ഉപദ്ദേശിക്കുന്ന ഹൃദയവിദ്യയുടെ സാരം. “ഹൃൽസ്ഥലേമനഃ സ്വസ്ഥതാക്രിയാ- ഭക്തി-യോഗ-ബോധാശ്ചനിശ്ചിതം” സർവ്വയോഗ സമന്വിതമഹായോഗമത്രേ ഭഗവദുപദിഷ്ടഹൃദയവിദ്യ. ഇതിന്റെ അനുഷ്ഠാനമാണ് ''ഞാൻ ആർ''. എന്ന ആത്മവിചാരം. മനസ്സിൽ ചിന്ത പൊന്തിയാൽ ആ നിമിഷം ആർക്ക്? (ആർക്കാണ് ഈ ചിന്ത, ഈ വികാരം, ഈ ക്ലേശം, ഈ സുഖം എന്നിങ്ങനെ). എന്നു ചോദിച്ചാൽ “എനിക്ക്” എന്നുത്തരം ഉടൻ ലഭിക്കും. ആ നിമിഷം “ ഞാൻ ആർ”? എന്നാരായുക. ഇടവിടാതെ നിരന്തരം ആരായുന്നവരുടെ മനസ്സ് അതിന്റെ ഉത്പത്തി സ്ഥാനമായ ഹൃദയത്തിൽ (ആത്മീയഹൃദയം, മാർവിടത്തു മധ്യഭാഗം രണ്ടു വിരലിട വലതുവശത്ത് ഹൃദയം സങ്കൽപ്പിച്ച്) എത്തിച്ചാൽ ഹൃദയസ്ഥനായ ആത്മസത്യം, യഥാർത്ഥ അഹം ആ മനസ്സിനെ സമ്പൂർണ്ണം ഗ്രസിച്ച് ആത്മ ജ്യോതിസ് പ്രകാശിക്കും. സത്യമായ അഹം ഇല്ലാതിരുന്നിട്ടില്ല. സത്തയില്ലാത്ത “അഹം” ഉണ്ടായിട്ടില്ല. പിന്നെ എന്തായിരുന്നു പ്രശ്നം? ഒരു പ്രശ്നവുമില്ല. ഉണ്ടായിരുന്നിട്ടില്ല. സഹജസ്ഥിതിക്ക് ഭംഗം ഒരിക്കലും സംഭവിച്ചില്ല. പ്രാപ്ത വസ്തുവിന്റെ പ്രാപ്തിയെന്നൊരു പ്രശ്നവുമില്ല.

ഓം തത് സത്. ശ്രീ രമണാർപ്പണമസ്തു.

*''പ്രാണായാമം പോലെ മൂർത്തിധ്യാനം, മന്ത്രോച്ചാരണം, ആഹാര നിയന്ത്രണം എന്നിവയും മനസ്സിനെ അടക്കുവാൻ സഹായിക്കുന്നവ തന്നെ.''*

*-ഭഗവാൻ*

# ആത്മാന്വേഷണം

(ഒരു രമണ ഭക്തന്റെ ഭാവനയിൽ)

എം.കെ. സുബ്രഹ്മണ്യം

ഭഗവാൻ ശ്രീരമണമഹർഷിയുടെ "ആത്മാന്വേഷണ മാർഗ്ഗം" ധ്യാനത്തിലൂടെ മന:ശുദ്ധി നേടിയവർക്ക് വളരെ സുഗമമാണ്.

''ഞാൻ ആരാണെന്നുള്ള'' അന്വേഷണം കൊണ്ട് നാം ഇപ്പോൾ ധരിച്ചിരിക്കുന്നത്. ദേഹമോ മനസ്സോ, ബുദ്ധിയോ, ഇന്ദ്രിയങ്ങളോ അല്ലെന്നാണ് വ്യക്തമാകുന്നത്. മറിച്ച് മനസ്സിന്റെ സ്ഥൂലഭാവത്തിൽ നിന്ന് സൂക്ഷ്മഭാവം അനുഭവപ്പെടുന്നു. ഈ പ്രക്രിയ തുടരുമ്പോൾ നിത്യവുമുള്ള അഭ്യാസം കൊണ്ട് മനോബുദ്ധി ഇന്ദ്രിയങ്ങളുടെ മണ്ഡലങ്ങളിൽ നിന്ന് ഉയർന്ന് നമ്മുടെ നിതാന്ത ആത്മാനുഭൂതിയിൽ എത്തിച്ചേരുന്നു. ഈ അനുഭൂതി ലഭിച്ച സാധകന് അഹങ്കാരരഹിതമായ ആത്മഭാവസ്ഫുരണം അനുഭവവേദ്യമാകുന്നു. ആത്മഭാവസ്ഫുരണം അനുഭവപ്പെടുന്ന സാധകൻ തന്റെ നിത്യ ജീവിതത്തിൽ ലൗകികവിഷയങ്ങളുടെ സ്വാധീനത്തിൽ നിന്ന് രക്ഷ പ്രാപിക്കുന്നു. തന്നിമിത്തം സുഖദു:ഖങ്ങളെ ഒരു പോലെ വീക്ഷിക്കുവാനുള്ള മന:ശക്തി ആർജ്ജിക്കുന്നു. തുടർന്നുള്ള ആത്മാനുഭൂതിയുടെ സാന്നിധ്യത്താൽ സാധകൻ കാര്യങ്ങളിൽ വ്യാവഹാരികങ്ങളായ തന്നിൽ ബന്ധനസ്ഥനാകുന്നില്ല. സുഖദു:ഖങ്ങൾ ഒരു സിനിമയോ, നാടകമോ, സ്വപ്നമോ എന്നപോലെ മാത്രമേ അവനെ ബാധിക്കുകയുള്ളൂ.

ഒരു യാഥാർത്ഥ ആത്മാന്വേഷകന് ശാന്തിയും സമാധാനവുമുള്ള ഒരു പരിശുദ്ധ ജീവിതം നയിക്കുവാൻ കഴിയും. പരസ്പരപൂരകങ്ങളായ കർമ്മം, ഭക്തി, യോഗം, ജ്ഞാനം എന്നീ നാലു മാർഗ്ഗങ്ങൾ ആത്മസാക്ഷാത്കാരത്തിനുള്ള മന:ശുദ്ധിക്ക് സഹായമാണ്.

,,കർമ്മ യോഗം കൊണ്ട് ദേഹേന്ദ്രിയ ശുദ്ധി വന്നീടും
ഭക്തി യോഗം കൊണ്ട് മന:ശുദ്ധി ലഭിച്ചിടും
രാജയോഗം കൊണ്ട് പ്രാണനെ നിയന്ത്രിക്കാം
ജ്ഞാനയോഗം കൊണ്ട് ആത്മാനുഭൂതി പ്രാപിക്കാം"

ആത്മസാക്ഷാത്കാരത്തിനുള്ള മാർഗ്ഗം ഈ വരികളിൽ നിന്ന് വ്യക്തമാകുന്നു.

മനസ്സിന്നതീതമായ അവസ്ഥ പ്രാപിക്കുവാൻ ഉള്ള ശ്രമം മനസ്സുകൊണ്ടോ ഇന്ദ്രിയങ്ങൾക്കൊണ്ടോ സാധ്യമല്ലെന്നു കാണാം. സങ്കൽപരഹിതമായ മനസ്സിന് മാത്രമേ ആത്മാനുഭൂതിയുടെ സ്ഫുരണത്തിന് അർഹതയുള്ളു.

ആത്മാനുഭവം ഉണ്ടാകുന്നതോടുകൂടി പ്രാരംബ്ധാദി കർമ്മങ്ങൾ എല്ലാം ക്ഷയിക്കുന്നു. സാധാരണനിലയ്ക്ക് വളരെകാലത്തെ സാധനയിലൂടെ മാത്രമേ ഒരു സാധകന് ആത്മാനുഭൂതി ലഭിക്കുകയുള്ളു.

''ബ്രഹ്മസത്യം ജഗന്മിഥ്യാ'' എന്ന ആപ്തവാക്യത്തിന്റെ പൊരുൾ ലോകത്തിന്റെ അനിശ്ചിതത്വവും ബ്രഹ്മത്തിന്റെ നിശ്

ചിതത്വവുമാണ് സൂചിപ്പിക്കുന്നത്. ഒരു ആത്മ ജ്ഞാനി ലോകത്തെ കാണുന്നുണ്ടെങ്കിലും ലോകത്തിൽ ബന്ധിക്കപ്പെടുന്നില്ല. ജ്ഞാനി സ്വർണ്ണാഭരണം കാണുന്നുണ്ടെങ്കിലും സ്വർണ്ണത്തിന് വില കല്പിക്കുന്നുള്ളു എന്നു സാരം. ആത്മസാക്ഷാത്കാരം സിദ്ധിച്ച മാഹാത്മക്കൾ ലോകോപകാരമായി പ്രവർത്തിക്കും. അവരുടെ സാന്നിദ്ധ്യം ലോകത്തിന് നൻമ നൽകും; അവരെ ദർശിക്കുന്നതു തന്നെ പുണ്യമാണ്.

ഓം തത് സത് ശ്രീരമണാർപ്പണമസ്തു

# ആത്മവിചാരം

N.S വെങ്കിട്ടരാമൻ

ജീവിതത്തിന്റെ ലക്ഷ്യം ജ്ഞാനമാണ്, ''ആത്മജ്ഞാനം''. അതാണ് ഉപനിഷത്തുകളും ആചാര്യന്മാരും ഉദ്ഘോഷിക്കുന്ന ഏക ഭവരോഗശമനൗഷധം.

" ജ്ഞാനമസ്തി സമസ്തസ്യ ജന്തോ : വിഷയഗോചരേ " – ഈ ജ്ഞാനം ജ്ഞാനമല്ല അജ്ഞാനമാണ്, അവിദ്യയാണ്. നമുക്കെല്ലാം ജ്ഞാനമുണ്ട്. പക്ഷെ അത് വിഷയ ജ്ഞാനമാണ്. അല്ലാതെ സ്വരൂപജ്ഞാനമല്ല. ഇതിൽ നിന്ന് മനസ്സിനെ വ്യാവർത്തിപ്പിച്ചെടുത്ത് അറിയുന്നവനായ സാക്ഷിചൈതന്യത്തോടുചേർന്ന് 'അതായി' ത്തീരലാണ് ആത്മനിഷ്ഠ.

ആത്മാവ് നിത്യമുക്തനാണ്. എന്നാൽ ആത്മസ്വരൂപം അവിദ്യയാൽ മറഞ്ഞിരിക്കുന്നു. മനസ്സുതന്നെയാണ് അവിദ്യ മനസ്സിൽ നിന്നന്യമായി ഒരു അവിദ്യയില്ല. മനസ്സ് ബഹിർമുഖമാകുമ്പോൾ വിഷയപ്രപഞ്ചം മനസ്സിൽനിന്നുതന്നെ പുറത്തേക്കു വരുന്നു. മനസ്സടങ്ങുമ്പോൾ അഥവാ അന്തർമുഖമാകുമ്പോൾ സർവ്വവും ആത്മസത്തയിലടങ്ങുന്നു.

മനസ്സ് :

മനസ്സെന്നാലെന്താണ് ? കുഴയ്ക്കുന്നൊരു ചോദ്യമാണിത്. ഭഗവാൻ രമണമഹർഷി മനസ്സിനെ നിർവ്വചിക്കുന്നതുനോക്കു.

" മാനസം തു കിം ? മാർഗ്ഗണേ കൃതേ
നൈവ മാനസം മാർഗ്ഗ ആർജവാത് ''.

''മനസ്സെന്നാൽ ആത്മസ്വരുപത്തിലുള്ള ഒരതിശയശക്തി. അത് സമസ്തവും കല്പനചെയ്തുണ്ടാക്കുന്നു. എന്നാൽ അന്വേഷിച്ചുനോക്കിയാലോ 'മനസ്സ്''തന്നെ ഇല്ലാത്തതാണെന്നു വരും' സകല വിചാരങ്ങൾക്കും മൂലമായ വിചാരം 'ഞാൻ' എന്ന വിചാരമാണ്. അതു വന്നതിനുശേഷമേ "നീ" 'അവൻ' എന്നൊക്കെയുള്ള വിചാരങ്ങൾ വരുകയുള്ളു. ഈ ഞാൻ'' എന്ന വിചാരം എവിടെ നിന്നു വരുന്നു എന്ന് സൂക്ഷ്മമായ ബുദ്ധികൊണ്ടന്വേഷിച്ചാൽ മനസ്സ് അതിന്റെ മൂലമായ ഹൃദയത്തിലേക്കു പോകും. ഇവിടെ 'ഹൃദയം' എന്നതുകൊണ്ടുദ്ദേശിച്ചത് ആത്മസ്വരുപത്തെതന്നെയാണ്. ഇങ്ങനെ മനസ്സിനെ അതിന്റെ മൂലത്തിൽത്തന്നെ വച്ചുകൊണ്ടിരിക്കുന്നതാണ് ആത്മനിഷ്ഠ.. മനസ്സിനെ ആത്മസ്വരൂപത്തിൽ തന്നെ രമിപ്പിച്ചുകൊണ്ടിരിക്കണം. ഇങ്ങനെ ചെയ്താൽ വിചാരങ്ങൾ നിലച്ച് കുറച്ചുനേരത്തേക്ക് ''ആത്മ ശാന്തി'' അനുഭവപ്പെടുന്നു.

ആരംഭകാലത്ത് മനസ്സിനെ ഇങ്ങനെ ഹൃദയത്തിൽ തന്നെ നിർത്തുകയെന്നത് സാധാരണക്കാർക്ക് തികച്ചും അസാദ്ധ്യമാണ്. ഒരു നിമിഷമോ രണ്ടു നിമിഷമോ സ്വരൂപസുഖമനുഭവിച്ച് മനസ്സ് വീണ്ടും പുറത്തേക്കു വരും. എത്ര വിചാരങ്ങൾ വന്നാലും ജാഗ്രതയോടെ 'ഇതാർക്കുവരുന്നു? എന്നന്വേഷിക്കുക. 'എനിക്ക്' എന്നു തോന്നും . ഈ 'ഞാൻ' ആര് ? ഞാനെന്ന വ്യക്തി ബോധത്തെ താനായിത്തന്നെ അറിയുകയാണ് മൂലാന്വേഷണം കൊണ്ട് സാദ്ധ്യമാകുന്നത്.'

ആ 'ഞാനിനെ അവധാനതാപൂർവ്വം അന്തർമ്മുഖനായി നിരീക്ഷിക്കുക. 'ഞാൻ' 'ഞാൻ' എന്ന് നിരന്തരം പ്രസ്ഫുടം സ്ഫുരിക്കുന്ന ആ വ്യക്തിബോധത്തെ ഇങ്ങനെ നിരീക്ഷിച്ചുകൊണ്ടിരുന്നാൽ അത് ഹൃദയത്തിൽ ചെന്നുലയിക്കും. ഇതാണാത്മ വിചാരം ഇങ്ങനെ മനസ്സിനെ സദാ അന്തർമ്മുഖമാക്കികൊണ്ടിരുന്നാൽ മാത്രം മതി, സകലവാസനകളു മററ് മനസ്സ് ആത്മസ്വരൂപത്തിൽ ലയിച്ചുകൊള്ളും. ഇതാണ് ഭഗവാൻ ഗീതയിൽ പറയുന്ന ജ്ഞാനതപസ്സ്.

"ബഹവോ ജ്ഞാനതപസാ പൂതാ മദ്ഭാവമാഗതാ" മററു സാധനകളിലുള്ളതുപോലെ ഇവിടെ ബാഹ്യമായ ഒരു സാമഗ്രിയുടെയും ആവശ്യമില്ല.

''യതോയതോ നിശ്ചരതി മനശ്ചഞ്ചലമസ്ഥിരം.

തതസ്തതോ നിയമ്യേതത് ആത്മന്യേവവശംനയേത് ''.

(മനസ്സ് എപ്പോളെപ്പോൾ ആത്മസ്വരൂപത്തെവിട്ട് പുറത്തേക്ക് പോകുന്നുവോ അപ്പോളൊക്കെ മനസ്സിനെ 'ഞാൻ' എന്ന വിചാരത്തിലേക്ക് തിരിച്ചുകൊണ്ടുവരുക).

ഇങ്ങിനെ പ്രത്യഗാത്മസ്വരൂപത്തിൽ മനസ്സ് വിശ്രമിക്കുമ്പോൾ വിഷയവാസനകൾ നശിച്ചുപോകുന്നു. ഈ മാർഗ്ഗത്തിനെയാണ് 'ഋജുമാർഗ്ഗം' എന്നു പറയുന്നത്. ഇവിടെ ഭാവനയോ രൂപധ്യാനമോ മന്ത്രമോ ഒന്നും തന്നെയില്ല. സാധകൻ നേരിട്ട് തന്റെ വ്യക്തിബോധത്തെ ചോദ്യം ചെയ്യുകയാണ് ചെയ്യുന്നത്. ജീവം കല്പയതേ പൂർവ്വം നാ............' ഞാൻ ഭഗവാനെ അന്വേഷിക്കുന്നതിനു പകരം ജ്ഞാതാവായ ഈ 'ഞാനി' ലേക്കു തന്നെത്താൻ ആണ്ടുമുങ്ങുന്നു. ഉള്ളം കൈയ്യിൽ വച്ച നെല്ലിക്കപോലെ തനിക്കു തൻസ്വരൂപം സിദ്ധമാണെന്നിരിക്കേ എന്തിനു ഭഗവാനെ അന്വേഷിച്ചു പുറത്തൊക്കെ അലയണം.! യോഗവാസിഷ്ഠത്തിൽ വസിഷ്ഠൻ ശ്രീരാമചന്ദ്രനോട് ഇങ്ങിനെ ഉപദേശിക്കുന്നു.

'രാമ ! സ്വാത്മവിചാരോഽയം

കോഽഹം സ്യാമിതി രൂപകഃ

ചിത്ത ദുർദ്രുമ ബീജസ്യ

ദഹനേ ദഹനഃസ്മൃത :''

(അല്ലയോ രാമ! 'ഞാനാര് ? എന്ന ആത്മവിചാരം മനസ്സാകുന്ന വിഷ വൃക്ഷത്തിന്റെ ബീജനാശകനായ അഗ്നിയാകുന്നു).

മററു സാധനകളിൽ നിന്നു വിഭിന്നമായി ആത്മവിചാരം മനോനാശം വരുത്തുന്നു. അതു കൊണ്ടാണ് 'നഹി ജ്ഞാനേന സദൃശം പവിത്രമിഹ വിദ്യതേ" എന്നു പറയുന്നത്. ഈ വിചാരമാകട്ടെ, മററു സാധനകൾ കൊണ്ട് പക്വമായ മനസ്സിൽ തന്നേയുദിക്കുന്നു " തത് സ്വയം യോഗസംസിദ്ധ : കാലേനാത്മനി വിന്ദതി ."

അഹമഹമെന്ന് ഹൃദയത്തിൽ അനവരതം സ്ഫുരിക്കുന്ന ശുദ്ധമായ 'സംവിത്തി'നെ വിഷയങ്ങളുമായി കൂടിക്കലരാനനുവദിക്കാതെ 'സ്ഫുരണം' മാത്രമായി ഹൃദയത്തിൽ നിർത്താൻ അഭ്യസിക്കുക. ഇതിനാണ് 'ആത്മസംസ്ഥിതി :' എന്നു പറയുന്നത് . 'ആത്മസംസ്ഥം മനഃ കൃത്വാ നകിഞ്ചിദപി ചിന്തയേത്' ഇതത്രേ ധ്യാനരഹസ്യം ഇങ്ങിനെ ശുദ്ധബോധത്തിലേക്ക് പ്രവേശിക്കുന്ന മനസ്സ് ഒരു നിമിഷം നടുങ്ങിപ്പോകുന്നു. 'അയ്യോ ഞാൻ തിരിച്ചു പുറത്തേക്ക് പോവട്ടെ. ഇവിടെ നിന്നാൽ എന്റെ സമ്പത്തു മുഴുവൻ നഷ്ടപ്പെട്ട് (വാസനകൾ) ഞാൻ മരിച്ചുപോകും' എന്നു പറഞ്ഞ് ശക്തിയോടെ ബഹിർഗ്ഗമിക്കുന്നു. ഇങ്ങിനെ പുറത്തേക്ക് ദ്രുതഗതിയിൽ പോകുന്ന മനസ്സിനെ കുറച്ചുനേരം ശാന്തമായി വീക്ഷിക്കുക. മനസ്സ് ചിരിക്കട്ടെ, കരയട്ടെ, നർത്തനം ചെയ്യട്ടെ, എന്തു വെപ്രാളം വേണമെങ്കിലും കാണിച്ചുകൊള്ളട്ടെ, പ്രതികരിക്കരുത്. ക്രമേണ അതിന്റെ ശക്തി കുറച്ചു കുറയുമ്പോൾ 'ബ്രഹ്മാസ്ത്രം' പ്രയോഗിക്കാൻ തയ്യാറാവുക. 'ഈ വിചാരങ്ങൾ ആർക്കു വരുന്നു ?? അപ്പോൾ........ എനിക്ക് എന്നു പറഞ്ഞ് വ്യക്തിബോധം വീണ്ടും ഉണരും. ഉടനെ 'ഞാനാര്?' എന്ന ബ്രഹ്മാസ്ത്രം പ്രയോഗിക്കുക. മനസ്സ് സ്വസ്ഥാനത്തേക്ക് തിരിച്ചുപോകും.

ഇങ്ങിനെ നിരന്തരം നടക്കുമ്പോഴും ഇരിക്കുമ്പോഴും ജോലി ചെയ്യുമ്പോഴുമെല്ലാം വിചാരങ്ങളെ ജാഗ്രതയോടെ വീക്ഷിക്കാനും അവയെ 'ഞാൻ' എന്ന സ്ഫുരണത്തിൽ കേന്ദ്രീകരിക്കാനും അഭ്യസിച്ചാൽ ആ ജീവന് ധ്യാനത്തിനെന്നു പറഞ്ഞ് പരിശ്രമമെ പിന്നീടാവശ്യമില്ല. അവൻ സദാ ധ്യാനനിരതനത്രേ. അവൻ ആത്മസംസ്ഥിതനാണ്. നിരന്തരമായ ജ്ഞാനതപസ്സിലുമാണ്.

## പ്രതിബന്ധം

ഇങ്ങിനെ മനസ്സിനെ നമ്മുടെ വ്യക്തിബോധത്തിന്റെ ക്രേന്ദബിന്ദുവായ ഞാൻ എന്ന സ്ഫുരണത്തിൽ 'നിമജ്ജനം' ചെയ്യുമ്പോൾ പൂർവ്വവാസനകൾ വന്ന് അതിനെ താനറിയാതെ

പുറത്തേക്ക്  ആകർഷിച്ചുകൊണ്ടുവരും.

ഈ വിധത്തിൽ തടസ്സം നേരിടുമ്പോൾ ഒരു മാർഗ്ഗമേയുള്ളു. മനസ്സ് പുറത്തേക്കു വന്നു എന്ന് അറിഞ്ഞയുടനെ പ്രത്യാഹരിക്കുവാൻ ശ്രമിക്കുക. വാസനാബാഹുല്യം കൊണ്ടാണ് അനുസ്യൂതമായ ആത്മാനുഭൂതിയുണ്ടാവാത്തത്. ''ഞാനാര് ?'' എന്ന വിചാരത്താൽ മനസ്സിനെ 'സ്വരൂപ'ത്തിൽ (അവബോധത്തിൽ) നിർത്തുമ്പോൾ പ്രബലമായ വാസനകൾ ക്രമേണയായി നശിച്ചുപോകുന്നു. ഈ സംഗതി എല്ലാവർക്കും അനുഭവിക്കാവുന്നതേയുള്ളു . ശ്രമിച്ചു നോക്കണം എന്നു മാത്രം. ദയവായി ശ്രമിക്കു.

'യദായദാ പ്രത്യഗവസ്ഥിതം മനഃ

തദാതദാ മുഞ്ചതിബാഹ്യവാസനാ

നിശ്ശേഷ മോക്ഷേസതി വാസനാനാം

ആത്മാനുഭൂതി : പ്രതിബന്ധശൂന്യാ ?  (വിവേകചൂഡാമണി)

(മനസ്സ് ഹൃദയത്തിൽ പ്രതിഷ്ഠിതമാകുമ്പോൾ വാസനകൾ നശിച്ചുപോകുന്നു. വാസനകളെല്ലാം (സദ്വാസനകളും ദുർവ്വാസനകളും ) നശിച്ചുപോയാൽ ആത്മാനുഭൂതിക്ക് പിന്നീട് പ്രതിബന്ധം ഒന്നും തന്നെയുണ്ടാവുകയില്ല.)

ഈ മാർഗ്ഗത്തിൽ ഞാൻ ആത്മാവാണെന്നോ ബ്രഹ്മമാണെന്നോ എന്നൊന്നും ഭാവന ചെയ്യേണ്ട ആവശ്യമില്ല. എല്ലാററിനും മൂലമായ 'ഞാൻ' എന്ന അനുഭവത്തിന്റെ ഉൽഭവസ്ഥാനത്തേക്ക് വിചാരശക്തിയെ മുഴുവൻ കേന്ദ്രീകരിക്കുക. ഇത് തികച്ചും സാത്വികമായ മനസ്സിനേ സാധിക്കുകയുള്ളു.

രജോമയമായ ചിത്തം രാഗദ്വേഷങ്ങൾ കാരണം ഒരിക്കലും ശാന്തമാവുകയില്ല. താമസൻമാർക്ക് ഞാൻ എന്ന സ്ഫുരണം ഒട്ടും തന്നെ അനുഭവപ്പെടുകയുമില്ല.

ഏകാന്തമായി ഒരിടത്തിരുന്ന് മനസ്സിൽ വിചാരധാരകൾ സഹജമായി പൊങ്ങിവരാൻ അനുവദിക്കുക. അവയെ തടയരുത്. ശാന്തമായി അവയെ അവലോകനം ചെയ്യുക. പ്രധാനകാര്യം നാം നമ്മുടെ ചേതനാശക്തികൊണ്ട് അവയ്ക്ക് ചൈതന്യം പകരരുത്. ഓരോരോ വിചാരങ്ങൾ വരുന്നു. വന്നത് വന്നപോലെ – ' ആഴിയിൽ അലയെന്നപോലെ' ഓരോന്നായി അടങ്ങുന്നു.

ഇങ്ങിനെ എന്തൊക്കെ വിചാരങ്ങൾ വന്നാലും അവയുടെ ഗുണദോഷങ്ങളെ ചിന്തിക്കാതെ അവ ആർക്കാണ് വരുന്നതെന്ന് ജാഗ്രതയോടുകൂടി ചിന്തിച്ച് സ്വരൂപാവബോധത്തിലേക്ക് അതായത് 'ഞാൻ' എന്ന പ്രഥമവിചാരത്തിലേക്ക് ആണ്ടിറങ്ങുക. ഇങ്ങിനെ നിരന്തരമഭ്യസിക്കുമ്പോൾ ഒരു ശുഭമുഹൂർത്തത്തിൽ ഹൃദയകാശത്തിന്റെ ചക്രവാളത്തിൽ അനേകകോടി സൂര്യനുദിച്ചപോലെ ബോധഭാനുമാനുദിക്കുന്നു......

അതുമിതുമല്ല സദർത്ഥമല്ലഹംസ–

ച്ചിദമൃതമെന്നുതെളിഞ്ഞുധീരനായി

സദസദിതി പ്രതിപത്തിയററു സത്തോ

മിതി മൃദുവായ് മൃദുവായമർന്നിടേണം.

(ആത്മോപദേശശതകം – നാരായണഗുരു)

ഓം തത് സത് : ശ്രീ രമണാർപ്പണമസ്തു





# ശ്രീരമണാശ്രമം

## (ഉത്ഭവവും വളർച്ചയും)

### മാധവനുണ്ണി

സ്ഥിതപ്രജ്ഞൻ, ജ്ഞാനി, ജീവന്മുക്തൻ തുടങ്ങിയ പദങ്ങളിലൂടെ ലക്ഷ്യമാക്കുന്ന ജീവിതത്തിന്റെ പരമോന്നതപദത്തിൽ വിരാജിച്ചരുളിയ ഭഗവാൻ ശ്രീരമണമഹർഷി അനാദിയും അപൗരുഷേയവുമായ ഉപനിഷത് പ്രഖ്യാപനങ്ങളെ സാക്ഷ്യപ്പെടുത്താനും പ്രായോഗിക ജീവിതത്തിലൂടെ പ്രദർശിപ്പിച്ച് മാനവരാശിയെ ബോദ്ധ്യപ്പെടുത്തുന്നതിനും, അവിടേയ്ക്ക് നയിക്കുന്നതിനും വേണ്ടി സാക്ഷാത് ശ്രീഅരുണാചലേശ്വരൻതന്നെ അവതരിച്ചതാണെന്ന് കരുതിവരുന്നു.

കേവലം ബാലനായിരിക്കെ യാദൃശ്ചികമായുണ്ടായ മരണഭയത്തെ തുടർന്ന് മരണമെന്താണ്? മരിക്കുന്നതെന്താണ്? താനാരാണ്? എന്ന് തന്നിൽ തന്നെയന്വേഷിച്ച് ആത്മസാക്ഷാൽക്കാരം നേടിയ ആ മുക്തപുരുഷൻ ഈശ്വരാദേശത്തിന് സർവ്വം സമർപ്പിച്ച് വീട് വിട്ടിറങ്ങി അരുണാചലേശ്വരസന്നിധിയിൽ എത്തി. " പിതാവേ! അങ്ങയുടെ ആജ്ഞയെ മാനിച്ച് ഞാനിതാ വന്നിരിക്കുന്നു. ഇനിയെല്ലാം അങ്ങയുടെ ഇച്ഛ". എന്നു പറഞ്ഞ് സമ്പൂർണ്ണസമർപ്പണം നടത്തുന്നു. 1896 സപ്തംബർ മാസം 1-ാം തിയ്യതി സർവ്വസംഗ പരിത്യാഗിയായി, കൗപീനധാരിയായി, ബ്രാഹ്മണസ്വാമി എന്ന പേരിൽ പ്രത്യക്ഷപ്പെട്ട ആ ബാലൻ "ഭഗവാൻ ശ്രീ രമണമഹർഷി" എന്ന നാമത്തിൽ വിശ്വമനസ്സാക്ഷിയെ തട്ടിയുണർത്തി ഭക്തിവിശ്വാസങ്ങളുടെ ആശാദീപം പൂർവ്വാധികം ജ്വലിപ്പിച്ച് 1950 ഏപ്രിൽ മാസം 14-ാം തിയ്യതി ഒരു വാൽനക്ഷത്രരൂപത്തിൽ അരുണാചലഗിരിയിൽ അന്തർദ്ധാനം ചെയ്ത കഥ വിശ്വാസിയ്ക്ക് ഒരു പ്രചോദനവും അവിശ്വാസിയ്ക്ക് ഒരു പ്രഹേളികയുമാണ്.

തിരുവണ്ണാമലയിൽ എത്തിയശേഷം മൂന്നുവർഷത്തോളം ക്ഷേത്രത്തിലും മററു സമീപപ്രദേശങ്ങളിലുമായി കഴിച്ചുകൂട്ടി. ഇക്കാലത്ത് ഭഗവാൻ തിരുവണ്ണാമലയിലുണ്ടെന്നുള്ള വാർത്തയറിഞ്ഞ് അഴകമ്മാൾ മകനെ വീട്ടിലേക്ക് തിരികെ കൊണ്ടുപോകുന്നതിനായി വന്നു. പവിഴക്കുന്നിൽ തന്നെ വന്നു കണ്ട അമ്മയുടെ നിർബന്ധങ്ങൾക്ക് വഴങ്ങാതെ, തന്റെ മൗനം ഭഞ്ജിക്കാതെ, ഭക്തരുടെ അപേക്ഷയെ മാനിച്ച് അമ്മയ്ക്ക് ഒരു കുറിപ്പെഴുതിക്കൊടുത്തു. " ഈശ്വരൻ ഓരോ ജീവന്റെയും പ്രാരാബ്ധത്തെ അവരുടെ കർമ്മത്തിനനുസൃതമായി നിയന്ത്രിക്കുന്നു. സംഭവിക്കാൻ വിധിക്കപ്പെടാത്തത് സംഭവിപ്പിക്കുന്നതിനോ, സംഭവിക്കാൻ വിധിക്കപ്പെട്ടത് സംഭവിപ്പിക്കാതിരിക്കാനോ ഒരു മനുഷ്യ പ്രയത്നത്തിനും കഴിയില്ല. അതുകൊണ്ട് എററവും അനുയോജ്യമായത് മൗനമാണ്." ഇതാണ് നിരാശയോടെ മടങ്ങേണ്ടിവന്ന അമ്മയ്ക്കും അതിലൂടെ ലോകത്തിനും നൽകിയ ഭഗവാന്റെ ആദ്യത്തെ ലിഖിതമായ ഉപദേശം.

തുടർന്നുള്ള 17 വർഷത്തിലേറെക്കാലം ഭഗവാൻ മലയുടെ കിഴക്കേ ചരിവിലുള്ള വിരൂപാക്ഷഗുഹയിലാണ് കഴിച്ചുകൂട്ടിയത്. ഇക്കാലത്ത് 1907 ൽ കാവ്യകണ്ഠ ഗണപതി മുനി ഭഗവാനെ ഗുരുവായി സ്വീകരിച്ചതുമുതൽ ബ്രാഹ്മണസ്വാമി ഭഗവാൻ ശ്രീരമണമഹർഷി എന്ന പേരിൽ കൂടുതലായി അറിയപ്പെട്ടു തുടങ്ങി. 1913 ൽ അഴകമ്മാൾ തന്റെ കാശിയാത്രയുടെ മടക്കത്തിൽ ഭഗവാനെ സന്ദർശിച്ചു. കൂടെ ഉണ്ടായിരുന്ന പുത്രവധു ശ്രീമതി മംഗളത്തിന് പുത്രലാഭത്തിന് ഭഗവാൻ അനുഗ്രഹിക്കണമെന്നാവശ്യപ്പെട്ട് അവർ തിരിച്ചു പോയി. 1914 ൽ നാഗസ്വാമി -മംഗളം ദമ്പതികൾക്ക് മഹർഷിയുടെ അനുഗ്രഹത്താൽ ഒരു പുത്രനുണ്ടായി. ആ കുട്ടിയാണ് പിൽക്കാലത്ത് രമണാശ്രമത്തിന്റെ പ്രസിഡന്റ് എന്ന നിലയിൽ പ്രശസ്തസേവനം നടത്തി ആശ്രമത്തെ ഇന്നത്തെ നിലയിലെത്തിച്ച ശ്രീമാൻ T.N.വെങ്കിടരാമൻ.

പൗത്രലാഭത്തിനുശേഷം തിരുപ്പതിയിലേക്ക് തീർത്ഥയാത്ര പോയ അഴകമ്മാൾ തന്റെ മടക്കയാത്രയിൽ മൂന്നാമതും ഭഗവാനെ സന്ദർശിച്ചു. ഇത്തവണ ടൈഫോയിഡ് പനി പിടിച്ച് കിടപ്പിലായ അമ്മയെ ഭഗവാൻ അങ്ങേയററം ശ്രദ്ധയോടും സ്നേഹവായ്പ്പോടും ശുശ്രൂഷിച്ചു. അത്യന്തം ഗുരുതരമായ അവരുടെ നില കണ്ട് കരുണാമൂർത്തിയായ ഭഗവാൻ അരുണാചലത്തെ മാതൃസങ്കല്പത്തിൽ സ്തുതിച്ചുകൊണ്ട് അമ്മയുടെ രോഗശാന്തിയ്ക്കായി പ്രാർത്ഥിക്കുന്ന ഒരു കീർത്തനമെഴുതി. അത്ഭുതകരമായ രോഗശമനം വന്ന അഴകമ്മാൾ തിരിച്ചുപോയത് രണ്ടു വർഷങ്ങൾക്കുശേഷം 1916 ൽ സ്വയം എന്നന്നേയ്ക്കുമായി ഭഗവാൻെറ കൈകളിൽ അർപ്പിക്കുവാനുള്ള യാത്രയ്ക്കു വേണ്ടിയായിരുന്നു. ആ മാതൃപുത്രസമാഗമം ഒരു വലിയ പ്രസ്ഥാനത്തിന്റെ തുടക്കമായിരുന്നു.

**സ്കന്ദാശ്രമം**

വിരൂപാക്ഷ ഗുഹയിൽ സ്ഥലപരിമിതി മൂലം അമ്മയ്ക്ക് നേരിടേണ്ടിവന്ന പ്രയാസങ്ങളും കുളിക്കാനും മററുമുള്ള ആവശ്യങ്ങൾക്കായി മലയുടെ മുകളിലുള്ള ഉറവിൽ നിന്നും ഭഗവാൻ വെള്ളം കൊണ്ടു വരുന്ന കഷ്ടപ്പാടും കണ്ട് ഭഗവാന്റെ ഒരു ഉത്തമഭക്തനായ കന്ദസ്വാമി വല്ലാതെ വേദനിച്ചു. അദ്ദേഹത്തിന്റെ കഠിനാദ്ധ്വാനം കൊണ്ടും ഭഗവാൻെറ അനുഗ്രഹം കൊണ്ടും ആ ഉറവിനുസമീപമായി കുറച്ചു കൂടി വിസ്തൃമായ ഒരു താമസസൗകര്യം തയ്യാറാക്കപ്പെട്ടു. ഭഗവാനും പരിവാരങ്ങളും അങ്ങോട്ട് താമസം മാററി. ഈ ഭക്തന്റെ അർപ്പണബുദ്ധിയും ഗുരുഭക്തിയും കണ്ട് ഭഗവാൻ ഈ സ്ഥലത്തിന് "സ്കന്ദാശ്രമം" എന്ന പേരു നൽകി.

**അന്നദാനയജ്ഞം :**

അമ്മ ഭഗവാന്റെ കൂടെ താമസമാക്കുന്നതുവരെ അന്തേവാസികൾ പട്ടണത്തിൽ പോയി ഭിക്ഷയാചിച്ചുകൊണ്ടുവന്ന് ഭഗവാനും മററു ഭക്തന്മാരും കൂടെ പങ്കുവെച്ചാഹരിക്കുകക യായിരുന്നു പതിവ്. എന്നാൽ അമ്മയുടെ ആഗമം ആശ്രമത്തിൽത്തന്നെ ഭക്ഷണം പാകം ചെയ്യുന്നതിന് തുടക്കമിട്ടു. ഭക്ഷണം പാകം ചെയ്യുന്നതിലുള്ള നൈപുണ്യവും അന്യരെ അന്നം നൽകി പൂജിക്കുന്നതിൽ അവർക്കുള്ള ആനന്ദവും അവരെ എല്ലാവരുടെയും അമ്മയാക്കി. ആ അമ്മ ഭഗവാനും ഭക്തന്മാർക്കും വേണ്ടി എരിയിച്ച ആ അഗ്നി ഇന്നും അണയാതെ അനേകായിരം ഭക്തന്മാർക്ക് മൃഷ്ടാന്നഭോജനം നൽകുന്ന യാഗാഗ്നിയായി" രമണാശ്രമത്തിൽ എരിഞ്ഞുകൊണ്ടിരിക്കുന്നു. ഈ സമയത്ത് ഭഗവാന്റെ സഹോദരൻ നാഗസ്വാമിയും സന്യാസം സ്വീകരിച്ച് (നിരഞ്ജനാനന്ദസ്വാമി) ഭഗവാനോടൊപ്പം ചേർന്നു.

**അമ്മയുടെ സമാധി**

ഭഗവാന്റെ പ്രത്യേകശ്രദ്ധയും സന്തതസഹവാസവും അമ്മയിൽ സമൂലമാററം വരുത്തി. മത മാമൂലുകൾ ഒന്നൊന്നായി കൊഴിഞ്ഞുപോയ ആ സാധ്വി മഹർഷിയെ മകൻ എന്ന നിലവിട്ട് ഗുരു എന്ന സ്ഥാനത്ത് കണ്ടുതുടങ്ങി. ആത്മീയമായി വളർച്ചയും വികാസവും പ്രാപിക്കാൻ തുടങ്ങിയെങ്കിലും അവർ ശാരീരികമായി ക്ഷീണിച്ചുതുടങ്ങി. 1922 മെയ് 19-ാം തിയ്യതി കാലത്തു മുതൽ അത്യന്തം പരവശയായ അമ്മയുടെ നെററിയിൽ തന്റെ ഇടത്തെ കൈപ്പത്തിയും ഹൃദയസ്ഥാനത്ത് വലത്തെ കൈപ്പത്തിയും വെച്ച് ഭഗവാൻ ഇരുപ്പുറപ്പിച്ചു. ഇന്ദ്രിയബന്ധങ്ങൾ മുറിഞ്ഞ് ബാഹ്യബോധം നഷ്ടപ്പെട്ട അവരുടെ മനസ്സിൽ പുനർജന്മത്തിനു കളമൊരുക്കുന്ന പൂർവ്വജന്മവാസനകൾ പ്രബലമായി പ്രവർത്തിച്ചുതുടങ്ങിയതറിഞ്ഞ ഭഗവാൻ ആ വാസനകളെ സൂക്ഷ്മവൃത്തികളാക്കി നശിപ്പിച്ച് അമ്മയുടെ ആത്മാവിനെ പരമമായ മോക്ഷസ്ഥിതിയിലെത്തിച്ചു. കാവ്യകണ്ഠഗണപതിമുനി, കുഞ്ചുസ്വാമി തുടങ്ങിയ ഭക്തൻമാർ വേദമന്ത്രങ്ങളും, കീർത്തനങ്ങളും ആലപിച്ചു കൊണ്ടിരിക്കെ രാത്രി കൃതം 8 മണിക്ക് ഭൌതിക ശരീരം വിട്ട ആ പുണ്യാത്മാവ് അരുണാചലേശ്വരനിൽ വിലയം പ്രാപിച്ചു.

**സമാധിയിരുത്തൽ**

മലയുടെ തെക്കെ താഴ്വാരത്ത് പാലിതീർത്ഥത്തിനടുത്താണ് സമാധിക്കുള്ള സ്ഥലം തയ്യാറാക്കിയത്. പിറേറന്ന് ഉച്ചയോടുകൂടി ആ ദിവ്യശരീരം തിരുമൂലരുടെ തിരുമന്ദിരത്തിൽ നിർദ്ദേശിച്ച അഭിഷേകം, പൂജ, നൈവേദ്യം, ആരതി തുടങ്ങിയ ആചാരവിധികളോടെ സമാധിയിരുത്തി. സമാധിയിരുത്താൻ ഉപയോഗിക്കുന്ന സഞ്ചിയിലും , അടക്കം ചെയ്യുന്ന കല്ലറയിലും ആദ്യത്തെ പിടി ഭസ്മം, കൽപ്പൂരം, ബില്ല്വം, ഉപ്പ് തുടങ്ങിയവ ഭഗവാൻ

തന്നെയാണ് നിക്ഷേപിച്ചത്. കല്ലറക്കുമുകളിൽ ഒരു ശിവലിംഗം സ്ഥാപിച്ചു. കാവ്യകണ്ഠ ഗണപതിമുനി അതിന് 'മാതൃഭൂതേശ്വര' എന്ന് നാമകരണം ചെയ്യുകയും ചെയ്തു. അന്നും, പിറേറന്നും, പത്താം ദിവസവും വിധിപ്രകാരമുള്ള പൂജാദികർമ്മങ്ങൾ നടന്നു. അതുവരെ പൂജക്കുള്ള ജലം പാലി തീർത്ഥത്തിൽ നിന്നുമാണ് എടുത്തിരുന്നത്. പത്താം ദിവസം പൂജക്കുശേഷം ഭഗവാന്റെ നിർദ്ദേശപ്രകാരം സമാധിസ്ഥലത്തിന് ഏതാനും മീററർ വടക്കുമാറി ഒരു കുഴി കുഴിച്ചപ്പോൾ പരിശുദ്ധ ജലത്തിന്റെ ഉറവ് പൊട്ടിപ്പുറപ്പെട്ടു. പിന്നീട് ഒരു കിണറായി താഴ്ത്തിയ ഇതിൽ നിന്നാണ് ഇന്നും ആശ്രമത്തിലെ പൂജക്കുവേണ്ട തീർത്ഥജലം എടുക്കുന്നത്.

**രമണാശ്രമത്തിന്റെ തുടക്കം**

സമാധിപൂജക്കുശേഷം ഭഗവാനും സംഘവും സ്കന്ദാശ്രമത്തിലേക്ക് തിരിച്ചുപോയി. എങ്കിലും എല്ലാം ദിവസവും ഭഗവാൻ സമാധിസ്ഥലം സന്ദർശിക്കുമായിരുന്നു. ഇതിനിടയിൽ സമാധിക്കുമുകളിൽ ഒരു ഓലപ്പുര കെട്ടിയുണ്ടാക്കി. അങ്ങിനെയിരിക്കെ 1922 ഡിസംബർ മാസത്തിലൊരു ദിവസം സ്കന്ദാശ്രമത്തിൽ നിന്നും സമാധിയിൽ ദർശനത്തിന്നുവന്ന ഭഗവാനെ ഏതോ ഒരു അദൃശ്യശക്തി സമാധിയിൽ തന്നെ ഇരുത്തി. പിന്നീട് സ്കന്ദാശ്രമത്തിലേക്ക് തിരിച്ചു പോകാതെ ഇരിപ്പുറപ്പിച്ച ഭഗവാന്റെയും, അമ്മയുടെ സമാധിയുടെയും ചുററും ഇന്നു കാണുന്ന രമണാശ്രമം വളർന്നു.

അമ്മയുടെ സമാധിയുടെ വടക്കുഭാഗത്തായി കെട്ടിയുണ്ടാക്കിയ ഷെഡ്ഡിലായിരുന്നു ഭഗവാന്റെ താമസം. ചിന്നസ്വാമി എന്നു വിളിക്കുന്ന ഭഗവാന്റെ ഇളയസഹോദരൻ (1887-1953) ആശ്രമത്തിന്റെ സർവ്വാധികാരിയായി. അദ്ദേഹത്തിന്റെ പരിശ്രമവും ഭക്തൻമാരുടെ സഹായസഹകരണവും കൊണ്ട് തുടക്കത്തിൽ ഓലയും പുല്ലും കൊണ്ട് കെട്ടിയുണ്ടാക്കിയ ഷെഡ്ഡുകളെല്ലാം ക്രമേണ ഓടുമേഞ്ഞതും, ക്രോൺക്രീററു കൊണ്ടുള്ള കെട്ടിടങ്ങളുമായി മാറി.

**മാതൃഭൂതേശ്വര ക്ഷേത്രം**

ഭഗവാന്റെ അനുഗ്രഹം കൊണ്ടും ചിന്നസ്വാമിയുടെ അശ്രാന്തപരിശ്രമം കൊണ്ടും 1939 സെപ്തംബർ 1-ാം തിയ്യതി നിർമ്മാണം തുടങ്ങിയ അമ്മയുടെ സമാധിക്കുമുകളിലുള്ള മാതൃഭൂതേശ്വരക്ഷേത്രത്തിന്റെ കുംഭാഭിഷേകം 17-3-1949 നാണ് നടന്നത്. കുംഭാഭിഷേകത്തോടനുബന്ധിച്ച് നടന്ന നാലുദിവസത്തെ ചടങ്ങ് രമണാശ്രമത്തെ കൈലാസം പോലെ തോന്നിച്ചു. ഭഗവാൻ എല്ലാം കാര്യങ്ങളും ശ്രദ്ധിച്ചു. കുംഭാഭിഷേകത്തിന്റെ തലേന്ന് രാത്രി വേദോച്ചാരണത്തോടുകൂടിയുള്ള ഘോഷയാത്രയിൽ പങ്കെടുത്ത് ക്ഷേത്രത്തിന്റെയും ക്ഷേത്രത്തിനുമുന്നിൽ തയ്യാറാക്കിയ പുതിയ ഹാളിന്റെയും

പ്രധാനകവാടങ്ങൾ തുറന്ന് ഗർഭഗൃഹത്തിൽ ചെന്ന് ഏതാണ്ട് പത്തു മിനുട്ടോളം മാതൃഭുതേശ്വര ലിംഗത്തേയും ശ്രീചക്രത്തേയും തൊട്ടനുഗ്രഹിച്ചു. അഭിഷേകത്തിനു ശേഷമുള്ള ആദ്യത്തെ പൂജയിലും ഭഗവാൻ പങ്കുകൊണ്ടു. പുരിയിലെ ജഗദ്ഗുരു ശങ്കരാചാര്യ സ്വാമികൾ ചടങ്ങിൽ പങ്കെടുക്കുകയും പൂജാദികർമ്മങ്ങളുടെ മേൽനോട്ടം വഹിക്കുകയും ചെയ്തു. നൂതനമായി ഗർഭഗൃഹം, മുഖമണ്ഡപം, മഹാമണ്ഡപം, വിമാനം, ഗോപുരം എന്നിവകളും പ്രാകാരത്തിൽ ഗണപതി, സുബ്രഹ്മണ്യൻ, ദക്ഷിണാമൂർത്തി, ചണ്ഡികേശ്വരൻ തുടങ്ങിയ സന്നിധികളും അടങ്ങുന്ന ക്ഷേത്രം വൈദ്യനാഥസ്തപതി എന്ന ശിൽപിയുടെ നിഷ്കൃഷ്ടമായ കൈകണക്കിന്റെയും ശില്പചാതുര്യത്തിന്റെയും പ്രത്യക്ഷോദാഹരണമാണ്.

ആശ്രമത്തിന്റെ വളർച്ചക്കും വികസനത്തിനും ആനുപാതികമായി ഭഗവാന്റെ പേരും പ്രശസ്തിയും വർദ്ധിച്ചുകൊണ്ടിരുന്നു. പോൾബ്രണ്ടൻ എന്ന യുറോപ്യൻ എഴുത്തുകാരൻ ഭഗവാനെ വന്നു കാണുന്നത് 1935 ലാണ്. അദ്ദേഹത്തിന്റെ ' A Search in secret India' എന്ന പുസ്തകത്തിലൂടെ വിദേശങ്ങളിലും അറിയപ്പെട്ട ഭഗവാന് വളരെയധികം യുറോപ്യൻ ഭക്തന്മാരും ഉണ്ടായി. 1935 മുതൽ 1939 വരെയുള്ള കാലത്തെ ഭഗവാന്റെ സംഭാഷണങ്ങളാണ് ഏററവും പ്രസിദ്ധമായ ' Taliks with Ramana Maharshi' എന്ന മുനഗള വെങ്കിട്ടരാമയ്യരുടെ പുസ്തകം. 1946 ൽ ഭഗവാൻ അരുണാചലത്തിൽ എത്തിയതിന്റെ 50-ാം വാർഷികം ആഘോഷിച്ചു.

**നിർവ്വാണ മുറിയും ഭഗവാന്റെ സമാധിയും**

മാതൃഭുതേശ്വര ക്ഷേത്രത്തിന്റെ മുന്നിൽ ഭഗവാനു വേണ്ടി തയ്യാറാക്കിയ മുറിയിലേക്ക് ഭഗവാൻ താമസം മാററി. 1949 ന്റെ തുടക്കത്തിൽ ഭഗവാന്റെ ഇടത്തെ കൈമുട്ടിന് കുറച്ചു മുകളിലായി ഒരു മുഴ പ്രത്യക്ഷപ്പെട്ടു. അതു ക്രമേണ വലുതാവുകയും പഴുപ്പ് പ്രത്യക്ഷപ്പെടുകയും ചെയ്തപ്പോൾ ആശ്രമത്തിലെ ഡോക്ടർ അതിനെ ഓപ്പറേററു ചെയ്തു. പക്ഷേ ഒരു മാസം കഴിയുമ്പോഴേക്കും അതിന്നു മുകളിലായി ഒരു മുഴ വീണ്ടും പ്രത്യക്ഷപ്പെട്ടു. മദ്രാസിൽ നിന്നും വരുത്തിയ ഡോക്ടർമാരുടെ പ്രത്യേക സംഘം രണ്ടാമത്തെ ഓപ്പറേഷൻ നടത്തി. പരിശോധനയിൽ 'സാർകോമ' യാണെന്നറിഞ്ഞപ്പോൾ എല്ലാവർക്കും അങ്ങേയററത്തേ ഉത്കണ്ഠയും വേദനയും ഉണ്ടായി. ഈ ഓപ്പറേഷൻ നടത്തിയ മുറി ഉണങ്ങാൻ വളരെയധികം താമസിക്കുകയും അതോടൊപ്പം അതിന്നുമുകളിലായി വീണ്ടും മുഴ പ്രത്യക്ഷപ്പെടുക്കയും ചെയ്തു. കൈ മുറിച്ച് കളയാനുള്ള ഡോക്ടർമാരുടെ നിർദ്ദേശം ശരീരം തന്നെ ഒരു രോഗമാണ് അത് അതിന്റെ പ്രാരബ്ധം നടത്തട്ടെ . മുറിക്കലും വികൃതമാക്കലും ഒന്നും വേണ്ട. മരുന്നു പുരട്ടിയാൽ മതി. " എന്ന് ഭഗവാൻ സ്വതസിദ്ധമായ നർമ്മഭാവത്തിൽ പറഞ്ഞ് തിരസ്കരിച്ചു. വീണ്ടും രണ്ടു പ്രാവശ്യം കൂടി ഓപ്പറേഷൻ നടത്തി. കുടാതെ ആയുർവേദവും, ഹോമിയോപതിയും പരീക്ഷിച്ചു. ഇതെല്ലാം പരാജയപ്പെട്ടു.

അന്ത്യദിനങ്ങളിൽ നാൾക്കുനാൾ രോഗം വർദ്ധിക്കുകയും ഭഗവാന്റെ ആരോഗ്യം ക്ഷയിച്ചു തുടങ്ങുകയും ചെയ്തു. ഇതൊന്നും ഭഗവാന്റെ പ്രസന്നതയേയോ ഭക്തന്മാരോടുള്ള ബന്ധങ്ങളേയോ ബാധിച്ചില്ല. ആശ്രമത്തിലുള്ളവരെല്ലാം ഭഗവാന്റെ ആസന്നമാകുന്ന അന്ത്യത്തെക്കുറിച്ചു മനസ്സിലാക്കി. ഈ വാർത്തയറിഞ്ഞ് അനേകം ഭക്തൻമാർ ദൂരദിക്കുകളിൽ നിന്നും വന്നു തുടങ്ങി. 1950 ഏപ്രിൽ മാസം 14-ാം തിയ്യതി ഭഗവാന്റെ ദേഹസ്ഥിതി പതിവിലും മോശമായി. ഭക്തൻമാരുടെ ഉത്കണ്ഠയും ദു:ഖവും മനസ്സിലാക്കിയ ഭഗവാൻ അവരെ ആശ്വസിപ്പിക്കാൻ, പുഞ്ചിരി തൂകികൊണ്ട് പറഞ്ഞു. "ഈ ശരീരമല്ല ഭഗവാൻ. ഭഗവാൻ എവിടെ പോകാനാണ്? ഞാൻ ഇവിടെത്തന്നെയുണ്ട് അന്നു വൈകുന്നേരവും പതിവുപോലെ ഭഗവാൻ ഭക്തൻമാർക്ക് ദർശനം കൊടുത്തു. വിഷാദമൂകരായ ഭക്തൻന്മാർ ദർശനത്തിനു ശേഷം തിരിച്ചു പോയില്ല. അവർ ആ കെട്ടിടത്തിന്നുമുന്നിലും ആശ്രമാങ്കണത്തിലും ഇരുന്ന് 'അരുണാചല ശിവ !' എന്ന് ഉറക്കെ ജപിച്ചു തുടങ്ങി. ഭഗവാൻ തന്നെ ശുശ്രൂഷിക്കുന്ന ഭക്തൻമാരോട് ശരീരത്തെ നിവർത്തി ഇരുത്താൻ ആവശ്യപ്പെട്ടു. കരുണാപൂർണ്ണമായി, അനുഗ്രഹം വർഷിക്കുന്ന ഭഗവാന്റെ തിളങ്ങുന്ന നേത്രങ്ങൾ വിടർന്നു. ഒരു ചെറുപുഞ്ചിരിയോടെ ആ ദിവ്യനയനങ്ങളിൽ നിന്നും ഒരു തുള്ളി ആനന്ദാശ്രു ഒലിച്ചിറങ്ങി. കൃതം 8-47 ന് യാതൊരു ചലനങ്ങളുമില്ലാതെ ആ ശ്വാസം എന്നന്നേക്കുമായി നിലച്ചു. ആ സമയത്ത് ഒരു വാൽ നക്ഷത്രം ആകാശത്തിലൂടെ സാവധാനം അരുണാചലത്തിന്റെ ശിഖരത്തിലേക്ക് നീങ്ങി മലയുടെ പിന്നിൽ മറഞ്ഞു. സമ്മിശ്രവികാരങ്ങളോടുകൂടിയ ഒരു ഉറച്ച വിളി, ഭക്തകണ്ഠങ്ങളിൽ നിന്നുയർന്നത്, ആ വാൽ നക്ഷത്രത്തെ പിൻതുടർന്ന് അരുണാചലേശ്വരനിൽ ലയിച്ചു.

**നിർവ്വാണമുറി**

ഭഗവാന്റെ മഹാനിർവ്വാണം പൂകിയ ആ പുണ്യമുറി അങ്ങേയററത്തെ ശ്രദ്ധയോടും വൃത്തിയോടും ആ ദിവസം ഉണ്ടായിരുന്നതുപോലെ ഇന്നും നിലനിർത്തിവരുന്നു.

**രമണേശ്വര മഹാലിംഗം**

മാതൃഭൂതേശ്വര ക്ഷേത്രത്തിനും പഴയ ഹാളിനും ഇടയിൽ ഭഗവാന്റെ സമാധി തയ്യാറാക്കി. ഭഗവാന്റെ സമാധിക്കുമീതെ സ്ഥാപിച്ച ലിംഗത്തിന് രമണേശ്വര മഹാലിംഗം എന്നാണ് പേര്. രമണേശ്വര മഹാലിംഗത്തിന്റെ അഭിഷേകം നടന്നത് 1967 ലാണ്. തൊട്ടു തൊട്ടു സ്ഥിതിചെയ്യുന്ന മാതൃഭൂതേശ്വര ക്ഷേത്രവും രമണേശ്വര മഹാലിംഗവും ആ അവിഭാജ്യശക്തിയാകുന്ന ഏകനാണയത്തിന്റെ ദ്വിമുഖങ്ങൾ പോലെ അവാച്യമായ ആനന്ദവും പരമമായ ശാന്തിയും നൽകിക്കൊണ്ട് ഭക്തകോടികളെ ആകർഷിച്ചും. അനുഗ്രഹിച്ചും കൊണ്ട് പരിലസിക്കുന്നു.

ഭൂമിയിലൊരു സ്വർഗ്ഗമുണ്ടെങ്കിൽ അതിവിടെയാണെന്ന് ആ ചൈതന്യവും ശാന്തിയും അനുഭവിക്കാൻ ഇടവന്ന നിർമ്മലഭക്തരുടെ അന്തരാത്മാവ് അറിയാതെ ആത്മഗതം ചെയ്യുന്നു.

**പഴയ ഹാൾ**

അമ്മയുടെ സമാധിയുടെ വടക്കു ഭാഗത്തു കെട്ടിയ ഷെഡ്ഡിലാണ് ഭഗവാനിരുന്നിരുന്നത്. തന്റെ 20 കൊല്ലത്തെ സന്തതസഹവാസം കൊണ്ട് പവിത്രമാക്കപ്പെട്ട ആ സ്ഥലം അതിന്റെ പരിശുദ്ധിയും പാവനതയും നഷ്ടപ്പെടുത്താതെ നിലനിർത്തിവരുന്നു. ഭക്തന്മാർക്ക് ശാന്തമായിരുന്ന് ധ്യാനം അഭ്യസിക്കുന്നതിനും ആത്മാന്വേഷണം നടത്തുന്നതിനും ഈ ഹാൾ ഉപയോഗിച്ചു വരുന്നു.

**പാചകശാല**

1938 ൽ നിർമ്മിച്ച ഈ പാചകശാലയിൽ എല്ലാ സൗകര്യങ്ങളുമുള്ള ഒരു പാചകശാലയും 200 ഓളം പേർക്ക് ഒരുമിച്ചിരുന്ന് ഭക്ഷണം കഴിക്കാൻ സൗകര്യമുള്ള ഒരു ഭക്ഷണമുറിയും ഉണ്ട് . ആശ്രമം സന്ദർശിക്കാൻ എത്തുന്ന രമണഭക്തൻമാർക്കും അതിഥികൾക്കും കാലത്ത് 7 മണിക്ക് കാപ്പിയും പലഹാരവും, 11.30 മണിക്ക് ഉച്ചയൂണും 4 മണിക്ക് കാപ്പിയും രാത്രി 7.30 അത്താഴവും സൗജന്യമായി നൽകിവരുന്നു. ഇതിന്നുപുറമേ എല്ലാ ദിവസവും ഉച്ചക്ക് സാധുക്കൾക്ക് 'നാരായണ സേവയായി' ഭിക്ഷ നൽകുന്നു. ഈ 'അന്നദാനം' ഭക്തൻമാർക്ക് അവരുടെ ചിലവിൽ അവർ ഇഷ്ടപ്പെടുന്ന ദിവസം 'വഴിപാടായി' നടത്താവുന്നതാണ്.

**ശ്രീരമണാശ്രമം ഡിസ്പെൻസറി**

പരിസരവാസികളായ സാധുക്കൾക്കുവേണ്ടി 'രമണാശ്രമം ഡിസ്പെൻസറി' എന്ന പേരിൽ ഒരു സൗജന്യ ചികിൽസാകേന്ദ്രം പ്രവർത്തിച്ചുവരുന്നു.

**വേദപാഠശാല**

സാധു അരുണാചല എന്ന പേരിൽ പ്രസിദ്ധനായ മേജർ ചാഡ്വിക് എന്ന യൂറോപ്യന്റെ ശ്രമഫലമായി തുടങ്ങിയതാണ് ഈ വേദപാഠശാല. ഗുരുകുല സമ്പ്രദായത്തിൽ കുട്ടികളെ യജുർവേദം പഠിപ്പിക്കുന്ന ഈ സ്ഥാപനത്തിൽ പഠിക്കുന്ന കുട്ടികൾക്ക് ഭക്ഷണവും താമസസൗകര്യവും സൗജന്യമായി നൽകുന്നു. 7 കൊല്ലത്തെ ദൈർഘ്യമുള്ള കോഴ്സിന്ന് 10 വയസ്സിനും 12 വയസ്സിനും ഇടയിലുള്ള കുട്ടികളെയാണ് പ്രവേശിപ്പിക്കുന്നത്.

### ഗോശാല

1926 ൽ അരുണാചലപ്പിള്ള എന്ന ഭക്തൻ ഒരു പശുവിനെയും കുട്ടിയെയും ഭഗവാന് കാഴ്ചവെച്ചു. ആശ്രമത്തിൽ പശുവിനെ വളർത്താനുള്ള ആളോ സൗകര്യമോ ഇല്ലാത്തതുകൊണ്ട് അതിനെ തിരിച്ചു കൊണ്ടുപോകാൻ ഭഗവാൻ ആവശ്യപ്പെട്ടെങ്കിലും ഭഗവാന് സമർപ്പിച്ചത് തിരിച്ചെടുക്കാൻ വയ്യ എന്ന് പറഞ്ഞ് ആ ഭക്തൻ വിസമ്മതിച്ചു. തന്മൂലം അതിന്റെ പരിപാലനം പട്ടണത്തിലുള്ള ഒരു ഭക്തനെ ഏല്പിച്ചു. ആ കിടാവ് വളർന്നു വലുതായി 1930 ൽ ഒരു കുഞ്ഞിനു ജന്മം നൽകി. പശുവിനെയും കിടാവിനെയും പശുപതി അയ്യർ ആശ്രമത്തിൽ കൊണ്ടുവന്നു. ഭഗവാന്റെ പ്രത്യേക പരിഗണനയും പരിലാളനയും ഏററു വാങ്ങിയ ഈ പശുവാണ് പ്രസിദ്ധയായ ലക്ഷ്മി. അന്നു മുതൽ ആശ്രമത്തിൽ താമസമുറപ്പിച്ച ലക്ഷ്മി 9 കുഞ്ഞുങ്ങളെ സമ്മാനിച്ചു. അതിൽ നാലെണ്ണം ഭഗവാന്റെ ജന്മദിനങ്ങളിൽതന്നെയായിരുന്നു. 18–6–48 ന് സമാധിപൂകിയ ഭഗവാന്റെ വാത്സല്യഭാജനമായ ലക്ഷ്മിയുടെ സമാധി ഭഗവാന്റെ ഹാളിന്ന് എതിർവശത്തായി ഒരുക്കിയിട്ടുണ്ട് . അവൾക്കുവേണ്ടി തുടങ്ങിയ 'ഗോശാല' ആശ്രമത്തിന്റെ ആവശ്യങ്ങൾ മുഴുവൻ സാധിച്ചുതരാൻ പര്യാപ്തമായ ഒരു വലിയ ഗോസമൂഹമാണ്. 120 പശുക്കളുള്ള ഗോശാലയുടെ സംരക്ഷണം 10 മുഴുവൻ സമയപ്രവർത്തകരുടെ വിദഗ്ധ ഹസ്തങ്ങളിൽ അർപ്പിതമാണ്.

### വിരൂപാക്ഷ ഗുഹയും സ്കന്ദാശ്രമവും

1899 മുതൽ 1916 വരെയുള്ള കാലത്ത് ഭഗവാൻ താമസിച്ച വിരുപാക്ഷ ഗുഹയും അതിനുശേഷം അമ്മയോടൊത്ത് 1922 വരെ താമസിച്ച സ്കന്ദാശ്രമവും പല ആദ്ധ്യാത്മിക ലീലകൾക്കും സാക്ഷ്യം വഹിക്കുകയും ഭഗവാന്റെ സഹവാസം കൊണ്ടും ആദ്ധ്യാത്മിക ചൈതന്യം കൊണ്ടും പരിപൂതമാവുകയും ചെയ്ത പുണ്യസങ്കേതങ്ങളാണ്. ആശ്രമത്തിന്റെ നേരിട്ടുള്ള മേൽനോട്ടത്തിൽ സംരക്ഷിച്ചുവരുന്ന ഈ രണ്ടു കേന്ദ്രങ്ങളും ആശ്രമദർശനത്തിനെത്തുന്ന ഭക്തൻമാർ സന്ദർശിക്കാറുണ്ട്.

### 'ദി മൌണ്ടൻ പാത്ത്'

ആർതർ ഓസ്ബോൺ എന്ന യുറോപ്യന്റെ ശ്രമഫലമായി അദ്ദേഹത്തിന്റെതന്നെ പത്രാധിപത്യത്തിൽ ആശ്രമത്തിൽ നിന്നും 1964 ജനുവരി മാസത്തിൽ പുറത്തിറക്കിയ ത്രൈമാസികയാണ് 'ദി മൌണ്ടൻ പാത്ത്'. ഭഗവാന്റെ ഉപദേശങ്ങൾ പ്രചരിപ്പിക്കാനായി തുടങ്ങിയ ഈ മാസിക ചുരുങ്ങിയ സമയം കൊണ്ട് ഉയർന്ന നിലവാരം പുലർത്തുന്ന ഒരു അന്തർദ്ദേശീയ മാസികയായി പ്രചാരവും പ്രസിദ്ധിയും നേടി. അതുപോലെ ഈ മാസികയിലെ ലേഖനങ്ങളും ലേഖകൻമാരും വായനക്കാരുടെ ശ്രദ്ധയും അംഗീകാരവും നേടി.

വാർഷിക വരിക്കാരായും ആജീവാനന്ത വരിക്കാരായും ചേരാവുന്ന ഈ മാസിക ഇപ്പോൾ അർദ്ധവാർഷികമായി പ്രസിദ്ധീകരിച്ചുവരുന്നു.

**രമണാശ്രമം ബുക്ഡിപ്പോ**

ആശ്രമാങ്കണത്തു പ്രവർത്തിക്കുന്ന ഈ പുസ്തകശാലയിൽ ഭഗവാനെ കുറിച്ച് ഇംഗ്ലീഷ്, തമിഴ്, മലയാളം, തെലുങ്ക്, കന്നഡ, എന്നി ഭാഷകളിൽ ആശ്രമത്തിൽ നിന്നും പ്രസിദ്ധപ്പെടുത്തിയ പുസ്തകങ്ങളും, ഭഗവാൻെയും അരുണാചലത്തിന്റെയും വർണ്ണചിത്രങ്ങളും ഭഗവാന്റെയും, ഭഗവാനെ കുറിച്ചുള്ള കീർത്തനകളുടെയും ആഡിയോ കാസററുകളും ഭഗവാനെ ചിത്രികരിച്ചിട്ടുള്ള വീഡിയോ കാസററുകളും ലഭ്യമാണ്.

**ശ്രീരമണ സെന്റിനറി ലൈബ്രറി**

ശ്രീ രമണ സെന്റിനറി ലൈബ്രറി എന്ന പേരിൽ ദേശീയവും വിദേശിയവുമായ ഭാഷകളിലുള്ള മതപരവും തത്വചിന്താപരവുമായ 20,000 ത്തിലധികം പുസ്തകങ്ങളുള്ള ഒരു ലൈബ്രറി പ്രവർത്തിച്ചുവരുന്നു.

**ഭക്ഷണവും താമസവും**

ആശ്രമത്തിൽ സന്ദർശനത്തിനെത്തുന്ന രമണഭക്തൻമാർക്ക് ഭക്ഷണം പോലെ താമസവും സൗജന്യമാണ്. ഒററയ്ക്കും, കുടുംബമായും, സംഘമായും വരുന്നവർക്ക് സൗകര്യ പ്രദമായ രീതിയിൽ കക്കൂസ്, കുളിമുറി, തുടങ്ങിയ സൗകര്യങ്ങളോടും, കസേര, മേശ, കട്ടിൽ, ഫാൻ തുടങ്ങിയ സജ്ജീകരണങ്ങളോടുംകൂടിയ മുറികൾ ലഭ്യമാണ്. തണുപ്പുകാലത്ത് ചൂടുവെള്ളത്തിന്റെ സൗകര്യവും ഉണ്ടായിരിക്കും.

(താമസസൗകര്യം മിതമായതുകൊണ്ട് താമസസൗകര്യം ആവശ്യമുള്ള ഭക്തൻമാർ അവരുടെ യാത്രയെ കുറിച്ച് മുൻകൂട്ടി അറിയിക്കേണ്ടതാണ്. എത്തുന്ന ദിവസം, ആളുകളുടെ എണ്ണം, തിരിച്ചു പോരാൻ ഉദ്ദേശിക്കുന്ന ദിവസം ഇവ കാണിച്ച് മുൻകൂട്ടി എഴുതുന്ന കത്തുകൾക്ക് ക്ലിപ്ത സമയത്തു തന്നെ മറുപടി ലഭിക്കുന്നതാണ്. ആ മറുപടി കത്ത് പോകുന്ന സമയം ആശ്രമത്തിൽ തിരിച്ചേൽപ്പിക്കേണ്ടതാണ്).

**ആശ്രമത്തിലെ വിശേഷങ്ങൾ**

***(a) നിത്യപൂജ :-***

എല്ലാ ദിവസവും മാതൃഭൂതേശ്വരക്ഷേത്രത്തിലും രമണേശ്വര മഹാലിംഗത്തിലും ആചാരവിധികളോടെയുള്ള ത്രികാല പൂജയും രമണേശ്വര മഹാലിംഗ സന്നിധാനത്തിൽ നടത്തുന്ന വേദപാരായണവും ഉണ്ടായിരിക്കുന്നതാണ്.

*(b) ശ്രീചക്രപൂജ*

വെളുത്തവാവിൻദിവസവും തമിഴ് മാസങ്ങളുടെ 1-ാം തിയ്യതിയും എല്ലാ വെള്ളിയാഴ്ചകളിലും സന്ധ്യക്ക് 5.30 മുതൽ 8.30 വരെ ശ്രീചക്രപൂജ ഉണ്ടായിരിക്കുന്നതാണ്.

*(c) ജയന്തി (ഡിസംബർ-ജനുവരി)*

ധനു മാസത്തിലെ പുണർതം നക്ഷത്രത്തിലാണ് ഭഗവാന്റെ ജൻമദിനാഘോഷം. ഭഗവാൻ സശരീരിയായി വിളങ്ങിയ കാലത്തേതുപോലെ ജൻമദിനഘോഷങ്ങളിൽ പങ്കെടുക്കാൻ എത്തുന്ന വമ്പിച്ച രമണഭക്തരുടെ സാന്നിദ്ധ്യത്തിൽ വിശദമായ പൂജ, ഭക്തൻമാർക്കും സാധുക്കൾക്കും വിപുലമായ സദ്യ, സംഗീതാലപനം തുടങ്ങിയവയാണ് ചടങ്ങുകൾ.

*(d) മഹാശിവരാത്രി (ഫെബ്രുവരി - മാർച്ച്)*

പ്രത്യേക പൂജ, രാത്രി മുഴുവൻ ഉറക്കമൊഴിച്ചുള്ള മന്ത്രോച്ചാരണം, ഗിരി പ്രദക്ഷിണം അരുണാചലേശ്വര ദർശനം

*(e) ശ്രീവിദ്യാ ഹവനം (മാർച്ച്)*

ഒരു ദിവസം മുഴുവൻ നിണ്ടു നിർക്കുന്ന ജഗത് ജനനിയായ ദേവിക്കായി അഗ്നിയിലുള്ള ഹോമം.

*(f) ഭഗവാന്റെ ആരാധന (ഏപ്രിൽ - മെയ്)*

ഭഗവാന്റെ മഹാനിർവ്വാണദിനത്തിന്റെ വാർഷികം. വിശേഷാൽ അഭിഷേകം, പൂജ, നൈവേദ്യം, തുടങ്ങിയവയും ഭക്തൻമാർക്കും സാധുകൾക്കും വിപുലമായ സദ്യയും.

*(G) നവരാത്രി ( സെപ്തംബർ - ഒക്ടോബർ )*

ഓരോ ദിവസവും ദേവിയെ ഒരോ ഭാവത്തിൽ അലങ്കരിച്ച് ആരാധിക്കുന്ന 9 ദിവസത്തെ പൂജ. ഒൻപതാംദിവസം ദേവിയെ ദീപങ്ങളേന്തി ആശ്രമത്തിൽ പ്രദക്ഷിണം

**അരുണാചലേശ്വര ക്ഷേത്രം**

ഭാരതത്തിലെ ഏററവും വലിയ ശിവക്ഷേത്രം ജ്യോതിർലിംഗം എന്നു ഗണിക്കുന്ന അരുണാചലത്തിന്റെ സ്വയംഭൂലിംഗമാണ് അരുണാചലേശ്വരൻ എന്നു വിളിക്കുന്ന പ്രധാന ആരാധന മൂർത്തി. അനേകായിരം വർഷങ്ങളായി ഭക്തകോടികളെ ആകർഷിക്കുന്ന ഏററവും പവിത്രമായ തീർത്ഥാടനകേന്ദ്രം. അരുണഗിരിയുടെ കിഴക്കേതാഴ്വാരത്തു സ്ഥിതിചെയുന്ന ഈ ക്ഷേത്രത്തിലേക്ക് ആശ്രമത്തിൽ നിന്നുള്ള ദൂരം 3 കിലോ മീററാണ്.

**കാർത്തിക ദീപം ( നവംബർ - ഡിസംബർ )**

ഏററവും കൂടുതൽ ഭക്തൻമാർ ദർശനത്തിനെത്തുന്ന അരുണാചലേശ്വര ക്ഷേത്രത്തിലെ 10 ദിവസം നീണ്ടുനിൽക്കുന്ന പ്രധാന ആഘോഷം. ഉൽസവം കൊടിയേറിയതിന്റെ 7-ാം ദിവസം ഭഗവാനെ ഭീമാകാരമായ തേരിലിരുത്തി ടൗണിൽക്കൂടെ ക്ഷേത്രത്തിനു ചുററുമുള്ള പ്രദക്ഷിണം. പത്താം ദിവസം ക്ഷേത്രാങ്കണത്തും മലയുടെ മുകളിലും തെളിയിക്കുന്ന ജ്യോതി. ഈ പുണ്യജ്യോതി കാണുന്നതിനാണ് വമ്പിച്ച തിരക്ക് അനുഭവപ്പെടാറുള്ളത്.

**ഗിരി പ്രദക്ഷിണം**

അഖില ജഗത്തിനേയും ഉള്ളിലാക്കിയ ഈ പർവ്വതലിംഗാകാരം കൃതയുഗത്തിൽ അഗ്നിമലയായും, ത്രേതായുഗത്തിൽ മാണിക്യമലയായും, ദ്വാപരയുഗത്തിൽ പൊൻമലയായും കലിയുഗത്തിൽ കല്ലുമലയായും തന്റെ ദിവ്യരൂപം പ്രദർശിപ്പിക്കുന്നു എന്നാണ് പുരാണങ്ങൾ പറയുന്നത്.

ഒരിക്കൽ ഭഗവാൻ ശ്രീരമണമഹർഷിയെ കൈലാസത്തിലേക്ക് തീർത്ഥയാത്ര പോകാനായി ഭക്തൻമാർ ക്ഷണിച്ചപ്പോൾ ഭഗവാൻ പറഞ്ഞത് ' സർവ്വലോകങ്ങളിലും അത്യുത്തമമായ കൈലാസം ഭഗവാന്റെ വാസസ്ഥാനമാണെങ്കിൽ അരുണാചലം സാക്ഷാൽ ശിവൻ തന്നെയാണ്'. എന്നാകുന്നു. ഈ ഗിരിയെ പ്രദക്ഷിണം വെയ്ക്കുന്നത് എല്ലാം പാപങ്ങളും നശിപ്പിക്കുന്ന പുണ്യകർമ്മമായി കണക്കാക്കപ്പെടുന്നു. ഈ മലയെ ചുററി പതിമൂന്നു കിലോ മീററർ നീളത്തിലുള്ള റോഡിന്റെ ഇരുവശത്തുമായി പരിപാവനമായ വിവിധ ക്ഷേത്രങ്ങളും തീർത്ഥങ്ങളും ഉണ്ട്.

**സ്ഥാനം**

തിരുവണ്ണാമല എന്ന ഈ പട്ടണം സേലത്തിനു 150 കിലോ മീററർ വടക്ക് കിഴക്കും ബാംഗ്ളൂരിനു 200 കിലോ മീററർ തെക്കുക്കിഴക്കും മദ്രാസിനു 200 കിലോ മീററർ തെക്കു പടിഞ്ഞാറും പോണ്ടിച്ചേരിക്ക് 110 കിലോ മീററർ പടിഞ്ഞാറ്റുമായി സ്ഥിതിചെയ്യുന്നു.

**യാത്രാ സൌകര്യം**

സേലത്തു നിന്നും ഹരൂർ, ഉത്തംകര വഴിയും, ബാംഗ്ളൂരിൽ നിന്ന് കൃഷ്ണഗിരി വഴിയും, കാട്പാടിയിൽ നിന്നും വെല്ലൂർ വഴിയും മദ്രാസിൽ നിന്ന് നേരിട്ടും ബസ്സ് മാർഗ്ഗം എത്താവുന്നതാണ്.

കാട്പാടി – വിളുപ്പുറം റെയിൽ റൂട്ടിൽ സ്ഥിതി ചെയ്യുന്നതു കൊണ്ട് ട്രെയിൻ മാർഗ്ഗവും എത്തിച്ചേരാവുന്നതാണ്.

ഈ ആശ്രമത്തിലെ ഓരോ തരി മണ്ണും ഭഗവാൻ മഹർഷിയുടെ പാദസ്പർശം കൊണ്ട് പവിത്രീകൃതമായിട്ടുള്ളതാണ്. 27 ലേറെ കൊല്ലക്കാലത്തെ ഭഗവാന്റെ സന്തതവാസവും, അനേകം ഭക്തൻമാരുടെ ആദ്ധ്യാത്മിക അനുഭവങ്ങളും, ഭഗവാന്റെയും അമ്മയുടെയും സമാധി സ്ഥാനങ്ങളും, മഹാത്മാക്കളുടെയും ഭക്തൻമാരുടെയും ദർശനവും ഈ സ്ഥലത്തെ അങ്ങേയററം പവിത്രമാക്കുന്നു. ആദ്ധ്യാത്മിക ചൈതന്യവും, ശാന്തിയും, സമാധാനവും, തുളുമ്പി നിൽക്കുന്ന ഈ അന്തരീക്ഷത്തിൽ ഭഗവാന്റെ സാന്നിദ്ധ്യവും, പ്രഭാവവും, മനഃശുദ്ധിവന്ന എതൊരു ഭക്തനും അനുഭവിക്കാൻ കഴിയും. ജാതി മത ഭേദമെന്യേ എല്ലാവർക്കും പ്രവേശനമുള്ള ഇവിടെ കർക്കശമായ നിയന്ത്രണങ്ങളോ , നിർബ്ബന്ധപൂർവ്വം അടിച്ചേൽപ്പിക്കുന്ന അനുഷ്ഠാനങ്ങളോ ഇല്ല. ഒരോ ഭക്തനും തന്റെ ഇഷ്ടാനുസരണം വ്യക്തിപരമായ സാധനയനുഷ്ഠിക്കാൻ പൂർണ്ണ സ്വാതന്ത്ര്യം ഉണ്ട്.

ആശ്രമത്തിന്റെ ഉൽപത്തി മുതൽ 29–1–1953 ൽ സമാധിയാകുന്നതുവരെ ആശ്രമത്തിന്റെ പ്രസിഡന്റു സ്ഥാനം വഹിച്ചിരുന്നത് നിരഞ്ജനാനന്ദ സ്വാമി ( ചിന്ന സ്വാമി) കളായിരുന്നു. അതിനു ശേഷം ആശ്രമത്തിന്റെ പ്രസിഡന്റു സ്ഥാനം ഏററെടുത്ത അദ്ദേഹത്തിന്റെ പുത്രൻ ശ്രീമാൻ T.N. വെങ്കിടരാമൻ 1994 ആഗസ്റ്റ് മാസം വരെ തൽസ്ഥാനത്തു തുടർന്നു. അതിനു ശേഷം 1994 ൽ സന്യസിച്ച് സ്വാമി രമണാനന്ദ സരസ്വതി എന്ന പേര് സ്വീകരിച്ച ശ്രീമാൻ T.N.വെങ്കിട്ടരാമൻ തന്റെ മൂത്ത പുത്രനായ ശ്രീമാൻ V.S.രമണനെ പ്രസിഡന്റു സ്ഥാനം ഏല്പിച്ചു.

ഈ ആശ്രമവും അതിന്റെ പ്രവർത്തനങ്ങളും ഭക്തന്മാരുടെ സംഭാവനയും സഹകരണവും കൊണ്ടു മാത്രമാണ് നിലനിന്നുവരുന്നത്. രമണതത്വങ്ങളും ശ്രീ രമണാശ്രമവും നീണാൽ വാഴട്ടെ ! കത്തിടപാടുകൾ നടത്താനുള്ള വിലാസം :–

ദി പ്രസിഡന്റ്, ശ്രീ രമണാശ്രമം,


തിരുവണ്ണാമലൈ, തമിഴ് നാട്, PIN - 606603

ഫോൺ : 04175/23292, 22491

ഫാക്സ് : 91 - 4175 - 22491

ഓം തത് സത് ശ്രീരമണാർപ്പണമസ്തു





# കേരളത്തിലൊരു രമണാശ്രമം

**എ. സ്വാമിനാഥൻ**

പാലക്കാട് നഗരത്തിന്റെ ഹൃദയഭാഗമായ കൊപ്പത്ത് മലമ്പുഴ റോഡിൽ ഹെഡ് പോസ്റ്റാഫീസിനു സമീപം സ്ഥിതിചെയ്യുന്ന ശാന്തസുന്ദരമായ ഒരു ചെറിയ ആദ്ധ്യാത്മിക കേന്ദ്രമാണ് വിജ്ഞാനരമണീയാശ്രമം. നഗരമദ്ധ്യത്തിലാണെങ്കിലും നഗരത്തിന്റെ ബഹളങ്ങൾ ഒട്ടുംതന്നെ ബാധിക്കാത്ത ഒരന്തരീക്ഷം ഈ ആശ്രമത്തിനുണ്ട്. കേരളത്തിലെന്നല്ല തിരുവണ്ണാമല രമണാശ്രമം കഴിഞ്ഞാൽ പാലക്കാട് വിജ്ഞാന രമണീയാശ്രമം മാത്രമാണ് ഭഗവാൻ മഹർഷിയുടെ പേരിൽ ലോകത്തിൽതന്നെ നിലനിൽക്കുന്ന ഒരേ ഒരു രമണാശ്രമം.

ഒരു പൂജാമുറിയും ധ്യാനമന്ദിരവും പ്രാർത്ഥനാഹാളും അടങ്ങുന്ന ഇപ്പോഴത്തെ ആശ്രമത്തിന്റെ സ്ഥാപകൻ ശ്രീമദ് സുരേശാനന്ദസ്വാമിജിയാണ്. തന്റെ പൂർവ്വാശ്രമത്തിൽ പാലക്കാട് നഗരത്തിന് സമീപത്തുള്ള രാമശ്ശേരിയിലെ പ്രശസ്തമായ ഒരു നായർ തറവാട്ടിൽ ജനിച്ച ദാമോദരൻ നായർ വക്കീൽ ഉദ്യോഗം വേണ്ടെന്ന് വച്ച് ആദ്ധ്യാത്മിക ജീവിതം നയിക്കുകയും തുടർന്ന് സന്ന്യാസദീക്ഷ സ്വീകരിച്ച് സുരേശാനന്ദ എന്ന നാമധേയത്തിൽ പ്രവർത്തനം ആരംഭിക്കുകയും ചെയ്തു. 1947–ൽ സ്വപ്നത്തിൽ തനിക്കുണ്ടായ ഒരു ദേവീദർശനമാണ് ശ്രീ ദാമോദരൻനായരുടെ ജീവിതത്തിൽ ഒരു വഴിത്തിരിവ് ഉണ്ടാക്കിയത്. സ്വാതന്ത്ര്യസമരരംഗത്തും സാഹിത്യസാംസ്ക്കാരിക മണ്ഡലങ്ങളിലും പ്രവർത്തിച്ചിരുന്ന ശ്രീ ദാമോദരൻനായർക്ക് ക്രമേണ വക്കീൽ ഉദ്യോഗത്തിൽ താല്പര്യം കുറയുകയും പൂർണ്ണമായും ആദ്ധ്യാത്മിക രംഗത്തേക്ക് തിരിയുകയും ചെയ്തു. വസ്ത്രാധാരണത്തിലും ആഹാരാദികാര്യങ്ങളിലും എളിമ പുലർത്താനും ആദ്ധ്യാത്മിക ഗ്രന്ഥങ്ങളുടെ പഠനത്തിലും പൂജാദികളിലും വ്രതാനുഷ്ഠാനങ്ങളിലും കൂടുതൽ കൂടുതൽ ശ്രദ്ധ ചെലുത്താനും തുടങ്ങിയ അദ്ദേഹം ആദ്ധ്യാത്മിക സാധനയിൽ തനിക്കുണ്ടായിരുന്ന സംശയങ്ങളുടെ നിവാരണത്തിനായി പല പുണ്യസ്ഥലങ്ങളും പല ആദ്ധ്യാത്മികാചാര്യന്മാരേയും സന്ദർശിച്ചു. ഈ പരിവ്രാജക പര്യടനത്തിൽ കാഞ്ഞങ്ങാടട്ട ശ്രീ രാമദാസ് സ്വാമിജിയെ സന്ദർശിച്ച വക്കീലിന് (അപ്രകാരമാണ് അന്ന് അദ്ദേഹം അറിയപ്പെട്ടിരുന്നത്) അവിടെ നിന്നാണ് ശ്രീ രമണാശ്രമത്തിലുള്ള ഭഗവാൻ ശ്രീ രമണമഹർഷിയെ ദർശിക്കാനുള്ള മാർഗ്ഗനിർദ്ദേശം ലഭിച്ചത്.

തിരുവണ്ണാമലയിൽ ഭഗവാൻ മഹർഷിയെ കണ്ടതോടെ വക്കീൽ സ്വാമിക്ക് തന്റെ എല്ലാ സംശയങ്ങളും അസ്തമിച്ചതായി അനുഭവപ്പെട്ടു. ഭഗവാൻ മഹർഷിയെ തന്റെ ഗുരുവായി അദ്ദേഹം മനസാ വരിച്ചു. അഭൗമമായ ആനന്ദാനുഭൂതിയിൽ 4 ദിവസം രമണ സന്നിധിയിൽ കഴിഞ്ഞ വക്കീലിന് പെട്ടെന്ന്തന്നെ പാലക്കാട്ടേക്ക് തിരിച്ചു വരേണ്ടി വന്നു. തന്റെ ശിഷ്ടകാലം മുഴുവൻ ശ്രീ രമണാശ്രമത്തിൽ തന്നെ കഴിച്ചുകൂട്ടണമെന്ന് നിശ്ചയിച്ചിരുന്ന

അദ്ദേഹത്തിന് തുടർന്ന് മാസങ്ങളോളം പാലക്കാട് തന്നെ കഴിയേണ്ട സാഹചര്യം ഉണ്ടായി. ഭഗവാൻ മഹർഷിയെ ദർശിക്കാനും ആ തിരുസന്നിധിയിൽ തന്നെ വർത്തിക്കാനും തുടി കൊട്ടിയ ആ മനസ്സിൽ ഭഗവത് സ്മരണ നിലനിർത്തുവാനുള്ള ഒരു സംരംഭത്തിന് തുടക്കം കുറിക്കണമെന്ന അഭിലാഷം ജനിച്ചു. ഈ സന്ദർഭത്തിലൊരിക്കൽ തനിക്കുണ്ടായ സ്വപ്നദർശനത്തിന് അനുസരിച്ച് തന്റെ കൈവശം ഉണ്ടായിരുന്ന ആദ്ധ്യാത്മിക ഗ്രന്ഥങ്ങളെല്ലാം ചേർത്ത് " വിജ്ഞാന രമണീയം ലൈബ്രറി" എന്ന പേരിൽ ഒരു ഗ്രന്ഥാലയം സ്വവസതിയിൽ തന്നെ ആരംഭിച്ചു. പിന്നീട് വിക്ടോറിയ കോളേജിന്റെ പിന്നിൽ ഉപയോഗശൂന്യമായി കിടന്നിരുന്ന തീയോസഫിക്കാരുടെ ഒരു കെട്ടിടത്തിലേക്ക് ഈ ഗ്രന്ഥാലയം മാറ്റപ്പെട്ടു. അതിനുശേഷം കൊപ്പത്തു രണ്ടുകൊല്ലക്കാലം വാടകകെട്ടിടത്തിൽ പ്രവർത്തിച്ച സ്വാമിജിക്ക് വാടക കൊടുക്കാൻ വളരെ വിഷമിക്കേണ്ടി വന്നു. ഈ കാലഘട്ടത്തിൽ തീവ്രമായ സാധാനാനുഷ്ഠാനങ്ങൾ അദ്ദേഹം ചെയ്തിരുന്നു. ആദ്ധ്യാത്മിക രംഗത്ത് പ്രവർത്തിച്ചിരുന്ന നിരവധി പുണ്യപുരുഷന്മാർക്ക് ആഥിത്യമരുളുകയും നമ്മുടെ പുരാണേതിഹാസങ്ങളെക്കുറിച്ചും ഉപനിഷത്ത്, ഗീതാ തുടങ്ങിയ വേദാന്ത ഗ്രന്ഥങ്ങളെ അധികരിച്ചും നിരവധി ക്ലാസ്സുകളും പ്രഭാഷണപരമ്പരകളും ഈ കേന്ദ്രത്തിൽ അദ്ദേഹം നടത്തിച്ചിരുന്നു.

ഈ അവസരത്തിലാണ് അമൃതനാഥയതീന്ദ്രൻ എന്ന ഒരു സിദ്ധപുരുഷൻ സ്വാമിജിയോടൊപ്പം മൂന്നു മാസത്തോളം താമസിക്കാൻ ഇടയായത്. ഈ സിദ്ധ പുരുഷന്റെ ഉപദേശം അനുസരിച്ച് സ്വാമിജി ദേവിഉപാസന കൃത്യമായി നിർവ്വഹിക്കുകയും രണ്ടു കൊല്ലത്തിനുള്ളിൽ സ്വന്തമായി ഒരു സ്ഥലവും അതിലൊരു കെട്ടിടവും നിർമ്മിക്കാൻ ഇടയാവുകയും ചെയ്തു. 1954-ൽ അന്നത്തെ മദിരാശി ഗവർണ്ണറായിരുന്ന ശ്രീ പ്രകാശാണ് പുതിയ കെട്ടിടത്തിന്റെ ഉദ്ഘാടനം നിർവ്വഹിച്ചത്. സ്വാമി ചിന്മയാനന്ദന്റെ ഗീതാ പ്രഭാഷണ പരമ്പരയ്ക്ക് കേരളത്തിൽ ആദ്യമായി തുടക്കം കുറിച്ചത് ഇവിടെ വച്ചാണ്. രമണസ്മരണ ഉൾക്കൊള്ളുന്ന വിജ്ഞാന രമണീയം ലൈബ്രറി വിജ്ഞാനരമണീയം ഭജനമന്ദിരമാകുകയും നിരവധി ആത്മീയാചാര്യന്മാരുടേയും പണ്ഡിതന്മാരുടേയും പാദസ്പർശം കൊണ്ടും പ്രഭാഷണങ്ങളെക്കൊണ്ടും പവിത്രീകൃതമായിത്തീരുകയും ചെയ്തിട്ടുണ്ട്.

കാഞ്ഞങ്ങാട് അനന്ദാശ്രമത്തിന്റെ സ്ഥാപകനായ സ്വാമി രാമദാസ്, ശ്രീ സത്യസായിബാബ, സ്വാമി ചിന്മയാനന്ദൻ, നടരാജഗുരു, മഹർഷി മഹേശ്യോഗി, വസിഷ്ഠഗുഹയിലെ പുരുഷോത്തമാനന്ദജി, ശ്രീ രാമകൃഷ്ണ പരമ്പരയിലെ യതീശ്വരാനന്ദസ്വാമികൾ, ആഗമാനന്ദ സാമികൾ, രംഗനാഥാനന്ദ സ്വാമികൾ, മൃഡാനന്ദ, സിദ്ധിനാഥാനന്ദ, ശക്രാനന്ദ തുടങ്ങിയ സന്യാസിവര്യന്മാരും, അഭേദാനന്ദാശ്രമ സ്ഥാപകനായ അഭേദാനന്ദ സ്വാമികൾ

previous page Repetation

അദ്ദേഹത്തിന് തുടർന്ന് മാസങ്ങളോളം പാലക്കാട് തന്നെ കഴിയേണ്ട സാഹചര്യം ഉണ്ടായി. ഭഗവാൻ മഹർഷിയെ ദർശിക്കാനും ആ തിരുസന്നിധിയിൽ തന്നെ വർത്തിക്കാനും തുടി കൊട്ടിയ ആ മനസ്സിൽ ഭഗവത് സ്മരണ നിലനിർത്തുവാനുള്ള ഒരു സംരംഭത്തിന് തുടക്കം കുറിക്കണമെന്ന അഭിലാഷം ജനിച്ചു. ഈ സന്ദർഭത്തിലൊരിക്കൽ തനിക്കുണ്ടായ സ്വപ്നദർശനത്തിന് അനുസരിച്ച് തന്റെ കൈവശം ഉണ്ടായിരുന്ന ആദ്ധ്യാത്മിക ഗ്രന്ഥങ്ങളെല്ലാം ചേർത്ത് " വിജ്ഞാന രമണീയം ലൈബ്രറി" എന്ന പേരിൽ ഒരു ഗ്രന്ഥാലയം സ്വവസതിയിൽ തന്നെ ആരംഭിച്ചു. പിന്നീട് വിക്ടോറിയ കോളേജിന്റെ പിന്നിൽ ഉപയോഗശൂന്യമായി കിടന്നിരുന്ന തീയോസഫിക്കാരുടെ ഒരു കെട്ടിടത്തിലേക്ക് ഈ ഗ്രന്ഥാലയം മാറ്റപ്പെട്ടു. അതിനുശേഷം കൊപ്പത്തു രണ്ടുക്കൊല്ലക്കാലം വാടകകെട്ടിടത്തിൽ പ്രവർത്തിച്ച സ്വാമിജിക്ക് വാടക കൊടുക്കാൻ വളരെ വിഷമിക്കേണ്ടി വന്നു. ഈ കാലഘട്ടത്തിൽ തീവ്രമായ സാധാനാനുഷ്ഠാനങ്ങൾ അദ്ദേഹം ചെയ്തിരുന്നു. ആദ്ധ്യാത്മിക രംഗത്ത് പ്രവർത്തിച്ചിരുന്ന നിരവധി പുണ്യപുരുഷന്മാർക്ക് ആഥിത്യമരുളുകയും നമ്മുടെ പുരാണേതിഹാസങ്ങളെക്കുറിച്ചും ഉപനിഷത്ത്, ഗീതാ തുടങ്ങിയ വേദാന്ത ഗ്രന്ഥങ്ങളെ അധികരിച്ചും നിരവധി ക്ലാസ്സുകളും പ്രഭാഷണപരമ്പരകളും ഈ കേന്ദ്രത്തിൽ അദ്ദേഹം നടത്തിച്ചിരുന്നു.

ഈ അവസരത്തിലാണ് അമൃതനാഥയതീന്ദ്രൻ എന്ന ഒരു സിദ്ധപുരുഷൻ സ്വാമിജിയോടൊപ്പം മൂന്നു മാസത്തോളം താമസിക്കാൻ ഇടയായത്. ഈ സിദ്ധ പുരുഷന്റെ ഉപദേശം അനുസരിച്ച് സ്വാമിജി ദേവിഉപാസന കൃത്യമായി നിർവ്വഹിക്കുകയും രണ്ടു കൊല്ലത്തിനുള്ളിൽ സ്വന്തമായി ഒരു സ്ഥലവും അതിലൊരു കെട്ടിടവും നിർമ്മിക്കാൻ ഇടയാവുകയും ചെയ്തു. 1954-ൽ അന്നത്തെ മദിരാശി ഗവർണ്ണറായിരുന്ന ശ്രീ പ്രകാശാണ് പുതിയ കെട്ടിടത്തിന്റെ ഉദ്ഘാടനം നിർവ്വഹിച്ചത്. സ്വാമി ചിന്മയാനന്ദന്റെ ഗീതാ പ്രഭാഷണ പരമ്പരയ്ക്ക് കേരളത്തിൽ ആദ്യമായി തുടക്കം കുറിച്ചത് ഇവിടെ വച്ചാണ്. രമണസ്മരണ ഉൾക്കൊള്ളുന്ന വിജ്ഞാന രമണീയം ലൈബ്രറി വിജ്ഞാനരമണീയം ഭജനമന്ദിരമാകുകയും നിരവധി ആത്മീയാചാര്യന്മാരുടേയും പണ്ഡിതന്മാരുടേയും പാദസ്പർശം കൊണ്ടും പ്രഭാഷണങ്ങളെക്കൊണ്ടും പവിത്രീകൃതമായിത്തീരുകയും ചെയ്തിട്ടുണ്ട്.

കാഞ്ഞങ്ങാട് അനന്ദാശ്രമത്തിന്റെ സ്ഥാപകനായ സ്വാമി രാമദാസ്, ശ്രീ സത്യസായിബാബ, സ്വാമി ചിന്മയാനന്ദൻ, നടരാജഗുരു, മഹർഷി മഹേശ്യോഗി, വസിഷ്ഠഗുഹയിലെ പുരുഷോത്തമാനന്ദജി, ശ്രീ രാമകൃഷ്ണ പരമ്പരയിലെ യതീശ്വരാനന്ദസ്വാമികൾ, ആഗമാനന്ദ സാമികൾ, രംഗനാഥാനന്ദ സ്വാമികൾ, മൃഡാനന്ദ, സിദ്ധിനാഥാനന്ദ, ശക്രാനന്ദ തുടങ്ങിയ സന്യാസിവര്യന്മാരും, അഭേദാനന്ദാശ്രമ സ്ഥാപകനായ അഭേദാനന്ദ സ്വാമികൾ

ജ്ഞാനാനന്ദസരസ്വതി, രമണാശ്രമത്തിലെ കുഞ്ചുസ്വാമി, നിത്യചൈതന്യയതി, പരിവ്രാജക തിലകൻ തുടങ്ങിയവരും ഇവിടം സന്ദർശിച്ചിട്ടുണ്ട്. ദൊരസ്വാമി ശാസ്ത്രികൾ, ലക്ഷ്മണശർമ്മ, വൈശ്രവണത്ത് രാമൻ നമ്പൂതിരി, പ്രൊഫസർ ജി. ബാലകൃഷ്ണൻ നായർ, ടി.പി.നാരായണപിഷാരടി, പ്രൊഫസർ ഗുപ്തൻ നായർ, സുകുമാർ അഴിക്കോട്, പ്രൊഫ. വൈദ്യലിംഗശർമ്മ തുടങ്ങിയ പണ്ഡിതന്മാർ ഇവിടെ പ്രഭാഷണം നടത്തിയവരിൽപെടുന്നു.

സ്വാമിജി ഏറെക്കാലം ശുഭ്രവസ്ത്രധാരിയായി തീവ്രമായ സാധാനാനുഷ്ഠാനങ്ങളിലൂടെ മുഴുവൻ സമയവും ആത്മീയ പ്രവർത്തനങ്ങളിൽ മാത്രം മുഴുകി സന്യാസ ജീവിതം തന്നെയാണ് നയിച്ചിരുന്നത് എങ്കിലും വസിഷ്ഠഗുഹയിലെ യതീശ്വരനായിരുന്ന പുരുഷോത്തമാനന്ദസ്വാമിജിയാണ് കന്യാകുമാരിയിൽവെച്ച് വിധിപ്രകാരമുള്ള സന്യാസദീക്ഷ നല്കി അദ്ദേഹത്തെ അനുഗ്രഹിച്ചത്. അങ്ങിനെ വക്കീൽ ദാമോദരൻ നായർ എന്ന സാധകൻ സുരേശാനന്ദ സ്വാമികൾ എന്നറിയപ്പെട്ടു. തുടർന്ന് 'വിജ്ഞാന രമണീയം ഭജനമന്ദിരം', 'വിജ്ഞാന രമണീയാശ്രമം' എന്ന് പുനർനാമകരണം ചെയ്യപ്പെടുകയുമുണ്ടായി.

സന്ദർഭം കിട്ടുമ്പോഴെല്ലാം രമണാശ്രമത്തിൽ ചെന്ന് ഏതാനും ദിവസങ്ങൾ ഭഗവത് സന്നിധിയിൽ ചിലവഴിക്കുകയും തിരിച്ച് പാലക്കാടെത്തി രമണതത്വങ്ങളുടെ പ്രചരണങ്ങളുമായി സ്വാമിജി ദിവസങ്ങൾ തള്ളി നീക്കുകയും ചെയ്തിരുന്നു. ജനങ്ങളുടെ ഇടയിൽ ആസ്തിക്യബോധം ഉണ്ടാക്കാനുതകുന്ന ഏതു സംരംഭത്തിനും അദ്ദേഹം തന്റെ സഹായ ഹസ്തം നീട്ടിക്കൊടുത്തിരുന്നു. ഹിന്ദുക്കളുടെ ഇടയിലുള്ള വിഭാഗീയ പ്രവണതകൾക്ക് അതീതമായി ചിന്തിച്ചിരുന്ന അദ്ദേഹം അവരെ ഒന്നിപ്പിക്കാനും ഒരു കുടക്കീഴിൽ കൊണ്ടുവരുവാനും പല ശ്രമങ്ങളും നടത്തിയിരുന്നു. രമണഭഗവാന്റെ മഹാസമാധിക്ക് മുമ്പായി ആ തിരുസന്നിധിയിൽ അന്ത്യ നിമിഷം വരെ കഴിയുകയും സമാധി അടക്കം ചെയ്യുമ്പോൾ ആ ദിവ്യശരീരത്തിൽ അർപ്പിക്കപ്പെട്ട പുണ്യഭസ്മം അദ്ദേഹത്തിന് ലഭിക്കുകയും ചെയ്തു. ആശ്രമത്തിലെ ഇപ്പോഴത്തെ പൂജാമുറിയിൽ ആ ദിവ്യഭസ്മം അടക്കംചെയ്തിരിക്കുന്നു.

ഭഗവാൻ ശ്രീരമണമഹർഷിയുടെ ഉപദേശങ്ങളെ മലയാളികൾക്ക് പരിചയപ്പെടുത്തുന്നതിനുവേണ്ടി സ്വാമിജി അഹോരാത്രം പ്രവർത്തിച്ചിരുന്നു. മഹർഷിയുടെ 'ഉപദേശസാരം', 'ഗീതാസാരം', ' സദ്ദർശനം', 'രമണഗീത', 'ഗുരുരമണ വചനമാല' തുടങ്ങിയ കൃതികൾ അദ്ദേഹം മലയാളത്തിലേക്ക് വിവർത്തനം ചെയ്തിട്ടുണ്ട്. ഇതിൽ ആദ്യത്തെ 3 കൃതികൾ മാത്രമേ സാമിജിക്ക് പ്രസിദ്ധീകരിക്കുവാൻ സാധിച്ചിട്ടുള്ളു. ഇതു കൂടാതെ അദ്ദേഹം പ്രസിദ്ധീകരിച്ചിട്ടുള്ള 'ജ്ഞാന ഗാനാവലി'

എന്ന കൊച്ചു പുസ്തകത്തിൽ ഭഗവാൻ മഹർഷിയുടെ ഉപദേശങ്ങളെ കോർത്തിണക്കിയ മനോഹരമായ സ്തോത്രങ്ങൾ അടങ്ങിയിട്ടുണ്ട്. 'രമണചത്വാരിംശത്' എന്ന കൃതിയെ പദ്യരൂപത്തിൽ അദ്ദേഹം മലയാളത്തിലാക്കുകയും ഭഗവാൻ മഹർഷിയുടെ മുൻപിൽ വച്ച് പാരായണം ചെയ്യുകയും ഉണ്ടായിട്ടുണ്ട്.

'രമണോപനിഷത്ത്' എന്നാണ് 'ഉപദേശസാരത്തെ' സ്വാമിജി വിശേഷിപ്പിക്കാറ്. ഇതുകൂടാതെ ഭഗവാൻ മഹർഷിക്ക് ഏറ്റവും പ്രിയപ്പെട്ട 'യോഗ വാസിഷ്ഠ'ത്തെ സ്വാമിജി മലയാളത്തിലേക്കും ഇംഗ്ലീഷിലേക്കും വിവർത്തനം ചെയ്തിട്ടുണ്ട്. മലയാള വിവർത്തനം ഇവിടെ നിന്നും ഇംഗ്ലീഷിലേത് ശ്രീരമണാശ്രമത്തിൽ നിന്നുമാണ് പ്രസിദ്ധപ്പെടുത്തിയിട്ടുള്ളത്. പ്രൊഫസർ ജി. ബാലകൃഷ്ണൻനായർ അഞ്ചുകൊല്ലക്കാലം സ്വാമിജിയുടെ നിർദ്ദേശമനുസരിച്ച് 'ഭഗവത്ഗീതാ', 'ഗൗഡപാദകാരിക', 'പ്രശ്നോപനി'ഷത്ത് തുടങ്ങിയ ഗ്രന്ഥങ്ങളുടെ പഠന ക്ലാസ്സുകൾ നടത്തിയിരുന്നു. അതിൽ 'പ്രശ്നോപനിഷ'ത്തും 'പഞ്ചദശി'യും സ്വാമിജിതന്നെ ഇവിടെ നിന്ന് പുസ്തക രൂപത്തിൽ പ്രസിദ്ധീകരിച്ചു. 'ഗൗഡപാദകാരിക'ക്ക് 'ഗൗഡപാദകാരികാസാരം' എന്നൊരു പുസ്തകം സ്വാമിജി തന്നെ തയ്യാറാക്കി പ്രസിദ്ധീകരിച്ചിട്ടുണ്ട്.

ഇതിനെല്ലാം പുറമേ, തന്നെ സമീപിക്കുന്ന ജിജ്ഞാസുക്കൾക്ക് ഏതു സമയത്തും സംശയനിവാരണം വരുത്തിക്കൊടുക്കുവാൻ അദ്ദേഹം പ്രത്യേകം താല്പര്യമെടുത്തിരുന്നു. ഭഗവാൻമഹർഷിയുടെ നാമസ്മരണയിൽതന്നെ വികാരാധീനനായിത്തീരുകയും ആ കണ്ണുകളിൽ നിന്ന് ആനന്ദാശ്രുധാര പ്രവഹിക്കുകയും പതിവായിരുന്നു. പ്രതിദിനം ആശ്രമത്തിൽ സന്ധ്യക്ക് നടത്തി വരുന്ന വേദാന്ത പഠന ക്ലാസ്സുകളിൽ ഗീതാ, രമണതത്വങ്ങൾ, ശ്രീരാമകൃഷ്ണ വചനങ്ങൾ, സ്വാമി വിവേകാനന്ദന്റെ പ്രസംഗങ്ങൾ തുടങ്ങിയ വിഷയങ്ങളുടെ പഠനങ്ങൾ ഇന്നും ഇവിടെ നിർവ്വഹിച്ചു വരുന്നു. ഈ ക്ലാസ്സുകളിൽ 'Talks with Ramana Maharshi', 'The Path of Ramana, 'Letters from Ramanasramam', 'Mahayoga' തുടങ്ങിയ കൃതികളിലൂടെ രമണതത്വങ്ങളെ സുലളിതമായ രീതിയിൽ ആത്മീയ കുതുകികൾക്ക് അദ്ദേഹം വിശകലനം ചെയ്തുകൊടുത്തിരുന്നു. ഭഗവാന്റെ തത്വങ്ങളെ അഹന്താപജയം എന്നൊരു നാടകരൂപേണ സ്വാമിജി കുട്ടികളെക്കൊണ്ട് അവതരിപ്പിച്ചിട്ടുണ്ട്. " വന്ദേ ശ്രീരമണർഷേ..." എന്ന തുടങ്ങുന്ന വന്ദന ശ്ലോകം തർജ്ജമ ചെയ്തില്ലേ.?" എന്ന ഭഗവാന്റെ നിർദ്ദേശമാണ് രമണ തത്വങ്ങളെ മലയാളത്തിലേക്ക് വിവർത്തനം ചെയ്യാൻ സ്വാമിജിയെ പ്രേരിപ്പിച്ചത്.

ബൗദ്ധികമായ ജ്ഞാനസമ്പാദനത്തോടൊപ്പം സാധനാപരിശീലനത്തിനും അദ്ദേഹം മുൻതൂക്കം കൊടുത്തിരുന്നു. സാധകൻമാർക്ക് നിശ്ശബ്ദമായി ധ്യാനം പരിശീലിക്കാൻ

ആശ്രമത്തിൽ ഒരു ധ്യാനമുറി ഉണ്ടാകണമെന്ന സ്വാമിജിയുടെ ചിരകാലാഭിലാഷം വളരെ വൈകിയാണ് പൂർത്തീകരിക്കപ്പെട്ടത്. ആ ധ്യാനമുറി സ്വാമിജിയുടെ സമാധി മണ്ഡപമായി ഇന്ന് നിലകൊള്ളുന്നു.

സംസ്കൃതം, മലയാളം, ഇംഗ്ലീഷ് എന്നീ ഭാഷകളിലും അവയിലെ സാഹിത്യത്തിലും അസാമാന്യമായ അവഗാഹം നേടിയിട്ടുള്ള സ്വാമിജി ഈ മേഖലകളിൽ വിദ്യാർത്ഥികൾക്ക് ഒരു വഴികാട്ടിയായിരുന്നു. ഈ വിഷയങ്ങളിൽ സ്വാമിജിയുടെ സൗജന്യ ട്യൂഷൻ കൊണ്ട് ബി.എ.യും എം.എയും പാസ്സായി ഉന്നത ഉദ്യോഗങ്ങൾ വഹിക്കുന്ന വ്യക്തികൾ നിരവധിയാണ്. സംസ്കൃതപഠനത്തിന് പ്രത്യേകം താല്പര്യമെടുത്തിരുന്ന സ്വാമിജി സംസ്കൃത പണ്ഡിതന്മാരെ ആശ്രമത്തിൽ താമസിപ്പിച്ച് വിദ്യാർത്ഥികൾക്ക് സൗജന്യ സംസ്കൃത ക്ലാസ്സുകൾ ഏർപ്പെടുത്തിക്കൊടുത്തിരുന്നു. അനേകം പാവപ്പെട്ട വിദ്യാർത്ഥികൾക്ക് അദ്ദേഹം ഒരു ആശാകേന്ദ്രമായിരുന്നു. സമൂഹത്തിന്റെ താഴെക്കിടയിൽ കഴിയുന്ന അവരെ ഉയർത്തിക്കൊണ്ടു വരുവാൻ അദ്ദേഹം ചെയ്തിട്ടുള്ള സേവനങ്ങൾ നിസ്തുലമാണ്. ഗീതാപഠനത്തിന് പ്രത്യേകം ശ്രദ്ധ പതിപ്പിച്ചിരുന്ന അദ്ദേഹം സംഘടിപ്പിച്ച ഗീതാക്ലാസ്സുകളിലൂടെ നിരവധി വിദ്യാർത്ഥികൾ അഖിലേന്ത്യാതലത്തിൽത്തന്നെ സമ്മാനങ്ങൾ നേടിയിട്ടുണ്ട്.

ഭഗവാൻ മഹർഷിയുടെ വചനങ്ങളിൽ നിന്നും പ്രചോദനം ഉൾക്കൊണ്ടിട്ടാണ് സ്വാമിജി ആശ്രമത്തിൽ ഇന്നും നടന്നുവരുന്ന കർക്കിടമാസത്തിലെ അന്നദാനയജ്ഞത്തിന് തുടക്കം കുറിച്ചത്. പഞ്ഞമാസമായ കർക്കിടകത്തിൽ ആയിരക്കണക്കിന് മാറാവ്യാധിഗ്രസ്തരും നിരാലംബരുമായ അശരണർക്ക് ആശ്വാസം നല്കിവരുന്ന ഈ യജ്ഞം കർക്കിട മാസത്തിനപ്പുറം മറ്റു മാസങ്ങളിലേക്കും വ്യാപിച്ചിട്ടുണ്ട്. വർഷത്തിൽ 365 ദിവസവും അന്നദാനം നടത്തുന്നതിന് സജ്ജനങ്ങളുടെ സഹായ സഹകരണങ്ങൾ ഞങ്ങൾ തേടുകയാണ്.

വാർദ്ധക്യ സഹജമായ അസ്വാസ്ഥ്യങ്ങൾ അലട്ടിത്തുടങ്ങിയപ്പോൾ ആശ്രമത്തിന്റെ പിൻതുടർച്ചയെക്കുറിച്ചും നിലനിൽപ്പിനെക്കുറിച്ചും സ്വാമിജി വളരെയധികം ചിന്തിച്ചിരുന്നു. അവസാനം രമണ ശിഷ്യനായ ശ്രീ കുഞ്ചു സ്വാമിയുടെ സഹായത്തോടെ രമണസ്മാരകമായി ആരംഭിച്ച ഈ ആശ്രമത്തെ രമണസന്നിധിയിൽത്തന്നെ അർപ്പിക്കുവാൻ സ്വാമിജിയ്ക്ക് സാധിച്ചു. അന്നത്തെ രമണാശ്രമം പ്രസിഡന്റായിരുന്ന ശ്രീ വെങ്കിട്ടരാമനും കുടുംബവും ഇവിടം സന്ദർശിക്കുകയും സസന്തോഷം ഈ സ്ഥാപനത്തെ രമണാശ്രമത്തിലേക്ക് ലയിപ്പിക്കുവാനുള്ള നടപടികൾ പൂർത്തീകരിക്കുകയും ചെയ്തു. സന്ന്യാസി ശിഷ്യൻമാരേയോ ശിഷ്യ പരമ്പരകളെയോ വാർത്തെടുക്കുന്നതിൽ വിമുഖത പ്രകടിപ്പിച്ച സ്വാമിജി തന്റെ സ്ഥാപനം എന്നെന്നും ഗുരു സ്മാരകമായി നിലകൊള്ളുമെന്നുറപ്പു വന്നപ്പോൾ ചാരിതാർത്ഥനായി.

1983 നവമ്പർ 20–ാം തിയ്യതി കാർത്തിക നാളിൽ കാർത്തിക ദീപം തെളിയുന്ന പുണ്യ മുഹൂർത്തത്തിൽ " അരുണാചലശിവ" എന്ന മന്ത്രംകൊണ്ട് ആശ്രമം മുഖരിതമായപ്പോൾ സ്വാമിജി രമണസന്നിധിയിൽ വിലയം പ്രാപിച്ചു.

സ്വാമിജിയുടെ സാമാധിക്കുശേഷവും ആശ്രമത്തിലെ പൂജാദികൾ, പ്രഭാഷണ പരമ്പരകൾ, അന്തർയോഗങ്ങൾ ചർച്ചാക്ലാസ്സുകൾ, പുണ്യദിനാഘോഷങ്ങൾ, സംസ്കൃതപഠന ക്ലാസ്സുകൾ, അന്നദാനം തുടങ്ങിയവ സ്വാമിജി വിഭാവനം ചെയ്ത രീതിയിൽത്തന്നെ ഭംഗിയായി നടന്നു വരുന്നു.

ഒരു ആദ്ധ്യാത്മിക ഗ്രന്ഥാലയമായി ആരംഭിച്ച ഈ സ്ഥാപനത്തിൽ ഇംഗ്ലീഷ്, മലയാളം, സംസ്കൃതം തമിഴ് എന്നീ ഭാഷകളിലായി ആറായിരത്തിലധികം പുസ്തകങ്ങൾ ഇന്നുണ്ട്. ഈ ഗ്രന്ഥാലയത്തിന്റെ സുഗമമായ നടത്തിപ്പിനും ഇതിനെ ഒരു ഗവേഷണ കേന്ദ്രമായി ഉയർത്താനുമുള്ള ശ്രമത്തിന്റെ ഭാഗമായി 3 ലക്ഷത്തിലധികം ചിലവ് പ്രതീക്ഷിക്കുന്ന ഒരു കെട്ടിടത്തിന്റെ നിർമ്മാണ പ്രവർത്തനങ്ങൾക്ക് ഒരു ലക്ഷം രൂപ ശ്രീ രമണാശ്രമത്തിൽ നിന്നും ഒന്നരലക്ഷത്തോളം രൂപ രമണ ഭക്തൻമാരുടെ ഗുരുദക്ഷിണയായും ലഭിക്കുകയുമുണ്ടായി. ഇതിന്റെ ശിലാസ്ഥാപനം കാഞ്ഞങ്ങാട് ആനന്ദാശ്രമം പ്രസിഡന്റ് സച്ചിദാനന്ദ സ്വാമിജിയാണ് നിർവ്വഹിച്ചത്. ഇതോടൊപ്പം തന്നെ സന്ന്യാസിമാർക്കും ബ്രഹ്മചാരിമാർക്കും താമസിക്കാനും സാധന ചെയ്യാനും പര്യാപ്തമായ ഒരു അതിഥി മന്ദിരം കൂടി ആശ്രമത്തിൽ അത്യാവശ്യമായി വന്നിരിക്കുകയാണ്. ഗ്രന്ഥാലയത്തിന്റെ പണി പൂർത്തിയാകുന്ന മുറയ്ക്ക് അതിഥി മന്ദിരത്തിന്റെ കൂടി നിർമ്മാണം ആരംഭിക്കണമെന്നാണ് ആശ്രമപ്രവർത്തകരുടെ അഭിലാഷം. ഉദാരമതികളായ സജ്ജനങ്ങളുടെ സഹായ സഹകരണങ്ങൾ ഉണ്ടാകുമെങ്കിൽ അതും നിർവ്വഹിക്കാൻ കഴിയുമെന്ന് പ്രത്യാശിക്കുന്നു. അതിന് ഭഗവാന്റേയും സുരേശാനന്ദസ്വാമിജിയുടേയും അനുഗ്രഹാശിസ്സുകൾ ഉണ്ടാകട്ടെ എന്ന് പ്രാർത്ഥിക്കുന്നു.

ഓം തത്സത് ശ്രീ രമണാർപ്പണമസ്തു

# ഋഭുഗീതാസാരം

(ശിവരഹസ്യം എന്ന സംസ്കൃത പുരാണത്തിന്റെ സംഗൃഹീത രൂപം)

സാധകന്മാർക്ക് ശ്രവണ മനന നിധിധ്യാസനങ്ങൾക്കായി ഭഗവാൻ ശ്രീ രമണൻ നിർദ്ദേശിച്ചിട്ടുള്ള പ്രധാനപ്പെട്ട ഗ്രന്ഥങ്ങളിലൊന്നാണ് ഋഭുഗീത. മഹാഭാരതത്തിലെ ഗീത പോലെയാണ് ശിവരഹസ്യത്തിലെ ഋഭുഗീത. ഉലകനാഥസ്വാമികളെന്ന് പ്രസിദ്ധനായ ഭിക്ഷു ശാസ്ത്രികളാൽ തമിഴിൽ വിവർത്തനം ചെയ്യപ്പെട്ട ഋഭുഗീതാപാരായണവും അതിന് ഭഗവാൻ നല്കിയിരുന്ന വിശദീകരണങ്ങളും ഈ നൂറ്റാണ്ടിന്റെ ഇരുപതുകളിൽ മറക്കാനാവാത്ത ഒരു അനുഭൂതി തന്നെയായിരുന്നു എന്ന് രാമസ്വാമി പിള്ള തുടങ്ങിയ പൂർവ്വകാല ഭക്തന്മാർ പരാമർശിക്കാറുണ്ട്.

അത്താഴത്തിനുശേഷം ഭഗവാനും ശിഷ്യന്മാരും ഋഭുഗീത, കൈവല്യ നവനീതം തുടങ്ങിയ കൃതികൾ പാരായണം ചെയ്തിരുന്നതായി ബി.വി. നരസിംഹ സ്വാമിയുടെ ആത്മ സാക്ഷാത്കാരം എന്ന കൃതിയിൽ പരാമർശിക്കുന്നുണ്ട്. ഈ പാരായണങ്ങൾ രണ്ടും മൂന്നും മണിക്കൂറുകളും ചിലപ്പോൾ രാത്രിമുഴുവനായും നടക്കാറുണ്ടായിരുന്നു. ഈ ഋഭുഗീതാ പാരായണം സമാധിയുടെ അനുഭൂതിയുളവാക്കുന്നതാണെന്ന് ഭഗവാൻ പറയാറുണ്ട്. അത്തരത്തിലുള്ള നീണ്ട പാരായണം സമാധിയിലേക്കു നയിക്കുമെന്നു തീർച്ച. യഥാർത്ഥത്തിൽ ഇതിലെ ഓരോരോ താളുകളും ഓരോരോ വരികളും ആത്മസ്വരൂപത്തെ തൊട്ടുണർത്തുന്നതാണ്. ഇതിന്റെ നിരന്തരമായ മനനം മനസ്സിനെ നിഷ്പ്രയാസം സമാധിയിലേക്കു നയിക്കും

കൈലാസഗിരിയിലൊരു നാൾ ശിവൻ പാർവ്വതിയ്ക്ക് ആത്മ തത്വം ഉപദേശിച്ചുകൊടുത്തു.

വിഘ്നേശ്വരന്റെ അനുജനും പാർവ്വതിയുടെ രണ്ടാമത്തെ പുത്രനുമായ സുബ്രഹ്മണ്യൻ പാർവ്വതിയിൽ നിന്ന് ഈ ആത്മ തത്വം ഗ്രഹിച്ചു.
(അവർക്കെല്ലാം പ്രണാമങ്ങൾ)

ബ്രഹ്മാവിന്റെ മാനസ പുത്രനായ ഋഭുവിന് ഒരു നാൾ ശിവജ്ഞാനരൂപമായ ഈ ഉപദേശം സാക്ഷാൽ ശിവനിൽ നിന്നു തന്നെ ലഭിക്കുകയുണ്ടായി.
(ഋഭു മഹർഷിക്ക് പ്രണാമം)


പരിവ്രാജകനായി ഭൂമിയിൽ പല സ്ഥലങ്ങളിലും സഞ്ചരിച്ച് ഋഭു മഹർഷി ഹിമാലയ സാനുക്കളിലെത്തുകയും കേദാരപർവ്വതത്തിൽ കേദാരേശ്വരനെ ആരാധിക്കുകയും ചെയ്തിരുന്ന അവസരത്തിൽ. ജനന മരണ രൂപമായ ഈ സംസാര ചക്രത്തിൽ നിന്നുള്ള മുക്തിക്കുതകുന്ന വേദാന്തതത്വങ്ങളെക്കുറിച്ചും ശിവജ്ഞാനത്തെക്കുറിച്ചും ഉപദേശിച്ചു തരുവാനായി അവിടുത്തെ മഹർഷിമാർ ഋഭുവിനെ സമീപിച്ചു.

ശിവരഹസ്യം എന്ന സംസ്കൃത കൃതിയിൽ ഋഭു തന്നെ തേടിയെത്തിയ മഹർഷിമാർക്ക് നല്കിയ ഈ ഉപദേശ വാക്യങ്ങൾ ഉൾക്കൊള്ളിച്ചിരിക്കുന്നു.

ഏതാണ്ട് ആറു വർഷങ്ങൾക്കു മുൻപ് തമിഴിൽ പ്രസിദ്ധപ്പെടുത്തിയിട്ടുള്ള ഈ അദ്വൈതസാരസർവ്വസ്വത്തെ 'ഋഭുഗീത' എന്ന് പില്ക്കാലത്ത് വ്യവഹരിക്കപ്പെട്ടു.



പാലക്കാട് നഗരത്തിന്റെ ഹൃദയഭാഗമായ കൊപ്പത്ത്
സ്ഥിതി ചെയ്യുന്ന വിജ്ഞാന രമണീയാശ്രമം



വിജ്ഞാന രമണീയാശ്രമത്തിന്റെ സ്ഥാപകനായ
ശ്രീമത് സുരേശാനന്ദ സ്വാമിജി

ഋഭുഗീത മുഖ്യമായും ആത്മ സ്വരൂപമായ ബ്രഹ്തത്വത്തെക്കുറിച്ചുള്ളതാണ്.

രണ്ടായിരത്തോളം ശ്ലോകങ്ങളിലൂടെ അദ്വൈതബോധത്തെ ഇതിൽ ആവർത്തിച്ചുറപ്പിക്കുന്നു. ബ്രഹ്മം അഥവാ പരബ്രഹ്മം എന്ന് വ്യവഹരിക്കുന്ന ' അതു' മാത്രമേ ഉള്ളുവെന്നും അതല്ലാതെ മറ്റൊന്നുമില്ലെന്നും ആത്മാവും ബ്രഹ്മവുമൊന്നാണെന്നും, അതല്ലാതെ മറ്റൊന്നും തന്നെ ഇല്ലാത്തതുകൊണ്ട് അഹം എന്നത് ആ ബ്രഹ്മം തന്നെയെന്നും, ആ അഹം എല്ലാമാണെന്നും അതു ഞാൻ തന്നെ എന്നും ഇവിടെ ഉറപ്പിക്കുന്നു.

"അഹം ബ്രഹ്മസ്മി'' എന്ന ജ്ഞാനനുഭൂതിയിലൂടെ ഈ തത്വബോധം ജനിക്കുന്നു. അതുതന്നെ മുക്തി.

ഋഭുഗീതയുടെ ആരംഭത്തിലുള്ള അദ്ധ്യായങ്ങളിൽ ബ്രഹ്മത്തെക്കുറിച്ചും ആത്മാവിനെക്കുറിച്ചും സൂത്രരൂപത്തിലും പിന്നീടുള്ള അദ്ധ്യായങ്ങളിൽ ഉദാഹരണങ്ങളിലൂടെയും ആവർത്തനങ്ങളിലൂടെയും വീണ്ടും വീണ്ടും ആവർത്തിച്ച് ഉറപ്പിക്കുന്നു.

## ആത്മതത്വം

നിഭാഗൻ തുടങ്ങിയ മഹർഷിമാരോട് ഋഭു ആത്മാവിനെക്കുറിച്ചുള്ള പ്രതിപാദനത്തോടെ ആരംഭിക്കുന്നു.

ഈ പ്രപഞ്ചത്തിലുള്ള വസ്തുക്കളെ ആത്മാവെന്നും അനാത്മവെന്നും വ്യവഹരിക്കണമെങ്കിൽ അനാത്മാവായി ഒന്നും തന്നെ ഇല്ല.

അനാത്മാവായി ഒന്നും തന്നെ ഇല്ല എന്ന തത്വം സാക്ഷാൽക്കാരിച്ചറിയണം. ബ്രഹ്മം മാത്രമെയുള്ളു. ആത്മവല്ലാതെ മറ്റൊന്നിമുല്ലാത്തതുകൊണ്ട് മനസ്സുമില്ല; ശരീരവുമില്ല. ശരീരമില്ലാത്തതുകൊണ്ട് വൃദ്ധി, ക്ഷയങ്ങളുമില്ല, ഹസ്ത പാദാദികളില്ലാത്തതുകൊണ്ട് അതിലൂടെയുള്ള ഗമനാദിക്രിയകളുമില്ല. ആത്മാവല്ലാതെ മറ്റൊരു സൃഷ്ടാവിന് സ്ഥാനമില്ലാത്തതുകൊണ്ട് സൃഷ്ടിയുമില്ല; സ്ഥിതിയുമില്ല, സൃഷ്ടാവായ ബ്രഹ്മവുമില്ല. സ്ഥിതികാരകനായ വിഷ്ണുവുമില്ല.

ഭൂലോകവുമില്ല, ദേവലോകവുമില്ല ദേവവാചിയായ വേദങ്ങളുമില്ല

ഗുരുവില്ലാത്തതുകൊണ്ട് ശിഷ്യനുമില്ല.

ഇതേ തുടർന്ന് ധർമ്മാധർമ്മങ്ങളോ സത്യാസത്യങ്ങളോ ഭയാഭയങ്ങളോ, ജനനമരണങ്ങളോ ജനനമരണചക്രമോ ഇല്ല. ബന്ധവുമില്ല, അതു കൊണ്ടു തന്നെ ബന്ധ മുക്തിയുമില്ല.

അകവുമില്ല, പുറവുമില്ല. അപൂർണ്ണതെക്കുറിച്ച് ബോധമുണ്ടാകുന്നതുകൊണ്ട് പൂർണ്ണം എന്ന വ്യവഹാരത്തിനും പ്രസക്തിയില്ല: ചെറുതിമില്ല, വലുതുമില്ല.

ഒന്നിനുദാഹരണമായി മറ്റൊന്നുമില്ല. നിയുമില്ല, ഞാനുമില്ല; ഇതുമില്ല, അതുമില്ല. ഈ പ്രപഞ്ചം ബ്രഹമമാണെന്നും ഞാനും നിയുമെല്ലാം ആ പരബ്രഹ്മം തന്നെ എന്നു ചിന്തിക്കാനുള്ള മനസ്സുമില്ല.

ഇതെല്ലാം കേട്ട് നിഭാഗൻ ചോദിച്ചു.

താങ്കൾ യഥാർത്ഥിൽ ആരാണ് ? അതു പറയൂ. അതു ശ്രവിച്ചു കഴിഞ്ഞാൽ ജനനമരണ ചക്ര രൂപത്തിലുള്ള ഈ സംസരത്തിൽ നിന്നും അതിന്റെ ദുഃഖങ്ങളിൽ നിന്നും ദുരിതങ്ങളിൽ നിന്നുമുള്ള മോചനം ഉടൻ സിദ്ധിക്കും.

## ബ്രഹ്മം

ഋഭു തുടർന്നു –

ഞാൻ പരബ്രഹ്മമാണ് ; ഞാൻ പരമമായ ആനന്ദവും, ചൈതന്യവുമാണ്. അതിന്റെ അർത്ഥം അവാച്യമാണ്, ശുദ്ധമാണ്. ബോധമാണ്. സദാ ആനന്ദമാണ്, പൂർണ്ണമാണ്, അദ്വൈതമാണ്, അവർണ്ണനീയമാണ്, അളവറ്റതാണ്, ചർച്ചാതീതമാണ്, ധാരണാതീതമാണ്, അനാദിയും അനന്തവുമാണ്.

നിഭാഗവൻ വീണ്ടും ചോദിക്കുന്നു.

ബ്രഹ്മസ്വരൂപത്തെക്കുറിച്ച ശങ്കരൻ നല്കിയ തത്വങ്ങളെ ദയവുചെയ്തു പറഞ്ഞു തന്നാലും.

ഋഭു തുടർന്നു –

താങ്കൾ ബ്രഹ്മമാണ് ; പരമ ഗുരുവുമാണ് എല്ലാം സത്തും, ഭേദരഹിതവും, പൂർണ്ണവും, പുരാതനവും അമരവും, സമവും, ശാന്തവും, കലാതീതവും ഉച്ചവും നീചവും, മുക്തവും, മുക്തി തന്നെയും കാലതീതവും, സാക്ഷിയും, സദാ സാക്ഷി വർജ്ജതനും പൂർണ്ണനുമാണ് താങ്കൾ.

താങ്കൾ സർവ്വത്തിലും വർത്തിക്കുന്നു.

താങ്കളാരായാലും ആ പരബ്രഹ്മം തന്നെ. എല്ലാത്തിന്റേയും അടിസ്ഥാന സ്വരൂപവും അർത്ഥവ്യത്യാസ ഹീനനും തടസ്ഥരഹിതനും താങ്കളുടെ തന്നെ ആനന്ദ ജലധാരയിൽ അന്തര്യാമിയുമാണ്.

നിങ്ങളുടെ സ്വരൂപത്തിൽ നിന്ന് വ്യതിചലിക്കേണ്ട; നിങ്ങളുടെ സ്വരൂപത്തിൽ തന്നെ വിടരൂ. നിങ്ങളിൽ നിന്ന് വ്യത്യാസമില്ലാതെ എല്ലാത്തിലും നിങ്ങളെ തന്നെ

ദർശിയ്ക്കൂ; എല്ലായിടത്തും ആനന്ദിയ്ക്കൂ.

## പ്രപഞ്ചത്തിന്റെ അവാസ്തവികത

വസ്തുസത്തയില്ലാത്ത ഈ പ്രപഞ്ചത്തെക്കുറിച്ച ഋഭു വിസ്തരിക്കുന്നു.

പ്രാതിഭാസികമായ ഈ ബാഹ്യ പ്രപഞ്ചമോ ഈ പ്രപഞ്ച ചിത്രമെന്ന വ്യവഹാരമോ ഒരിക്കലും ഉണ്ടായിട്ടില്ല. നിലനില്ക്കുന്നുമില്ല.

ഈ പ്രപഞ്ചം പൂർണ്ണമായും ഇല്ലാത്തതു കൊണ്ട്. അത്തരത്തിലുള്ള ചിന്തയുമില്ല, അഹങ്കരാമില്ല, ജീവാത്മവും ജീവനുമില്ല, മായയുടെ പരിണാമവുമില്ല, കർത്താവുമില്ല, കർമ്മവുമില്ല, കർത്തവ്യവുമില്ല; ഏകവുമില്ല, ദ്വയവുമില്ല; മന്ത്രവുമില്ല, തന്ത്രവുമില്ല; ശ്രവണ, മനന, നിദിധ്യാസനങ്ങളുമില്ല: സമാധിയുമില്ല. അളക്കലുമില്ല; അളവുമില്ല.

അജ്ഞാനമേ ഇല്ല; വിവേചനാരാഹിത്യവുമില്ല; പാരമ്പര്യ സിദ്ധാന്തങ്ങളൊന്നും തന്നെയില്ല.

## സർവ്വ ചിന്മയം

തുടർന്നുള്ള വിവരണത്തിൽ എല്ലാം പരിപൂർണ്ണ ചൈതന്യം മാത്രമാണെന്ന് ഋഷി വ്യക്തമാക്കുന്നു. പഞ്ചഭൂതങ്ങൾ ബ്രഹ്മാവ്, വിഷ്ണു, ശിവനും ഭൂതവും, ഭാവിയും, വസ്തുവും കാലവും, ജ്ഞേയവും ജ്ഞാനവും വാചകവും വാക്കും, സത്യവും മിഥ്യയും, ആദിയും അന്തവും എല്ലാം ചൈതന്യം മാത്രം.

## അരൂപാരാധന (ഉപാസന)

ഈ ചർച്ചക്കിടയിൽ മനസ്സുകൊണ്ട് അരൂപത്തെ എങ്ങിനെ ആരാധിക്കാമെന്നതിനെക്കുറിച്ച് വക്താവായ സൂതനുമായൊരു അഭിമുഖം ഗ്രന്ഥത്തിൽ ഉൾക്കൊള്ളിച്ചിരിക്കുന്നു.

അനന്താകാശ ശരീരമായ ആ തത്ത്വോപാസന അന്തർമ്മുഖമായി മനസ്സിൽ ചെയ്യപ്പെടുന്നു. ഈശാവാസ്യമിദം സർവ്വം തുടങ്ങിയ ഉപനിഷദ്വാക്യങ്ങളാണ് ഇവിടെ മന്ത്രം.

ശിവലിംഗത്തിനു പീഠവും വസ്ത്രവും സ്തുതിയും നല്കപ്പെടുന്നു. പ്രപഞ്ച കാരണനായ ആ പരംപൊരുളിനെ നനക്കാൻ കഴിയില്ലെന്ന് ഭാവത്തോടെ തന്നെ

സ്നാനം ചെയ്യിച്ചും, ദിഗംബരനായതുകൊണ്ടു തന്നെ വിവസ്ത്രനാണെന്ന ചിന്തയോടെ വസ്ത്രം നല്കിയും, നാസാ ഹീനനും, വസ്ത്ര ഹീനനുമാണെന്ന ചിന്തയോടെ സുഗന്ധ കുസുമങ്ങളർപ്പിച്ചും, സ്വയം ചൈതന്യവത്താണതെന്ന ചിന്തയോടെ അതിന് ദീപം അർപ്പിച്ചും, എല്ലാത്തിനെയും കാലത്തെത്തന്നെയും വിഴുങ്ങുന്ന അതിന് നൈവേദ്യം അർപ്പിച്ചും പ്രപഞ്ചം മുഴുവൻ വ്യാപിച്ചു നില്ക്കുന്ന ആ ചൈതന്യത്തെ മനസ്സുകൊണ്ടു പ്രദിക്ഷണം ചെയ്തും ആരാധിക്കുന്നു.

ആ തത്വത്തെ അറിയാത്തവരാണ് അവസാനമില്ലാത്ത പ്രതീകങ്ങളിലൂടെയും ആരാധനാ ക്രമങ്ങളിലൂടെയും ഉപാസിക്കുന്നത്.

തത്വബോധം വന്നവർ അരൂപധ്യാനത്തിൽ അന്തർമുഖവൃത്തിയിലൂടെ ശരിയായ ക്രമത്തിൽ ആരാധിക്കുന്നു.

## അഭേദമായ ഏക രസം

അഭിന്നമായ ഒരേ ഒരു രസമേ ഉള്ളൂ. കാലഘടനയില്ലാത്ത വിഭജനമില്ലാത്ത ആ തത്വത്തെ ബോധിപ്പിക്കനാണ് വൈവിദ്ധ്യവും വിവിധ ഭാവങ്ങളുമെല്ലാം തന്നെ എടുത്തു കാണിക്കുന്നത്.

ആ തത്വത്തെ ഉറപ്പിക്കാനാണ് വിഭജനമില്ലാത്ത ചില വസ്തുക്കളുടെ ഉദാഹരണ്ങ്ങൾ നല്കുന്നത്.

ഭൂമിയും, സ്ഥായിയും, സത്തും, ബാഹ്യവും, ശ്രോത്രവും പിതാവും, മിത്രവും, ദേവന്മാരും, ഗുരുവും, സ്ഥൂലവും, ഗ്രാഹ്യവും, മഹത്തും, ഉന്നതവും, ഭർത്താവും, ശിരസ്സും, ഗേഹവും, സ്വർഗ്ഗവും, ജീവാത്മാവും. ആ അഭിന്നരസ സ്വരൂപത്തിൽ നിന്ന് അന്യമായി ഒന്നും തന്നെയില്ല.

## ശശവിഷാണതുല്യം ജഗത്

ഇനി ഒരദ്ധ്യായത്തിൽ ജഗത്തിന്റെ അസ്തിത്വ ശൂന്യതയെക്കുറിച്ചാണ് പ്രതിപാദിക്കുന്നത്.

നാമരൂപാത്മകമായ ഈ പ്രപഞ്ചം, കാണപ്പെടുന്നതും കേൾക്കപ്പെടുന്നതും ദൃഷ്ടാവുമെല്ലാം തന്നെ ശശവിഷാണം പോലെ അവാസ്തവമാണ്.

ഋഭുവിന്റെ മറ്റു ഭാഗങ്ങളിലെ ഉപദേശങ്ങളുടെ അതേ നിലവാരത്തിൽ തന്നെയാണ് അനവധി ഉദാഹരണങ്ങൾ ഇവിടെ നിരത്തുന്നത്.

ജീവനായി കണക്കാക്കപ്പെടുന്നതും പരകായ പ്രവേശമെന്നതുകൊണ്ടുദ്ദേശിക്കുന്നതും, പുരാണങ്ങളിലുള്ളതും, വേദ പ്രതിപാദിതവും ഉപനിഷദ് വാക്യങ്ങളും എല്ലാം ബ്രഹ്മം തന്നെ.

## സ്നാനം, മന്ത്രം, തർപ്പണം, ഹോമം

വിധിപ്രോക്തമായ സ്നാനം, അതിനുള്ള മന്ത്രം, സമയം തർപ്പണം എങ്ങിനെയാണ് ഹോമം എന്നിവയൊക്കെ അനുഷ്ഠിക്കേണ്ടത്. എന്ന നിദാഘന്റെ ചോദ്യത്തിന് അവയെല്ലാം തന്നെ ആത്മാർപ്പണമാക്കി ചെയ്താൽ മതിയെന്ന് ഋഭു വിശദമാക്കുന്നു.

സർവ്വം ബ്രഹ്മമയം, അഹം ബ്രഹ്മാസ്മി എന്നുച്ചരിച്ച് ആത്മാവിൽ തന്നെയുള്ള സ്നാനം തന്നെ ഏറ്റവും വലിയ സ്നാനം

ഞാനില്ലാതെ അന്യമായി ഒരു ജലവുമില്ല എല്ലാം പരബ്രഹ്മം തന്നെ. അഹം ബ്രഹ്മാസ്മി. ഇതു തന്നെ സ്നാനത്തിനുള്ള മന്ത്രം.

അഹം ബ്രഹ്മാസ്മി സോഹം എന്ന മന്ത്രം എല്ലാ പാപങ്ങളെയും നശിപ്പിക്കുക. എല്ലാ ദുഃഖങ്ങളെയും, ദുരിതങ്ങളെയും, കാമങ്ങളെയും സങ്കല്പ വികല്പങ്ങളെയും. വിവേക രാഹിത്യത്തെയും ലക്ഷോപലക്ഷം മിഥ്യാ സങ്കല്പങ്ങളെയും ദേഹാത്മ ചിന്തയെയും നശിപ്പിക്കുക.

അത് ആത്മ ജ്ഞാനത്തെ പ്രദാനം ചെയ്യും. അനാത്മ ബുദ്ധിയെ ഇല്ലാതാക്കും, സച്ചിദാനന്ദത്തെ നല്കും. പതിനായിരക്കണക്കിന് ജന്മങ്ങളെ ഉണ്ടാക്കുന്ന എഴുപതിനായിരം മന്ത്രങ്ങളെ ഉപേക്ഷിച്ച് 'അഹം ബ്രഹ്മസ്മി' എന്ന ഈ മന്ത്രത്തെ ജപിക്കണം. ഉടൻ മുക്തി ലഭിക്കും.

ആര് ഇത് ഒരു തവണ കേൾക്കുന്നുവോ അവൻ ബ്രഹ്മമായിത്തീരും.

നിത്യ തർപ്പണം, ജലതർപ്പണം, ദേവന്മാർക്കും ഋഷിമാർക്കും പിതൃക്കൾക്കും ചെയ്യേണ്ട തർപ്പണം വിധികൾ ഇതെല്ലാം വിസ്തരിക്കപ്പെട്ടിട്ടുണ്ട്.

ബ്രഹ്മതർപ്പണമാകട്ടെ നാനാത്വത്തിലധിഷ്ഠിതമായ ഈ പ്രപഞ്ചം ഒരിക്കലുമില്ല. ഇത്' ഒന്നില്ല തന്നെ, ബ്രഹ്മം മാത്രമെയുള്ളു. എന്നിങ്ങനെയുള്ള ധ്യാനമാണ്.

ബ്രാഹ്മണർക്ക് വിധിക്കപ്പെട്ടിട്ടുള്ള ജീവതർപ്പണം, പിതൃതർപ്പണം, ദേവതർപ്പണം, അതിഥി സൽക്കാരം വേദോച്ചാരണം തുടങ്ങിയ നിത്യ നിദാന കർമ്മങ്ങളും ബ്രഹ്മാഹം, ശുദ്ധോƒഹം, നിത്യോƒഹം, ശിവോഹം എന്നീ മന്ത്രങ്ങളിലൊതുങ്ങുന്നു. നാനാത്വത്തിന്റെ ഇല്ലായ്മയയെ ഉറപ്പിക്കുകയാണ് ഹോമംകൊണ്ടുദ്ദേശിക്കുന്നത്.

## ജീവന്മമുക്തൻ

ഇസി ജീവന്മുക്തന്റെ ലക്ഷണങ്ങളെയാണ് വിസ്തരിക്കുന്നത്. ചുരുക്കിപറഞ്ഞാൽ ജീവന്മുക്തൻ പൂർണ്ണമായും ആത്മാവിൽ സ്ഥിരനിഷ്ഠ നേടിയവനാണ്. ജീവന്മുക്തന് താൻ ബ്രഹ്മമാണെന്നു ഉറച്ച ബോധമുമുണ്ട്. താനാത്മാവാണ്; ബോധസ്വരൂപനാണ്; ഗുണാതീതനാണ്; ഉന്നതങ്ങളിലുമുന്നതനാണ്; ത്രിപുടിക്കതീതനാണ്; സ്ഥൂലസൂക്ഷ്മകാരണ ശരീരങ്ങൾക്കതീതനാണ്; ശരീരം തന്നെയില്ലവന്; അഹന്തയുടെ കണികപോലുമില്ല; ആത്മാവിൽത്തന്നെ സ്ഥിരനിഷ്ഠനും സംതൃപ്തനും പൂർണ്ണനുമാണവൻ; ഏക സ്വരൂപനും ഭേദ ചിന്തയറ്റവനുമാണ്.

അവന് മനസ്സില്ല, ബുദ്ധിയില്ല; അഹങ്കാരമില്ല; ഇന്ദ്രിയങ്ങളില്ല; തിന്മയില്ല; മോഹമില്ല; കാമക്രോധങ്ങളില്ല; സന്തോഷസന്താപങ്ങളില്ല, ബന്ധങ്ങളില്ല; ലോകങ്ങളില്ല; പഞ്ചേന്ദ്രിയങ്ങളില്ല; കാലദേശങ്ങളില്ല; ഭേദചിന്തയില്ല; ശൗചത്യാഗങ്ങളില്ല; തീർത്ഥങ്ങളില്ല; ദേവന്മാരില്ല; ജന്മമില്ല; ജ്ഞാനമില്ല; പദവിയില്ല; വാക്കില്ല; പുണ്യപാപങ്ങളില്ല; ദർശിക്കാനൊന്നുമില്ല.

## വിദേഹമുക്തി

താൻ ദേഹത്തെ ഉപേക്ഷിച്ചന്നോ ഉപേക്ഷിച്ചില്ല എന്നാ സ്മരണയില്ലാതെ, ബ്രഹ്മസ്വരൂപമായി, ശാന്താത്മാവായി, നിരാകാരമായി, ആനന്ദസ്വരൂപമായി, ആത്മസ്ഥിതനായി, സർവ്വഭൂതാത്മാവായി, സർവ്വ സാക്ഷിയായി. ആത്മാവുതന്നെ ലക്ഷ്യമായി, പ്രേമമൂർത്തിയായി ക്രീഡാ രൂപനായി, ശാന്തനും, സഹജനുമായി; ചിത്തായി ഉത്പത്തിരഹിതനായി, അമരനായി, ആനന്ദ മൂർത്തിയായി നിത്യമുക്തനായി വർത്തിക്കുന്നവാണ് വിദേഹ മുക്തൻ.

സത്യമെന്നോ മിഥ്യയെന്നോ ഉള്ള സങ്കല്പമില്ലാതെ, ജ്ഞാനജ്ഞാങ്ങളില്ലാതെ, ചേതനാ ചേതനങ്ങളെന്ന ഭേദചിന്തയില്ലാതെ, ധ്യാനമമെന്നോ ധ്യാനശൂന്യമെന്നോ എന്ന ഭാവമില്ലാതെ വർത്തിക്കുന്നവനാണ് വിദേഹ മുക്തൻ. ഇങ്ങു തുടരുന്നു.

ബ്രഹ്മത്തിന്റെ അമൃതസത്തയെ അഖലംബമാക്കി താൻ തന്നെ ആബ്രഹ്മാമൃതമെന്ന് ഭാവിച്ച് ആ ബ്രഹ്മാമൃതത്തിൽ മുഴുകി. ആനന്ദം ഉൾക്കൊണ്ട്, ആ ബ്രഹ്മാനന്ദത്തിൽത്തന്നെ പ്രകാശിച്ച്. ആ ബ്രഹ്മാനന്ദത്തിൽ പൂർണ്ണ നിർവൃതിയോടെ, സദാ ആ ബ്രഹ്മാമൃതത്തിൽത്തന്നെ വർത്തിച്ച്, ആനന്ദ പൂർണ്ണനായി ബ്രഹ്മാനന്ദം തന്നെയായി, ബ്രഹ്മാനാന്ദാനുഭൂതിയായി. ബ്രഹ്മാമൃതം കൊണ്ടു തുള്ളിതുള്ളുമ്പുന്നവനും, സദാ ബ്രഹ്മാത്മരൂപത്തിൽ വർത്തിക്കുന്നവനുമാണ് വിദേഹമുക്തൻ

## സർവ്വവും ആത്മാവ്, സർവ്വവും ബ്രഹ്മം

ഋഭു പലപ്പോഴും എല്ലാം ബ്രഹ്മമായും ബ്രഹ്മം തന്നെ എല്ലാമെന്നുമുള്ള വിഷയത്തിലേക്ക് കടക്കുന്നു.

അദ്ദേഹം ഇങ്ങനെ ആജ്ഞാപിക്കുന്നു.

ആത്മാവിനെ ദർശിക്കു, ആത്മാവെന്നു സ്വയം ചിന്തിക്കൂ, ആത്മാവിൽത്തന്നെ വർത്തിക്കൂ. നിങ്ങളിൽ തന്നെ ആത്മാനുഭൂതിയോടെ സ്വന്തം ആത്മാവിൽ തന്നെ രതിയുള്ളവനാകു.

ബ്രാഹ്മമായി വീക്ഷിച്ചാൽ എല്ലാം ബ്രഹ്മമം തന്നെ

## സർവ്വ ഭേദ ചിന്തയും ഇല്ലാത്തതാണ്.

ഇതെന്നോ, നീയെന്നോ, ഞാനെന്നോ, ഇവിടെയെന്നോ അവിടെയെന്നോ, ഉള്ള വ്യത്യാസങ്ങളൊന്നു തന്നെയില്ലാത്തതാണ്. വ്യവഹാരങ്ങളും മതഭേദങ്ങളും, ഇഷ്ടാനിഷ്ടങ്ങളും, ലോകചിന്തയും, ദ്വന്ദചിന്തയും നാമരൂപങ്ങളും ജാഗ്രത് സ്വപ്ന സുഷുപ്ത്യവസ്ഥകളും, തുരിയവും, കത്തൃ ഭാവവും, രുചിഭേദങ്ങളും, ഭാവാഭാവ വ്യത്യാസങ്ങളും ഭേദചിന്താരാഹിത്യവും, സങ്കല്പ വികല്പങ്ങളും ജ്ഞാനാ ജ്ഞാനങ്ങളെക്കൊണ്ടുള്ള ഭേദ ഭാവനകളും ഭേദരാഹിത്യവും എല്ലാം അവാസ്തവം തന്നെ.

## നിഗമനങ്ങളുടെ സാരം

### ത്യാഗം

സർവ്വ സംഗത്യാഗത്തിനാണ് ഈ ഉപദേശം ഊന്നൽ നല്കുന്നത്.

എല്ലാ നാമരൂപങ്ങളേയും ത്യജരിക്കൽ എല്ലാത്തിന്റെയും അവസാന തീർപ്പായി ബ്രഹ്മമായിത്തീരൽ, അതാണ് സത്യം.

പ്രകൃതിസ്മരണയെ തീർത്തും ത്യജിക്കുക

ബ്രഹ്മസ്മരണ നിലനിർത്തുക. പിന്നെ അതും ത്യജിച്ച് സ്വസരൂപത്തിൽ നിഷ്ഠ കൊള്ളുക. സ്വരൂപനിഷ്ഠയും വെടിഞ്ഞ് ആത്മാവായി നിലകൊള്ളുക. ത്യാഗത്തെയും ത്യജിച്ച് ഭേദചിന്തയറ്റവനാവുക.

സർവ്വത്ര തമാത്മപരീതനായി നിങ്ങളിൽ തന്നെ നിലകൊള്ളുക.

## ദ്വന്ദ്വത്തിന്റെ അവാസ്തവികത്

നാമരൂപ വർജ്ജനവും സർവ്വം ബ്രഹ്മമയം എന്ന തത്വത്തെ ബോധിപ്പിക്കുന്നു. ബ്രഹ്മമില്ലാതെ മറ്റൊന്നുമില്ല; അഹം തന്നെ പരബ്രഹ്മം. ദ്വന്ദങ്ങൾ മുഴുവനും ഭാവനാകല്പിതവും വിവരണത്തിനുവേണ്ടി കല്പിതമാണെന്നും മനസ്സിലാക്കി മരത്താലിപോലെ, തുരുമ്പിച്ച ഇരുമ്പുപോലെ ഒരു നിമിഷത്തിൽ വിസ്മരിക്കേണ്ടതാണ്.

ഒരുദാഹരണം – മാതാവിന്റെ നിര്യാണത്തിൽ ദ്രവ്യം നല്കി കരയാൻ ആളെ ഏർപ്പാടു ചെയ്യുന്നു. ദ്രവ്യം വെറും പാഞ്ച ഭൗതികമാണ്. അത് ഈ വിലാപം പോലെ മിഥ്യയാണ്.

## രഹസ്യോപദേശം

ശിവരഹസ്യമായ ഉപദേശമാണ് ഇനി പറയാൻ പോകുന്നത്.

മുൻപറഞ്ഞ ഉദാഹരണങ്ങളിലൂടെ ബ്രഹ്മം തന്നെ സർവ്വവും എന്നുണർത്തിക്കുന്നു. വേദങ്ങളും, ശാശ്വത സത്യവും, ബ്രഹ്മാവിഷ്ണു മഹേശ്വരന്മാരും, നശ്വര നിമേഷവും, "ഓമി'ലെയും "ശിവ' യിലെയും അക്ഷരങ്ങളും, പൂരക രേചക കുംഭക പ്രാണങ്ങളും എല്ലാം ബ്രഹ്മം മാത്രം, മറ്റൊന്നുമല്ല. അജ്ഞന്മാരാണ് ദ്വന്ദങ്ങളെക്കുറിച്ച് പ്രദിപാദിക്കുന്നത്. അവരുമായി സംവിദിക്കരുത്, മാനിക്കരുത്, വന്ദിക്കരുത്, ശ്രദ്ധിക്കരുത്.

ബ്രഹ്മമം തന്നെ സച്ചിദാനന്ദമാണ്. കാലാതീതനാണ്, മനോ ബുദ്ധികൾ ക്കതീതനാണ്; സർവ്വാതീതനാണ്.

## സ്ഥിതപ്രജ്ഞത്വം - ഉപദേശത്തിന്റെ മുഖമുദ്ര

മുക്തിയുടെ നിധിലഭ്യമാകണമെങ്കിൽ പ്രജ്ഞസ്ഥിരമാകണം അതാണ് ഈ ജ്ഞാനോപദേശത്തിന്റെ ആകത്തുക.

ഞാൻ ബ്രഹ്മമാണെന്ന ബോധമുറക്കണമെങ്കിൽ ഇത്തരത്തിൽ പ്രവർത്തിക്കണം. ബ്രഹ്മത്തിൽ നിന്ന് ഇതരമായി മറ്റൊന്നുമില്ലെന്നും ബോധിക്കണം. പിന്നീട് ആ ബോധത്തെയും ത്യജിച്ച് ആ ഒന്നായി വർത്തിക്കുക; പിന്നീട് അതിനെയും ത്യജിച്ച് ഒരു ഗുണങ്ങളുമില്ലാതിരിക്കുക.

ദേഹബോധം വെടിഞ്ഞ് ചിന്തയുടെ തരിയുമുപേക്ഷിക്കുക. ഞാനാത്മാവാണ് എന്ന ബോധത്തിൽ സദാ ഉറയ്ക്കുക. അപ്രകാരമിരുന്നാൽ പ്രവൃത്തിരഹിതനായി അന്വേഷണാതീതനായി മുക്തനാകും.

വിവേകിയായ ഒരുവൻ ഇവിടെ പ്രതിപാദിച്ചിട്ടുള്ള കാര്യങ്ങൾ ലോകസുഖങ്ങളിൽ മുഴുകിയിരിക്കുന്നവരുമായി ഒരിക്കലും ചർച്ചചെയ്യരുത്; അതുപോലെ ത്തന്നെ തീർത്തും അവിവേകിയായ ഒരുവനോടും; അജ്ഞരുടെ ഇടയിലും ഇതിനെ ഉറക്കെ വായിരിക്കയുമരുത്.

വേദ വിശാരദനും ശരിയായ ജ്ഞാനമില്ലായെങ്കിൽ ബ്രാഹ്മണനല്ല. മുക്തിയെ കാംക്ഷിക്കുന്ന സാധകനാണ് ഒരു ബ്രഹ്മണന്റെ യജ്ഞോപവീതത്തിന്നർഹൻ.

## ആത്മാവസ്ഥയിലുള്ള നിഷ്ഠ

സദാ ആ പരബ്രഹ്മമായി, സർവ്വാത്മവായി വർത്തിക്കുക. അവിടെ ദ്വന്ദ്വഭീതിയില്ല, അദ്വൈതബോധമുളവാക്കുന്നു. ശാന്തിയുമില്ല, അശാന്തിയുമില്ല.

ഏതൊന്നിനെ അറിഞ്ഞാൽ പിന്നെ അറിയേണ്ടതായി ഒന്നുമില്ലല്ലേയോ ഏതിലാണോ ഞാനും നിങ്ങളുമൊന്നുമില്ലാത്തത്, ആത്മാവും ആത്മാവും തമ്മിൽ വ്യത്യാസമില്ലാത്തത്, എവിടെയാണോ 'അഹം' പൂർണ്ണമായി നാശത്തെ പ്രാപിക്കുന്നത്, ഏതിൽ ലയിച്ചാലാണോ പിന്നെ ഒന്നും ദർശിക്കാനില്ലാത്തത്; മറ്റൊന്നും പ്രകാശിക്കാത്തത് പരമാനന്ദമാത്രം അവശേഷിക്കുന്നത് അതായിത്തീരുക.

## മഹാവാക്യങ്ങൾ

വേദങ്ങളിലുള്ള മഹാവാക്യങ്ങളെല്ലാം തന്നെ ആ സത്യത്തെയാണ് പ്രതിപാദിക്കുന്നത്.

## പ്രജ്ഞാനം ബ്രഹ്മ

പൂർണ്ണ ജ്ഞാനമാണ് ബ്രഹ്മം. ഇടവിടാതെയുള്ള ജ്ഞാനമാണ് ബ്രഹ്മം. പ്രപഞ്ചം മുഴുവൻ ആ ജ്ഞാനം തന്നെ. ജീവൻ ആ ജ്ഞാനവുമായി ബന്ധപ്പെട്ടിരിക്കുന്നു. ഈശ്വരൻ ആ ബ്രഹ്മവുമായി ബന്ധപ്പെട്ടിരിക്കുന്നു. അവരുടെ വ്യക്തിത്വം ഈ അഭേദ സത്തയിലാണ്. ഈ അഭേദാവസ്ഥയിൽ തന്നെ നിലകൊണ്ട് ഉപാധിയിലൂടെ പ്രകാശിക്കുമ്പോൾ അത് ജീവന്മുക്തനായി. ഈ അഭേദ സത്യം തന്നെ ജീവന്മുക്തി.

പ്രപഞ്ചത്തിൽ ദ്വന്ദാവസ്ഥ, സാക്ഷീഭാവം അഭേദാവാസ്ഥ എന്നിങ്ങനെ മൂന്ന് അവസ്ഥാ ഭേദങ്ങളുണ്ട്. ആദ്യത്തേത് ദ്വന്ദബോധത്തിലുള്ള വിശ്വാസമാണ് രണ്ടാമത്തേത് സാക്ഷിയെക്കുറിച്ചുള്ള സംശയമാണ്. മൂന്നമത്തേതാണ്, അത് മാത്രമാണ് യഥാർത്ഥത്തിൽ ഉള്ളത്.

മൂന്നിനെക്കുറിച്ചും വിശകലനം ചെയ്ത്, മൂന്നിനെയും ത്യജിച്ച് ആത്മസ്ഥിതനാവുക.

ആ അഭേദസത്തയെ സാക്ഷാൽക്കരിച്ചു, അതായിത്തന്നെ നിലകൊള്ളുക.

ഈ വാക്യം സാധനയ്ക്കുള്ളതാണ്. സാധനയുടെ അടിസ്ഥാനമാണ്.

## അഹം ബ്രഹ്മാസ്മി

മനനത്തിനു പറ്റിയ വാക്യമാണിത്. 'അഹം' പദത്തിന് ജീവനെന്നർത്ഥം. ബ്രഹ്മപദത്തിന് ഈശ്വരൻ എന്നും 'അസ്മി' എന്നത് അഭേദാവസ്ഥയെയും കുറിക്കുന്നു.

ഇതൊരു അനുഭവ വാക്യമായതുകൊണ്ട് അനുഭവിച്ചുതന്നെ അറിയണം.

ഞാനാബ്രഹ്മമാണ്, അഭിന്നസത്തയാണ്, ഈ ഒരു ബോധം ഇടതടവില്ലാതെ നിലനില്ക്കണം.





മൂന്നാമത്തെ വാക്യം

തത്വമസി

'തത് ' പദം ഈശ്വരവാചിയാണ് 'ത്വം' പദം ജീവ വാചിയും'അസി' എന്ന പദം അഭേദസത്തയേയും കുറിക്കുന്നു. ദ്വന്ദാവസ്ഥ, സാക്ഷ്യവസ്ഥ, അഭേദാവസ്ഥ നീ തീർച്ചയായും ആ അഭേദമായ സച്ചിദാനന്ദം തന്നെ; ഭേദാതീതനായ പൂർണ്ണ ബ്രഹ്മം തന്നെ. നീ ബ്രഹ്മമാണെന്നാരു പറഞ്ഞാലും അവൻ ഗുരു തന്നെ. അതു പോലേ നിങ്ങൾ ആ ബ്രഹ്മം തന്നെ. സദ്ഗുരുവിന്റെ വാക്യത്തിൽ വിശ്വസിച്ച് സത്യം സാക്ഷാൽക്കരിച്ചാൽ മുക്തിയായി. ഇവിടെ ചർച്ചയ്ക്ക് സ്ഥാനമില്ല. 'തത്വമസി' എന്ന വാക്യത്തിന്റെ സാരമിതാണ്.

അയമാത്മാ ബ്രഹ്മ

ഇത് ബ്രഹ്മമാണ് എന്ന ഈ വാക്യം; അനുഭൂതിവാക്യമാണ്.

'അയം' പദം ജീവവാചിയും, 'ആത്മ' പദം പരമേശ്വരവാചിയുമാണ്.ബ്രഹ്മപദം അഭിന്നസത്തയെക്കുറിക്കുന്നു. മൂന്നിന്റെയും സാരം അഭിന്ന സത്ത തന്നെ. ആ അഭിന്നസത്ത തന്നെ ഞാൻ എന്ന് ബോധിക്കുക.

ഈ വാക്യങ്ങളെല്ലാം തന്നെ പരിച്ഛിന്നങ്ങളാണ് അപരിച്ഛിന്നമായ ലളിതമായ അവസ്ഥയാണ് അവകൊണ്ടുദേശിക്കുന്നത്.

ജീവത്മാവ് താഴ്ന്നതും, അല്പജ്ഞാനം കൊണ്ട് പരിച്ഛിന്നവുമാണ്. ഈശ്വരൻ ബോധം, സർവ്വജ്ഞത്വം എന്നവയെയും കുറിക്കുന്നു. അഹം സാക്ഷിയായതുകൊണ്ട് മറെറല്ലാം ത്യജിച്ച് അഹം ബ്രഹ്മമെന്ന അവസ്ഥയിൽ നില കൊള്ളണം. ഞാൻ സച്ചിദാനന്തമെന്നത് തർക്കമററതാണ്.

*ലോകങ്ങളെല്ലാം നശ്വരം*

ഋഭു വീണ്ടും എല്ലാത്തിന്റെയും നശ്വരഭാവത്തിലേക്ക് വിരൽ ചൂണ്ടുന്നു

ചിന്തയും മനസ്സും ബ്രഹ്മാവസ്ഥയും വ്യത്യസ്തമാണ്.മുക്തിയിൽ ഭേദചിന്ത, ശുദ്ധാശുദ്ധമെന്ന വിവേചനം, പുണ്യപാപങ്ങളെന്നധാരണ, മനസ്സാണ് ചിന്തിക്കുന്നതെന്ന ഭാവന ; ശാന്തിയും ഇന്ദ്രിയനിഗ്രഹവും ഇല്ലാത്ത മനസ്സിന്റെ അവസ്ഥാഭേദങ്ങളെന്ന ആശയം ബ്രഹ്മലോകം, വിഷ്ണുലോകം, രുദ്രലോകം എന്നീ ആശയങ്ങൾ, അഹങ്കാരത്തിന്റേതന്നും, ചന്ദ്രലോകം മനസ്സിന്റേതന്നും ആകാശതത്വം ശ്രവണേന്ദ്രിയത്തെയും ശബ്ദതന്മാത്രയെയും ബന്ധപ്പെടുത്തിയാണെന്നും, സൂര്യലാകം ചക്ഷുരിന്ദ്രിയത്തോടും രൂപതന്മാത്രയോടും ബന്ധപ്പെട്ടാണെന്നും വരുണലോകം രസനേന്ദ്രിയത്തോടും രസതന്മത്രായെയും ആശ്രയിച്ചെന്നും അശ്വനിദേവന്മാരുടെ ലോകം ഗന്ധത്തിന്റെ വൈവിധ്യംകൊണ്ടാണെന്നും അഗ്നിലോകം വാക്കിനെയും വാചകത്തേയും ബന്ധപ്പെട്ടാണെന്നും ഇന്ദ്രലോകം കൈകാലുകളോടും ഉപേന്ദ്രലോകം – ചരണത്തോടും ചലനത്തോടും മൃത്യുലോകം അനുഭവരഹസ്യങ്ങളോടും ബന്ധപ്പെട്ടാണെന്നും എല്ലാം നശ്വരങ്ങളുമാണ്. ആശയപരമായ ജ്ഞാനങ്ങളെല്ലാം നീങ്ങുമ്പോൾ

ആനന്ദാഭൂതിയായി.

കാര്യ കാരണഭേദങ്ങളും,ആത്മാവിൽനിന്നിതരങ്ങളായ ദേവാതാരാധനകളും, ആത്മാവിൽ നിന്നന്യമായ ശിവാരാധനയും കല്പിതങ്ങൽ മാത്രം.

## പ്രപഞ്ചത്തിന്റെ അസ്തിത്വരാഹിത്യം

സർവ്വവും മിഥ്യാപ്രപഞ്ചത്തിന്റെ സൃഷ്ടാവായ ഈശ്വരനും പ്രപഞ്ചവുമെല്ലാം വന്ധ്യാപുത്രതുല്ല്യം ആകാശത്തിലെ ഇല്ലാത്തതായ ഗന്ധർവ്വനഗരിയുടെ ശൃംഗം പോലെയാണ് ഈ പ്രപഞ്ചം. മരീചികയിൽ ജലപാനം പോലെയാണീ പ്രപഞ്ചം. (പർവ്വതാഗ്രം ശരാഗ്രംപോലെ കൂർത്തുവന്ന് ഒരാൾ കൊല്ലപ്പെടുകയാണെങ്കിൽ ആകാശം നീലസമുദ്രമായി തീരുമെങ്കിൽ, രജതംപോലെ തിളങ്ങുന്ന ശുല്ക്കം കൊണ്ട് ശരിക്കും ഒരാഭരണം ഉണ്ടാക്കുകയാണെങ്കിൽ രജ്ജുവിലെ സർപ്പദംശനമേറ്റ് ഒരാൾ മൃതിയടയുമെങ്കിൽ പ്രുഷ്പവൃഷ്ടി കൊണ്ട് അഗ്നി നാളങ്ങളെ കെടുത്താൻ കഴിയുമെങ്കിൽ, വാഴത്തണ്ടുകൊണ്ട് പാചകം ചെയ്യാൻ കഴിയുമെങ്കിൽ, കന്യാസമൂഹത്തിൽ നിന്ന് ഇന്ദ്രിയസുഖം ഉടനടി ലഭിക്കുമെങ്കിൽ,

ബീജാക്ഷര മന്ത്രം മധുരസംഭാഷണമായിത്തീരുമെങ്കിൽ ഒരുമാസം മുമ്പ് മരിച്ച വ്യക്തി തിരിച്ചുവരുമെങ്കിൽ, മോരു വീണ്ടും പാലായി തീരുമെങ്കിൽ പശുവിന്റെ അകിടിൽ നിന്ന് കറന്നെടുത്ത പാല് വീണ്ടും തിരിച്ച് അകിട്ടിലേക്ക് പ്രവേശിക്കുമെങ്കിൽ ഒരാമയുടെ രോമം കൊണ്ട് മദയാനയെ ബന്ധിക്കാൻ കഴിയുമെങ്കിൽ, മേരു പർവ്വത്തെ താമര നൂലുകൊണ്ട് കെട്ടിവലിക്കാൻ കഴിയുമെങ്കിൽ അതുപോലെയാണി പ്രപഞ്ചം.

തിരമാല സമൂഹം കൊണ്ട് സമുദ്രത്തിലേക്ക് പ്രവഹിക്കുന്ന നദിയെ തടയാൻ കഴിയുമെങ്കിൽ. കത്തിക്കാളുന്ന തീയ്യിൽ താമര വളരുകയാണെങ്കിൽ, ഇന്ദ്രന്റെ സ്വർഗ്ഗീയ മന്ദിരം പർവ്വത ശൃംഗത്തിൽ പ്രത്യക്ഷപ്പെടുകയാണെങ്കിൽ, മത്സ്യം മുകളിൽ വന്ന് താമരപ്പൂവിന്റെ മുകളിൽ കിടക്കുമെങ്കിൽ, സൂര്യൻ ഛിന്നഭിന്നമായി വിഴുങ്ങപ്പെട്ടുമെങ്കിൽ, മേരുപർവ്വതത്തിന് ഒരു വാലുണ്ടാകുകയാണെങ്കിൽ, ഒരു സിംഹത്തെ കൊതുക് കൊന്നുതിന്നുകയാണെങ്കിൽ, മൂന്നലോകങ്ങളും ഒരു അണുവിന്റെ അകത്ത് ഉൾക്കൊള്ളുകയാണെങ്കിൽ, സ്വപ്നവിഷയം ജാഗ്രതത്തിലും വന്നുചേരുമെങ്കിൽ, നദി ഒഴുകാതെ നിശ്ചലമാകുമെങ്കിൽ, തീർത്തും അന്ധനായ ഒരു വ്യക്തി രത്നം തിരിച്ചറിയുന്നതിൽ സമർത്ഥനാകമെങ്കിൽ, രാഹു സൂര്യനും ചന്ദ്രനുമില്ലാതെ കാണപ്പെടുമെങ്കിൽ, നശിച്ച വിത്ത് വീണ്ടും മുളക്കുമെങ്കിൽ, മനഃ കല്പിത വസ്തു വളരുമെങ്കിൽ, ദരിദ്രർ ധനികന്റെ ഭോഗങ്ങൾ അനുഭവിക്കുമെങ്കിൽ, കറന്നെടുത്ത പാൽ വീണ്ടും പശുവിന്റെ അകിട്ടിലേക്ക് പ്രവേശിക്കുമെങ്കിൽ , പ്രതിബിംബമില്ലാത്ത കണ്ണാടിയുണ്ടെങ്കിൽ, ആകാശത്തിന്റെ സ്ഥാനത്ത് അതിന്റെ പ്രതിഛായ മാത്രമായി നിൽക്കുമെങ്കിൽ, ഒരുറുമ്പിന്റെ ഗർഭത്തിൽ ആനയുണ്ടാകുമെങ്കിൽ – പ്രളയ വിഷയത്തിന്റെ അവസാനം ബ്രഹ്മസാക്ഷാത്കാരത്തോടെ ചിന്തയും ദുഃഖവും, ദ്വന്ദബോധവും, കാമക്രോധ മോഹങ്ങളും, ഹൃദയ ഗ്രന്ഥികളും, മദവും, പൂജാ ധാന്യങ്ങളും, തീർത്ഥ സ്നാനങ്ങളും മന്ത്രങ്ങളും, പാപപുണ്യങ്ങളും, ദോഷങ്ങളും,

തെററിദ്ധാരണകളും, ബന്ധവും, ജ്ഞാനവും, അസ്തിത്വവും , ഭയവും, വേദങ്ങളും, ശാസ്ത്രങ്ങളും ജാഗ്രത്സ്വപ്നസുഷുപ്ത്യവസ്ഥകളും എല്ലാം അസ്തമിക്കുന്നു.

## പ്രപഞ്ചസ്തുതി

ഈ പ്രപഞ്ചത്തിന്റെ ചരിത്രവും സ്തുതിയുമാണ് പിന്നീട്.

ഇതു മുഴുവൻ ശിവൻ തന്നെ വിസ്തരിച്ചിട്ടുള്ളതാണ്. കൈലാസത്തിൽ ശ്രീ ശങ്കരന്റെ മുഖത്ത് നിന്ന് നിർഗ്ഗളിച്ചതാണീ ജ്ഞാനം.

പതിനായിരം കൊല്ലങ്ങൾക്ക് മുൻമ്പ് ദക്ഷിണാമൂർത്തി ഇത് ദേവൻമാർക്ക് ഉപദേശിച്ചുകൊടുത്തു. പാലാഴിയിൽ വിഷ്ണു ഇത് ബ്രഹ്മദേവന് ഉപദേശിച്ചു. ഒരിക്കൽ ബ്രഹ്മലോകത്ത് ഋഭു തന്റെ പിതാവായ ബ്രഹ്മാവിന് ഉപദേശിച്ചു കൊടുത്തു. നാരദനും മററും ഋഷിമാർക്കും ഇത് ഉപദേശിക്കപ്പെട്ടു. ഇതിന്റെ ഒരു സാരസംഗ്രഹം അൽപസമയത്തിൽ ഗ്രഹിച്ച് ഞാനിവിടെ വന്നിരിക്കുകയാണ്. പതിനായിരക്കണക്കിന് പുണ്യതീർത്ഥങ്ങൾക്ക് ഈ ജ്ഞാനം നൽകാൻ കഴിയില്ല.

(സർവ്വ മന്ത്രങ്ങളെയും സർവ്വ ദേവതകളെയും, പുണ്യസ്നാനങ്ങളും ഭാവങ്ങളും ഹോമങ്ങളും, ഭാവനകളും ആരാധനകളും എല്ലാ രഹസ്യങ്ങളും സേവനങ്ങളും വഴികാട്ടിയെയും ഗുരുവിനെയും, ലോകം മുഴുവനും, എല്ലാ ഘനവും, എല്ലാ തീരുമാനങ്ങളും എല്ലാ സാധനക്രമങ്ങളും ത്യജിച്ച് ഈ ജ്ഞാനം അഭ്യസിക്കണം) ഈ ജ്ഞാനം ഒരുവൻ കേൾക്കുകയാണെങ്കിൽ മുക്തനാകും. സർവ്വശാസ്ത്രങ്ങളും ഉദേശലക്ഷ്യങ്ങളും സാരസംഗ്രഹവും മൂന്നുലോകങ്ങളിലും ഈ ജ്ഞാനത്തിനു തുല്യമില്ല. ഇഹത്തിലോ പരത്തിലോ ബ്രഹ്മത്തിലോ കീർത്തി നേടിയതുകൊണ്ടോ ശാസ്ത്ര പരിജ്ഞാനം കൊണ്ടോ ഈ ജ്ഞാനം ലഭ്യമല്ല.

ബ്രഹ്മാവ് ഈ ജ്ഞാനത്തെക്കുറിച്ച് വിസർജ്ജിച്ച് പാലാഴിയുലുപേക്ഷിച്ചു – ആരും ഇതു കൊണ്ട് മുക്തി നേടരുതെന്ന് കരുതിയിട്ട്. പാലാഴിയുടെ തീരത്തെത്തിയ ഇതിനെ ഞാൻ പിടിച്ചെടുത്തു. ഞാനിതിനെ പിടിച്ചെടുത്തു എന്നു കൊണ്ട് പിതാവ് എന്നെ ശപിച്ചു. അതോടെ ഞാൻ ആ ലോകം വെടിഞ്ഞ് ഇങ്ങോട്ട് വന്നു.

ഒരാൾക്ക് ഇതിനെ അറിയാനോ വിസ്തരിക്കാനോ കഴിയുകയില്ല. ഈ ഗ്രന്ഥത്തിന്റെ ശോത്രാക്കളും തന്നെ കുറവാണ്. ഇതിന് പക്വമായ ഒരു ഗുരുവില്ല, ഈ ഗ്രന്ഥമുള്ളവരും വളരെ കുറവാണ്. അതുകൊണ്ടു തന്നെ ഇതിന്ന് വലിയ പ്രചാരം സിദ്ധിച്ചില്ല.

ഞാൻ അങ്ങയ്ക്ക് ഇതിനെ ഉപദേശിച്ചു. ഞാനിനി തിരിച്ച് വന്ന സ്ഥാനത്തേക്കുതന്നെ പോകട്ടെ.

*നിദാഗന്റെ അനുഭൂതി*

സന്തോഷാതിരേകത്താൽ നിദാഗൻ സ്തുതിക്കുന്നു. അല്ലയോ ബ്രഹ്മൻ ! ഞാനന്വേഷിച്ചതിനെ എനിക്കു കിട്ടി. ഞാൻ സംതൃപ്തനായി. അങ്ങയുടെ ദർശനത്തോടെ എന്റെ ജീവിതം സഫലമായി. ഞാനങ്ങയുടെ പാദത്തിൽ വിനയപുരസ്സരം പ്രണമിക്കട്ടെ; സത്യത്തിന്റതല്ല, അതിനുള്ള അവസരം തന്നെയില്ല. യഥാർത്ഥത്തിൽ ഞാനുമില്ല, നിങ്ങളുമില്ല, എന്റേതുമില്ല, ബ്രഹ്മപദവുമില്ല.

ബ്രഹ്മജ്ഞാനം താനാർജ്ജിച്ചുവോ എന്ന ഋജുവിന്റെ ചോദ്യത്തിന് ഇപ്രകാരം നിദാഗൻ തുടരുന്നു.

എന്റെ അജ്ഞാനം, ഭയം, കർമ്മത്തിലുള്ള വിശ്വാസം, പ്രപഞ്ചം വാസ്തവമാണെന്ന ധാരണ, എല്ലാം സത്യബോധത്തിൽ ലയിച്ചു.

ഈ പ്രപഞ്ചം മുഴുവൻ മറഞ്ഞുപോയി. ചിന്ത അപ്രത്യക്ഷനായി. ഞാൻ ശുദ്ധബോധം തന്നെ. ഞാനെന്ന ബോധം തന്നെ തീർത്തും നീങ്ങി. ബ്രാഹ്മണനെന്ന ചിന്തയില്ല. ജാതിവ്യവസ്ഥയും വർണ്ണാശ്രമ ധർമ്മങ്ങളും വെറും മനഃകല്പിതം ഞാൻ ബ്രഹ്മമാണ്. അങ്ങില്ല തന്നെ, ഇതൊന്നുമില്ല, ദുഃഖമില്ല, ഭേദചിന്തയില്ല, ഭയവുമില്ല, ദുരിതവുമില്ല, നാശവുമില്ലെനിക്ക്, സ്ഥൂല സൂക്ഷ്മകാരണാശരീരങ്ങളില്ലെനിക്ക്, മനസ്സില്ല. ബോധ മണ്ഡലമില്ല, പ്രപഞ്ചമില്ല, ഹരിയുമില്ല, ഹാരത്തിലും ഒരു ഭേദവുമില്ലാരിക്കലും; സന്തോഷ സന്താപങ്ങളില്ല ഗുരുവില്ല, ഉച്ചനീചങ്ങളില്ല, തുരീയവുമില്ല, ബുദ്ധിയില്ല, സംശയവുമില്ല, ശരീരേന്ദ്രിയങ്ങളില്ല, ഭൂതങ്ങളില്ല,ഏകാഗ്രതയുമില്ല; ഒന്നും തന്നെയില്ല.

അനന്തമായ ആത്മസമുദ്രത്തിൽ മുങ്ങിയ ഞാൻ അനന്തനാണ്, അജനാണ്, അനശ്വരനാണ്, ശാശ്വതനാണ്, പൂർണ്ണനാണ്. എല്ലാത്തിനും ലക്ഷ്യമാണ് ഞാൻ. ശരിയായ ഗുരുവും; എന്റെ അനുഭൂതിയെക്കുറിച്ച് ഞാൻ പറഞ്ഞുവല്ലൊ,

ഞാൻ നിങ്ങളെ വന്ദിക്കുന്നില്ല, എല്ലാം ഗുരുപൂജ തന്നെ. തവ പാദത്തിൽ അർപ്പിതമായ ഈ ശരീരത്തെ അങ്ങ് ഞൊടിയിടയിൽ ഭസ്മമാക്കുന്നു. അങ്ങ് ഞാൻ തന്നെ, ഞാൻ അവിടുന്നും, യാഥാർത്ഥത്തിൽ ഞാനില്ല, അങ്ങ് മാത്രമേ ഉള്ളു. ഞാൻ ആ ബ്രഹ്മസമുദ്രത്തിൽ മുങ്ങിക്കഴിഞ്ഞു; അങ്ങാണ് ആ ജ്ഞാനക്കടൽ.

അങ്ങയ്ക്ക് ചലനമില്ല അങ്ങയ്ക്കോ എനിക്കോ പോകാനിടമെവിടെ? ഇവിടെ ഒന്നുമാത്രമേയുള്ളു . രണ്ടാമതൊന്നില്ല, അങ്ങയ്ക്കു പറയുവാനോ എനിയ്ക്ക് കേൾക്കാനോ ഒന്നും തന്നെയില്ല.

അങ്ങ് ഗുരുവല്ല, ഞാൻ ശിഷ്യനുമല്ല. ഞാൻ എന്നെ തന്നെ പ്രണമിക്കുകയാണെങ്കിൽ അത് അർത്ഥശൂന്യം. ഞാനങ്ങയെ നമിക്കുകയാണെങ്കിൽ അതുകൊണ്ട് ഒരു ഫലമുവില്ല,

ഭേദചിന്തയുള്ളതുകൊണ്ട് ഞാനങ്ങയെ വന്ദിച്ചാൽ ഞാൻ അജ്ഞാനിയാമണെന്ന് അങ്ങ് എന്നെ കരുതും.ഞാനതു സ്വയം ചെയ്താൽ മുക്തനായി ഒരാൾക്കും ഒരു കാലത്തുമില്ല നമിക്കൽ ശിവൻ പാർവ്വതിയ്ക്കു നല്കിയ ശിവോൽപന്നമായ ശിവരഹസ്യത്തിൽ, സ്കന്ദന് പാർവ്വതിയാൽ നല്കപ്പെട്ട ഉപദേശത്തിൽ മായാമോഹത്തെ ഇല്ലാതാക്കുന്ന ആ പരമജ്ഞാനം ഉൾക്കൊണ്ടിരിക്കുന്നു.ഇതിലെ ഒരദ്ധ്യായത്തിൽ പ്രതിപാദനം കൊണ്ടുതന്നെ പരമജ്ഞാനം ഉൾക്കൊണ്ടിരിക്കുന്നു.ഇതിലെ ഒരദ്ധ്യായത്തിൽ പ്രതിപാദനം കൊണ്ടു തന്നെ പരമജ്ഞാനത്തിന്റെ അനുഭൂതി ലഭ്യമായിരിക്കുന്നു.

ആര് ഈ ഗ്രന്ഥത്തെ വിസ്തരിക്കുന്നുവോ അയാൾ ഗുരുവാണ്; സാക്ഷാൽ ശിവനും ദേവിയും ഗണേശനും, സ്കന്ദനും നന്ദികേശ്വരനും ശ്രീ ദക്ഷിണാമൂർത്തിയുമാണ്. ഈ ഗ്രന്ഥത്തിൽ പ്രതിപാദിച്ചിട്ടുള്ള കാര്യങ്ങൾ ഗുരു നിർദ്ദേശത്തോടെ അഭ്യസിക്കുന്ന ശിഷ്യന് മനസ്സുകൊണ്ടോ ശരീരം കൊണ്ടോ ഗുരുവിന് മററാരു സേവനവും ചേയ്യേണ്ടതായില്ല.

ഗുരുവിന്റെ തന്നെ സാക്ഷാൽ ശിവൻ തന്നെ കോപിച്ചാലും ഗുരു നിങ്ങളെ രക്ഷിക്കും; ഗുരു കോപിച്ചാൽ ആർക്കും നിങ്ങളെ രക്ഷിക്കാൻ കഴിയില്ല. ശിവകൃപയില്ലാതെ ഈ ഗ്രന്ഥത്തിന്റെ യഥാർത്ഥ പരിജ്ഞാനം ലഭ്യമല്ല.

വേദസാരമായ ഈ ശൈവജ്ഞാനം മററാരു പുരാണത്തിലും ഇതിഹാസത്തിലും ലഭിക്കുന്നതല്ല. സാംഖ്യവും യോഗവുമൊന്നുമില്ലാതെ സാക്ഷാൽശിവൻ തന്നെ ഈ ജ്ഞാനം നല്കിയിട്ടുള്ളതാണ്.ഭാവത്തിലൂടെ ഭക്തിയിലൂടെ നേടിക്കൊടുക്കാവുന്നതും ദുഃഖം തീണ്ടാതതും പരമാനന്ദദായകവുമായ ഈ ജ്ഞാനം ഗുരുകടാക്ഷം കൊണ്ട് മാത്രമേ ലഭിക്കുകയുള്ളൂ. ഗുരുമുഖത്തു നിന്നു ഈ ഗ്രന്ഥം ശ്രമിച്ചതിനു ശേഷം ഹൃദയത്തിൽ ശിവനെ ആരാധിച്ചില്ലെങ്കിൽ ജന്മജന്മാന്തരങ്ങളിൽ കൊടിയ ദുഃഖം അനുഭവിക്കാനിടയാക്കും.

ഈ ഗ്രന്ഥജ്ഞാനം നേടിയവൻ ബ്രഹ്മം തന്നെ. എന്തിനധികം ആവർത്തനം ? ഈ ജ്ഞാനം മുക്തിദായകമാണ്. നിദാഗൻ തുടരുന്നു–

ഒരാൾ ശരീരബോധത്തിൽ വർത്തിക്കുന്നേടത്തോളം 'അഹം ബ്രഹ്മ' എന്ന നിശ്ചയത്തോടെ ഗുരുവിനെ ആരാധിക്കണം, സേവിക്കണം;

ഒരാൾ ശരീരബോധത്തോടെയിരിക്കുന്നിടത്തോളം അഗ്നി മന്ത്രത്തോടെ വിഭൂതി ധരിക്കണം. ത്രയായുസം, ത്രയംബകം എന്നിങ്ങനെ ആരംഭിക്കുന്ന മന്ത്രങ്ങളോടെ ത്രിപുണ്ഡ്രകം അണിയണം. ത്രിപുണ്ഡ്രകം അണിയുന്നവർക്കാണ് നിരന്തരം ഭസ്മധാരണം വേണ്ടത്. ഈ ഭസ്മധാരണം ചെയ്ത് ഞാൻ അങ്ങയുടെ പാദത്തിലെത്തിരിക്കുന്നു; മുക്തനായിരിക്കുന്നു.

ജീവൻമുക്തന് പ്രാരബ്ധത്തിന്റെ ബന്ധങ്ങൾ തുടരുന്നുണ്ട്. ആ പ്രാരബ്ധത്തെ അനുഭവിച്ച് തീർത്ത് അവൻ സന്തുഷ്ടി അടയണം.

ഞാൻ ശുദ്ധചൈതന്യം തന്നെ, സച്ചിദാനന്ദം തന്നെ, എല്ലാം ഭേദചിന്തകളെയും വിട്ട് ബ്രഹ്മം വേറെയാണെന്ന ചിന്തയും വിടണം.

ഋഭു ഇപ്രകാരം അവസാനിപ്പിക്കുന്നു –

ഞാൻ ഇത് നിങ്ങളോട് ഉപദേശിക്കുന്നു, ഇതിനാൽ നിങ്ങൾ ശക്തിയാർജിക്കട്ടെ!. ശിവകൃപയുണ്ടാകുന്നതുവരെ ഈ ബോധം നിലനിൽക്കട്ടെ!

ഞാൻ പരബ്രഹ്മമാണ്, സദാശിവമാണ്, ചൈതന്യമാണ് ഗുണാതീതനാണ് അഭിന്നനാണ്, ശൂന്യമാണ്, എല്ലാത്തിന്റെയും ആത്മാവാണ്, പ്രപഞ്ചസാക്ഷിയാണ് നിത്യമുക്തനാണ് – ഈ ബോധം സദാ ഉണ്ടാവണം.

നിങ്ങൾക്കു ധനമുണ്ടെങ്കിൽ പരമഗുരുവിന് നല്കേണ്ട ഗുരുദക്ഷിണ ഒരിക്കലും പിടിച്ചു വെക്കരുത്. ചെയ്താൽ ശതവർഷങ്ങളോളം ഘോരനരകത്തിൽ പതിക്കാനിടയാകും.

നിദാഗൻ എഴുന്നേററു, ഭാര്യയെ കുഞ്ഞുങ്ങളെയുമുപേക്ഷിച്ചു; തന്റെ ശരീരത്തേയും ത്യജിച്ചു സർവ്വപ്രേമത്തോടെ, ധനധാന്യങ്ങളോടെ, വസ്ത്രങ്ങളോടെ ഗുരുസവിധത്തിൽ നിലകൊണ്ടു.

നിദാഗന്റെ അർപ്പണം കൊണ്ടു സന്തുഷ്ടനായ ഋഭു പറഞ്ഞു :–

നിങ്ങൾ ബ്രഹ്മജ്ഞാനം നേടിയിരിക്കുന്നു; നിങ്ങൾ അനുഗൃഹിതനാണ്, ഇതിൽ ഒരു സംശയവുമില്ല. ഇതാണ് ബ്രഹ്മസ്വരൂപമാണെന്നുറയ്ക്കുക.

ഈ ഉറച്ച ബോധത്തിന്നപ്പുറത്ത് വേറൊരു മോക്ഷമില്ല. ഈ ഉറച്ച ബോധം തന്നെ മുക്തിക്കുള്ള ഹേതു. മാറെറാരു ഹേതുവുമാവശ്യമില്ല.

സർവ്വ ലോകങ്ങളുടെയും സാരസംഗ്രഹവും, എല്ലാ വേദാന്തങ്ങളുടെയും സാരവും, സമാനഗുരുക്കന്മാരുടെ സാരവും സച്ചിദാനന്ദസാരവും, സമദൃഷ്ടിയുടെ വിജയി രഹസ്യമുണ്ട് – ഇതെല്ലാം മുക്തിയുടെ ആകെത്തുകയാണ്. സർവ്വജന്മങ്ങളിൽ നിന്നുള്ള മുക്തി, സദാ തുരീയാവസ്ഥ, ഏററവും എളുപ്പമായ മുക്തി, എല്ലാ അവസ്ഥഭേദങ്ങളിൽ നിന്നുമായി മുക്തി, ഇതാണ് ശ്രവണത്തിലൂടെയും മൗനത്തിലൂടെയും ലഭ്യമായ പൂർണ്ണമുക്തി.

ഇപ്രകാരം ശൈവ ജ്ഞാനത്തെ ഋഷികളുടെ മദ്ധ്യത്തിൽ നിദാനുപദേശിച്ച് കൊടുത്തു

അവരും ഈ വേദസാരം കേട്ട് സന്തുഷ്ടരായി പ്രണമിച്ച് സന്തോഷാധികൃത്തോടെ ഇപ്രകാരം പറയുകയും ചെയ്തു–

അങ്ങുതന്നെ പിതാവും മാതാവും, ഗുരുവും സുഹൃത്തും ഗുണകാംക്ഷിയും.

ഞങ്ങളെ അജ്ഞാനമാകുന്ന സംസാര സാഗരത്തിന്റെ മറു കര കടത്തുന്ന ആളും അങ്ങ്

തന്നെ.

അങ്ങു തന്നെ ഞങ്ങളുടെ ആശ്രയം; അങ്ങയുടെ ശക്തികൊണ്ട്, ശിവവാക്യം കൊണ്ട് ഞങ്ങളെ സന്തുഷ്ടരാക്കിയിരിക്കുന്നു.

'' പരമപദം പൂകാൻ എന്റെ വാക്കുകളുടെ ശക്തി കൊണ്ട് ക്ഷിപ്രസാദ്ധ്യമാകും'' എന്നാണ് ആ ശിവവാക്യത്തിന്റെ സാരം''

ഓം ശ്രീ രമണാർപ്പണമസ്തു

*'' കർമ്മം ചെയ്യുന്നത് ആത്മ സാക്ഷാത്ക്കാരത്തിന് തടസ്സമല്ല. ഒരുവൻ ചെയ്യുന്ന കർമ്മങ്ങൾ ഒന്നും അവനെ ബന്ധിക്കുന്നില്ല. കർമ്മങ്ങൾ വ്യാവഹാരികമാണ്. കർമ്മം താനേ നടക്കും. ആത്മാവിൽ പെടുന്നില്ല. ആത്മാവ് കർമ്മങ്ങൾക്ക് സാക്ഷിയായി ഇരിക്കുമെന്നേയുള്ളൂ. കർമ്മത്തിൽ ഇരുന്നുകൊണ്ടു തന്നെ ജ്ഞാനാഭ്യാസം ചെയ്യാവുന്നതേയുള്ളൂ. കർമ്മം ജ്ഞാനാഭ്യാസത്തിനോ, ജ്ഞാനം കർമ്മ നിർവ്വഹണത്തിനോ തടസ്സമായി തീരാതിരിക്കുകയും ചെയ്യും.''*

*– ഭഗവാൻ*

**ഓം തത്സത് ശ്രീ രമണാർപ്പണമസ്തു. -**

